## ഭാഗം 1

# ദൈവത്തിന്റെ സഹപ്രവർത്തകർ

1. മറിയാം എന്ന വരണ്ട ഭൂമിയിൽ നിന്ന് മുളച്ചു വളർന്ന അനുഗ്രഹീത സസ്യം

2. ദൈവത്തിന്റെ സഹപ്രവർത്തകർ

3. ദിവ്യരഹസ്യങ്ങളുടെ പരിസേവകർ

4. കുമ്പസാരമെന്ന ചികിൽസ

5. കൂട്ടായ കുമ്പസാരം

6. അനുഗ്രഹീതമായ കണ്ണുനീർ

7. ഞായറാഴ്ച എട്ടാം ദിവസം

8. വിശുദ്ധ കുർബാനയും പ്രതീക ശക്തിയും

9. പരിശുദ്ധാത്മാവും സഭയുടെ അനുദിന പെന്തിക്കോസ്തിയും

10. സഭയും ക്രിസ്തുവിന്റെ അധികാരവും

11. ക്രിസ്തീയ സാക്ഷ്യം ഇടവകയിലൂടെ

## ഭാഗം 2

# വിശ്വാസത്തിന്റെ ദാർശനിക തലങ്ങളും പ്രായോഗിക വിവക്ഷകളും

1. സൃഷ്ടിയും ഉയിർപ്പും

2. ആരാണ് വിശുദ്ധർ?

3. ആരാണ് സഭാപിതാക്കന്മാർ?

4. സഭയുടെ ദൗത്യം

5. ഓർത്തഡോക്സ് വിശ്വാസത്തിൽ കന്യകമറിയാമിനുള്ള സ്ഥാനം.

6. സ്ത്രൈണ ദൈവശാസ്ത്രവും ചില പുതിയ കാഴ്ചപ്പാടുകളും

7. സന്യാസപ്രസ്ഥാനവും പരിസ്ഥിതി സൗഹൃദവും

8. മനുഷ്യനെ തൊട്ടുരുമ്മുന്ന പ്രകൃതി

9. ഓർത്തഡോക്സിയും കുട്ടികളുടെ പരിശീലനവും

10. ആരാധനാവേഷങ്ങൾ

11. വീട്, ദേവാലയം, ശരീരം

## ഭാഗം 3

## സഭയും ലോകവും

1. ക്രിസ്തുവർഷവും ക്രിസ്തീയ വിശ്വാസവും

2. സന്യസിക്കാനാഗ്രഹിക്കുന്ന ആധുനിക ലോകം

3. എക്യുമെനിക്കൽ പ്രസ്ഥാനവും ഓർത്തഡോക്സ് സഭകളും

4. രോഗാതുരമായ സമൂഹവും രോഗിയുടെ തൈലാഭിഷേകവും

5. ഭൂമിയുടെ വേദന, മനുഷ്യന്റെയും

6. അമരത്വത്തിന്റെ സ്വപ്നങ്ങൾ

7. ജനനം എന്ന വിസ്മയം

8. ബഹിരാകാശത്തിൽ ഒരു ജനനം

9. വരമൊഴിയിൽ നിന്ന് വാമൊഴിയിലേക്ക്

10. സാഹിത്യത്തിൽ ക്രിസ്തുവിനുള്ള സ്ഥാനം

# വി. കുർബ്ബാനയും പ്രതീകശക്തിയും

പ്രതീകം (Symbol) എന്നാൽ എന്താണെന്നു ചോദിച്ചാൽ പലരും പല വിധത്തിലായിരിക്കും ഉത്തരം പറയുക. നമുക്ക് ഇന്ദ്രിയങ്ങൾ കൊണ്ട് ഗ്രഹിക്കുവാൻ പ്രയാസമുള്ള ഒരു യാഥാർത്ഥ്യത്തെ കുറച്ചെങ്കിലും മന സ്സിലാക്കാനുള്ള ഒരു ഉപാധി എന്ന നിലയിലാണ് പലരും പ്രതീകത്തെ മനസ്സിലാക്കുന്നത്. ഇത് അതിന്റെ ഒന്നാമത്തെ അർത്ഥമാണ്. ഉദാ ഹരണമായി സ്നേഹം എന്ന വികാരം പ്രകടിപ്പിക്കാൻ നാം വിവിധ ഉപാ ധികളെ ആശ്രയിക്കുന്നു. സ്നേഹമുള്ളവരെ കാണുമ്പോൾ പുഞ്ചിരിക്കുക, ഹസ്തദാനം ചെയ്യുക, ആലിംഗനം ചെയ്യുക, സമ്മാനം കൊടുക്കുക എന്നീ ക്രിയകളെല്ലാം സ്നേഹത്തിന്റെ ബാഹ്യമായ പ്രകടനങ്ങളാണ്. ആദരവ് കാണിക്കാൻ കൈകൂപ്പുക, കാൽതൊട്ട് വന്ദിക്കുക, വണങ്ങുക എന്നിങ്ങനെ പല മാർഗ്ഗങ്ങൾ അവലംബിക്കുന്നു. നമ്മുടെ ശരീരത്തിന്റെ ബാഹ്യചേഷ്ടകളിലൂടെയാണ് ഇവിടെ നാം ആന്തരിക ഭാവങ്ങളെ വെളി പ്പെടുത്തുന്നത്. ഈ ചേഷ്ടകളെല്ലാം ഒരു തരത്തിൽ പ്രതീകങ്ങളാണ്.

ഈ വികാരങ്ങളൊക്കെ പ്രകടിപ്പിക്കാൻ വാക്കുകൾ മാത്രം വേണമെ ങ്കിൽ ഉപയോഗിക്കാം. 'എനിക്ക് നിങ്ങളോടു സ്നേഹമാണ്', 'ഞാൻ അങ്ങയെ ബഹുമാനിക്കുന്നു' എന്നൊക്കെ പറയാൻ കഴിയും. പക്ഷേ, അങ്ങനെ ഉച്ചരിക്കപ്പെടുന്ന വാക്കിനേക്കാൾ എത്രയോ മടങ്ങ് ശക്തിയാണ് ശരീരത്തിന്റെ പ്രത്യേക ചില ചലനങ്ങൾകൊണ്ട് നാം പകരുന്നത്. വ്യക്തികൾ തമ്മിലുള്ള സാമൂഹികബന്ധത്തിന് ഉറപ്പു നൽകുന്നത് വെറും വാക്കല്ല, വാക്കിനാൽ അനുഗതമായ ശാരീരിക ക്രിയകളാണ്.

സാധാരണരീതിയിൽ ഒരു പ്രതീകം എപ്പോഴും അമൂർത്തമായ ഒരു യാഥാർഥ്യത്തെ ബഹിർസ്ഫുരിപ്പിക്കുന്ന മൂർത്തമായ ഒരു വസ്തുവോ, ഒരു ചിത്രമോ, ഒരു ശാരീരിക നിലയോ ആയിരിക്കും.

എന്നാൽ ഇതിനേക്കാൾ കുറച്ചുകൂടി ആഴമുള്ള രണ്ടാമത് ഒരർത്ഥം പ്രതീകത്തിന് നല്കാൻ കഴിയും. ഇതു മനസ്സിലാക്കണമെങ്കിൽ പ്രതീക (Symbol) വും അടയാള (Sign) വും തമ്മിൽ ചിലർ കൽപ്പിക്കുന്ന വ്യത്യാ സം അറിഞ്ഞിരിക്കണം. റോഡിൽ നാട്ടി നിർത്തിയിരിക്കുന്ന ചൂണ്ടുപലക ഒരടയാളമാണ്. തിരുവനന്തപുരത്തേയ്ക്ക് 90 കി. മീ. എന്നു വഴിപോക്കരെ അറിയിക്കുന്ന ഈ ചൂണ്ടുപലക നമുക്ക് പ്രയോജനപ്പെടുന്നു. പക്ഷേ,

ആ സൂചന സ്വീകരിച്ചു നാം മുന്നോട്ടു പോയിക്കഴിയുമ്പോൾ അതിന്റെ അർത്ഥം നഷ്ടപ്പെടുന്നു. തിരുവനന്തപുരത്തിന് പോകുന്നവർ ആരും ആ ചൂണ്ടുപലകയുടെ കീഴിൽ സ്ഥിരമായി നിൽക്കുകയോ, അതിനെ ബഹുമാനിക്കയോ, ചെയ്യുന്നില്ല. യാത്രക്കാർ ആ ചൂണ്ടുപലകയെ കടന്നുപോകുകയും തൽക്ഷണം അതിനെ മറന്നുകളയുകയും ചെയ്യുന്നു. ഇവിടെ ആ ചൂണ്ടുപലക ഒരടയാളം (Sign) മാത്രമാണ്.

എന്നാൽ ആരെങ്കിലും നമുക്ക് സ്നേഹവും ആദരവും നിറഞ്ഞ ഹൃദയത്തോടെ ഒരു പൂച്ചെണ്ട് നൽകിയെന്നു കരുതുക. വലിയ വിലയൊന്നുമില്ലാത്ത ആ പൂച്ചെണ്ട് നാം സന്താഷപൂർവ്വം, ശരീരം വണങ്ങി, കൈ നീട്ടി സ്വീകരിക്കുന്നു. കൊടുക്കുന്നവനും സ്വീകരിക്കുന്നവനും സന്തോഷിക്കുന്നു. ഇരുവരുടെയും ഹൃദയങ്ങൾ ബാഹ്യവസ്തുവായ പൂച്ചെണ്ടിൽ ഒന്നായിത്തീരുന്നു. ഇവിടെ പൂച്ചെണ്ട് ഒരു പ്രതീകം (Symbol) ആണ്. രണ്ടു വ്യക്തികൾ തമ്മിലോ രണ്ടു സമൂഹങ്ങൾ തമ്മിലോ ഉള്ള സ്നേഹാദരവുകളുടെ പ്രതീകം.

സ്നേഹപൂർവ്വം നൽകിയ പൂച്ചെണ്ട് നാം തട്ടിക്കളയുകയും നിലത്തിട്ടു ചവിട്ടുകയും ചെയ്താലോ? സ്നേഹത്തിന് മുറിവേൽക്കുന്നു. സൗഹൃദം അപമാനിക്കപ്പെടുന്നു. ബന്ധങ്ങൾ മുറിയുന്നു. ചിലപ്പോൾ സ്നേഹത്തിന്റെ എതിർ വികാരങ്ങളായ വിദ്വേഷവും വെറുപ്പും ഉണ്ടായെന്നും വരാം. ഇത് ആ പൂച്ചെണ്ടിന്റെ പ്രതീകശക്തികൊണ്ടാണ്. റോഡിൽ നിൽക്കുന്ന ചൂണ്ടുപലക തട്ടിമറിച്ചിട്ട് ചവിട്ടിയാൽ ഒരുപക്ഷേ അത് ജനങ്ങൾക്ക് ഉപദ്രവമാണെന്ന് വരാം. നിയമലംഘനമാണെന്ന് വരാം. എന്നാൽ പൂച്ചെണ്ട് നിലത്തിട്ട് ചവിട്ടിയതുപോലെയല്ല അത്. അർത്ഥത്തിലും അനന്തരഫലങ്ങളിലും ഈ രണ്ടു പ്രവൃത്തികൾ തമ്മിൽ വ്യത്യാസമുണ്ട്.

മുകളിൽപ്പറഞ്ഞ രണ്ടർത്ഥതലങ്ങളേക്കാൾ ആഴത്തിൽ വീണ്ടും മൂന്നാമതൊരു അർത്ഥം പ്രതീകത്തിന് നൽകാനാവും. ഇവിടെയാണ് ക്രിസ്തീയാരാധനയിൽ, പ്രത്യേകിച്ചും വിശുദ്ധ കുർബാനയിൽ പ്രതീകങ്ങൾ ഉപയോഗിക്കുന്നതിന്റെ പ്രസക്തി.

ഈ മൂന്നാംതലത്തിൽ, ഒരു വസ്തുവോ, ചിത്രമോ, ക്രിയയോ അതീന്ദ്രിയമായ ദിവ്യയാഥാർത്ഥ്യത്തിന്റെ സാന്നിധ്യം സംവഹിക്കുവാൻ കഴിവുറ്റതായിത്തീരുന്നു. പ്രതീകവും യാഥാർത്ഥ്യവും എന്നു വ്യവച്ഛേദിക്കാൻ ആവാത്തവിധം അവ ഒന്നായിത്തീരുന്നു. ആദ്യം പറഞ്ഞ രണ്ടു തലങ്ങളിലും ഇവ തമ്മിൽ ഒരളവുവരെ വേർപെടുത്തുവാനാവും. എന്നാൽ പ്രതീകത്തിന്റെ ആഴവും സ്വച്ഛവും ശുദ്ധവുമായ തലത്തിൽ പ്രതീകവസ്തുവും അതു സംവഹിക്കുന്ന യാഥാർത്ഥ്യവും അവിഭാജ്യമായ വിധത്തിൽ ഒന്നായിത്തീരുന്നു. എറ്റവും നല്ല ഉദാഹരണമാണ് വിശുദ്ധ കുർബ്ബാനയിൽ

നാം സമർപ്പിക്കുന്ന അപ്പവും വീഞ്ഞും. സാധാരണ വസ്തുക്കളായി നാം അർപ്പിക്കുന്ന അപ്പ വീഞ്ഞുകൾ രക്ഷകനായ ക്രിസ്തുവിന്റെ ശരീര രക്ത ങ്ങളായി നാം അനുഭവിക്കുന്നു. ഇവിടെ ആ വസ്തുക്കൾ പ്രതീകങ്ങളാണ്. പ്രതീകമെന്ന പദത്തിന്റെ സമ്പൂർണ സാന്ദ്രതയിൽ. അപ്പവും വീഞ്ഞും തിരുശരീര രക്തങ്ങളായി പൂർത്തീകരിക്കപ്പെടുന്നു എന്നു നാം പറയു മ്പോൾ, അത് ഉപമാലങ്കാരമോ രൂപകാലങ്കാരമോ അല്ല. യാഥാർത്ഥ്യത്തെ ക്കുറിച്ചുള്ള ഒരു പ്രത്യേക വീക്ഷണം നാം പ്രതിഫലിപ്പിക്കുകയാണ്. കൂദാശ (Mystery / Sacrament) കളുടെ അർത്ഥത്തിലേക്ക് ഇത് വിരൽ ചൂണ്ടുന്നു.

## രണ്ട് സമീപനങ്ങൾ

എല്ലാക്കാലത്തും എല്ലാ സംസ്ക്കാരങ്ങളിലും പ്രത്യക്ഷപ്പെടുന്ന രണ്ടു സമീപനങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. ഒന്ന്, മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന അറിവും സുഖവുമാണ് പരമമായ സത്യം എന്നു കരുതുന്ന ഒരു തരം ലോകായതിക്ത്വം. ഇന്ദ്രിയാതീതമായ യാഥാർത്ഥ്യങ്ങളെ ഇത് നിഷേധിക്കുകയും കാണപ്പെടുന്ന ലോകത്തിന്റെ അനുഭവങ്ങളിൽ മാത്രം അഭിരമിക്കുകയും ചെയ്യുന്നു. ഭൗതികവാദം, ആനന്ദവാദം തുടങ്ങിയ പല പേരുകളിൽ ഈ മനോഭാവം പ്രകടമാകുന്നു.

രണ്ടാമത്തേത് ഒരു ദ്വന്ദവാദമാണ്. കാണപ്പെടുന്ന ഭൗതിക യാഥാ ർത്ഥ്യം തിന്മയോ തിന്മയിലേക്കു നയിക്കുന്നതോ ആണെന്നും അതീന്ദ്രി യമായ ആത്മീയ യാഥാർത്ഥ്യമാണ് നിലനിൽക്കുന്ന യാഥാർത്ഥ്യമെന്നും ഇവിടെ കരുതുന്നു. അതുകൊണ്ട് ആത്മീകരാവാൻ ആഗ്രഹിക്കുന്നവർ ഭൗതികലോകത്തെ പൂർണ്ണമായും തിരസ്കരിക്കണം. ഭൗതികവും ആത്മീ യവും തമ്മിൽ സമ്പൂർണ്ണമായി വേർപെടണം. മനിക്യവാദം, ജ്ഞാനവാദം തുടങ്ങിയ പേരുകളിൽ ഇവ അറിയപ്പെടുന്നു.

ഈ രണ്ടു ചിന്താഗതികളും ഓരോ അളവിലും രൂപത്തിലും ഓരോരോ കാലങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ട്. ക്രിസ്തീയസഭയുൾപ്പെടെ എല്ലാ മത ങ്ങളിലും പല അളവുകളിൽ ആത്മീയ ഭൗതിക ദ്വന്ദചിന്തയുടെ അംശങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. ഭൗതികവാദം പല രൂപത്തിൽ നമ്മുടെ സമൂഹ ങ്ങളിൽ ഇന്നു കാണപ്പെടുന്നു.

### കൗദാശിക സമീപനം

ഈ രണ്ടുതരം യാഥാർത്ഥ്യ സമീപനങ്ങൾക്കും അതീതമായി ഉയരുന്ന ഒന്നാണ് ക്രിസ്തീയ സഭയുടെ കൗദാശിക സമീപനം. യേശുക്രിസ്തു വിന്റെ മനുഷ്യാവതാരമാണ് സഭയുടെ കൗദാശികാടിസ്ഥാനം. ‘ശരീരത്തെ യും ആത്മാവിനെയും സ്വജാതിയെയും വിജാതികളെയും സ്വർഗത്തെയും

ഭൂമിയെയും' കർത്താവ് തന്നിൽ ഒന്നാക്കിത്തീർത്തുവെന്നു ഖണ്ഡിപ്പിന്റെ രഹസ്യശുശ്രൂഷയിൽ പറയുന്നു. വിശുദ്ധ കന്യകമറിയാമിൽ നിന്ന് എടുത്ത ശരീരത്തിലാണ് ദൈവവും മനുഷ്യനും ഒന്നായിത്തീർന്നത്.' കന്യകമറിയം മണ്ണിന്റെ മകളാണ്. മാനവവംശത്തിന്റെ പ്രതിനിധിയാണ്. സൃഷ്ടിയുടെ പ്രതിരൂപമാണ്. കന്യകയിൽ നിന്ന് ദൈവം ശരീരമെടുത്തു എന്നു പറഞ്ഞാൽ മൺമയമായ ഈ ലോകത്തോടും മാനവവർഗ്ഗത്തോടും സൃഷ്ടിയോടു മുഴുവൻ ദൈവം താദാത്മ്യം പ്രാപിച്ചു എന്നാണർത്ഥം. കന്യകമറിയാമിൽ നിന്നുള്ള ജനനം മനുഷ്യാവതാര യാഥാർത്ഥ്യത്തിന്റെ ഉരകല്ലാണ്. കന്യകമറിയാമിനെ 'ദൈവജനനി' (Theotokos) എന്നു വിളിക്കുന്നത്, യേശുവിന്റെ മനുഷ്യാവതാര രഹസ്യത്തിന്റെ സത്യം വെളിപ്പെടുത്തുവാനാണ് എന്ന് അലക്സാന്ത്രിയയിലെ വിശുദ്ധ കൂറിലോസും (5-ാം നൂറ്റാണ്ട്) മറ്റും ഊന്നിപ്പറഞ്ഞിരുന്നു. മണമയവും മരണത്തിനധീനവുമാണ് നമ്മുടെ ശരീരം. ആ ശരീരം കർത്താവ് സ്വീകരിച്ചു. അങ്ങനെ കർത്താവായ യേശുവിന്റെ ഭൗമിക ശരീരം ദൈവത്തിന്റെയും മനുഷ്യന്റെയും അതുല്യവും അവിഭാജ്യവുമായ സംയോജിത സാന്നിധ്യമായിത്തീർന്നു. സ്രഷ്ടാവായ ദൈവം സൃഷ്ടിയുടെ സ്വഭാവം സ്വീകരിച്ചു. സൃഷ്ടിയായ മനുഷ്യൻ സ്രഷ്ടാവിന്റെ സ്വഭാവം ധരിച്ചു. ഈ വലിയ രഹസ്യത്തിന്റെ വിശുദ്ധമായ പ്രതീകമാണ് മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തു.

സകലത്തെയും തന്നിൽ ഒന്നാക്കിത്തീർക്കുന്ന ദിവ്യദൗത്യത്തിന്റെ പ്രതീകമാണ് മനുഷ്യാവതാരം ചെയ്ത ക്രിസ്തു. അതുകൊണ്ട്, ക്രിസ്ത്വധിഷ്ഠിതമായ കൂദാശകളെല്ലാം ദൈവത്തെയും മനുഷ്യരെയും സംയോജിപ്പിക്കുന്ന യൗഗിക മാനത്തിനു പ്രാമുഖ്യം നൽകുന്നു. ദ്രവ്യ വസ്തുവോ വസ്തുസ്ഥിതമായ പ്രപഞ്ചമോ തിന്മയാണെന്ന് ഇവിടെ പഠിപ്പിക്കുന്നില്ല. വസ്തു മാത്രം യാഥാർത്ഥ്യം എന്ന ഭൗതിക മാത്ര ചിന്തയും ഇവിടെയില്ല. കർത്താവായ യേശുവിന്റെ ശരീരാത്മദേഹികളോട് അനുരൂപപ്പെട്ട്, അതിൽ പങ്കാളിയായി തേജസ്സിന്റെ പുതിയൊരു അനുഭവത്തിലേയ്ക്കു പ്രവേശിക്കാനുള്ള വിളിയാണു കൂദാശകൾ നൽകുന്നത്. അങ്ങനെ കൂദാശകൾ പ്രതീകശക്തി വെളിപ്പെടുത്തുന്നു.

ഇപ്പോൾ നാം കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന ലോകം ദൈവം നൽകിയിട്ടുള്ള അനവധി സാധ്യതകളിൽ ഒന്നു മാത്രമാണ്. ഈ പ്രപഞ്ച വസ്തുവിന്റെ രാസഘടനയിലോ ഭൗതിക നിയമത്തിലോ അൽപം ചില മാറ്റങ്ങൾ വരുത്തിയാൽ, ഇന്നു നാം കാണുന്ന ഈ ലോകം സമ്പൂർണ്ണമായി വ്യത്യാസപ്പെടും. നമ്മുടെ കണ്ണ്, കാത്, രസന തുടങ്ങിയ ഇന്ദ്രിയങ്ങളുടെ ഗ്രഹണസ്വഭാവം അൽപ്പം മാറ്റിയാലും പുതിയൊരു ലോകമായിരിക്കും നമുക്കനുഭവപ്പെടുക. ഇങ്ങനെ ഭൗതിക തലത്തിനുള്ളിൽത്തന്നെ അനന്തമായ സാധ്യതകളാണ് ഈ സൃഷ്ടിയിലു

ള്ളത്. അപ്പോൾ പിന്നെ, 'കണ്ണു കണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതും ഹൃദയം സങ്കൽപിച്ചിട്ടില്ലാത്തതുമായ' ആത്മീയാനുഭവം നമുക്കു തുലോം അജ്ഞാതമാണ്. കൂദാശകളെന്ന 'രഹസ്യ'ത്തിന്റെ അനുഭവത്തിലൂടെ, സ്ഥലകാലങ്ങളാൽ പരിമിതപ്പെടുത്തിയ നമ്മുടെ ഈ ലോകത്തിന്റെ ഐന്ദ്രികാനുഭവത്തിനതീതമായി ദൈവസൃഷ്ടിയുടെ 'അനന്തവും അജ്ഞാതവും അവർണനനീയവു'മായ സാധ്യതകളുടെ പടിവാതിൽക്കൽ നാം എത്തിച്ചേരുന്നു.

## മണ്ണിൻ വിളവുകൾ

വിശുദ്ധ കുർബാനയിൽ നാം സമർപ്പിക്കുന്ന അപ്പവീഞ്ഞുകളെപ്പറ്റി സൂചിപ്പിച്ചല്ലൊ. കുർബാനയുടെ കേന്ദ്ര പ്രതീകമാണ് ഈ വസ്തുക്കൾ. മനുഷ്യന്റെ അദ്ധ്വാനഫലമായ ഈ 'മണ്ണിൻ വിളവുകൾ' മനുഷ്യ വർഗത്തിന്റെയും സൃഷ്ടി മുഴുവന്റെയും പ്രതീകമാണ്. കുർബാന അർപ്പിക്കുവാനായി പള്ളിയിൽ കൂടുന്ന ജനങ്ങളുടെ മാത്രമല്ല, സകല മനുഷ്യരുടെയും മൃഗങ്ങളുടെയും പക്ഷികളുടെയും 'അചേതന'മെന്നു നാം വിളിക്കുന്ന മുഴുവൻ പ്രപഞ്ചത്തിന്റെയും കൂട്ടായ സമർപ്പണമാണ് അവിടെ നടക്കുന്നത്. കർത്താവിന്റെ ബലിയിലുള്ള പങ്കാളിത്തമാണ് വിശുദ്ധ കുർബാനയെങ്കിൽ, ആ ബലി സകലത്തെയും ദൈവസന്നിധിയിൽ ഒന്നായി നിർത്തുവാൻ വേണ്ടിയായിരുന്നു എന്നു നാം മറക്കരുത്. വിശ്വാസികൾ മാത്രമാണ് വി. കുർബാനയിൽ ദൃശ്യമായി പങ്കെടുക്കുന്നത്. പക്ഷേ, വിശ്വാസികൾ വിശ്വാസികൾക്കുവേണ്ടി മാത്രം അർപ്പിക്കുന്നതല്ല കുർബാന. വിശ്വാസികൾ ദൈവത്തിന്റെ സകല സൃഷ്ടിക്കും വേണ്ടി വിശ്വാസപൂർവ്വം സമർപ്പിക്കുന്നതാണ് യഥാർത്ഥ കുർബാന. ഏറ്റവും ആദ്യമായി ഇതു ലോകത്തിന്റെ ജീവനുവേണ്ടിയുള്ള കൃതജ്ഞതാർപ്പണമാണ്. കർത്താവ് മരിച്ചതും ഉയിർത്തെഴുന്നേറ്റതും ലോകത്തിന്റെ ജീവനുവേണ്ടിയായിരുന്നു. അതുകൊണ്ട് പ്രപഞ്ചത്തിന്റെ ജീവന് - ഭൗതികവും ആന്തരികവുമായ ജീവനുവേണ്ടി നാം കൃതജ്ഞതയും സ്തോത്രവും ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. അവയുടെ പ്രതീകമോ വെറും ചെറിയൊരപ്പവും അൽപം മുന്തിരി രസവും.

## ആചാരവും ചൈതന്യവും

'നമ്മുടെ ചെറിയ ഗ്രഹമായ ഭൂമി' എന്നു ഭൂഗോളത്തെ ഇന്നു വിശേഷിപ്പിക്കാറുണ്ട്. ഒരു ചെറിയ ഗോളാകൃതിയിലുള്ള ദുർബലമായൊരു ഗ്രഹത്തെയാണ് ബാഹ്യാകാശ സഞ്ചാരികൾ പുറത്തുനിന്നു നോക്കുമ്പോൾ കാണുന്നത്. സൂര്യനും മറ്റു ഗ്രഹങ്ങളുമടങ്ങിയ സൗരയൂഥത്തിന്റെ ഒരു ഭാഗവുമാണ് നമ്മൾ. നമ്മുടെ സൂര്യനേക്കാൾ അനവധി മടങ്ങു വലിപ്പമുള്ള കോടാനുകോടി സൂര്യന്മാരുള്ള നക്ഷത്രസമൂഹങ്ങൾ നമുക്ക് ചുറ്റു

മുണ്ട്. ഈ അചിന്ത്യ ശക്തിയുൾക്കൊള്ളുന്ന പ്രപഞ്ചം നിരന്തരം പുറത്തേയ്ക്ക് വികസിച്ചുകൊണ്ടിരിക്കുന്നു. അതേ സമയം അത് ഒന്നായി നില കൊള്ളുകയും ചെയ്യുന്നു. നാം ഭൂമിയിൽ നിശ്ചലരായി, സ്ഥിരമായി നിൽക്കുന്നു എന്നു തോന്നുമ്പോഴും നാം പ്രപഞ്ചത്തിന്റെ വികാസത്വരയിൽ അറിയാതെ പങ്കാളികളാകുന്നു. ഭൂമിയുടെ രണ്ടുതരം കറക്കങ്ങൾക്കു നാം വിധേയരാകുന്നു. ഗാലക്സികളുടെ ആന്ദോളനങ്ങളിൽ നാം സംബന്ധികളാകുന്നു. വിശുദ്ധ കുർബാനയിൽ അപ്പവീഞ്ഞുകളെ ദൈവത്തിനു സമർപ്പിച്ചു തന്റെ സൃഷ്ടിക്കുവേണ്ടി നാം പ്രാർത്ഥിക്കുമ്പോൾ ഈ ചലനങ്ങളൊന്നും നമ്മെ അലോസരപ്പെടുത്താറില്ല. ആചാര നിബദ്ധവും സ്നേഹശൂന്യവുമായ ഒരു കർമ്മത്തിനു മൂകസാക്ഷികളായി നിലകൊണ്ട്, ശൂന്യമായ മനസ്സോടെ തിരിയെപ്പോകുന്ന ധാരാളം ജനങ്ങളുണ്ട്. നമ്മുടെ സമർപ്പണത്തിന്റെ പ്രതീകശക്തി അനുഭവിച്ചറിഞ്ഞാൽ, ചലനാത്മകവും വികസ്വരവുമായ ഒരു അതീത യാഥാർത്ഥ്യത്തിലേക്കാണ് നാം പ്രവേശിക്കുന്നതെന്നു നമുക്കു ബോധ്യമാവും.

പ്രതീകങ്ങളുടെ ശക്തിയെ ഊതിക്കളയുകയും അവയെ വരണ്ട അടയാളപ്പലകകളായി മാറ്റുകയും ചെയ്യുന്നതു പലപ്പോഴും ആചാരനിബദ്ധമായ ആവർത്തനമാണ്. വിശുദ്ധ കുർബാനയിൽ നാം സ്വീകരിച്ചിരിക്കുന്ന പ്രതീകങ്ങളുടെ ഊർജ്ജസ്രോതസ്സിലേക്ക് പ്രവേശിക്കണമെങ്കിൽ ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും ഒരുക്കവും പങ്കാളിത്തവും ആവശ്യമാണ്. ജനങ്ങൾ വെറും കാണികളായി നിൽക്കുന്ന ആരാധന ഓർത്തഡോക്സ് പാരമ്പര്യമല്ല. 'കുർബാന കാണുക' എന്നല്ല 'കുർബാനയിൽ പങ്കെടുക്കുക' എന്നാണു നമ്മുടെ യഥാർത്ഥ പാരമ്പര്യം. ഓർത്തഡോക്സ് സഭകൾ വിശുദ്ധ കുർബാനയുടെ പ്രാധാന്യത്തെക്കുറിച്ച് എന്തെല്ലാം പറഞ്ഞാലും, ഗ്രീക്ക് ഓർത്തഡോക്സ് സഭയിലും മറ്റും കുർബാന ജനങ്ങൾക്ക് കാര്യമായ പങ്കാളിത്തമില്ലാത്ത വെറുമൊരു വൈദികാചാരമായി ചിലപ്പോൾ അനുഭവപ്പെടാറുണ്ട്.

## അന്യവൽകൃതമായ പ്രതീകങ്ങൾ

പ്രതീകങ്ങൾ അനുഷ്ഠാന പ്രധാനവും അർത്ഥശൂന്യവുമായിത്തീരാനുള്ള സാധ്യത എപ്പോഴുമുണ്ട്. ആരാധനയിൽ അങ്ങനെ സംഭവിക്കാനിടയായാൽ, അതിന്റെ പ്രധാന കാരണം, പ്രതീകങ്ങൾ ജീവനുള്ള ആരാധക സമൂഹത്തിൽനിന്ന് അന്യവൽക്കരിക്കപ്പെടുന്നതാണ്. ഞാൻ ഊഷ്മളമായ സ്നേഹത്തോടെ നിങ്ങളുടെ കയ്യിൽ നേരിട്ടു നൽകുന്ന ഒരു സമ്മാനത്തിനു പ്രതീകശക്തിയുണ്ട്. കാരണം എന്റെ ഹൃദയത്തിന്റെ ഭാഗമാണത്. അതുകൊണ്ട് നിങ്ങളുടെ ഹൃദയത്തിന്റെയും ഭാഗമായി അതു മാറുന്നു. ഇവിടെ പ്രതീകവസ്തു എന്നിൽനിന്നും നിങ്ങളിൽ നിന്നും അന്യമല്ല.

എന്നാൽ അതേ സമ്മാനം തന്നെ, വെറുമൊരു ഉപചാരം നിർവഹിക്കുവാൻവേണ്ടി, സ്നേഹശൂന്യമായി, ഞാനൊരു വഴിപോക്കന്റെ കൈയിൽ കൊടുത്തു നിങ്ങളുടെ വീട്ടുപടിക്കൽ വച്ചേക്കാൻ പറഞ്ഞാൽ, അതിന്റെ പ്രതീക ശക്തി വാർന്നുപോകുന്നു. കാരണം പ്രതീകം ജീവനുള്ള മനുഷ്യ വ്യക്തിയിൽ നിന്ന് അന്യവൽകൃതമായിരിക്കുന്നു.

'വഴിപാടു നിവർത്തിക്കുക' എന്ന്, നാം താൽപര്യമില്ലാതെ ചെയ്യുന്ന ചില കർമ്മങ്ങളെ വിശേഷിപ്പിക്കാറുണ്ടല്ലൊ. അന്യവൽകൃതമായ പ്രതീകങ്ങൾ ഉപയോഗിച്ചു നടത്തുന്ന എല്ലാ ആരാധനകളും വഴിപാടു നിവർത്തിക്കലാണ്. നമ്മുടെ കുർബാനയ്ക്ക് സംഭവിക്കാവുന്നതും കുറെയൊക്കെ സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ അപകടം ഇതാണ്.

## ശരീരമെന്ന പ്രതീകം

നമ്മുടെ ശരീരത്തിന്റെ വിവിധ ചലനങ്ങളുടെയും നിലകളുടെയും പ്രതീകാത്മകമായ അർത്ഥം തുടക്കത്തിൽ സൂചിപ്പിച്ചല്ലൊ. ആത്യന്തികമായി നമ്മുടെ ശരീരം തന്നെയാണ് ആരാധനയിൽ മുഖ്യപ്രതീകമായി വർത്തിക്കുന്നത്. 'നിങ്ങൾ വിവേകപൂർവകമായ ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ' (റോമ. 12:1). ദൈവത്തിന്റെ സാദൃശ്യവും തേജസ്സും വഹിക്കുന്ന നമ്മുടെ ശരീരങ്ങൾ സൃഷ്ടിയിൽ ദൈവസാന്നിധ്യത്തിന്റെ പ്രതീകമാണ്. ദൈവസ്വഭാവത്തിന്റെയും സൃഷ്ടിതമായ യാഥാർത്ഥ്യത്തിന്റെയും 'അതിരിൽ' രണ്ടിന്റെയും സംയുക്ത പ്രതീകമായി നിലകൊള്ളുന്ന മനുഷ്യനെയാണ് ദൈവാരാധനയിൽ സൃഷ്ടിക്കു മുഴുവൻ നേതൃത്വം കൊടുക്കാനും സൃഷ്ടിയുടെ പുരോഹിതനായി നിലകൊള്ളാനും ദൈവം വിളിച്ചിരിക്കുന്നത്. നിസ്സായിലെ വിശുദ്ധ ഗ്രിഗോറിയോസിനെപ്പോലുള്ളവർ മനുഷ്യന്റെ ഈ സവിശേഷമായ ദൗത്യത്തെക്കുറിച്ചു മനോഹരമായി പ്രതിപാദിക്കുന്നുണ്ട്.

അപ്പവീഞ്ഞുകൾക്കും വിശുദ്ധ കൂദാശകളിലുപയോഗിക്കുന്ന വസ്തുക്കൾക്കും കൗദാശിക പ്രതീകത്വം കൈവരുന്നത് അവ മനുഷ്യശരീരത്തിന്റെയും മനുഷ്യവ്യക്തിത്വത്തിന്റെയും ഭാഗമായി സമർപ്പിക്കപ്പെടുമ്പോഴാണ്. എല്ലാറ്റിനും ആധാരമായി മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിന്റെ ശരീരം നിലകൊള്ളുന്നു.

## ജീവനിലേയ്ക്ക്

സാധാരണരീതിയിൽ നാം ലോകത്തിൽ കാണുന്ന പ്രതീകങ്ങൾ നശിച്ചുപോകുകയോ അവയുടെ അർത്ഥം നഷ്ടപ്പെടുകയോ ചെയ്യാം. എന്നാൽ മനുഷ്യശരീരമാകുന്ന പ്രതീകത്തിന്റെ അർത്ഥം മരണത്തിലൂടെ,

ഉയിർപ്പിലൂടെ പുതിയ മാനങ്ങൾ കൈവരിക്കുന്നു. ഇവിടെ മനുഷ്യശരീരമെന്നു പറഞ്ഞാൽ അതിൽ ഈ വസ്തുമയമായ പ്രപഞ്ചവും അതിലുള്ള സകല ചരാചരങ്ങളും ഉൾക്കൊള്ളുന്നു. കാരണം ദൈവസാദൃശ്യം വഹിക്കുന്ന മനുഷ്യശരീരത്തിന് അത്രത്തോളം വിശാലമായ അർത്ഥവിവക്ഷയുണ്ട്. ആ ശരീരം ഒരു വ്യക്തിയുടെ ജഡരക്തങ്ങൾ മാത്രമല്ല, വിശുദ്ധ കുർബാനയിൽ, അപ്പവീഞ്ഞുകളിലൂടെ, അവയർപ്പിക്കുന്ന മനുഷ്യരെയും സകല സൃഷ്ടിയേയും നാം സമർപ്പിക്കുമ്പോൾ അവയെ മരണത്തിനതീതമായ ജീവനുവേണ്ടിയാണ് നാം അർപ്പിക്കുന്നത്. മനുഷ്യർ തമ്മിൽ കൈമാറുകയും മനുഷ്യബന്ധങ്ങൾ മുറിയുമ്പോൾ നഷ്ടീഭവിക്കയും ചെയ്യുന്ന പ്രതീകങ്ങൾ പോലെയല്ല, ഇത് വിശുദ്ധ കുർബാനയിലെ പ്രതീകാർപ്പണത്തിലൂടെ ജീവന്റെ പുതിയ അനുഭവത്തിലേക്കു സൃഷ്ടിയെ നാം ഉപനയിക്കുകയാണ്. ഇവിടെ പ്രതീകത്തെ താങ്ങിനിർത്തുകയും പരിപോഷിപ്പിക്കയും അതിന്റെ അർത്ഥത്തെ സജീവവും വികസ്വരവുമാക്കുകയും ചെയ്യുന്നത് ദൈവത്തിന്റെ ആർദ്രകരുണയും ഇച്ഛയുമാണ്. മനുഷ്യന്റെ ഇച്ഛയും താൽക്കാലിക വികാരങ്ങളും സൃഷ്ടിക്കുന്ന പ്രതീകങ്ങൾ പോലെയല്ല ഇത്.

## പരിസ്ഥിതിയും മനുഷ്യശരീരവും

ഇന്നു പരിസ്ഥിതി പ്രതിസന്ധിയെക്കുറിച്ചു കൂടുതൽ കൂടുതൽ അവബോധം മനുഷ്യർക്ക് ഉണ്ടായിക്കൊണ്ടിരിക്കയാണ്. മനുഷ്യരുടെ തെറ്റായ പ്രവർത്തനങ്ങൾ മൂലമാണ് നമ്മുടെ ഭൂമിയും അതിന്റെ അന്തരീക്ഷവും ക്രമേണ നാശത്തിനു വിധേയമാകുന്നത് എന്ന വസ്തുത പൊതുവെ അംഗീകൃതമായിട്ടുണ്ട്. എന്നാൽ ശരീരത്തോടുള്ള നമ്മുടെ നിലപാടും പരിസ്ഥിതി പ്രതിസന്ധിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു കാര്യമായൊന്നും ആരും പറഞ്ഞു കേൾക്കുന്നില്ല.

മനുഷ്യശരീരത്തെ അമിതമായി ശ്രദ്ധിക്കുകയും സുഖഭോഗങ്ങൾക്കുള്ള ഒരു ഉപകരണമായി അതിനെ പരിഗണിക്കുകയും ചെയ്യുന്ന രീതി സമ്പന്നമായ പാശ്ചാത്യ രാജ്യങ്ങളിൽ കാണാം. ശരീരത്തിന്റെ അടിസ്ഥാനപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിലുപരി, അതിന്റെ മോഹങ്ങളുടെയും അഭിലാഷങ്ങളുടെയും പൂർത്തീകരണത്തിനായി ലോകം മുഴുവൻ വെട്ടിപ്പിടിക്കുകയും, മറ്റു മനുഷ്യരെ ചൂഷണം ചെയ്യുകയും, അനീതിയും അസമത്വവും വച്ചുപുലർത്തുകയും ചെയ്യുന്ന പ്രബലമായ പ്രവണതയാണ് ആധുനിക പാശ്ചാത്യ സംസ്ക്കാരം കാണിക്കുന്നത്. കൺസ്യൂമറിസം എന്നു വിളിക്കപ്പെടുന്ന ഉപഭോഗ സംസ്ക്കാരത്തിന്റെ പ്രധാന ലക്ഷ്യം തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നതാണ്. അതിനായി എന്ത് അനീതിയും അന്താരാഷ്ട്രതലത്തിൽ പ്രവർത്തിക്കാൻ പാശ്ചാത്യർക്കു മടിയില്ല.

നമ്മുടെ ശരീരത്തിന്റെ അവിഭാജ്യ ഘടകമാണ് മറ്റുള്ളവരുടെ ശരീരങ്ങളും ഈ പ്രപഞ്ചവും എന്ന ആശയം സ്വീകരിക്കാൻ ഇവർക്കു മടിയാണ്. ഞാനും എന്റെ ശരീരവും മാത്രം എന്ന ചിന്ത അത്രയ്ക്കു രൂഢമൂലമാണിവിടെ. അതുകൊണ്ടു നാം ഭൂമിയേയും മറ്റു മനുഷ്യരെയും സ്വാർത്ഥമോഹപ്രേരിതരായി ചൂഷണം ചെയ്യുമ്പോൾ നമ്മുടെ ശരീരത്തെത്തന്നെയാണു ചൂഷണം ചെയ്യുന്നത് എന്ന സത്യം മനസ്സിലാക്കാൻ പലർക്കും കഴിയാതെ പോകുന്നു. മനുഷ്യശരീരം ദിവ്യമായ ദൗത്യം നിറവേറ്റാനുള്ള മാധ്യമമാണ്. അത് ദൈവസാന്നിധ്യം സംവഹിക്കുന്ന കൂദാശയാണ്. അതിന്റെ രൂപാന്തരത്തിലൂടെ സൃഷ്ടി മുഴുവൻ ദൈവതേജസ്സിന്റെ അനുഭവം പ്രാപിക്കേണ്ടതാണ് എന്ന ക്രിസ്തീയ സന്ദേശമാണ് വിശുദ്ധ കുർബാനയിലൂടെ നമുക്ക് ലഭിക്കുന്നത്. മനുഷ്യശരീരത്തെ വിശുദ്ധമായി കരുതി, 'പരിശുദ്ധാത്മാവിന്റെ മന്ദിര'മായി കണ്ടെങ്കിൽ മാത്രമേ, ദൈവസൃഷ്ടിയെ മുഴുവൻ പരിശുദ്ധാത്മാവിന്റെ ദേവാലയമായി മനസ്സിലാക്കാൻ നമുക്ക് സാധിക്കയുള്ളൂ.

## വിലയിടിഞ്ഞ മനുഷ്യജീവിതം

മുകളിൽ പറഞ്ഞ പാശ്ചാത്യ നിലപാടിന് ഒരു മറുവശമുണ്ട്. ഏഷ്യയിൽ പൊതുവെയും; പ്രത്യേകിച്ചു നമ്മുടെ ഇന്ത്യയിലും, മനുഷ്യശരീരത്തിനു വലിയ വിലയൊന്നും കൽപിച്ചു കാണുന്നില്ല. മറ്റു മനുഷ്യരുടെ വേദനയെക്കുറിച്ചു കാര്യമായ ശ്രദ്ധ നമുക്കില്ലെന്നു തോന്നുന്നു. ആത്മാഭിമാനമില്ലാതെ, അന്തസ്സ് ലഭിക്കാതെ വെറും കൃമികളെപ്പോലെ ഇഴഞ്ഞു നീങ്ങുന്ന മനുഷ്യജീവിതങ്ങളെക്കുറിച്ച് ആർക്കും പ്രത്യേകിച്ചു കരുതലോ ഭാരമോ ഇല്ല. ഒരു തരം ഉദാസീനതയുടെയും അലക്ഷ്യതയുടെയും ചാരം മൂടിക്കിടക്കുന്ന മനോഭാവം സർക്കാരിലും സമൂഹത്തിലും എമ്പാടും കാണാം. മ്ലേച്ഛമായ സ്വാർത്ഥത മുൻനിർത്തി ജീവിക്കുന്ന ഒരു ചെറിയ വിഭാഗം മാത്രം രക്ഷപെടുന്ന ഒരു സാഹചര്യമാണ് നമ്മുടെ രാജ്യത്തു നിലനിൽക്കുന്നത്. ശരീരത്തിന്റെ ആഗ്രഹങ്ങൾക്ക് നൂറായിരം മുളകൾ വിരിച്ച്, അതിനെയെല്ലാം രമിപ്പിച്ചു ജീവിക്കാൻ കോപ്പൊരുക്കുന്ന പടിഞ്ഞാറൻ നാണയത്തിന്റെ മറുവശമാണു നമ്മുടെ രാജ്യത്തു കാണുന്ന ഉദാസീനത. ഇവ രണ്ടും ഒരുപോലെ നികൃഷ്ടമാണ്.

മനുഷ്യശരീരത്തിനു മതിപ്പു നൽകാത്ത ഒരു സാംസ്ക്കാരിക പരിതോവസ്ഥയിൽ, വിശുദ്ധ കുർബാനയിൽ സമർപ്പിക്കപ്പെടുന്ന അപ്പ വീഞ്ഞുകളുടെ പ്രതീകശക്തി നഷ്ടപ്പെടാം. നൂറ്റാണ്ടുകളായി നാമിവിടെ വിശുദ്ധ കുർബാന അർപ്പിച്ചിട്ടും, അതിന്റെ സാമൂഹികവും സാമ്പത്തികവുമായ വിവക്ഷകളെക്കുറിച്ചു നമുക്ക് വലിയ താൽപര്യമില്ല. തിന്മയോടു പ്രതികരിക്കാത്ത ഒരു സമൂഹത്തിൽ കുർബാനയർപ്പണം വെറുമൊരു ആചാരമായി

മാത്രം നിലനിൽക്കാൻ സാധ്യതയേറും.

# മരവും മനുഷ്യപുത്രനും

*“നിങ്ങൾ മരത്തിൽ തൂക്കിക്കൊന്ന യേശുവിനെ നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചു” (അപ്പോ. പ്ര. 5:30).*

കുരിശു കണ്ടാൽ ആരെങ്കിലും ക്രിസ്തുവിനെ ഓർമ്മിക്കുമോ? ഇന്ന് മിക്കവർക്കും അത് ക്രിസ്തു “മത”ത്തിന്റെ ചിഹ്നമാണ്. ഓർമ്മശേഷിയെ അൽപ്പം ആയാസപ്പെടുത്തിയെങ്കിലേ കുരിശിൽ നിന്ന് ക്രിസ്തുവിലേക്കുള്ള വഴി കണ്ടെത്താനാവുകയുള്ളു പലർക്കും. ക്രിസ്തുവിനെ എല്ലാവർക്കും ഇഷ്ടമാണ്. ക്രിസ്തുമതത്തെയും അതിന്റെ ചിഹ്നമായി മാറിയ കുരിശിനെയും എല്ലാവർക്കും ഒരുപോലെ ഇഷ്ടമല്ല. കാരണം പലരുടെയും നോട്ടത്തിൽ ലോകത്തിൽ വിജയം നേടിയ ഒരു ആഗോള വ്യവസ്ഥാപിത മതസംഘടനയുടെ ബിസ്സിനസ്സ് ലോഗോ ആണ് കുരിശ്. ക്രിസ്തു ആ സംഘടനയ്ക്ക് അന്യനും! ക്രിസ്ത്യാനികൾക്ക് ആത്മപരിശോധനയ്ക്ക് ഇത് ധാരാളം മതി.

ക്രിസ്തുവിന്റെ കാലത്തെ റോമാക്കാരുടെ കാഴ്ചപ്പാട് വേറൊന്നായിരുന്നു. കുരിശ് കുറ്റവാളികളെ പീഡിപ്പിച്ചു കൊല്ലാനുള്ള ഉപകരണമായിരുന്നല്ലോ അവർക്ക്. അതുകൊണ്ട് കുരിശ് കുറ്റവും ശാപവും നിന്ദയും ക്രൂരതയും പീഡനവും നിലവിളിയും വേദനയും മരണവും ഒക്കെ ധ്വനിപ്പിച്ചു.

കുരിശിന്റെ ആദ്യകാല ക്രിസ്തീയ വായനകൾ ഇതെല്ലാം ഏറ്റുവാങ്ങി. കുറ്റവാളിയായി നമുക്കുവേണ്ടി ക്രിസ്തു നിന്ദിതനും അഭിശപ്തനുമായിത്തീർന്നു. അതിക്രൂരമായ പീഡനങ്ങൾ സഹിച്ചു. നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി കുരിശിൽ മരിച്ചു.

അങ്ങനെ കുരിശ് ക്രിസ്തുവിന്റെ അനുയായികൾക്ക് രക്ഷയുടെ ചിഹ്നമായി, സഹനത്തിന്റെയും ത്യാഗത്തിന്റെയും അടയാളമായി.

**കുരിശെന്ന മരം**

കുരിശിന് ബൈബിളിൽ പ്രമുഖമായൊരു പര്യായപദമുണ്ട് - മരം.

“അവർ അവനെ മരത്തിന്മേൽ തൂക്കിക്കൊന്നു” (അപ്പോ. പ്ര. 10:39).

"മരത്തിന്മേൽ തന്റെ ശരീരത്തിൽ അവൻ നമ്മുടെ പാപങ്ങളെ വഹിച്ചു" (1 പത്രോ. 2:24).

കുരിശുമരം, സ്ലീബാ മരം എന്നൊക്കെ നാം ഭാഷയിൽ പ്രയോഗിക്കാറുണ്ടല്ലോ. വളരെ വലുതാണ് മരത്തിന്റെ പ്രതീകശേഷി (Symbolic power). സ്വർഗ്ഗത്തെയും ഭൂമിയെയും സംയോജിപ്പിക്കുന്ന "ഭൂമിയുടെ അച്ചുതണ്ട്" (axis mundi) മനുഷ്യവർഗ്ഗത്തിന്റെ ഏറ്റം പുരാതനമായ 'മിത്തു'കളിൽ ഒന്നാണ്. പ്രപഞ്ചം മുഴുവൻ ഒന്നായിരുന്ന അവസ്ഥയെക്കുറിച്ചുള്ളതാണ് ആദിദർശനം. എന്നാൽ നമ്മുടെ ഇപ്പോഴത്തെ അസ്തിത്വ യാഥാർത്ഥ്യം വേർപാടിന്റെ അനുഭവമാണ്. എല്ലാം പരസ്പരം വേർപെട്ടതും തമ്മിൽ വിരുദ്ധവും അന്യോന്യം ശത്രുതയുള്ളതുമായ അനുഭവം. യഹൂദ-ക്രൈസ്തവ പാരമ്പര്യത്തിൽ ഉൽപ്പത്തി പുസ്തകത്തിലെ സൃഷ്ടികഥ ഈ പ്രാപഞ്ചിക പുരാണ കഥയുടെ നല്ല ഉദാഹരണമാണ്.

ആദ്യസൃഷ്ടിയായ പറുദീസയിൽ ദൈവവും മനുഷ്യനും പ്രകൃതിയുമെല്ലാം സമ്പൂർണ്ണമായ ഐക്യത്തിലും അനുരഞ്ജനത്തിലുമാണ്. അവർക്കിടയിൽ വൈരുദ്ധ്യമോ അകൽച്ചയോ ഇല്ല. സൃഷ്ടിയുടെ താളക്രമം യാതൊരു ശ്രുതിഭംഗവുമില്ലാതെ അതിമധുരമായ സംഗീതം പോലെ സകലത്തെയും സമന്വയിപ്പിച്ചു.

എന്നാൽ, രണ്ടാം ഘട്ടത്തിൽ സ്വരഭംഗമുണ്ടാകുന്നു. ദൈവവും മനുഷ്യനും തമ്മിൽ അകലുന്നു. മനുഷ്യനും മറ്റ് ജീവജാലങ്ങളും തമ്മിൽ ശത്രുതയിലാകുന്നു. സ്വന്തം സഹോദരനെ കൊല്ലുകയും മുള്ളും പറക്കാരയും വളരുന്ന ഭൂമിയിൽ മനുഷ്യൻ ഗതിയില്ലാതെ അലയുകയും ചെയ്യുന്നു. സ്വർഗ്ഗം അങ്ങു മുകളിലാണ്; ഭൂമി ഇങ്ങു താഴെയും.

## സ്വർഗ്ഗത്തിലേക്ക്

ബന്ധമറ്റുപോയ സ്വർഗ്ഗത്തെയും ഭൂമിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന എന്തോ ഒന്നിനായി അന്നുമുതൽ മനുഷ്യൻ അന്വേഷണം തുടങ്ങി. നഷ്ടപ്പെട്ടുപോയ സുവർണ്ണബാന്ധവത്തെക്കുറിച്ച് ഗൃഹാതുരതയോടെ മനുഷ്യൻ മനനം ചെയ്തു. അപ്പോൾ മനുഷ്യർക്ക് കിട്ടിയ പിടിവള്ളിയാണ് മരം. മരം താഴെ ഭൂമിയിലാണ് മുളയ്ക്കുന്നത്. എങ്കിലും അതിന്റെ ഗതി മുകളിലേക്കാണ്.

ഒരിക്കൽ സൺഡേസ്കൂൾ കുട്ടികളോട് ഒരു പ്രസംഗത്തിനിടെ സാന്ദർഭികമായി ചോദിച്ചു: മരങ്ങൾ എങ്ങോട്ടാണ് വളരുന്നതെന്ന് പറയാമോ?

മുതിർന്ന ക്ലാസിലെ കുട്ടി ചാടിയെഴുന്നേറ്റ് പറഞ്ഞു: 'സൂര്യന്റെ നേരെ.'

അതിലും ചെറിയ ഒരു കുട്ടി പറഞ്ഞു: 'മുകളിലേക്ക്.'

അപ്പോൾ തീരെച്ചെറിയ നാലു വയസ്സുകാരി ലക്ഷ്മി എന്ന മിടുക്കി ക്കുട്ടി ചെറിയ ശബ്ദത്തിൽ പറഞ്ഞു: 'സ്വർഗ്ഗത്തിലേക്ക്.'

ഏതാണ് ശരിയുത്തരം?

എല്ലാ ഉത്തരങ്ങളും ശരി തന്നെ. ആദ്യത്തേത് ശാസ്ത്രീയമായ ഉത്തരം. എല്ലാ മരങ്ങളും സൂര്യന് അഭിമുഖമായി വളരുന്നു. ആ കുട്ടി ക്ലാസിൽ പഠിച്ചതാണത്.

രണ്ടാമത്തേത് സാമാന്യബുദ്ധിയുടെ ഉത്തരം. മരങ്ങളെല്ലാം മുകളി ലേക്ക് വളരുന്നു. കുട്ടി സ്വന്തമായി നിരീക്ഷിച്ചറിഞ്ഞതാവണം.

മൂന്നാമത്തെയാണ് ഏറ്റവും ശരിയുത്തരം എന്നു തോന്നുന്നു. മരങ്ങൾ സ്വർഗ്ഗത്തിലേക്ക് വളരുന്നു.

സ്കൂളിൽ പോയി പാഠപുസ്തകം പഠിച്ചു തുടങ്ങാത്ത കുട്ടിക്ക് മാത്രമേ അത് പറയാനാവൂ. വലിയ ബൗദ്ധിക – ശാസ്ത്രീയ സംസ്കാരങ്ങളൊക്കെ ഉയരുന്നതിനു മുൻപ്, മനുഷ്യരാശിയുടെ അതിപ്രാചീനമായ ബോധവും ഉത്തരവുമാണത്. അക്ഷരം പഠിക്കാത്ത കൊച്ചുകുട്ടികളിൽ ആ ഉൾക്കാഴ്ച നിലനിൽക്കുന്നു. അക്ഷരം പഠിക്കുന്നതോടെ ഉൾക്കാഴ്ചയുടെ ചക്രവാളം ചുരുങ്ങുന്നു മിക്കവരിലും.

സ്വർഗ്ഗത്തെയും ഭൂമിയേയും ഒന്നാക്കുന്നത് മരമാണെന്ന പുരാതന സങ്ക ല്പമാണ് കുരിശുമരത്തിന്റെ പ്രതീകശേഷി. ഈ ചിന്തയെ മനസ്സിൽ ആവാഹിച്ചുകൊണ്ട്, വളരെ വലിയ ഒരു മരത്തിന്റെ ചുവട്ടിൽ, അതിന്റെ തായ്ത്തടിയോട് ചേർന്ന് നിന്നുനോക്കണം. എന്തൊരാശ്വാസവും ഊർജ്ജ വുമാണ് അത് നൽകുന്നത്. മരത്തിന്റെ ചുവട്ടിൽ നിൽക്കുന്നയാൾക്ക് മാനംമുട്ടെ വളരുന്നതായി തോന്നും.

മരത്തേക്കാൾ വലിയൊരു കെട്ടിടത്തിന്റെ ചുവട്ടിൽ നിന്നു നോക്കൂ. നിങ്ങൾ ചെറുതാകുന്നതായി തോന്നും. കെട്ടിടം നിങ്ങളെ കൊച്ചാക്കും, പരിഹസിക്കും. അതിനു ജീവനില്ലല്ലോ. തണുത്ത ഇരുമ്പിലും കോൺ ക്രീറ്റിലും മുട്ടിനിന്നാൽ, നിങ്ങളുടെ ശരീരം മരവിക്കും. ജീവനുള്ള മരച്ചു വട്ടിൽ അങ്ങനെയല്ല. അവിടെ ഊഷ്മളമായ ചൈതന്യവുമുണ്ട്. അനന്ത മായ ആകാശത്തിനും ദൃശ്യമായ ഭൂമിക്കും മദ്ധ്യേ ജീവജലത്തിന്റെ പ്രവാ ഹമാണ് മരത്തിനുള്ളിൽ. ഭൂമിയിൽ നദികളെല്ലാം മണ്ണിലൂടെ മാത്രം, അതി നു സമാന്തരമായി ഒഴുകുന്നു. മരത്തിനുള്ളിൽ മണ്ണിനും വിണ്ണിനും പാല മായി, ലംബമായി ഒഴുകുന്നു ജീവന്റെ ജലം.

## വേരുകൾ

ഒരു നിമിഷത്തിൽ മരവും നമ്മുടെ ശരീരവും ഒന്നായിത്തീരും. വേരുക

ളില്ലാത്ത നമ്മുടെ ശരീരം മരത്തിന്റെ വേരുകളിലൂടെ ഭൂമിയുടെ അഗാധതകളിലേക്കിറങ്ങും. അവിടെ നിഗൂഢമായ ജലസ്രോതസ്സുകളിൽ നാം എത്തിച്ചേരും.

മണ്ണിൽപ്പടരുന്ന വേരുകൾ ആദ്യമനുഷ്യന്റെ മൺമയമായ ശരീരത്തിലേക്കാണ് പടരുന്നത്. പുരുഷാന്തരങ്ങളിലൂടെ നമ്മുടെ വേരുകൾ സകല മനുഷ്യവർഗ്ഗത്തിന്റെയും, മണ്ണിൽ നിന്നുളവാകുന്ന സർവ്വ ജീവജാലങ്ങളുടെയും ശരീരങ്ങളിലേക്ക് പടരുന്നു. മനുഷ്യപുത്രനായിത്തീർന്ന ദൈവപുത്രന്റെ വേരുകളും ഇവിടെത്തന്നെ. നമ്മുടെ ശരീരങ്ങളിലേക്ക് അവ പടരുന്നു. നാം അവന്റെ ശരീരത്തിലേക്കും. മണ്ണിന്റെ ആഴങ്ങളിൽ നടക്കുന്ന ഈ സങ്കലനവും സംസർഗ്ഗവും മനുഷ്യാവതാരത്തിന്റെ ആന്തരാർത്ഥങ്ങളെ അനാവരണം ചെയ്യുന്നു. മണ്ണിനെ സ്വന്തം ശരീരമാക്കുന്നവന്റെ ശരീരത്തിലൂടെ നാം വിണ്ണുമായി ചേരുന്നു.

മരം നീണ്ടു നിവർന്ന്, വായുവിൽ ചില്ലകൾ വിടർത്തി, ആയിരമായിരം ഇലകൾ കാറ്റിൽ ചലിപ്പിച്ച് സൂര്യനിലേക്ക്, മുകളിലേക്ക്, സ്വർഗ്ഗത്തിലേക്ക് വളരുന്നു. കുരിശിന്റെ കരങ്ങൾ മരത്തിന്റെ ശിഖരങ്ങളാണ്. 'മുകളിലേക്ക് ഉയർത്തപ്പെട്ട് സകല മനുഷ്യരെയും തന്നിലേക്ക് ആകർഷിക്കുന്ന' ജീവന്റെ വൃക്ഷമാണത്. ആകാശത്തിലെ പറവകൾക്കെല്ലാം അത് കൂടും അഭയവും നൽകുന്നു. താഴെ മനുഷ്യർക്കും മൃഗങ്ങൾക്കും അത് തണലേകുന്നു. എല്ലാവർക്കും ഫലങ്ങൾ നൽകി, ജീവനെ പരിപോഷിപ്പിക്കുന്നു.

സൃഷ്ടിയുടെ തുടക്കത്തിൽ ജീവന്റെ വൃക്ഷം മനുഷ്യന് അഗമ്യമായി നിലകൊള്ളുന്നെങ്കിൽ, ചരിത്രത്തിൽ, മനുഷ്യപുത്രന്റെ ശരീരമായ ജീവവൃക്ഷവും അതിന്റെ ഫലവും സകലർക്കുമായി മുറിച്ചു നൽകപ്പെടുന്നു. ജീവന്റെ കൂടും, കൂരയും, തണലും, താങ്ങും, ആഹാരവും ആശ്രയവുമായിത്തീരുന്നു ആ മരം.

### വിജയസ്തംഭം

ഉന്നതഗിരികളിലെല്ലാം കുരിശു നാട്ടാനുള്ള വ്യഗ്രതയുണ്ടല്ലോ. അത് കുരിശുയുദ്ധങ്ങളുടെ ബാക്കിപത്രമാണെന്ന് ചിന്തിക്കേണ്ടതാണ്. സകലത്തേയും ആക്രമിച്ച് കീഴടക്കുവാനുള്ള വന്യമായ ആസക്തിയോടെ വരുന്ന സൈന്യത്തിനു മുൻപിൽ പിടിക്കാനുള്ളതാണോ കുരിശ്? നിരായുധനായ മനുഷ്യപുത്രന്റെ താഴ്മയല്ലേ കുരിശിന്റെ താഴ്മ? ആ ത്യാഗവും സ്വയം വെറുമയാക്കലുമല്ലേ ക്രൂശിന്റെ മഹത്വം. അതെങ്ങനെ പടഹധ്വനിയോടെ വരുന്നവർക്ക് കൊടിയടയാളമാകും?

അതീവ ഹൃദ്യമായ നർമ്മമാണ് ഇറ്റാലിയൻ എഴുത്തുകാരനായ ജിയോവാനി ഗ്വാരേഷ്ക്കിയുടെ “ഡോൺ കാമിലോ” കഥകൾ. കടുത്ത യാഥാ

സ്ഥിതികനെങ്കിലും തെളിഞ്ഞ മനുഷ്യസ്നേഹിയായ കത്തോലിക്കാ പാതിരി ഡോൺ കാമിലോ തന്റെ സ്നേഹിതനെങ്കിലും വർഗ്ഗശത്രുവായ കമ്മ്യൂണിസ്റ്റ് മേയർ പെപ്പോണിനെ കോപാവേശത്തിൽ അടിക്കാൻ ഒരുങ്ങുന്നു. കൈയിൽ കിട്ടിയ സാധനം അൾത്താരയിൽ വച്ചിരിക്കുന്ന കുരിശാണ്. കുരിശിൽ തൂങ്ങിക്കിടക്കുന്ന യേശുവിനോട് അച്ചൻ പറഞ്ഞു: 'കർത്താവേ, കുരിശിൽ മുറുകെപ്പിടിച്ചോണേ. ഞാൻ ഇതു വച്ച് ഇവനിട്ട് ഒന്നു കൊടുക്കാൻ പോവുകയാണ്.'

നർമ്മമാണെങ്കിലും അതിനു പുറകിൽ ഒരു ചരിത്രവിമർശനമുണ്ട്. സഭയുടെ ലൗകിക സ്ഥാപിത താൽപര്യങ്ങളെ സംരക്ഷിക്കാൻ, വേണ്ടിവന്നാൽ കുരിശെടുത്ത് അടിക്കാനും സഭ ഒരുമ്പെട്ടിട്ടുണ്ട്. ഇങ്ങനെയും കുരിശിനെ വിജയസ്തംഭവും ശത്രുസംഹാരമുദ്രയുമാക്കുന്ന പ്രവണത ഇന്നും നിലനിൽക്കുന്നു.

മലമുകളിൽ നിൽക്കുന്ന മരം പോലെ, പരിക്ഷീണിതരായവർക്ക് തണലും വിശക്കുന്നവർക്ക് ഫലങ്ങളും സകല ജീവജാലങ്ങൾക്കും അഭയവുമാകുന്ന ജീവന്റെ മരമല്ലേ കുരിശ്ശ്? മുടന്തനും കുരുടനും, നിന്ദിതനും പീഡിതനും പതിനൊന്നാം മണി സമയത്തെത്തുന്നവനും വാതിൽ തുറന്നിട്ടിരിക്കുന്ന ദൈവരാജ്യത്തിന്റെ അടയാളമല്ലേ അതിനിസ്സാരമായ കടുകുമണിയിൽ നിന്ന് ഉയിർക്കൊണ്ട ആ വൃക്ഷം? അതെങ്ങനെ മറ്റുള്ളവർക്ക് ഭീഷണിയായി മാറുന്നു?

മരക്കുരിശ് വിജയത്തിന്റെ അടയാളമല്ലേ? തീർച്ചയായും അതെ; ജീവനെ നിത്യം ഭീഷണിപ്പെടുത്തുന്ന മരണത്തിന്മേലുള്ള വിജയം. പ്രകാശത്തിന്റെ കൂടാരങ്ങളിൽ കലക്കവും കന്മഷവും സൃഷ്ടിക്കുന്ന തിന്മയുടെ മേലുള്ള വിജയം.

അഹങ്കാരത്തിന്റെയും ആധിപത്യത്തിന്റെയും ചിഹ്നമല്ലിത്. സൗന്ദര്യത്തിന്റെ അലങ്കാരവുമല്ലത്. മനുഷ്യപുത്രന്റെ ശരീരം പോലെ, ഈ മരക്കുരിശ് അധിക്ഷേപവും തുപ്പലുമേൽക്കണം, എളിമയും നിസ്സാരതയും കൈവരിക്കണം. മനുഷ്യർക്ക് പരിഹാസ്യവും വിഡ്ഢിത്തവുമായ കുരിശിലാണ് നാം വിജയം ആഘോഷിക്കുന്നത്.

**ഔഷധമരം**

ചരിത്രത്തിന്റെ സമാപനദർശനത്തിൽ, ആ ഹരിതശോഭയാർന്ന മരം ഓരോ മാസവും വ്യത്യസ്തമായ ഓരോ വിശിഷ്ടഫലം പുറപ്പെടുവിക്കുന്ന അദ്ഭുതമരമായിത്തീരുന്നു. അതിന്റെ ഇലകൾ ജനതകൾക്ക് സൗഖ്യം നൽകുന്ന ദിവ്യൗഷധമായി പരിണമിക്കുന്നു (വെളിപാട് 22:2).

മാനംമുട്ടെ വളരുന്ന മരം, മണ്ണിനെയും മാനത്തെയും ഒന്നാക്കുന്നു. സൃഷ്ടിക്ക് നഷ്ടീഭവിച്ച താളവും ലയവും തിരിച്ചു കിട്ടുന്നു. സ്വർഗ്ഗത്തെയും ഭൂമിയേയും ഒന്നാക്കുന്ന മനുഷ്യപുത്രന് തല ചായ്ക്കാൻ മരമല്ലാതെ മറ്റെന്താണുള്ളത്?

മരം സ്വയം പോഷകശേഷിയുള്ളതാണ് (autotroph). അജൈവമെന്ന് കരുതപ്പെടുന്ന മണ്ണ്, വെള്ളം, വായു, സൂര്യൻ എന്നിവയിൽ നിന്ന് നേരിട്ട് മരം / സസ്യം ഭക്ഷണം സ്വീകരിക്കുന്നു. നമുക്കതാവില്ല. ഒരു ജീവിക്കും ആവില്ല. നമുക്കെല്ലാം സസ്യം വേണം. അല്ലെങ്കിൽ സസ്യം തിന്നുന്ന ജീവികളെക്കൊണ്ടു വേണം പോഷണം. ജീവന്റെ വൃക്ഷം സകലത്തേയും സ്വന്തം ശരീരത്തിൽ സ്വാംശീകരിക്കുന്നു; നമ്മുടെ മാലിന്യങ്ങളെയും. സകലത്തിനും വേണ്ടി സ്വന്തം ജീവനെ നൽകുന്നു. കുരിശാകുന്ന മരത്തിൽ മനുഷ്യപുത്രൻ അതാണല്ലോ ചെയ്തത്.

കുരിശുരൂപത്തിലുള്ള മരവും മനുഷ്യപുത്രനും തമ്മിൽ താദാത്മ്യപ്പെടുന്നുണ്ട്. കുരിശിൻചുവട്ടിൽ നിന്ന അമ്മയും ശിഷ്യഗണങ്ങളും ജീവവൃക്ഷത്തിന്റെ ചുവട്ടിലാണ് നിന്നത്. സ്വർഗ്ഗത്തോളം അവരും വളർന്നു. സ്വന്തം രക്ഷകനെ മാറിലേന്തിയ ആ മരംതന്നെ പിന്നെ രക്ഷയുടെ അടയാളമായി പരിണമിച്ചു. ആ അടയാളത്തെ വണങ്ങുന്നവർ രക്ഷകനായ ദൈവപുത്രനെ മനക്കണ്ണുകളാൽ കണ്ടുകൊണ്ടാണ് വണങ്ങുന്നത്. മരക്കുരിശിന്റെ മുദ്രയെ സ്വന്തം ശരീരത്തിൽ മനസ്സാ വരയ്ക്കുന്നവർ, മനുഷ്യപുത്രനെ ആദരപൂർവ്വം അതിഗാഢമായി ആലിംഗനം ചെയ്യുകയാണ്. അവരുടെ മജ്ജയും മാംസവും, ശ്വാസവും പ്രാണനും അവന്റേതാക്കി മാറ്റുകയാണ്.

വിശുദ്ധമായ മരത്തിന്റെ ചുവട്ടിൽ വിശ്രമിക്കൂ. പ്രാണവായുവാകുന്ന ജീവശ്വാസം ഉൾക്കൊള്ളൂ.

മലീമസമായ നമ്മുടെ ഉച്ഛ്വാസവായുവിനെ സ്വീകരിച്ച്, ജീവന്റെ ശ്വാസം നമുക്ക് തിരിയെ നൽകാൻ ഈ മരത്തിനു കഴിയും. മനുഷ്യപുത്രൻ മരത്തിന്മേൽ, സ്വന്തം ശരീരത്തിൽ നാം വമിക്കുന്ന വിഷവാതകങ്ങളെയും വഹിച്ചു. സകല ജീവജാലങ്ങളോടുമൊപ്പം നാമൊരുമിച്ച് ശ്വസിക്കുന്ന അന്തരീക്ഷവായുവിനെ വിമലീകരിക്കുന്ന ഈ മരം ഭൂമിയുടെ ആവാസവ്യവസ്ഥയെ ഉർവരമാക്കി സർവജീവനും മഹാസന്തോഷത്തെ അറിയിക്കുന്നു.

ആദിയിൽ ജീവവൃക്ഷത്തിന്റെ ചുവട്ടിൽ വച്ച് സ്രഷ്ടാവ് നമ്മെ മെനഞ്ഞപ്പോൾ, ആദ്യ മനുഷ്യനായ ആദമെന്ന മൺകൂടാരത്തിലേക്ക് ഊതിക്കയറ്റിയ ജീവന്റെ ശ്വാസമാണത്. ആ കൂടാരത്തിനുള്ളിൽ തെളിഞ്ഞ നാളം

ഒരുനാളും നമ്മിൽ അണയാതിരിക്കട്ടെ.

“മറിയാമെന്ന മരുഭൂമിയിൽ നിന്ന് മുളച്ച് വന്ന്, തന്റെ സവിശേഷ സൗരഭ്യത്താൽ ഭൂമിയുടെ നാലു ദിക്കുകളിൽ നിന്നും തിന്മയുടെ ദുർഗന്ധത്തെ അകറ്റിയ അനുഗൃഹീത സസ്യ”മെന്ന് (St. James Liturgy) വിശേഷിപ്പിക്കപ്പെട്ട ദിവ്യവൃക്ഷത്തിന്റെ സൗരഭ്യം നമ്മുടെ ഹൃദയങ്ങളിൽ കിനിഞ്ഞിറങ്ങട്ടെ.

# ആരാധനാവേഷങ്ങൾ ഓർത്തഡോക്സ് സഭയിൽ

വിശുദ്ധ കുർബാനയ്ക്കുള്ള തൂയാബാ അഥവാ ഒരുക്ക ശുശ്രൂഷയിലെ പ്രധാന ഘടകങ്ങളിലൊന്നാണ് പുരോഹിതൻ തിരുവസ്ത്രങ്ങളണിയുന്ന കർമ്മം. പൗരസ്ത്യവും പാശ്ചാത്യവുമായ പുരാതന സഭകളിലെല്ലാം ഇതിനു കൃത്യമായ ചട്ടങ്ങളും ശൈലികളുമുണ്ട്.

വിശുദ്ധ വസ്ത്രങ്ങൾക്കും അവ അണിയുന്നതിനും സവിശേഷമായ അർത്ഥങ്ങൾ സഭ കൽപിക്കുന്നുണ്ട്. ദൈവശാസ്ത്രപരമായ ഈ അർത്ഥങ്ങൾ വേദപുസ്തക സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിലാണ്. ചില സൂചനകൾ കുറിക്കട്ടെ.

### 1. ആത്മീയ പോരാട്ടത്തിനുള്ള സന്നാഹം

ആത്മീയ ജീവിതത്തെ നിരന്തരമായ പോരാട്ടമായാണ് ക്രിസ്തീയ പാരമ്പര്യം കാണുന്നത്. രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ നിത്യാനുഭവമായിരുന്നതുകൊണ്ടാകാം ഈ പോരാട്ടത്തെ ഒരു യുദ്ധത്തോടു ഉപമിക്കുന്നത്. യുദ്ധത്തിന് ഒരുങ്ങുന്ന പടയാളിയുടെ ആയുധസന്നാഹങ്ങളോടാണ് ആത്മീയ പോരാളിയുടെ ആയുധങ്ങളെ ഉപമിക്കുന്നത്. *"പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽപ്പാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ.... നിങ്ങളുടെ അരെക്കു സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചു സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിനു ചെരുപ്പാക്കിയും എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാന്തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നില്പിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ" (എഫേ. 6:11-17).*

പിശാച് അഥവാ സാത്താൻ ആണ് ഇവിടെ ശത്രു. ആ ശത്രുവിനോടു പൊരുതാൻ പാദം മുതൽ തല വരെ സൈനികവേഷമണിഞ്ഞു നിൽക്കുന്ന ആത്മീയ പടയാളിയായിത്തീരാനാണ് പൗലോസ് അപ്പോസ്തലൻ നമ്മോട് ഉപദേശിക്കുന്നത്.

മുകളിൽ ഉദ്ധരിച്ച വേദഭാഗമാണ് പുരോഹിതൻ അണിയുന്ന ആരാധനാ വേഷങ്ങളിൽ പലതിന്റെയും പുതിയനിയമാടിസ്ഥാനം. ക്രിസ്തീയ സന്യാസപ്രസ്ഥാനത്തിൽ, വിശുദ്ധ അന്തോനിയോസിന്റെ കാലം മുതൽ തന്നെ, പിശാചിനോടുള്ള യുദ്ധം ആത്മീയതയുടെ സവിശേഷ സ്വഭാവമായി നിലനിൽക്കുന്നുണ്ട്. അവിടെ വൈദികർ മാത്രമല്ല, ദൈവരാജ്യത്തിൽ പ്രവേശനം കാംക്ഷിക്കുന്ന എല്ലാ വ്യക്തികളും നടത്തേണ്ട സമരമായിട്ടാണ് അതിനെ കാണുന്നത്. വിശുദ്ധ കുർബാനയനുഷ്ഠിക്കാനൊരുങ്ങുന്ന വൈദികൻ ഈ പൊതുവായ സമരസ്വഭാവത്തെ പ്രതിഫലിപ്പിച്ചുകൊണ്ടാണ്, ഒരു പോരാളിയായി "ഇട്ടുകെട്ടി" നിൽക്കുന്നത്.

ആദിമ ക്രിസ്ത്യാനികൾ സമാധാനവാദികൾ (pacifists) ആയിരുന്നു. യുദ്ധം ചെയ്യുന്നതും ആയുധ സന്നാഹങ്ങൾ നടത്തുന്നതും അവർക്ക് നിഷിദ്ധമായിരുന്നു. കുസ്തന്തീനോസ് ചക്രവർത്തിയുടെ കാലത്തോടുകൂടിയാണ് വിശ്വാസികളായ രാജാക്കന്മാർ നടത്തുന്ന യുദ്ധങ്ങളെ "വിശുദ്ധ യുദ്ധ"ങ്ങളാക്കി സാധൂകരിക്കാൻ റോമാസാമ്രാജ്യത്തിലെ സഭ ശ്രമിക്കുന്നത്. പക്ഷേ അതിനോടകം, യുദ്ധം എന്ന പ്രതിഭാസത്തെ ആത്മീയവൽക്കരിച്ച്, ബാഹ്യമായ ആയുധങ്ങളെ രൂപാന്തരപ്പെടുത്തി, സത്യത്തിന്റെയും നീതിയുടെയും രക്ഷയുടെയും ആത്മീകോപകരണങ്ങളാക്കി, ആത്മീയ യുദ്ധം നടത്താൻ ക്രിസ്തീയ പാരമ്പര്യം ശക്തമായി പഠിപ്പിച്ചു തുടങ്ങിയിരുന്നു. ക്രിസ്തീയ തപോനിഷ്ഠ (asceticism) യാൽ ഈ പോരാട്ടത്തിന്റെ ചിത്രം ഏറെ മിഴിവുറ്റതാവുകയും ചെയ്തു.

## 2. വിശേഷ ധർമ്മത്തിന് വിശേഷ വസ്ത്രം

"യൂണിഫോം" ഒരു ബാഹ്യാടയാളമാണ്. അതണിയുന്നവരുടെ മുഖ്യ ധർമ്മം എന്താണെന്ന് കാണികൾക്ക് പെട്ടെന്ന് വ്യക്തമാകും. പട്ടാളം, പോലീസ്, പട്ടക്കാർ തുടങ്ങിയ പരമ്പരാഗത വിഭാഗങ്ങളിൽ മാത്രമല്ല, സ്കൂളുകൾ, ആശുപത്രികൾ, വ്യവസായസ്ഥാപനങ്ങൾ എന്നിവകളിലെല്ലാം യൂണിഫോം അണിയുന്നവരെ നാം നിത്യവും കാണുന്നു. അവരുടെ സവിശേഷ ധർമ്മമെന്താണെന്ന് അവരെത്തന്നെ ഓർമ്മിപ്പിക്കുന്നതിനും, മറ്റുള്ളവരെ അറിയിക്കുന്നതിനും, മറ്റുള്ളവരിൽ നിന്ന് അവരെ വേർതിരിച്ചു നിർത്തുന്നതിനുമാണ് യൂണിഫോം അണിയുന്നത്. ആരാധനാവേഷത്തിലും ഇത് സാർത്ഥകമാണ്.

കൂദാശ അനുഷ്ഠിക്കാൻ ഒരുങ്ങുന്ന വൈദികൻ 'ദിവ്യരഹസ്യങ്ങളുടെ പരിസേവക'നാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. *"ഞങ്ങളെ ക്രിസ്തുവിന്റെ ശുശ്രൂഷക്കാരും ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാരും എന്നിങ്ങനെ ഒരോരുത്തൻ എണ്ണിക്കൊള്ളട്ടെ" (1 കോരി. 4:1)* എന്നാണ് പൗലോസ്

ശ്ലീഹാ അപ്പോസ്തലന്മാരെയും സുവിശേഷകരെയും വിശേഷിപ്പിക്കുന്നത്. ഇതുതന്നെയാണ് ക്രിസ്തീയ പുരോഹിതന്മാർക്കും നൽകാവുന്ന വിശേഷണം.

ക്രിസ്തുവിന്റെ ശുശ്രൂഷക്കാരാകാൻ യഥാർത്ഥത്തിൽ വേഷമൊന്നും ആവശ്യമില്ല. എല്ലാ "വേഷവും" അഴിച്ചുവച്ച്, ജനങ്ങൾക്കിടയിലേക്ക് 'നഗ്നരായി' ഇറങ്ങുന്നവർക്കേ ക്രിസ്തുവിന്റെ നല്ല ശുശ്രൂഷകരാകാൻ കഴിയൂ. കർത്താവു തന്റെ പുറങ്കുപ്പായം ഊരിയും സേവകന്റെ തൂവാല അരയിൽ കെട്ടിയുമാണല്ലോ ആദ്യ കൂദാശ പൂർത്തീകരിച്ചത്. സവിശേഷമായ വൈദിക വേഷങ്ങൾ ധരിക്കുമ്പോൾ ഈ സത്യം ഒരിക്കലും വിസ്മരിക്കപ്പെടരുത്.

എന്നാൽ ക്രിസ്തീയാരാധന അനുഷ്ഠാന പ്രധാനമായി പരിണമിച്ചപ്പോൾ, വൈദികവേഷത്തിന് മറ്റൊരർത്ഥം ലഭിച്ചു. വിശുദ്ധതയുടെ വിശുദ്ധസ്ഥലത്ത് നിന്ന്, ദിവ്യരഹസ്യങ്ങളിലേക്ക് പ്രവേശിക്കുന്ന വൈദികൻ തന്റെ വിശേഷവസ്ത്രം മൂലം മറ്റുള്ളവരിൽ നിന്ന് വേർതിരിക്കപ്പെടുന്നു. സവിശേഷമായ ഒരു ധർമ്മത്തിനായി അദ്ദേഹം സമർപ്പിക്കപ്പെടുന്നു. പൂർണ്ണമായ ജാഗ്രതയോടും ശ്രദ്ധയോടും ആന്തരികവും ബാഹ്യവുമായ വിശുദ്ധിയോടും കൂടി ജനങ്ങൾക്കുവേണ്ടി ദൈവസന്നിധിയിലേക്ക് പുരോഹിതൻ പ്രവേശിക്കുന്നു. യഹൂദ പാരമ്പര്യത്തിൽ യറുശലേം ദേവാലയത്തിലെ മഹാപുരോഹിതന്റെ മാതൃക ഇവിടെ സ്മരണീയമാണ്. അനുഷ്ഠാനപ്രധാനമായ മതങ്ങളിലെ പുരോഹിത ചിത്രവും ഇവിടെ പ്രതിഫലിക്കുന്നു.

വിശേഷവസ്ത്രം വൈദികനെ വിശേഷ വ്യക്തിയാക്കുന്നു. ഇതൊരു രൂപാന്തരമാണ്. അനുഷ്ഠാന പ്രധാനമാണെങ്കിലും ബാഹ്യവേഷത്തിന്റെ മാറ്റം കൊണ്ട് ആന്തരികമാറ്റത്തെ ധ്വനിപ്പിക്കുന്ന ഈ രൂപാന്തരം ഒട്ടും അപ്രധാനമല്ല. വസ്ത്രത്തിന്റെ ഈ പ്രതീകാത്മശേഷിയെക്കുറിച്ച് മുൻപ് സൂചിപ്പിച്ചിട്ടുണ്ട്. പുതിയ വസ്ത്രം അത് ധരിക്കുന്നവനെ പുതിയ മനുഷ്യനാക്കുന്നു. വിശേഷ വസ്ത്രധാരണത്തിലൂടെ ആത്മിക രൂപാന്തരം സംഭവിച്ച്, വിശുദ്ധിയുടെ പടവുകൾ കയറുന്ന വൈദികനെയാണ് കൂദാശവേളയിൽ നാം കാണുന്നത്. പാശ്ചാത്യസഭയിൽ പ്രത്യേകിച്ച് നവീകരണ പാരമ്പര്യത്തിൽ, മിക്കവാറും നഷ്ടപ്പെട്ടുപോയ ഈ വിശേഷ വേഷസങ്കൽപ്പം പൗരസ്ത്യ ഓർത്തഡോക്സ് ആരാധനയിൽ ഇന്നും നിലനിർത്തിയിട്ടുണ്ട്.

### 3. തേജസ്സിനും സൗന്ദര്യത്തിനുമായി വിശുദ്ധ വസ്ത്രം

ഓർത്തഡോക്സ് ആരാധനയിൽ വർണ്ണോജ്വലമായ വേഷവിധാനങ്ങ

ളാണ് വൈദികഗണങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്നത്. ചരിത്രപരമായി നോക്കുമ്പോൾ, സഭയുടെ രാജകീയ ബന്ധങ്ങൾ ആരംഭിച്ചതിനുശേഷ മാണ് ഇതു പലതും ആരാധനയിൽ കടന്നുവന്നത്. എന്നാൽ വിശുദ്ധ വസ്ത്രങ്ങൾ മഹത്വവും അലങ്കാരവും വെളിപ്പെടുത്തുന്നവയാകണം എന്ന തത്വത്തിന് പഴയനിയമ വേദാടിസ്ഥാനമുണ്ട്. അഹറോനെയും പുത്രന്മാ രെയും പുരോഹിത ശുശ്രൂഷയ്ക്കായ് വേർതിരിച്ച ദൈവം, അവർക്കു വേണ്ടി സവിശേഷ വസ്ത്രങ്ങൾ തയ്യാറാക്കാൻ മോശയോടു കൽപ്പിച്ചു. *"നിന്റെ സഹോദരനായ അഹറോനുവേണ്ടി മഹത്വത്തിനും അലങ്കാരത്തി നുമായി വിശുദ്ധ വസ്ത്രം ഉണ്ടാക്കണം. അഹറോൻ എനിക്ക് പുരോ ഹിത ശുശ്രൂഷ ചെയ്യാൻ തക്കവണ്ണം അവനെ ശുദ്ധീകരിക്കേണ്ടതിനു അവനു വസ്ത്രം ഉണ്ടാക്കണമെന്ന് ഞാൻ ജ്ഞാനാത്മാവുകൊണ്ട് നിറെ ച്ചിരിക്കുന്ന സകല ജ്ഞാനികളോടും നീ പറയേണം" (പുറപ്പാട് 28:2-3).*

### രണ്ട് നിലപാടുകൾ

ഇവിടെ പുരോഹിതവസ്ത്രം ദൈവമഹത്വത്തിന്റെയും സൗന്ദര്യത്തി ന്റെയും പ്രസ്ഫുരണമായിത്തീരുന്നു. നിറക്കൂട്ടുകളിലൂടെ നമുക്കു അനു ഭവപ്പെടുന്ന സൗന്ദര്യം നമ്മുടെ ഇന്ദ്രിയങ്ങളിലൂടെയാണ് സംവേദനം ചെയ്യ പ്പെടുന്നത്. പക്ഷേ, ഇതേക്കുറിച്ച് രണ്ടഭിപ്രായങ്ങൾ ക്രിസ്തീയ സഭയിൽ എന്നും നിലനിൽക്കുന്നു. വെള്ളവസ്ത്രത്തിന്റെ ലളിതമായ വിശുദ്ധി മാത്രമേ സഭയിൽ പാടുള്ളു എന്നു ചിന്തിക്കുന്ന ഒരു കൂട്ടരും മനോഹര മായ വർണ്ണങ്ങളുടെയും സ്വരങ്ങളുടെയും ഇന്ദ്രിയാനുഭൂതിയിലൂടെ വിശു ദ്ധിയുടെ അനുഭവം പങ്കിടാമെന്ന് ചിന്തിക്കുന്ന മറ്റൊരു കൂട്ടരുമുണ്ട്. ആദ്യത്തെ കൂട്ടരുടെ അഭിപ്രായത്തിൽ വിശുദ്ധി എന്നത് അമൂർത്തവും മനുഷ്യരുടെ ഇന്ദ്രിയങ്ങൾക്കും വികാരങ്ങൾക്കും വിധേയമല്ലാത്തതുമായ ഒന്നാണ്. ഇന്ദ്രിയങ്ങൾ അവയുടെ ലൗകിക വിഷയങ്ങളിലേക്കുള്ള സ്വാഭാ വികമായ ചായ്വ് മൂലം ദൈവ വിശുദ്ധിയെ കളങ്കപ്പെടുത്തും. കണ്ണിനെ ആകർഷിക്കുന്ന നിറങ്ങളും ചെവികളെ ത്രസിപ്പിക്കുന്ന ശബ്ദവുമൊക്കെ നമ്മെ തിന്മയിലേക്ക് നയിക്കുവാൻ സാദ്ധ്യതയുള്ളതുകൊണ്ട് ദൈവ മഹത്വത്തെ വർണ്ണോജ്ജ്വലമാക്കാൻ ശ്രമിച്ചാൽ, നാം അബദ്ധങ്ങളിൽ ചാടും എന്ന് ഇക്കൂട്ടർ ചിന്തിക്കുന്നു. അതുകൊണ്ട് അതീന്ദ്രിയമായ വിശുദ്ധിയി ലാണ് നാം ശ്രദ്ധിക്കേണ്ടത് എന്ന് അവർ പറയും.

മറ്റെ കൂട്ടരുടെ നിലപാടനുസരിച്ച്, മനുഷ്യന്റെ ഇന്ദ്രിയങ്ങളിലൂടെയാണ് മനുഷ്യർ അറിവിന്റെ ആദ്യപാഠങ്ങൾ പഠിക്കുന്നത്. അതുകൊണ്ട് അതീ ന്ദ്രിയമായ അനുഭവം എന്നു നാം പറയുന്നതെല്ലാം, നാം ആദ്യമറിയു ന്നത് നമ്മുടെ കണ്ണും, കാതും, മൂക്കും, രസനയും, ത്വക്കുമെല്ലാം അട ങ്ങിയ ഇന്ദ്രിയ മാദ്ധ്യമങ്ങളിലൂടെയാണ്. നിറങ്ങളുടെ സൗന്ദര്യം നമ്മുടെ

കണ്ണുകളെ ആകർഷിക്കുകയും മാഞ്ഞുപോകുന്ന ലൗകികസൗന്ദര്യങ്ങളിൽ നമ്മെ ഉടക്കി നിർത്തുവാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, നമ്മെ അതീന്ദ്രിയാനുഭവത്തിലേക്ക് ഉയർത്തുവാനും അതിനു കഴിയും. അതുകൊണ്ട് ദൈവതേജസ്സും സൗന്ദര്യവും, വളരെ നേരിയ അളവിലാണെങ്കിലും പ്രതിഫലിപ്പിക്കുവാൻ നമ്മുടെ വർണ്ണങ്ങൾക്കും സ്വരങ്ങൾക്കും കഴിയും. അപ്പോൾ, അവയെ പ്രകടിപ്പിക്കുന്ന കലാരൂപങ്ങളും വേഷവിധാനങ്ങളും ആത്യന്തികമായി ആത്മീയമാനം ഉൾക്കൊള്ളുന്നുണ്ട്. ദൈവാത്മാവാണ് കലാകാരന്മാരായ ബസലേലിനും ഒഹോലിയാബിനും സമാഗമന കൂടാരത്തിന്റെ എല്ലാ അലങ്കാരപ്പണികളും കലാപരമായി നിർവ്വഹിക്കാനുള്ള ജ്ഞാനവും വൈദഗ്ധ്യവും കൊടുത്തത് (പുറപ്പാട് 31:1–11). അഹറോന്റെ പുരോഹിത വസ്ത്രങ്ങൾ മനോഹരമായി ഡിസൈൻ ചെയ്യാനും അവരെത്തന്നെയാണ് ചുമതലപ്പെടുത്തിയത്. തേജസ്സും സൗന്ദര്യവും വിശുദ്ധിയും ഒന്നിച്ചു പോകുന്നവയാണെന്ന് ഇക്കൂട്ടർ ചിന്തിക്കുന്നു.

ഈ രണ്ട് നിലപാടുകളും പരസ്പരവിരുദ്ധമാണെന്ന് ചിന്തിക്കുന്നവരുണ്ട്. എന്നാൽ ഇപ്പോൾ നിലവിലുള്ള ക്രിസ്തീയ ആരാധനാവേഷങ്ങളിൽ ഈ രണ്ടു നിലപാടുകളും സംയോജിപ്പിച്ചിരിക്കുന്നു എന്നു പറയാം. വെള്ള നിറത്തിലുള്ള ശുശ്രൂഷക്കുപ്പായവും അതിനു പുറത്തണിയുന്ന നിറമുള്ള വേഷങ്ങളും ഒരുമിച്ച് പ്രതീകാത്മകമായി ഐന്ദ്രികവും അതീന്ദ്രിയവുമായ നമ്മുടെ ദൈവികാനുഭവത്തെ സൂചിപ്പിക്കുന്നു.

ഇന്ദ്രിയജ്ഞാനവും വികാരങ്ങളും സൗന്ദര്യാനുഭൂതിയും കലകളും സാഹിത്യവും നമ്മെ ആത്മീയ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിപ്പിക്കാനുള്ള അപകടസാദ്ധ്യത ഒരു വശത്തുണ്ടെങ്കിലും മറുവശത്ത് പരിശുദ്ധാത്മാവിന്റെ പ്രചോദനവും മാർഗ്ഗനിർദ്ദേശവും മൂലം അവയെ ആത്മസാക്ഷാൽക്കാരത്തിന്റെ മാദ്ധ്യമങ്ങളായി രൂപാന്തരപ്പെടുത്തുകയാണ് സൃഷ്ടിയുടെ ഭാഗധേയം. ദ്രവ്യ വസ്തുവിൽ നിന്നും മനുഷ്യസ്വഭാവത്തിൽ നിന്നും വേർപെട്ട ഒന്നല്ല മനുഷ്യാവതാരത്തിന്റെ ആദ്ധ്യാത്മികത. നമ്മുടെ ശരീരത്തെയും മനസ്സിനെയും പ്രപഞ്ചത്തെയും അവയുടെ സ്വഭാവ വിശേഷങ്ങളെയും മാദ്ധ്യമമായി സ്വീകരിക്കുകയും, അവയെ രൂപാന്തരപ്പെടുത്തി, ദൈവ മഹത്വത്തിലും അനശ്വരമായ സൗന്ദര്യത്തിലും വിശുദ്ധിയിലും പങ്കാളികളാക്കുകയും ചെയ്യുന്ന മനുഷ്യാവതാരത്തിന്റെ ആദ്ധ്യാത്മികതയാണ് ക്രിസ്തീയ സഭ പഠിപ്പിക്കുന്നത്. ആരാധനാ വേഷങ്ങളെക്കുറിച്ചുള്ള മനനം ഇങ്ങനെയുള്ള ചിന്തകളിലേക്ക് നമ്മെ നയിക്കുന്നു.

# മലങ്കരസഭയിൽ ആത്മീയ നവോത്ഥാനം

കഴിഞ്ഞ നാനൂറ് വർഷങ്ങളായി മലങ്കരസഭ സ്വയംരക്ഷയ്ക്കുവേണ്ടി സമരം ചെയ്തുകൊണ്ടിരിക്കയാണ്. പോർട്ടുഗീസുകാരും ഇംഗ്ലീഷുകാരും സുറിയാനിക്കാരും ഓരോ വിധത്തിൽ ഈ സഭയെ കീഴ്പെടുത്തുവാനും നശിപ്പിക്കാനും ശ്രമിച്ചു. ഈ വിദേശശക്തികളുടെ സ്തുതിപാഠകന്മാരായി ഒരു കൂട്ടമാളുകൾ സഭയിൽ എന്നുമുണ്ടായിരുന്നതുകൊണ്ട്, സഭയ്ക്ക് ഒരേസമയം പുറത്തുനിന്നും അകത്തുനിന്നുമുള്ള ആക്രമണങ്ങളെ നേരിടേണ്ടി വന്നു. കഴിഞ്ഞ ഇരുനൂറ് വർഷങ്ങളായി മലങ്കരസഭയ്ക്ക് സിവിൽ കോടതികളുടെ വരാന്തകളിൽ നിന്ന് ഇറങ്ങുന്നതിന് അധികം അവസരങ്ങൾ ലഭിച്ചിട്ടില്ല. കാരണം സഭയുടെ സ്വാതന്ത്ര്യത്തെയോ അവകാശങ്ങളേയോ ചോദ്യം ചെയ്യുന്ന ഏതെങ്കിലുമൊരു പ്രശ്നം എപ്പോഴും ഉണ്ടായിക്കൊണ്ടിരുന്നു. ചുരുക്കത്തിൽ, കഴിഞ്ഞ നാലു നൂറ്റാണ്ടുകളായി സഭയുടെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത് സ്വയം രക്ഷയ്ക്കു വേണ്ടിയുള്ള പ്രതിരോധ പ്രവർത്തനത്തിലാണ്. ഇത്ര ദീർഘകാലത്തെ പ്രതിരോധശ്രമങ്ങൾ ഈ സഭയുടെ മാനസിക ഘടനയെയും ജീവിതശൈലിയേയും ഒരു പ്രത്യേക രീതിയിൽ സ്വാധീനിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ, സഭയുടെ ആന്തരിക ജീവനെ അപകടത്തിലാക്കിക്കൊണ്ടിരിക്കുന്ന ഒരു സ്വാധീനമാണിത്. ഒരു വലിയ ആത്മീയ പ്രതിസന്ധിയിലേയ്ക്ക് നാം നീങ്ങിക്കൊണ്ടിരിക്കയാണ്.

### “ഇച്ഛിക്കാത്ത തിന്മ”

ഇതു പറയുമ്പോൾ പലരും ചോദിച്ചേക്കാം, ‘നാമാഗ്രഹിച്ചിട്ടല്ലല്ലോ ഇത്തരം പ്രശ്നങ്ങളിലേക്കു നാം വലിച്ചിഴയ്ക്കപ്പെടുന്നത്’ എന്ന്. തീർച്ചയായും ശരിയാണ്. നാമാഗ്രഹിക്കാതെ തന്നെ ചിലരുടെ അധികാരമോഹം കൊണ്ടും സ്വാർത്ഥത കൊണ്ടും തിന്മയുടെ മറ്റു ശക്തികളുടെ പ്രവർത്തനം കൊണ്ടും നമ്മുടെ സഭ വീണ്ടും വീണ്ടും പ്രശ്നങ്ങളുടെ അഴിയാക്കുരുക്കുകളിൽ വീഴുന്നു. പക്ഷേ, ആരു മൂലം സഭ നിരന്തരമായി കേസ്സുകളിലും വഴക്കുകളിലും വീഴുന്നു എന്നതല്ല തൽക്കാലം നമ്മുടെ ചിന്താവിഷയം. ആരു മൂലം പ്രശ്നങ്ങൾ ഉണ്ടായാലും അതിന്റെ ദുരന്ത ഫലം അനുഭവിക്കുന്നത് മലങ്കരസഭയാണ്. ഈ കയ്പുള്ള അനുഭവങ്ങൾ

സഭയിൽ നിഷേധാത്മകമായ മാനസികഭാവം വളർത്തുന്നു. സഭയെ നാശത്തിന്റെ വക്കിലേക്ക് സാവധാനം തള്ളിവിടുന്നു. നാം അഭിമുഖീകരിക്കുന്ന ആത്മീയ പ്രതിസന്ധിയെക്കുറിച്ച് നാമിപ്പോൾ ബോധവാന്മാരായില്ലെങ്കിൽ പിന്നീട് ദുഃഖിക്കുന്നതിൽ പ്രയോജനമില്ലാതെ വരും. തിന്മയുടെ ശക്തികൾ നമ്മെ നാശത്തിന്റെ പാതയിലേക്ക് തള്ളിവിടുമ്പോൾ എങ്ങനെ അവയുടെ ബന്ധനത്തെ പൊട്ടിച്ചെറിഞ്ഞ് ജീവന്റെയും വളർച്ചയുടെയും മാർഗ്ഗത്തിലേക്ക് തിരിയാമെന്ന് സഭ മുഴുവനും ജാഗ്രതയോടുകൂടി ചിന്തിക്കേണ്ട അവസരമാണിത്.

## കലഹത്തിന്റെ ഉറച്ച പാരമ്പര്യം

ക്രിസ്തീയസഭ എന്താണെന്നും അതിന്റെ ദൗത്യം എന്താണെന്നും ഗൗരവപൂർവ്വം ചിന്തിക്കുന്നതിനും അതനുസരിച്ച് ജനങ്ങളെ നയിക്കുന്നതിനും കാര്യമായ ശ്രമങ്ങളൊന്നും നാം നടത്തിയിട്ടില്ല എന്ന് ഖേദപൂർവ്വം സമ്മതിക്കേണ്ടിയിരിക്കുന്നു. പഴയകാലങ്ങളിൽ ഇൻഡ്യയിലെ അനേക ജാതികളിൽ ഒരു ജാതിയെപ്പോലെ നാം കഴിഞ്ഞുകൂടി. ജാതീയമായ വേലിക്കെട്ടുകൾക്കുപരിയായ ഒന്നാണ് ക്രൈസ്തവസമൂഹമെന്ന് മനസ്സിലാക്കാനോ പ്രഖ്യാപിക്കാനോ നാം മുതിർന്നതായി ചരിത്രം കാണിക്കുന്നില്ല. ആധുനികകാലത്ത് വിദേശ ശക്തികൾക്കെതിരെ നമ്മുടെ കൊച്ചുസമൂഹത്തെ സംരക്ഷിക്കുന്നതിനായി നമ്മുടെ സർവ്വശക്തിയും നാം പ്രയോഗിച്ചു. ഇപ്പോഴും പ്രയോഗിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെയെല്ലാം ആകെത്തുകയായി, നിഷേധാത്മകമായ ഒരു അന്തർമുഖത്വം നമ്മുടെ സമൂഹത്തിന് കൈവന്നു. ക്രിസ്തീയസഭ ക്രിസ്തുവിന്റെ മരണത്താലും ഉയിർപ്പിനാലും വിളിച്ചുകൂട്ടപ്പെട്ട ഒരു സമൂഹമാണെന്നും ഈ സമൂഹത്തിന്റെ ഏക ആധാരം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവാണെന്നും, ഈ സമൂഹത്തിന് ലോകത്തോട് ചില ഉത്തരവാദിത്വങ്ങളുണ്ടെന്നും ഉറക്കെച്ചിന്തിക്കാൻ നാം അധികം ശ്രമിച്ചതായി തോന്നുന്നില്ല. കാലാകാലങ്ങളിൽ സഭയ്ക്ക് നേതൃത്വം കൊടുത്ത വിശുദ്ധന്മാരും ദർശനമുള്ളവരുമായ പിതാക്കന്മാരെയും മറ്റു വ്യക്തികളെയും ഇവിടെ വിസ്മരിക്കുന്നില്ല. പക്ഷേ, ഒരു സമൂഹമെന്ന നിലയിൽ കൂട്ടായി നമ്മുടെ ദൗത്യത്തെക്കുറിച്ച് ചിന്തിക്കാനും അതനുസരിച്ച് നീങ്ങാനും നമുക്ക് കഴിഞ്ഞിട്ടില്ല എന്നതാണ് പ്രശ്നം.

“As man thinketh so is he” എന്ന് ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. നാം നിരന്തരം എന്തിനെക്കുറിച്ചാണോ ചിന്തിക്കുന്നത് അത് നമ്മുടെ സ്വഭാവത്തിന്റെ ഭാഗമായിത്തീരുന്നു. കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളായി നമ്മുടെ സഭാനിഘണ്ടുവിൽ പ്രത്യക്ഷപ്പെട്ട വാക്കുകളിലധികവും കോടതിയോടും വ്യവഹാരത്തോടും നിയമത്തോടും ബന്ധപ്പെട്ടവയാണ്. ഇത് സഭയുടെ പൊതുവായ മനോഭാവത്തെ മാത്രമല്ല, ഓരോ ഇടവകയുടെയും ജീവിത

ശൈലിയെയും സാരമായി ബാധിച്ചിട്ടുണ്ട്. വഴക്കിന്റെയും വ്യവഹാരത്തിന്റെയും പാരമ്പര്യം നാം സൃഷ്ടിച്ചിരിക്കുന്നതുകൊണ്ടു നമ്മുടെ ഇടവകകളിലും മനുഷ്യരുടെ പ്രധാന ശ്രദ്ധയും താല്പര്യവും ആ വഴിക്കാണ്. ക്രിസ്തീയ സമൂഹത്തിന്റെ സ്വഭാവത്തെക്കുറിച്ചും വിളിയെക്കുറിച്ചും പറഞ്ഞാൽ അത് ഗൗരവമായിട്ടെടുക്കാനോ മനസ്സിലാക്കാനോ കഴിയാത്ത വിധം നമ്മുടെ പല ഇടവക ഭരണക്കാരുടെയും പ്രമാണിമാരുടെയും മാനസികഘടന മാറിപ്പോയിരിക്കുന്നു. ലോകത്തിൽ ജീവിക്കുന്ന നമുക്ക് വ്യവഹാരങ്ങളും കോടതികളും ആവശ്യമായി വരാം (ജനുവരി മാസത്തിൽ കോട്ടയത്തു നടന്ന സി. എസ്സ്. ഐ. സിനഡ് 90 സിവിൽ കേസുകളെ നേരിട്ട ഒരു മലയാളി ബിഷപ്പിന് ആദരാഞ്ജലികൾ അർപ്പിച്ച വിവരം പലരും വായിച്ചു കാണും). പക്ഷേ, അതോടൊപ്പം നമ്മുടെ ക്രിസ്തീയ വിളിയും ദൗത്യവും എങ്ങനെ മറക്കാതിരിക്കാം എന്നതാണു പ്രശ്നം.

### പരിശുദ്ധാത്മാവ് എന്ന വക്കീൽ

മലങ്കരസഭയ്ക്ക് വക്കീലന്മാരുടെ സേവനം എന്നും ആവശ്യമായിരുന്നു. എല്ലാ പ്രധാന പ്രശ്നങ്ങളിലും അവരുമായി സഭാനേതൃത്വം ആലോചിക്കാറുണ്ട്. പക്ഷേ, അതോടൊപ്പം മറ്റൊരു പ്രധാന വക്കീലുമായി ആലോചിക്കാൻ സഭ മറന്നിട്ടുണ്ടോ എന്ന് ആത്മപരിശോധന ചെയ്യുന്നതു നല്ലതാണ്.

പരിശുദ്ധാത്മാവാണ് സഭയുടെ പ്രധാന അഡ്വക്കേറ്റ് (ഉപദേഷ്ടാവ്) എന്ന് കർത്താവ് പറയുന്നു (യോഹ. 14:16, 17). ഈ പ്രധാന ഉപദേഷ്ടാവിനെ ലോകം അറിയുകയോ സ്വീകരിക്കയോ ചെയ്യുന്നില്ല. സഭയിൽ ആത്മാവ് വസിക്കുന്നു. സഭ ആത്മാവിനെ സ്വീകരിക്കുന്നു. ഇതാണ് ലോകത്തിൽ നിന്നും വ്യത്യസ്തമായി സഭയ്ക്കുള്ള പ്രത്യേക സ്വഭാവം. ആത്മാവ് നമ്മെ സത്യത്തിലേക്ക് നടത്തുകയും നമുക്കുവേണ്ടി വാദിക്കുകയും ചെയ്യുന്നു (റോമർ. 8:26). പരിശുദ്ധാത്മാവിന്റെ ശക്തിയിൽ നാം ആത്മാർത്ഥമായി വിശ്വസിക്കുന്നുണ്ടോ? ആത്മാവ് നമ്മെ നടത്തട്ടെ എന്ന സമർപ്പണബോധം സഭയെന്ന നിലയിൽ നമുക്കുണ്ടാകുന്നുണ്ടോ? അതോ നമ്മുടെ വക്കീലന്മാരുടെയും നേതാക്കന്മാരുടെയും നിയമപാണ്ഡിത്യത്തിലും സൂക്ഷ്മബുദ്ധിയിലും മാത്രമാണോ നമ്മുടെ സഭ വിശ്വാസമർപ്പിച്ചിരിക്കുന്നത്? ഇത് ഗൗരവാവഹമായ ഒരു ചോദ്യമാണ്. നാമൊരു ക്രിസ്തീയ സഭയാണെന്ന് അഭിമാനിക്കുന്നുണ്ടെങ്കിൽ ഇതിന് വ്യക്തമായ ഉത്തരം കൊടുത്തേ മതിയാവൂ.

### ജീവന്റെ തിളക്കം

സത്യം, നീതി തുടങ്ങിയവയ്ക്കുവേണ്ടി നാം വാദിക്കുകയും അവ

കൈവരിക്കാൻ ശ്രമിക്കയും ചെയ്യുന്നുണ്ട്. പക്ഷേ, അവയൊന്നും വെയിലത്തുണക്കി അറയിൽ സൂക്ഷിക്കാവുന്ന സാധനങ്ങളല്ല എന്നു കൂടി നാമോർക്കേണ്ടതാണ്. ക്രിസ്തുവിന്റെ ജീവനിൽ ജീവിക്കുന്ന സമൂഹത്തിൽ നിന്ന് നിരന്തരം ഉരുത്തിരിഞ്ഞ് ബഹിർസ്ഫുരിക്കുന്ന ഗുണങ്ങളാണവ. ആത്മീയചൈതന്യമില്ലാത്ത സഭയ്ക്ക് സത്യത്തിനും നീതിയ്ക്കും വേണ്ടി ധൈര്യപൂർവ്വം ന്യായവാദം ചെയ്യാൻ കഴിയുകയില്ല. കാരണം അസാധാരണമായ ധാർമ്മിക ധീരതയും ആത്മിക വിവേചനവും അതിനാവശ്യമാണ്. സത്യത്തിനു വേണ്ടി സുധീരം നിലകൊള്ളുന്നതിനാവശ്യമായ ആത്മീയ ജീവൻ നാം സംഭരിച്ചിട്ടുണ്ടോ എന്ന് സഭയെന്ന നിലയിൽ നാം ആത്മപരിശോധന നടത്തുന്നതു കൊള്ളാം. 91-ാം വയസ്സിലേക്ക് പ്രവേശിച്ച അഭിവന്ദ്യനായ പാറേട്ട് മാർ ഈവാനിയോസ് തിരുമേനിക്ക് ആശംസകളർപ്പിക്കാൻ ചെന്ന ചിലരോട് അദ്ദേഹം പറഞ്ഞു: “നമ്മുടെ സഭയുടെ ഇന്നത്തെ ഏറ്റവും വലിയ കുറവ് സഭയിൽ ജീവനില്ല എന്നുള്ളതാണ്.” സഭയിലെ വന്ദ്യവയോധികനായ ഒരു മെത്രാപ്പോലീത്തായുടെ സുദീർഘമായ അനുഭവത്തിന്റെ വെളിച്ചത്തിലുയർന്ന വാക്കുകളാണിവ. നാമിത് ഗൗരവപൂർവ്വം പരിഗണിക്കുമോ?

താഴെപ്പറയുന്ന നിർദ്ദേശങ്ങൾ വായനക്കാരുടെ ചിന്തയ്ക്കും അഭിപ്രായങ്ങൾക്കുമായി സമർപ്പിക്കുന്നു.

1) അടുത്തുവരുന്ന വലിയനോമ്പ് ദിവസങ്ങളിൽ സഭയിൽ ഒരു ആത്മിക നവോത്ഥാനത്തിന്റെ ആരംഭം കുറിക്കുവാൻ നാം ഒത്തൊരുമിച്ച് ഗൗരവമായി ശ്രമിക്കണം. ഇതിനുള്ള പ്രായോഗിക സംവിധാനങ്ങൾ സഭാതലത്തിലും ഭദ്രാസനതലത്തിലും ഇടവകതലത്തിലും ഉണ്ടാകേണ്ടിയിരിക്കുന്നു.

2) നാം പിൻതുടർന്നിരുന്ന ദുഷിച്ച പാരമ്പര്യങ്ങൾക്കും പ്രവണതകൾക്കും എതിരായി ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിലേക്കും പരിശുദ്ധാത്മാവിന്റെ അദ്ഭുതകരമായ ശക്തിയിലേക്കും നാമൊരു സമൂഹമായി തിരിയും എന്ന് ഈ ദിവസങ്ങളിൽ നാം ദൃഢപ്രതിജ്ഞയെടുക്കണം.

3) ഓരോ ഇടവകയിലും നോമ്പിന്റെ എല്ലാ ദിവസങ്ങളിലും വൈകിട്ട് ഓരോ കൂട്ടമാളുകൾ മാറിമാറി വന്ന് സഭയ്ക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനും ധ്യാനിക്കുന്നതിനും ആവശ്യമായ സജ്ജീകരണങ്ങൾ ഉണ്ടാകണം.

4) ഈ ദിവസങ്ങളിൽ ലോകമെങ്ങുമുള്ള ക്രിസ്തീയസഭകളുടെ ഐക്യത്തിനു വേണ്ടിയും, നമ്മെ എതിർക്കുകയും വിദ്വേഷിക്കുകയും ചെയ്യുന്നവർക്കുവേണ്ടിയും, മലങ്കരസഭയുടെ സമാധാനത്തിനുവേണ്ടിയും പ്രത്യേകം പ്രാർത്ഥനകൾ നടത്തണം. അസാധ്യമെന്ന് വിവേകമുള്ളവർ വിധിക്കുന്ന കാര്യങ്ങൾ സാദ്ധ്യമാക്കിത്തീർക്കാൻ ദൈവത്തിന്റെ പരിശു

ദ്ധാത്മാവിന് കഴിയും.

5) ഒരു സമൂഹമെന്ന നിലയിൽ നാം തെറ്റുകൾ ചെയ്തിട്ടുണ്ടോ എന്ന് ആത്മപരിശോധന നടത്തുകയും ഉണ്ടെങ്കിൽ ആത്മാർത്ഥമായി പശ്ചാത്തപിക്കയും ആ തെറ്റുകളെ തിരുത്താൻ ശ്രമിക്കയും വേണം. തിന്മയുടെ ശക്തികൾ നമ്മുടെ സഭയിൽ നിന്ന് വിട്ടുമാറാതെ നിൽക്കുന്നതിന് നമ്മുടെ വീഴ്ചകളും പാപങ്ങളും കാരണമാണ്.

6) എല്ലാ വ്യവഹാരങ്ങളിലും ജയിച്ച ശേഷം നാം തിരിഞ്ഞുനോക്കുമ്പോൾ സഭയിൽ ഒരു ആത്മിക മരുഭൂമി കാണാൻ സാദ്ധ്യതയുണ്ട്. അതു സംഭവിക്കാതിരിക്കാൻ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ കൂടുതലായി ഊന്നുവാൻ നമ്മുടെ ജനങ്ങളെ പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു. കേസുകളും പ്രതിരോധശ്രമങ്ങളും നടത്താൻ നാം നിർബന്ധിതരാണെങ്കിലും അതോടൊപ്പം സഭയുടെ യാഥാർത്ഥ്യം അവയ്ക്കുപരിയാണെന്നും ദൈവത്തിൽ മാത്രമാണ് നമ്മുടെ ആത്യന്തികമായ ആശ്രയമെന്നും വ്യക്തമായി നാം മനസ്സിലാക്കണം. പരിപൂർണ്ണമായ ദൈവാശ്രയത്തിന്റെയും നന്മയുടെയും കൈത്താങ്ങൽ കൂടാതെ തിന്മയ്ക്കും അസത്യത്തിനുമെതിരെ ശരിയായി യുദ്ധം ചെയ്യാൻ നമുക്കു സാധിക്കയില്ല. സഭയുടെ ആത്മിക ചൈതന്യത്തിന്റെ ശക്തിയേറിയ പ്രവാഹത്തിനു മാത്രമെ അനീതിയെയും അസത്യത്തെയും കടപുഴക്കിയെറിയാനാവൂ.

7) പരിശുദ്ധ സുന്നഹദോസ് ഇനിയും സമ്മേളിച്ച് സഭയുടെ ആത്മിക ജീവിതത്തെക്കുറിച്ച് പരിചിന്തനം ചെയ്യുമ്പോൾ മേല്പറഞ്ഞ കാര്യങ്ങൾ കൂടി പ. സുന്നഹദോസിന്റെ പ്രത്യേക ശ്രദ്ധയിൽ വരുത്തുന്നതിനായി ഇക്കാര്യങ്ങളെക്കുറിച്ച് വ്യക്തികളും ആദ്ധ്യാത്മിക സംഘടനകളും ചിന്തിച്ച് പ്രായോഗികമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അവരവരുടെ ഇടവക മെത്രാപ്പോലീത്താമാരെ നേരിട്ടോ എഴുത്തു മൂലമോ അറിയിക്കുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു.

നൂറ്റാണ്ടുകളായി യുദ്ധത്തിൽ മുഴുകാൻ നിർബന്ധിതമായതുമൂലം നമ്മുടെ സഭയുടെ ശരീരത്തിനു ക്ഷതമേറ്റിരിക്കുന്നു. അത് വികൃതമായിരിക്കുന്നു. സഭയുടെ മനസ്സിന് സാരമായ ആഘാതങ്ങളേറ്റിരിക്കുന്നു. അവിടെയും വൈരൂപ്യം പ്രവേശിച്ചു കഴിഞ്ഞു. സഭ അവളുടെ മണവാളനെ തിരിച്ചറിയാത്ത അവസ്ഥയിൽ വീഴുന്നതിനു മുമ്പ് നാം പ്രതിവിധി ചെയ്തേ തീരൂ. വർഷങ്ങളോളം നീണ്ടുനിൽക്കുന്ന തീവ്രവും കഠിനവുമായ ചികിത്സയ്ക്കായി നാം ഒരുങ്ങണം. മലങ്കരസഭയ്ക്ക് ഇവിടെ ഉന്നതമായ ഒരു വിളിയും ദൗത്യവുമുണ്ട്. ഈ സഭ നശിക്കാതെ ഇവിടെ ജീവിക്കുക തന്നെ വേണം. സഭയിൽ ആത്മാവിന്റെ തുടിപ്പുകളുയരുന്നതിനായി പ്രവർത്തിക്കുന്നതിനും കാത്തിരിക്കുന്നതിനും നാം തയ്യാറാകുമോ?

# സാഹിത്യത്തിൽ ക്രിസ്തുവിനുള്ള സ്ഥാനം

സുപ്രസിദ്ധ ഇംഗ്ലീഷ് സാഹിത്യകാരനായിരുന്ന വാൾട്ടർ സ്ക്കോട്ടിനെക്കുറിച്ച് ഒരു കഥയുണ്ട്. അദ്ദേഹം ഒരു സ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്ത് ഒരിക്കൽ ക്ലാസ്സിൽ വച്ച് ഒരുപന്യാസമെഴുതാൻ അദ്ധ്യാപകൻ ആവശ്യപ്പെട്ടു. യേശുക്രിസ്തു കാനായിലെ കല്യാണവിരുന്നിൽ വെള്ളം വീഞ്ഞാക്കിയ സംഭവമായിരുന്നു പ്രതിപാദ്യവിഷയം. സഹപാഠികളെല്ലാം നീട്ടിവലിച്ചെഴുതി തങ്ങളുടെ രചനാപാടവം പ്രദർശിച്ചപ്പോൾ കൊച്ചു വാൾട്ടർ ഒരു കൊച്ചുവാചകം മാത്രമെഴുതി: "ജലം അവളുടെ സ്രഷ്ടാവിനെ ദർശിച്ചപ്പോൾ അരുണവർണ്ണമണിഞ്ഞു." ക്രിസ്തുവും സാഹിത്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഈ വാചകം സ്മരണീയമാണ്. സാഹിത്യകാരനിലെ സർഗ്ഗചോദന അതിന്റെ സൃഷ്ടികർത്താവിനെ അഭിമുഖമായി ദർശിക്കുമ്പോൾ അരുണാഭയണിയുന്നു, രൂപാന്തരപ്പെടുന്നു. ഈ രൂപാന്തരം സമൂർത്തമായ രൂപഭാവങ്ങളിൽ ആവിഷ്കൃതമാവുമ്പോൾ സാഹിത്യം ജനിക്കുന്നു.

## ക്രിസ്തു: സാഹിത്യത്തിന്റെ പ്രചോദനകേന്ദ്രവും വിഷയവും

ക്രിസ്തു ഈശ്വരന്റെ വചനമാണ്. വചനമായിരുന്നു സൃഷ്ടിയുടെ മാദ്ധ്യമം. അനന്തവും അപ്രമേയവുമായ സ്വർഗ്ഗീയ സർഗ്ഗശക്തി മൂർത്തരൂപം കൈക്കൊണ്ടതു വചനത്തിലൂടെ ആയിരുന്നു. സ്ഥലകാലങ്ങളുടെ ആവിർഭാവത്തിനു മുമ്പു സനാതനമായും സമുൽഭൂതമായിരുന്ന അപരിമേയവും അജ്ഞാതവുമായ ദിവ്യരഹസ്യം മനുഷ്യരോടുകൂടി അധിവസിക്കുവാൻ അവതീർണ്ണനായി. മനുഷ്യൻ സൃഷ്ടിയുടെ ഉറവിടത്തെ "ദർശിച്ചു, ശ്രവിച്ചു, സ്പർശിച്ചു." സാഹിത്യത്തെക്കുറിച്ചുള്ള നമ്മുടെ ചിന്തകൾ ഇവിടെ ആരംഭിക്കുക സമുചിതമാണ്. കാരണം, സാഹിത്യകാരനിൽ കുടികൊള്ളുന്ന സർഗ്ഗചോദനയുടെ മൂലസ്രോതസ്സ് ഇവിടെയാണ് നാം കണ്ടെത്തുക. ദൈവം ക്രിസ്തുവിൽ പൂർണ്ണമനുഷ്യനായി ചരിത്രത്തിൽ ജീവിച്ചു എന്ന അതുല്യവസ്തുത ഹൃദയംഗമമായി അംഗീകരിക്കുന്നെങ്കിൽ മാത്രമേ ക്രിസ്തുവിന് സാഹിത്യത്തിലുള്ള സ്ഥാനത്തെക്കുറിച്ച് ഫലപ്രദമായി നമുക്ക് വിചിന്തനം ചെയ്യാനാവൂ.

ക്രിസ്തു ഈശ്വരന്റെ വചനമാണ് എന്ന ആശയം വാഗ്രൂപിണിയായ സാഹിത്യത്തോട് ബന്ധപ്പെടുത്തി ചിന്തിക്കുന്നത് തികച്ചും പ്രസക്തവും അർത്ഥപൂർണ്ണവുമാണ്. 'വചനം' എന്ന പദം വിവക്ഷിക്കുന്ന ആശയ ത്തിന്റെ പ്രാകൃതരൂപം യവന ദർശനത്തിലാണുത്ഭവിച്ചത്. പൗരാണിക യവനചിന്തയിൽ ഈശ്വരൻ അഗമ്യനാണ്, അജ്ഞേയനാണ്, അതിരിക്ത നാണ്, അവർണ്ണ്യനാണ്. ശ്രീശങ്കരന്റെ ഭാഷയിൽ പറഞ്ഞാൽ "സജാതീയ വിജാതീയ സ്വഗതഭേദരഹിതനാ"ണ്. ഇങ്ങനെയുള്ള ഈശ്വരനും വൈവിധ്യ വൈചിത്ര്യമിയന്ന വസ്തുമയമായ ഭൗതികപ്രപഞ്ചവും തമ്മിൽ നേരിട്ടൊരു ബന്ധവും പാടില്ല. ബന്ധമുണ്ടായാൽ ഈശ്വരൻ മാറ്റത്തിനു വിധേയനാവും, ഈശ്വരനല്ലാതാവും. പക്ഷേ, ബന്ധമുണ്ടായിരിക്കുകയും വേണം. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 'വചനം' (Logos) എന്ന ആശയത്തെ ഈശ്വരനും പ്രപഞ്ചത്തിനുമിടയിൽ പ്രവേശിപ്പിച്ചു. അങ്ങനെ ഈ വചനമാണ് സൃഷ്ടിയുടെ മാദ്ധ്യമം. ഇതു തന്നെയാണ് പ്രപഞ്ചത്തെ സുഘടിതമായും ക്രമമായും നിലനിർത്തുവാനുള്ള ഈശ്വരന്റെ ഉപാധി. ഈ വചനം ഈശ്വരന്റെ ചിന്ത തന്നെയാണ്. യവനദർശനത്തിൽ നിന്നും ക്രൈസ്തവചിന്തയിൽ വന്നപ്പോൾ 'വചനം' കുറെക്കൂടെ വ്യാപകവും മൗലികവുമായ അർത്ഥം കൈക്കൊണ്ടു. ഇവിടെ "വചനം ദൈവം തന്നെ" യാണ്. ഈ വചനം ക്രിയാത്മകമാണ്, സർഗ്ഗപ്രവണമാണ്. സാഹിത്യ കാരനിൽ സൃഷ്ട്യൻമുഖശക്തികളുടെ തിരികൾക്ക് തീകൊളുത്തുന്നതു വചനമാണ്, വചനമായ ക്രിസ്തുവാണ്. വചനം വചനത്തെ ഉണർത്തുന്നു.

സാഹിത്യകാരൻ സ്രഷ്ടാവാണ്. ഇല്ലാത്തതിൽ നിന്നും ഉള്ളതിനെ സൃഷ്ടിക്കുന്നു. സർഗ്ഗകർത്താവിന്റെ ആത്മാവിഷ്കരണം - അതാണല്ലോ സാഹിത്യത്തിന്റെ സ്വഭാവം - പുതിയതിന്റെ ആവിഷ്കരണമാണ്. എന്നാൽ യഥാർത്ഥത്തിൽ ആവിഷ്കൃതമാകുന്നത് പുതുമയുള്ളതാണോ? ഒരു വിധത്തിൽ അല്ല. ആദ്യ സൃഷ്ടിയുടെ സമുദ്ഘാടനത്തിനു പുറകിൽ സജീവമായിരുന്ന സർഗ്ഗപ്രക്രിയയുടെ നിരന്തരമായ നിത്യനൂതനമായ പുനരാവിഷ്കരണമാണ് സാഹിത്യകാരന്റെ ആത്മാവിഷ്ക്കരണം. പക്ഷേ, അതിമഹത്തരമാണ് സാഹിത്യകാരന്റെ സ്ഥാനം. സ്രഷ്ടാവായ വചന ത്തിന്റെ സഹസ്രഷ്ടാവാണവൻ, ഇല്ലായ്മയിൽ നിന്നും ഉണ്മയെ സൃഷ് ടിക്കുന്നവൻ. ഈയൊരു ഉദാത്തമായ ദർശനത്തിൽ നിന്ന് സംലബ്ധമാ കുന്ന പ്രകാശധാര അവന്റെ സൃഷ്ടിയിലുടനീളം പൊഴിയണം. അപ്പോൾ മാത്രമേ സാഹിത്യത്തിന്റെ അർത്ഥം സാക്ഷാത്കരിക്കപ്പെടുകയുള്ളൂ. കന ത്തൊരു ഉത്തരവാദിത്വമാണ് സാഹിത്യകാരനിൽ വന്നുചേരുന്നത്.

സുപ്രസിദ്ധ റഷ്യൻ ദാർശനികനായിരുന്ന നിക്കോലാസ് ബെർദ്‌യേവ് 'മനുഷ്യന്റെ ഭാഗധേയം' (Human Destiny) എന്ന ഗ്രന്ഥത്തിൽ സർഗ്ഗപ്ര ക്രിയയുടെ രണ്ട് സുപ്രധാന ഘട്ടങ്ങൾ ചൂണ്ടിക്കാണിക്കുന്നു. മനുഷ്യൻ

ഈശ്വരന് അഭിമുഖമായി നില്ക്കുന്നതാണ് പ്രഥമഘട്ടം. ഉണ്മയുടെ അതി നിഗൂഢതലങ്ങളിലേക്ക് ഇപ്പോൾ അവൻ ഒന്നെത്തി നോക്കുന്നു. അസ്തിത്വരഹസ്യത്തിന്റെ ആഴമേറിയ മേഖലകളിൽ നിന്നുമുയരുന്ന സംഗീത വീചികൾ അവന്റെ കർണ്ണപുടങ്ങളിൽ പതിക്കുന്നു. ഭാവനയുടെ ഉദരത്തിൽ ജീവന്റെ തുടിപ്പുകൾ ആരംഭിച്ചുകഴിഞ്ഞു. പക്ഷേ, സർഗ്ഗശക്തിയുടെ സാക്ഷാത്കാരത്തെക്കുറിച്ചുള്ള നേരിയ ചിന്ത പോലുമില്ല ഈ ഘട്ടത്തിൽ.

അടുത്ത ഘട്ടത്തിൽ പ്രചോദനമുൾക്കൊണ്ട ഭാവന ലോകത്തഭിമുഖമായിത്തിരിയുന്നു. ഇവിടെ സർഗ്ഗപ്രതിഭയുടെ സാക്ഷാത്ക്കാരമാണ് പ്രധാനം. നിറച്ചുവച്ചിരുന്നത് നിരന്നൊഴുകുന്നു. അവ്യക്തഭാവങ്ങൾ മൂർത്തഭാവം കൈക്കൊള്ളുന്നു. സാഹിത്യത്തിന്റെ തെളിനീരരുവി ഉരുത്തിരിഞ്ഞൊഴുകിത്തുടങ്ങുന്നു. സാഹിത്യത്തിന്റെ പ്രഭവസ്ഥാനവും പ്രചോദനകേന്ദ്രവും എവിടെയാണെന്ന് സുവ്യക്തമാകുന്നുണ്ടിവിടെ. സാഹിത്യകാരനിലെ സൃഷ്ടിപ്രതിഭയുടെ അനുസ്യൂത പ്രവാഹത്തിനു പുറകിലുള്ള പ്രചോദനകേന്ദ്രമെന്ന നിലയിൽ ക്രിസ്തുവിന്റെ സ്ഥാനം അതുല്യമാണ് സാഹിത്യത്തിൽ.

ക്രിസ്തു ആരാണ്, ക്രിസ്തുവിന്റെ സ്വഭാവമെന്താണ് തുടങ്ങിയ ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരങ്ങൾ കണ്ടെത്താമെങ്കിൽ സാഹിത്യത്തിൽ ക്രിസ്തുവിനുള്ള സ്ഥാനമെന്ത്, സാഹിത്യത്തിന്റെ ധർമ്മമെന്ത്, അതിൽ നാം അംഗീകരിക്കേണ്ട മൂല്യങ്ങളേവ തുടങ്ങിയ ചോദ്യങ്ങളിലേക്ക് പുതിയ ഉൾക്കാഴ്ച നമുക്കു ലഭിക്കും. സാഹിത്യത്തെ സംബന്ധിച്ച് ക്രിസ്തു ആരാണെന്ന് നാം കണ്ടുകഴിഞ്ഞു. ക്രിസ്തുവിന്റെ സ്വഭാവം കേട്ടു തഴമ്പിച്ച ആ പഴയ വാക്കിൽത്തന്നെ പറഞ്ഞാൽ സ്നേഹമാണ്. ഈ പഴയപദം, സംവഹിക്കുന്ന അർത്ഥം നിർജ്ജരമാണ്, നിത്യ നൂതനമാണ്. ഈശ്വരന്റെ ആദ്യസൃഷ്ടി തന്നെ സ്നേഹത്തിന്റെ ഒരു ദിവ്യകർമ്മമായിരുന്നു. വീണ്ടും ചരിത്രത്തിന്റെ മദ്ധ്യത്തിൽ ദൈവം മർത്യകൃതനായത് മനുഷ്യനോടുള്ള ആഴമേറിയ സ്നേഹവും സഹാനുഭൂതിയും നിമിത്തമാണ്. സൃഷ്ടി പ്രക്രിയയെ ഈ മർത്യീകരണത്തോട് ഉപമിക്കാറുണ്ട് ചില ചിന്തകന്മാർ. ദിവ്യസത്തയുടെ ആത്മാവിഷ്കാരമാണല്ലോ തിരുവവതാരം. സാഹിത്യകാരന്റെ വ്യക്തിത്വവും ബാഹ്യലോകവും തമ്മിലുള്ള സംഘാത സംഘർഷങ്ങളിൽ നിന്നാണല്ലോ സർഗ്ഗാത്മക സാഹിത്യം ഉദ്ഭവിച്ചുയിർകൊള്ളുന്നത്. സ്നേഹമാവണം ആത്മാവിഷ്ക്കാരത്തിന്റെ പ്രേരകവും നിയാമകവുമായ ശക്തി. സ്വർഗ്ഗത്തിന്റെ ആത്മാവിഷ്ക്കാരം സ്നേഹപ്രചോദിതമായിരുന്നു. സ്നേഹോൻമുഖമായിരുന്നു. ക്രിസ്തുവിന്റെ ജീവിതം മുഴുവൻ സ്നേഹത്തിന്റെയും അതിൽനിന്നുളവാകുന്ന ത്യാഗത്തിന്റെയും നിർഗ്ഗളമായ ബഹിർസ്ഫുരണമായിരുന്നു.

അപാരമായ മനുഷ്യസ്നേഹം ഉൾക്കൊള്ളാതെ ആർക്കും യഥാർത്ഥമായ സാഹിത്യസൃഷ്ടി നടത്താനാവില്ല. നൂറ്റാണ്ടുകൾ ചെന്നിട്ടും ദീപ്രമായി മനുഷ്യഹൃദയങ്ങളിൽ നവ്യഭാവനകളെ ഉദ്ദീപ്തമാക്കിക്കൊണ്ടിരിക്കുന്ന മഹത്തായ സാഹിത്യസൃഷ്ടികളുടെയെല്ലാം പുറകിൽ അളവറ്റ മനുഷ്യ സ്നേഹവും കാരുണ്യവും ഓളംവെട്ടുന്നതു കാണാം. മനുഷ്യരാശി മുഴുവ ന്റെയും ആത്മസത്തയോട് ദിവ്യസ്നേഹത്തിലൂടെ ഏകീഭാവം പ്രാപിച്ച സാഹിത്യകാരനു മാത്രമേ, മാനുഷിക ഭാവങ്ങളുടെ തീവ്രതയുറ്റ ആവി ഷ്ക്കരണത്തിന് കഴിവു ലഭിക്കൂ.

ക്രിസ്തു സാഹിത്യത്തിന്റെ പ്രചോദനകേന്ദ്രം മാത്രമല്ല, അതിന്റെ വിഷയം കൂടിയാണ്. നൂറ്റാണ്ടുകളായി അനേകം സാഹിത്യനായകന്മാർ തങ്ങളുടെ അന്തശ്ചോദനയുടെയും കല്പനാ വൈഭവത്തിന്റെയും ഉറവിടം ക്രിസ്തുവിൽ കണ്ടെത്തിയെന്നു മാത്രമല്ല, ആ ക്രിസ്തുവിനെത്തന്നെ തങ്ങളുടെ സാഹിത്യരചനയ്ക്കു വിഷയീഭവിപ്പിക്കുകയും ചെയ്തു. വിശ്വ സാഹിത്യത്തിൽ മിൽട്ടണും സ്പെൻസറും ടെന്നിസനും ബ്രൌണിംഗും ഡിക്കൻസും ഗോയ്ഥേയും കാർലൈലും ടോൾസ്റ്റോയിയും ഡാന്റെയും ഡ്രൈഡണനും ഡോസ്റ്റോവിസ്തിയും ആധുനികനായ എലിയെട്ടുമെല്ലാം ക്രിസ്തുവിൽ നിന്നും ക്രൈസ്തവദർശനത്തിൽ നിന്നും പ്രചോദനമുൾ ക്കൊണ്ടു സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും പുരോഗതിക്കായി തൂലിക ചലിപ്പിച്ചവരിൽ ചിലർ മാത്രമാണ്. ക്രിസ്തുവിനു ശേഷം സാഹി ത്യത്തിൽ ലബ്ധപ്രതിഷ്ഠരായിക്കഴിഞ്ഞ സാഹിത്യകാരന്മാരുടെയെല്ലാം കൃതികളിൽ ക്രിസ്തുവിന്റെ സ്വാധീനം ഒളിഞ്ഞും തെളിഞ്ഞും കാണാം. മലയാളസാഹിത്യത്തിന്റെ അന്തർദ്ധാരയിലും ക്രൈസ്തവദർശനത്തിൽ നിന്നുത്ഭവിച്ച നീർച്ചാലുകൾ ലയിച്ചു ചേർന്നിട്ടുണ്ടെന്ന് വ്യക്തമായി കാണാവുന്നതാണ്.

## ക്രിസ്തു: സൗന്ദര്യോപാസകനും വിപ്ലവകാരിയുമായ സാഹിത്യകാരൻ

അതുല്യനായ ഒരു സൗന്ദര്യാരാധകനായിരുന്നു ക്രിസ്തു എന്ന വസ്തുത നാം പലപ്പോഴും അവഗണിക്കുന്നു. ക്രിസ്തുവിനെ ദൈവമായി മാത്രം കാണാനുള്ള സ്വാഭാവിക വ്യഗ്രത മൂലം പൂർണ്ണമനുഷ്യനും കൂടി യായിരുന്ന ക്രിസ്തുവിൽ പ്രകടമായിരുന്ന മോഹനവും ദർശനീയവുമായ പല മാനുഷിക ഭാവങ്ങളെയും നാം കുറച്ചൊന്ന് വിസ്മരിക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നറും നിലാവണിഞ്ഞ, പനിമഞ്ഞ് പൊഴിയുന്ന അനേകമനേകം നിശീഥിനികളിൽ ക്രിസ്തു ഏകനായി ഗലീ ലയിലെ പർവ്വതനിരകളിലേക്ക് പിൻവാങ്ങിയതായി സുവിശേഷകന്മാർ രേഖപ്പെടുത്തുന്നു. മാതാവായ പ്രകൃതിയുടെ മടിത്തട്ടിലിരുന്ന് തന്റെ

സ്വർഗ്ഗീയപിതാവിനോട് നർമ്മഭാഷണം നടത്തുന്ന ഒരു മനുഷ്യനെയാണ് നാമവിടെ ദർശിക്കുക. പനിമഞ്ഞിന്റെ പട്ടു പുതച്ചുറങ്ങുന്ന ഹെർമ്മോൻ മലകളും ഗലീലതടാകത്തിൽ നിന്നും ഉണർന്നെഴുന്നേറ്റ് ശാരോനിലെ പനിനീർപ്പൂക്കളെ ഉമ്മവെച്ചു വരുന്ന കുളിർകാറ്റും യോർദ്ദാന്റെ അനുസ്യൂതമായ സംഗീതവീചികളും ക്രിസ്തുവിന്റെ തരളിതഹൃദയത്തിൽ എത്രയെത്ര മോഹനഭാവനകളെ തൊട്ടുണർത്തിക്കാണുകയില്ല? സർവ്വാഭരണവിഭൂഷിതനായ, സർവ്വപ്രതാപശാലിയായ സോളമൻ രാജാവു പോലും, വയലിൽ വളരുന്ന ലാളിത്യമിയന്ന ലില്ലിപുഷ്പങ്ങളുടെ സൗന്ദര്യത്തിനുമുൻപിൽ അസ്തതേജനായിത്തീരുന്നു എന്ന ചിന്തയുടെ പുറകിൽ തെളിഞ്ഞു മിന്നുന്ന സൗന്ദര്യദർശനം എത്ര ഉദാത്തമാണ്. പ്രകൃതിയുടെ സൗന്ദര്യത്തെ മുഴുവൻ യേശു തന്റെ ഹൃദയത്തിലേയ്ക്ക് ആവാഹിച്ച് ചുറ്റുപാടുമുള്ള പ്രകൃതിയിലും മനുഷ്യജീവിതത്തിലും താൻ ശ്രവിച്ച ചെറിയ ശബ്ദങ്ങളും താൻ ദർശിച്ച നിസ്സാരമായ കാഴ്ചകളും പോലും ക്രിസ്തുവിന്റെ ലോലഹൃദയത്തിൽ അവയുടെ അനുരണനങ്ങളുണ്ടാക്കി, പ്രതിബിംബങ്ങളെ സൃഷ്ടിച്ചു. ബാഹ്യലോകത്തിന്റെ സ്പന്ദനങ്ങൾ മുഴുവൻ, അതിന്റെ സന്തോഷവും സന്താപവും വിശപ്പും വേദനയുമെല്ലാം ക്രിസ്തുവിന്റെ ഹൃദയത്തിൽ ഉറഞ്ഞുകൂടിയപ്പോൾ അനശ്വരനായ ഒരു സാഹിത്യകാരൻ ഉരുത്തിരിഞ്ഞു. അനർഘമായ കാവ്യാനുഭൂതി നിറഞ്ഞ ക്രിസ്തുവിന്റെ സാഹിത്യപ്രതിഭയുടെ ഉത്തമനിദർശനങ്ങളാണ് അദ്ദേഹത്തിന്റെ കൊച്ചുകൊച്ചു കഥകളും അനുപമങ്ങളായ ഉപമകളും. ഉത്തമസാഹിത്യത്തിന് സജീവമായ മാതൃകകളാണവ.

ഒരു ഗ്രാമീണജനതയുടെ സാധാരണ ജീവിതത്തിൽനിന്നു അടർത്തിയെടുത്ത ചൈതന്യനിർഭരമായ ഏടുകളാണ് ക്രിസ്തുവിന്റെ ഓരോ കഥയും. എല്ലാക്കാലത്തും എല്ലായിടത്തുമുള്ള മനുഷ്യന്റെ ഹൃദയത്തുടിപ്പുകളും ഊഷ്മളനിശ്വാസങ്ങളും ആശയും നിരാശയും സ്വപ്നങ്ങളും വേദനകളുമെല്ലാം അനുഭവ യാഥാർത്ഥ്യത്തിന്റെ ആത്മാർത്ഥതയോടും തീവ്രതയോടും അനന്തമായ മനുഷ്യസ്നേഹത്തോടും കൂടിക്കലർന്ന് ക്രിസ്തുവിന്റെ കഥകളെ രമണീയവും ഹൃദയസംവേദനക്ഷമങ്ങളുമാക്കിത്തീർക്കുന്നു. മുടിയനായ പുത്രന്റെയും, നല്ല ശമരിയാക്കാരന്റെയും കഥകളോളം ലക്ഷണയുക്തവും  വികാരസ്ഫൂർത്തിയുറ്റതും ആദർശസുന്ദരവുമായ മറ്റധികം ചെറുകഥകൾ വിശ്വസാഹിത്യത്തിലെങ്ങും കാണുകയില്ല. അനന്യസാധാരണമായ വർണ്ണനാപാടവമാണ് ക്രിസ്തു പ്രദർശിപ്പിച്ചത്. സമൂഹത്തിലെ അദ്ധ്വാനിക്കുന്നവരുടെയും ഭാരം ചുമക്കുന്നവരുടെയും ഭാഷയിലാണദ്ദേഹം കഥ പറഞ്ഞതെങ്കിലും എല്ലാവർക്കും ഒരുപോലെ അത് ആസ്വാദ്യകരമായിരുന്നു. ഇടയനും ആടുകളും മുന്തിരിവള്ളിയും തോട്ടക്കാരനും വിതയും കൊയ്ത്തുമെല്ലാം ക്രിസ്തുവിന്റെ

പ്രധാന പ്രമേയങ്ങൾ തന്നെയായിരുന്നു. സാഹിത്യം ജനകീയമാവണമെന്നു വാദിക്കുന്നതിനു നൂറ്റാണ്ടുകൾക്ക് മുൻപ് ക്രിസ്തുവിന്റെ കഥകൾ കാതലോളം ജനകീയമായിരുന്നു. സാഹിത്യം ജീവിതഗന്ധിയാവണമെന്ന വാദം ഉയരുന്നതിനെത്രയോ തലമുറകൾക്ക് മുൻപേ ക്രിസ്തുവിന്റെ കഥകൾ ജീവിതത്തിന്റെ മണവും നിറവും സംവഹിച്ചിരുന്നു. പക്ഷേ, വിചിത്രമായ സംഗതി ഈ മഹാനായ സാഹിത്യകാരൻ ഒരു വാക്കു പോലും എഴുതിയിട്ടില്ലെന്നുള്ളതാണ്.

ക്രിസ്തു ഒരിക്കലും വെറുമൊരു ദന്തഗോപുരവാസി മാത്രമായിരുന്നില്ല. പ്രകൃതിയോടും തന്റെ സ്വർഗ്ഗീയ പിതാവിനോടും ഏകീഭാവം പ്രാപിക്കാനായി ഏകാന്തതയിലേയ്ക്ക് പിന്മാറിയ സന്ദർഭങ്ങളിലൊഴികെ ഒരിക്കൽ പോലും അദ്ദേഹം ജനജീവിതത്തിന്റെ പ്രവാഹത്തിൽ നിന്നൊഴിഞ്ഞു നിന്നിട്ടില്ല. വിരുന്നുഭവനങ്ങളിൽ മറ്റുള്ളവരോടൊപ്പം തിന്നുകയും കുടിക്കുകയും ആഹ്ലാദിക്കുകയും ചെയ്തു. വിലാപഭവനങ്ങളിൽ കരയുന്നവരോടൊപ്പം കരയുകയും കരയുന്നവരുടെ കണ്ണീർ തുടയ്ക്കുകയും ചെയ്തു. മനുഷ്യഹൃദയങ്ങളോട് ഇത്രയധികം ഒട്ടിച്ചേർന്ന് നില്ക്കുവാൻ കഴിഞ്ഞതുകൊണ്ടാണ് ക്രിസ്തുവിന്റെ ആവിഷ്കരണം ഇത്രയധികം ശക്തവും സുന്ദരവുമായിത്തീർന്നത്. സാഹിത്യകാരൻ മനസ്സിലാക്കേണ്ട വസ്തുതയാണിത്.

ഹൃദയത്തെ രൂപാന്തരപ്പെടുത്തുവാനുള്ള അദ്ഭുതകരമായ മാന്ത്രിക ശക്തി ഉൾക്കൊണ്ടിരുന്നു ക്രിസ്തുവിന്റെ കഥകൾ. ക്രിസ്തുവിന്റെ അധരങ്ങളിൽ നിന്നുതിർന്നുവീണ "ലാവണ്യവാക്കുകൾ" കേട്ട് ജനങ്ങൾ അദ്ഭുതം കൂറിയെന്ന് സുവിശേഷകൻ പറയുന്നു. ആ തേൻമൊഴിയുടെ മാധുര്യം ആവോളം ആസ്വദിക്കാനായി തേനീച്ചകളെപ്പോലെ ജനതതി യേശുവിനെ പൊതിഞ്ഞു നിന്നു. നസ്രായന്റെ ശബ്ദം തങ്ങളുടെ ഹൃദയങ്ങളുടെ ആഴങ്ങളോളം ആഴ്ന്നിറങ്ങുന്നതായി അവർക്കനുഭവപ്പെട്ടു. അവിടെ ആ ശബ്ദം പലതിനും രൂപംകൊടുത്തു. പലതിനെയും രൂപാന്തരപ്പെടുത്തി. അസന്മാർഗ്ഗചാരികൾ നിമിഷങ്ങൾക്കകം സന്മാർഗ്ഗചാരികളാകുന്നു. സാമൂഹ്യവിരുദ്ധന്മാർ സാമൂഹ്യശില്പികളായി മാറുന്നു. കൊള്ളലാഭക്കാർ തങ്ങൾ സമ്പാദിച്ചതെല്ലാം സമൂഹത്തിന് തിരിച്ചു നല്കിയിട്ട് വെറുംകയ്യോടെ യേശുവിനെ അനുഗമിക്കുന്നു. ഈ രൂപാന്തരപ്പെടുത്തലാണല്ലോ ഏതു കാലത്തുമുള്ള സാഹിത്യത്തിന്റെ സുപ്രധാന ധർമ്മങ്ങളിലൊന്ന്.

സാഹിത്യകാരനായിരുന്ന ക്രിസ്തു ലോകം കണ്ടിട്ടുള്ളതിലേയ്ക്കും വലിയ വിപ്ലവകാരിയുമാണ്. ക്രിസ്തു പിറന്നുവീണ സമൂഹം ഏറെക്കുറെ സ്വഭാവത്തിൽ നമ്മുടെ സമൂഹത്തോട് സാധർമ്മ്യം വഹിക്കുന്നുണ്ട്. കാപ

ട്യവും, അസമത്വവും, സാധുപീഡനവുമാണ് രണ്ടിന്റെയും മുഖമുദ്രകൾ. തന്മൂലം ഇന്നു സമൂഹത്തെ രൂപാന്തരപ്പെടുത്തുവാൻ വിളിക്കപ്പെട്ടിരിക്കുന്ന സാഹിത്യകാരൻ അന്ന് ക്രിസ്തു എന്താണ് ചെയ്തതെന്ന് സസൂക്ഷ്മം പഠിക്കേണ്ടിയിരിക്കുന്നു. ഉൾഭാഗം ചീഞ്ഞളിഞ്ഞിരുന്നെങ്കിലും ബാഹ്യരൂപത്തെ വെള്ള തേച്ച് മിനുക്കി നിർത്തിയിരുന്ന തന്റെ സമൂഹത്തിന്റെ മൂല്യങ്ങളെ ക്രിസ്തു വെല്ലുവിളിച്ചു. നേതൃസ്ഥാനത്തിരിക്കുന്ന ഒരു ന്യൂനപക്ഷത്തിന്റെ സുഖത്തിനുവേണ്ടി പാവപ്പെട്ടവനെ ഊറ്റിപ്പിഴിയുന്ന വ്യവസ്ഥിതിക്കെതിരെ ക്രിസ്തു സമരം പ്രഖ്യാപിച്ചു. പഴയ തുരുത്തിയിൽ പകർന്നു വെച്ച പുതിയ വീഞ്ഞായിരുന്നു ക്രിസ്തു. വീര്യമുള്ള ആ പുതിയവീഞ്ഞ് പഴയപാത്രത്തെ പൊളിച്ചു കളഞ്ഞു. പഴയ തുരുത്തികളെ പൊളിച്ചെറിയുവാൻ ഇന്ന് നമ്മോടാവശ്യപ്പെടുകയാണ് ക്രിസ്തു. നിലവിലിരുന്ന മൂല്യങ്ങളെ പിഴുതെറിഞ്ഞപ്പോൾ, സാമൂഹ്യവ്യവസ്ഥിതിയെ തകിടംമറിച്ചപ്പോൾ, പുതിയ മൂല്യങ്ങൾക്കും പുതിയ വ്യവസ്ഥിതിക്കും രൂപംകൊടുക്കുകയായിരുന്നു ആ വലിയ വിപ്ലവകാരി. സ്നേഹമായിരുന്നു പുതിയ മൂല്യം, ദൈവരാജ്യമായിരുന്നു പുതിയ വ്യവസ്ഥിതി. സാഹിത്യകാരനൊരു സാധനാപാഠമാണിത്. പഴകിപ്പൂത്ത നമ്മുടെ സമൂഹത്തിന്റെ സ്വാർത്ഥത മുറ്റിയ ലക്ഷ്യങ്ങളെയും പ്രേരകശക്തികളെയും നാം ശക്തിയുക്തം നിഷേധിക്കുന്നുവെന്നിരിക്കട്ടെ. നല്ലതു തന്നെ. പക്ഷേ, രചനാത്മകമായ എന്തെങ്കിലും അവയ്ക്കു പകരം നല്കാനുണ്ടോ എന്നതാണ് പ്രശ്നം. ക്രിസ്തുവിന്റെ വീക്ഷണം സുവ്യക്തമായിരുന്നു. താൻ എന്താണ് ചെയ്യാൻ പോകുന്നതെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ക്രിയാത്മകമായ വീക്ഷണമോ ധാരണയോ കൂടാതെയുള്ള നിഷേധം അപകടകാരിയാണ്. അരാജകത്വത്തിലേയ്ക്കാണത് വഴി തെളിക്കുന്നത്. സൃഷ്ടിപരമായ ഒരു സന്ദേശം സാഹിത്യകാരനിൽ നിന്നും ലോകം പ്രതീക്ഷിക്കുന്നുണ്ട്.

"ഞാൻ സമാധാനമല്ല, വാൾ വരുത്താനാണ് വന്നിരിക്കുന്നത്" എന്ന് ക്രിസ്തു പ്രഖ്യാപിച്ചു. തൂലിക പടവാളാക്കി മാറ്റുന്ന സാഹിത്യകാരനോടുള്ള സമുജ്ജ്വലമായ ഒരു സന്ദേശം കൂടിയാണിത്. ഓരോ കാലത്തേയും സാഹിത്യത്തിന് ആ കാലഘട്ടത്തിന്റെ സംസ്ക്കാരത്തോട് ബന്ധമുണ്ട്, ചില ഉത്തരവാദിത്വങ്ങളുണ്ട്. തന്മൂലം ക്രിസ്തുവിന് സംസ്കാരത്തോടുണ്ടായിരുന്ന ബന്ധത്തെയും മനോഭാവത്തെയുംപറ്റി വിചിന്തനം ചെയ്യുന്നത് സാഹിത്യത്തിന് മാർഗ്ഗദർശകമായേക്കും. ഭൗതിക പ്രതാപത്തിന്റെയും സുഖലോലുപതയുടെയും ഗിരിശൃംഗങ്ങളിൽ വിഹരിച്ച് ജീവിതത്തിന്റെ മുന്തിരിച്ചാറ് മട്ടോളം ഊറ്റിക്കുടിച്ചുകൊണ്ടിരുന്ന റോമാസാമ്രാജ്യത്തിനപ്പാടെ ക്രിസ്തു ഒരു മൂർച്ചയേറിയ വാളായിട്ടാണ് അനുഭവപ്പെട്ടത്. നാശോന്മുഖമായിരുന്ന ഗ്രേക്കോ-റോമൻ സംസ്ക്കാരത്തിന്റെ

ഗതിയെത്തന്നെ തിരിച്ചുവിടുന്നതിനും അതിനെ രൂപാന്തരപ്പെടുത്തുന്ന തിനും പുതിയൊരു സംസ്ക്കാരത്തിന് അടിത്തറ പാകുന്നതിനും ക്രിസ്തു വിന്റെ സ്വാധീനത്തിനു കഴിഞ്ഞു. റിച്ചാർഡ് നീബർ എന്ന ചിന്തകൻ "ക്രിസ്തുവും സംസ്കാരവും" (Christ and culture) എന്ന ഗ്രന്ഥത്തിൽ ക്രിസ്തുവും സംസ്കാരവും തമ്മിലുണ്ടായിരുന്ന ബന്ധത്തെ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ക്രിസ്തുവിന്റെ ആദർശങ്ങളും പ്രമാണങ്ങളും അന്നത്തെ സമൂഹത്തിന്റേതിനോട് കടകവിരുദ്ധമായിരുന്നു. തന്മൂലം അന്ന് ക്രിസ്തു ഒറ്റപ്പെട്ടു. ജോസഫ് ക്ലോസ്നർ എന്ന യഹൂദ റബി പറ ഞ്ഞു: "യേശു യഹൂദ സംസ്കാരത്തെ നവീകരിക്കുകയല്ല, നിരാകരിക്കു കയാണ് ചെയ്തത്. തന്മൂലം യഹൂദ സംസ്കാരം യേശുവിനെയും നിരാ കരിച്ചു." ഇപ്പറഞ്ഞതിൽനിന്നെല്ലാം സാഹിത്യം എപ്പോഴും സമകാലീന സംസ്കാരത്തിനെതിരായി നീങ്ങണമെന്നല്ല ഉദ്ദേശിച്ചത്. സുവ്യക്തമായ ലക്ഷ്യബോധമുൾക്കൊണ്ടുകൊണ്ട് സാംസ്കാരിക പുരോഗതിക്ക് മാർഗ്ഗ ദർശനമരുളണം സാഹിത്യം. സമൂഹത്തിന്റെ മൂല്യങ്ങൾ അപഥസഞ്ചാരം ചെയ്യുന്നുവെന്ന് കണ്ടാൽ അതിനെതിരായി സാഹിത്യകാരൻ തൂലിക ചലി പ്പിക്കണം. അവൻ ചിലപ്പോൾ ഒറ്റപ്പെട്ടേയ്ക്കും, നിരാകരിക്കപ്പെട്ടേയ്ക്കും.

ആകാശത്തിന്റെ അനന്ത മേഖലകളിലും ആഴിയുടെ അഗാധതലങ്ങളി ലുമൊക്കെ മനുഷ്യൻ നീന്തിത്തുടിക്കാൻ തുടങ്ങിയിട്ടുണ്ടെങ്കിലും അവന്റെ സാമൂഹ്യപ്രശ്നങ്ങൾ ഇന്നും അതിരൂക്ഷങ്ങൾ തന്നെയാണ്. ഈ പ്രശ്ന ങ്ങൾക്ക് ഉത്തരം കൊടുക്കേണ്ട ചുമതല സാഹിത്യത്തിനു കൂടിയുണ്ടല്ലോ. ഷാങ്പോൾ സാർത്രിനെപ്പോലെയോ ആൽബർ കാമുവിനെപ്പോലെയോ സാഹിത്യകാരൻ അർത്ഥശൂന്യതയുടെ പ്രവാചകനായതുകൊണ്ട് പരിഹാ രമാവുമോ? "നിരാശയുടെ നിഴലിൽ" ജീവിക്കാനോ, "ആത്മഹത്യയുടെ മാർഗ്ഗം" അംഗീകരിക്കാനോ മനുഷ്യരാശിക്ക് സാദ്ധ്യമാവുമോ? ഈശ്വരൻ മരിച്ചെന്ന് പ്രഖ്യാപിച്ചതുകൊണ്ടോ സെക്കുലറൈസേഷനിൽ വിശ്വസി ച്ചതുകൊണ്ടോ നമ്മുടെ പ്രശ്നങ്ങൾക്ക് ഉത്തരം ലഭിക്കുമോ? നിരീശ്വരാ സ്തിത്വവാദമോ വൈരുദ്ധ്യാധിഷ്ഠിത ഭൗതികചിന്തയോ നമുക്കു ശാശ്വ തമായ അർത്ഥം പ്രദാനം ചെയ്യുമോ? ഇന്ന് സാഹിത്യത്തെയും സാഹി ത്യകാരനെയും അഭിമുഖീകരിക്കുന്ന ചോദ്യങ്ങളാണിവ. ക്രിസ്തുവിന്റെ ഉത്തരമെന്താണെന്ന് നാമൊന്ന് ഗൗരവപൂർവ്വം ചിന്തിച്ചിരുന്നെങ്കിൽ!

## ക്രിസ്തു: സാഹിത്യത്തിന്റെ ലക്ഷ്യം

സാഹിത്യത്തിന്റെ ലക്ഷ്യം എന്തായിരിക്കണമെന്നതിനെക്കുറിച്ച് സാഹിത്യചിന്തകന്മാരുടെയിടയിൽതന്നെ വിഭിന്നാഭിപ്രായങ്ങളാണ് നാം കേൾക്കുന്നത്. കലയും സാഹിത്യവുമൊക്കെ അവയ്ക്കു വേണ്ടിത്തന്നെ യായിരിക്കണമെന്നും, അല്ല അവ ആനന്ദത്തിനായിരിക്കണം, അതുമല്ല

പ്രയോജനമാണവയുടെ ലക്ഷ്യം എന്നൊക്കെയുള്ള വാദങ്ങൾ സാഹിത്യ വേദികളിൽ പലപ്പോഴും മുഴങ്ങിക്കേൾക്കാറുള്ളതാണ്. അർത്ഥശൂന്യതയും അന്തർമുഖത്വവുമൊക്കെ അടിസ്ഥാനമായംഗീകരിച്ചുകൊണ്ടുയർന്നു വന്നിട്ടുള്ള ചില ആധുനിക സാഹിത്യപ്രവണതകളിൽ ലക്ഷ്യമെന്താണെന്നുള്ള ചോദ്യത്തിനു തന്നെ പ്രസക്തിയില്ലാതായിക്കഴിഞ്ഞിരിക്കുന്നു. ഇനിയും ലക്ഷ്യബോധമുണ്ടെങ്കിൽത്തന്നെ, തികച്ചും ഇന്ദ്രിയാനുഭവാധിഷ്ഠിതമായ ആധുനിക ശാസ്ത്രവിജ്ഞാനത്തിന്റെ ചട്ടക്കൂട്ടിൽ വന്നു പിറക്കുന്ന ആധുനിക സാഹിത്യത്തിന്, ആ പശ്ചാത്തലത്തിൽ മാത്രം ഒതുങ്ങി നിന്നുകൊണ്ട് ലക്ഷ്യനിർണ്ണയം ചെയ്യാനേ സാധിക്കുന്നുള്ളൂ എന്നാണ് പലപ്പോഴും മനസ്സിലാകുന്നത്. കുറെക്കൂടി വിശാലമായ അർത്ഥത്തിൽ, സാഹിത്യത്തിന്റെ ആത്യന്തിക ലക്ഷ്യത്തെക്കുറിച്ചാണ് ഇവിടെ ചിന്തിക്കാനാഗ്രഹിക്കുന്നത്. വിശേഷണമൊന്നും ചേർക്കാതെ പറഞ്ഞാൽ സകലത്തിന്റെയും അന്തിമ പൂർത്തീകരണമായ ക്രിസ്തുവിൽത്തന്നെയാണ് സാഹിത്യത്തിന്റെയും അന്തിമ പൂർത്തീകരണം. യുക്തിബോധത്തിന് പ്രവേശനം നിഷേധിച്ചിരിക്കുന്ന ചില അലൗകിക മേഖലകളിലാണല്ലോ സർഗ്ഗചോദനയുടെ ആദ്യഭാവങ്ങൾ ജനിക്കുന്നത്. ആ മേഖലയുടെ പ്രതിനിധിയാണ് ക്രിസ്തുവെന്നും ക്രിസ്തുവിലാണ് സൃഷ്ടികർമ്മത്തിന്റെ തായ്‌വേരുകളോടിയിരിക്കുന്നതെന്നും നാം കണ്ടു. സമാരംഭം എവിടെയോ അവിടെത്തന്നെ സമാപ്തിയും. പ്രസിദ്ധ സാഹിത്യചിന്തകനായ റോജർ ഫ്രൈ പറയുന്നത് മനുഷ്യസ്വഭാവത്തിൽ അന്തർലീനമായിരിക്കുന്ന ജന്തുസഹജമായ അടിസ്ഥാനവാസനകൾക്കും പ്രേരണകൾക്കും എതിരായ നീക്കമാണ് സർഗ്ഗപ്രക്രിയ എന്നാണ്. ഈ നീക്കം അതിന്റെ അർത്ഥം കണ്ടെത്തുന്നത് ചില അഭൗമിക മണ്ഡലങ്ങളിലാണു താനും. മനുഷ്യജീവിതത്തെയും പ്രകൃതിയെയും ഈ പ്രപഞ്ചത്തെ മുഴുവനും താളനിബദ്ധമായ ഒരു സംഗീതത്തിലലിയിച്ചു ചേർത്ത് അവയ്ക്ക് അന്തിമമായ അർത്ഥവും പൂർണ്ണതയും പ്രദാനം ചെയ്യുകയാണ് കലാസാഹിത്യാദികളുടെ ആത്യന്തിക ധർമ്മമെന്ന് പറയാം. ഈ അർത്ഥവും പൂർണ്ണതയും കണ്ടെത്താനാവുന്നത് ക്രിസ്തുവിൽ മാത്രമാണ്.

ഇത്തരുണത്തിൽ സുപ്രസിദ്ധ കത്തോലിക്കാ വേദശാസ്ത്രജ്ഞനും, പുരാജീവി ശാസ്ത്ര ഗവേഷകനും, ഇന്നത്തെ ധൈഷണിക മണ്ഡലത്തിൽ ഏറ്റവും ശ്രദ്ധേയനുമായിക്കഴിഞ്ഞിരിക്കുന്ന ഫ്രഞ്ച് ജെസ്വറ്റ് തെയ്യാർ ദ് ഷാർദാന്റെ ചിന്തയിലേയ്ക്ക് ഒന്നെത്തി നോക്കുന്നത് രസാവഹമായിരിക്കും. അദ്ദേഹത്തിന്റെ ശാസ്ത്രഗവേഷണവും മതചിന്തയും രണ്ടിന്റെയും സമഞ്ജസമായ ഒരു സമ്മേളനത്തിലേക്കാണ് അദ്ദേഹത്തെ നയിച്ചത്. ഷാർദാന്റെ അതിസങ്കീർണ്ണമായ ചിന്താപദ്ധതിയ്ക്ക് സാഹിത്യചിന്തയുമായി നേരിട്ട് ബന്ധമൊന്നുമില്ല. പക്ഷേ, സാഹിത്യത്തിന്റെ ലക്ഷ്യത്തെ

ക്കുറിച്ചുള്ള ചിന്തയിൽ പരോക്ഷമായ ചില ബന്ധങ്ങൾ കണ്ടെത്താൻ കഴിയും. മനുഷ്യജീവിതത്തെയും ഈ പ്രപഞ്ചത്തെ മുഴുവനേയും ലക്ഷ്യോന്മുഖമായ ഒരു പരിണാമത്തിന്റെ വെളിച്ചത്തിലാണ് ഷാർദാൻ കണ്ടത്. ചേതനങ്ങളും അചേതനങ്ങളുമായ വസ്തുക്കളിലെല്ലാം സ്വർഗ്ഗീയ ചൈതന്യത്തിന്റെ ഒളിമിന്നൽ അദ്ദേഹം കണ്ടെത്തി. എന്തിനേറെ, നിസ്സാരമായ ഒരു മണൽത്തരിയിൽ വരെ ദിവ്യസാന്നിദ്ധ്യത്തിന്റെ ചൈതന്യത്തുടിപ്പുകൾ ആ മഹാനായ ചിന്തകൻ അനുഭവിച്ചറിഞ്ഞു. മണൽത്തരി മുതൽ മനുഷ്യമനസ്സ് വരെയുള്ള പ്രതിഭാസങ്ങളെല്ലാം ഏകതാനമായി, താളനിബദ്ധമായി ഒരു ലക്ഷ്യത്തിലേക്ക് മുന്നേറുകയാണ്. ക്രിസ്തുവാണ് ആ ലക്ഷ്യം. ക്രിസ്തുവെന്ന പരമബിന്ദു (Omega Point) വിലേയ്ക്കുള്ള അനുസ്യൂതമായ ഒരു പ്രവാഹത്തിന്റെ കഥയാണദ്ദേഹത്തിന് പറയാനുള്ളത്. മനുഷ്യനിൽ പരിണാമം ആത്മാവബോധം പ്രാപിച്ചു കഴിഞ്ഞു. തന്മൂലം ഇനിയങ്ങോട്ടുള്ള പ്രയാണത്തിൽ മനുഷ്യനു കൂടി ഉത്തരവാദിത്വമുണ്ട്. പരിണാമത്തിന്റെ ഗതിയെ ത്വരിതപ്പെടുത്തുവാനും നിയന്ത്രിക്കുവാനും ലക്ഷ്യഭ്രംശം വരാതെ സൂക്ഷിക്കുവാനും മനുഷ്യന് ബാദ്ധ്യതയുണ്ട്. മനുഷ്യജീവിതത്തിനുള്ള കടപ്പാടുകളെല്ലാം അതിന്റെ പ്രതിഫലനമായ സാഹിത്യത്തിനുമുണ്ട്. മനുഷ്യന്റെ ഭാഗധേയം നിർണ്ണയിക്കുവാനുള്ള ഭാരത്തിൽ ഒരു പങ്ക് സാഹിത്യത്തിനുമുണ്ട്. അപ്പോൾ സാഹിത്യത്തിന് ലക്ഷ്യരഹിതമായിരിക്കുക സാദ്ധ്യമല്ല.

സാഹിത്യത്തിൽ ലക്ഷ്യനിർണ്ണയം ചെയ്യുന്നതും മനുഷ്യരാശിയെ ലക്ഷ്യബോധത്തിലേയ്ക്ക് കൊണ്ടുവരുന്നതും സ്വാതന്ത്ര്യത്തിന്റെ പശ്ചാത്തലത്തിലായിരിക്കണം. സങ്കുചിതമായ വീക്ഷണങ്ങളും പരിഗണനകളും സൃഷ്ടികർമ്മത്തിൽ സമ്മർദ്ദം ചെലുത്തിയാൽ ഈ സ്വാതന്ത്ര്യം നഷ്ടപ്പെടും. ഈശ്വരന്റെ സുപ്രധാനമായ വിശേഷണങ്ങളിലൊന്ന് സ്വാതന്ത്ര്യമാണ്. ക്രിസ്തുവിന്റെ ജീവിതം യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ ഉത്തമനിദർശനമാണ്. സ്വാതന്ത്ര്യത്തിനാൽ നിയമങ്ങളെ ധിക്കരിച്ച്, സ്വേഛ പോലെ നടക്കുന്ന താന്തോന്നിത്തമല്ല. നന്മയെ കണ്ടെത്തുവാനും, സമൂഹത്തിൽ പുതിയ നന്മകൾക്ക് രൂപം കൊടുക്കുവാനും അങ്ങനെ സങ്കുചിതത്വത്തിന്റെ ശൃംഖലകളെ പൊട്ടിച്ചെറിഞ്ഞ് നിയമമാവശ്യമില്ലാത്തവിധം നിയമത്തിന്റെ ഭിത്തികൾക്കുപരിയുയരുവാനുള്ള സർഗ്ഗപ്രവണമായ ശക്തിയാണ് സ്വാതന്ത്ര്യം. ഇതിൽ വേരൂന്നി കൊണ്ടു തന്നെയാവണം സാഹിത്യം ലക്ഷ്യബോധമുൾക്കൊള്ളേണ്ടത്. ലോകം മുഴുവനും പ്രത്യേകിച്ച് ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിൽ, മാനസികവും സാമൂഹ്യവും, സാമ്പത്തികവുമായ അടിമത്ത്വങ്ങളിൽ നിന്ന് മോചനം പ്രാപിക്കാൻ മനുഷ്യൻ രൂക്ഷമായ സമരത്തിലേർപ്പെട്ടിരിക്കയാണ്. ഈ ജനകോടികളുടെ വിമോചനവും സാഹിത്യത്തിന്റെ സ്വാതന്ത്ര്യനിർവ്വചനത്തിലുൾപ്പെടുത്തണം. ലക്ഷ്യ

ത്തിലേക്കുള്ള പ്രയാണത്തിന്റെ ഏറ്റവും അവശ്യവും സുപ്രധാനവുമായ ഒരു ഘടകമാണിത്.

ക്രിസ്തുവെന്ന ആ പരമബിന്ദുവിലേക്കുള്ള പ്രപഞ്ചത്തിന്റെ തീർത്ഥ യാത്രയെ ത്വരിതപ്പെടുത്തത്തക്കവിധത്തിൽ വ്യക്തികളുടെ ചിന്തയെ സാഹിത്യം രൂപപ്പെടുത്തണം. സമൂഹത്തിന് പുതിയ മൂല്യങ്ങളെ വാർത്തെടുക്കണം. അങ്ങനെ സംസ്കാരത്തെ നിരന്തരമായി സംസ്ക്കരിച്ചു കൊണ്ടിരിക്കണം സാഹിത്യം.

# സഭയുടെ ദൗത്യം

സഭയുടെ ദൗത്യം (Mission) എന്താണെന്നുള്ള ചോദ്യം എന്നും പ്രസക്തമാണ്. സഭയ്ക്കൊരു ദൗത്യമുണ്ട് എന്ന കാര്യത്തിൽ യാതൊരു ക്രൈസ്തവനും സംശയമില്ല. ഈ ദൗത്യത്തെ ഓരോ തലമുറയിലും സംസ്ക്കാരത്തിലും എങ്ങനെ മനസ്സിലാക്കാം, പ്രാവർത്തികമാക്കാം എന്ന കാര്യത്തിലാണ് നിരന്തരമായ വിചിന്തനം ആവശ്യമായിട്ടുള്ളത്. മിഷനില്ലെങ്കിൽ സഭയില്ല എന്നതാണ് വാസ്തവം.

വിശാലമായ അർത്ഥത്തിൽ, സഭയുടെ ജീവിതം തന്നെയാണ് മിഷൻ. ഈ ജീവിതത്തിന്റെ പ്രധാന പ്രത്യേകതകളിലൊന്ന് അത് "ലോകത്തിലായിരിക്കുന്നുവെങ്കിലും ലോകത്തിന്റേതല്ല" എന്നുള്ളതാണ്. ഈ രണ്ടു വ്യത്യസ്ത സ്വഭാവങ്ങളെ ഒരുമിച്ചു കൊണ്ടുപോകുവാൻ പലപ്പോഴും ക്രിസ്ത്യാനികൾക്ക് സാധിക്കുന്നില്ല, അതുകൊണ്ട് ഒന്നുകിൽ സഭ പൂർണ്ണമായും ലൗകീക വ്യാപാരങ്ങളിൽ മുഴുകിക്കഴിയാൻ പലരും അനുവദിക്കുന്നു. അല്ലെങ്കിൽ ചുറ്റുപാടുമുള്ള സമൂഹത്തോട് യാതൊരു ബന്ധവും ഉത്തരവാദിത്തവുമില്ലാതെ, ശുദ്ധമായ ആത്മീയത തേടാൻ ശ്രമിക്കുന്നു. ഈയൊരു ധ്രുവീകരണം സഭയുടെ ദൗത്യത്തെ നശിപ്പിക്കുന്നു. കർത്താവ് തന്റെ ശിഷ്യന്മാരെക്കുറിച്ച് പിതാവിനോട് ഇങ്ങനെ പ്രാർത്ഥിച്ചു: 'പിതാവേ, നീ എന്നെ ലോകത്തിലേക്കു അയച്ചതുപോലെ, ഞാൻ, അവരെയും ലോകത്തിലേക്ക് അയച്ചിരിക്കുന്നു' (യോഹ. 17:18). ലോകത്തിലേക്ക് അയക്കപ്പെട്ടിരിക്കുന്നു എന്നതാണ് സഭയുടെ ജീവിതത്തിന്റെ പ്രത്യേകത. ഈ ദർശനത്തോടെ ലോകത്തിൽ ജീവിക്കുക സഭയുടെ ദൗത്യമാണ്.

യേശുക്രിസ്തുവിന്റെ ദൗത്യം തന്നെയാണ് സഭയുടേതും. കർത്താവ് ലോകത്തിൽ വന്നു മനുഷ്യർക്ക് നന്മ ചെയ്യുകയും ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഖ്യാപിക്കുകയും ലോകത്തിനു മുഴുവൻ വേണ്ടി തന്റെ ജീവൻ നൽകുകയും ചെയ്തു. ഗോതമ്പുമണി നിലത്തു വീണു ചത്തു. അതിൽ നിന്ന് സമൃദ്ധിയായി ജീവൻ മുളച്ചുയർന്നു. ഇവിടെയാണ് സഭയുടെ പ്രതിസന്ധി. കുറെയൊക്കെ നന്മ ചെയ്യാനും സുവിശേഷം പ്രസംഗിക്കാനും സഭ സന്നദ്ധമാണെങ്കിലും സ്വയം നഷ്ടപ്പെടുത്തുവാൻ സഭ തയ്യാറല്ല. പക്ഷേ ഈ സ്വയം വെറുക്കലും നഷ്ടപ്പെടുത്തലും കൂടാതെ സഭയുടെ ദൗത്യം പൂർണ്ണമാകുന്നില്ല.

കർത്താവ് ആഗ്രഹിച്ചതിനു വിപരീതമായി, ലോകത്തിന്റേതായിത്തീ രാനുള്ള പ്രവണത വ്യവസ്ഥാപിത സഭകൾ എപ്പോഴും കാണിക്കുന്നുണ്ട്. ആസ്തികൾ വർദ്ധിപ്പിക്കുന്നതിനും അധികാരം കൈയ്യാളുന്നതിനും മറ്റേ തൊരു രാഷ്ട്രീയ, സാമൂഹ്യ സംഘടനയെപ്പോലെ ക്രിസ്ത്യാനികളായ നാമും സഭയായിട്ട് യത്നിക്കുന്നു. ഈ ശ്രമത്തിന്റെ ഫലമായി മന്ത്രിമന്ദി രങ്ങളുടെ ഇടനാഴികളിലും കോടതി വരാന്തകളിലും പ്രബലരായ സമ്പ ന്നന്മാരുടെ സ്വീകരണ മുറികളിലും നമ്മുടെ വീര്യം നഷ്ടപ്പെടുന്നു. ദരി ദ്രന്മാരോടു സുവിശേഷം അറിയിപ്പാനും ബന്ധനത്തിലിരിക്കുന്നവർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രഖ്യാപിക്കാനും മർദ്ദിതരെയും പീഡിതരെയും മോചിപ്പിച്ചയക്കാനും കർത്താവിന്റെ പ്രസാദവർഷം പ്രസം ഗിപ്പാനും തന്മൂലം നമുക്കു കഴിയാതെ പോകുന്നു. നിലവിലിരിക്കുന്ന അധികാരങ്ങളും സർക്കാരുകളും അനീതിയും അഴിമതിയും കൊണ്ട് ജന ങ്ങളെ പീഡിപ്പിക്കുന്നവയാണെങ്കിൽ അവയ്ക്കെതിരെ ശക്തമായി ആഞ്ഞ ടിക്കാനുള്ള ചുമതല സഭയുടെ ദൗത്യത്തിന്റെ ഭാഗമാണ്. പക്ഷേ, നമുക്കു നമ്മുടേതായ അപ്പക്കക്ഷണങ്ങളും പിച്ചക്കാശും നേടുന്നതിലാണ് താൽപ്പ ര്യമെങ്കിൽ, അധികാരി വർഗ്ഗത്തിന്റെ മുൻപിൽ പഞ്ചപുച്ഛമടക്കി തൊഴുതു നിൽക്കാനേ നമുക്കു കഴിയൂ. എത്ര ഇളകാൻ ശ്രമിച്ചാലും, ഇളകാനാവാ തെ, നമ്മുടെ കടിഞ്ഞാണുകൾ ബലവാന്മാർ അവരുടെ കൈകളിൽ മുറു കെപിടിച്ചിരിക്കുന്നു.

പ്രശസ്തരായ പല സഭാപിതാക്കന്മാരും തിന്മയും അഹങ്കാരവും മുറ്റിയ രാഷ്ട്രീയ – രാജകീയാധികാരങ്ങളെ മുഖത്തു നോക്കി വെല്ലുവിളി ച്ചവരാണ്. വിശുദ്ധനായ കൈസര്യയിലെ മാർ ബസേലിയോസിന്റെ (4–ാം നൂറ്റാണ്ട്) ചരിത്രം പ്രസിദ്ധമാണ്. റോമൻ ചക്രവർത്തിമാരുടെ തെറ്റായ നയങ്ങളെ നിശിതമായി വിമർശിക്കുന്നതിൽ മാർ ബസേലിയോസും അദ്ദേ ഹത്തിന്റെ സുഹൃത്തായ നാസിയാൻസിലെ മാർ ഗ്രിഗോറിയോസും മടി കാണിച്ചിരുന്നില്ല. ഒരിക്കൽ ചക്രവർത്തിയുടെ ഗവർണറുമായി മാർ ബസേ ലിയോസ് ഇടഞ്ഞു. ബസേലിയോസിനെ ചോദ്യം ചെയ്യാനായി ഗവർണർ വിളിപ്പിച്ചു. ഭീഷണികൾ ഒന്നൊന്നായി മുഴക്കിക്കൊണ്ട് ഗവർണർ ചോദി ച്ചു. “നിങ്ങൾ വഴങ്ങുന്നില്ലെങ്കിൽ, നിങ്ങളുടെ വസ്തുവകകൾ മുഴുവൻ കണ്ടുകെട്ടുവാൻ എനിക്കധികാരമുണ്ടെന്ന് അറിയാമോ?”

ബസേലിയോസ് പറഞ്ഞു: ‘എനിക്കു സ്വന്തമായിട്ടുള്ളത് കുറച്ചു പഴയ പുസ്തകങ്ങൾ മാത്രമാണ്. അതല്ലാതെ മറ്റൊന്നും നിങ്ങൾക്ക് കണ്ടുകെ ട്ടാൻ ലഭിക്കില്ല.’

“ഞാൻ കൽപ്പന കൊടുത്താൽ നിങ്ങളെ ക്രൂരമായി മർദ്ദിക്കുവാൻ എന്റെ പടയാളികൾ ഒരുങ്ങുമെന്നറിയാമോ?”

'നിങ്ങളുടെ പടയാളിയുടെ ഒരിടി കൊണ്ടു തന്നെ എന്റെ ദുർബലമായ ഈ ശരീരത്തിൽ നിന്ന് ജീവൻ വിടും. വളരെ നാളായി ഞാൻ ആഗ്രഹി ക്കുന്നതാണ് ഈ ലോകം വിട്ട് എന്റെ കർത്താവിനോട് ചേരണമെന്ന്. ദയവായി ആ ആഗ്രഹം സാധിച്ചു തന്നാൽ ഉപകാരമായിരുന്നു.' നോമ്പും ഉപവാസവും കൊണ്ട് ദുർബലഗാത്രനായ ബസേലിയോസ് പറഞ്ഞു. ഗവ ർണർ പിന്നെയും ഭീഷണികൾ വർഷിച്ചു. ഒന്നിലും വഴങ്ങിയില്ല ബസേ ലിയോസ്. അവസാനം ആശ്ചര്യപൂർവം അക്രൈസ്തവനായ ഗവർണർ പറഞ്ഞു. "ആദ്യമായിട്ടാണ് ഞാൻ ഇത്തരമൊരു മനുഷ്യനെ കാണുന്നത്." ബസേലിയോസ് പറഞ്ഞു 'ആദ്യമായിട്ടായിരിക്കണം നിങ്ങൾ ക്രിസ്ത്യാ നികളുടെ ഒരു മെത്രാനെ നേരിട്ടു കാണുന്നത്.'

ലോകത്തിന്റെ മൂല്യങ്ങൾ സ്വീകരിച്ച് ലോകത്തിന്റേതായിത്തീരാൻ ശ്രമിക്കുന്ന നമുക്ക് ഇത്തരം സാഹസികമായ ഏറ്റുമുട്ടൽ നടത്താൻ കഴി യില്ല. കാരണം ഇവിടെ നമ്മൾ ചരതിച്ചു വയ്ക്കുന്ന കൊച്ചു കൊച്ചു കിഴി ക്കെട്ടുകൾ നഷ്ടപ്പെടുമെന്ന ഭയം തന്നെ. കൂടുതൽ കൂടുതൽ അടിമത്ത ത്തിലേക്കാണ് നാം വഴുതി വീഴുന്നത്. രാഷ്ട്രീയക്കാരുടെയും സമ്പന്ന വർഗ്ഗത്തിന്റേയും പാദസേവകരായി റാൻ മൂളി നിന്ന് നാം തൃപ്തിയട യുന്നു.

അധികാരം കൈയ്യാളുന്ന ഒരു സർക്കാരും അഴിമതിയിൽ നിന്നും ദുര ഹങ്കാരത്തിൽ നിന്നും വിമുക്തരല്ല. ജനകീയ സർക്കാരുകളെന്ന് സ്വയം വിശേഷിപ്പിക്കുന്നവ നിർഭാഗ്യവശാൽ മറ്റു പല ഭരണകൂടങ്ങളേക്കാളും അധികാരപ്രമത്തതയും അനീതിയും അവിശ്വസ്തതയും കാണിക്കുന്നു എന്നതാണ് ഇവിടെ നമ്മുടെ അനുഭവം. ഇതൊക്കെ കണ്ട് കൈയും കെട്ടി രാഷ്ട്രീയ പ്രമാണിമാരുടെ മേശയിൽ നിന്നു വീഴുന്ന അപ്പത്തരികൾ പെറുക്കി അവരുടെ സ്തുതിപാഠകന്മാരായി നിൽക്കുകയാണോ സഭയുടെ ദൗത്യം? "സ്വാതന്ത്ര്യത്തിനായിട്ട് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി" എന്ന വചനം നമുക്കെന്നെങ്കിലും മനസ്സിലാക്കാൻ കഴിയുമോ?

പരിശുദ്ധാത്മാവ് സഭയ്ക്ക് നൽകിയിരിക്കുന്ന ആന്തരിക വീര്യവും ശക്തിയും ഉജ്ജ്വലിപ്പിച്ച് കർത്താവിന്റെ നാമത്തിൽ ലോകത്തെ രൂപാ ന്തരപ്പെടുത്തുകയാണ് സഭയുടെ ദൗത്യം. ലോകത്തിലായിരിക്കുന്നെ ങ്കിലും നാം ലോകത്തിന്റേതല്ല എന്ന് ഒരിക്കൽ കൂടി നമുക്കനുസ്മരിക്കാം.

# കൂട്ടായ കുമ്പസാരം

റഷ്യൻ ഓർത്തഡോക്സ് സഭയ്ക്ക് ആയിരം വർഷം തികഞ്ഞതിന്റെ ആഘോഷങ്ങൾ ആരംഭിക്കുന്നതിനു തൊട്ടുമുമ്പ് 1988 ഏപ്രിൽ മാസത്തിൽ ക്രെംലിൻ കൊട്ടാരത്തിൽ ഒരു കുമ്പസാരം നടന്നു. റഷ്യൻ സഭയുടെ പാത്രിയർക്കീസായ പീമെൻ ബാവായും റഷ്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറിയായ ഗോർബച്ചേവും തമ്മിലായിരുന്നു പരസ്യമായ ആ കുമ്പസാരം.

പാത്രിയർക്കീസിനെ ക്രെംലിനിൽ സ്വീകരിച്ചുകൊണ്ടു സോവിയറ്റു യൂണിയനിലെ അതിശക്തനായ ആ നേതാവ് ഹൃദയസ്പർശിയായ ഒരു പ്രസംഗം ചെയ്തു. കഴിഞ്ഞ എഴുപതു വർഷങ്ങളായി കമ്യൂണിസ്റ്റ് ഭരണകൂടത്തിൽനിന്നും ഓർത്തഡോക്സ് സഭ അനുഭവിക്കേണ്ടി വന്ന പീഡനങ്ങളെക്കുറിച്ചു റഷ്യയിലെ പരമാധികാരിയായ ആ കമ്യൂണിസ്റ്റ് നേതാവ് പരിതപിച്ചു. അതെല്ലാം യഥാർത്ഥ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ നിന്നുള്ള വ്യതിയാനങ്ങളായിരുന്നു എന്ന് അദ്ദേഹം ഏറ്റുപറഞ്ഞു. സഭയുടെ നല്ല സംഭാവനകളെ അദ്ദേഹം അംഗീകരിച്ചു. സഭയും ഗവൺമെന്റും തമ്മിൽ ക്രിയാത്മകമായ ഒരു പുതിയ സമീപനം അദ്ദേഹം വാഗ്ദാനം ചെയ്തു.

മറുപടിയായി അതേ പശ്ചാത്താപത്തിന്റെ ആത്മാവിൽ പാത്രിയർക്കീസ് കമ്യൂണിസ്റ്റ് രാഷ്ട്രത്തലവന്റെ മുൻപിൽ സഭയുടെ കഴിഞ്ഞകാല വീഴ്ചകളെക്കുറിച്ചു ദുഃഖിച്ചു. പുതിയ മാറ്റങ്ങളിൽ സന്തുഷ്ടി പ്രകടിപ്പിച്ചു. ജനങ്ങൾക്കു യഥാർത്ഥ നീതിയും സമത്വവും സമാധാനവും കൈവരുത്തുന്നതിനു രാഷ്ട്രനേതാക്കന്മാരോടൊപ്പം സഭാംഗങ്ങൾ നിലകൊള്ളുമെന്നു ഉറപ്പുകൊടുക്കയും ചെയ്തു.

ഗ്ലാസ്നോസ്റ്റ്, പെരെസ്ത്രോയിക്കാ എന്നീ വാക്കുകളൊക്കെ ഈ സന്ദർഭത്തെ വിശേഷിപ്പിക്കാൻ ചിലർ ഉപയോഗിച്ചേക്കാം. പക്ഷേ, ഇതൊരു കുമ്പസാരമായിരുന്നു. വളരെ പഴയ മട്ടിലുള്ള ഒരു സത്യകുമ്പസാരം. രാഷ്ട്രത്തലവനെ അഭിസംബോധന ചെയ്തപ്പോൾ, സാധാരണ അത്തരം ഔപചാരിക സന്ദർഭങ്ങളിൽ ചെയ്യേണ്ടതുപോലെ മിസ്റ്റർ ഗോർബച്ചേവ് എന്നല്ല പാത്രിയർക്കീസ് വിളിച്ചത്. 'ബഹുമാന്യനായ മിഖായേൽ സെർഗ്

യേവിച്ച്' എന്ന ഓമനപ്പേര് വിളിച്ച പാത്രിയർക്കീസ് അദ്ദേഹത്തിന്റെ സ്നേഹവും ആഴമായ ആത്മീയബന്ധവും പ്രകടമാക്കി.

ഇവിടെ കുമ്പസാരത്തിന്റെ സാമൂഹ്യമാനം (Social dimension) തെളിഞ്ഞുനിൽക്കുന്നു. റഷ്യയിൽ സഭയും രാഷ്ട്രവും തമ്മിൽ സങ്കീർണമായ ഒരു ബന്ധമാണ് നിലനിന്നിരുന്നത്. റഷ്യൻ ജനതയ്ക്ക് സ്വന്തമായ ലിപിയും എഴുത്തുഭാഷയും സംസ്ക്കാരികമായ തനിമയും നൽകിയതു റഷ്യൻ ഓർത്തഡോക്സ് സഭയായിരുന്നു. നിരവധി നിർണായക നിമിഷങ്ങളിൽ വിദേശാക്രമണങ്ങൾക്കെതിരെ ഒരു വൻകോട്ട പോലെ നിലകൊണ്ടു സഭ ജനങ്ങളെ സംരക്ഷിച്ചു. വിവിധ ഗോത്രങ്ങളിലായി തമ്മിലടിച്ചു കഴിഞ്ഞിരുന്ന റഷ്യൻ ജനതയെ സഭയാണ് ഒന്നാക്കിയത്.

പക്ഷേ, ചരിത്രത്തിന്റെ ചില ദശാസന്ധികളിൽ ഔദ്യോഗിക സഭാനേതൃത്വം മർദ്ദക ഭരണകൂടത്തിന്റെയും ഉപരിവർഗ്ഗത്തിന്റെയും ചട്ടുകമായിത്തീർന്നു തെറ്റായ മാർഗത്തിൽ ചരിച്ചിട്ടുണ്ട്. അതിനുള്ള തിരിച്ചടിയായിരുന്നു ഒക്ടോബർ വിപ്ലവം തൊട്ടു റഷ്യൻസഭ അനുഭവിച്ചത്.

റഷ്യൻ സമൂഹത്തിൽ യഥാർത്ഥ നീതിയും സമത്വവും കൈവരുത്തുവാൻ ആരംഭിച്ച സോഷ്യലിസ്റ്റ് വിപ്ലവം കുറെ കഴിഞ്ഞപ്പോൾ ജനങ്ങൾക്കു യഥാർത്ഥ സ്വാതന്ത്ര്യം നിഷേധിക്കുന്നതും മനുഷ്യാവകാശധ്വംസകവുമായ ഭരണകൂടങ്ങൾക്കു ജന്മം നൽകി. രാഷ്ട്രനേതൃത്വവും തെറ്റായ വഴികളിലേക്ക് നീങ്ങി.

സഭയും രാഷ്ട്രവും ഈ ക്രെംലിൻ കുമ്പസാരത്തിലൂടെ തങ്ങളുടെ തെറ്റുകൾ ഏറ്റുപറഞ്ഞു പശ്ചാത്താപത്തോടെ പരസ്പരം സ്വീകരിക്കയും സ്വാതന്ത്ര്യത്തിലും നീതിയിലും ജനക്ഷേമത്തിലും ഊന്നിയ പുതിയൊരു ബന്ധം ഇനിയുണ്ടാകുമെന്നു പരസ്പരം ഉറപ്പുകൊടുക്കയും ചെയ്തു.

സാധാരണഗതിയിൽ ഒരു വ്യക്തിയുടെ അനുതാപം, ഏറ്റുപറച്ചിൽ, മാനസ്സാന്തരം എന്നിവയോടാണു നാം കുമ്പസാരത്തെ ബന്ധിപ്പിക്കുന്നത്. ഇതുപോലെതന്നെ സുപ്രധാനമാണു കുമ്പസാരത്തിന്റെ സാമൂഹ്യമാനം, അഥവാ, സമൂഹങ്ങളുടെ അനുതാപം, ഏറ്റുപറച്ചിൽ, മാനസ്സാന്തരം എന്നിവ. ഒരു വ്യക്തിയുടെ യഥാർത്ഥ കുമ്പസാരത്തിന് അനേകം സൽഫലങ്ങൾ ചുറ്റുപാടും ഉളവാക്കാൻ കഴിയുന്നതുപോലെ, സമൂഹത്തിന്റെ കുമ്പസാരത്തിനു വ്യാപകമായ സൽഫലങ്ങളെ ഉണ്ടാക്കുന്നതിനും ചരിത്രത്തിന്റെ ഗതിയെ അഭികാമ്യമായ രീതിയിൽ തിരിച്ചുവിടുന്നതിനും കഴിയും.

സമൂഹം ഒന്നടങ്കം ക്രിസ്തീയ വിശ്വാസം സ്വീകരിക്കാനിടയാക്കിയ ബഹുജന മാനസ്സാന്തരം (mass conversion) ചിലപ്പോൾ ചരിത്രത്തിലു

ണ്ടായിട്ടുണ്ട്. കുസ്തന്തീനോസ് ചക്രവർത്തിയുടെ കാലത്തു ക്രിസ്തീയ വിശ്വാസം സ്വീകരിച്ച റോമൻ സാമ്രാജ്യത്തിലെ പ്രജകൾ, മൂന്നാം നൂറ്റാണ്ടിൽ രാഷ്ട്രമെന്ന നിലയിൽ ക്രിസ്തുവിലുള്ള വിശ്വാസത്തെ സ്വീകരിച്ച അർമ്മീനിയക്കാർ, ഒൻപതാം നൂറ്റാണ്ടിൽ ക്രിസ്തുമതം സ്വീകരിച്ച റഷ്യൻ ജനത ഇങ്ങനെ ജനത ഒന്നടങ്കം ക്രിസ്തീയ വിശ്വാസത്തിലേക്കു വന്ന സംഭവങ്ങളെ ചരിത്രകാരന്മാർ സംശയദൃഷ്ടിയോടെ വീക്ഷിക്കുന്നു. വ്യക്തിപരമായ ബോധ്യത്തേക്കാളുപരി, ഭരണകർത്താക്കളുടെ പ്രേരണ, സാമൂഹ്യസമ്മർദ്ദങ്ങൾ തുടങ്ങിയവയാണ് ഇത്തരം മാനസ്സാന്തരത്തിനു പുറകിൽ എന്ന ആരോപണം ഒരളവുവരെ ശരിയാണ്. വ്യക്തിപരവും യുക്തിപൂർവകവുമായ വിശ്വാസത്തിൽ മാത്രം ക്രിസ്തീയതയുടെ അർത്ഥം കാണുന്ന ചരിത്രകാരന്മാരാണു കൂടുതലും ഈ ആരോപണം ഉന്നയിക്കുന്നത്.

എന്നാൽ ഇതിനൊരു മറുവശമുണ്ട്. ഭരണകർത്താക്കളുടെ മാതൃക അനുകരിച്ചോ സമൂഹത്തിന്റെ ഒഴുക്കനുസരിച്ചോ എങ്ങിനെയാണെങ്കിലും പുതിയ വിശ്വാസം സമൂഹം മുഴുവനായും സ്വീകരിക്കുമ്പോൾ വിപ്ലവകരമായ മാറ്റങ്ങളാണു സമൂഹത്തിൽ ഉളവാകുന്നത്. സമൂഹത്തിന്റെ ധാർമ്മികമൂല്യങ്ങളിലും സദാചാരരീതികളിലും സാമൂഹ്യബന്ധങ്ങളിലും വൻ മാറ്റങ്ങൾ ഉണ്ടാകുന്നു. വിവാഹബന്ധം തന്നെ ഉദാഹരണമായെടുക്കാം. ബഹുഭാര്യത്വം, ബഹുഭർതൃത്വം എന്നിവയും അവയോടു ബന്ധപ്പെട്ട നിരവധി ആചാരങ്ങളും മനുഷ്യപീഡനവും നിലനിന്നിരുന്ന സമൂഹങ്ങളിൽ ക്രിസ്തീയ വിശ്വാസം സമൂലപരിവർത്തനം വരുത്തി മനുഷ്യജീവന്റെ അന്തസ്സ്, പരസ്പര ബഹുമാനം, സത്യസന്ധത, സാമൂഹ്യസമത്വം, സ്വാതന്ത്ര്യബോധം, പ്രത്യാശ തുടങ്ങിയ മൂല്യങ്ങളെല്ലാം പല സമൂഹങ്ങളിൽ രൂഢമൂലമാക്കുന്നതിനു ക്രിസ്തീയ വിശ്വാസത്തിന്റെ സാമൂഹ്യ സ്വാംശീകരണം കാരണമായി. ഈ മാറ്റങ്ങളെ നമുക്കു സമൂഹത്തിന്റെ മാനസ്സാന്തരം എന്നു വിളിക്കാം. വ്യക്തിക്കുണ്ടാകുന്ന മാനസ്സാന്തരം എല്ലായ്പോഴും സമൂഹഘടനകളെ മാറ്റിമറിക്കാൻ ശക്തമാകണമെന്നില്ല. പല വ്യക്തികളും തങ്ങളുടെ മാനസാന്തരത്തെ വ്യക്തിപരമായ മണ്ഡലത്തിൽ ഒതുക്കി നിർത്തുകയും ചെയ്യുന്നു. എന്നാൽ സമൂഹത്തിന്റെ മാനസാന്തരം രാഷ്ട്രീയ സംവിധാനത്തെയും, ഭരണഘടനകളെയും സാമൂഹ്യനിയമങ്ങളെയും നല്ല രീതിയിൽ പുനഃസംഘടിപ്പിക്കുവാൻ ശക്തമായിത്തീരുന്നു.

ആധുനികകാലത്തു സമൂഹം പശ്ചാത്തപിക്കുന്നതിനു നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുവാൻ കഴിയും. രണ്ടാം ലോകയുദ്ധകാലത്തു ജർമ്മൻ ജനതയുടെ നേതാവായി ഉയർന്ന ഹിറ്റ്ലർ യഹൂദവംശത്തെ തുടച്ചുനീക്കുവാൻ നടത്തിയ അതിനിഷ്ഠൂരമായ പ്രവർത്തനങ്ങൾ മനുഷ്യചരിത്രത്തിലെ ഏറ്റവും ഇരുണ്ട അദ്ധ്യായങ്ങളിലൊന്നാണ്. ജർമ്മൻ ജനത

യിൽ ഒരു നല്ല പങ്കും ഇന്ന് അതിൽ അനുതപിക്കുന്നു. ലക്ഷോപലക്ഷം മനുഷ്യരെ ചുട്ടുകരിച്ച നാറ്റ്സി കോൺസെൻട്രേഷൻ ക്യാമ്പുകളിലേക്ക് അനുതാപത്തിന്റെ കണ്ണീരോടുകൂടി തീർത്ഥാടനം നടത്തുന്ന ജർമ്മൻ യുവജനങ്ങളെ ഇന്നു ധാരാളം കാണാൻ കഴിയും.

കൊളോണിയൽ വാഴ്ചക്കാലത്ത് ഏഷ്യയിലും ആഫ്രിക്കയിലും ലാറ്റിൻ അമേരിക്കയിലുമുള്ള പാവപ്പെട്ട രാജ്യങ്ങളെ അടക്കി ഭരിക്കയും ഞെക്കിപ്പിടിക്കുകയും മനുഷ്യാന്തസ്സിനെ ചവിട്ടിമെതിക്കയും ചെയ്ത കൊളോണിയൽ സാമ്രാജ്യങ്ങൾ ഇന്ന് ഏറെക്കുറെ അവരുടെ പ്രവർത്തനങ്ങളിൽ പശ്ചാത്താപം പ്രകടിപ്പിക്കുന്നുണ്ട്. ഇത്തരം പശ്ചാത്താപ പ്രകടനത്തിൽ രാഷ്ട്രങ്ങളോ ജനതകളോ പൂർണമായും പങ്കുചേരുന്നുണ്ടെന്നു പറഞ്ഞുകൂടാ. ഉണ്ടായിരുന്നെങ്കിൽ ദക്ഷിണാഫ്രിക്കാ പോലുള്ള സ്ഥലങ്ങളിൽ വെള്ളക്കാരുടെ മർദ്ദക ഭരണകൂടങ്ങളെ നിലനിർത്തുവാൻ ബ്രിട്ടനും അമേരിക്കയും സഹായിക്കയില്ലായിരുന്നു. പക്ഷേ, പശ്ചാത്താപത്തിന്റെ ആത്മാർത്ഥമായ ലക്ഷണങ്ങൾ കാണിക്കുന്ന ഒരു നല്ല വിഭാഗം ആളുകൾ പാശ്ചാത്യ രാജ്യങ്ങളിലുണ്ട് എന്നതു വാസ്തവമാണ്.

സാമ്പത്തിക - സാമൂഹ്യ മണ്ഡലങ്ങളിൽ അന്താരാഷ്ട്രീയമായി പല രാജ്യങ്ങളും അനുതാപത്തിന്റെയും കുമ്പസാരത്തിന്റെയും പടികടന്നെങ്കിൽ മാത്രമേ, സമാധാനവും നീതിയും മനുഷ്യരാശിക്ക് ഉറപ്പാകയുള്ളൂ. പാവപ്പെട്ട ജനതകളെ ചൂഷണം ചെയ്യുന്ന ബഹുരാഷ്ട്ര കമ്പനികളും മറ്റു രാജ്യങ്ങളിലെ രാഷ്ട്രീയ വ്യവസ്ഥിതിയെ തകിടം മറിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന വൻകിട രാഷ്ട്രങ്ങളും ആയുധശേഖരണത്തിലൂടെയും വിൽപ്പനയിലൂടെയും മനുഷ്യവർഗ്ഗത്തെ നാശത്തിലേക്കു നയിക്കുന്ന രാഷ്ട്രീയ-സാമ്പത്തിക താല്പര്യങ്ങളും ശരിക്കും കുമ്പസാരിക്കാതെ നമ്മുടെ ലോകത്തിൽ നന്മ കൈവരുകയില്ല. അഖിലലോക സഭാകൗൺസിൽ പോലെയുള്ള പല രാഷ്ട്രീയേതര സംഘടനകളുടെയും പ്രധാന ശ്രമം ഈയൊരു ബോധം അന്താരാഷ്ട്രതലത്തിൽ സൃഷ്ടിച്ച് ഒരു സാമൂഹ്യ മാനസാന്തരത്തിനു വഴിയൊരുക്കുകയെന്നതാണ്.

പക്ഷേ ഇതു ദുഷ്കരമായൊരു യത്നമാണ്. വ്യക്തികളുടെ മനസ് അനുതാപത്തിനു വഴങ്ങാതെ കഠിനമാകുന്നതുപോലെ സമൂഹത്തിന്റെ മനസ്സും കഠിനമാകാം. ഭോപ്പാലിൽ സംഭവിച്ച മഹാദുരന്തത്തിൽ സഹതപിക്കാത്ത വ്യക്തികൾ ഒരു പക്ഷേ ലോകത്തിൽ ആരും കാണുകയില്ല. പക്ഷേ അനേകായിരങ്ങളെ നിരാലംബരും രോഗികളുമാക്കിയ ആ ദുരന്തത്തിനു കാരണമായ യൂണിയൻ കാർബൈഡ് എന്ന ഭീമൻ ബഹുരാഷ്ട്രകമ്പനി ദുഃഖിക്കുകയോ പശ്ചാത്തപിക്കയോ ചെയ്യുന്നില്ല. തങ്ങളുടെ വാർഷിക വരുമാനത്തിന്റെ വളരെച്ചെറിയൊരംശം ദുരന്തത്തിനിരയായ

വർക്കു നൽകാൻ അവർ സന്മനസ്സു കാണിച്ചിരുന്നെങ്കിൽ, ഇപ്പോൾ സമ്മർദ്ദം കൊണ്ട് കൊടുക്കാമെന്നു സമ്മതിച്ചിരിക്കുന്ന പണത്തിന്റെ എത്രയോ ഇരട്ടിയാകുമായിരുന്നു അത്. ഇവിടെ പണം മാത്രമല്ല പ്രശ്നം. കൊള്ളലാഭമെടുക്കാൻ വേണ്ടി പാവപ്പെട്ട രാജ്യത്തെ പാവങ്ങളിൽ പാവങ്ങളായവരെ ഊറ്റിപ്പിഴിയുകയും നശിപ്പിക്കയും ചെയ്യുന്നതു തെറ്റാണെന്നുള്ള ധാർമ്മികബോധം ഈ അമേരിക്കൻ കമ്പനിക്കില്ല. കാരണം ലാഭത്തിലും മുതലിലും അധികാരത്തിലും മാത്രം വിശ്വാസമർപ്പിച്ചിരിക്കുന്ന ഒരു സംസ്കാരത്തിലാണ് ആ കമ്പനിയുടെ വേരുകൾ. അതുകൊണ്ട് പതിനായിരങ്ങളെ കൊന്നാലും കമ്പനിക്കു ലാഭമുണ്ടാക്കാൻ കഴിയുമെങ്കിൽ അതു വൻവിജയമായും പുരോഗതിയുടെ അടയാളമായും അവർ കരുതുന്നു. വ്യക്തികൾ അനുതപിച്ചാലും സമൂഹം അനുതപിക്കണമെന്നു നിർബന്ധമില്ല ഇവിടെയാണു സാമൂഹ്യ മാനസാന്തരത്തിന്റെ പ്രസക്തി നാം കാണേണ്ടത്.

നമ്മുടെ ധർമ്മശാസ്ത്രങ്ങളിൽ പൊതുവേ കാണുന്ന ഒരു ആന്തരിക വൈരുദ്ധ്യമുണ്ട്. വ്യക്തി ചെയ്യരുതെന്നു അനുശാസിക്കുന്ന കാര്യങ്ങൾ സമൂഹം ചെയ്യുമ്പോൾ നമ്മുടെ ധർമ്മശാസ്ത്രം അവയെ ന്യായീകരിക്കുന്നു. ഉദാഹരണമായി, ഒരു വ്യക്തി മറ്റൊരുവനെ കൊല്ലുന്നതു കഠിനമായ തെറ്റാണെന്നു നാം പറയുന്നു. എന്നാൽ ഒരു രാജ്യവും മറ്റൊരു രാജ്യവുമായി യുദ്ധം ചെയ്യുമ്പോൾ ആ വ്യക്തി തന്നെ എതിർചേരിയിലുള്ള വ്യക്തികളെ കൊല്ലുന്നതു തെറ്റല്ലെന്നു മാത്രമല്ല, അങ്ങനെ കൊല്ലുന്നവനെ രാജ്യം ബഹുമാനിക്കയും, വീരശൃംഖലകൾ സമ്മാനിക്കയും ചെയ്യുന്നു. സ്വന്തം രാജ്യത്തിന്റെ സുരക്ഷിതത്വം എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ കൊലപാതകത്തെ ന്യായീകരിക്കുന്നതും കൊലയാളിയെ ബഹുമാനിക്കുന്നതും, പക്ഷേ, ചരിത്രം നമ്മെ പലപ്പോഴും പഠിപ്പിച്ചിട്ടുള്ളതുപോലെ, രാജ്യസ്നേഹം, വംശസ്നേഹം തുടങ്ങിയവ നല്ല മൂല്യങ്ങളായി നാം കരുതുന്നുണ്ടെങ്കിലും, പല അവസരങ്ങളിലും ഇവ അന്ധമായിത്തീർന്ന് ഒടുങ്ങാത്ത വൈരവും, വിദ്വേഷവും അഹങ്കാരവും സൃഷ്ടിക്കാൻ കാരണമാകുന്നു. അഡോൾഫ് ഹിറ്റ്ലറും അയാളെ പിൻതുടർന്ന നല്ലൊരു ശതമാനം ജർമ്മൻ ജനതയും ദേശസ്നേഹത്തിന്റെയും വംശസ്നേഹത്തിന്റെയും പേരിലാണു മനുഷ്യചരിത്രത്തിലെ ഏറ്റവും കിരാതമായ പ്രവർത്തനത്തിലേർപ്പെട്ടത് എന്നു നാം ഓർക്കുക.

വ്യക്തി കോഴ വാങ്ങുകയോ കൊടുക്കുകയോ ചെയ്യരുതെന്ന് ഉപദേശിക്കുന്ന മതങ്ങൾ, സ്വന്തം സ്ഥാപനങ്ങളോ സംഘടനകളോ സാമൂഹ്യതലത്തിൽ കോഴ വാങ്ങിച്ചാൽ അതിനെ എതിർക്കുന്നില്ല. വ്യക്തികൾ പരസ്പരം ബഹുമാനിക്കയും സഹായിക്കയും ചെയ്യണമെന്ന് അനുശാസിക്കുന്ന സമൂഹങ്ങൾ ഇതര സമൂഹങ്ങളുമായി വിദ്വേഷം വച്ചുപുലർത്തു

ന്നതിനെ ന്യായീകരിക്കുന്നു . ഇതാണു ധർമ്മശാസ്ത്രങ്ങളിലെ ആന്തരിക വൈരുദ്ധ്യമെന്നു സൂചിപ്പിച്ചത്.

ക്രിസ്തീയ ധർമ്മശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ഈ വൈരുദ്ധ്യത്തെ ന്യായീകരിക്കാനാവില്ല. സഭാംഗങ്ങളായ വ്യക്തികൾ അനുഷ്ഠിക്കണമെന്നു സഭ അനുശാസിക്കുന്ന ധാർമ്മിക പ്രമാണങ്ങൾ സഭയുടെ പൊതു ജീവിതത്തിലും പാലിക്കപ്പെടേണ്ടതാണ്. നോമ്പിലെ പ്രാർത്ഥനകളിൽ വിശേഷിച്ചും വ്യക്തികൾ നീതിപൂർവകമായ ജീവിതം പിൻതുടരണമെന്നും ദരിദ്രർക്കും പീഡിതർക്കും ന്യായം പാലിച്ചുകൊടുക്കണമെന്നുമുള്ള ഉൽബോധനങ്ങൾ ധാരാളമാണ്. ഇതു വ്യക്തിയോടു മാത്രമായി നടത്തുന്ന ധാർമ്മികോൽബോധനമായി നാം കരുതരുത്. സമൂഹത്തിൽ നീതിപൂർവകമായ ഘടനകൾ സൃഷ്ടിക്കാനും സമൂഹത്തിലെ അന്യായത്തിനും അധർമ്മത്തിനുമെതിരെ ആഞ്ഞടിക്കാനും സഭയെന്ന നിലയിൽ നമുക്കു ചുമതലയുണ്ടെന്നും ഇതു നമ്മെ ഓർമ്മിപ്പിക്കുന്നു. വ്യക്തി അനുഷ്ഠിക്കേണ്ട ധാർമ്മിക പ്രമാണവും സമൂഹം അനുഷ്ഠിക്കേണ്ട ധാർമ്മിക പ്രമാണവും തമ്മിൽ പരസ്പരം ബന്ധമില്ലാതെ വരുന്നതു ക്രിസ്തീയ തത്വങ്ങൾക്കു നിരക്കുന്നതല്ല.

കുറ്റം ഏറ്റുപറഞ്ഞു പരസ്യമായി കുമ്പസാരിക്കുന്ന സമൂഹങ്ങളെയും സംഘടനകളെയും നാം അധികം കാണാറില്ല. ഒന്നാമത്തെ കാരണം സമൂഹങ്ങൾക്കു ചുരുക്കമായേ കുറ്റബോധം വരാറുള്ളൂ എന്നതാണ്. കുറ്റബോധം ഉണ്ടായാൽ തങ്ങളുടെ താൽപ്പര്യങ്ങൾ ഹനിക്കപ്പെടും എന്നു വിചാരിക്കുന്ന ശക്തികൾ സമൂഹത്തിനുള്ളിൽ പ്രവർത്തിച്ച് തെറ്റിനെ ശരിയാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കും. പഴയനിയമ പ്രവാചകന്മാരുടെ പ്രധാന ശ്രമങ്ങളിലൊന്നു യഹൂദസമൂഹത്തെ അതിന്റെ തന്നെ കുറ്റങ്ങളെക്കുറിച്ചു ബോധമുള്ളതാക്കുക എന്നതായിരുന്നു. എപ്പോഴും സംഘടിത മതവും സംഘടിതമായ പ്രത്യയശാസ്ത്രങ്ങളും പൊതുവായ ആത്മവിമർശനത്തിനും കുറ്റബോധത്തിനും എതിരായി നിൽക്കും. കർത്താവു തന്റെ പ്രവചനദൗത്യം യഹൂദ സമൂഹത്തിൽ നിറവേറ്റാൻ യത്നിച്ചു. പക്ഷേ സമൂഹഹൃദയം കഠിനമായിത്തീർന്നു. അതുകൊണ്ടു സമൂഹം സ്വയം ന്യായവിധിയിലേക്കു പ്രവേശിക്കയും ചെയ്യുന്നു.

കുറ്റബോധമുണ്ടായെങ്കിലെ അനുതാപവും ഏറ്റുപറച്ചിലുമുണ്ടാകൂ. സ്വന്തം വീഴ്ചകൾ ആത്മാർത്ഥതയോടെ ഏറ്റുപറയുന്ന സമൂഹങ്ങളും സഭകളും ഉണ്ടെങ്കിൽ അതു നമ്മുടെ ലോകചരിത്രത്തെ നിർണായകമായി സ്വാധീനിക്കയും മനുഷ്യരാശിക്കു നന്മയുടെ പുതിയ ചക്രവാളങ്ങളെ കണ്ടെത്തുകയും ചെയ്യും. അതിനുള്ള ഒരു നല്ല ഉദാഹരണമാണ് റഷ്യൻ ഓർത്തഡോക്സ് സഭയുടെയും റഷ്യൻ സോഷ്യലിസ്റ്റ് ഭരണകൂടത്തിന്റെയും പരസ്പര കുമ്പസാരത്തിൽ ചൂണ്ടിക്കാണിച്ചത്. യുദ്ധഭീഷണി

കൊണ്ടും പരസ്പരഭീതി കൊണ്ടും കലുഷമായിരുന്ന നമ്മുടെ ലോകത്തിൽ പുതിയ പ്രത്യാശയുടെ ചില എളിയ തിരിനാളങ്ങളെങ്കിലും കൊളുത്തുവാൻ അതിനു കഴിഞ്ഞു.

സമൂഹ മാനസാന്തരവും കൂട്ടായ കുമ്പസാരവും നമ്മുടെ ലോകത്തിന്റെ അടിയന്തിരമായ ആവശ്യങ്ങളാണ്.

# എക്യുമെനിക്കൽ പ്രസ്ഥാനവും ഓർത്തഡോക്സ് സഭകളും

ക്രിസ്തീയ സഭകളുടെ ഐക്യത്തിനു വേണ്ടിയുള്ള 'എക്യുമെനിക്കൽ' പ്രസ്ഥാനം എന്നാണ് ആരംഭിച്ചത് എന്നു ചോദിച്ചാൽ, അതിന് ക്രിസ്തീയ സഭയോളം തന്നെ പഴക്കമുണ്ടെന്ന് ഒരർത്ഥത്തിൽ പറയാം. ഭിന്നതയുടെ ചരിത്രം ഐക്യത്തിനു വേണ്ടിയുള്ള അന്വേഷണത്തിന്റെ ചരിത്രവുമാണ്.

അപ്പോസ്തലന്മാരുടെ ജീവിതകാലത്തു തന്നെ, ആദിമസഭയിൽ തർക്കങ്ങളും അതേതുടർന്നുള്ള കക്ഷിപിരിയലും മുളപൊട്ടുന്നതു കാണാം. അവയിൽ ചിലതു വേദശാസ്ത്ര സംബന്ധികളാണെങ്കിൽ ചിലതു ഭാഷ, സംസ്കാരം, വർഗം എന്നിവയോടു ബന്ധപ്പെട്ടതും പലതും സ്ഥാനമാനങ്ങളെയും അധികാരത്തെയും ചൊല്ലിയുമായിരുന്നു. ആ പ്രവണത പിൽക്കാല സഭാചരിത്രത്തിൽ ഉടനീളം കാണാം.

ഗ്രീക്ക് ഭാഷ സംസാരിക്കുന്ന 'മറുനാടൻ' യഹൂദക്രിസ്ത്യാനികളും എബ്രായഭാഷക്കാരായ നാടൻ യഹൂദക്രിസ്ത്യാനികളും തമ്മിൽ ആദിമസഭയിലുണ്ടായ തർക്കം ഭക്ഷണം വിളമ്പുന്നതിനെക്കുറിച്ചായിരുന്നെങ്കിലും അതിനു പുറകിൽ ഭാഷ, സംസ്കാരം എന്നിവയുടെ പ്രശ്നം ഉൽഭവിച്ചിരുന്നു (അപ്പോ. പ്ര. 6:1). കോരിന്തിലെ സഭയിൽ പൗലോസിന്റെ പക്ഷക്കാർ, അപ്പൊല്ലോസിന്റെ പക്ഷക്കാർ എന്നിങ്ങനെ കക്ഷിതിരിവുണ്ടായതിനെ പൗലോസ് ശ്ലീഹാ അപലപിക്കുന്നുണ്ടല്ലോ (1 കോരി. 1:12). യഹൂദരിൽ നിന്ന് ക്രിസ്ത്യാനികളായവരും വിജാതികളിൽ നിന്നു ക്രിസ്ത്യാനികളായവരും തമ്മിലുള്ള ഉരസൽ പുതിയനിയമത്തിൽ ഉടനീളം കാണാം. അപ്പോസ്തോലന്മാരായ പത്രോസിന്റെയും പൗലോസിന്റെയും വീക്ഷണ വ്യത്യാസങ്ങളിൽ അതു പ്രതിഫലിക്കുന്നുണ്ട്.

പക്ഷേ, ഈ വിഭിന്നനിലപാടുകൾ സഭയെ പിളർത്തിയില്ല. ഒരേ സഭാശരീരത്തിനുള്ളിൽത്തന്നെ വ്യത്യസ്തമായ കാഴ്ചപ്പാടുകൾ നിലനിൽക്കുന്നതായി നാം കാണുന്നു. ആദ്യത്തെ സുന്നഹദോസ് എന്നറിയപ്പെടുന്ന യറുശലേം സുന്നഹദോസ് അപ്പോസ്തലന്മാർ വിളിച്ചുകൂട്ടിയതു സഭയുടെ ഐക്യത്തെ സംരക്ഷിക്കുന്നതിനു വേണ്ടിയാണ്. യഹൂദ പാരമ്പര്യത്തിൽ നിന്നു വ്യത്യസ്തമായി യേശുക്രിസ്തുവിലുള്ള വിശ്വാസത്തെ മനസ്സിലാ

ക്കുന്ന ക്രിസ്തീയ സഭകൾ 'വിജാതീയ' നഗരങ്ങളിൽ ഉണ്ടായപ്പോൾ പത്രോസ് ശ്ലീഹാ അടക്കമുള്ള മിക്ക യഹൂദ ക്രിസ്ത്യാനികൾക്കും അതുൾക്കൊള്ളാൻ ബുദ്ധിമുട്ടായി വന്നു. അവർ തമ്മിലുള്ള തർക്കങ്ങൾ സഭയെ പിളർക്കരുത് എന്ന ലക്ഷ്യത്തോടെയാണു യറുശലേം സുന്നഹദോസ് വേണ്ട ക്രമീകരണങ്ങൾ അക്കാര്യത്തിൽ ചെയ്തത്. അപ്പോൾ എക്യുമെനിക്കൽ പ്രസ്ഥാനം അപ്പോസ്തോലിക കാലത്തു തന്നെ ഉദയം ചെയ്തു കഴിഞ്ഞു.

ഭിന്നാഭിപ്രായങ്ങളും വ്യാഖ്യാനഭേദങ്ങളും ധാരാളം ആദിമസഭയിൽ ഉണ്ടായിരുന്നെങ്കിലും, സഭയിൽ ഗണ്യമായ പിളർപ്പുണ്ടാകുന്നത് അഞ്ചാം നൂറ്റാണ്ടിലാണ്. എഫേസൂസ് സുന്നഹദോസിനെയും (431) കൽക്കിദോൻ സുന്നഹദോസിനെയും (451) ചുറ്റിപ്പറ്റിയുണ്ടായ സംഭവവികാസങ്ങൾ സാർവ്വത്രിക സഭയുടെ ഐക്യത്തെ തകർത്തു. അന്നുണ്ടായ സഭാ വിഭജനങ്ങൾ 15 നൂറ്റാണ്ടുകൾക്കുശേഷം ഇന്നുവരെയും നിലനിൽക്കുന്നു. ആ വിഭജനങ്ങളെ മറികടക്കാനുള്ള ശ്രമങ്ങൾ അന്നുതൊട്ടു തുടങ്ങിയെങ്കിലും ഈ നൂറ്റാണ്ടിൽ, ആധുനിക എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ തണലിൽ അത്തരം ശ്രമങ്ങൾ ആശാവഹമായ പുരോഗതി നേടിയിട്ടുണ്ട്. ഗ്രീക്ക് പാരമ്പര്യത്തിലുള്ള ഓർത്തഡോക്സ് സഭകളും പുരാതന പൗരസ്ത്യ ഓർത്തഡോക്സ് സഭകളും (കോപ്റ്റിക്, സിറിയൻ, അർമീനിയൻ, എത്യോപ്യൻ, ഇൻഡ്യൻ) തമ്മിലുള്ള ബന്ധത്തിൽ കൈവന്നിരിക്കുന്ന പുരോഗതി ഒരു നല്ല ഉദാഹരണമാണ്. ഒരിക്കൽ മുറിഞ്ഞുപോയ കൗദാശികബന്ധം പുനഃസ്ഥാപിക്കാനുള്ള സാധ്യതകൾ തെളിഞ്ഞുകൊണ്ടിരിക്കുന്നു.

ഈ നൂറ്റാണ്ടിന്റെ ആരംഭദശകത്തിൽ പാശ്ചാത്യ പ്രോട്ടസ്റ്റന്റ് മേഖലകളിൽ ആരംഭിച്ച എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ സൽഫലങ്ങളിലൊന്നാണ് അഖിലലോക സഭാകൗൺസിൽ (ഡബ്ല്യു. സി. സി). 1948-ൽ ആംസ്റ്റർഡാമിൽ വച്ചു നടന്ന സമ്മേളനത്തിൽ ലോകസഭാ കൗൺസിൽ രൂപവൽക്കരിക്കുമ്പോൾ, മലങ്കര ഓർത്തഡോക്സ് സഭയുൾപ്പെടെയുള്ള ചില ഓർത്തഡോക്സ് സഭകൾ അതിന്റെ സ്ഥാപകാംഗങ്ങളായിത്തീർന്നു. എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ മുഖ്യനേതൃത്വം പശ്ചിമയൂറോപ്പിലും അമേരിക്കയിലുമുള്ള പ്രോട്ടസ്റ്റന്റ് നേതാക്കന്മാരുടെ കൈയിലായിരുന്നെങ്കിലും, ക്രമേണ എല്ലാ ഓർത്തഡോക്സ് സഭകളും കൗൺസിലിൽ അംഗങ്ങളായി തീർന്നു. റോമൻ കത്തോലിക്കാ സഭ ആദ്യമൊക്കെ കൗൺസിൽ പ്രവർത്തനങ്ങളോടു നിസ്സഹകരിച്ചെങ്കിലും, പിന്നീട് ലോകകൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന 'ഫെയ്ത്ത് ആൻഡ് ഓർഡർ' കമ്മീഷനിലും ബോസ്സേ എക്യുമെനിക്കൽ ഇൻസ്റ്റിട്യൂട്ടിലും ഔദ്യോഗികമായി പങ്കെടുത്തു തുടങ്ങി. കൗൺസിലിൽ അംഗത്വമില്ലെങ്കിലും, കത്തോലിക്കാ സഭ,

രണ്ടാം വത്തിക്കാൻ സുന്നഹദോസിനുശേഷം, ലോകസഭാ കൗൺസിൽ പ്രവർത്തനങ്ങളെ ഗൗരവമായി പരിഗണിച്ചിരുന്നു. എങ്കിലും പാപ്പാ ജോൺ പോൾ രണ്ടാമന്റെ കാലത്ത് അത്തരം എക്യുമെനിക്കൽ ബന്ധങ്ങളിൽ പൊതുവെ തണുപ്പൻ നയമാണ് കണ്ടത്. എല്ലാ സഭകളും കത്തോലിക്കാസഭയിൽ ലയിക്കുകയാണ് ഐക്യത്തിനുള്ള മാർഗം എന്ന പഴയ ചിന്താഗതിയിലേക്കാണ് അവർ നീങ്ങുന്നത് എന്നു പലരും ആരോപിക്കുന്നു.

ലോകകൗൺസിലിൽ എല്ലാ സ്വതന്ത്ര (autocephalous) ഓർത്തഡോക്സ് സഭകളും അംഗങ്ങളാണെങ്കിലും, മുന്നൂറിലധികം വരുന്ന വിവിധ പ്രോട്ടസ്റ്റന്റ് സഭകൾക്ക് അംഗബലമുള്ള കൗൺസിലുമായുള്ള ബന്ധം എപ്പോഴും സുഗമമല്ല. കാരണം, പാശ്ചാത്യ നവീകരണപാരമ്പര്യവും പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യവും തമ്മിൽ വിശ്വാസാനുഷ്ഠാനങ്ങളിലും വേദശാസ്ത്രചിന്തയിലും വളരെ വ്യത്യസ്തമായ കാഴ്ചപ്പാടുകളാണ്. സഭ, ആരാധന, വേദപുസ്തക വ്യാഖ്യാനം, ആദ്ധ്യാത്മിക ജീവിതം തുടങ്ങിയ കാര്യങ്ങളിൽ ഓർത്തഡോക്സ് പാരമ്പര്യം സ്വീകരിച്ചിരിക്കുന്ന നിലപാടുകളെ മനസ്സിലാക്കാനുള്ള താൽപ്പര്യമോ സന്നദ്ധതയോ പലപ്പോഴും പ്രോട്ടസ്റ്റന്റ് പാരമ്പര്യം കാണിക്കുന്നില്ല. എങ്കിലും, ലോകസഭാ കൗൺസിലിൽ ഒരുമിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി, പാശ്ചാത്യ പ്രോട്ടസ്റ്റന്റ് സഭകൾ പല ഉൾക്കാഴ്ചകളും ഓർത്തഡോക്സ് പാരമ്പര്യത്തിൽ നിന്ന് സ്വീകരിച്ചിട്ടുണ്ട് എന്ന വസ്തുത മറച്ചു വയ്ക്കാനാവില്ല. മറുവശത്ത് സഭയുടെ സാമൂഹിക പ്രതിബദ്ധതയെക്കുറിച്ച് കൂടുതൽ അവബോധം ഓർത്തഡോക്സ് സഭകളിൽ വളരുന്നതിനു കൗൺസിലുമായുള്ള ബന്ധം സഹായിച്ചിട്ടുണ്ട്.

ലോക കൗൺസിലിന്റെ തലത്തിൽ ഓർത്തഡോക്സ് പ്രോട്ടസ്റ്റന്റ് ബന്ധത്തിലുള്ള പ്രശ്നങ്ങൾ പലതുണ്ട്.

1. സഭയെക്കുറിച്ചുള്ള വ്യത്യസ്ത നിലപാടുകൾ അടിസ്ഥാനപരമായ പ്രശ്നമാണ്. യേശുക്രിസ്തുവിന്റെ ശരീരമായ സഭയെക്കുറിച്ചു വളരെ ഉദാത്തമായി ചിന്തിക്കുന്ന നീണ്ട പാരമ്പര്യമാണല്ലോ ഓർത്തഡോക്സ് സഭകൾക്കുള്ളത്. 'ഏകവും വിശുദ്ധവും കാതോലികവും അപ്പോസ്തോലികവുമായ' സഭയെക്കുറിച്ചുള്ള അവിഭാജ്യസഭയുടെ പുരാതനദർശനം ആരാധനയിലൂടെയും ദൈവശാസ്ത്ര വ്യാഖ്യാനത്തിലൂടെയും ആദ്ധ്യാത്മികചര്യകളിലൂടെയും ഓർത്തഡോക്സ് സഭ നിലനിർത്തുന്നു.

എന്നാൽ പല പ്രോട്ടസ്റ്റന്റ് സമൂഹങ്ങളും സഭയെ സാമൂഹിക മാറ്റത്തിനുവേണ്ടിയുള്ള ഒരു ഉപകരണമായി മാത്രം കാണാനുള്ള പ്രവണതയാണു പ്രദർശിപ്പിക്കുന്നത് എന്ന് ഓർത്തഡോക്സ് സഭകൾ ആരോപി

ക്കുന്നു. അതുകൊണ്ട് സാമൂഹിക ചിന്താഗതിയിലുണ്ടാകുന്ന താൽക്കാലിക മാറ്റങ്ങളും പുതിയ പുതിയ പ്രത്യയശാസ്ത്രങ്ങളും ക്രിസ്തീയ ചിന്തയെ അമിതമായി സ്വാധീനിക്കയും ക്രിസ്തീയ പാരമ്പര്യത്തിനു നിരക്കാത്ത പ്രവൃത്തിപഥങ്ങളിലേക്കു സഭയെ വലിച്ചിഴയ്ക്കുകയും ചെയ്യാൻ പ്രോട്ടസ്റ്റന്റ് നിലപാട് വഴിയൊരുക്കുന്നു.

മറുവശത്ത്, പ്രോട്ടസ്റ്റന്റ് സഭകളുടെ പരാതി, ഓർത്തഡോക്സ് സഭകൾ പൊതുവെ ഭൂതകാലത്തിലേക്കു മാത്രം നോക്കുകയും സമകാലിക സാമൂഹിക - സാമ്പത്തിക - ധാർമിക പ്രശ്നങ്ങളോട് വേണ്ടത്ര ക്രിയാത്മകമായി പ്രതികരിക്കാതിരിക്കയും ചെയ്യുന്നു എന്നാണ്. സഭയെക്കുറിച്ചുള്ള ഓർത്തഡോക്സ് അവബോധം ഇന്നത്തെ മനുഷ്യന്റെയും സമൂഹത്തിന്റെയും ചോദ്യങ്ങളോടും ആവശ്യങ്ങളോടും നീതി പുലർത്തുന്നുണ്ടോ എന്നാണവരുടെ ചോദ്യം.

പരസ്പരമുള്ള ഈ ആരോപണങ്ങൾക്ക് കാരണം സഭാവിജ്ഞാനീയത്തെക്കുറിച്ച് അതിവിഭിന്നമായ കാഴ്ചപ്പാടുകളാണ് എന്ന ധാരണയിലാണ് ലോകസഭാ കൗൺസിലിന്റെ ഭാഗമായ 'ഫെയ്ത്ത് ആൻഡ് ഓർഡർ' (Faith and Order) കമ്മീഷൻ ക്രിസ്തീയ സഭയുടെ അപ്പോസ്തോലിക പാരമ്പര്യത്തെപ്പറ്റി വിശദമായി പഠനങ്ങളും ചർച്ചകളും നടത്തുന്നത്.

2. പ്രോട്ടസ്റ്റന്റ് സഭകളിൽ ഇപ്പോൾ ഉരുത്തിരിയുന്ന വേദപുസ്തക വ്യാഖ്യാനങ്ങൾ, വേദപുസ്തകത്തിന്റെ തന്നെ ആധികാരികതയെ ചോദ്യം ചെയ്യുന്നതും വെറും സാമൂഹിക - സാമ്പത്തിക ചിന്താഗതികളെ അടിസ്ഥാനമാക്കിയുള്ളതുമാണ് എന്നു പല ഓർത്തഡോക്സ് ചിന്തകരും അഭിപ്രായപ്പെടുന്നു. വേദപുസ്തകം പഠിപ്പിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനുമുള്ള സഭയുടെ അധികാരത്തിന്, പ്രോട്ടസ്റ്റന്റ് പാരമ്പര്യം മുൻപ് തന്നെ വലിയ സ്ഥാനം കൊടുത്തിരുന്നില്ല. അതിനു പകരം വേദപുസ്തകമായിരുന്നു അവർക്ക് ആധാരം. ഇപ്പോൾ ആ ആധാരത്തിന്റെ ആധികാരികതയും അവർ തന്നെ ചോദ്യം ചെയ്യുന്നു.

ഇതിനു ചില പ്രോട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞന്മാരുടെ ഉത്തരം, ദരിദ്രരുടെയും മർദ്ദിതരുടെയും അവഗണിക്കപ്പെട്ടവരുടെയും നിലപാടിൽ നിന്നു വേദപുസ്തകം വായിക്കുമ്പോൾ പരമ്പരാഗതമായ പല ധാരണകളും തിരുത്തേണ്ടി വരുമെന്നാണ്. വേദപുസ്തകത്തിന്റെ ഒരു 'പുതിയ വായന'യാണ് അവർ നടത്തുന്നത്. മനുഷ്യസമൂഹത്തിന്റെ ചരിത്രവും, സഭയുടെ അധികാരഘടനകളും, സമൂഹത്തിലുള്ള പുരുഷമേധാവിത്വവും, പൗരോഹിത്യത്തിന്റെ അധികാരവുമെല്ലാം, 'പുതിയ വായനയ്ക്ക്' വിധേയമാക്കണമെന്ന് അവർ ആവശ്യപ്പെടുന്നു. അങ്ങനെ വരുമ്പോൾ വേദപുസ്തകം മുഴുവൻ തിരുത്തിയെഴുതേണ്ടി വന്നേക്കാം. ഇപ്പോൾ തന്നെ,

സ്ത്രീകളുടെ കാഴ്ചപ്പാടിൽ, തിരുത്തിയെഴുതി അച്ചടിച്ചിട്ടുള്ള വേദപുസ്തകം ലഭ്യമാണ്.

ഇതുപോലുള്ള വാദപ്രതിവാദത്തിൽ ലോകസഭാ കൗൺസിൽ ഔദ്യോഗികമായ ഒരു നിലപാട് ഒരിക്കലും എടുക്കയില്ല. കാരണം അത് സഭകളുടെ ഒരു കൗൺസിൽ മാത്രമാണ്. ഏതെങ്കിലുമൊരു അംഗസഭയുടെ വിശ്വാസപരമോ ഭരണപരമോ ആയ കാര്യങ്ങളിൽ ഇടപെടാൻ ഈ കൗൺസിലിന് അധികാരമില്ല. ദൈവശാസ്ത്രതർക്കങ്ങളിൽ അതു പക്ഷം പിടിക്കയുമില്ല. എങ്കിലും കൗൺസിലിന്റെ നടത്തിപ്പിലും അതിന്റെ എക്യുമെനിക്കൽ സമ്മേളനങ്ങളിലും ഇത്തരം പ്രശ്നങ്ങളും അതു സംബന്ധിച്ചുള്ള തർക്കങ്ങളും എപ്പോഴും ഉയർന്നുവരാറുണ്ട്.

3. എക്യുമെനിക്കൽ ബന്ധങ്ങളിൽ പുതിയ ഇടർച്ചയുണ്ടാക്കുന്ന ഒരു പ്രശ്നമാണ് സ്ത്രീകളുടെ പൗരോഹിത്യം. ആംഗ്ലിക്കൻ സഭയടക്കമുള്ള മുഖ്യ പ്രോട്ടസ്റ്റന്റ് സഭകളെല്ലാം സ്ത്രീകൾക്ക് വൈദികപട്ടം നൽകുന്നതിനുള്ള തീരുമാനങ്ങൾ എടുത്തു പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നു. വൈദികസ്ഥാനത്തും എപ്പിസ്ക്കോപ്പാസ്ഥാനത്തും അവരോധിക്കപ്പെടുന്ന വനിതാ പുരോഹിതർ പല പ്രോട്ടസ്റ്റന്റ് സഭകളിലും പ്രമുഖ നേതൃത്വത്തിലേക്ക് വന്നുകൊണ്ടിരിക്കുന്നു. ചില സഭകളിലൊക്കെ വൈദികസ്ഥാനത്തേക്കു വരാൻ പുരുഷന്മാർ മടിക്കയും വനിതാസ്ഥാനാർത്ഥികൾ നിരവധി തയ്യാറാകുകയും ചെയ്യുന്ന സാഹചര്യമാണ്. ഒരു പക്ഷേ അങ്ങനെയുള്ള സഭകളിൽ അധികം താമസിയാതെ വൈദികവൃന്ദം മുഴുവൻ തന്നെ സ്ത്രീകളിൽ നിന്നാവാൻ സാദ്ധ്യതയുണ്ട്.

സ്ത്രീകളുടെ വിമോചനത്തിനുവേണ്ടി അമേരിക്കയിലും യൂറോപ്പിലും ആരംഭിച്ച വിവിധ പ്രസ്ഥാനങ്ങളാണ് ഇവിടെ മുഖ്യ പ്രചോദനകേന്ദ്രം. സഭയ്ക്കുള്ളിൽ അധികാരം സ്ത്രീകളും പുരുഷന്മാരും തുല്യമായി വീതിച്ചെടുക്കണം എന്ന ബോധ്യമാണ് പല വനിതകളെയും വൈദികസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നത്.

റോമൻ കത്തോലിക്കാസഭയും ഓർത്തഡോക്സ് സഭകളും സ്ത്രീകളുടെ പൗരോഹിത്യ പ്രശ്നത്തിൽ നിസ്സംശയമായ നിലപാടാണ് എടുത്തിരിക്കുന്നത്. സ്ത്രീകൾക്ക് സഭയിലുള്ള നീതിപൂർവകമായ സ്ഥാനത്തെക്കുറിച്ചും അവരുടെ ക്രിസ്തീയമായ പങ്കാളിത്തത്തെക്കുറിച്ചും കൂടുതൽ ക്രിയാത്മകമായ നിലപാട് എടുക്കാൻ റോമൻ സഭയും ഓർത്തഡോക്സ് സഭകളും ശ്രദ്ധിക്കുന്നുണ്ടെങ്കിലും, സ്ത്രീകളുടെ പൗരോഹിത്യം എന്ന വിഷയത്തിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും ഈ സഭകൾ തയ്യാറല്ല. ഈ സഭകളിലുള്ള സ്ത്രീകൾ അങ്ങനെ പൗരോഹിത്യം ആവശ്യപ്പെടുന്നുമില്ല; പാശ്ചാത്യ റോമൻ കത്തോലിക്കാ സഭകളിൽ അവിടവിടെ

ചില സ്വരങ്ങൾ കേൾക്കാമെങ്കിലും.

ഏതായാലും, ആധുനിക എക്യുമെനിക്കൽ പ്രസ്ഥാനം തുടങ്ങിയ കാലത്തുണ്ടായിരുന്ന സാഹചര്യമല്ല ഇക്കാര്യത്തിൽ ഇപ്പോൾ ഉള്ളത്. അന്ന് ആംഗ്ലിക്കൻ സഭയും ഓർത്തഡോക്സ് സഭയും തമ്മിൽ വിശ്വാസപരമായി കൂടുതൽ അടുക്കുന്നതിനുള്ള സാധ്യത ഉണ്ടായിരുന്നെങ്കിൽ, വനിതാ പൗരോഹിത്യത്തോടുകൂടി ആ സാധ്യതയും മങ്ങിക്കൊണ്ടിരിക്കുന്നു. മറ്റു പ്രോട്ടസ്റ്റന്റ് സഭകളിലെ കാര്യം പറയുകയും വേണ്ട. വനിതാ പൗരോഹിത്യം എക്യുമെനിക്കൽ ബന്ധങ്ങൾക്കു തടസ്സം സൃഷ്ടിക്കുമെന്ന് ബോധ്യമുള്ള ചില നവീകരണസഭകൾ ഇപ്പോഴുമുണ്ട്. പക്ഷേ, മറ്റു നവീകരണ സഭകളുമായുള്ള കുർബാനസംസർഗം മൂലം വനിതാ പൗരോഹിത്യത്തെ അംഗീകരിക്കുവാൻ അവർ ബാധ്യസ്ഥരാണ്.

4. ഏഷ്യയിലും ആഫ്രിക്കയിലും ലത്തീൻ അമേരിക്കയിലും മറ്റും ഉരുത്തിരിയുന്ന സാന്ദർഭിക ദൈവശാസ്ത്ര പ്രവണതകൾ (Contextual theologies) എക്യുമെനിക്കൽ ബന്ധത്തിലെ മറ്റൊരു പ്രശ്നമാണ്. കൊളോണിയൽ ഭരണകാലത്ത് പാശ്ചാത്യ റോമൻ കത്തോലിക്കാ സഭയും പ്രോട്ടസ്റ്റന്റ് സഭകളും നടത്തിയ മിഷനറി പ്രവർത്തനങ്ങളിലൂടെയാണ് ക്രിസ്തീയ സഭ മേൽപ്പറഞ്ഞ ഭൂഖണ്ഡങ്ങളിൽ മുഖ്യമായും പടർന്നത്. മിഷനറിമാർ സുവിശേഷം മാത്രമല്ല, പാശ്ചാത്യ ചിന്താഗതികളും പാശ്ചാത്യ സംസ്കാരവും ദൈവശാസ്ത്ര പ്രമാണങ്ങളും സുവിശേഷത്തിന്റെ ഭാഗമായി ഈ ജനതകളുടെമേൽ അടിച്ചേൽപ്പിച്ചു. റോമൻ കത്തോലിക്കാസഭ മദ്ധ്യകാല നൂറ്റാണ്ടുകളിലെ സ്കൊളാസ്റ്റിക്ക് ദൈവശാസ്ത്രവും റോമൻ ഭരണാധികാരവും ലത്തീൻ ആരാധനക്രമവും ഏഷ്യയിലും ആഫ്രിക്കയിലും മറ്റുമുള്ള ജനതകളുടെ മേൽ പതിപ്പിച്ചപ്പോൾ, പ്രോട്ടസ്റ്റന്റ് മിഷനറിമാർ ലൂഥറിന്റെയും കാൽവിന്റെയും മറ്റും നവീകരണചിന്തകളും ഉപരിപ്ലവമായ ദൈവശാസ്ത്ര ദർശനങ്ങളും വ്യക്ത്യാധിഷ്ഠിതമായ വേദവ്യാഖ്യാനങ്ങളും വിവിധ പ്രൊട്ടസ്റ്റന്റ് വിഭാഗീയ പ്രവണതകളുമാണ് സുവിശേഷത്തോടൊപ്പം നൽകിയത്. രണ്ടു കൂട്ടരും അവർ ചെന്ന സ്ഥലങ്ങളിലുള്ള ജനങ്ങളുടെ തദ്ദേശീയ സംസ്കാരത്തേയും തനിമയേയും അഭിമാനബോധത്തെയും മിക്കവാറും പൂർണ്ണമായി അവഗണിക്കയും യൂറോപ്യൻ സംസ്കാരമാണ് യഥാർത്ഥത്തിൽ ശ്രേഷ്ഠമായ സംസ്കാരം എന്ന ബോധ്യത്തോടെ ജനങ്ങളുടെമേൽ അധികാരം പ്രയോഗിക്കയും ചെയ്തു. രാഷ്ട്രീയമായി ഈ ജനതകളെല്ലാം പാശ്ചാത്യശക്തികളുടെ അടിമകളായിരുന്നതിനാൽ, മിഷനറിമാർക്കു പാശ്ചാത്യ സംസ്കാരത്തിന്റെ മേന്മയെക്കുറിച്ച് തെല്ലും സംശയമുണ്ടായില്ല. 'നാട്ടുകാരു'ടെ സംസ്കാരവും മതങ്ങളും ചിന്താഗതികളും എല്ലാം അന്ധവിശ്വാസമാണെന്ന് അവർ വിശ്വസിക്കയും 'നാട്ടുകാരെ' വിശ്വസിപ്പിക്കയും ചെയ്തു. ചുരുക്കം ചില മിഷ

നറിമാർ ഇതിനു വിരുദ്ധമായി, നാട്ടുകാരായ ജനങ്ങളോട് ആത്മികമായും സാമൂഹികമായും താദാത്മ്യം പ്രാപിക്കയും യഥാർത്ഥ ക്രിസ്തീയ സേവനം അനുഷ്ഠിക്കയും ചെയ്തിട്ടുണ്ട് എന്ന കാര്യവും മറക്കാൻ പാടില്ല.

ഏഷ്യയിലും ആഫ്രിക്കയിലും ലത്തീൻ അമേരിക്കയിലുമുള്ള രാജ്യങ്ങളെല്ലാം തന്നെ രാഷ്ട്രീയമായി പാശ്ചാത്യ ശക്തികളിൽനിന്നു മോചനം പ്രാപിച്ചെങ്കിലും, റോമൻ കത്തോലിക്കാ മിഷനറിമാരും പ്രോട്ടസ്റ്റന്റ് മിഷനറിമാരും സ്ഥാപിച്ച സഭകളെല്ലാം ഈ രാജ്യങ്ങളിൽ പാശ്ചാത്യ സഭകളോടു കൂറും വിധേയത്വവും കാണിച്ചുപോന്നു. സഭാപരമായ ഈ കൊളോണിയലിസം തുടരുന്നതിനു സഹായിച്ചതു പാശ്ചാത്യരാജ്യങ്ങളുടെ സാമ്പത്തികശേഷിയാണ്.

എന്നാൽ അടുത്ത കാലത്തായി, ഈ രാജ്യങ്ങളിലെല്ലാം പുതിയൊരു കാഴ്ചപ്പാടും സ്വതന്ത്രമായ ചിന്താഗതികളും ഉരുത്തിരിയുന്നുണ്ട്. പാശ്ചാത്യർ നിരാകരിച്ച തങ്ങളുടെ സംസ്കാരത്തിന്റെയും ആദ്ധ്യാത്മിക പാരമ്പര്യങ്ങളുടെയും അടിസ്ഥാനത്തിൽ ക്രിസ്തുവിന്റെ സുവിശേഷം മനസ്സിലാക്കണമെന്നും പുനർവ്യാഖ്യാനിക്കണമെന്നുമുള്ള ശക്തിയായ ആഗ്രഹമാണ് ഇതിനു പുറകിൽ. തങ്ങളുടെ വിശ്വാസത്തിന്റെ പശ്ചാത്തലവും സന്ദർഭവും (Context) പാശ്ചാത്യമല്ല, സ്വകീയമായിരിക്കണം എന്നാണതിന്റെ അർത്ഥം. തങ്ങളുടെ ജനങ്ങളുടെ സാമൂഹിക സാമ്പത്തികാവസ്ഥ, രാഷ്ട്രീയമായ സാഹചര്യം, വർഗപരമായ സ്വഭാവം, ആധ്യാത്മിക പശ്ചാത്തലം, പരമ്പരാഗതമായ മതങ്ങളുടെ സാന്നിധ്യം, ഭാഷ എന്നിവയെല്ലാം തങ്ങളുടെ ദൈവശാസ്ത്ര ചിന്തയ്ക്കു നിർണായകമായിരിക്കണം. എങ്കിൽ മാത്രമേ യേശുക്രിസ്തുവിന്റെ സുവിശേഷം തങ്ങളുടെ ജനങ്ങൾക്കു പ്രസക്തവും അർത്ഥപൂർണ്ണവും ആവുകയുള്ളു.

യഥാർത്ഥത്തിൽ വളരെ ന്യായമായ ഒരു ചിന്തയാണിത്. ഓർത്തഡോക്സ് സഭകളെല്ലാം തത്ത്വത്തിൽ സ്വീകരിച്ചിരിക്കുന്ന ഒരു ചിന്തയുമാണിത്. ഒരു തദ്ദേശീയ സഭയും അതിന്റെ സംസ്കാരമോ അധികാരമോ ഭരണമോ, വ്യത്യസ്തമായ സംസ്കാരവും ഭാഷയുമുള്ള മറ്റൊരു തദ്ദേശീയ സഭയുടെ മേൽ അടിച്ചേൽപ്പിക്കരുത്. എല്ലാ സഭകളും ഏകവിശ്വാസത്തിൽ സഹോദരീസഭകളായി പൂർണ്ണസമത്വത്തിൽ കഴിയണം. ഓരോ പ്രദേശത്തുമുള്ള സഭ അതതിന്റെ സംസ്കാരത്തിലും ഭാഷയിലും വേരോടിച്ചു യേശുക്രിസ്തുവിന്റെ സുവിശേഷത്തെ തങ്ങളുടെ ജനങ്ങൾക്ക് വ്യാഖ്യാനിച്ചു കൊടുക്കുകയും അതാതിന്റെ ആധ്യാത്മിക സംസ്കാരത്തിനുതകുന്ന ആരാധനാ രീതികളും ജീവിതശൈലികളും ആവിഷ്കരിക്കയും ചെയ്യണം.

ഓർത്തഡോക്സ് സഭകൾ ഈ തത്ത്വം പ്രയോഗത്തിൽ വരുത്തുന്നത്

അല്ലെങ്കിൽ വരുത്തേണ്ടത് ആപ്പോസ്തോലിക പാരമ്പര്യത്തോടും അവിഭ ജിത സഭയുടെ ഐക്യത്തോടും വിശ്വസ്തത പുലർത്തിക്കൊണ്ടാണ്. എന്നാൽ മേൽപ്പറഞ്ഞ പല പ്രോട്ടസ്റ്റന്റ് സഭകളിലും അങ്ങനെയൊരു സംഗതി വലിയ പരിചയമില്ല. മിഷനറിമാർ പഠിപ്പിച്ച ഭാഗിക കാഴ്ചപ്പാടു കളാണ് അവരുടെ വ്യാഖ്യാനത്തിന് തുടക്കം. അതുകൊണ്ട് അമിതമായ പാശ്ചാത്യാധികാരത്തോടു കഠിനമായി പ്രതിഷേധിക്കുമ്പോൾ, അവിഭജിത സഭയുടെ ആരോഗ്യകരമായ പാരമ്പര്യങ്ങളിലേക്കു തിരിച്ചുപോകാൻ അവർക്കു കഴിയാതെ വരുന്നു. പകരം തങ്ങളുടെ സാമൂഹിക - സാമ്പ ത്തിക - രാഷ്ട്രീയ സാഹചര്യവും വർഗപരവും ഭാഷാപരവുമായ തനി മയും മറ്റും വ്യാഖ്യാനത്തിന്റെ ആണിക്കല്ലുകളാവുന്നു. പാശ്ചാത്യരുടെ ദൈവശാസ്ത്ര ചിന്തയെയും സാംസ്കാരിക ദർശനങ്ങളെയും നിഷേധി ക്കയും ചെയ്യുന്നു. പൗരസ്ത്യ പാരമ്പര്യത്തെക്കുറിച്ച് അറിയുന്നതിനു അവസരം കിട്ടാത്തതുകൊണ്ട്, പുരാതനമായ എല്ലാ വിശ്വാസപ്രമാണ ങ്ങളെയും അപ്പോസ്തോലിക പാരമ്പര്യങ്ങളെയും പാശ്ചാത്യമായി കണ്ടു നിരാകരിക്കാനാണു പുതിയ ദൈവശാസ്ത്ര ചിന്തകളുടെ പ്രവണത. ഇത് എക്യുമെനിക്കൽ ബന്ധങ്ങളിൽ പലപ്പോഴും പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. പാശ്ചാത്യേതരമായ ഇത്തരം ദൈവശാസ്ത്ര ചിന്തകളുമായി സർഗാത്മ കമായ ഒരു സംവാദത്തിന് ഓർത്തഡോക്സ് പാരമ്പര്യം തയ്യാറായാൽ, അതിൽനിന്നു പല നല്ല സംഗതികളും ഉരുത്തിരിയാനിടയുണ്ട്. ഇത് ഓർ ത്തഡോക്സ് സഭയുടെ മിഷനറി ദൗത്യം കൂടിയായിരിക്കും.

5. എക്യുമെനിക്കൽ ബന്ധത്തിൽ ഓർത്തഡോക്സ് സഭകൾ നേരിടുന്ന മറ്റൊരു പ്രശ്നം സഭാ പരിവർത്തന (Proselytism) ആണ്. ഒരു വശത്ത് റോമൻ കത്തോലിക്കാ സഭയും മറുവശത്തു പ്രോട്ടസ്റ്റന്റ് ഗ്രൂപ്പുകളും ഓർ ത്തഡോക്സ് സഭകളിൽനിന്നു വിശ്വാസികളെ പ്രലോഭിപ്പിച്ചു സഭാ പരി വർത്തനം നടത്തുന്നു. പൂർവ്വ യൂറോപ്പിൽ കമ്യൂണിസ്റ്റ് ഭരണകൂടങ്ങൾ തകർന്നു വീണപ്പോൾ അമേരിക്കയിലും യൂറോപ്പിലുമുള്ള വിവിധ ഇവാ ഞ്ചലിക്കൽ ഗ്രൂപ്പുകൾ പൂർവയൂറോപ്പിൽ ഭൂരിപക്ഷമായ ഓർത്തഡോക്സ് സഭകളിലേക്ക് ഇരച്ചുകയറി. മറുവശത്ത് റോമൻ കത്തോലിക്കാ സഭയിലെ 'റീത്തു പ്രസ്ഥാന'ങ്ങൾ അതുപോലെ ശക്തിയോടെ ഓർത്തഡോക്സ് സഭകളെ വിഭജിപ്പിക്കുന്നതിനും മാനസാന്തരപ്പെടുത്തുന്നതിനും യത്നിച്ചു. രണ്ടു കൂട്ടരും പാശ്ചാത്യ രാജ്യങ്ങളുടെ സാമ്പത്തിക ശക്തിയി ലാണ് ഊന്നിനിൽക്കുന്നത്. റോമൻ കത്തോലിക്കാ സഭയും ഓർത്തഡോ ക്സ് സഭകളും തമ്മിലുള്ള 'ഡയലോഗി'നെ ഇതു സാരമായി ബാധിച്ചു. ഇപ്പോഴും നീറി കത്തിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണിത്. ഇപ്പോഴത്തെ സാഹചര്യത്തിൽ പൂർവയൂറോപ്പിലെ ഓർത്തഡോക്സ് സഭകൾ സാമ്പ ത്തികമായി ബലഹീനമാകയും അസ്ഥിരമായ രാഷ്ട്രീയ സാഹചര്യ

ത്തിൽ, പുതിയൊരു വ്യവസ്ഥിതിക്കായി വേദനയോടെ പ്രവർത്തിക്കയും, കമ്യൂണിസത്തിന്റെ തിക്താനുഭവങ്ങളിൽ നിന്നു ജനങ്ങളെ അവരുടെ സ്വകീയമായ ഓർത്തഡോക്സ് പാരമ്പര്യത്തിലേക്കു തിരിച്ചുകൊണ്ടുവരുവാൻ പണിപ്പെട്ടു ശ്രമിക്കയും ചെയ്യുമ്പോഴാണ്, പാശ്ചാത്യമായ പ്രോട്ടസ്റ്റന്റ് ഗ്രൂപ്പുകളും കത്തോലിക്കാ സഭയും അതിൽനിന്നു മുതലെടുക്കുവാൻ ശ്രമിക്കുന്നത്.

ഇക്കാര്യത്തിൽ ലോകസഭാ കൗൺസിൽ ഓർത്തഡോക്സ് സഭകളോട് അനുഭാവപൂർവകമായ ഒരു നിലപാട് എടുത്തെങ്കിലും, പൂർവയൂറോപ്പിൽ ചെലവഴിക്കപ്പെടുന്ന പാശ്ചാത്യ പണത്തിന്റെയും പ്രചരണത്തിന്റെയും സംഘടിത ശക്തിയെ ചെറുക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. പൂർവയൂറോപ്പിൽ മാത്രമല്ല ലോകത്തിൽ മിക്ക സ്ഥലത്തും ഓർത്തഡോക്സ് സഭകൾ ഇത്തരം 'എക്യുമെനിക്കൽ' അനുഭവത്തിലൂടെ കടന്നുപോകുന്നു എന്നതാണു വാസ്തവം. പാശ്ചാത്യ സംസ്കാരത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് അതിൽനിന്നു വിഭിന്നമായി നിൽക്കുന്ന എല്ലാ സാംസ്കാരിക ധാരകളെയും ചിന്താപദ്ധതികളെയും സാമദാനഭേദ ദണ്ഡങ്ങളിലൂടെ അടിമകളാക്കുകയോ നശിപ്പിക്കയോ ചെയ്യുക എന്നതാണ്. പാശ്ചാത്യ റോമൻ കത്തോലിക്കാ സഭയും ചില പ്രോട്ടസ്റ്റന്റ് വിഭാഗങ്ങളും നിർഭാഗ്യവശാൽ ആ സംസ്കാരത്തിന്റെ ശക്തമായ ഉപകരണങ്ങളായി ചിലപ്പോഴൊക്കെ പ്രത്യക്ഷപ്പെടാറുണ്ട്.

ഓർത്തഡോക്സ് സഭകൾക്ക് എക്യുമെനിക്കൽ ബന്ധത്തിലുണ്ടാകുന്ന ഏതാനും പ്രശ്നങ്ങൾ മാത്രമാണു മുകളിൽ സൂചിപ്പിച്ചത്. ഇനിയും മറ്റു പലതുമുണ്ട്. അപ്പോൾ എന്താണ് ഇക്കാര്യങ്ങളിൽ ഓർത്തഡോക്സ് സഭകൾ എടുക്കേണ്ട നിലപാട് എന്ന ചോദ്യം ഉയരുന്നു. എക്യുമെനിക്കൽ ബന്ധങ്ങളിൽനിന്നു പൂർണ്ണമായും ഓർത്തഡോക്സ് സഭകൾ വിട്ടുപോകണമോ? തങ്ങളുടെ വിശ്വാസവും പാരമ്പര്യവും സംരക്ഷിക്കാനായി എന്തു നിലയാണ് ഓർത്തഡോക്സ് സഭകൾ സ്വീകരിക്കേണ്ടത്?

1. എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ ആത്യന്തിക ലക്ഷ്യം ക്രിസ്തീയ സഭയുടെ ഐക്യം കൈവരിക്കുക എന്നതാണെങ്കിൽ, അതിൽനിന്ന് ഓർത്തഡോക്സ് സഭകൾക്കു യാതൊരു തരത്തിലും വിട്ടു നിൽക്കുക സാധ്യമല്ല. കാരണം ഐക്യത്തിനുവേണ്ടിയുള്ള നിരന്തരമായ ശ്രമം സഭയുടെ സ്വഭാവത്തിന്റെ ഭാഗമാണ്. ഈ ഐക്യം ആത്യന്തികമായി ക്രിസ്ത്യാനികൾക്കു മാത്രമല്ല, മനുഷ്യരാശിയുടെയും സൃഷ്ടി മുഴുവന്റെയും ഐക്യത്തിന്റെ ആദ്യപടിയായിട്ടാണ് നാം സഭയുടെ ഐക്യത്തെ മനസ്സിലാക്കുന്നത്. അതുകൊണ്ട് നാം വിഭാവനം ചെയ്യുന്ന ഐക്യം എന്താണെന്നതിനെക്കുറിച്ചു നിരന്തരമായി മനനം ചെയ്കയും അതിനായി തുടർച്ചയായി

പ്രാർത്ഥിക്കയും ചെയ്യണം.

2. ലോകസഭാ കൗൺസിൽ, ദേശീയ സഭാ കൗൺസിൽ, പ്രാദേശിക സമിതികൾ എന്നിവയിൽ നാം പൂർണ്ണമായി പങ്കെടുക്കുകയും, ഓർത്ത ഡോക്സ് പാരമ്പര്യത്തിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ സഹകരിക്കാവുന്ന എല്ലാ മേഖലകളിലും സഹകരിക്കുകയും ചെയ്യണം. അതേസമയം തന്നെ സ്നേഹപൂർവകവും ക്രിയാത്മകവുമായ വിമർശ നത്തിലൂടെ മറ്റു സഭാ പാരമ്പര്യങ്ങളുമായി സംവാദത്തിലേർപ്പെടുകയും ഓർത്തഡോക്സ് വിശ്വാസത്തിന്റെ അന്തഃസത്ത അവരെ മനസ്സിലാക്കാൻ ശ്രമിക്കയും ചെയ്യണം. മാറിനിൽക്കുന്നതു കൊണ്ടു നമുക്കോ അവർക്കോ പ്രയോജനമുണ്ടാവുകയില്ല.

3. എക്യുമെനിക്കൽ ബന്ധത്തിൽ ഓർത്തഡോക്സ് സഭകൾക്കുണ്ടാ കുന്ന പ്രതിബന്ധങ്ങൾ നേരത്തേ സൂചിപ്പിച്ചല്ലോ. ഓരോ പ്രതിബന്ധ ത്തിലും ഓരോ വെല്ലുവിളിയും അടങ്ങിയിട്ടുണ്ട് എന്നു നാം മനസ്സിലാ ക്കണം. ഉദാഹരണമായി, ഇന്നത്തെ മനുഷ്യരുടെ സാമൂഹിക-സാമ്പത്തി കാവസ്ഥ, അനുദിനം ഉയരുന്ന പുതിയ ചിന്തകളും പ്രത്യയശാസ്ത്രങ്ങ ളും, വിമോചനത്തിനായി വീർപ്പുമുട്ടുന്ന ദരിദ്ര-മർദ്ദിത ജനവിഭാഗങ്ങൾ, സ്ത്രീകൾക്ക് സഭയിലും സമൂഹത്തിലുമുള്ള ന്യായപൂർവകമായ പങ്കാ ളിത്തം, അന്താരാഷ്ട്രീയ സാമ്പത്തികവ്യവസ്ഥ, നീതിയുടെയും സമത്വ ത്തിന്റെയും സമാധാനത്തിന്റെയും പ്രശ്നങ്ങൾ, പുതിയ സാഹചര്യങ്ങ ളിൽ പ്രസക്തമായ വേദശാസ്ത്ര പുനർ വ്യാഖ്യാനങ്ങൾ, സഭയുടെ അജ പരിപാലന ശുശ്രൂഷയും മിഷനറി ദൗത്യവും, ആരാധനാശൈലിയും സംസ്കാരവുമായുള്ള ബന്ധം, ക്രിസ്തീയ ആദ്ധ്യാത്മിക ജീവിതവും മറ്റു മതങ്ങളുടെ ആധ്യാത്മികതയും തമ്മിലുള്ള സംവാദം, വർഗ്ഗീയ സംഘട്ട നങ്ങളും ക്രിസ്തീയ സാക്ഷ്യവും - ഇങ്ങനെ നിരവധി ആനുകാലിക പ്രശ്നങ്ങൾ ഉത്തരം തേടി നിൽക്കുന്നുണ്ട്. എല്ലാത്തിനും ഉചിതമായ ഉത്തരം നൽകാൻ സഭയ്ക്കു കഴിഞ്ഞില്ലെങ്കിലും, പ്രാർത്ഥനയോടും സഹാനുഭൂതിയോടുംകൂടി എല്ലാവരോടും ചേർന്നു നമുക്കു പ്രവർത്തി ക്കാൻ കഴിയും. ഇത്തരം മനുഷ്യസ്നേഹപരമായ പ്രവർത്തനങ്ങൾ, മനുഷ്യസ്നേഹം മൂലം മനുഷ്യാവതാരം ചെയ്ത കർത്താവിന്റെ ജീവി തത്തിലും ശുശ്രൂഷയിലുമുള്ള പങ്കാളിത്തമാണ്. അതുകൊണ്ട് ഏതെ ങ്കിലും മുടന്തൻ ന്യായം പറഞ്ഞ് ഇതുപോലെയുള്ള പ്രവർത്തന മേഖല കളിൽനിന്നു പിൻമാറുന്നതു ക്രിസ്തീയമല്ല. നമ്മുടെ എക്യുമെനിക്കൽ പ്രതിബദ്ധതയുടെ അവിഭാജ്യ ഘടകമാണിത്.

4. ഇൻഡ്യയിലെ നമ്മുടെ സഭ ഗൗരവമായി നമ്മുടെ എക്യുമെനിക്കൽ ബന്ധങ്ങളെ വിലയിരുത്തുകയും, പ്രഗല്ഭരായ നമ്മുടെ നേതാക്കന്മാർ

കഴിഞ്ഞ കാലങ്ങളിൽ അനുഷ്ഠിച്ച എക്യുമെനിക്കൽ സേവനങ്ങളെ പിൻതുടരാനുള്ള മാർഗ്ഗങ്ങൾ ഒരുക്കയും ചെയ്യണം. വിശ്വാസത്തിൽ നമ്മിൽ നിന്നു വ്യത്യസ്തമായ നിലപാട് എടുത്തിരിക്കുന്ന ഇൻഡ്യയിലെ മറ്റു സഭകളുമായുള്ള ബന്ധം പുനർ പരിശോധിച്ചു ക്രിസ്തീയവും നീതിപൂർവകവും സൗഹാർദ്ദപൂർവകവുമായ സഹകരണം ഏതെല്ലാം മേഖലകളിൽ സാധ്യമാണ് എന്ന് അന്വേഷിക്കേണ്ടതാണ്. ഈ അന്വേഷണത്തിൽ നമ്മുടെ അപ്പോസ്തോലിക വിശ്വാസത്തിനോ, സഭയുടെ ഭാരതീയമായ തനിമയ്ക്കോ ഭംഗം വരുത്താതെ, സഹകരണത്തിനുള്ള പുതിയ വഴികൾ കണ്ടെത്താൻ കഴിയും. ഏറ്റവും സുപ്രധാനമായത്, നമ്മുടെ സഭയിൽ നിന്നു വ്യവഹാരങ്ങളും വേർപിരിയലുകളും ഒഴിവാക്കി, രണ്ടായിപ്പോയവർക്കു വീണ്ടും ഒന്നായിച്ചേരാനുള്ള മാർഗ്ഗമുണ്ടോയെന്നന്വേഷിക്കയാണ്. ഇത് ഒരുപക്ഷേ മാനുഷികചിന്തയിൽ അസാദ്ധ്യമെങ്കിലും, ഐക്യത്തിനായി നമ്മെ പ്രേരിപ്പിക്കുകയും നമ്മുടെ ഉള്ളിലിരുന്നു നമുക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്യുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവിനു സാധ്യമാണ്. കാരണം ഒരേ വിശ്വാസവും ഒരേ സംസ്കാരവും ഒരേ ഭാഷയുമുള്ള ഒരേ കുടുംബത്തിൽപ്പെട്ട ഒരു സഭ രണ്ടായിനിന്ന്, വിദ്വേഷം ജ്വലിപ്പിച്ചു, ജനങ്ങളിലേക്കു വേർപാടിന്റെ വിഷം കുത്തിവയ്ക്കുന്നതു ന്യായീകരിക്കാനാവില്ലല്ലോ. ഈ നൂറ്റാണ്ട് അവസാനിക്കുന്നതിനു മുൻപായി, നന്മയുടെയും ഐക്യത്തിന്റെയും പുതിയ മുകുളങ്ങൾ പൊട്ടുമെന്നു പ്രതീക്ഷിക്കയും അതിനായി പ്രവർത്തിക്കയും ചെയ്യാം. 'നീതിയും സമാധാനവും തമ്മിൽ ചുംബിക്കുക' അപൂർവമാണെങ്കിലും, നമ്മുടെ സഭയുടെ പിളർപ്പിന്റെ പശ്ചാത്തലത്തിൽ, നീതിയെയും സമാധാനത്തെയും യേശുക്രിസ്തുവിലുള്ള ഐക്യത്തിൽ ഒന്നായിക്കൊണ്ടുവരാനുള്ള വെല്ലുവിളി നാം സ്വീകരിക്കണം.

(എക്യുമെനിക്കൽ പ്രസ്ഥാനവുമായി, പ്രത്യേകിച്ചു ലോകസഭാ കൗൺസിലുമായി ഓർത്തഡോക്സ് സഭകൾക്കുള്ള ബന്ധത്തെ മൗലികമായി വിലയിരുത്താനും ഭാവിയിലേക്കു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കാനുമായി ഒരു ഉന്നത തല ഓർത്തഡോക്സ് സമ്മേളനം ലോകസഭാ കൗൺസിലിന്റെ സഹകരണത്തോടെ നടത്തുവാൻ ആലോചനയുണ്ട്. ഓർത്തഡോക്സ് സഭകൾ നേരിടുന്ന പല എക്യുമെനിക്കൽ പ്രശ്നങ്ങളും ഇരുഭാഗത്തുനിന്നും വിശകലനം ചെയ്യുന്നതിനും ദൃഢമായ പരസ്പര ക്രിസ്തീയ പ്രതിബദ്ധതയുടെ ചട്ടക്കൂടിൽ നിന്നുകൊണ്ട് ഒരു പൊതു പ്രവർത്തനശൈലി ആവിഷ്കരിക്കുന്നതിനും വേണ്ടിയാണ് ഈ ഭാവി സമ്മേളനം. എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ വെളിച്ചത്തിലാണ് ഓർത്തഡോക്സ് സഭകൾ തമ്മിൽ ഈ നൂറ്റാണ്ടിൽ കൂടുതൽ അടുക്കുന്നതിനും സഹകരിക്കുന്നതിനും ഇടയായത് എന്നത് ഓർത്തഡോക്സ് സഭകളും എക്യുമെനിക്കൽ പ്രസ്ഥാനവും തമ്മിലുള്ള ബന്ധത്തിന് അടിവരയിടുന്നു.)

# പരിശുദ്ധാത്മാവും സഭയുടെ അനുദിന പെന്തിക്കോസ്തിയും

നമ്മുടെ ആരാധനയിൽ പരിശുദ്ധാത്മാവിനെ 'ജീവദായകനായ പരിശുദ്ധാത്മാവ്' എന്നാണല്ലോ സാധാരണയായി വിശേഷിപ്പിക്കുന്നത്. പരിശുദ്ധാത്മാവ് ജീവൻ നല്കുന്നത് രണ്ടു വിധത്തിൽ മനസ്സിലാക്കാം.

1. ജീവൻ പുതുതായി സൃഷ്ടിച്ച് നൽകുക. സൃഷ്ടിയുടെ ആദിയിൽ നാം കാണുന്നത് ഇതാണ്. ശൂന്യമായ അവസ്ഥയിൽ നിന്നാണ് ജീവനെ ഉളവാക്കുന്നത്.

2. മങ്ങിയ ജീവനുള്ള ഒന്നിന്റെ ജീവൻ ജ്വലിപ്പിച്ച് നവീകരിക്കുക.

അതുകൊണ്ട് ജീവൻ നൽകുന്ന പരിശുദ്ധാത്മാവ് എന്നു പറഞ്ഞാൽ സൃഷ്ടിക്കയും നവീകരിക്കയും ചെയ്യുന്ന ആത്മാവും എന്നാണ് നാം മനസ്സിലാക്കുന്നത്.

## പരിശുദ്ധാത്മാവും പുതിയ സൃഷ്ടിയും

സഭയുടെ ആത്മീയ നവോത്ഥാനത്തെക്കുറിച്ച് നാം ചിന്തിക്കുമ്പോൾ ഈ രണ്ടു വശങ്ങളും പ്രസക്തങ്ങളാണ്. സൃഷ്ടിയുടെ ആരംഭത്തിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനവും പെന്തിക്കോസ്തിയിലുള്ള ആത്മാവിന്റെ പ്രവർത്തനവും തമ്മിൽ ബന്ധിപ്പിക്കുന്നതിന് ചില സഭാപിതാക്കൻമാർ ശ്രമിച്ചിട്ടുണ്ട്. ഉൽപ്പത്തി പുസ്തകത്തിൽ നാം വായിക്കുന്നു: "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി പാഴായും ശൂന്യമായും ഇരുന്നിരുന്നു. ആഴത്തിൻമീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻമീതെ പരിവർത്തിച്ചുകൊണ്ടിരുന്നു."

അങ്ങനെയാണ് സൃഷ്ടി ഉടലെടുത്തത്. വെള്ളത്തിനു രൂപമില്ല എന്നു നമുക്കറിയാം. ഏതു പാത്രത്തിൽ ഒഴിച്ചുവയ്ക്കുന്നോ ആ പാത്രത്തിന്റെ രൂപമാണ് വെള്ളത്തിനുള്ളത്. രൂപമില്ലാത്ത വെള്ളം രൂപരഹിതമായ, ശൂന്യമായ അവസ്ഥയുടെ പ്രതീകമാണ്. ഈ ശൂന്യതയിൽനിന്നാണ് രൂപമുള്ള സൃഷ്ടി ഉടലെടുത്തത്.

പെന്തിക്കോസ്തിദിവസം പുതിയ സൃഷ്ടിയുടെ നാന്ദിയായ സഭ ഉടലെടുക്കുന്നു. അതുവരെ നിശ്ചിതരൂപമില്ലാതിരുന്ന ക്രിസ്തീയ സമൂഹത്തിൻമേൽ ആത്മാവ് ശക്തിയോടെ ആവസിച്ചു. ക്രിസ്തീയ സമൂഹത്തിന് വ്യക്തമായ രൂപവും ഭാവവും കൈവന്നു. അപ്പോൾ ക്രിസ്തീയസഭ അതിന്റെ പരിണാമത്തിന്റ പക്വമായ ഘട്ടത്തിലേക്ക് പ്രവേശിച്ചത് പെന്തിക്കോസ്തിയുടെ അനുഭവത്തോടു കൂടിയാണ്. വേറൊരു വിധത്തിൽ സഭയെ

പെന്തിക്കൊസ്തിയുടെ സമൂഹം (a pentecostal community) എന്ന് വിളിക്കാം. ഇന്ന് pentecostal എന്ന വാക്കിന് അർത്ഥവ്യത്യാസം സംഭവിച്ചിട്ടുണ്ടെങ്കിലും ഓർത്തഡോക്സ് പാരമ്പര്യത്തിൽ സഭയ്ക്ക് സ്വീകാര്യമായ പേരാണ് പെന്തിക്കൊസ്തിയുടെ സമൂഹം എന്നത്.

സൃഷ്ടിക്കുന്ന പരിശുദ്ധാത്മാവാണ് ഈ സമൂഹത്തിന്റെ ആന്തരിക ജീവൻ. ആദിമുതൽ സർവ്വസൃഷ്ടിയിലും പ്രവർത്തിക്കുന്ന ആത്മാവാണ് പരിശുദ്ധാത്മാവെങ്കിൽ സഭയിലെ ആത്മാവിന്റെ പ്രവർത്തനവും സഭയ്ക്ക് പുറത്ത് 'ലോക'ത്തിലുള്ള ആത്മാവിന്റെ പ്രവർത്തനവും തമ്മിൽ എങ്ങനെ വേർതിരിക്കാം? രണ്ടും ഒന്നുതന്നെയല്ലേ എന്നു ചിലർ ചോദിച്ചേക്കാം. രണ്ടും ഒരേ ആത്മാവു തന്നെ. പക്ഷേ, സഭയിൽ ആത്മാവിനെ ബോധപൂർവ്വം അംഗീകരിക്കയും ആത്മദാനങ്ങൾക്കായി സഭ പ്രത്യാശയോടെ കാത്തിരിക്കയും ചെയ്യുന്നു. എന്നാൽ ലോകം ആത്മാവിനെ തിരിച്ചറിയുകയോ, ആത്മാവിനായി കാത്തിരിക്കയോ ചെയ്യുന്നില്ല. അതുകൊണ്ട് സഭയ്ക്കുള്ളിൽ ആത്മാവ് പ്രത്യേക രീതിയിൽ പ്രവർത്തിക്കുന്നു. സഭ ആത്മാവിന്റെ സമൂഹം (Community of the spirit) എന്നറിയപ്പെടുന്നു.

### ഭാവിയുടെ പ്രതിച്ഛായ

ആദിമസഭ സ്വയം മനസ്സിലാക്കിയത് ഒരു യുഗാന്ത്യസമൂഹം (Eschatological Community) ആയിട്ടാണ്. പെന്തിക്കൊസ്തിയോടു കൂടി സഭ ഒരു പുതിയ യുഗത്തിലേക്ക് പ്രവേശിച്ചു. ഇത് അന്ത്യയുഗമാണ്. കാരണം യോവേൽ പ്രവാചകൻ അന്ത്യനാളിനെക്കുറിച്ച് പ്രവചിച്ചത് പെന്തിക്കൊസ്തി ദിവസം നിവൃത്തിയായി എന്ന് പത്രോസ് ശ്ലീഹാ പ്രഖ്യാപിക്കുന്നു. പെന്തിക്കൊസ്തിക്ക് ശേഷം സഭ ജീവിച്ചത് ഈ ലോകത്തിലും, ഈ കാലത്തിലുമാണെങ്കിൽ അതിനുള്ളിൽ പെന്തിക്കൊസ്തി മൂലം പുതിയൊരു ലോകവും പുതിയൊരു കാലവും ആരംഭിച്ചിരിക്കുന്നു എന്ന് ആദിമസഭ വിശ്വസിച്ചു. നമ്മുടെ മനുഷ്യചരിത്രത്തിനുള്ളിൽ പുതിയൊരു ചരിത്രം. നമ്മുടെ സമയത്തിനുള്ളിൽ പുതിയൊരു സമയം. ഇത് അന്ത്യയുഗത്തിന്റെ ആരംഭമാണ്.

യേശുക്രിസ്തുവിന്റെ ഉയിർപ്പാണ് ഈ പുതിയ യുഗത്തിന്റെയും ചരിത്രത്തിന്റേയും കാലത്തിന്റേയും യഥാർത്ഥ തുടക്കമിട്ടത്. അതുകൊണ്ട് ഞായറാഴ്ചയും, പെന്തിക്കൊസ്തിയും തമ്മിൽ വേദശാസ്ത്രപരമായ ഒരു ബന്ധം സ്ഥാപിക്കാൻ പുരാതനസഭയിലെ പ്രമുഖ വേദശാസ്ത്രജ്ഞന്മാർ ശ്രമിച്ചിട്ടുണ്ട്. നമ്മുടെ പെന്തിക്കൊസ്തി ശുശ്രൂഷയിൽ "ഞായറാഴ്ച പെന്തിക്കൊസ്തി ദിവസങ്ങൾ ഭാവിലോകത്തിന്റെ പ്രതിച്ഛായ കൂടിയാണെന്ന്" സൂചിപ്പിക്കുന്നു. എന്തുകൊണ്ടാണ് ഞായറാഴ്ച പെന്തിക്കൊസ്തി ദിവസങ്ങളെ ഭാവിലോകത്തിന്റെ പ്രതിച്ഛായ എന്നു വിളിക്കുന്നത്?

## ആഴ്ചവട്ടത്തിന്റെ എട്ടാം ദിവസം

ഇത് പുരാതനമായ ഒരു പാരമ്പര്യമാണ്. ഞായറാഴ്ച അഥവാ കർത്താവിന്റെ ഉയിർപ്പുദിവസത്തെ ആഴ്ചയിലെ 8-ാം ദിവസമെന്ന് 4-ാം നൂറ്റാണ്ടു മുതൽ വിളിച്ചിരുന്നു. ഒരാഴ്ചയ്ക്ക് 7 ദിവസങ്ങളാണ് പൊതുവെ എല്ലായിടത്തും അംഗീകരിച്ചിരുന്നത്. ഞായറാഴ്ച തുടങ്ങി ശനിയാഴ്ചയിൽ അവസാനിക്കുന്ന കാലത്തെയാണ് ആഴ്ചവട്ടം (cycle of the week) എന്നു വിളിക്കുന്നത്. ഈ ആഴ്ചവട്ടം ചരിത്രത്തിന്റെ പ്രതീകമായി ഗ്രീക്കുകാരും, റോമാക്കാരും, ഭാരതീയരും മറ്റും കരുതിയിരുന്നു. കാരണം ചരിത്രം ഒരു കറക്കമാണ്. സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ ആവർത്തിക്കപ്പെടുന്നു. യുഗങ്ങളുടെ പരിസര പ്രളയത്തിൽ അവസാനിക്കുന്നു. വീണ്ടും പുതിയ യുഗം ആരംഭിക്കുന്നു. ഗ്രീക്കുകാരുടെ ചിന്തയിൽ ഒരു പാമ്പ് സ്വന്തം വാൽ വിഴുങ്ങുന്നതാണ് ചരിത്രത്തിന്റെ ചിത്രം. ഏഴു ദിവസങ്ങൾ ഉള്ള ആഴ്ചവട്ടവും ഇതുപോലെ അർത്ഥശൂന്യമായ ചരിത്രത്തിന്റെ വിരസമായ ആവർത്തനത്തെ കാണിക്കുന്നു. ഉയിർപ്പുഞായറാഴ്ചയെ എട്ടാം ദിവസമെന്ന് പിതാക്കൻമാർ വിളിച്ചപ്പോൾ അവർ ആഴ്ചവട്ടത്തിന്റെ വട്ടംചുറ്റലിനെ തകർത്ത് പ്രത്യാശനിറഞ്ഞ പുതിയൊരു ജീവനിലേക്കാണ് വിരൽ ചൂണ്ടിയത്. കർത്താവിന്റെ ഉയിർപ്പ് ഈ ലോകത്തിന്റെ ചരിത്രവൃത്തത്തെ തകർത്ത് ലോകത്തിന് പുതിയ ജീവൻ നൽകിയിരിക്കുന്നു.

എട്ടാം ദിവസം നിത്യജീവന്റെ പ്രതീകമാണ്. ഈ ലോകത്തിനതീതമായ ജീവന്റെ പ്രതീകമാണ്. വിരസമായ ആഴ്ചവട്ടത്തിനു പുറത്തുള്ള പ്രത്യാശയുടെ പ്രതീകമാണ്. ഇങ്ങനെ 7 ആഴ്ചവട്ടങ്ങൾ കൂടുന്ന 49 ദിവസങ്ങൾ കഴിഞ്ഞുവരുന്ന 50-ാം ദിവസമാണ് പെന്തിക്കൊസ്തി. അതുകൊണ്ട് അലക്സന്ത്രിയായിലെ ബിഷപ്പായിരുന്ന മഹാനായ മാർ അത്താനാസ്യോസ് ഇതിനെ വലിയ ഞായറാഴ്ച (The Great Sunday) എന്നു വിളിക്കുന്നു. പെന്തിക്കൊസ്തി അങ്ങനെ നിത്യജീവന്റെയും ഭാവിലോകത്തിന്റെയും പ്രതീകമായിത്തീർന്നു. കൈസര്യായിലെ വി. ബസേലിയോസും (4-ാം നൂറ്റാണ്ട്) ഉയിർപ്പ് ഞായറാഴ്ചയേയും, പെന്തിക്കൊസ്തിയേയും തമ്മിൽ ബന്ധിപ്പിച്ച് പെന്തിക്കൊസ്തിയെ ഭാവിലോകത്തിന്റെ പ്രതീകം, വരുവാനിരിക്കുന്ന യുഗത്തിന്റെ നാന്ദി എന്നൊക്കെ വിളിക്കുന്നു. ഇവർ രണ്ടു പേരും ഉപയോഗിച്ച അതേ വാക്കുകളാണ് 'ഞായറാഴ്ച, പെന്തിക്കൊസ്തി ദിവസങ്ങൾ ഭാവിലോകത്തിന്റെ പ്രതിച്ഛായ' എന്നു നമ്മുടെ ആരാധനാക്രമത്തിൽ ഉപയോഗിച്ചിരിക്കുന്നത്.

## പരിശുദ്ധാത്മാവിന്റെ സമൂഹം

ആദിമസഭയുടെ സ്വയാവബോധം (self-understanding) എന്താണെന്നു നോക്കുമ്പോൾ രണ്ടു കാര്യങ്ങൾ ആണ് പ്രധാനമായും നാം കണ്ടത്.

1. പെന്തിക്കൊസ്തിയുടെ സമൂഹമാണ് അഥവാ പരിശുദ്ധാത്മാവിന്റെ സമൂഹമാണ് സഭ.

2. യുഗാന്ത്യസമൂഹമാണ് സഭ.

പെന്തിക്കൊസ്തിയുടെ സമൂഹത്തിന്റെ ജീവൻ പരിശുദ്ധാത്മാവാണ്. ജ്വലിക്കുന്ന ആത്മാവ്, ചലിക്കുന്ന ആത്മാവ്. അതുകൊണ്ട് ഈ സമൂഹം എപ്പോഴും ജ്വലിക്കുന്നു. എപ്പോഴും ചലനാത്മകമായിരിക്കുന്നു. ഈ സമൂഹത്തിന്റെ ഏക ആധാരം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവാണ്. മരണ ത്തിന്റെ ഇരുണ്ട ചാരത്തിൽനിന്ന്, ശൂന്യതയിൽ നിന്ന് ഈ സമൂഹത്തെ വിളിച്ചുകൂട്ടിയത് ഉയിർപ്പാണ്. മറ്റ് യാതൊരു സമ്പത്തും, അവകാശങ്ങളും ഈ സമൂഹത്തിനില്ല. സമൂഹത്തിനുള്ളിൽ ആത്മാവ് കത്തിജ്വലിക്കുന്നു. ആത്മാവ് തന്റെ ദാനങ്ങൾ സമൂഹത്തിൽ വർഷിക്കുന്നു.

ആദിമസഭയുടെ ഈ അനുഭവത്തിന്റെ അവകാശികളാണ് നാം. അതു കൊണ്ട് നിത്യമായി പെന്തിക്കൊസ്തി ആഘോഷിക്കുകയും, പെന്തിക്കൊ സ്തിയുടെ അനുഭവത്തിൽ ഉല്ലസിക്കയും ചെയ്യുന്ന സമൂഹമാണ് സഭ എന്ന് നാം മനസ്സിലാക്കുന്നു. ആത്മാവിന്റെ ജ്വാലയില്ലെങ്കിൽ ഈ സമൂഹ ത്തിന് ചൂടും വെളിച്ചവുമില്ല. അത് തണുത്തുറയും. സത്യത്തിൽ നടത്തുന്ന ആത്മാവ് എന്ന കാര്യസ്ഥനു വേണ്ടി കാത്തിരിക്കുന്നില്ലെങ്കിൽ ഈ സമൂ ഹത്തിന് വഴിമുട്ടും. അത് അപഥസഞ്ചാരം നടത്തും.

## പരിശുദ്ധാത്മാവ് എന്ന വക്കീൽ

പാരക്ലീത്ത (Paracletos) ആയ ആത്മാവിനെ അയച്ചുതരും എന്നാണ് കർത്താവ് വാഗ്ദാനം ചെയ്തത്. കാര്യസ്ഥൻ, ഉപദേഷ്ടാവ്, ആശ്വാസ പ്രദൻ, സഹായി, വാദിക്കുന്നവൻ എന്നൊക്കെ നാം പാരാക്ലീത്തോസ് എന്ന വാക്ക് തർജ്ജമ ചെയ്യാറുണ്ട്. 'നമ്മുടെ വിളി കേട്ട് അടുത്തുവന്ന് സഹായിക്കുന്നവൻ' എന്ന് ഈ വാക്കിന്റെ ആക്ഷരികാർത്ഥം. Paracletos എന്ന ഗ്രീക്ക് വാക്കിന്റെ കൃത്യമായ ലത്തീൻ തർജ്ജമയാണ് advocatus അഥവാ അഡ്വക്കേറ്റ്. അപ്പോൾ പരിശുദ്ധാത്മാവിനെ പാരാക്ലീത്തോസ് അഥവാ അഡ്വക്കേറ്റ് ആയി സ്വീകരിച്ചിരിക്കുന്ന സമൂഹമാണ് പെന്തിക്കൊ സ്തിയുടെ സമൂഹം. ഈ സമൂഹത്തെ അന്ത്യകാലത്ത് ന്യായാസനങ്ങ ളിലേക്കും നീതിപീഠങ്ങളിലേക്കും പീഡകരായ മനുഷ്യർ വലിച്ചിഴയ്ക്കു മെന്നും കർത്താവ് പ്രവചിച്ചു. അപ്പോൾ എന്തു പറയും, എങ്ങനെ വാദി ക്കും എന്നതിനെക്കുറിച്ച് ഭാരപ്പെടേണ്ട എന്ന് ക്രിസ്തു അപ്പോസ്ത ലൻമാരോട് കല്പിച്ചു. കാരണം പരിശുദ്ധാത്മാവ് തന്നെയാണ് അപ്പോഴും നമ്മുടെ പാരാക്ലീത്തോസ് അഥവാ അഡ്വക്കേറ്റ് (മർക്കോസ് 13:9-11).

## ആത്മാവിന്റെ യുഗം

സഭ യുഗാന്ത്യസമൂഹമാണെന്നു പറയുമ്പോൾ ഈ ലോകത്തിന്റെ അതിരിൽ വസിക്കുന്ന സമൂഹമാണെന്നാണ് സൂചന. സഭ ഇപ്പോൾ പൂർണ്ണമായും ഈ ലോകത്തിന്റേതല്ല. പൂർണ്ണമായും ദൈവരാജ്യത്തിലുമല്ല. തിന്മയും ഇരുട്ടുമുള്ള ലോകത്തിലായിരിക്കുന്ന സഭ ഇപ്പോൾ തിന്മയോട് സമരം ചെയ്തുകൊണ്ടാണ് ജീവിക്കുന്നത്. ഇപ്പോൾ സഭ അതിന്റെ പ്രവാചകധർമ്മം നിർവഹിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഈ ലോകത്തിന് അനുരൂപമാകാതെ വരുവാനുള്ള ലോകത്തിന്റെ രൂപരേഖകൾ നമ്മുടെ ലോകത്തിന് നൽകുവാൻ സഭ വിളിക്കപ്പെട്ടിരിക്കുന്നു. വന്നവനും വരുവാനിരിക്കുന്നവനുമായവനാണ് സഭയുടെ നാഥൻ. അതുകൊണ്ട് വർത്തമാനകാലത്തിന്റേയും ഭാവിയുഗത്തിന്റേയും ഇടയിൽ നിന്നുകൊണ്ട് സഭ സാക്ഷ്യം നല്കുന്നു. ഈ ബോധമാണ് സഭയുടെ ഇടയജോലിയിലും, ഭരണകാര്യങ്ങളിലും, ഭൗതികജീവിതത്തിലും നമ്മെ വഴിനടത്തേണ്ടത്. പരിശുദ്ധാത്മാവ് അപ്രതീക്ഷിതമായതിനെ പ്രത്യക്ഷമാക്കുന്നവനാണ്. ഭാവിയെ വർത്തമാനകാലത്തിലേക്കു സംവഹിക്കുന്നവനാണ്. അതിവിപുലമായ സാധ്യതകൾ നമുക്കു മുൻപിൽ തുറക്കുന്നവനാണ്. ഹൈന്ദവർ കൃതായുഗം, ത്രേതായുഗം, കലിയുഗം എന്നൊക്കെ പറയുന്നതുപോലെ സഭ ജീവിക്കുന്നത് പരിശുദ്ധാത്മയുഗത്തിലാണ്, നിയമത്തിന്റെ യുഗത്തിലല്ല. പരിശുദ്ധാത്മയുഗം അന്ത്യയുഗമാണ്.

ഈ പശ്ചാത്തലത്തിൽ സൃഷ്ടിക്കുകയും നവീകരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മ ജീവനിൽ പദമൂന്നിയിരിക്കുന്ന ക്രിസ്തീയ സമൂഹത്തിന്റെ സവിശേഷധർമ്മങ്ങൾ എന്തെല്ലാമാണ് എന്ന് നോക്കാം.

### 1. ആഹ്വാനവും ആവാസവും

പരിശുദ്ധാത്മാവിനെ അനവരതം ആഹ്വാനം ചെയ്യുന്ന സമൂഹമാണ് ക്രിസ്തീയസഭ. നമ്മുടെ ആരാധനാക്രമത്തിലെ അതിപ്രധാനമായ ഒരു ഘടകമാണ് പരിശുദ്ധാത്മാഹ്വാനം അഥവാ ക്രൊയ്ത്തോദ് റൂഹോ. സഭയുടെ ജീവിതത്തിൽ ഉടനീളം അനുഷ്ഠിക്കേണ്ട ധർമ്മമാണ് ക്രൊയ്ത്തോദ് റൂഹോ. ആരാധനാക്രമത്തിലെ ഒരു കർമ്മം മാത്രമായി അതിനെ തരംതാഴ്ത്തരുത്.

പ്രസിദ്ധ ബ്രിട്ടിഷ് ഓർത്തഡോക്സ് ചിന്തകനായ കാലിസ്റ്റൊസ് വെയർ നമ്മുടെ കൈകൾ കൊണ്ട് കാണിക്കാവുന്ന മൂന്ന് മുദ്രകളെപ്പറ്റി പറയുന്നുണ്ട്.

(a) കൈപ്പത്തികൾ ചുരുട്ടി മുഷ്ടികളാക്കി കാണിക്കുക. ഇത് ആക്രമണം, ഭീഷണി, സമരം തുടങ്ങിയവയെ സൂചിപ്പിക്കുന്നു. നാം സമര

ഭീഷണി മുഴക്കുന്നതും ചിലപ്പോൾ ആക്രമിക്കുന്നതും മുഷ്ടി ചുരുട്ടിയാണല്ലോ. സഭാസംരക്ഷണം എന്ന മഹത്തായ കൃത്യത്തിൽ നാം ഏർപ്പെടുന്നത് പലപ്പോഴും മുഷ്ടി ചുരുട്ടിയാണ്. വസ്തുക്കളെയും സ്വത്തുക്കളെയും ഇറുകിപ്പിടിക്കുന്നതിന്റെ സൂചനയും ഇത് നൽകുന്നു.

(b) കൈകൾ അലസമായി താഴേക്ക് തൂക്കിയിടുക. തികഞ്ഞ നിഷ്ക്രിയത്വമാണ് ഇത് കാണിക്കുക. ഒന്നിലും താത്പര്യമില്ലാത്ത, ഒന്നിനോടും ആഭിമുഖ്യമില്ലാത്ത, നിഷേധാത്മകമായ അലസതയുടെ അടയാളമാണിത്.

(c) കൈകൾ മുകളിലേക്ക് ഉയർത്തിപ്പിടിക്കുക. വി. കുർബാനയിൽ നാം കൂടെക്കൂടെ കാണിക്കുന്ന ഒരു കൈമുദ്രയാണിത്. ഒന്നാം നൂറ്റാണ്ടിൽ റോമിലെ ഭൂഗർഭഗുഹകളിൽ വരച്ചിരിക്കുന്ന ക്രിസ്തീയ ചിത്രങ്ങളിൽ ഒന്ന് കൈകൾ ആകാശത്തിലേക്കുയർത്തി, മുകളിലേക്ക് മിഴികളുയർത്തി നിൽക്കുന്ന ഒരു സ്ത്രീയുടെ രൂപമാണ്. സഭയുടെ പ്രാർഥനയുടെ ഏറ്റവും പുരാതനമായ ഒരു പ്രതീകമാണിത്. ഇത് പരിശുദ്ധാത്മാഹ്വാനമാണ്. നിവർത്തിയ വിരലുകളും, ആകാശത്തിലേക്കുയർത്തിയ കൈകളും, പരിശുദ്ധാത്മാവിന്റെ വരവർഷങ്ങളെ സ്വീകരിക്കാൻ തയ്യാറായി നില്ക്കുന്നു. സഭയുടെ അതിപ്രമുഖമായ ധർമ്മമാണിത്. സർവ്വസൃഷ്ടിക്കുംവേണ്ടി, ദൈവസന്നിധിയിൽ എഴുന്നേറ്റുനിന്ന്, സ്വർഗത്തിലേക്ക് കൈകളുയർത്തുക. തുറന്നു നീട്ടിയ കൈകൾ തന്നെ ഹൃദയത്തെയും പ്രതീക്ഷാനിർഭരമായ ആത്മാവിനെയും കുറിക്കുന്നു. ഇത് മഹത്തായ കാത്തിരിപ്പാണ്. പരിശുദ്ധാത്മാവിനുവേണ്ടി കാത്തിരുന്ന ആദിമസഭയുടെ കാത്തിരുപ്പു തന്നെയാണിത്. ഈ കൈമുദ്രയിൽ ആക്രമണവാസനയോ ഭീഷണിയോ വസ്തുവകകളിൽ അള്ളിപ്പിടിക്കാനുള്ള ആർത്തിയോ ഇല്ല. അലസതയോ നിഷ്ക്രിയത്വമോ ഇതിലില്ല. ആത്മദാനങ്ങൾ സ്വീകരിക്കാൻ സുസജ്ജമായ സമൂഹത്തെയും വ്യക്തിയെയും ഇത് കുറിക്കുന്നു.

ഈ കൈമുദ്രയോടൊപ്പം നമ്മുടെ വി. കുർബാനയിൽ മറ്റൊരു മുദ്ര കൂടി നാം കാണിക്കുന്നു. അത് പരിശുദ്ധാത്മാവിന്റെ ആവസിപ്പിക്കലാണ്. കൈകളുയർത്തി വിരലുകൾ വിടർത്തി ആത്മാവിനെ നാം സ്വീകരിക്കുന്നു. റൂഹായെ അപ്പത്തിൻമേലും വീഞ്ഞിൻമേലും നാം ആവസിപ്പിക്കുന്നു. ഈ അപ്പവും വീഞ്ഞും വസ്തുമയമായ ഈ പ്രപഞ്ചത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെയും പ്രതീകമാണ്. അങ്ങനെ അപ്പത്തിലും വീഞ്ഞിലുംകൂടെ ദൈവത്തിന് സ്തോത്രകാഴ്ചയായി നാം സമർപ്പിക്കുന്ന ഈ പ്രപഞ്ചത്തിൻമേലും മനുഷ്യജാതിയിൻമേലും പരിശുദ്ധാത്മാവിനെ നാം ആവസിപ്പിക്കുന്നു. സഭയുടെ അതിമഹത്തായ പൗരോഹിത്യ ശുശ്രൂഷയാണിത്. സർവ്വസൃഷ്ടിയിൻമേലും സ്രഷ്ടാവിന്റെ ജീവദായകമായ മുദ്ര നാം പതിക്കുന്നു. ആദിയിൽ വെള്ളത്തിൻമേൽ പരിവർത്തിച്ച ആത്മാവ് ഇന്ന് സഭ

യുടെ വിളി കേട്ട്, തന്റെ സൃഷ്ടിയിൻമേൽ ആവസിക്കുന്നു. അതുകൊണ്ടാണ് ക്രൊയ്ത്തോദ് റൂഹോ സഭയുടെ പരമമായ ധർമ്മമാണ് എന്ന് സൂചിപ്പിച്ചത്. ഇത് അനശ്വരമായ പെന്തിക്കൊസ്തിയുടെ അനുഭവമാണ്.

ഭരണഘടനയും, നിയമങ്ങളും, ധർമ്മസ്ഥാപനങ്ങളും, സാമൂഹ്യപ്രവർത്തനങ്ങളും സഭയ്ക്കുണ്ടാകാം. പക്ഷേ, നിരന്തരം അത്യുന്നതങ്ങളിലേക്ക് കൈകളുയർത്തി പരിശുദ്ധാത്മാവിനെ ആഹ്വാനം ചെയ്യുന്നെങ്കിൽ മാത്രമേ സഭയ്ക്കു ജീവനുണ്ടാകയുള്ളൂ. മുഷ്ടി ചുരുട്ടാതെയും, കൈകൾ അലസമായി താഴ്ത്തിയിടാതെയും ജാഗ്രതയോടെ നാം കൈകളുയർത്തണം. ഇങ്ങനെ വിശ്വാസത്തോടും, പ്രത്യാശയോടും കൂടി കൈകളുയർത്തുന്നതാണ് സഭയുടെ ധർമ്മമെന്നു നമ്മുടെ ജനങ്ങളേയും, ആത്മായ നേതാക്കൻമാരെയും നാം പഠിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നത് തന്റെ സ്വന്തം ഇഷ്ടപ്രകാരമാണോ അതോ നമ്മുടെ ആഹ്വാനമനുസരിച്ചാണോ എന്ന് ഇവിടെ ഒരു ചോദ്യം ചോദിക്കാവുന്നതാണ്. ഇതു രണ്ടും തമ്മിൽ പരസ്പര വൈരുദ്ധ്യം ഒന്നും ഇല്ല എന്ന് ചൂണ്ടിക്കാണിക്കാവുന്നതാണ്. പരിശുദ്ധാത്മാവ് കാറ്റടിക്കുന്നതുപോലെ സ്വന്തം ഇഷ്ടമനുസരിച്ച് പ്രവർത്തിക്കുന്നു. കൊർന്നല്യോസിന്റെ ഭവനത്തിൽ പത്രോസ് പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ സ്നാനമേൽക്കുന്നതിനു മുമ്പ് പരിശുദ്ധാത്മാവ് ജാതികളുടെമേൽ ആവസിക്കുന്നതായി നാം കാണുന്നു (അപ്പോ. പ്ര. 10:44). വേറൊരിടത്ത് സ്നാനത്തിനു ശേഷം കുറെ കഴിഞ്ഞ് പത്രോസിന്റേയും യോഹന്നാന്റേയും കൈവയ്പിനാൽ ശമര്യക്കാരിൽ പരിശുദ്ധാത്മാവ് ആവസിക്കുന്നതായും നാം കാണുന്നു (അപ്പോ. പ്ര. 8:15-17). ഏതായാലും സഭയുടെ ചുമതല ബോധപൂർവ്വം പരിശുദ്ധാത്മാവിനെ വിളിച്ചുവരുത്തുകയാണ്. അതിനതീതമായ എല്ലാ സ്വാതന്ത്ര്യവും ആത്മാവിനുണ്ട്.

## 2. സൃഷ്ടിശക്തിയുതിർക്കുന്ന സമൂഹം

സൃഷ്ടിക്കുന്നവനായ പരിശുദ്ധാത്മാവിൽ ജീവിക്കുന്ന സഭയുടെ രണ്ടാമത്തെ ധർമ്മം സൃഷ്ടിക്കുക എന്നതാണ്. സൃഷ്ടിശക്തി (creativity) ആത്മാവിന്റെ അതിമഹത്തായ ദാനമാണ്. സഭയുടെ ആന്തരികജീവന്റെ ലക്ഷണമാണ് അതിന്റെ ബാഹ്യമായ സർഗപ്രവണത (creativity). പെന്തിക്കൊസ്തി ദിവസം പരിശുദ്ധാത്മാവിന്റെ സൃഷ്ടിശക്തിയുടെ പ്രതീകമായി പ്രത്യക്ഷപ്പെട്ടത് അഗ്നിനാളങ്ങളാണ്. അഗ്നിയെ സാധാരണ വിനാശകനായിട്ടാണ് നാം കാണുന്നത്. പക്ഷേ, ജീവൻ നഷ്ടപ്പെട്ട് ഉണങ്ങിക്കരിഞ്ഞ വസ്തുക്കളെയാണ് സാധാരണ അഗ്നി നശിപ്പിക്കുന്നത്. ഇരുണ്ട രാത്രിയിൽ തീക്കുണ്ഡത്തിൽ കത്തിയുയരുന്ന അഗ്നിനാളങ്ങളെ നോക്കി അല്പസമയം ധ്യാനിക്കുന്ന ആർക്കും മനസ്സിലാകും അഗ്നി വിനാശകനല്ല,

നേരെമറിച്ച് അതിസാന്ദ്രമായ ശക്തിയുടെ ഉറവിടമാണെന്ന്. ഉജ്ജ്വലമായ വീര്യം പ്രസരിപ്പിക്കുന്ന സൃഷ്ടിയുടെ ഉറവിടമാണത്. ജീവനോടു ജീവനും ശോഭയോടു ശോഭയും കൂട്ടിച്ചേർക്കുന്നവനാണ് അഗ്നി. ഭാരതീയ സങ്കൽപത്തിൽ അഗ്നി ദേവനാണ്. പഞ്ചഭൂതങ്ങളിലൊന്നാണ്. അഗ്നിസാക്ഷിയായിട്ടാണ് നല്ല കാര്യങ്ങൾ നിർവ്വഹിക്കുന്നത്. അഗ്നി സൂര്യന്റെ മാർഗ്ഗമാണ്. അതുകൊണ്ട് ജീവന്റെ പ്രഭവസ്ഥാനവുമാണ്. സൃഷ്ടിശക്തിയുറ്റ അഗ്നിനാളങ്ങൾ എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്നു. അവ മുകളിലേക്ക് മാത്രം ഉയർന്നു കത്തുന്നു. സൃഷ്ടിശക്തിയുള്ള ഒരു സമൂഹത്തിന്റെ അന്തരാത്മാവിനെ വരച്ചുകാണിക്കാൻ ഇതിൽപ്പരം ശക്തമായ മറ്റൊരു പ്രതീകമില്ല. വെറുതെയല്ല ആത്മാവിന്റെ ആവാസം അഗ്നിനാവുകൾപോലെ ആദിമസഭയ്ക്ക് അനുഭവപ്പെട്ടത്.

യഹൂദപാരമ്പര്യങ്ങളിൽ നിന്നും, ജീവൻ നഷ്ടപ്പെട്ട യഹൂദ ഓർത്തഡോക്സിയിൽനിന്നും ക്രിസ്തീയസഭയെ വിമോചിപ്പിച്ചതും വേർതിരിച്ചതും ആത്മാവിന്റെ സൃഷ്ടിശക്തിയായിരുന്നു. ന്യായപ്രമാണത്തിന്റേയും യഹൂദവിശ്വാസത്തിന്റെയും മുഴുവൻ പ്രതീകമായിരുന്ന പരിച്ഛേദന ക്രിസ്ത്യാനികൾ അനുഷ്ഠിക്കേണ്ട എന്ന് യരുശലേം സുന്നഹദോസ് നിശ്ചയിച്ചത് അന്ന് ഏറ്റം വിപ്ലവകരമായ ഒരു തീരുമാനമായിരുന്നു. ആ തീരുമാനം "പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നിയ"തിന്റെ ഫലമാണെന്ന് അപ്പോസ്തോലൻമാർ പ്രഖ്യാപിക്കുന്നു. ഇതുപോലെ അനേകം തീരുമാനങ്ങൾ എടുക്കാൻ ആദിമസഭയെ സഹായിച്ചത് സഭയുടെ ഉള്ളിൽ കത്തിജ്വലിച്ച പരിശുദ്ധാത്മാവിന്റെ അഗ്നിയായിരുന്നു. ഈ സൃഷ്ടിശക്തിക്ക് രണ്ടു വശമുണ്ടായിരുന്നു.

ഒരു വശത്ത്, ചൈതന്യം നഷ്ടപ്പെട്ടതും, അർത്ഥശൂന്യവുമായ പാരമ്പര്യങ്ങളെ മുഖംനോക്കാതെ, ഭയപ്പെടാതെ കത്തിച്ചുകളയുക. മറുവശത്ത് ആത്മാവിന്റെ അനേകം വരങ്ങളെ സമൂഹം പ്രാപിച്ച് ദൈവത്തെ സ്തുതിച്ചുകൊണ്ട് ലോകത്തിന് ദിവ്യശക്തിയുടെ പ്രവാഹങ്ങൾ ഒഴുകുന്ന പുതിയപുതിയ ഉറവകൾ സൃഷ്ടിക്കുക. ആയിരങ്ങൾ മാനസാന്തരപ്പെട്ടതും സുഖം പ്രാപിച്ചതും, അപ്പോസ്തോലൻമാർ "ലോകത്തെ കീഴ്മേൽ മറിക്കുന്ന" ശക്തിയുടെ ഉടമകളായിത്തീർന്നതും ഈ പുതിയ സൃഷ്ടിശക്തിയുടെ ഫലമാണ്. ഇന്നും സഭയിൽ അനശ്വരമായ പെന്തിക്കൊസ്തിയുടെ അനുഭവം കൈവരണമെങ്കിൽ ഈ രണ്ടു കാര്യങ്ങളും പ്രസക്തമാണ്.

നമ്മുടെ സഭ നൂറ്റാണ്ടുകളായി സ്വാതന്ത്ര്യത്തിനുവേണ്ടി അത്യദ്ധ്വാനം ചെയ്യുകയാണ്. മറ്റുള്ളവർ ഓരോ തരത്തിൽ നമ്മുടെ സ്വാതന്ത്ര്യം കവർന്നെടുത്തുകൊണ്ടിരുന്നു. പക്ഷേ, നമ്മുടെ തനിമ (identity) യും സ്വാതന്ത്ര്യവും വീണ്ടെടുക്കണമെങ്കിൽ നാം സൃഷ്ടിക്കുന്ന ഒരു സമൂഹമായി

മാറണം. സുറിയാനി പാരമ്പര്യം ഒരുകാലത്ത് അതീവ സർഗശക്തിയുള്ള ഒന്നായിരുന്നു. പക്ഷെ, നാം അന്തോഖ്യൻ സുറിയാനിക്കാരുമായി ബന്ധപ്പെടുന്ന 17-ാം നൂറ്റാണ്ടാകുമ്പോഴേക്ക് അവരുടെ സൃഷ്ടിശക്തിയെല്ലാം നശിച്ച് ആചാരാനുഷ്ഠാനങ്ങളിൽ മാത്രം മുഴുകിയ ഒരു പാരമ്പര്യമായി മാറിയിരുന്നു അത്. നിർഭാഗ്യവശാൽ മരവിച്ചുതുടങ്ങിയ ആ പാരമ്പര്യമാണ് കുറെയേറെ നാം സ്വീകരിച്ച് വിലമതിച്ചത്. നമുക്ക് വലിയ പരിശുദ്ധൻമാർ ഉണ്ടായെങ്കിലും നമ്മുടെ പശ്ചാത്തലത്തിൽ പ്രാർത്ഥനകളോ വേദശാസ്ത്ര വ്യാഖ്യാനങ്ങളോ, വേഷവിധാനങ്ങളോ, ഉണ്ടാക്കാൻ നാം കാര്യമായി ശ്രമിച്ചില്ല. നാം തനിമയും, സ്വാതന്ത്ര്യവും പ്രാപിക്കാതിരുന്നതു മൂലം വീണ്ടും വീണ്ടും നാം അധികാരമോഹികളായവരുടെ ആക്രമണത്തിന് വിധേയരായിക്കൊണ്ടിരുന്നു. നാം തിരസ്കരിക്കേണ്ടിയിരുന്ന പല സംഗതികളും ഓർത്തഡോക്സിയുടെ പേരിൽ നാം സ്വീകരിച്ചു ബഹുമാനിച്ചു.

പരിശുദ്ധാത്മാവാണ് നമ്മുടെ സൃഷ്ടിയുടെ ഉറവിടം. നാം സമൂഹമായി ആ മഹാശക്തിയിലേക്ക് തിരിയുകയും പരിശുദ്ധാത്മാവിനും, നമുക്കും ഒരു പോലെ തോന്നുന്ന കാര്യങ്ങൾ ഭയമില്ലാതെ നടപ്പിലാക്കി ഇവിടെ ആത്മാവിന്റെ ജ്വാലകളുയർത്തണം. അപ്പോൾ നമ്മുടെ ക്രിസ്തീയ സമൂഹം നിർഭയമായ സ്വാതന്ത്ര്യം പ്രാപിക്കും.

### 3. ആത്മാവും ആവരണവും

മൂന്നാമതായി, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ഒരു സമൂഹം അതിന്റെ ബാഹ്യരൂപങ്ങളെ ആന്തരിക ശക്തിക്ക് വിധേയപ്പെടുത്തുന്നു. ഒരു ഉദാഹരണംകൊണ്ട് ഇത് വ്യക്തമാക്കാം. ഒരു മുട്ടയ്ക്ക് അതിന്റേതായ പ്രത്യേക ആകൃതി നൽകുന്നത് അതിന്റെ തോടാണ് എന്നു നമുക്കറിയാം. അപ്പോൾ മുട്ടയ്ക്ക് നിശ്ചിതമായ രൂപമുണ്ട്. പക്ഷേ, എന്തുകൊണ്ടാണ് മുട്ടത്തോട് വളരെ നേർത്തതും തൊട്ടാൽ പൊട്ടുന്നതുമായിരിക്കുന്നത് എന്നു നമുക്കറിയാം. കാരണം മുട്ടയുടെ സത്ത സ്ഥിതിചെയ്യുന്നത് അതിനുള്ളിലെ കരുവിലാണ്. ആ മുട്ടക്കരു വികസിച്ച് വളരുന്നതുവരെയുള്ള താൽക്കാലികമായ രൂപം മാത്രമാണ് മുട്ടയ്ക്കുള്ളത്. വളർന്നുവരുന്ന ആന്തരിക ജീവന് എപ്പോൾ വേണമെങ്കിലും വഴിമാറിക്കൊടുക്കാൻ തയ്യാറായിട്ടിരിക്കുന്നതുകൊണ്ടാണ് മുട്ടത്തോട് അത്ര നേർത്തതായിരിക്കുന്നത്. പക്ഷിക്കുഞ്ഞിന്റെ വികാസത്തെ തടസ്സപ്പെടുത്താതെ താല്കാലികമായി സംരക്ഷിക്കുക മാത്രമാണ് മുട്ടത്തോടിന്റെ ധർമ്മം. പൂർണ്ണമായ ഒരു ഉദാഹരണമല്ലെങ്കിലും ക്രിസ്തീയസമൂഹത്തെ ഒരു മുട്ടയോട് ഉപമിക്കാമെന്ന് തോന്നുന്നു.

യേശുക്രിസ്തുവിന്റെ ശരീരമായ സഭയുടെ ആന്തരികജീവൻ പരിശു

ദ്ധാത്മാവാണ്. പരിശുദ്ധാത്മാവ് നമ്മുടെ സമൂഹത്തിനുള്ളിൽ വികസിക്കാൻ വിതുമ്പുകയാണ്. ആത്മാവ് നമ്മുടെയുള്ളിൽ ഞരങ്ങുന്നു (The Spirit groans in us) എന്ന് പ. പൗലോസ് ശ്ലീഹാ പറയുന്നതിൽ ഒരു പക്ഷേ ഈ സംഗതിയും ഉൾപ്പെട്ടിരിക്കാം. പക്ഷേ, ആത്മാവ് ഇവിടെ ബന്ധിക്കപ്പെട്ടിരിക്കയില്ല. സർവ്വവ്യാപിയായ ആത്മാവു തന്നെയാണ് ക്രിസ്തീയ സമൂഹമാകുന്ന മുട്ടയുടെമേൽ അടയിരുന്ന് അതിന്റെയുള്ളിൽ ആത്മാവിനെ വിരിയിക്കുന്നത്. അകത്തും പുറത്തും ആത്മാവു തന്നെ. ആത്മാവ് വിളിക്കുന്നു. ആത്മാവ് ഉത്തരം പറയുന്നു. The Spirit calls and the Spirit responds. ഇതോടൊപ്പം ക്രിസ്തീയസമൂഹം ആത്മമയമായിത്തീരുന്നു.

ആത്മാവിന്റെ ചൂട് സ്വാഭാവികമായി ലഭിക്കുമ്പോൾ സമൂഹത്തിന്റെ പുറന്തോടും പൊട്ടി ഉള്ളിലെ ജീവനു വഴിനൽകും. ഭരണഘടനകളും നിയമങ്ങളും ചട്ടങ്ങളും ആചാരങ്ങളും എല്ലാം താൽക്കാലികമാണെന്ന് നാം മനസ്സിലാക്കണം. ഇവയൊന്നും ദൈവരാജ്യത്തിലേക്കു കടക്കയില്ല. അവിടെവരെ നമ്മുടെ ജീവനെ പൊതിഞ്ഞു നിൽക്കുന്ന പുറന്തോടാണ് അവ. നാം ആദ്യം കണ്ടതുപോലെ യുഗാന്ത്യസമൂഹമായ സഭ അതിന്റെ എല്ലാ ബാഹ്യരൂപങ്ങളെയും ആന്തരികമായ ആത്മാവിന്റെ വികാസപരിണാമങ്ങൾക്കു വിധേയമാക്കുന്നു.

പുറന്തോടിനെ കഴിയുന്നത്ര നേർത്തതായി സൂക്ഷിക്കണം എന്ന് മനസ്സിലാക്കാതെ ചിലപ്പോൾ ആന്തരികജീവനെ സംരക്ഷിക്കാനുള്ള വ്യഗ്രതയിൽ നാം അതിനെ കനത്തിൽ സിമന്റ് ഇട്ട് ഉറപ്പിക്കാൻ ശ്രമിക്കാറുണ്ട്. പക്ഷേ, ജീവൻ ശ്വാസംമുട്ടി മരിക്കുന്നു. മുട്ടയുടെ ഉദാഹരണം അപൂർണ്ണമാണെന്ന് നമുക്കറിയാം. ക്രിസ്തീയസമൂഹത്തെ സംബന്ധിച്ചിടത്തോളം ആന്തരികജീവന്റെ നിത്യമായ വികാസമാണ് സംഭവിക്കുന്നത്. അതുകൊണ്ട് ബാഹ്യരൂപങ്ങൾക്ക് തുടരെത്തുടരെയുള്ള അഴിച്ചുപണികൾ നടത്തേണ്ടതുണ്ട്. ആരാധനാരീതികളിലും വേഷവിധാനങ്ങളിലും, ഭരണമാതൃകകളിലും, സംവിധാനങ്ങളിലുമെല്ലാം നാം ആത്മാവിന്റെ നിയോഗം അനുസരിച്ച് പുതുക്കം പ്രാപിച്ചുകൊണ്ടിരിക്കണം. ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ മുന്നോടിയായി വന്ന യോഹന്നാൻ സ്നാപകൻ പറഞ്ഞു. 'അവനോ വളരേണം, ഞാനോ കുറയേണം.' ബാഹ്യഘടനകൾ അന്തരാത്മാവിനെക്കുറിച്ച് ഇതുതന്നെ പറയണം. അന്ധമായ ഏതെങ്കിലും ഓർത്തഡോക്സിയുടെ പേരിൽ നാം ആത്മാവിനെ ഞെരുക്കാനിടയാകരുത്. ബാഹ്യമായ നല്ല പരിവർത്തനങ്ങൾ ആന്തരികവളർച്ചയുടെ ലക്ഷണമാണ്. ജീവനുള്ള പാമ്പ് ഇടയ്ക്കിടെ പടംപൊഴിക്കുന്നു. ചത്ത പാമ്പ് ഒരിക്കലും പടം പൊഴിക്കുന്നില്ല.

### 4. ഭയത്തിൽ നിന്ന് വിമോചനം

ആത്മാവിൽ വേരൂന്നിയ സമൂഹം അതിന്റെ രോഗങ്ങളെ പെട്ടെന്ന് വിവേചിച്ചറിഞ്ഞ് ആത്മാവിന്റെ ഔഷധം പ്രയോഗിക്കുന്നു. ലോകത്തിലായിരിക്കുന്നതുകൊണ്ട് ക്രിസ്തീയസമൂഹത്തിന് ഇടയ്ക്കിടെ രോഗം ബാധിക്കാം. ആദിമ ക്രിസ്തീയസമൂഹത്തിലും കലഹം, അഭിപ്രായഭിന്നതകൾ, വിദ്വേഷം, ഭിന്നത എന്നിവ തലപൊക്കുന്നതായി നാം അപ്പോസ്തലപ്രവൃത്തിയിൽ കാണുന്നുണ്ട്. പക്ഷേ, അപ്പോസ്തലികസമൂഹം അതിനെ പെട്ടെന്ന് തിരിച്ചറിഞ്ഞ്, അതിനു പ്രത്യൗഷധം ചെയ്യുന്നു.

ചെറിയ സമൂഹങ്ങൾക്കുണ്ടാകാവുന്ന ഒരു പ്രധാന മാനസികരോഗമാണ് ഭയം. സ്വന്തം നിലനില്പ് അപകടത്തിലാകുമെന്ന ഭയം എപ്പോഴുമുണ്ടാകും. അതുമൂലം മറ്റുള്ളവരെ സംശയത്തോടെ നോക്കാനും, കടന്നാക്രമിക്കാനും, എപ്പോഴും പ്രതിരോധത്തിന്റെ മനോഭാവം നിലനിർത്താനും ഇടയായേക്കാം. ഇതിന്റെ മറുവശത്തുള്ള ഒരു മാനസികരോഗമാണ് megalomania അഥവാ സ്വന്തം മഹത്വത്തെക്കുറിച്ചുള്ള അതിരുകവിഞ്ഞ ആത്മവിശ്വാസം. വ്യക്തികൾക്കു ബുദ്ധിഭ്രമവും മറ്റും പിടിപെടുന്നതുപോലെ സമൂഹത്തിനും മാനസികമായ വികൽപ്പങ്ങൾ ഉണ്ടാകാം. ഉള്ളിലുള്ള ഭയത്തെ മറച്ചുവയ്ക്കുന്നതിന് സ്വന്തം പാരമ്പര്യത്തെക്കുറിച്ചും, പൗരാണികത്വത്തെക്കുറിച്ചും നാം വീമ്പിളക്കിയേക്കാം. എല്ലാ സമൂഹങ്ങൾക്കും കുറെയൊക്കെ ഭയവും മഹത്വഭ്രാന്തും കാണും. പക്ഷേ, ഒരളവിൽ കവിയുമ്പോൾ അത് രോഗമാകുന്നു. അതുകൊണ്ട് നമ്മുടെ സമൂഹം ഒന്നും പുതുതായി സൃഷ്ടിക്കാതിരിക്കയും എപ്പോഴും പുറകോട്ടുനോക്കി പാരമ്പര്യം, പൗരാണികത്വം എന്നിവയെക്കുറിച്ച് പറയാനുള്ള പ്രവണത കാണിക്കയും ചെയ്യുന്നുണ്ടെങ്കിൽ സമൂഹം രോഗഗ്രസ്തമാണെന്ന് നാം മനസ്സിലാക്കണം. സൃഷ്ടിശക്തിയുടെ ഉറവയായ പരിശുദ്ധാത്മാവിലുള്ള കൂടുതൽ ആശ്രയവും വിനയപരിശീലനവും പുതിയ പുതിയ രീതിയിലുള്ള ആത്മാവിഷ്കാരവുമാണ് ഇവയ്ക്ക് മറുമരുന്ന്.

ഭയം ചിലപ്പോൾ ബാഹ്യമായ ശക്തിപ്രകടനങ്ങളിൽ അഭയം തേടാറുണ്ട്. റാസകളുടെ പ്രൗഢിയും, ഘോഷയാത്രകളുടെ നീളവും, ഗാംഭീര്യവുംകൂട്ടി സമൂഹത്തിന്റെ ശക്തി പ്രകടനത്തിന് നാം ഒരുങ്ങാറില്ലേ? ഇത് ആത്മാവിന്റെ ശക്തിയല്ല, നേരെമറിച്ച് ഉൾഭയത്തിന്റെ മറ്റൊരു മുഖമാണ് കാണിക്കുന്നത്.

### 5. പരിശുദ്ധാത്മാവും സാഹസികമായ ഭാവിയും

അവസാനമായി, ആത്മാവിന്റെ സൃഷ്ടിയായ സമൂഹം എപ്പോഴും സാഹസികമായ ആത്മീയ സംരംഭങ്ങളിൽ ഏർപ്പെടുന്ന സമൂഹമാണ്.

ആദിമ ക്രൈസ്തവസമൂഹം ക്രിസ്തുവിനെ സാക്ഷിച്ചത് അദ്ഭുതകരമായ സാഹസികതയോടെയാണ്. കോപഭ്രാന്തരായി പല്ലുകടിച്ചുകൊണ്ട് കല്ലെറിയുവാൻ തയ്യാറായി ചുറ്റുംനിൽക്കുന്ന യഹൂദൻമാരുടെ മദ്ധ്യത്തിൽനിന്ന് പരിശുദ്ധാത്മാവ് നിറഞ്ഞവനായി സ്വർഗത്തിലേക്ക് ഉറ്റുനോക്കിക്കൊണ്ട് സ്തേഫാനോസ്: "ഇതാ സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്ത് നിൽക്കുന്നതും ഞാൻ കാണുന്നു" എന്ന് വിളിച്ചുപറഞ്ഞു. ഇത് ആദിമസമൂഹത്തിന്റെ സാഹസികമായ ദർശനമാണ്. ഇതിൽ ഉജ്ജ്വലമായ പ്രവാചകദർശനം കത്തിനിൽക്കുന്നു. ഇതാണ് യഥാർത്ഥ സാക്ഷ്യം അഥവാ martyria. ലോകനിയമങ്ങളുടെ യുക്തികളുടെയും അവ ഉന്നയിക്കുന്ന പ്രതികൂലതകളുടെയും മദ്ധ്യത്തിൽ നമ്മുടെ സമൂഹം പരിശുദ്ധാത്മാവ് നിറഞ്ഞ് തുറന്നിരിക്കുന്ന സ്വർഗ്ഗവും അവിടെ മനുഷ്യപുത്രൻ പിതാവിന്റെ വലത്തുഭാഗത്ത് നിൽക്കുന്നതും കാണണം. ഈ മഹത്തായ ദർശനം നമുക്കുണ്ടെങ്കിൽ കല്ലെറിയാൻ ചീറിയടുക്കുന്ന സമൂഹത്തെ നാം ഭയപ്പെടുകയില്ല. നമ്മുടെ ദർശനം മൂടിവയ്ക്കാതെ നാം ഉച്ചത്തിൽ ഉൽഘോഷിക്കും. മനുഷ്യരുടെ യുക്തിയും നിയമവും, ന്യായാസനങ്ങളും നമുക്കെതിരെ വാതിലടയ്ക്കുമ്പോൾ ആ വാതിലുകളിൽ തന്നെയല്ല നാം മുട്ടേണ്ടത്. അപ്പോൾ അവ സൃഷ്ടിക്കുന്ന ഇരുട്ടിൽ തുറന്നിരിക്കുന്ന സ്വർഗം കാണാൻ നമ്മുടെ സമൂഹത്തിന് ആത്മശക്തിയുണ്ടാകണം. സ്തേഫാനോസിനെപ്പോലെ പരിശുദ്ധാത്മാവിൽ നിറഞ്ഞെങ്കിൽ മാത്രമേ തുറന്നിരിക്കുന്ന സ്വർഗം കാണുവാൻ നമുക്ക് കഴിവ് ലഭിക്കുകയുള്ളൂ. അല്ലെങ്കിൽ നാം വീണ്ടും മനുഷ്യരുടെ വാതിലുകളിൽ വ്യർത്ഥമായി മുട്ടിക്കൊണ്ടിരിക്കും.

സാഹസികമായ ആത്മീയസംരംഭം (spiritual adventure) പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് എന്ന കർത്തൃവാഗ്ദാനത്തിൽ വിശ്വസിച്ചുകൊണ്ട് അബ്രഹാമിനെപ്പോലെ അജ്ഞാതദേശത്തേക്കുള്ള തീർത്ഥാടനമാണ്. അവിടേക്ക് ദൈവത്തിന്റെ കരങ്ങൾ നമ്മെ നയിക്കുന്നുവെന്നും അത്യദ്ഭുതകരമായ ഭാവിയിലേക്ക് നമ്മെ അവൻ നടത്തുമെന്നും നാം വിശ്വാസത്തിലൂടെ മാത്രം അറിയുന്നു. "Saying of the Desert Fathers" എന്ന പുസ്തകത്തിൽ അബ്ബാ യൗസേഫ് എന്ന ആത്മീയ ഗുരുവിന്റെ അടുക്കൽ ഒരു യുവസന്യാസി വന്ന കഥ പറയുന്നുണ്ട്. യുവാവായ സന്യാസി ആചാര്യനോടു പറഞ്ഞു. "ഞാൻ എന്നാൽ കഴിയുന്നവിധമെല്ലാം വ്രതങ്ങൾ എടുക്കയും, നിഷ്ഠയോടെ ആത്മീയജീവിതം നയിക്കയും, നിരന്തരം പ്രാർത്ഥിക്കയും ചെയ്യുന്നു. ഇനി എനിക്ക് എന്ത് ചെയ്വാൻ കഴിയും എന്ന് ഉപദേശിക്കണം." അബ്ബാ യൗസേഫ് ഒന്നും മറുപടി പറയാതെ എഴുന്നേറ്റ് സ്വർഗ്ഗത്തിലേക്കുനോക്കി രണ്ടു കൈകളും പ്രാർത്ഥനാപൂർവ്വം മുകളിലേക്കുയർത്തിപ്പിടിച്ചു. നിമിഷങ്ങൾ കഴിഞ്ഞ്, യുവസന്യാസി നോക്കിയപ്പോൾ പ്രാർ

ത്ഥനാനിരതനായ ആചാര്യന്റെ മുകളിലേക്കു നീട്ടിയ പത്തുവിരലുകൾ, കത്തിജ്വലിക്കുന്ന പത്ത് അഗ്നിനാളങ്ങളായി ഉയരുന്നത് കണ്ടു. അബ്ബാ യൗസേഫ് ശിഷ്യനോട് പറഞ്ഞു: "നിന്റെ പ്രാർത്ഥന അഗ്നിജ്വാലകളായി ത്തീരട്ടെ." സഭയുടെ പ്രാർത്ഥന ആത്മാവിന്റെ അഗ്നിനാളങ്ങളായി ത്തീരട്ടെ.

"ആത്മാവും മണവാട്ടിയും വരിക എന്നു പറയുന്നു. കേൾക്കുന്നവരും വരിക എന്നു പറയട്ടെ."

"മാറാ നാഥാ, കർത്താവായ യേശുവേ വേഗം വരണമെ."

# വസ്ത്രവും ശരീരവും

## ഒരു രൂപകാലങ്കാരത്തിന്റെ ആത്മീയാർത്ഥങ്ങൾ

ക്രിസ്തീയ പാരമ്പര്യത്തിൽ വസ്ത്രത്തിന് പ്രതീകാത്മകമായ ആത്മീയാർത്ഥങ്ങൾ കൽപിക്കുന്നുണ്ട്. പഴയവസ്ത്രം മാറി പുതിയത് ധരിക്കുമ്പോൾ നാം പ്രത്യേക പ്രാർത്ഥന ചൊല്ലണമെന്ന് സഭ നിഷ്കർഷിക്കുന്നു.

മാറ്റിക്കളയുന്ന പഴയ വസ്ത്രം പാപം ചെയ്ത ആദാമിന്റെ പഴയ മനുഷ്യത്വം, തിന്മ, മരണം, ദ്രവത്വം, നാശം എന്നിവയെ സൂചിപ്പിക്കുന്നു. പുതുതായി ധരിക്കുന്ന വസ്ത്രം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പുതിയ മനുഷ്യത്വം, നന്മ, നിത്യജീവൻ, തേജസ്സ് എന്നിവയെ ദ്യോതിപ്പിക്കുന്നു.

ഒരു വ്യക്തിക്ക് മാമോദീസാ നൽകുമ്പോൾ നാം പ്രാർത്ഥിക്കുന്നു: "പഴയ മനുഷ്യനെ ഇവനിൽ നിന്ന് ഉരിഞ്ഞു കളയേണമേ. നാശരഹിതമായ വസ്ത്രം (ഇവനെ) ധരിപ്പിക്കേണമേ."

ഇതിനു സമാനമായ അർത്ഥം ധ്വനിപ്പിക്കുന്ന പ്രാർത്ഥനയാണ് വി. കുർബാനയ്ക്ക് ഒരുങ്ങുന്ന പുരോഹിതൻ 'തൂയോബോ' ശുശ്രൂഷയിൽ നടത്തുന്നത്:

*(കൈകൾ കഴുകി, സാധാരണ വസ്ത്രങ്ങൾ മാറ്റിക്കൊണ്ട്)*

"ദൈവമായ കർത്താവേ, അശുദ്ധമായ എന്റെ ദുഷ്പ്രവൃത്തികൾ മൂലം സാത്താൻ എന്നെ ധരിപ്പിച്ചിട്ടുള്ള മലിനവസ്ത്രങ്ങളെ എന്നിൽനിന്ന് ഉരിഞ്ഞുകളഞ്ഞ് നിന്റെ ബഹുമാന്യതയുടെ ശുശ്രൂഷയ്ക്കും തിരുനാമ മഹത്വത്തിനും ഉചിതമായ വിശേഷ വസ്ത്രങ്ങൾ എന്നെ ധരിപ്പിക്കേണമേ."

*(വെള്ളക്കുപ്പായത്തിന്മേൽ കുരിശടയാളങ്ങൾ വരച്ച് അത് ധരിച്ചുകൊണ്ട്)*

"ദൈവമായ കർത്താവേ, വിശുദ്ധാത്മ ശക്തിയാൽ അനശ്വരമായ വസ്ത്രം എന്നെ ധരിപ്പിക്കേണമേ, പിതൃപുത്ര പരിശുദ്ധാത്മാവേ, ആയുഷ്ക്കാലം മുഴുവൻ സത്യവിശ്വാസത്തിൽ നിർമ്മലവും ചൊവ്വുള്ളതുമായ നടപടികളോടു കൂടി ജീവിക്കുവാൻ ഞങ്ങൾക്ക് കൃപ നൽകുകയും ചെയ്യണമേ."

പുതുതായി ധരിക്കുന്ന വസ്ത്രത്തിന് പ്രതീകാത്മകമായി അനശ്വരത യുടെ വസ്ത്രം (garment of immortality), പ്രകാശത്തിന്റെ വസ്ത്രം, ജീവന്റെ വസ്ത്രം എന്നൊക്കെയാണ് പേരുകൾ കൊടുക്കുന്നത്.

ഈ പ്രത്യേക സങ്കൽപ്പത്തിന്റെ അടിസ്ഥാനം വസ്ത്രവും ശരീരവും തമ്മിലുള്ള ആലങ്കാരികമായ ബന്ധമാണ്. ശരീരത്തെ കുറിക്കാൻ ഉപയോ ഗിക്കുന്ന ഒരു രൂപാലങ്കാരം (metaphor) ആണ് വസ്ത്രം. ഭാരതീയ ചിന്ത യിലും ഗ്രീക്കുകാരുടെ പ്ലാറ്റോണിക്, നിയോ പ്ലേറ്റോണിക് ചിന്തകളിലും വസ്ത്രം ശരീരത്തിന്റെ പ്രതീകമാണ്. മുഷിഞ്ഞ വസ്ത്രം നാം മാറിയു ടുക്കുന്നതു പോലെ ആത്മാവ് ശരീരങ്ങളെ മാറിമാറിയുടുക്കുന്നു എന്ന് പുനർജന്മവിശ്വാസം പഠിപ്പിക്കുന്നു. ഇത് പുരാതന ഇൻഡ്യയിലും ഗ്രീസി ലും മറ്റും പ്രബലമായ ചിന്തയുമായിരുന്നു. ‘ഓറിജൻ’ തുടങ്ങിയ ചില ക്രിസ്തീയ ഗുരുക്കന്മാരെ ഒരളവ് വരെ ഇത് സ്വാധീനിക്കുകയും ചെയ്തു. ആത്മാവ് അനശ്വരമാണ്. അതിന് മാറ്റമില്ല. ശരീരം നശിച്ചു പോകുന്ന താണ്. അനശ്വരമായ ആത്മാവ് വീണ്ടും വീണ്ടും നശ്വരമായ പുതിയ ശരീ രങ്ങൾ സ്വീകരിക്കുന്നു എന്ന പുനർജന്മ ചിന്തയെ ക്രിസ്തീയ വിശ്വാസം സ്വീകരിക്കുന്നില്ല.

മനുഷ്യശരീരത്തിന് പരമോന്നതസ്ഥാനമാണ് ക്രിസ്തീയ പാരമ്പ ര്യത്തിൽ നൽകിയിരിക്കുന്നത്. ഗർഭധാരണത്തിൽ ആത്മാവും ശരീരവും തമ്മിൽ അഭേദ്യമായി ചേർന്ന മനുഷ്യവ്യക്തിയുടെ രക്ഷയാണ് അതു കൊണ്ട് ഉദ്ദേശിക്കുന്നത്. കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ അടിസ്ഥാ നത്തിലാണ് ആത്മശരീരങ്ങളുടെ ഐക്യത്തെയും അവയുടെ സഹധർമ്മ ത്തെയും കുറിച്ച് ക്രിസ്തീയ ദൈവശാസ്ത്രം പഠിപ്പിക്കുന്നത്.

ശരീരത്തെക്കുറിക്കാൻ വസ്ത്രം എന്ന രൂപകം ഉപയോഗിക്കുന്നുണ്ടെ ങ്കിലും പുരാതന ഹൈന്ദവ, ഗ്രീക്ക് ചിന്തകളിൽ നിന്ന് വളരെ വ്യത്യസ്ത മാണ് ഇക്കാര്യത്തിൽ ക്രിസ്തീയ ധാരണ. മുഷിഞ്ഞ് ജീർണ്ണിച്ച് പോകുന്ന വസ്ത്രത്തെ നാം ഉപേക്ഷിച്ചു കളയുന്നു എന്ന അർത്ഥത്തിൽ ഒരിക്കലും ശരീരമാകുന്ന വസ്ത്രത്തെ വ്യാഖ്യാനിക്കുന്നില്ല ക്രിസ്തീയ പാരമ്പര്യം.

“ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്ത്യമായത് അമർത്ത്യ തയെയും ധരിക്കേണം” (1 കൊരി. 15:53) എന്ന് പൗലോസ് അപ്പോ സ്തോലൻ പ്രസ്താവിക്കുന്നു. ശരീരത്തിന് ഉയിർപ്പിലൂടെ ലഭിക്കുന്ന രൂപാ ന്തരവും മഹത്വീകരണവും ആണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഉയിർപ്പിൽ ക്രിസ്തുവിന്റെ മഹത്വമുള്ള ശരീരത്തിന് അനുരൂപമായി രൂപാന്തരപ്പെടുന്ന നമ്മുടെ എളിയ ശരീര (ഫിലി. 3 21) ത്തെക്കുറിച്ചാണ് ജീവന്റെ വസ്ത്രം, അനശ്വരതയുടെ വസ്ത്രം, തേജസ്സിന്റെ വസ്ത്രം എന്നൊക്കെ സൂചിപ്പി ക്കുന്നത്.

ഗ്രീക്ക് സംസ്കാരത്തിൽ ജനിച്ചുവളർന്ന് പരിശീലനം നേടിയ യഹൂദ പണ്ഡിതൻ എന്ന നിലയിൽ പൗലോസ് ശ്ലീഹായെ പ്ലേറ്റോണിക് ചിന്ത സ്വാധീനിച്ചിട്ടുണ്ട്. "കൂടാരമാകുന്ന ഞങ്ങളുടെ ഭൗമഭവനം" (2 കൊരി 5:1) എന്ന് വി. പൗലോസ് പറയുന്നത് ശരീരത്തെക്കുറിച്ചാണ്. ശരീരം താൽക്കാലികമായ ഒരു കൂടാരം പോലെ ആത്മാവിന്റെ താൽക്കാലികമായ പാർപ്പിടമാണെന്നുള്ളത് ഗ്രീക്ക് ചിന്തയാണ്. ആ ശരീരമാകുന്ന കൂടാരത്തെ "ഉരിഞ്ഞു കളവാനല്ല, മർത്ത്യമായതു ജീവനാൽ നീങ്ങിപ്പോകേണ്ടതിന് മീതേ ഉടുപ്പാൻ ഇച്ഛിക്കുന്നു" (5:4) എന്നാണ് വി. പൗലോസ് പറയുന്നത്.

മർത്ത്യമായതിനു മീതെ ജീവന്റെ വസ്ത്രമുടുക്കുമ്പോൾ, ശരീരത്തിന് രൂപാന്തരം സംഭവിക്കുന്നു. അത് നിത്യജീവൻ വഹിക്കുന്ന ശരീരമായിത്തീരുന്നു. ഇവിടെ നാം കാണുന്ന ശരീരവും വസ്തുക്കളും ദ്രവ്യപ്രപഞ്ചവും സൃഷ്ടിതമായ സകലവും ജീവന്റെ വസ്ത്രം ധരിക്കാൻ വിളിക്കപ്പെട്ടതാണ്. ആത്മശരീരങ്ങളുടെ ഏകത അനുഭവിക്കുന്ന മനുഷ്യവ്യക്തിത്വമാണ് ഈ ഉടുപ്പുമാറ്റത്തിന് ആദ്യ ഫലമായിത്തീരേണ്ടത്. സൃഷ്ടിക്കപ്പെട്ടയാതൊന്നും നശിച്ചുപോകുന്നില്ല. എന്നാൽ അവയ്ക്ക് രൂപാന്തരം സംഭവിക്കുന്നു. മരണത്തിന്റെയും ദ്രവത്വത്തിന്റെയും അംഗങ്ങൾ അവയിൽ ഉള്ളതുകൊണ്ടാണ് അവ ക്ഷണികമെന്നും നശ്വരമെന്നും നാം കരുതുന്നത്. എന്നാൽ അവയ്ക്ക് രൂപാന്തരം സംഭവിച്ച്, ജീവന്റെയും തേജസ്സിന്റെയും പ്രകാശവസ്ത്രം അവയെ ആവരണം ചെയ്യുമ്പോൾ, അവയുടെ മാരകമായ സ്വഭാവം ഇല്ലാതാവുകയും, കർത്താവിന്റെ മഹത്വമുള്ള ശരീരത്തിന് അനുരൂപമായി അവ രൂപാന്തരപ്പെടുകയും ചെയ്യും.

മനുഷ്യർ തമ്മിലുള്ള സംഘർഷങ്ങളും, മനുഷ്യന്റെ അത്യാസക്തി മൂലമുണ്ടാകുന്ന പരിസ്ഥിതിയുടെ ജീർണ്ണതയും കാരണം മനുഷ്യവർഗ്ഗവും പ്രകൃതിയും ഇന്ന് നാശത്തിന്റെ വക്കിലാണ്. ഇവിടെ നമുക്ക് പ്രത്യാശ നൽകുന്ന സന്ദേശമാണ് കർത്താവിന്റെ ഉയിർപ്പ് നൽകുന്നത്. സൃഷ്ടി മുഴുവൻ പുത്തനുടുപ്പ് ധരിച്ച് സന്തോഷപൂർവ്വം ദൈവത്തെ മഹത്വപ്പെടുത്തുന്ന പ്രകാശപൂരിതമായ ചിത്രമാണ് ഇവിടെ നമുക്ക് ലഭിക്കുന്നത്. അതിന്റെ സൂചനയാണ് വെളിപാടു പുസ്തകത്തിൽ കാണുന്നത്.

"ഇതിന്റെ ശേഷം സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്ന് ഉള്ളതായി, ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ച് കൈയിൽ കുരുത്തോലയുമായി സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പാകെ നിൽക്കുന്നത് ഞാൻ കണ്ടു. രക്ഷ എന്നുള്ളത് സിംഹാസനത്തിൽ ഇരിക്കുന്ന നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റേം ദാനം എന്ന് അവർ അത്യുച്ചത്തിൽ ആർത്തുകൊണ്ടിരു

ന്നു." (വെളി 7:9-10).

താബോർമലയിൽ, കർത്താവിന്റെ വസ്ത്രം സൂര്യശോഭയണിയുന്നതായി നാം വായിക്കുന്നു. യഥാർത്ഥത്തിൽ, കർത്താവിന്റെ ശരീരമാണ് രൂപാന്തരപ്പെട്ടത്. ആ അവർണ്ണനീയമായ ഭാസുരശോഭയിൽ മുങ്ങിയ വസ്ത്രങ്ങളും പ്രകാശപൂർണ്ണങ്ങളായി എന്നേയുള്ളൂ. ഇവിടെ വസ്ത്രം ശരീരത്തിന്റെ രൂപാന്തരത്തിന്റെ അടയാളവും പ്രതീകവുമായി മാറുന്നു.

മാമോദീസായ്ക്കു ശേഷം കുഞ്ഞിനെ ധരിപ്പിക്കുന്ന വെള്ള വസ്ത്രവും വി. കുർബാനയിൽ മേൽപട്ടക്കാരും വൈദീകരും ധരിക്കുന്ന വെളുത്ത ശുശ്രൂഷക്കുപ്പായവും ആന്തരികാർത്ഥത്തിൽ ഒന്നുതന്നെയാണ്. മരണമില്ലായ്മയുടെയും തേജസ്സിന്റെയും വസ്ത്രത്തിന്റെ പ്രതീകമാണിത്. കർത്താവിന്റെ താബോറിലെ രൂപാന്തരത്തിൽ കണ്ട വസ്ത്രത്തിന്റെയും വെളിപാടു പുസ്തകത്തിൽ പറയുന്ന നിലയങ്കിയുടെയും സൂചനയാണത്. സർവ്വോപരി, ഉയിർപ്പിലൂടെ മഹത്വമണിഞ്ഞ ക്രിസ്തുശരീരത്തിന്റെ പ്രതീകവും നമ്മുടെ ആത്യന്തിക പ്രത്യാശയുടെ അടയാളവുമാണ് ആ വസ്ത്രം.

### നഗ്നതയുടെ രൂപകാർത്ഥങ്ങൾ

മനുഷ്യശരീരത്തിന്റെയും മറ്റെല്ലാ ശരീരങ്ങളുടെയും പ്രശ്നം അവയുടെ ദ്രവത്വം (corruption, decay, disintegration) ആണ് എന്ന് ക്രിസ്തീയ പാരമ്പര്യം പഠിപ്പിക്കുന്നു. ദ്രവത്വത്തിന്റെ തുടക്കം മരണത്തിലാണ്. അതുകൊണ്ട് ജനിക്കുമ്പോൾ മുതൽ മരണവും ദ്രവത്വവും ആരംഭിക്കുന്നു എന്ന് നിസ്സായിലെ വി. ഗ്രീഗോറിയോസ് പറയുന്നു. ഉടുത്തു കഴിഞ്ഞാൽ മുഷിഞ്ഞുപോകുന്ന അല്ലെങ്കിൽ പഴകി ദ്രവിച്ചുപോകുന്ന വസ്ത്രമാണ് ഈ മരണത്തിന്റെയും ദ്രവത്വത്തിന്റെയും പൊതുപ്രതീകം. ദ്രവത്വം നാശത്തിലേക്കും ഇല്ലായ്മയിലേക്കുമാണ് വിരൽ ചൂണ്ടുന്നത്.

മാമോദീസായിൽ കുട്ടിയുടെ വസ്ത്രം നീക്കിക്കളയുന്നത് പഴയ ആദാമിന്റെ മരണവും ദ്രവത്വവുമുള്ള ശരീരത്തെ നീക്കിക്കളയുന്നതിന്റെ അടയാളമായിട്ടാണ്. വസ്ത്രം ഉരിയുമ്പോൾ കുട്ടി നഗ്നനാകുന്നു. ഇത് ആദാമിന്റെ ആദിനഗ്നതയാണ്. പാപം ചെയ്യുന്നതിനു മുൻപുള്ള വിശുദ്ധമായ നഗ്നത. ഈ നഗ്നത സുതാര്യത (transparence) യാണ്. എന്നു പറഞ്ഞാൽ നഗ്നനായ ആദാമിലൂടെ സ്ഫടികച്ചില്ലിലൂടെയെന്നവിധം ദൈവത്തിന്റെ മഹാതേജസ്സും ദൈവസൃഷ്ടിയുടെ ശ്രേഷ്ഠതയും മഹത്വവും വെളിപ്പെടുന്നു. അവിടെ ദൈവത്തേയും മനുഷ്യനെയും മറ്റു സൃഷ്ടികളെയും വേർതിരിക്കുന്ന മറയൊന്നുമില്ല. പ്രകാശത്തിന്റെ ഭാസുരമായ ശോഭ അവിടെ നിറഞ്ഞു നിൽക്കുന്നു. ആദാം പ്രകൃതിയെ നോക്കിയാൽ അതിലൂടെ ദൈവത്തേയും തന്നേയും കാണാം. മൃഗങ്ങളും പക്ഷികളും ആദാമിനെ നോക്കി

യാൽ അതിലൂടെ ദൈവത്തേയും സകല സൃഷ്ടിയേയും കാണാം. അനാച്ഛാദിതമായ ഈ പ്രകാശത്തെയും അത് നൽകുന്ന സുതാര്യദർശനത്തെയുമാണ് നഗ്നത സൂചിപ്പിക്കുന്നത്.

കൊച്ചുകുട്ടികൾ ഈ നഗ്നത തങ്ങളുടെ ജീവിതത്തിൽ പ്രദർശിപ്പിക്കുന്നു. അവർക്ക് അതിൽ ലജ്ജയോ ഭയമോ ഇല്ല. വളരെ സ്വാഭാവികമാണ് അവരുടെ നഗ്നത. നിഷ്ക്കളങ്കതയും അവക്രമായ മനസ്സും ദൃഷ്ടിയുമുള്ള ശിശുക്കളെപ്പോലെ നാം ആയിത്തീരണമെന്ന് കർത്താവ് പഠിപ്പിച്ചു. എങ്കിലേ നാം ദൈവരാജ്യത്തിന് അർഹരാവൂ. ഇത് ദൈവരാജ്യത്തിന്റെ നഗ്നതയാണ്. ആ സ്വർഗ്ഗീയാനുഭവം നഷ്ടപ്പെടുത്തിയപ്പോഴാണ് ആദാമിനും  ഹവ്വായ്ക്കും ലജ്ജ തോന്നിയത്. ലജ്ജ മൂലം അവർ മരങ്ങൾക്കിടയിൽ മറവ് തേടുന്നു. അത്തിയില തുന്നിക്കെട്ടി വസ്ത്രം ഉണ്ടാക്കുന്നു. വസ്ത്രം ലജ്ജ മറയ്ക്കുന്നു. ദൈവത്തിന്റെ ദൃഷ്ടിയെ അവർ വസ്ത്രം മൂലം തടയുന്നു. അതോടൊപ്പം ആദിസുതാര്യത അവർക്ക് നഷ്ടപ്പെടുന്നു. പക്ഷികളും മൃഗങ്ങളും അവരെക്കണ്ടാൽ ഭയപ്പെട്ട് ഒളിക്കാനും ഓടിയകലാനും ശ്രമിക്കുന്നു. സ്വയം മറയ്ക്കുന്നതിനും പ്രകാശത്തെ തടയുന്നതിനുമുള്ള പ്രവണത മനുഷ്യനിൽ വളർന്നു. അത് മറ്റു ജീവജാലങ്ങൾക്ക് ഭയകാരണമായിത്തീരുന്നു. മനുഷ്യൻ മറഞ്ഞിരുന്ന് ആക്രമിക്കാൻ തുടങ്ങി. ഇരുട്ടിന്റെ മറപറ്റി തിന്മ ചെയ്യാൻ തുടങ്ങി. ചുരുക്കത്തിൽ മറവില്ലാത്ത വെളിച്ചത്തിൽ ദൈവത്തോടും സകല സൃഷ്ടിയോടും ഒരുമിച്ച് ഉല്ലസിച്ചുകൊണ്ടിരുന്ന മനുഷ്യൻ ഇരുട്ടിന്റെ സന്താനമായിത്തീരുന്നു. ദൈവത്തിനും സൃഷ്ടിക്കുമിടയിൽ വിരുദ്ധതയും വേലിക്കെട്ടുകളുമുണ്ടായി.

ഈ ഇരുളിന്റെ വസ്ത്രമാണ് മാമോദീസായിൽ ഉരിഞ്ഞു കളയുന്നത്. കർത്താവിന്റെ മാമോദീസായെ ചിത്രീകരിക്കുന്ന പുരാതന മതചിത്രങ്ങളിലൊക്കെ യേശു യോർദ്ദാൻ നദിയിൽ നഗ്നനായി നിൽക്കുന്നതായി ചിത്രീകരിക്കുന്നു. ഇത് പുതിയ ആദാമിന്റെ, ക്രിസ്തുവിലുള്ള പുതിയമനുഷ്യത്വത്തിന്റെ നഗ്നതയും സുതാര്യതയുമാണ്. പുരാതന സഭയിൽ മുതിർന്നവർക്ക് മാമോദീസാ കൊടുക്കുമ്പോഴും നഗ്നരായിട്ടാണ് അവർ സ്നാനം ഏറ്റത്. പഴയ വസ്ത്രവും അതോടൊപ്പം മരണത്തിന്റെയും ദ്രവത്വത്തിന്റെയും മുദ്ര വഹിക്കുന്ന പഴയ മനുഷ്യത്വവും അവർ ത്യജിക്കുന്നു.

മാമോദീസാ കഴിയുമ്പോൾ അവർക്ക് അനശ്വരതയുടെ പ്രകാശവസ്ത്രം നൽകുന്നു. ക്രിസ്തുവിൽ പുതിയ മനുഷ്യത്വവും പുതിയ ജീവിതശൈലിയും സ്വീകരിച്ച് ഇരുട്ടിന്റെ പ്രവൃത്തികളെ വെടിഞ്ഞ് വീണ്ടും അവർ പ്രകാശത്തിന്റെ മക്കളായിത്തീരുന്നു. ഇനിമേൽ മരണവും ദ്രവത്വവും അവരെ ഭയപ്പെടുത്തുന്നില്ല.

നഗ്നതയ്ക്ക് വേറെയുമുണ്ട് ക്രിസ്തീയ പാരമ്പര്യത്തിൽ അർത്ഥങ്ങൾ. കർത്താവിനെ നഗ്നനായിട്ടാണ് കുരിശുമരത്തിൽ തൂക്കിയത്. വസ്ത്രമില്ലായ്മ ഇവിടെ ഏറ്റവും ദരിദ്രവും ഹീനവുമായ മനുഷ്യാവസ്ഥയാണ്. മനുഷ്യസ്നേഹിയായ ദൈവം ക്രിസ്തുവിലൂടെ പരിഹാസ്യമായ ആ അവസ്ഥയും സ്വീകരിച്ചു.

വസ്ത്രരാഹിത്യം ത്യാഗത്തിന്റെ അടയാളമാണ്. അപരിഗ്രഹം (non-possession) ഭാരതീയ മതപാരമ്പര്യത്തിൽ പ്രസിദ്ധമാണ്. ഉടുതുണി പോലും ഉപേക്ഷിക്കുന്നത് സർവ്വസംഗപരിത്യാഗത്തിന്റെ സൂചനയാണ്. ജൈനമത പാരമ്പര്യത്തിലെ ദിഗംബരന്മാർ നഗ്നസന്യാസികളാണ്. ദിക്കുകളെ അംബര (വസ്ത്ര) മായി സ്വീകരിച്ച ഈ സന്യാസിമാർ അലക്സാണ്ടർ ചക്രവർത്തി ഇൻഡ്യയിൽ വന്ന ബി. സി. നാലാം നൂറ്റാണ്ടിലും മറ്റും ബാഹ്യലോകത്തിൽ അറിയപ്പെട്ടിരുന്നു (Gymnosophoi). നഗ്നജ്ഞാനികൾ എന്ന് ഗ്രീക്കുകാർ അവരെ വിളിച്ചിരുന്നു. ഇന്നും ഇൻഡ്യയിൽ സജീവമായി നിൽക്കുന്ന ഈ ജീവിതശൈലി തപോനിഷ്ഠമായ അപരിഗ്രഹത്തിന്റെ പ്രതീകമാണ്.

## നഗ്നതയ്ക്ക് പ്രവാചകമൂല്യമുണ്ട്

പ്രവാചകന്മാർ അൽപ്പവസ്ത്രധാരികളാണ്. ലൗകിക സ്ഥാനികൾ അവരുടെ സ്ഥാനമഹത്വം കൂട്ടാൻ ഉടയാടകൾ ഒന്നിനുമുകളിൽ മറ്റൊന്നായി ധരിക്കുന്നു. പ്രവാചകന്മാർ അതെല്ലാം ഊരിയെറിയുന്നു. രാജാവ് നഗ്നനായി തേരിൽ സഞ്ചരിച്ചപ്പോൾ ജനങ്ങൾ പറഞ്ഞു, അതീവ മേന്മയുള്ള അതിവിശേഷപ്പെട്ട വസ്ത്രമാണ് അദ്ദേഹം ധരിച്ചിരിക്കുന്നതെന്ന്. ഒരു കൊച്ചു കുട്ടിയ്ക്ക് മാത്രമേ വിളിച്ചു പറയാനായുള്ളൂ രാജാവ് തുണിയുടുത്തിട്ടില്ലെന്ന്. എല്ലാം ഉപേക്ഷിച്ച്, ലോകത്തിലെ യാതൊരു സ്ഥാനമാനങ്ങളും ആഗ്രഹിക്കാതെ, ലോകനന്മയെ മാത്രം കരുതി സത്യം പറയുകയും ആർജ്ജവത്തോടെ വിമർശിക്കുകയും തിരുത്തുകയും ചെയ്യുന്നവരാണ് പ്രവാചകന്മാർ.

അസന്മാർഗികവും അനീതി നിറഞ്ഞതുമായ സമ്പത്തുപയോഗിച്ച് ആഡംബരങ്ങളിലും പൊങ്ങച്ചങ്ങളിലും രമിക്കുന്ന ഉന്നതരുടെ മുമ്പിൽ ആത്മീകദർശനംമൂലം വിവസ്ത്രനായോ അൽപ്പവസ്ത്രധാരിയായോ നിലകൊണ്ട് അവരെ വെല്ലുവിളിക്കുന്ന പ്രവാചക പാരമ്പര്യം ക്രിസ്തീയ പാരമ്പര്യത്തിലുണ്ട്. 'വിശുദ്ധ വിഡ്ഢികൾ' എന്നു വിളിക്കപ്പെട്ടിരിക്കുന്ന വിശുദ്ധന്മാർ പലരും ഈ പാരമ്പര്യത്തിൽ ഉള്ളവരാണ്. മഹാത്മാഗാന്ധി, അൽപം കൈത്തറി തുണിമാത്രം അരയിൽ ചുറ്റി, മിക്കവാറും നഗ്നനായി നിന്ന് രാജകീയ പ്രൗഢിയിൽ ആഡംബരവേഷമിട്ട ബ്രിട്ടീഷ് ചക്രവർത്തിയെ അഭിവാദനം ചെയ്യുന്നത് ഈ പ്രവാചകദൗത്യം നിറവേറ്റാനാണ്.

ദിഗംബര സന്യാസിത്വം വെറുമൊരു അനുഷ്ഠാനമായി മാറിയപ്പോഴും, ഗാന്ധിജി അതിന്റെ ആത്മീയാന്തസത്ത സ്വന്തം ജീവിതത്തിൽ വീണ്ടെടുത്തു.

"ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവരുടേതാകുന്നു" എന്ന കർത്തൃ വചനത്തെ "ആത്മാവിൽ നഗ്നരായവർ ഭാഗ്യവാന്മാർ, അവരുടേതാകുന്നു സ്വർഗ്ഗരാജ്യം' എന്ന് വ്യാഖ്യാനിക്കാവുന്നതാണ്. അന്ത്യന്യായവിധിയിലും നാം ദൈവസന്നിധിയിൽ നഗ്നരായി നിൽക്കുന്നു എന്നാണ് പാരമ്പര്യം പഠിപ്പിക്കുന്നത്.

## ലജ്ജയുടെ ആത്മീകാർത്ഥങ്ങൾ

മനുഷ്യസംസ്കാരത്തിന്റെ പരിണാമത്തിൽ ലജ്ജയും വസ്ത്രവും തമ്മിൽ ഗാഢമായ ബന്ധം നിലവിൽ വന്നു. വസ്ത്രം ധരിക്കുന്നതാണ് സംസ്ക്കാരമെന്നും വിവസ്ത്രരായിരിക്കുന്നത് ലജ്ജാകരമാണെന്നും മിക്ക മനുഷ്യരും ധരിച്ചു തുടങ്ങി.

ആഫ്രിക്കയിലും ലത്തീൻ അമേരിക്കയിലും ഏഷ്യയിലും പുരാതന ഗോത്രവർഗ്ഗങ്ങൾക്കിടയിൽ മിഷണറി പ്രവർത്തനം നടത്തിയ യൂറോപ്യൻ മിഷണറിമാരുടെ മുഖ്യ പ്രവർത്തനത്തിലൊന്ന് നഗ്നരായി നടന്ന മനുഷ്യരെ തുണിയുടുക്കാൻ പഠിപ്പിക്കുക എന്നതായിരുന്നു. അവർ നഗ്നരാണെന്ന് അവരെ ബോധ്യപ്പെടുത്തുകയും വസ്ത്രം ധരിക്കാതെ നടക്കുന്നതിൽ ലജ്ജിക്കാൻ അവരെ പഠിപ്പിക്കുകയും ചെയ്തു. നഗ്നത അധാർമ്മികമാണെന്നും തുണി ഉടുക്കേണ്ടത് സുവിശേഷ വിഹിതമാണെന്നും പ്രബോധിപ്പിച്ചു. ഇവിടെ വസ്ത്രവും ലജ്ജയും തമ്മിൽ കൃത്രിമമായ ബന്ധം മിഷണറിമാർ സൃഷ്ടിക്കുന്നതായി കാണാം. എന്നാൽ, സംസ്ക്കാരവും സുവിശേഷവും പാശ്ചാത്യ സമൂഹത്തിന്റെ അന്നത്തെ ജീവിതശൈലികളുമെല്ലാം ഒന്നായിക്കാണുകയോ, കൂട്ടിക്കുഴയ്ക്കുകയോ ചെയ്തിരുന്ന മിഷണറിമാരെ സംബന്ധിച്ച് ലജ്ജയും വസ്ത്രവും സംസ്കാരവും സുവിശേഷവുമെല്ലാം തമ്മിലുള്ള ബന്ധം വളരെ സ്വാഭാവികമായിരുന്നു (അതേ പാശ്ചാത്യ സമൂഹം തന്നെ, ഇന്ന് വസ്ത്രം എത്രയും കുറയ്ക്കാമോ അത്രയും കുറയ്ക്കുന്നതാണ് സംസ്കാരമെന്ന് കരുതുകയും നഗ്നതയെ ആരാധിക്കുകയും ചെയ്യുന്നു എന്നത് വേറെ കാര്യം).

വസ്ത്രവും ലജ്ജയും തമ്മിലുള്ള ബന്ധം ഇന്ന് നമ്മുടെ ലോകത്തിൽ "സംസ്ക്കാരസമ്പന്നരായ" എല്ലാവരും അംഗീകരിക്കുന്നു എന്നാണ് വയ്പ്. എങ്കിലും കൊച്ചുകുട്ടികളും ചില ആദിവാസിസമൂഹങ്ങളും ഗോത്രവർഗ്ഗങ്ങളും അവരുടെ സ്വാഭാവികമായ നിഷ്കളങ്കതയിൽ ഈ ബന്ധം തിരിച്ചറിയാത്തവരാണ്. അവരെ സംബന്ധിച്ച് ലജ്ജയും വസ്ത്രവുമായി

ഒരു ബന്ധവുമില്ല. ഇവർക്ക് നുണ പറയാൻ അറിയാത്തതുപോലെ തന്നെ സ്വാഭാവികമാണ് വസ്ത്രം ധരിക്കാത്തതിൽ ലജ്ജിക്കാൻ അറിയാത്തതും.

കൊച്ചുകുട്ടികൾ വളരുമ്പോൾ വസ്ത്രവും ലജ്ജയും തമ്മിൽ ബന്ധിപ്പിക്കും എന്നു നമുക്കറിയാം. അതുപോലെതന്നെ "പ്രാകൃത സമൂഹങ്ങൾ" "സംസ്ക്കാരം" പ്രാപിക്കുമ്പോഴും അങ്ങനെ സംഭവിക്കും. എന്നാൽ കഠിനമായ തപോനിഷ്ഠയിലൂടെ സംസ്ക്കാരത്തിന്റെ സാധാരണ മാനദണ്ഡങ്ങളെ മറികടന്ന് നഗ്നത സ്വീകരിക്കുന്ന ദിഗംബരന്മാരും സന്യാസിമാരും നമ്മുടെ രാജ്യത്ത് ജൈന-ഹൈന്ദവ മതങ്ങളിൽ ഇന്നും നിലനിൽക്കുന്നുണ്ട്. പുരാതന യഹൂദ പാരമ്പര്യത്തിലെ ചില പ്രവാചകന്മാരും ക്രൈസ്തവ പാരമ്പര്യത്തിലെ ചില താപസ്സന്മാരും മിസ്റ്റിക്കുകളും ഈ വഴി സ്വീകരിച്ചിട്ടുണ്ട്. ആദിവാസികളുടെയും ശിശുക്കളുടെയും പോലെയുള്ള അനുഭവനിരപേക്ഷമായ ആദിനിഷ്കളങ്കതയല്ല അവരുടേത്. ലൗകികമായ കളങ്കത്തിന്റെയും ലജ്ജയുടെയും അനുഭവത്തിലൂടെ കടന്ന്, ആത്മീയദർശനത്തിലൂടെ, വസ്ത്രത്തെയും ലജ്ജയെയും ആത്യന്തികമായി മറികടക്കുന്ന അനുഭവനിഷ്ഠമായ നിഷ്കളങ്കതയാണ് അത്.

ഈ രണ്ടുതരം നിഷ്കളങ്കതയിലും - അനുഭവനിരപേക്ഷവും അനുഭവനിഷ്ഠവും - വസ്ത്രവും ലജ്ജയും തമ്മിൽ യാതൊരു ബന്ധവുമില്ല. ഈ രണ്ട് അനുഭവങ്ങളും പരകോടി (extremes) കളാണ്, മനുഷ്യാനുഭവത്തിന്റെ രണ്ടു ധ്രുവങ്ങളിലാണ്. എങ്കിലും അവ നമ്മെ ചിന്തിപ്പിക്കേണ്ട ഉൾക്കാഴ്ചകൾ നമുക്ക് നൽകുന്നു.

ഈ പരകോടികൾക്കിടയിലാണ് സാധാരണ മനുഷ്യസംസ്ക്കാരം. അവിടെയാണ് വസ്ത്രവും ലജ്ജയും തമ്മിൽ നാം ബന്ധപ്പെടുത്തുന്നത്. ഈ സാധാരണ മനുഷ്യസംസ്ക്കാരത്തിന്റെ ആരംഭത്തെ സൂചിപ്പിക്കുന്നതാണ് ഉൽപ്പത്തി പുസ്തകത്തിൽ, അത്തിയിലകൾ തുന്നിക്കെട്ടി വസ്ത്രമുണ്ടാക്കുന്ന ആദാമിന്റെയും ഹവ്വയുടെയും കഥ (3:7-11). ദൈവം ഏദൻ തോട്ടത്തിൽ  ഇറങ്ങിവന്നപ്പോൾ രണ്ടു പേരും ചെടികൾക്കിടയിൽ ഒളിച്ചു. "നീ എവിടെ?" എന്ന് ആദാമിനോട് ദൈവം ചോദിച്ചു. "തോട്ടത്തിൽ നിന്റെ ഒച്ച കേട്ടിട്ട്, ഞാൻ നഗ്നനാക കൊണ്ട് ഭയപ്പെട്ട് ഒളിച്ചു" - ആദം മറുപടി പറഞ്ഞു. "നീ നഗ്നനെന്ന് നിന്നോട് ആരു പറഞ്ഞു?" - ദൈവത്തിന്റെ മറുചോദ്യം.

മനുഷ്യബോധത്തിലുണ്ടായ അതീവഗൗരവമായ പ്രശ്നമാണ് നഗ്നതയും അതേപ്പറ്റിയുള്ള ഭയവും ലജ്ജയും. പിന്നീടുള്ള മനുഷ്യസംസ്ക്കാരത്തെയും മാനുഷിക ബന്ധങ്ങളെയും വേട്ടയാടിയ ഒരു അവബോധമാണിത്. ആധുനിക പാശ്ചാത്യ മനോവിജ്ഞാനീയത്തിൽ പ്രമുഖനായി അറിയപ്പെടുന്ന സിഗ്മണ്ട് ഫ്രോയിഡിന്റെ മനഃശാസ്ത്ര സിദ്ധാന്തത്തിന്റെ

അസ്തിവാരങ്ങളിലൊന്ന് മനുഷ്യന്റെ നഗ്നതാബോധവും അതിനോടു ബന്ധപ്പെട്ട ലൈംഗികത, കുറ്റബോധം, ഭയം, ലജ്ജ എന്നിവയുമാണ്. ഇരുപതാം നൂറ്റാണ്ടിനെ മുഴുവൻ സ്വാധീനിച്ച ഫ്രോയിഡിയൻ സിദ്ധാന്തത്തെ തിരുത്താനോ, ക്രിസ്തീയവും ആരോഗ്യകരവുമായ ഒരു കാഴ്ചപ്പാട് ശക്തിയായി അവതരിപ്പിക്കാനോ ക്രിസ്തീയ സഭയ്ക്കും കഴിഞ്ഞിട്ടില്ല.

ദൈവത്തിന്റെ ചോദ്യമാണ്, ആരോഗ്യകരമായ വീക്ഷണത്തിന്റെ ആദ്യപടി: “നീ നഗ്നനെന്ന് നിന്നോട് ആർ പറഞ്ഞു.”

ആദാമിനും ഹവ്വയ്ക്കും നഗ്നതാബോധവും ഭയവും ലജ്ജയും ഉണ്ടായത് വസ്ത്രമില്ലാത്തതുകൊണ്ടായിരുന്നില്ല, ദൈവവുമായുള്ള സംസർഗ്ഗവും ഉടമ്പടിയും ലംഘിച്ചതുകൊണ്ടാണ്. ഒളിച്ചിരുന്നും ഇലകൊണ്ട് വസ്ത്രമുണ്ടാക്കിയും കുറ്റബോധത്തെയും ലജ്ജയേയും മറയ്ക്കാൻ അവർ ശ്രമിച്ചു എന്നേയുള്ളൂ. ഇവിടെയാണ് വസ്ത്രം കൃത്രിമമാകുന്നത്. വസ്ത്രത്തോടു ബന്ധപ്പെട്ട സംസ്കാരത്തിനും ഈ കൃത്രിമത്വമുണ്ട്. വൈദ്യൻ രോഗത്തിന്റെ മൂലകാരണം കണ്ടെത്തി ചികിത്സിക്കാതെ, ബാഹ്യലക്ഷണങ്ങൾക്ക് പ്രതിവിധി നൽകുന്നതുപോലെയുള്ള ഒരു അബദ്ധമാണിത്. നഗ്നതയുടെ ലജ്ജയ്ക്ക് പ്രതിവിധി വസ്ത്രമല്ല.

മനുഷ്യന്റെ നഗ്നതാബോധം നമ്മുടെ സ്രഷ്ടാവായ ദൈവവുമായുള്ള ബന്ധത്തിന്റെ കാര്യമാണ്. നഗ്നത കുറ്റകരവും ലജ്ജാകരവുമായി കരുതി ഒളിച്ച ആദാം ഇതിനു മുൻപും നഗ്നനായിരുന്നു. നഗ്നതയെക്കുറിച്ച് ഭയജനകമായ ബോധം ഉണ്ടാകുന്നതിനു മുൻപുള്ള അവസ്ഥയെ ഓർമ്മിപ്പിക്കുന്നതാണ് ദൈവത്തിന്റെ ചോദ്യം.

വസ്ത്രം കൊണ്ടും, സംസ്ക്കാരത്തിന്റെ ഉടയാടകൾ കൊണ്ടും ആഡംബരത്തിന്റെ പൊടിപ്പും തൊങ്ങലുംകൊണ്ടും, നമ്മുടെ ഭയത്തെയും ലജ്ജയെയും മറയ്ക്കാനുള്ള ശ്രമമാണ് നാമെല്ലാം ചെയ്യുന്നത്. നമ്മുടെ ലൗകീകസ്ഥാനം കൂടുന്നതനുസരിച്ച്, നമ്മുടെ ഭയവും കുറ്റബോധവും കൂടുന്നു. ധരിക്കുന്ന വസ്ത്രത്തിന്റെ ഭാരവും മടക്കുകളും കൂടുന്നു. ലളിതമനസ്കനും സാത്വികനുമായ കർഷകൻ ഒരു ചെറിയ തുണിക്കഷണം അരയിൽ ചുറ്റിയാൽ അത് മാന്യതയായി എന്നു വിചാരിക്കുമ്പോൾ, പ്രഭുക്കന്മാരും, രാജാക്കന്മാരും വസ്ത്രത്തിനുമേൽ വസ്ത്രമണിഞ്ഞ് അതിനു മുകളിൽ വീണ്ടും തിളങ്ങുന്ന അലുക്കുകളും അലങ്കാരങ്ങളും തയ്ച്ച് പിടിപ്പിക്കുന്നു.

ക്രിസ്തീയ പാരമ്പര്യത്തിൽ ലജ്ജയെ ആത്യന്തികമായി വസ്ത്രത്തോടു ബന്ധപ്പെടുത്തുന്നില്ല. യഹോവയായ ദൈവം ആദാമിനും അവന്റെ ഭാര്യയ്ക്കും തോൽകൊണ്ട് ഉടുപ്പുണ്ടാക്കി അവരെ ഉടുപ്പിച്ചു (ഉൽപ്പ.

3:21). കുറ്റബോധത്തിന്റെ വസ്ത്രമായി ആദാം തുന്നിയുടുത്ത അത്തിയിലകൾ മാറ്റി ദൈവം തന്നെ ആദിമനുഷ്യരെ ചർമ്മവസ്ത്രം (Garment of skin) ഉടുപ്പിച്ചു. നമ്മുടെ ശരീരത്തെ ആവരണം ചെയ്ത് അതിനെ സംരക്ഷിക്കുന്ന തൊലിയാണിത് എന്നാണ് വ്യാഖ്യാനം. ദൈവശാപം കിട്ടി, ആദാമും ഹവ്വായും ഏദൻതോട്ടത്തിൽ നിന്ന് ബഹിഷ്കരിക്കപ്പെടുമ്പോഴാണ് ദൈവം ഈ സംരക്ഷണ കവചം അവർക്ക് നൽകുന്നത്. പൂർണ്ണമായി ആത്മീയവും സുതാര്യവുമായ ഒരു അസ്തിത്വത്തിൽ നിന്ന് പൊടിയും വിയർപ്പും വേദനയും മരണവുമുള്ള ലോകത്തിലേക്കാണ് അവർ തള്ളപ്പെട്ടത്. അവിടെ ശരീരത്തിന്റെ ചർമ്മാവരണം ബാഹ്യാകാശയാത്രികർ ധരിക്കുന്ന പ്രത്യേക കവചം (Space suit) പോലെ ശരീരത്തെ സംരക്ഷിക്കാൻവേണ്ടി നൽകപ്പെട്ടു. ഈ തോൽവസ്ത്രം ദൈവസന്നിധിയിലുള്ള പൂർണ്ണമായ ആത്മീയ അസ്തിത്വത്തിൽനിന്ന് ആത്മീയവും ഭൗതികവുമായ സങ്കലിതാസ്തിത്വത്തിലേക്ക് മനുഷ്യൻ മാറിയതിന്റെ അടയാളമാണ്. നമ്മുടെ ഇപ്പോഴത്തെ ധാരണയനുസരിച്ച് പൂർണ്ണ നഗ്നതയുടെ അവസ്ഥയാണ്. പിറന്നു വീഴുന്ന കുഞ്ഞുങ്ങൾ ഈ തോൽവസ്ത്രവും ധരിച്ചാണല്ലോ ലോകത്തിലേക്കു വരുന്നത് (ഇംഗ്ലീഷിൽ നഗ്നതയ്ക്ക് Adam’s suit എന്നു പറയാറുണ്ട്).

നമ്മുടെ സാധാരണഭാഷയിൽ “തൊലിക്കട്ടി”യെക്കുറിച്ച് ആലങ്കാരികമായി പറയാറുണ്ടല്ലോ. അതിനൊരു വേദശാസ്ത്ര പ്രസക്തിയുണ്ട്. തൊലിക്കട്ടി കൂടുന്തോറും ലജ്ജയും ജാള്യതയും നമ്മിൽ നിന്ന് നഷ്ടപ്പെടുന്നു. എന്തു തെറ്റും ചെയ്യാൻ മടിയില്ലാതാകുന്നു. ചിലരൊക്കെ ഇതിനെ ധൈര്യമെന്നും കൂസലില്ലായ്മയെന്നുമൊക്കെ വിളിച്ച് പുകഴ്ത്താറുണ്ട്. ആത്മീയ ജീവിതം നയിക്കുവാൻ വിളിക്കപ്പെടുന്ന ചിലർ പോലും ഇത്തരം തൊലിക്കട്ടിയെ അഭിമാനമായും അലങ്കാരമായും കരുതാറുണ്ട്. അധാർമ്മികതയുടെയും അസത്യത്തിന്റെയും ലജ്ജയില്ലായ്മയുടെയും അടയാളമാണീ തൊലിക്കട്ടി.

മറുവശത്ത്, തൊലിക്ക് കട്ടി കുറഞ്ഞവർ എന്ന് നമ്മുടെ ഭാഷയിൽ വിശേഷിപ്പിക്കുന്നവർ ലജ്ജയുള്ളവരും വ്യാജം പറയാനും അധർമ്മം പ്രവർത്തിക്കുവാനും മടിയുള്ളവരുമാണ്. വീഴ്ചയ്ക്കു മുമ്പുള്ള ആദാമിന്റെ സുതാര്യമായ സ്വഭാവത്തോട് കൂടുതൽ അടുത്തു നിൽക്കുന്നവരാണ് അവർ. തിന്മയെക്കുറിച്ച് ലജ്ജിക്കുന്നവർക്കു മാത്രമേ സത്യവും നീതിയും തിരിച്ചറിയുവാനുള്ള കഴിവുണ്ടാകൂ.

അതികഠിനമായ പരിശീലനംകൊണ്ട് ശരീരത്തിന് ലാഘവത്വം വരുത്തി, ഗുരുത്വാകർഷണത്തെ മറികടക്കാൻ ശ്രമിക്കുന്ന ബാലെ (Ballet) നർത്തകർ ശരീരത്തിൽ ഒട്ടിക്കിടക്കുന്ന നേരിയ വസ്ത്രമാണ് ധരിക്കുക.

ഒറ്റനോട്ടത്തിൽ ശരീരത്തിൽ വസ്ത്രമുണ്ടെന്നുതന്നെ തോന്നുകയില്ല. ശരീരത്തിന്റെ ഭാരത്തെയും ഭൂമിയുടെ ഗുരുത്വാകർഷണത്തെയും തോൽപിച്ച് വായുവിൽ പറന്നുയരുകയും ഒറ്റവിരലിൽ നിൽക്കുകയും അതിവേഗത്തിൽ വായുവിൽ കറങ്ങുകയും മറ്റും ചെയ്യുന്ന വിദഗ്ധരായ ബാലെ നർത്തകർ ശരീരത്തിന്റെ ആത്മീയ ഗുണത്തെയാണ് വെളിപ്പെടുത്തുന്നത്. അതുകൊണ്ട് ഇത്തരം നൃത്തങ്ങൾ കാഴ്ചക്കാരിൽ ജഡീകമായ വികാരങ്ങൾ ഉണർത്തുന്നില്ല. മറിച്ച് അതിഹൃദ്യമായ സംഗീതം പോലെ മനസ്സിനെ നേർമ്മയും വിശുദ്ധിയുമുള്ളതാക്കി ധ്യാനാത്മകമായ അവസ്ഥയിലേക്കുയർത്തുന്നു. അവിടെ സാധാരണ അർത്ഥത്തിലുള്ള നഗ്നതയും അതിനോടു ബന്ധപ്പെട്ട ലജ്ജയും ലൈംഗികതയും കുറ്റബോധവുമില്ല. നേർത്ത വസ്ത്രങ്ങളിലൂടെയും അതീവലാഘവമാർന്ന ശരീര ചലനങ്ങളിലൂടെയും ആദാമിന്റെ ആദിനഗ്നതയിലേക്ക് തിരിച്ചുപോകാനുള്ള ഒരു ശ്രമം അവിടെയുണ്ട്. എങ്കിലും ശാപഗ്രസ്തനായ ആദാമിന്റെ പിൻതലമുറക്കാർ എന്ന നിലയിൽ ഈ നൃത്തത്തിലും അതുപോലെയുള്ള എല്ലാ കലാരൂപങ്ങളിലും സന്നിഗ്ധതയുടെ ഒരു ഘടകം എപ്പോഴും സന്നിഹിതമാണ്. അതായത് പൂർണ്ണതയിലേക്കും കളങ്കമറ്റ ആത്മീയതയിലേക്കും ഉയരാനുള്ള ഉൽക്കടമായ അഭിനിവേശവും ആന്തരികചോദനയും ഇവിടെയുണ്ടെങ്കിലും, വീഴ്ചയിൽ നിന്ന് നാമിപ്പോഴും പൂർണ്ണമോചനം പ്രാപിച്ചിട്ടില്ല. നമ്മുടെ സൗന്ദര്യബോധത്തെ വിവേചിക്കുമ്പോൾ ഈ സന്നിഗ്ധതയുടെ ഘടകം കൂടി പരിഗണിക്കേണ്ടതാണ്.

ചർമ്മാവരണത്തിന്റെ നേർമ്മയിലൂടെ നമ്മുടെ മനുഷ്യത്വത്തിന്റെ വിശുദ്ധമായ ആദിഭാവങ്ങളിലേക്ക് നാം തിരികെ പോകാൻ ശ്രമിക്കുമ്പോൾ, ലജ്ജയുടെ ആന്തരികാർത്ഥം നമുക്ക് വ്യക്തമാകും. സ്രഷ്ടാവായ ദൈവത്തിന്റെ സ്വഭാവത്തിൽ പങ്കാളികളാകാൻ വിളിക്കപ്പെട്ടിരിക്കുന്ന നമുക്ക് ലജ്ജ ആഴമായ സ്നേഹത്തിന്റെ അടയാളമായിരിക്കും. നിഷേധാത്മകമായ കുറ്റബോധവും ഭയവും നിരാശയും അതിൽ നിന്നുളവാകുന്ന പാപവും ഇവിടെയില്ല. വിശുദ്ധരായ മിസ്റ്റിക്കുകളുടെ അനുഭൂതിയിൽ വിവരിക്കുന്നതു പോലെ താൻ കാണാൻ കൊതിച്ചിരുന്ന തന്റെ പ്രാണപ്രിയനെ കാണുമ്പോൾ പ്രേയസിക്കുണ്ടാകുന്ന ആനന്ദത്തിന്റെ അടയാളമാണ് ഇവിടെ ലജ്ജ. ദൈവസംസർഗ്ഗത്തിന്റെ പൂർണ്ണമായ സായൂജ്യാവസ്ഥയിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് ആത്മാവിന് അനുഭവവേദ്യമായ ഈ ലജ്ജ തന്റെ അപൂർണ്ണതയെക്കുറിച്ച് ആത്മാവിനെ ഓർമ്മിപ്പിക്കുകയും, സന്നിഹിതമായ ദൈവസാന്നിധ്യത്തെക്കുറിച്ച് ആഗ്രഹവും പ്രത്യാശയും ജനിപ്പിക്കുകയും ചെയ്യുന്നു.

## പ്രപഞ്ചം എന്ന വസ്ത്രം

ലോകാവസാനത്തെക്കുറിച്ചുള്ള വർണ്ണനയിൽ, "പുതപ്പ് ചുരുട്ടി മാറ്റു ന്നതുപോലെ ആകാശം ചുരുട്ടി മാറ്റപ്പെടും" എന്നു നമ്മുടെ ഒരു പ്രാർത്ഥ നയിൽ പറയുന്നു. ഇതൊരു അലങ്കാരപ്രയോഗമാണ്. എങ്കിലും ഇപ്പോൾ നാം കാണുന്ന ആകാശവും ഭൂമിയും സകല പ്രപഞ്ചവും വസ്ത്രം പോലെ ഊരി മാറ്റാവുന്നതാണ് എന്ന പൊതുധാരണയെ ഇതു സൂചിപ്പിക്കുന്നു.

വസ്ത്രം ഒരാവരണമാണ്. എന്തിനു മേലാണ് ഈ ആവരണമിട്ടിരി ക്കുന്നത് എന്ന് ന്യായമായും ചോദിക്കാം. മനുഷ്യന്റെ വസ്ത്രം നീക്കി യാൽ ശരീരമുണ്ട്. പ്രപഞ്ചമെന്ന വസ്ത്രം നീക്കിയാൽ അതിനടിയിൽ എന്താണ്? ഒന്നുമില്ലാത്ത അവസ്ഥയിൽ നിന്നാണ് ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ച് രൂപപ്പെടുത്തിയതെന്ന് യഹൂദ-ക്രൈസ്തവ പാരമ്പര്യം പഠിപ്പിക്കുന്നു. അങ്ങനെയെങ്കിൽ സൃഷ്ടിയെ ചുരുട്ടിമാറ്റിയാൽ അവശേ ഷിക്കുന്നത് ഒന്നുമില്ലാത്ത ശൂന്യതയാണോ? ഇതൊരു പ്രയാസമുള്ള ചോദ്യമാണ്. ആധുനിക പ്രപഞ്ചവിജ്ഞാനീയ (Cosmology) ത്തിലും ഇതിന് ഉത്തരം പറയാൻ സാധിക്കയില്ല. പ്രപഞ്ചം ഇല്ലാതായാൽ സ്ഥല വും കാലവും (space and time) എന്ന സങ്കൽപ്പനങ്ങളും ഇല്ലാതാകുന്നു. അങ്ങനെയുള്ള "അവസ്ഥ"യെക്കുറിച്ച് നമുക്ക് ചിന്തിക്കാനേ ആവില്ല. കാരണം, നമ്മുടെ ചിന്ത എത്ര അമൂർത്തമാണെങ്കിൽപ്പോലും അത് സ്ഥല കാലബന്ധിതമാണ്.

ദൈവം തന്റെ ഇച്ഛയും സ്നേഹവും മൂലമാണ് സൃഷ്ടിയെ ഉളവാ ക്കിയതെന്ന് ക്രിസ്തീയ പാരമ്പര്യം പഠിപ്പിക്കുന്നു. അപ്പോൾ സൃഷ്ടിയുടെ ആവരണം നീക്കിയാൽ, ദൈവത്തിന്റെ സ്നേഹവും ഇച്ഛയും അവയുടെ അടയാളമായ സൃഷ്ട്യുൻമുഖമായ ദൈവവചനവും നിലനിൽക്കുന്നു. ഇപ്പോൾ കാണുന്ന പ്രപഞ്ചത്തിന്റെ "ആദിഭൂതങ്ങൾ അഴിഞ്ഞുപോയാ ലും" അവയെ വീണ്ടും സംഘടിപ്പിക്കുന്നതിനോ, പുതുതായി മറ്റൊരു തരത്തിൽ പ്രപഞ്ചത്തെ സൃഷ്ടിക്കുന്നതിനോ സർഗ്ഗപ്രവണമായ ആദി വചനത്തിന് കഴിയും. "ഉണ്ടാകട്ടെ" എന്ന് കൽപ്പിക്കുന്ന ദൈവവചനമാണ് ഇപ്പോൾ നമ്മുടെ മുൻപിൽ പ്രതിഭാസിക്കുന്ന പ്രപഞ്ചത്തിന്റെ ആദി കാരണം. അപ്പോൾ നിരന്തരമായി ഈ പ്രപഞ്ചത്തെ മാറ്റി മറിക്കുന്നതിനും അഴിച്ചുപണിയുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള സാദ്ധ്യത എപ്പോഴും നിലനിൽക്കുന്നു. ഇതു വസ്ത്രം മാറുന്നതുപോലെയാണ്, ജീർണ്ണ വസ്ത്രം മാറ്റി പുതുവസ്ത്രം ഉടുക്കുന്നതു പോലെയാണ് എന്ന ഭാരതീയ ചിന്ത യോട് അടുത്തുവരുന്നു.

എന്നാൽ കുറെക്കൂടെ ആഴത്തിൽ ചിന്തിക്കുമ്പോൾ പ്രപഞ്ചമെന്ന വസ് ത്രത്തിന്റെ സവിശേഷമായ ക്രിസ്തീയാർത്ഥം നമുക്ക് അൽപ്പമൊക്കെ

വെളിപ്പെടും. എന്താണോ ഇക്കാണുന്നതിനൊക്കെ അടിസ്ഥാനമായിരിക്കുന്നത്, ആ അടിസ്ഥാനത്തിന്റെ സ്വഭാവം ഇക്കാണുന്നതിലെല്ലാം പ്രകടമാവണം എന്നു പറയാം. കുറെക്കൂടി വ്യക്തമായി പറഞ്ഞാൽ, ദൈവസ്നേഹവും ഇച്ഛയുമാണ് പ്രപഞ്ചത്തിന് അടിസ്ഥാനമെന്ന് നാം പറയുമ്പോൾ, ഈ പ്രപഞ്ചത്തിലെ ഓരോ കണികയിലൂടെയും ദൈവേഷ്ടവും ദിവ്യസ്നേഹവും പ്രസ്ഫുരിക്കണം എന്നാണർത്ഥം.

ഇവിടെ പ്രപഞ്ചം ഒരു മാദ്ധ്യമമാണ് – ദൈവസ്നേഹത്തിന്റെയും ഇച്ഛയുടെയും മാദ്ധ്യമം. എന്നാൽ ആഴമായ തലത്തിൽ മാദ്ധ്യമവും സന്ദേശവും ഒന്നായിത്തീരുന്നു. അടിസ്ഥാനവും ഉപരിഘടനയും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ തലത്തിൽ പ്രപഞ്ചം രൂപാന്തരപ്പെടുന്നു. അത് വെറുതെ ഊരിയെറിഞ്ഞുകളയാവുന്ന ഒന്നല്ല. അത് ദൈവമഹത്വത്തിന്റെ മാദ്ധ്യമവും മേലങ്കിയുമായി മാറുന്നു.

താബോർ മലയിൽ വച്ച് യേശു രൂപാന്തരപ്പെട്ടപ്പോൾ, തന്റെ വസ്ത്രം, ലോകത്തിൽ ആർക്കും വെളുപ്പിക്കാനാവാത്ത രീതിയിൽ അതിതീവ്രമായ ശോഭയുള്ളതായിത്തീർന്നു എന്ന് സുവിശേഷകന്മാർ രേഖപ്പെടുത്തുന്നു. യഥാർത്ഥത്തിൽ വസ്ത്രമല്ല, ക്രിസ്തുശരീരമാണ് പ്രകാശപൂരിതമായത് എന്ന് നമുക്കറിയാം. ശരീരത്തിൽ കിടന്ന വസ്ത്രത്തിലൂടെ പുറത്തേക്ക് പ്രസരിച്ച വെളിച്ചം വസ്ത്രത്തെയും രൂപാന്തരപ്പെടുത്തി പ്രകാശത്തിൽ നിമജ്ജനം ചെയ്തു. ഇവിടെ ശരീരവും വസ്ത്രവും ഒന്നായിത്തീരുന്നു. ഈ അർത്ഥത്തിലാണ്, പ്രപഞ്ചം അതിന്റെ അടിസ്ഥാനത്തോടു താദാത്മ്യപ്പെടുന്നു എന്ന് നാം പറയുന്നത്.

മുൻകാലങ്ങളിൽ, ശരീരത്തിൽ ശസ്ത്രക്രിയ ചെയ്യുമ്പോൾ തൈച്ച് ചേർക്കാൻ ഉപയോഗിക്കുന്ന നൂൽ പിന്നീട് നീക്കം ചെയ്യണമായിരുന്നു. ഇപ്പോൾ സ്ഥിരമായി ശരീരത്തിന്റെ തന്നെ ഭാഗമായിത്തീരുന്ന നൂൽ ഉപയോഗിക്കുന്നു. ഏതാണ്ട് ഇതുപോലെ, ശരീരത്തെ ആവരണം ചെയ്തു സംരക്ഷിക്കുന്ന വസ്ത്രം ശരീരത്തിന്റെ ഭാഗമായിത്തീരുന്ന അനുഭവത്തെക്കുറിച്ചാണ് സൂചിപ്പിച്ചത്.

രക്തവാർച്ചക്കാരിയായ സ്ത്രീ കർത്താവിന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ തൊട്ടതേയുള്ളൂ. അവളിലേക്ക് ശക്തി പകർന്നു. അവൾ സൗഖ്യം പ്രാപിച്ചു. ഇവിടെയും കർത്താവിന്റെ വസ്ത്രവും ശരീരവും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. പിന്നീട് അപ്പോസ്തലന്മാരുടെയും മറ്റ് വിശുദ്ധ വ്യക്തികളുടെയും വസ്ത്രങ്ങൾ സ്പർശിക്കുന്നത് രോഗസൗഖ്യത്തിന് കാരണമായി കരുതപ്പെട്ടു. പത്രോസ് കടന്നുപോകുമ്പോൾ ശരീരത്തിന്റെ നിഴൽ പതിക്കുന്നതുപോലും സൗഖ്യദായകമായി കരുതിയിരുന്നു (അപ്പോ. പ്ര. 5:15).

വി. കുർബ്ബാനയിൽ ഉപയോഗിക്കുന്ന "ശോശപ്പ"യുടെ ഉദാഹരണം കൊണ്ട് പ്രപഞ്ചമെന്ന വസ്ത്രത്തിന്റെ ആത്മീയാർത്ഥം അൽപ്പംകൂടി വ്യക്തമായേക്കും. "ശൂശേഫോ" എന്ന സുറിയാനി പദത്തിന് ആവരണ ശീല (Veil), തൂവാല എന്നൊക്കെ അർത്ഥം. കാസായും പീലാസയും മൂടാൻ ഉപയോഗിക്കുന്ന ചിത്രത്തയ്യലുള്ള മനോഹരമായ തുണിയാണിത്. വളരെ അർത്ഥപൂർണ്ണമായ ഒരു പ്രതീകമാണിത്. വി. കുർബാനയിൽ രണ്ടു സ്ഥലത്ത് ശോശപ്പയോട് ബന്ധപ്പെട്ട പ്രാർത്ഥനകൾ ഉണ്ട്.

ആദ്യം ഒരുക്കശുശ്രൂഷ (തൂയോബോ) യിൽ, കാസായുടെയും പീലാസായുടെയും മുകളിൽ, പടിഞ്ഞാറുനിന്ന് കിഴക്കോട്ട്, ശോശപ്പാ മൂടി വിരിച്ചുകൊണ്ട് പട്ടക്കാരൻ ചൊല്ലുന്നു:

"മ ഹത്വമുള്ളവന്റെ തേജസ്സുകൊണ്ട് ആകാശങ്ങൾ മൂടപ്പെട്ടിരിക്കുന്നു. തന്റെ മഹത്വം സൃഷ്ടി മുഴുവനിലും നിറഞ്ഞിരിക്കുന്നു."

പിന്നിട് വി. കുർബാന പരസ്യമായി ആരംഭിച്ചു കഴിഞ്ഞ്, ശോശപ്പ ഉയർത്തി എടുത്ത് മൂന്നു പ്രാവശ്യം മേലോട്ടും കീഴോട്ടും ആഘോഷിച്ചു കൊണ്ടു പറയുന്നു:

"ഇസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾക്കു പന്ത്രണ്ട് ജലപ്രവാഹങ്ങളെ ഒഴുക്കിയ തീക്കൽപ്പാറ നീയാകുന്നു. നമ്മുടെ രക്ഷകന്റെ കബറിങ്കൽ വയ്ക്കപ്പെട്ട തീക്കൽ പാറ നീ തന്നെ." ആഘോഷിച്ചതിനു ശേഷം ശോശപ്പാ നീക്കം ചെയ്ത്, പൂജാപാത്രങ്ങളുടെ ഉള്ളടക്കത്തെ വെളിപ്പെടുത്തുന്നു.

ഇവിടെ ധ്വനിപ്പിക്കപ്പെടുന്ന അർത്ഥങ്ങൾ നിരവധിയുണ്ട്. വസ്ത്രമെന്ന പ്രതീകവുമായി ബന്ധപ്പെട്ട ചില സൂചനകൾ മാത്രം പരിഗണിക്കാം.

1. സൃഷ്ടി അഥവാ പ്രപഞ്ചം ദൈവമഹത്വത്തെ വെളിപ്പെടുത്തുന്നു. ഇപ്പോൾ നമുക്കനുഭവപ്പെടുന്ന ദൈവമഹത്വം ഈ പ്രപഞ്ചം തന്നെയാണ്. ഇന്ദ്രിയാധിഷ്ഠിതമായ അറിവിനെ ആശ്രയിക്കുന്ന നമുക്ക് ദൈവത്തെ അറിയാൻ മറ്റൊരു മാർഗ്ഗമില്ല. "സൃഷ്ടിയല്ലാത്തവൻ" നമുക്കുവേണ്ടി സ്വയം താഴ്ത്തി, സൃഷ്ടിയുടെ ഭാഗമായി, അതിന്റെ സ്വഭാവം കൈവരിച്ചപ്പോഴാണ്, യേശുക്രിസ്തുവിലൂടെ ദൈവം സ്വയം വെളിപ്പെടുത്തിയതെന്ന് നാം പറയുന്നത്. ദൈവത്തിന്റെ മുഖം നേരിട്ടു കാണാൻ അതിയായി ആഗ്രഹിച്ച മോശയോട് യഹോവ പറഞ്ഞു അത് തീർത്തും അസാധ്യമാണെന്ന്, ദൈവത്തെ കണ്ടവൻ ജീവിച്ചിരിക്കയില്ലെന്ന്. പക്ഷേ, മോശ വളരെ നിർബന്ധം പിടിച്ചപ്പോൾ, ഒരു പാറയുടെ വിള്ളലിൽ ദൈവം അവനെ നിർത്തി, വിള്ളൽ ഒരു കൈവന്ന് മൂടുകയും ചെയ്തു. അവശേഷിച്ച ചെറിയൊരു സുഷിരത്തിലൂടെ ദൈവം കടന്നുപോകുന്നത് കാണാൻ

മോശ നോക്കി. പിന്നീട് മോശയ്ക്ക് മനസ്സിലായി താൻ കണ്ടത് ദൈവത്തെയല്ല, ദൈവമഹത്വം കടന്നുപോയിക്കഴിഞ്ഞ് അവശേഷിച്ച ചില പ്രകാശരേണുക്കൾ മാത്രമാണെന്ന്. നാസിയൻസിലെ വി. ഗ്രീഗോറിയോസും മറ്റും വ്യാഖ്യാനിക്കുന്നത് മോശ കണ്ടത് സൃഷ്ടിയുടെ മഹത്വമാണെന്നാണ്. മോശയുടെ ദർശനം പ്രപഞ്ചത്തിന്റെ തലത്തിൽത്തന്നെയായിരുന്നു.

സൃഷ്ടിയിൽ വിളങ്ങിയ ദിവ്യമഹത്വമാണ് മോശ ദർശിച്ചത്. അഗമ്യതേജോമയമായ ദിവ്യരഹസ്യത്തെ ഒരിക്കലും നേരിട്ടു കാണുന്നില്ല നാം. അതിനെ ആച്ഛാദനം ചെയ്യുന്ന സൃഷ്ടിയിൽ പ്രതിഭാസിക്കുന്ന പ്രകാശം മാത്രമാണ് നമുക്ക് ലഭ്യമായത്. ക്രിസ്തുവിന്റെ ശരീരത്തെ ആവരണം ചെയ്തു മറച്ച വസ്ത്രമാണല്ലോ തിളങ്ങുന്നതായി ശിഷ്യന്മാർ കണ്ടത്. വി. കുർബാനയിലും ദിവ്യരഹസ്യങ്ങളെ മറച്ചിരിക്കുന്ന ശോശപ്പാ സൃഷ്ടിയുടെ പ്രതീകമായി, മഹത്വത്തിന്റെ അടയാളമായി മാറുന്നു. ആവരണം നീക്കം ചെയ്താൽ അവിടെ ശൂന്യതയല്ല. നമുക്ക് ഒരു തരത്തിലും ദർശിക്കാനോ, ചിന്തിക്കാനോ സങ്കൽപ്പിക്കാനോ ഉൾക്കൊള്ളാനോ ആകാത്ത ഉണ്മയുടെ തലമാണത്. അത് നമുക്ക് "ആരാധിക്കാനല്ലാതെ, ആരാഞ്ഞറിയുവാൻ സാധ്യമല്ലാത്ത" ദിവ്യരഹസ്യങ്ങളുടെ തലമാണ്.

2. ശോശപ്പായെ രണ്ടു തരം പാറയോട് താദാത്മ്യപ്പെടുത്തുന്നു രണ്ടാമത്തെ പ്രാർത്ഥനയിൽ. ഇസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾക്കു വേണ്ടി നദികൾ പുറപ്പെടുവിച്ച പാറയും കർത്താവിന്റെ കല്ലറ അടയ്ക്കുന്നതിന് ഉരുട്ടി വച്ചിരുന്ന പാറയും. ജീവന്റെ ഉറവിടമായ ദിവ്യരഹസ്യങ്ങളുടെ മേലുള്ള ആവരണം എന്നനിലയിലാണ് ഈ അലങ്കാരപ്രയോഗം.

ഈ ആവരണത്തിലൂടെ ദൈവതേജസ്സിന്റെ പ്രസ്ഫുരണം ഉണ്ടാകാം. ജീവജലത്തിന്റെ നദികൾ ഇതിൽനിന്നും ഒഴുകാം, സൃഷ്ടി ദൈവകൃപയുടെ കൗദാശികമായ മാദ്ധ്യമവും മാർഗ്ഗവുമാണ്. സൃഷ്ടിതമായതിൽ ദൈവത്തിന്റെ വിശുദ്ധിയും സ്നേഹവും കരുണയും സന്നിഹിതമാണെന്നും, സൃഷ്ടിയെ ദൈവം തന്റെ സ്വഭാവത്തിൽ പങ്കാളിയാക്കുന്നു എന്നുമാണല്ലോ കൂദാശകൾ നമ്മെ പഠിപ്പിക്കുന്നത്. ഈ പ്രപഞ്ചത്തെ/സൃഷ്ടിയെ വേണ്ടവിധം തൊട്ടാൽ അത് അനുഗ്രഹത്തിന്റെയും അനുരഞ്ജനത്തിന്റെയും എല്ലാ നന്മകളുടെയും ഉറവയായി മാറും. അതിനെ ദുരുപയോഗപ്പെടുത്തിയാൽ അത് കയ്പിന്റെയും മരണത്തിന്റെയും ഉറവയാകും. പരിസ്ഥിതിയെ സംബന്ധിച്ചുള്ള നമ്മുടെ ചിന്തയിൽ, ഈ കൗദാശിക (Sacramental) സമീപനം പ്രകൃതിയോടും പ്രപഞ്ചത്തോടു മുഴുവനും നിലനിർത്തുന്നതിന്റെ ആവശ്യകത വ്യക്തമാണ്. പ്രപഞ്ചമാകുന്ന ശീലയ്ക്ക് ഉള്ളിൽ ദൈവത്തിന്റെ അപ്രമേയ സ്നേഹവും ആർദ്രതയും ദിവ്യസത്ത

യുടെ രഹസ്യങ്ങളും മറഞ്ഞിരിക്കുന്നു എന്ന ബോധത്തോടെ വിശുദ്ധ മായി ഈ പ്രപഞ്ചത്തെ സമീപിക്കുമ്പോഴാണ് അത് കൗദാശിക (Sacramental) സമീപനമാകുന്നത്. യേശുവിന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ തൊട്ട രോഗിണിയായ സ്ത്രീ എത്രമാത്രം ആത്മ വിശുദ്ധിയോടും സ്നേഹത്തോടും, വിശ്വാസത്തോടും, പ്രത്യാശയോടും സൗഖ്യത്തിനുവേണ്ടിയുള്ള ഉൽക്കടമായ ആഗ്രഹത്തോടും കൂടി തൊട്ടുവോ അതുപോലെയാണ് ദിവ്യ രഹസ്യങ്ങളുടെ മേലാവരണമായ ഈ പ്രപഞ്ചത്തെ നാമും തൊടേണ്ടത്, അപ്പോൾ ജഡവസ്തുവെന്ന് വിശേഷിപ്പിക്കുന്ന ഈ ദ്രവ്യപ്രപഞ്ചം ജീവന്റെയും സൗഖ്യത്തിന്റെയും ഉറവയായിത്തീരും.

3. ശോശപ്പാ കർത്താവിന്റെ കല്ലറ അടയ്ക്കാൻ ഉപയോഗിച്ച പാറയാണെന്ന് പ്രാർത്ഥനയിൽ പറയുന്നു. പാറ നീക്കിയപ്പോൾ ശിഷ്യസ്ത്രീകളും ശിഷ്യന്മാരും കണ്ടത് ഒഴിഞ്ഞ കല്ലറയാണ്. യേശുവിന്റെ ശരീരമില്ലാത്ത ശൂന്യസ്ഥലം അവരെ അദ്ഭുതപ്പെടുത്തുകയും ഒരു നിമിഷം നിരാശപ്പെടുത്തുകയും ചെയ്തു. പ്രപഞ്ചമാകുന്ന വസ്ത്രം ചുരുട്ടിമാറ്റിയാൽ നാം എന്താണ് കാണുന്നത് എന്ന ചോദ്യത്തിന് ഇവിടെ ഒരുത്തരം ലഭിക്കുന്നതു പോലെ തോന്നും. സ്ഥലകാലങ്ങളില്ലാത്ത അനന്തമായ ശൂന്യത. പക്ഷേ അത് പാതാളത്തിന്റെയും മരണത്തിന്റെയും ശൂന്യതയല്ല. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പുതിയ ജീവന് സാക്ഷ്യം നൽകുന്ന ശൂന്യതയാണ്. പുനരുത്ഥാനത്തിനുള്ള ഏക “തെളിവ്” ഒഴിഞ്ഞ കല്ലറയാണ്. ഉണ്മയ്ക്കുള്ള തെളിവ് ഒന്നുമില്ലായ്മയാണ്!

മരണത്തിനു വിധേയമായതും ചുരുട്ടിമാറ്റപ്പെടുന്നതുമായ സൃഷ്ടിയാണ് സകല ജീവന്റെയും ഉറവയായ സ്രഷ്ടാവിന്റെ ഉണ്മയ്ക്കും മഹത്വത്തിനുമുള്ള ഏകസാക്ഷി.

പ്രപഞ്ചത്തിലെ ഓരോ പരമാണുവും അണുഗർഭത്തിലെ അദൃശ്യമായ, അനന്തവൈചിത്ര്യമാർന്ന “മൗലിക കണികകളും” അവയുടെ അപ്രമേയ ചലനവും പാരസ്പര്യവും ഊർജ്ജവും ശോഭയും കൊണ്ട് ഈ മഹത്വത്തിന് സാക്ഷ്യം വഹിക്കുന്നു. പ്രപഞ്ചമെന്ന വസ്ത്രത്തിന്റെ ഇഴകൾ ദൈവം പിരിച്ചു മാറ്റുകയും ജഡവസ്തുവിനെ മുഴുവനായും പുനഃചംക്രമണം നടത്തുകയും ചെയ്തേക്കാം.

ഏതവസ്ഥയിലായിരുന്നാലും ഈ വസ്ത്രം അനവദ്യമായ ദിവ്യസൗന്ദര്യത്തിന്റെയും ജീവന്റെയും മേലാടയായി നമ്മെ ആനന്ദിപ്പിക്കുന്നു. “സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപാടിനുവേണ്ടി ആകാംക്ഷയോടെ കാത്തിരിക്കുന്നു” (റോമ. 8:19).

# ഓർത്തഡോക്സിയും കുട്ടികളുടെ പരിശീലനവും

ഓർത്തഡോക്സ് സഭയിൽ മാമോദീസാ ഏൽക്കുന്ന കുഞ്ഞുങ്ങൾക്ക് മാമോദീസായോടു കൂടിത്തന്നെ വി. മൂറോനഭിഷേകവും വി. കുർബാനയും നൽകുന്ന രീതിയാണുള്ളത്. നമ്മുടെ മദ്ധ്യത്തിലേക്ക് വരുന്ന ഓരോ പുതിയ കൊച്ചതിഥിയെയും നാം സ്വീകരിച്ച്, ക്രിസ്തുവിന്റെ സഹോദരനോ സഹോദരിയോ ആയി പൂർത്തീകരിക്കുന്നു. ക്രിസ്തുവിന്റെ ശരീരമായ സഭയിൽ പൂർണ്ണ അംഗത്വം അതുമൂലം ശിശുവിനു ലഭിക്കുന്നു. പുരാതനമായ ഈ പാരമ്പര്യം പൗരസ്ത്യ സഭകൾക്ക് പൊതുവെയുള്ളതാണ്. ആയുസ്സിന്റെ ആദ്യനാളുകളിൽത്തന്നെ വി. ത്രിത്വത്തിന്റെ മുദ്ര വഹിച്ച്, പരിശുദ്ധാത്മാവിന്റെ അഭിഷേകം പ്രാപിച്ച്, കർത്താവിന്റെ ശരീരരക്തങ്ങളിൽ ശിശു പങ്കാളിയായിത്തീരുന്നു.

പാശ്ചാത്യ പാരമ്പര്യത്തിൽ, ഇതിൽനിന്ന് വ്യത്യസ്തമായി, ശിശുവിന് മാമോദീസാ മാത്രം ആദ്യം നൽകുകയും പിന്നീട് കൗമാരപ്രായത്തിൽ 'സ്ഥിരീകരണം' നടത്തുകയും വി. കുർബാന കൊടുക്കുകയും ചെയ്യുന്ന രീതിയാണ് പൊതുവെയുള്ളത്. അതനുസരിച്ച് മാമോദീസാ മാത്രം ലഭിച്ച ശിശുവിന് സഭയിലെ അംഗത്വത്തിന്റെ പൂർണ്ണത ലഭിക്കുന്നില്ല. കുട്ടി ക്രിസ്തീയ വിശ്വാസം ബുദ്ധിയിൽ പഠിച്ച് മനസ്സിലാക്കിയതിനു ശേഷമായിരിക്കണം സ്ഥിരീകരണവും വി. കുർബ്ബാനയും നൽകേണ്ടത് എന്ന ചിന്തയാണ് അതിനു പുറകിലുള്ളത്.

എന്നാൽ ഇന്ന് പല പാശ്ചാത്യ ക്രിസ്തീയ നേതാക്കളുടെയും വിദ്യാഭാസ ചിന്തകന്മാരുടെയും മനോഭാവത്തിൽ ഇക്കാര്യത്തെ സംബന്ധിച്ച് വ്യതിയാനം വന്നിട്ടുണ്ട്. ഓർത്തഡോക്സ് സഭകൾ അനുഷ്ഠിക്കുന്ന പാരമ്പര്യമാണ് ദൈവശാസ്ത്രപരമായും മനഃശാസ്ത്രപരമായും കൂടുതൽ സയുക്തികമായത് എന്ന് അവർ ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. ഒരു വ്യക്തിയെ ക്രിസ്തുവിന്റെ ശരീരമായ സഭയിലെ അംഗമാകുന്ന പ്രക്രിയ കുട്ടി ജനിക്കുമ്പോൾ മുതൽ തുടങ്ങിയിരിക്കുന്നു എന്നതിൽ ആർക്കും തർക്കമില്ല. അതായത് കുട്ടി യുക്തിയും ബുദ്ധിയുമുപയോഗിച്ച് വിദ്യാഭ്യാസം ചെയ്തു തുടങ്ങുന്നതിനു മുൻപുതന്നെ, അതിന്റെ ശരിയായ ക്രിസ്തീയ വിദ്യാഭ്യാസം ആരംഭിക്കുന്നു. ഈ തലത്തിൽ കുട്ടിയുടെ ഗ്രഹണശക്തി

അതിവിപുലമാണ്. പഞ്ചേന്ദ്രിയങ്ങളിലൂടെ ശിശുവിന് ലഭിച്ചു തുടങ്ങുന്ന അനുഭവങ്ങളും അനുഭൂതികളും പിൽക്കാലത്ത് നിർണ്ണായകമായ വ്യക്തിത്വ രൂപവൽക്കരണത്തിന് അടിസ്ഥാനമിടുന്നു. ബുദ്ധികൊണ്ട് പിൽക്കാലത്ത് പഠിക്കുന്ന വിശ്വാസപ്രമാണങ്ങളേക്കാൾ ശക്തവും മൗലികവുമായ സ്വാധീനമാണ് ഇന്ദ്രിയാനുഭവങ്ങളിലൂടെ ശൈശവത്തിൽ രൂപംകൊള്ളുന്ന ക്രിസ്തീയ സത്യത്തിനുള്ളത്.

മാമോദീസായേറ്റ്, മൂറോനാകുന്ന സുഗന്ധതൈലത്താൽ ശരീരം മുഴുവൻ അഭിഷേകം ചെയ്യപ്പെട്ട് വിശുദ്ധ കുർബാന അനുഭവിക്കുന്ന ഒരു സാധാരണ ശിശുവിന്റെ പഞ്ചേന്ദ്രിയങ്ങളും ഒരു പുതിയ ആത്മീയാനുഭവത്തിൽ നിമഗ്നമാകുന്നു. ആ ശിശു അനുഭവിക്കുന്ന കാഴ്ചയും ശ്രവണവും സ്പർശനവും രുചിയും ഗന്ധവും ഒരു പുതിയ വ്യക്തിത്വത്തിന്റെ അടിസ്ഥാനശിലകളായി മാറുന്നു. കുട്ടിയെ സംബന്ധിച്ച് ഇവയെല്ലാം മൗലിക പ്രാധാന്യമുള്ള പ്രതീക (Symbols) ങ്ങളാണ്. ഈ പ്രതികരണങ്ങളുമായി സമുചിതമായി നിരന്തരമായി പ്രതിവർത്തിക്കാനുള്ള സാഹചര്യം ശിശുവിന് ഒരുക്കിക്കൊടുക്കേണ്ടത് സഭയുടെ ചുമതലയാണ്. ക്രിസ്തീയ സമൂഹത്തിന്റെ ശരിയായ ജീവിത പ്രവാഹത്തിലേക്ക് കുട്ടിയെ ചേർത്തു നിർത്തിയാണ് ഇത് സാധിക്കേണ്ടത്. പരസ്യാരാധനയിലുള്ള പങ്കാളിത്തവും നല്ല ക്രിസ്തീയ ജീവിത മാതൃകകളിലുള്ള പരിശീലനവും സ്വീകരിക്കാൻ കുട്ടികൾക്ക് കഴിവുണ്ട്. മാതാപിതാക്കൾ, കുടുംബത്തിലെ മറ്റംഗങ്ങൾ, ഇടവകയിലെ ജനങ്ങൾ എന്നിവർക്കെല്ലാം ഇക്കാര്യത്തിൽ ചുമതലയുണ്ട്.

'കുരിശു വരയ്ക്കുക' എന്നത് സഭയുടെ അതിപുരാതനവും അടിസ്ഥാനപരവുമായ 'പ്രവൃത്തി'യാണ്. അതിലടങ്ങിയിരിക്കുന്ന അർത്ഥങ്ങൾ അതിസമ്പന്നമാണ്. ക്രിസ്തീയ വിശ്വാസത്തെക്കുറിച്ച് മറ്റൊന്നും അറിഞ്ഞുകൂടെങ്കിലും കുരിശുവരയ്ക്കാനും അതിന്റെ അർത്ഥം ധ്യാനിക്കാനും പരിശീലനം കിട്ടിയ ഒരു വ്യക്തിക്കും നമ്മുടെ വിശ്വാസത്തിന്റെ അന്തസ്സത്ത എന്താണെന്ന് മനസ്സിലാകും. രക്ഷാകരമായ സ്ലീബായുടെ അടയാളം തന്റെ ശരീരത്തിന്മേലും മനസ്സിന്മേലും തനിക്ക് ചുറ്റുമുള്ള ലോകത്തിന്മേലും പ്രാർത്ഥനാപൂർവ്വം വരയ്ക്കാൻ കഴിവ് പ്രാപിക്കുന്ന ഒരു വ്യക്തി ക്രിസ്തുവിന്റെ സാന്നിധ്യം അടുത്തറിയുന്നവനാണ്. സഭയുടെ അടിസ്ഥാനപ്രതീകമെന്ന നിലയിൽ ഒരു ശിശു ആദ്യം പഠിക്കേണ്ടത് കുരിശുവരയ്ക്കാനാണ്. പിന്നെ തുടർച്ചയായി ക്രിസ്തീയ സമൂഹജീവിതത്തിൽ അതിന് പരിശീലനം കൊടുത്തുകൊണ്ടിരുന്നാൽ കുരിശിന്റെ ആഴമായ അർത്ഥങ്ങൾ അത് അനുഭവനിഷ്ഠമായി ഗ്രഹിച്ചുകൊള്ളും.

പക്ഷേ പല ഓർത്തഡോക്സ് ക്രിസ്ത്യാനികളും, നവീകരണ സഭകളെ അനുകരിച്ച്, കുരിശു വരയ്ക്കാൻ മടി കാണിക്കുന്നു. വിശ്വാസത്തി

ന്റെ മൗലികമായ ഈ പ്രതീകം തങ്ങളുടെ കുട്ടികളെ പരിശീലിപ്പിക്കുവാൻ വിമുഖത കാട്ടുകയും ചെയ്യുന്നു. ഇത് നിർഭാഗ്യകരമാണ്. പാശ്ചാത്യസംസ്കാരത്തെ അനുകരിച്ച്, കൊച്ചുകുട്ടികളെ പള്ളിയിലെ ആരാധനയ്ക്ക് കൊണ്ടുപോകുവാൻ പലരും ഉൽസാഹിക്കുന്നില്ല. കൊച്ചുകുട്ടികൾക്ക് ഒന്നും മനസ്സിലാവുകയില്ലെന്നോ, പള്ളിയിൽ ബഹളം വയ്ക്കുമെന്നോ കുന്തിരിക്കത്തിന്റെ പുകയേറ്റാൽ ചുമയ്ക്കുമെന്നോ ഒക്കെയാവാം കാരണങ്ങൾ പറയുന്നത്. എന്തു കാരണം കൊണ്ടായാലും കുട്ടികൾക്ക് ന്യായമായി ലഭിക്കേണ്ട ക്രിസ്തീയ പരിശീലനത്തിൽ നിന്ന്, അതിനെ അകറ്റി നിർത്തുന്നത് ഒട്ടും ശരിയല്ല. കത്തോലിക്കാ സഭയിലും ചില നവീകരണ സഭകളിലും 'കുട്ടിക്കുർബാന' (Children's mass) നിലവിലുണ്ട്. മുകളിൽ പറഞ്ഞ കാരണങ്ങളൊക്കെയാണ് ഈ പ്രത്യേക കുർബാനയ്ക്ക് ആധാരമായി അവർ പറയുന്നത്. ഓർത്തഡോക്സ് പാരമ്പര്യത്തിൽ കുട്ടിക്കുർബാനകളില്ല. നമ്മുടെ വി. കുർബാന പ്രായപൂർത്തിയായവർക്കും കാര്യങ്ങൾ വേണ്ടപോലെ മനസ്സിലാകുന്നവർക്കും വേണ്ടി മാത്രമല്ല. ശിശുക്കൾക്കും യുവാക്കൾക്കും വൃദ്ധർക്കും പണ്ഡിതർക്കും നിരക്ഷരന്മാർക്കും രോഗികൾക്കും നിരാലംബർക്കും വാങ്ങിപ്പോയവർക്കും ഇവിടെ ജീവിക്കുന്നവർക്കും വിശുദ്ധന്മാർക്കും പാപികൾക്കും എല്ലാം വേണ്ടിയാണത്. ക്രിസ്തുവിന്റെ ശരീരമായ സഭയുടെ സ്തോത്രാർപ്പണവും ബലിയുമാണത്. ഏതെങ്കിലും തെറ്റായ കാരണംകൊണ്ട് ശിശുക്കളെ അതിൽ പങ്കെടുപ്പിക്കാതിരിക്കുന്നത് ന്യായീകരിക്ക വയ്യ.

നവീകരണസഭകളും അവയ്ക്കെതിരായി കൂടിയ റോമൻ സഭയുടെ ട്രെന്റ് സുന്നഹദോസിന്റെ പ്രതിനവീകരണ പദ്ധതികളും ഊന്നിപ്പറഞ്ഞത് ക്രിസ്ത്യാനിയുടെ ബുദ്ധിപരമായ മത പരിശീലനമാണ്. അറിവില്ലാത്തതുകൊണ്ടാണ് ക്രിസ്ത്യാനികൾ തെറ്റിപ്പോകുന്നതെന്നും, അറിവ് എന്നു പറയുന്നത് ബുദ്ധിയുടെ വികാസമാണെന്നും പാശ്ചാത്യ പാരമ്പര്യം എപ്പോഴും അനുശാസിച്ചിരുന്നു. ഇവയുടെയെല്ലാം ഫലമായി പിൽക്കാലത്ത് അവിടെയുണ്ടായ ചോദ്യോത്തര പുസ്തക (Catechism) ങ്ങളും സൺഡേ സ്കൂൾ പ്രസ്ഥാനവുമെല്ലാം വിശ്വാസം 'പഠിപ്പിക്കുന്ന'തിലും 'മനസ്സിലാക്കുന്ന'തിലും പ്രത്യേകമായ ഊന്നൽ കൊടുത്തു. തൽഫലമായി, പ്രായപൂർത്തിയായിക്കഴിഞ്ഞ് കാര്യങ്ങൾ പഠിച്ചു മനസ്സിലാക്കുമ്പോഴാണ് വിശ്വാസത്തിന്റെ പൂർത്തീകരണം സംഭവിക്കുന്നതെന്ന് പലരും ചിന്തിച്ചു. ശിശുക്കളെയും കുട്ടികളെയും സഭയുടെ പൂർണ്ണ പൗരന്മാരായി കരുതുവാൻ വിമുഖത പ്രദർശിപ്പിക്കയും ചെയ്തു.

ബുദ്ധിപരമായ പഠനവും മനസ്സിലാക്കലും വിശ്വാസകാര്യങ്ങളിൽ ആവശ്യമാണെന്നുള്ളതിൽ പൗരസ്ത്യസഭകൾക്ക് സംശയമൊന്നുമില്ല. ദൈവശാസ്ത്ര ചിന്തയിലും വേദപുസ്തക വ്യാഖ്യാനത്തിലും അനേക നൂറ്റാ

ണ്ടുകൾ നേതൃത്വം കൊടുത്തത് പൗരസ്ത്യ സഭകളായിരുന്നു താനും. പക്ഷേ, ക്രിസ്തീയ വിശ്വാസത്തെക്കുറിച്ച് ആഴമായി പഠിക്കാനും അത് വിദഗ്ദമായി വിശദീകരിക്കാനും ബുദ്ധിമാനായ ഒരു അക്രൈസ്തവനോ നിരീശ്വരനോ സാധിക്കും എന്ന വസ്തുത നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. ക്രിസ്തുവിലോ ക്രിസ്തീയ ജീവിത പ്രമാണങ്ങളിലോ അണുപോലും വിശ്വാസമില്ലാത്ത ഒരു വ്യക്തിയുടെ ഇത്തരം വിദഗ്ദമായ പഠനങ്ങളോ വിശദീകരണങ്ങളോ സ്വീകരിക്കുവാൻ നാം വിമുഖരാണ്. കാരണം ക്രിസ്തീയ വിശ്വാസം അടിസ്ഥാനപരമായി അനുഭവത്തിന്റെയും പ്രയോഗത്തിന്റെയും കാര്യമാണ് എന്ന് നമുക്കറിയാം. അതുമൂലമാണ് പൗരസ്ത്യ പാരമ്പര്യം ക്രിസ്തീയ പരിശീലനത്തെ, ബുദ്ധിപരമായ പരിശീലനമായി മാത്രം ചുരുക്കുവാൻ മടിക്കുന്നത്. ബുദ്ധിപരമായ വശത്തെ അവഗണിക്കാതെ തന്നെ, ക്രിസ്തീയ വ്യക്തിത്വത്തിന്റെ സമ്പൂർണ്ണവും സർവ്വം സ്പർശിയുമായ വികാസമാണ് ഓർത്തഡോക്സ് മത പരിശീലനത്തിൽ നാം ഉന്നം വയ്ക്കുന്നത്. ആരാധനയിലും ക്രിസ്തീയ ജീവിതത്തിലുമുള്ള പങ്കാളിത്തം മൂലം നമ്മുടെ വിശ്വാസത്തിന്റെ മുഖ്യ പ്രതികരണങ്ങൾ കുഞ്ഞുങ്ങളുടെ ഐന്ദ്രികാനുഭവങ്ങളിലൂടെ അവരുടെ വ്യക്തി സത്തയുമായി ഇഴുകിച്ചേരണം എന്നു നാമാഗ്രഹിക്കുന്നു.

സൃഷ്ടിപരവും ജീവനുള്ളതുമായ സഭാ ജീവിതപരിശീലനം കിട്ടിയില്ലെങ്കിൽ, ഈ പ്രതീകങ്ങൾ പലതും അതിന്റെ ബാഹ്യരൂപങ്ങളിൽത്തന്നെ നിലകൊള്ളുകയും കുട്ടി വെറും അന്ധവിശ്വാസിയും യാഥാസ്ഥിതികനുമായിത്തീരാൻ ഇടയാവുകയും ചെയ്തേക്കാം. അതുകൊണ്ട് നമ്മുടെ പരസ്യാരാധനകളും ഇടവകയുടെ ജീവിതവും വളരുന്ന തലമുറയ്ക്ക് ക്രിസ്തീയ സ്നേഹത്തിന്റെയും സത്യത്തിന്റെയും ഐക്യത്തിന്റെയും പ്രതീകങ്ങളായിത്തീരാൻ നാം ശ്രദ്ധ ചെലുത്തേണ്ടതാണ്. കുരിശു വരച്ച് പ്രാർത്ഥിച്ചതിന് ശേഷം ആരംഭിക്കുന്ന ഒരു പള്ളിപൊതുയോഗം അസഭ്യവർഷങ്ങളുടെയും തമ്മിൽത്തല്ലിന്റെയും വേദിയായിത്തീർന്നാൽ കുരുന്നു മനസ്സുകളിൽ പ്രതീകങ്ങളുടെ സംഘട്ടനം നടക്കുന്നു. കുരിശും കലഹവുമായി അഭേദ്യമായ ബന്ധമുണ്ടെന്ന് കുട്ടി ഗ്രഹിക്കുന്നു. അതുകൊണ്ട് പിൽക്കാലത്ത്, മുതിർന്ന വ്യക്തിയായിത്തീരുമ്പോൾ കുരിശു വരച്ചിട്ട് എന്തു തിന്മയും ചെയ്യുന്നതിൽ അവന് ബുദ്ധിമുട്ട് ഇല്ലെന്നു വരാം. അല്ലെങ്കിൽ, സ്വതേ കലഹപ്രിയനല്ലാത്ത ഒരു വ്യക്തിയാണ് അവനെങ്കിൽ കലഹത്തോടു കൂടി കുരിശിനെയും ഉപേക്ഷിച്ചെന്നു വരാം.

നാം ഉയർത്തിക്കാണിക്കുന്ന ക്രിസ്തീയ പ്രതീകങ്ങൾക്കു ചുറ്റും ക്രിസ്തുവിനെ സ്വാംശീകരിച്ച ഒരു സമൂഹമാണ് ഉണ്ടാവേണ്ടത്. ആ സമൂഹത്തിന്റെ ശാദ്വല ഭൂമിയിലാണ് നമ്മുടെ കുഞ്ഞുങ്ങൾ ജീവിക്കയും ക്രിസ്തുവാകുന്ന തലയോളം വളരുകയും ചെയ്യേണ്ടത്.

# ജനനമെന്ന വിസ്മയം

മഹാകവി ടാഗോറിന്റെ ഒരു കവിതാ ശകലമുണ്ട്. "ഓരോ പുതിയ ശിശുവും ഈ ലോകത്തിലേയ്ക്കു ജനിക്കുന്നത്, ദൈവത്തിന് മനുഷ്യ വർഗ്ഗത്തെക്കുറിച്ചുള്ള പ്രത്യാശ ഇനിയും അസ്തമിച്ചിട്ടില്ല എന്ന് പ്രഖ്യാ പിച്ചുകൊണ്ടാണ്." പ്രത്യാശയുടെ മഹൽ സന്ദേശവുമായി ജനിക്കുന്ന നവജാത ശിശു വൻപിച്ച പരിവർത്തനമാണ് ചുറ്റുപാടുകളിൽ സൃഷ്ടി ക്കുന്നത്. മരണത്തിലേക്ക് കണ്ണ് നട്ടിരിക്കുന്ന മർത്യരുടെ വർഗ്ഗം പുതിയ ജീവന്റെ താരും തളിരും കണ്ട് കണ്ണും കരളും കുളിർപ്പിക്കുന്നു. ശിശുവിന്റെ സാന്നിധ്യം ഒരു പ്രകാശ വീചിയായി നിരാശയുടെയും മരണത്തിന്റെയും ഇരുട്ടിനെ നീക്കം ചെയ്യുന്നു. മനുഷ്യർ ജീവനോട് ആഭിമുഖ്യമുള്ളവരാ യിത്തീരുന്നു.

ഗർഭധാരണവും ജനനവും ജീവധാരയിലെ അതിസാന്ദ്രമായ നിമിഷ ങ്ങളാണ്. ഈ ധന്യ മുഹൂർത്തങ്ങളുടെ അമേയ ചൈതന്യം അടുത്തറി യാനുള്ള പദവി സ്ത്രീകൾക്കു മാത്രമാണ് ലഭിച്ചിരിക്കുന്നത്. പുരുഷന്മാ ർക്കത് പൂർണ്ണമായ അളവിൽ ഗ്രഹിക്കാനാവില്ല. അതുകൊണ്ടായിരിക്ക ണം ഗർഭിണിയായ കന്യകമറിയം തന്റെ ചാർച്ചക്കാരിയും ഗർഭിണിയും മാതൃതുല്യയുമായ മറ്റൊരു സ്ത്രീയുടെ അടുത്തേക്ക് ക്ലേശപൂർവ്വം യാത്ര ചെയ്യുന്നത്. എലിസബേത്തിന് വന്ദനം ചൊല്ലിയ മറിയാമിന്റെ വാക്കുക ളിലൂടെ ഒരമ്മയുടെ ആന്തരിക ചൈതന്യമാണ് പകർന്നത്. ആ വാക്കുകൾ മറ്റൊരമ്മയുടെ ഗർഭസ്ഥ ശിശുവിനെ ചലിപ്പിച്ചു. "ഉദരത്തിൽ പ്രജ സന്തോഷം കൊണ്ട് തുള്ളിച്ചാടി" എന്ന് ആ അമ്മ സാക്ഷ്യപ്പെടുത്തി.

ഉദരത്തിൽ കിടക്കുന്ന ശിശുവിന് പുറത്തു നിന്നുള്ള ശബ്ദത്തോടും വെളിച്ചത്തോടും പ്രതികരിക്കാൻ കഴിയുമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ചും ശിശുവിന് അതിന്റെ പിതാവിന്റെ സ്നേഹനിർഭരമായ ശബ്ദം വന്ന ദിശയിലേക്ക് ചെറിയൊരു നീക്കം നടത്താൻ അതിനു കഴിയു മെന്നും അറിവായിട്ടുണ്ട്. മനുഷ്യന്റെ ജീവനും ബോധവും ആരംഭിക്കുന്നത് നാം സങ്കൽപിക്കുന്നതിലും എത്രയോ മുൻപാണ്! മാതാപിതാക്കളിലൂടെ അവരുടെ പിതൃക്കളിലൂടെ പിറകോട്ട് പോയി പ്രപഞ്ച സൃഷ്ടിയുടെ ആദ്യ നിമിഷങ്ങളിലാണ് ഓരോ വ്യക്തിയുടെയും ജീവനും ബോധവും മുള പൊട്ടുന്നത്. യാതൊരു വ്യക്തിയുടെയും ജീവൻ ആ വ്യക്തിയിൽത്തന്നെ

ഒതുങ്ങി നിൽക്കുന്നില്ല. സങ്കീർണ്ണമായ ജൈവ ബന്ധത്തിന്റെ അദൃശ്യമായ ഇഴകളാൽ പ്രപഞ്ചത്തിലെ സകല ജീവനോടും അത് ബന്ധപ്പെട്ടിരിക്കുന്നു. ജീനുകളുടെ അടിസ്ഥാന ഘടകമായ ഡി. എൻ. എ. തന്മാത്രകളുടെ വിശകലനത്തിലൂടെ ജീവന്റെ രഹസ്യം വെളിപ്പെടുമെന്ന് ചിലർ വിചാരിച്ചിരുന്നെങ്കിലും, കൂടുതൽ ആഴമേറിയതും അദ്ഭുതപൂർവ്വവുമായ പരസ്പര ബന്ധങ്ങളിലേക്കാണ് അത് നമ്മെ നയിക്കുന്നത്. അതുകൊണ്ട് ഓരോ ശിശുവിന്റെയും ജനനം മനുഷ്യവർഗ്ഗത്തെ മാത്രമല്ല, പ്രപഞ്ചത്തെ മുഴുവൻ ബാധിക്കുന്ന സംഗതിയാണ്. ഏതെങ്കിലും ഒരമ്മ ഒരു കുഞ്ഞിനെ പ്രസവിക്കുന്നു എന്ന് നാം പറയാറുണ്ടെങ്കിലും, കാര്യമായി പറഞ്ഞാൽ മനുഷ്യവർഗ്ഗമാണ് ഓരോ കുട്ടിയേയും പ്രസവിക്കുന്നത്. അത്ര സങ്കീർണ്ണമാണ് ജനനത്തിന്റെ ജീവശാസ്ത്രവും മനഃശാസ്ത്രവും. സ്ത്രീ പുരുഷ ബന്ധത്തിൽ നിന്നുമാണ് ശിശു ജനിക്കുന്നത് എന്ന് നാം നിത്യ സാധാരണമായ അനുഭവത്തിന്റെ വെളിച്ചത്തിൽ പറയാറുണ്ട്. പക്ഷേ സ്ത്രീപുരുഷന്മാരെ ഒറ്റപ്പെട്ട വ്യക്തികളായി കരുതിയാൽ മാത്രമേ ഇങ്ങനെ പറയാനാവൂ. പ്രകൃതിയെന്ന ജനനി സ്ത്രീയേയും പുരുഷനെയും ഉൾക്കൊള്ളുന്നു. സ്ത്രീപുരുഷ ബന്ധത്തെ ഉൾക്കൊണ്ടു തന്നെ അതിനതീതമായ നിലയിലാണ് ഈ ജനനി പ്രസവിക്കുന്നത് എന്നു പറയാം. മനുഷ്യരാശിയെന്ന മാതാവിന്റെ തലത്തിൽ നടക്കുന്ന ഈ പ്രസവം കന്യാജനനം തന്നെയാണ്. മനുഷ്യവർഗ്ഗത്തിന് സ്രഷ്ടാവായ ദൈവമല്ലാതെ ഇവിടെ മറ്റൊരു പിതൃശക്തിയില്ല. ദൈവത്തിന്റെ പിതൃത്വം പുരുഷന്മാരിൽ ആരോപിച്ചാണ് പുരുഷന് സ്ത്രീയേക്കാൾ പ്രാമാണ്യമുണ്ടെന്ന ധാരണ നാം വളർത്തിയെടുത്തത്. യാഥാർത്ഥത്തിൽ മാതൃഭാവമാണ് പ്രകൃതിയിൽ നിറഞ്ഞു നിൽക്കുന്നത്. കന്യകയും മാതാവുമായ സ്ത്രീ പുരുഷനെയും ഉൾക്കൊള്ളുന്ന വിശ്വമാനവീയതയുടെ പ്രതീകമാണ്.

പുരുഷനും സ്ത്രീയും ചേർന്നു സൃഷ്ടിക്കുന്ന കുടുംബം മനുഷ്യകുലത്തിന്റെ ചെറിയൊരു പതിപ്പായിട്ടാണ് കരുതപ്പെടുന്നത്. ഈ ചെറിയ കുടുംബത്തിലൂടെയാണ് വലിയ മനുഷ്യ കുടുംബത്തിലേക്ക് ശിശു ഉപനയിക്കപ്പെടുന്നത്. എന്നാൽ പുതിയ ശാസ്ത്രീയ - വ്യവസായിക സംസ്കാരം കുടുംബത്തിന്റെ കടയ്ക്കൽ കത്തി വയ്ക്കുന്നു. പരമ്പരാഗതമായ കുടുംബ ഭദ്രത പല രാജ്യങ്ങളിലും പഴയ ചരിത്രമായി മാറിക്കൊണ്ടിരിക്കുന്നു. തുടരെത്തുടരെയുള്ള വിവാഹമോചനം തിന്മയായിട്ടല്ല 'മഹത്തായ വ്യക്തിസ്വാതന്ത്ര്യത്തിന്റെ" തെളിവായിട്ടാണ് പല പരിഷ്കൃത രാജ്യങ്ങളിലും കരുതപ്പെടുന്നത്. അതുകൊണ്ട് പിറന്നു വീഴുന്ന പല കുട്ടികൾക്കും മനുഷ്യന്റെ മണം ലഭിക്കാതെ പോകുന്നു. കുടുംബത്തിലൂടെ നടക്കുന്ന സാമൂഹ്യവൽക്കരണത്തിന്റെ പിള്ളത്തൊട്ടിലിൽ കിടന്നാടാൻ കഴിയാതെ വരുന്ന കുട്ടികൾ സമൂഹത്തിന് ഇതരന്മാരായിത്തീരുന്നു.

സ്നേഹവും സഹാനുഭൂതിയും അവർ അറിയാതെ പോകുന്നു. ജനനം ഇവിടെ ശാപമായിത്തീരുന്നു.

മനുഷ്യകുഞ്ഞിന്റെയത്രയും ദീർഘനാൾ മാതാപിതാക്കളുടെ പരിചരണവും ശ്രദ്ധയും സ്നേഹവും ആവശ്യമുള്ള വേറേതെങ്കിലും ജീവികളുണ്ടെന്നു തോന്നുന്നില്ല. മറ്റെല്ലാ ജന്തുക്കളുടെയും കുട്ടികൾ പിറന്നാൽ അധികം താമസിയാതെ തന്നെ സ്വയമായി ഭക്ഷണം തേടുകയും സഞ്ചരിക്കുകയും അതാതു ജന്തുവർഗ്ഗത്തിന്റെ സ്വഭാവ വിശേഷങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യും. മനുഷ്യശിശു എത്രയോ നാളുകൾ കഴിഞ്ഞാണ് സ്വന്തം കാലിൽ നിൽക്കാനും മനുഷ്യരെപ്പോലെ പെരുമാറാനും പഠിക്കുക. ശിശുവിന്റെ മനുഷ്യവൽക്കരണം ഗർഭധാരണം മുതൽ ആരംഭിക്കുന്ന സുദീർഘമായ ഒരു പ്രക്രിയയാണ്.

ശാസ്ത്രത്തിന്റെ പുതിയ "നേട്ടങ്ങളി"ൽ ചിലത് ശിശുവിന്റെ ജനനത്തിൽ അന്തർഭവിച്ചിരിക്കുന്ന ദിവ്യരഹസ്യങ്ങളെ വെറുമയാക്കി മാറ്റുന്നവയാണ്. ജീവനെ ഉൽപാദിപ്പിക്കാനും നിർണ്ണയിക്കാനും നിയന്ത്രിക്കാനുമായി ആവിഷ്കരിച്ചിരിക്കുന്ന പുതിയ ചില ജീവശാസ്ത്ര സങ്കേതങ്ങൾ (bio-techniques) മനുഷ്യശിശുവിനെയും മറ്റേതൊരു ഉല്പാദന വസ്തുവിനെപ്പോലെ തന്നെ കരുതുന്നു. ടെസ്റ്റ്ട്യൂബ് ശിശുവും വാടകയ്ക്കെടുത്ത ഗർഭപാത്രത്തിൽ വളരുന്ന ശിശുവും ഇന്ന് നമ്മുടെ ലോകത്തിലെ യാഥാർത്ഥ്യങ്ങളാണ്. ഭാവിയിലെ ബാഹ്യാകാശ കേന്ദ്രങ്ങളിലേക്ക് മുതിർന്ന മനുഷ്യരെ അയക്കുന്നത് ചെലവു കൂടിയ പരിപാടിയായതു കൊണ്ട് മനുഷ്യ ഭ്രൂണങ്ങളെ കയറ്റിയയച്ച് അവിടെ ഒരു ശാസ്ത്രജ്ഞന്റെ മേൽനോട്ടത്തിൽ വളർത്താൻ കഴിയുമെന്ന് ചില ജീവശാസ്ത്രജ്ഞന്മാർ അവകാശപ്പെടുന്നു. ഭ്രൂണങ്ങൾ സൗകര്യംപോലെ വിലയ്ക്കു വാങ്ങാൻ കിട്ടുന്ന 'ബേബിറ്റോറിയ'ങ്ങളും ജനിക്കാനിരിക്കുന്ന കുഞ്ഞിന്റെ നിറം, സ്വഭാവം, ബുദ്ധിശക്തി, ലിംഗഭേദങ്ങൾ തുടങ്ങിയവ മുൻകൂട്ടി നിർണ്ണയിക്കാൻ കഴിയുന്ന സംവിധാനങ്ങളും അനതിവിദൂര സാധ്യതകളാണെന്ന് ആൽവിൻ ടോഫ്ളറെപ്പോലുള്ള പണ്ഡിതന്മാർ പ്രവചിക്കുന്നു. ഇതെല്ലാം സംഭവിച്ചു തുടങ്ങുമ്പോൾ മനുഷ്യനെപ്പറ്റിയുള്ള നമ്മുടെ അടിസ്ഥാന ധാരണകൾ പലതും തിരുത്തിയെഴുതേണ്ടി വന്നേക്കാം. എന്നാൽ അത്രയും വരെ നമ്മുടെ പുതിയ ശാസ്ത്രീയ സംസ്കാരം നിലനിൽക്കുമോ എന്നതാണ് പ്രധാന ചോദ്യം. ഇപ്പോൾ പല സമ്പന്ന രാഷ്ട്രങ്ങളിലും ചെറുപ്പക്കാർ വിവാഹം കഴിക്കാനും കുട്ടികളെ ജനിപ്പിക്കാനും മടി കാണിക്കുന്നു. ലോകത്തോടുള്ള വിരക്തി കൊണ്ടൊന്നുമല്ല, വ്യക്തിപരമായ സ്വാർത്ഥസുഖത്തിന് സർവ്വപ്രധാനമായ മൂല്യം കൊടുക്കുന്നതു കൊണ്ടാണിത് സംഭവിക്കുന്നത്. ഇന്ന് ലോകത്തിൽ അധീശത്വം കൈയാളുന്ന ചില വർഗ്ഗങ്ങളുടെ

വംശനാശം തന്നെ കൈവരുത്തുവാൻ ഈ പ്രവണതയ്ക്ക് കഴിയും.

ഗർഭധാരണവും ജനനവും ദിവ്യവും അദ്ഭുതകരവുമായ യാഥാർത്ഥ്യങ്ങളായി കണക്കാക്കുന്ന ഒരു മാനസികാവസ്ഥയിലേക്ക് നാം മടങ്ങിയെങ്കിൽ മാത്രമേ ന്യൂക്ലിയർ ആയുധങ്ങളെയും അന്ധവും അധാർമ്മികവുമായ ബയോടെക്നിക്കുകളെയും നിയന്ത്രിക്കുവാൻ നമുക്ക് സാധിക്കയുള്ളൂ. യേശുവിന്റെ ജനനം അദ്ഭുതകരമാണെന്ന് നാം പറയുന്നു. എല്ലാ ജനനങ്ങളും അദ്ഭുതങ്ങളാണ്. മനുഷ്യന്റെ സാധാരണ യുക്തിക്കും സ്വാർത്ഥതയ്ക്കും അതീതമായ ദിവ്യരഹസ്യങ്ങളാണവ. അവയുടെ നിഗൂഢാർത്ഥങ്ങൾ മനനം ചെയ്വാൻ യേശുവിന്റെ ജനനം നമ്മെ സഹായിക്കുന്നു.

# അമരത്വത്തിന്റെ സ്വപ്നങ്ങൾ

മരണത്തെ മറികടന്ന് അമരത്വം നേടാനുള്ള ആഗ്രഹം മനുഷ്യന്റെ ആദിസ്വപ്നങ്ങളിലൊന്നാണ്. പക്ഷിയെപ്പോലെ പറക്കാനും വസ്തുവിനെ രൂപാന്തരപ്പെടുത്താനുമുള്ള അഭിലാഷം ഇതോടൊപ്പമുള്ള മറ്റു രണ്ട് സ്വപ്നങ്ങളാണ്. അവസാനം പറഞ്ഞ രണ്ടും ഏതാണ്ടൊരളവിൽ സാക്ഷാൽക്കരിക്കുവാൻ മനുഷ്യന് കഴിഞ്ഞിട്ടുണ്ട്. വിമാനത്തിലും പിന്നെ ബഹിരാകാശത്തിലും പറന്നപ്പോൾ ഒന്ന് സഫലീകൃതമായി. ന്യൂക്ലിയർ വിജ്ഞാനത്തിന്റെ ആവിർഭാവത്തോടെ, അണുഗർഭത്തിൽ വിപ്ലവം സൃഷ്ടിച്ച്, ഇലക്ട്രോൺ തുടങ്ങിയ കണികകളുടെ സ്ഥാനക്രമത്തിൽ വ്യതിയാനം വരുത്തി ചില മൂലകങ്ങളുടെ മൗലിക സ്വഭാവം മാറ്റാൻ മനുഷ്യന് കഴിഞ്ഞു. വസ്തുസ്ഥിതമായ പ്രപഞ്ചത്തിന്റെ രൂപാന്തരമെന്ന സ്വപ്നത്തിന്റെ ആദ്യപടിയാണിത്.

ഈ രണ്ടു സ്വപ്നങ്ങളുടെയും സാക്ഷാൽക്കാരത്തിന്റെ ആദ്യപടിയിൽ ചവിട്ടിയപ്പോഴാണ് ഇവ രണ്ടും അമരത്വവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് മനുഷ്യൻ മനസ്സിലാക്കുന്നത്. മരണമില്ലാത്ത അവസ്ഥ നേടാനുള്ള ആഗ്രഹമാണ് ഇവ രണ്ടിലും ഒരേ സമയം പ്രതിഫലിക്കുന്നതും ചോദ്യം ചെയ്യപ്പെടുന്നതും. പറക്കാനും വസ്തുവിനെ രൂപാന്തരപ്പെടുത്താനുമുള്ള ആഗ്രഹം അപരിമിതവും അനന്തവുമായ സാദ്ധ്യതയ്ക്കു വേണ്ടിയുള്ള, അതായത്, നിത്യമായ ജീവനു വേണ്ടിയുള്ള ഉൽക്കടമായ വാഞ്ചയാണ്. പക്ഷേ, ഈ തീവ്രവാഞ്ചയ്ക്കുള്ളിലും അതിനെ ചുഴന്നും പരിമിതിയുടെ, അതായത് മരണത്തിന്റെ ഭീഷണി നൃത്തം വയ്ക്കുന്നു. പരിമിതിയുടെയും അപരിമേയ സാദ്ധ്യതയുടെയും വിരുദ്ധ യോഗം ഈ സ്വപ്നങ്ങളിൽ കുടികൊള്ളുന്നതെങ്ങനെയെന്ന് നോക്കേണ്ടതാണ്.

പറന്നുയരാനുള്ള ആഗ്രഹമാണ് വിമാനത്തിന്റെയും പിന്നെ ബഹിരാകാശ നൗകയുടെയും സാങ്കേതിക വിദ്യയൊരുക്കിയത്. അതേ സങ്കേതമുപയോഗിച്ച് തന്നെയാണ് മാരകമായ മിസൈലുകൾ മനുഷ്യൻ സൃഷ്ടിച്ചത്. സാറ്റലൈറ്റിനെ വഹിക്കുന്ന റോക്കറ്റ് മുകളിലേക്ക് ഉയർന്ന് അന്തരീക്ഷത്തിന്റെ അതിർത്തിയിലേക്ക് പോകുമ്പോൾ, അതേ വിദ്യയുപയോഗിച്ച് സൃഷ്ടിച്ച മറ്റൊരു റോക്കറ്റ്, മിസൈലെന്ന പേരിൽ, തന്റെ കൂർത്ത മൂക്കിൽ ബോംബുകൾ തിരുകി, ഭൂഖണ്ഡങ്ങളെപ്പോലും വേണ്ടിവന്നാൽ

മറികടന്ന്, ശത്രുരാജ്യത്തിനു നേരെ കുതിക്കുന്നു. ഒരേ വിദ്യ ഒരു വശത്ത് ആകാശശൂന്യതയിൽ അപരിമേയ സാദ്ധ്യത തേടുന്നു. മറുവശത്ത് സകലത്തെയും ചുട്ടുകരിക്കുന്ന മരണത്തിന്റെ പരിമിതിയുടെ വിഷവിത്തു വിതയ്ക്കുന്നു. അമരത്വാന്വേഷണത്തിന്റെയും മരണവാഞ്ചയുടെയും വിരുദ്ധയോഗം, സ്പേസ് ടെക്നോളജി കൊണ്ട് മനുഷ്യൻ നേടിയ നേട്ടങ്ങളെ ഒറ്റയടിക്ക് തകർത്ത് തരിപ്പണമാക്കാൻ അതിന്റെ തന്നെ സന്താനമായ ന്യൂക്ലിയർ മിസൈലുകൾക്ക് കഴിയും.

വസ്തുവിനെ രൂപാന്തരപ്പെടുത്താനുള്ള ആഗ്രഹമാണ് ന്യൂക്ലിയർ സയൻസിന് രൂപംകൊടുത്തത്. ഊർജ്ജത്തെ സൃഷ്ടിക്കാനും ചില മാരക രോഗങ്ങളെ സൗഖ്യമാക്കാനും ഇന്ന് ഇതു നമ്മെ സഹായിക്കുന്നു. പ്രപഞ്ചത്തിന്റെ അനന്തവിചിത്രമായ മുഖങ്ങളെ നമുക്ക് വെളിപ്പെടുത്തി തരുന്നു ന്യൂക്ലിയർ വിജ്ഞാനം. വില കുറഞ്ഞ ലോഹങ്ങളെ സ്വർണ്ണമാക്കാനുള്ള 'ആൽക്കെമി' വിദ്യ കണ്ടെത്താനുള്ള ശ്രമത്തിൽ ഈ 'രൂപാന്തര' സ്വപ്നം ഒരിക്കൽ ഒതുങ്ങി നിന്നിരുന്നെങ്കിൽ ഇന്ന് സൃഷ്ടിയുടെ അനന്തസാദ്ധ്യതകളെ നമുക്കായി അത് തുറക്കുന്നു. പക്ഷേ, അതേ ന്യൂക്ലിയർ ടെക്നോളജി തന്നെയാണ് ന്യൂട്രോൺ ബോംബുകൾ സൃഷ്ടിക്കുന്നതും. അനശ്വരതയ്ക്കു വേണ്ടിയുള്ള അന്വേഷണത്തിനുള്ളിൽ നശ്വരതയുടെ, മരണത്തിന്റെ വിത്തുകൾ നാം ഒളിച്ചു വച്ചിരിക്കുന്നു. വീണ്ടുമൊരു വിരുദ്ധ യോഗം.

അപ്പോൾ മൗലികമായ ഏക സ്വപ്നം അമരത്വം തന്നെ. കാരണം മനുഷ്യന്റെ മറ്റെല്ലാ സ്വപ്നങ്ങളിലും ഒളിഞ്ഞും തെളിഞ്ഞും കാണുന്നത് മരണമില്ലായ്മയ്ക്കു വേണ്ടിയുള്ള തീവ്രാഭിലാഷമാണ്. എവിടെയൊക്കെ മനുഷ്യൻ അനന്തമായ സ്വാതന്ത്ര്യവും, സാദ്ധ്യതയും സ്വപ്നം കാണുന്നുവൊ, അവിടെയൊക്കെ മരണം ഉടൻ കൊടി നാട്ടുന്നു. പക്ഷേ തളരാതെ, തല കുനിക്കാതെ, മനുഷ്യൻ അതിനുപരി ജീവന്റെയും പ്രത്യാശയുടെയും കൊടി പറത്തുന്നു. ഇതാണ് ജീവന്റെ മഹാദ്ഭുതം.

എല്ലാ സംസ്കാരങ്ങളിലും തത്വദർശനം ആരംഭിക്കുന്നത് ജീവന്റെ ക്ഷണികതയെക്കുറിച്ചുള്ള ഉള്ളു നീറ്റുന്ന ബോധത്തോടു കൂടിയാണ്. നശിക്കുന്ന സൃഷ്ടിയുടെ പ്രതീകമാണ്, നിൽക്കാതെ നിരന്തരമായി ഒഴുകുന്ന നദി. ജീവൻ പ്രവാഹമാണ്. പ്രവാഹം ചലനാത്മകമാണ്. ചലനം നാശത്തിലേക്കാണ്. ജീവന്റെ പ്രവാഹവും പ്രവാഹത്തിന്റെ നാശവും വിരുദ്ധയോഗമായി നദിയിൽ സമ്മേളിക്കുന്നു. ഇതു കണ്ട് ഹെറാക്ലീറ്റസിനെപ്പോലുള്ള ദാർശനികർ കരയുന്നു. ഒരേ നദിയിൽ രണ്ടു പ്രാവശ്യം ആർക്കും കുളിക്കാൻ കഴിയുന്നില്ലല്ലൊ എന്ന ബോധം ദാർശനികനെ മഥിക്കുന്നു. ആദ്യം കുളിച്ച നദി എന്നേക്കുമായി ഒഴുകിപ്പോയിരിക്കുന്നു.

പക്ഷേ ജീവന്റെ ഉറവ വറ്റിപ്പോകുന്നില്ലല്ലോ എന്ന ബോധം അദ്ഭുതവും പ്രത്യാശയും നൽകുന്നു. ജനിക്കുന്നവർ മരിക്കുന്നെങ്കിലും വീണ്ടും കുട്ടികൾ ജനിക്കുന്നു. ഇലകൾ പഴുത്തുണങ്ങി വീണാലും വീണ്ടും മുകുളങ്ങൾ വിരിയുന്നു. ജീവന്റെ പ്രവാഹം അഭംഗുരം നിലനിർത്തപ്പെടുന്നു. ഇതൊരു തരം സ്ഥിരതയല്ലേ? അമരത്വമല്ലേ? പ്രപഞ്ചത്തിനുള്ളിൽ അങ്ങനെ അസ്ഥിരതയുടെ സ്ഥിരതയുണ്ടെന്ന് നാം ചിന്തിക്കുന്നു. പക്ഷേ പ്രപഞ്ചത്തെ ആകെത്തുകയിൽ ആധുനിക ശാസ്ത്രീയ വീക്ഷണത്തിനു വിധേയമാക്കിയാൽ, 'തെർമോ ഡൈനാമിക്സി'ലെ രണ്ടാം നിയമമനുസരിച്ച്, പ്രപഞ്ചഘടന ഊർജ്ജമെല്ലാം ക്രമേണ വാർന്ന് വാർന്ന് നിശ്ചേതനവും കേവലം ഊർജ്ജരഹിതവുമായ മരണത്തിന്റെ അവസ്ഥയിലേക്ക് നീങ്ങുന്നുവെന്ന് ശാസ്ത്രം സ്ഥാപിക്കുന്നു.

സ്ഥലകാലങ്ങളുടെ അതിരുകൾക്കുള്ളിൽ അമരത്വം നേടാനുള്ള ശ്രമങ്ങൾ ആത്യന്തികമായി പരാജയപ്പെടുന്നു. കാരണം സ്ഥലകാലങ്ങൾ പരിമിതിയുടെയും മരണത്തിന്റെയും മൂർത്തഭാവങ്ങളാണ്. കർത്താവിന്റെ ഉയിർപ്പിനെക്കുറിച്ച് ക്രിസ്തീയ പാരമ്പര്യം പഠിപ്പിക്കുന്ന സത്യം ഇവിടെ അല്പമൊക്കെ മനസിലാക്കാൻ നമുക്ക് കഴിയും. ദൈവത്തിൽ നിന്നുള്ള ദൈവവും മനുഷ്യനിൽ നിന്നുള്ള മനുഷ്യനുമായ യേശുക്രിസ്തു തന്റെ ശരീരത്തിൽ സകല മനുഷ്യരും അനുഭവിക്കുന്ന വിരുദ്ധ യോഗത്തെ സംവഹിക്കുന്നു. മരണത്തിന്റെയും ജീവന്റെയും സംയുക്ത സമ്മേളനം. പക്ഷേ കർത്താവ് തന്റെ മരണത്തിലൂടെയും ഉയിർപ്പിലൂടെയും നമുക്ക് നൽകുന്ന ജീവൻ സ്ഥലകാല പരിമിതികൾക്കുള്ളിൽ നാം കാണുന്ന അമരത്വമല്ല, ഈ ലോകത്തിൽ നമ്മുടെ ജീവന് മരണം പരഭാഗഭംഗി നൽകുന്നു. മരണമുള്ളതു കൊണ്ട് നാം ജീവൻ തേടുന്നു. പക്ഷേ കർത്താവു നൽകുന്ന ജീവൻ, ദൈവത്തിന്റെ ജീവൻ തന്നെയാണ്. ആദിയിൽ നമ്മിലൂതിയ ജീവശ്വാസം. അത് മരണവുമായുള്ള താരതമ്യത്തിലൂടെയല്ല അർത്ഥം നേടുന്നത്. ദൈവത്തിന്റെ അനന്തവും അപ്രമേയവുമായ ജീവസ്രോതസ്സിലാണ് അത് ഉല്ലസിക്കുന്നത്. അത് മരണത്തിന്റെ മുദ്ര വഹിക്കുന്ന സ്ഥലകാലങ്ങളെ രൂപാന്തരപ്പെടുത്തുന്നു. അവയുടെ അതിരുകൾക്കുപരി പറന്നുയരാൻ നമുക്ക് ചിറകുകൾ നൽകുന്നു. 'കണ്ണുകൾ കണ്ടിട്ടില്ലാത്തതും ചെവികൾ കേട്ടിട്ടില്ലാത്തതും ഹൃദയം സങ്കല്പിച്ചിട്ടില്ലാത്തതു'മായ യാഥാർത്ഥ്യത്തിന്റെ അനന്ത വിസ്തൃതിയിലേക്ക് അത് നമ്മെ ഉപനയിക്കുന്നു.

തന്റെ ജീവൻ നമ്മിലേക്ക് പകരുകയും നമ്മുടെ വേദനിപ്പിക്കുന്ന വൈരുദ്ധ്യങ്ങൾ ഏറ്റെടുക്കുകയും ചെയ്ത സ്വർഗ്ഗീയ പിതാവിന്റെ മുഖമാണ് മരിയ്ക്കുകയും ഉയിർക്കുകയും ചെയ്ത യേശുവിൽ നാം കാണുന്നത്. ഈ മുഖദർശനം ബന്ധനത്തിന്റെ സകലനുകത്തെയും തകർക്കുന്നു. വഞ്ചനയുടെയും സ്വാർത്ഥതയുടെയും അധികാരക്കോട്ടകളെ

എടുത്ത് മറിക്കുന്നു. സഭയെയും സമൂഹത്തെയും ചുറ്റിപ്പിണയുന്ന ദൂഷിതവലയങ്ങളെ പൊട്ടിച്ചെറിയുന്നു. മരണത്തിന്റെ നിഴലിലും അടിമത്തത്തിന്റെ ചങ്ങലകളിലും കുരുങ്ങിക്കിടക്കുന്ന വ്യക്തികളും ജനതകളും ഈ മുഖദർശനത്തിൽ നിർഭയരും പ്രത്യാശയുറ്റവരുമായിത്തീരുന്നു. ഈ ലോകത്തിൽ ആർക്കും ഒന്നിനും അവരെ ഭയപ്പെടുത്തുക സാദ്ധ്യമല്ല. അവർ മരണത്തെ പിൻതള്ളി ജീവനിലേക്ക് കടന്നിരിക്കുന്നു.

# വരമൊഴിയിൽ നിന്ന് വാമൊഴിയിലേക്ക്

ടെലിവിഷൻ, കമ്പ്യൂട്ടർ - ആധുനിക സാങ്കേതിക വിദ്യയുടെ വിപ്ലവ കരമായ സംഭാവനയാണിത് രണ്ടും. ഇവ സൃഷ്ടിച്ച ബഹുമുഖ വിപ്ലവ ത്തിന്റെ അലയടികൾ നമ്മുടെ നാട്ടിൽ എത്തിക്കൊണ്ടിരിക്കുന്നതേയുള്ളു. ശാസ്ത്ര-സാങ്കേതിക ജ്ഞാനത്തിൽ മികച്ച് നിൽക്കുന്ന രാജ്യങ്ങളി ലെല്ലാം ടെലിവിഷനും കമ്പ്യൂട്ടറും അനുദിന ജീവിതത്തിന്റെ ഭാഗമായി ക്കഴിഞ്ഞു. മനുഷ്യന്റെ ചിന്തയെയും പ്രയോഗത്തെയും മൗലികമായി സ്പർശിക്കുന്നു ഈ യന്ത്രങ്ങൾ. ഉദാഹരണമായി വിദ്യാഭ്യാസം തന്നെ യെടുക്കാം. മറ്റു പല ആധുനിക യന്ത്രങ്ങളോടൊപ്പം ടെലിവിഷനും കമ്പ്യൂ ട്ടറും നൽകുന്ന നന്മകൾ അതിശയകരമാണ്. പക്ഷേ പാശ്ചാത്യ രാജ്യ ങ്ങളിലൊക്കെ, കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ഇവയ്ക്കുള്ള സ്ഥാനത്തെ ക്കുറിച്ച് ഒരു വലിയ ചോദ്യചിഹ്നം ഉയർന്നുകൊണ്ടിരിക്കയാണ്.

'ഒന്നാം ലോക'ത്തിലെ കുട്ടികളുടെ പ്രധാന പഠന മാധ്യമമാണ് ഇപ്പോൾ ടെലിവിഷൻ. പുസ്തകത്തിലെയും കറുത്ത ബോർഡിലെയും അക്ഷരങ്ങൾ ചിത്രങ്ങൾക്ക് വഴിമാറിക്കൊടുത്തു കൊണ്ടിരിക്കയാണ്. ടെലിവിഷൻ സ്ക്രീനിൽ തെളിയുന്ന നിറം നിറഞ്ഞ ചിത്രങ്ങൾ ആരും നോക്കിയിരുന്നു പോകും, എത്ര സമയം വേണമെങ്കിലും. വീട്ടിലും സ്കൂളിലും ടെലിവിഷൻ പഠനമാധ്യമമായി അംഗീകരിച്ചു കഴിഞ്ഞു. അക്ഷ രക്രമത്തിന്റെയും വ്യാകരണത്തിന്റെയും വലയിൽ കുടുങ്ങിയ ഭാഷയെ ക്കാൾ വേഗത്തിൽ വർണ്ണഭംഗിയാർന്ന ചിത്രങ്ങളുടെ ഭാഷ ഏതൊരു കുട്ടിയ്ക്കും മനസ്സിലാകും. പക്ഷേ, ചിത്രപഠനത്തിന്റെ ആവേശഭരിതമായ കുറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ വിദ്യാഭ്യാസ വിചക്ഷണന്മാരും മാതാ പിതാക്കളും തിരിഞ്ഞു നോക്കുകയായി. സ്വന്തം മാതൃഭാഷ തെറ്റു കൂടാതെ എഴുതാനറിയുന്ന യുവജനങ്ങളുടെ എണ്ണം ഭയാനകമായി കുറ ഞ്ഞുവരുന്നു യൂറോപ്പിലും അമേരിക്കയിലും മറ്റും. ചില യൂറോപ്യൻ യൂണി വേഴ്സിറ്റികളിലെ പ്രൊഫസർമാർ പറയുന്നു അവരുടെ ഭാഷ ഇപ്പോൾ തെറ്റു കൂടാതെ എഴുതുന്നത് ആഫ്രിക്കയിൽ നിന്നും ഏഷ്യയിൽ നിന്നും മറ്റും വരുന്ന വിദ്യാർത്ഥികളാണെന്ന്. അതിശയോക്തിയായിരിക്കാം. പക്ഷേ, ചിത്രവിദ്യയുടെ പുതിയ ചായ്വാണ് അത് കാണിക്കുന്നത്. നൂറ്റാ

ണ്ടുകളായി വാക്കുകളുടെ പ്രതീകശക്തിയെ ഉരച്ചു മിനുക്കി, ശബ്ദവും അർത്ഥവും തമ്മിലുള്ള ബന്ധത്തിന് പുതിയ പുതിയ തലങ്ങൾ തേടി, ചിന്തയുടെ കവചിത വാഹനമാക്കി ഭാഷയെ വളർത്തിക്കൊണ്ടു വരവെ യാണ് ഈ തിരിച്ചടി. രസകരമായി പല കാര്യങ്ങളും മനസ്സിലാക്കാൻ ചിത്രങ്ങൾ സഹായിക്കും പക്ഷേ, ചിന്തയുടെ ദുഷ്കര സമസ്യകളിലേക്ക് പ്രവേശിക്കുന്നതിൽ നിന്നും അത് യുവമനസ്സുകളെ തടയുന്നില്ലേ എന്നാണ് സംശയം. അമൂർത്തചിന്തയുടെ ബഹുമുഖമായ ശില്പവിദ്യ യിൽ അഭിമാനം കൊള്ളുന്ന ആധുനിക പാശ്ചാത്യ സംസ്കാരത്തിനു മുൻപിൽ ഇതൊരു വലിയ ചോദ്യമാണ്. ചിത്രകഥകളിലും കോമിക്കുക ളിലും ആവേശം കൊള്ളുന്ന നമ്മുടെ നാട്ടിലെ കുട്ടികളും അക്ഷരവിദ്യ യിൽ പുറകോട്ടു പോകുന്നത് പലർക്കും ആശങ്കയ്ക്ക് ഇട നൽകുന്നുണ്ട്.

അക്ഷരത്തിന്റെ ഗതി ഇതാണെങ്കിൽ, അക്കത്തിന്റെ ഗതിയും മറ്റൊ ന്നല്ല. മനുഷ്യ മസ്തിഷ്കത്തിന്റെ പല ധർമ്മങ്ങളും കുറെക്കൂടി കാര്യ ക്ഷമമായി, ഭീമാകാരമായ തോതിൽ കമ്പ്യൂട്ടർ ഏറ്റെടുത്തുകൊണ്ടിരിക്കു കയാണ്. അതിന്റെ ഏറ്റവും ലളിതരൂപമായ കാൽക്കുലേറ്റർ ഏതൊരു സ്കൂൾ കുട്ടിയ്ക്കും ഉപയോഗിക്കാനറിയാം. ഗുണനഹരണങ്ങൾ പോലെ യുള്ള ലളിതമായ ഗണിതക്രിയകൾ മുതൽ ഉയർന്ന ഗണിതം വരെ ചെയ്യാൻ കുട്ടികൾ കാൽക്കുലേറ്റർ ഉപയോഗിക്കുന്നു. പല സ്കൂളുകളിലും ഇതിനെതിരെ നിരോധനമുണ്ടെങ്കിലും, തുച്ഛമായ വിലയ്ക്ക് കിട്ടുന്ന പോക്കറ്റ് കാൽക്കുലേറ്റർ പല കുട്ടികളും കണ്ടും കാണാതെയും ഉപയോ ഗിക്കുന്നു. യുക്തിചിന്തയ്ക്കുള്ള കഴിവ് പ്രകടമായി കുറയുന്നുവെന്നതാണ് ഇതിന്റെ ഒരു പരിണിതഫലം. ഓർമ്മ, യുക്തിബോധം, അമൂർത്തചിന്ത തുടങ്ങിയ സുപ്രധാന മസ്തിഷ്കധർമ്മങ്ങൾ യന്ത്രങ്ങളെ ഏൽപിക്കുക യാണ് മനുഷ്യൻ. ഇത് മനുഷ്യ പുരോഗതിയുടെ നാഴികക്കല്ലാണെന്നും ഭാവിയുടെ പ്രത്യാശ നിറഞ്ഞ പൂമൊട്ടുകളാണെന്നും വാദിക്കുന്നവരുണ്ട്. പൂർണ്ണമായ വിധി കല്പിക്കാൻ ഏതായാലും സമയമായിട്ടില്ല.

എ. ഡി. പതിമൂന്നാം നൂറ്റാണ്ടിലാണ് യൂറോപ്പിൽ സർവ്വകലാശാല കൾ പൊതുവെ ആരംഭിക്കുന്നത്. അന്നുമുതൽ വികസിച്ചു വന്ന പശ്ചിമ യൂറോപ്യൻ ചിന്തയുടെ പ്രധാനപ്പെട്ട ആധാരങ്ങളിലൊന്ന് എഴുതപ്പെട്ട വാക്കായിരുന്നു. പാഠ (text) ത്തിന്റെ മനനവും വിശകലനവും വ്യാഖ്യാ നവുമായിരുന്നു വിദ്യാഭ്യാസത്തിന്റെ സുപ്രധാനഭാഗം. ഗ്രീക്കു ചിന്തകന്മാ രുടെ കൃതികളും വേദപുസ്തകവുമെല്ലാം 'പാഠ'ങ്ങളായിരുന്നു. ഏതു പഠ നത്തിനും 'രേഖ' ആവശ്യമായി. പാഠങ്ങളും രേഖകളും സൂക്ഷിക്കുന്ന ഗ്രന്ഥശേഖരങ്ങൾ സമൂഹത്തിന്റെ ഓർമ്മശക്തിയായി. ഇങ്ങനെ സമാ ഹരിക്കപ്പെട്ട അറിവിന്റെ ശേഖരത്തിന്മേലാണ് പുതിയ പുതിയ അറിവു കൾ പടുത്തുയർത്തിയത്. ഈ പാരമ്പര്യത്തിന്റെ പുതിയ സങ്കീർണ്ണമായ

രൂപമായിരിക്കാം കമ്പ്യൂട്ടർ? ഏതായാലും ഒരു കാര്യം വ്യക്തമാണ്. 'കാണാപ്പാഠം' പഠിക്കാനും ഓർത്തിരിക്കാനുമുള്ള കഴിവ് ഓരോ വ്യക്തിയിലും സാരമായി കുറഞ്ഞിട്ടുണ്ട്. മസ്തിഷ്ക ധർമ്മങ്ങളെ ബാഹ്യവൽക്കരിച്ച് യന്ത്രങ്ങളിലാക്കിയതുകൊണ്ട് വ്യക്തികളുടെ മസ്തിഷ്കം അലസമാകുന്നു. അതുകൊണ്ട് പുതിയ വിദ്യാഭ്യാസ ചിന്തകന്മാർ കുട്ടികളെ കാണാപ്പാഠം പഠിക്കാനും ഉറക്കെച്ചൊല്ലാനും ചൊല്ലിക്കേൾക്കാനും ഉപദേശിക്കുന്നു. അതിപുരാതനമായ, പരമ്പരാഗതമായ വിദ്യാഭ്യാസ രീതികളിലേക്ക് ആധുനിക മനുഷ്യൻ മടങ്ങുന്നുവെന്ന് സാരം.

ഭാരതത്തിൽ വേദങ്ങളെല്ലാം 'ശ്രുതി'യാണ്. ഗുരുമുഖത്തു നിന്ന് കേട്ടു പഠിക്കയാണ് വിദ്യാഭ്യാസത്തിന്റെ തുടക്കം. എഴുതപ്പെട്ട പാഠത്തിന്റെ മനനവും വ്യാഖ്യാനവും ഇന്ത്യയിലും സുപ്രധാനമായിരുന്നെങ്കിലും കേൾവിയും ഓർമ്മയും വിദ്യാഭ്യാസത്തിൽ അടിസ്ഥാനപരമായിരുന്നു.

ക്രൈസ്തവ പാരമ്പര്യത്തിലും കേൾവിയുടെ സ്ഥാനം മൗലികമാണ്. കേട്ട വചന (ശ്രുതി) മായിരുന്നു വേദം. പിന്നീടാണ് അത് വേദപുസ്തകമായത്. വചനത്തിന്റെ പ്രസംഗം അഥവാ പ്രഖ്യാപനം ആദ്യമുണ്ടായി. സുവിശേഷകന്മാർ ക്രിസ്തുവിനെ പ്രസംഗിക്കയായിരുന്നു. വചനം കേട്ടവർ വിശ്വസിച്ചു. നൂറ്റാണ്ടുകളോളം സുവിശേഷത്തിന്റെ പാരമ്പര്യം പടർന്നത് വചനത്തിന്റെ പ്രഖ്യാപനവും, കേൾവിയും, അനുഭവവും മൂലമാണ്. ആരാധനയിൽ സുവിശേഷം രഹസ്യമായി വായിക്കുകയല്ല, പരസ്യമായി പ്രഘോഷിക്കപ്പെടുകയാണ് 16-ാം നൂറ്റാണ്ടിൽ മാർട്ടിൻ ലൂഥർ വചനത്തിന്റെ പ്രസംഗത്തിന് പ്രമുഖസ്ഥാനം കൊടുത്തതിന്റെ പിറകിൽ ഈ ചിന്തയുമുണ്ടായിരുന്നിരിക്കാം. പ്രസംഗകൻ എഴുതപ്പെട്ട വചനത്തെ ഉണർത്തി ശ്രുതിയാക്കുന്നു. പിന്നീട് 'പ്രസംഗ'ത്തിനുണ്ടായ പതനം പ്രസംഗവും പ്രവൃത്തിയും തമ്മിലുള്ള അകൽച്ച കൊണ്ടാണെന്ന് വ്യക്തമാണ്. 1436-ൽ ഗുട്ടൻബർഗ് അച്ചടിയന്ത്രം കണ്ടുപിടിച്ചതോടെ കേൾവിയിൽ നിന്ന് എഴുതപ്പെട്ട പാഠത്തിലേക്ക് കൂടുതൽ ഊന്നൽ വന്നു. വേദപുസ്തകം പണ്ഡിതന്മാർ ഒറ്റയ്ക്ക് മുറിയിലിരുന്നു വായിച്ച് പഠിച്ച് വ്യാഖ്യാനിക്കാൻ തുടങ്ങി. ഈ പാരമ്പര്യത്തിന്റെ തുടർച്ചയാണ് ഇന്ന് ജർമ്മനിയിലും മറ്റു പാശ്ചാത്യ സർവ്വകലാശാലകളിലും നടക്കുന്ന വേദപുസ്തക പഠനം. വേദം വെറും പാഠമായി മാറി. സുവിശേഷം വെറും മസ്തിഷ്ക വ്യായാമമായി തരം താണു. വചനത്തിന്റെ കേൾവിയിൽ നിന്ന് സമൂഹത്തെ അകറ്റി. ഇപ്പോൾ ഇവിടെയും ഒരു തിരിച്ചു പോക്കിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയിട്ടുണ്ട്. എഴുതപ്പെട്ട വചനത്തിൽ നിന്നു കേട്ട വചനത്തിലേക്ക് തിരിച്ചുപോകാൻ ചില വേദപുസ്തക പണ്ഡിതന്മാർ ആഹ്വാനം ചെയ്യുന്നു. വ്യക്തിപരമായ വെറും പഠനത്തിൽ നിന്ന് സമൂഹത്തിന്റെ അനുഭവത്തിലേക്കുള്ള മടക്കമാണിത്. സുവിശേഷത്തിന്റെ കേൾവിയും ഓർ

മ്മയും പ്രയോഗവും കമ്പ്യൂട്ടറിനെ ഏൽപ്പിക്കുക വയ്യ. അങ്ങിനെ ഏൽപി ക്കാൻ ശ്രമിച്ച സംസ്കാരമാണ് മനുഷ്യനെ നിർമ്മാർജ്ജനം ചെയ്യാൻ ന്യൂട്രോൺ ബോംബും ന്യൂക്ലിയർ മിസൈലുകളും സൃഷ്ടിച്ചത്. അറിവ് വ്യക്തിയുടെയും സമൂഹത്തിന്റെ അന്തർജ്യോതിയായി, ഉള്ളു തെളിച്ചെ ങ്കിലേ പ്രയോജനമുള്ളല്ലോ. അറിവിനെ ബാഹ്യവൽക്കരിച്ച് യന്ത്രത്തിനു ള്ളിലാക്കിയപ്പോൾ മനുഷ്യന്റെയും അവന്റെ സമൂഹത്തിന്റെയും ഉള്ളിൽ ഇരുട്ട് അനുഭവപ്പെട്ടു തുടങ്ങി. ഒരു തിരിച്ചുപോക്ക് മനുഷ്യന്റെ നില നില്പിനെ സംബന്ധിച്ചിടത്തോളം അനിവാര്യമായിരിക്കാം.

# ബഹിരാകാശത്തിൽ ഒരു ജനനം

അമേരിക്കൻ ബാഹ്യാകാശ സഞ്ചാരികളായ മക്കാൻഡ് ലസ്സും, സ്റ്റ്യുവർട്ടും സ്വതന്ത്രമായി ശൂന്യാകാശത്തിൽ പറന്നു നടന്നത് ബഹിരാകാശ ഗവേഷണത്തിലെ നിർണ്ണായക സംഭവമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ബന്ധനങ്ങളിൽ നിന്ന് വിമുക്തമായി ആകാശശൂന്യതയിൽ വിഹരിക്കാനുള്ള മനുഷ്യന്റെ ചിരപുരാതനമായ മോഹം ഒരു വിധത്തിൽ സാഫല്യമടയുകയായിരുന്നു. ഈ പറക്കലിന്റെ നിർണ്ണായക സവിശേഷതയായി പാശ്ചാത്യ വാർത്താ മാധ്യമങ്ങളെല്ലാം എടുത്തു പറഞ്ഞ ഒരു പ്രത്യേകതയുണ്ട്. ഇതുവരെ ശൂന്യാകാശത്തിൽ ഇറങ്ങിയവരെല്ലാം തങ്ങളെ വഹിച്ചിരുന്ന ആകാശനൗകയുമായി ഏതെങ്കിലും തരത്തിൽ ബന്ധിക്കപ്പെട്ടിരുന്നു. ഇപ്പോൾ ആദ്യമായി രണ്ടുപേർ മാതൃവാഹനവുമായി ബന്ധിക്കുന്ന 'ചരടു' മുറിച്ച് സ്വതന്ത്രമായി ശൂന്യസ്ഥലത്തിറങ്ങി 'നടന്നു.'

അമേരിക്കയും റഷ്യയും ഇതുവരെ നേടിയ ബഹിരാകാശ നേട്ടങ്ങൾ വച്ചു നോക്കുമ്പോൾ ഇതു ഒരു സ്വാഭാവിക പുരോഗതി മാത്രമാണ്. 'ചരടു മുറിച്ചതിനു' ഇത്രയധികം പ്രാധാന്യം കൊടുക്കേണ്ടതുണ്ടോ? ഈ സംഭവത്തിന്റെ ശാസ്ത്രീയ പ്രാധാന്യത്തിനപ്പുറത്ത്, ചരടു മുറിച്ച വിവരം റിപ്പോർട്ടു ചെയ്തവരുടെയെല്ലാം മനസ്സിൽ അറിഞ്ഞോ അറിയാതെയോ മറ്റൊരു ചിത്രം പതിഞ്ഞു കിടക്കുന്നതു നമുക്കു വ്യക്തമാണ്. അമ്മയുടെ ഗർഭപാത്രത്തിൽ, കുഞ്ഞിനെ അമ്മയുമായി ബന്ധിപ്പിക്കുന്ന പൊക്കിൾത്തണ്ട് മുറിച്ച്, കുഞ്ഞ് സ്വതന്ത്രമായി ബാഹ്യലോകത്തിലേക്ക് പ്രവേശിക്കുന്ന ചിത്രമാണത്. മാതൃവാഹനമായ ആകാശനൗകയുടെ ഗർഭഗൃഹത്തിൽ നിന്ന് ചരടു മുറിച്ച് പുറത്തുവന്ന ബഹിരാകാശ സഞ്ചാരി നവജാതനായ ശിശുവിനെയാണ് അനുസ്മരിപ്പിക്കുന്നത്. ശിശുവിന്റെ ജനനത്തിലുള്ള അദ്ഭുതം കലർന്ന സന്തോഷമായിരിക്കാം വാർത്താമാധ്യമങ്ങൾ പ്രകടിപ്പിച്ചത്. ഇവിടെയും ഒരു ജനനമാണ് നടന്നത്.

ശിശുവിന് ലഭിക്കുന്നത് അതുല്യമായ സ്വാതന്ത്ര്യമാണ്. പൊക്കിൾതണ്ട് മുറിയുന്നതു വരെ അമ്മയും കുഞ്ഞും ഒരു ശരീരവും ഒരു വ്യക്തിത്വവുമായിരുന്നു. ഇപ്പോൾ ശിശുവിനു സ്വാതന്ത്ര്യമുണ്ട്, സ്വന്തമായ വ്യക്തിത്വമുണ്ട്. ജനിച്ചു വീണ ശിശുവിന് ബാഹ്യലോകം എങ്ങിനെയോ അങ്ങിനെയാണ് ബാഹ്യാകാശ സഞ്ചാരിക്ക് ശൂന്യാകാശം. കുഞ്ഞ് അമ്മയിൽ

നിന്ന് പെട്ടെന്ന് ദൂരെയൊന്നും പോകുന്നില്ല. അമ്മയുടെ മാറിലേക്ക് തന്നെ മടങ്ങാനാണ് അതിന്റെ പ്രവണത. പുതിയ ലോകത്തിന്റെ ശബ്ദവും വെളിച്ചവും കുഞ്ഞിനെ അമ്പരപ്പിക്കുന്നു. അതിന്റെ മനസ്സിൽ ആഴമായ പ്രതികരണങ്ങളുണ്ടാകുന്നു. പൊക്കിൾതണ്ട് മുറിയുന്ന നിമിഷം എല്ലാ മനുഷ്യരുടെയും അബോധമനസ്സിൽ അതിശക്തവും സങ്കീർണ്ണവുമായ ഒരു വൈകാരികാനുഭവമായി മറഞ്ഞു കിടക്കുന്നു. തീവ്രമായ വികാര വിക്ഷോഭമാണ് അതുളവാക്കുന്നത്. പൊക്കിൾതണ്ട് മുറിയുന്നത് കുഞ്ഞിന് വേദനാജനകമാണ്, കാരണം അതു വേർപാടാണ്. പുതിയ ലോകം നൽകുന്ന സ്വാതന്ത്ര്യത്തിന്റെ സന്തോഷം തൽക്കാലത്തേക്ക് വേർപാടിന്റെ വേദനയെ മറയ്ക്കുന്നു. എങ്കിലും പിന്നീട് ജീവിതത്തിലെ വേദനാനിർഭരമായ നിമിഷങ്ങളിലെല്ലാം കുഞ്ഞ് 'അമ്മേ അമ്മേ' എന്നു നിലവിളിക്കുന്നു. വേർപാടിന്റെ വേദനയാണത്, തിരിച്ചുപോകാനുള്ള ഉൽക്കടമായ ആഗ്രഹമാണാ വിളി. മരിക്കുന്നതു വരെ എല്ലാ മനുഷ്യരും അമ്മയെ വിളിക്കുന്നു. ശിഥിലമായ ബന്ധത്തിന്റെ ദീനമായ നിലവിളി. നഷ്ടീഭവിച്ച ഐക്യത്തിലേക്ക് മടങ്ങാനുള്ള ഉൾവിളി.

വാഹനത്തിൽ നിന്ന് സ്വതന്ത്രമായി പുറത്തിറങ്ങുന്ന ശൂന്യാകാശ സഞ്ചാരിക്ക് നേരിടേണ്ട പ്രധാന വൈഷമ്യങ്ങളിലൊന്ന് സൂര്യന്റെ തീവ്രമായ പ്രകാശമാണ്. അക്ഷരാർത്ഥത്തിൽ കണ്ണഞ്ചിപ്പിക്കുന്ന ധവളപ്രഭ. അന്തരീക്ഷത്തിന്റെ 'അരിപ്പ'യൊന്നുമില്ലാതെ നേരിട്ടു പതിയുന്ന കിരണങ്ങൾ അതിദുഃസഹമാണ്. പ്രകാശ സമുദ്രത്തിൽ സഞ്ചാരിക്ക് 'ദിഗ്ബോധം' നഷ്ടപ്പെടുന്നു. മണിക്കൂറിൽ 28000 കി. മി. വേഗതയിൽ ഭൂമിയ്ക്ക് ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്ന മാതൃവാഹനത്തിലേക്ക് തിരിച്ചെത്തണമെങ്കിൽ ദിഗ്ബോധം ആവശ്യമാണ്. ഇവിടെ ഭൂമിയിൽ സൂര്യൻ ദിക്കുകൾ നിർണ്ണയിക്കാൻ നമ്മെ സഹായിക്കുന്നെങ്കിൽ, അവിടെ ശൂന്യാകാശത്തിൽ സൂര്യൻ ദിഗ്ഭ്രമം സൃഷ്ടിക്കുന്നു. വെളിച്ചം മാത്രമല്ല ചൂടും അസഹനീയമാണ്. ചൂടിന്റെ കാഠിന്യം കുറയ്ക്കാൻ സഞ്ചാരിയുടെ ഉടുപ്പും കസേരയുമെല്ലാം സ്വർണ്ണം പൂശുന്നു. സൂര്യൻ മറഞ്ഞാൽ ഈ ചൂടും വെളിച്ചവും, അതിശീതവും കൊടിയ അന്ധകാരവുമായി മാറുന്നു. ദിഗ്ഭ്രമത്തിൽ നിന്ന് രക്ഷപെടാൻ വാഹനത്തിൽനിന്ന് പുറത്തിറങ്ങുന്ന സഞ്ചാരിയ്ക്കു കൊടുക്കുന്ന നിർദ്ദേശം സൂര്യനെ അവഗണിക്കാനാണ്. ശൂന്യകാശ പേടകത്തെ 'ഭൂമി'യായിക്കാണാനും യഥാർത്ഥ ഭൂമിയെ സൂര്യനായിക്കാണാനുമാണ് അയാൾ പരിശീലനം നേടുന്നത്. ചുരുക്കത്തിൽ 'ചരടു മുറിച്ച്' ശൂന്യാകാശത്തിൽ ഇറങ്ങുക എന്നു പറഞ്ഞാൽ ജീവിതരീതിയുടെ സമ്പൂർണ്ണമായ വ്യതിയാനമാണ് സംഭവിക്കുന്നത്. ഭൂമിയിൽ സഞ്ചരിക്കുന്നതു പോലെയോ പേടകത്തിനുള്ളിൽ ജീവിക്കുന്നതു പോലെയോ അല്ലല്ലോ അതിരുകളില്ലാത്ത ആകാശപ്പരപ്പിൽ. തികച്ചും പുതിയ ഒരു

ജീവിത വിന്യസനം. ഗർഭസ്ഥ ശിശുവിന്റെ ദിഗ്ബോധവും ജീവിതശൈലി യുമല്ലല്ലൊ പൊക്കിൾ തണ്ടു മുറിച്ച് പുറത്തെ ലോകത്തിൽ വന്ന ശിശു വിനുള്ളത്. എങ്കിലും, പുറത്തു വന്ന ശിശുവിന് ദിഗ് സൂചന നൽകു ന്നത് അമ്മയുടെ സാമീപ്യമാണ്. അമ്മയുടെ ശരീരത്തെ ചുറ്റിപ്പറ്റിയാണ് ശിശുവിന്റെ ജീവിത വിന്യസനം ആരംഭിക്കുന്നത്. ഈ വിന്യസനത്തെ പരിശോധിച്ച് ഉറപ്പുവരുത്താനെന്നോണം ശിശു ഇടയ്ക്കിടെ അമ്മയുടെ മാറിലേക്കു മടങ്ങുന്നു. ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും നേട്ടത്തിന്റെ ഉച്ചകോടിയിൽ ശൂന്യാകാശ സഞ്ചാരി ഒരു ശിശുവിനെ പ്പോലെ പെരുമാറുന്നു. മാതൃപേടകത്തിൽ നിന്ന് വളരെ അകലെയൊന്നും പോകാതെ അതിനെ ചുറ്റിപ്പറ്റി നിന്നുകൊണ്ട് ശൂന്യതയിൽ പര്യവേഷണം നടത്താൻ ശ്രമിക്കുകയാണ്. ശ്രമത്തിന്റെ അവസാനം മാതൃവക്ഷസ്സിലേക്ക് മടങ്ങുകയും ചെയ്യുന്നു. ഇവിടെ ഒരു ജനനത്തിന്റെ ചിത്രം പൂർണ്ണമാ കുന്നു.

ആകാശയാത്രയിൽ മനുഷ്യന് ഒന്നിലധികം ജനനങ്ങളുടെ അനുഭവ മുണ്ടായിട്ടുണ്ട്. അമ്മയായ ഭൂമിയിൽനിന്ന് വേർപെട്ട് ഉയരുകയെന്നത് ചിര ന്തന സ്വപ്നമാണല്ലൊ. ആദ്യം വിമാനത്തിൽ മാതൃഭൂമിയെ വിട്ടുയർന്ന പ്പോൾ മനുഷ്യനിൽ ജനനത്തിന്റെ ആഹ്ലാദം തുടികൊട്ടി. പിന്നെ ഭൂമി യുടെ ഗുരുത്വാകർഷണ ശക്തിയെ ഭേദിച്ച്, അന്തരീക്ഷ വലയത്തിന് പുറത്തു കടന്നപ്പോൾ വീണ്ടുമൊരു ജനനം. ഇപ്പോളിതാ ശൂന്യാകാശ പേടകത്തിന് പുറത്ത് സ്വതന്ത്രമായി വിഹരിച്ചപ്പോൾ പുതിയൊരു ജനന ത്തിന്റെ മുഹൂർത്തം. 'വീണ്ടും ജനന'മെല്ലാം മനുഷ്യനെ സന്തോഷിപ്പി ക്കുന്നു. ഭൗതികമായി ഇനിയും നിരവധി പുനർജന്മങ്ങളുണ്ടാകാം. പക്ഷേ, ഓരൊ ജനനത്തിനു ശേഷവും നവജാതർ അമ്മയായ ഭൂമിയിലേക്കു മട ങ്ങുന്നു. ഭൂമിയിലെ പൊടിയിലേക്കു മടങ്ങുന്ന സാഹസികരായ ഈ നവ ജാതരെയെല്ലാം നാം മർത്യരെന്നു വിളിക്കുന്നു. ജനനം മരണത്തിന് നാന്ദി കുറിക്കുന്നു.

ഭാരതീയ ചിന്തയിൽ പുനർജന്മം പ്രായേണ ശാപമാണ്, അനുഗ്രഹ മല്ല. കാരണം, ജനിമൃതികളുടെ വിഷമ വൃത്തത്തിലേക്കാണ് പുനർജന്മം മനുഷ്യനെ എറിയുന്നത്. മരണത്തിലേക്കു മടങ്ങാത്ത ജനനം, രണ്ടാം ജനനം ഈ വിഷമവൃത്തത്തെ തകർക്കുന്നു, മോക്ഷത്തിന്റെ പടിവാതിൽ തുറക്കുന്നു.

നിക്കോദിമോസ് ഇരുണ്ട രാത്രിയുടെ ഉദരത്തിൽ നിന്ന്, പൊക്കിൾ തണ്ടിൽ കുരുങ്ങിക്കിടന്ന് യേശുവിനോടു ചോദിച്ചു: 'ഗുരോ നിത്യജീവനെ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യണം?' യേശു പറഞ്ഞു: 'മുക ളിൽ നിന്ന് ജനിക്കണം, ആത്മാവിന്റെ ഉറവിടത്തിൽ നിന്ന് വീണ്ടും ജനി

ക്കണം, ശരീരത്തിൽ നിന്ന് ജനിച്ചത് ശരീരവും ആത്മാവിൽ നിന്ന് ജനിച്ചത് ആത്മാവുമാകുന്നു.' നിക്കോദിമോസ് കേട്ടു. യേശു അവന്റെ പൊക്കിൾകൊടി മുറിച്ചു. നിക്കോദിമോസ് പിന്നെ ഇരുട്ടിന്റെ ഉദരത്തിലേക്കു മടങ്ങിയില്ല. മടക്കമില്ലാത്ത പുറപ്പാടിനായി അവൻ ഒരുങ്ങി.

# ക്രിസ്തുവർഷവും ക്രിസ്തീയ വിശ്വാസവും

എ. ഡി. 1984. അന്നോ ഡൊമിനി (Anno Domini) 'കർത്താവിന്റെ വർഷ'മാണ്. റോമാ സാമ്രാജ്യം ഔദ്യോഗികമായി ക്രിസ്തുമതം സ്വീകരിച്ചതിനു ശേഷമാണ്, കാലഗണനയ്ക്ക് അവർ 'കർത്താവിന്റെ വർഷം' ഉപയോഗിച്ചു തുടങ്ങിയത്. പിന്നീട് യൂറോപ്പിലുണ്ടായ ക്രിസ്തീയ രാഷ്ട്രങ്ങളെല്ലാം സ്വാഭാവികമായും ഇത് സ്വീകരിച്ചു. ക്രിസ്തുമത വിശ്വാസികളായിരുന്ന ഭരണാധിപന്മാർ ചരിത്രപുരുഷനായ യേശുക്രിസ്തുവിന്റെ ജനനത്തെ അടിസ്ഥാനമാക്കിയ കാലഗണനാ സമ്പ്രദായത്തെ അംഗീകരിച്ചു.

പക്ഷേ, 16-ാം നൂറ്റാണ്ടു മുതൽ ആരംഭിച്ച യൂറോപ്യൻ രാഷ്ട്രങ്ങളുടെ കൊളോണിയൽ വികസനത്തോടു കൂടിയാണ് മറ്റു ഭൂഖണ്ഡങ്ങളിൽ, ഈ കാലഗണന വ്യാപകമായിത്തീർന്നത്. ഇൻഡ്യാ, ചൈന തുടങ്ങിയ പുരാതന സംസ്ക്കാരങ്ങളിലെല്ലാം നിരവധി കാലഗണനാ സമ്പ്രദായങ്ങൾ നിലനിന്നിരുന്നു. അക്രൈസ്തവ ഭൂരിപക്ഷം വസിച്ചിരുന്ന ഏഷ്യയിലും ആഫ്രിക്കയിലും മറ്റും വ്യാപകമായി ക്രിസ്തുവർഷം സ്വീകരിക്കാനുള്ള പ്രധാന കാരണം യൂറോപ്യൻ രാഷ്ട്രങ്ങളുടെ ആഗോളസ്വാധീനവും അധീശത്വവുമായിരുന്നു. റോമാ സാമ്രാജ്യത്തിനു പുറത്തുണ്ടായിരുന്ന ക്രിസ്തീയ സഭകളെല്ലാം അതാതു ദേശത്തുണ്ടായിരുന്ന കാലഗണനയാണ് അനുദിന കാര്യങ്ങൾക്ക് സ്വീകരിച്ചു വന്നത്. സഭയുടെ പെരുന്നാളുകളും മറ്റും നിർണ്ണയിക്കുന്നതിന് സഭയ്ക്കുള്ളിൽ 'മിശിഹാ കാലം' ഉപയോഗിക്കുമായിരുന്നു. പുരാതനമായ ക്രിസ്തീയ സഭ നിലനിന്നിരുന്ന കേരളത്തിലും അടുത്തകാലം വരെ സാധാരണജനങ്ങൾ കൊല്ലവർഷമാണ് ഉപയോഗിച്ചു വന്നത്. കൊളോണിയൽ ശക്തികളുടെ സ്വാധീനം മൂലം ആഗോളതലത്തിലും, സർക്കാർ തലത്തിലും 'മിശിഹാകാലം' ഉപയോഗിച്ചു തുടങ്ങിയപ്പോൾ സാധാരണജനങ്ങളും അത് സ്വീകരിച്ചു. ഇപ്പോൾ ലോകത്തിലെവിടെയും ക്രിസ്തുവർഷമാണ് പ്രായോഗികമായി ഉപയോഗിക്കപ്പെടുന്നത്.

എന്നാൽ ഇതിനൊരു മറുവശമുണ്ട്. അമേരിക്കയിലും യൂറോപ്പിലുമുള്ള ക്രിസ്ത്യാനികൾ യേശുക്രിസ്തുവിന്റെ സുവിശേഷത്തെ അവരുടെ

സംസ്കാരത്തിന്റെ കുത്തകയാക്കാൻ ശ്രമിച്ചു. ഈ ശ്രമത്തിനു നിരവധി മുഖങ്ങളുണ്ട്. അതിലൊന്നാണ് ചരിത്രത്തെ പാശ്ചാത്യമായ കാഴ്ചപ്പാടിൽ മാത്രം വ്യാഖ്യാനിക്കുവാനുള്ള ശ്രമം. കൊളംബസ് അമേരിക്ക 'കണ്ടുപിടിച്ചു'വെന്ന് യൂറോപ്യന്മാർ ചരിത്രമെഴുതുമ്പോൾ, കൊളംബസിന് എത്രയോ ദശനൂറ്റാണ്ടുകൾ മുൻപ് അമേരിക്കയിൽ ജീവിച്ചു തുടങ്ങിയ അമേരിക്കൻ ആദിവാസികളായ റെഡ് ഇൻഡ്യാക്കാർ പരിഹാസപൂർവ്വം ചിരിക്കുകയും ചിലപ്പോൾ കോപാക്രാന്തരാകുകയും ചെയ്യുന്നു. ഏതാണ്ടിതുപോലെയാണ്, എല്ലാ സംസ്കാരങ്ങളിലും ആദി മുതൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന യേശുക്രിസ്തുവിനെ ലോകരക്ഷകനായി വിനയപൂർവ്വം സ്വീകരിക്കുന്നതിനു പകരം, ക്രിസ്തുവിനെ സ്വന്തം സംസ്കാരത്തിന്റെ കുത്തകയായി, സ്വന്തം ചരിത്രവീക്ഷണം മറ്റുള്ളവരുടെ മേൽ അടിച്ചേല്പിക്കുവാൻ പാശ്ചാത്യ ശക്തികൾ ചെയ്യുന്ന ശ്രമം.

ക്രിസ്തു, ചരിത്രത്തിന്റെ മദ്ധ്യത്തിൽ നിലകൊള്ളുന്നു. അവൻ ചരിത്രത്തെ B. C യെന്നും A. D യെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. അതുകൊണ്ട് അവൻ ലോകചരിത്രത്തിന്റെ കർത്താവാകുന്നു. അതുകൊണ്ട് ക്രിസ്തു സർവ്വലോകത്തിന്റെയും രക്ഷകനാകുന്നു. ഇങ്ങനെയാണ് പൊതുവെ പാശ്ചാത്യ ക്രിസ്തീയ ചരിത്ര വീക്ഷണം ക്രിസ്തുവിനെ അവതരിപ്പിക്കുന്നത്. ഇത് ക്രിസ്തീയ ദൈവശാസ്ത്രത്തിനും ശാസ്ത്രീയ വീക്ഷണത്തിനും ഒട്ടും നിരക്കാത്ത ഒരു പ്രസ്താവനയാണ്. അക്രൈസ്തവ സഹോദരങ്ങളിൽ കഠിനമായ പ്രതികരണം ഉളവാക്കുന്ന പ്രസ്താവനയാണ്. 'ക്രിസ്തു വർഷം' ഏതെല്ലാം രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ കാരണങ്ങളാലാണ് ലോകത്തിൽ വ്യാപകമായതെന്ന് വിശദമായി ചിന്തിക്കുമ്പോൾ, അതിൽ ക്രിസ്ത്യാനികൾക്ക് വലിയ അഭിമാനത്തിന് വകയൊന്നുമില്ലെന്ന് വ്യക്തമാകും. രാഷ്ട്രീയ അടിമത്തം, സാമ്പത്തിക ചൂഷണം, സാംസ്കാരിക വിധേയത്വം എന്നിവയ്ക്കെല്ലാം ലോകത്തിലെ നല്ലൊരു പങ്ക് ജനങ്ങളെ വിധേയരാക്കിയിട്ടാണ് യൂറോപ്യൻ രാഷ്ട്രങ്ങൾ 'ക്രിസ്തുവർഷം' പരത്തിയത്. ക്രിസ്തുവർഷത്തിലൂടെയാണ് ക്രിസ്തു അവരുടെ നോട്ടത്തിൽ ചരിത്രത്തിന്റെ നടുനായകത്വം വഹിക്കുന്നതും ലോകരക്ഷകനായിത്തീർന്നതും. ഇവിടെ പാശ്ചാത്യ ശക്തികളുടെ ചരിത്രപരമായ അഹന്തയ്ക്കും ധാർഷ്ട്യത്തിനും ഉപകരണമായി യേശുക്രിസ്തുവിനെ തരംതാഴ്ത്തുകയാണ്. യൂറോപ്പിൽ ഒരു സംസ്കാരമുണ്ടാകുന്നതിനു മുൻപ്, സർവ്വ സംസ്കാരങ്ങൾക്കും മുൻപായി, പ്രപഞ്ച ചരിത്രത്തിന്റെ ആദിനിമിഷങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന, ചരിത്രത്തിന്റെ ഉൽഘാടകനും ലക്ഷ്യവുമായ വചനമായ ദൈവമായ ക്രിസ്തുവിനെ കാണാൻ ഈ അഹന്തയ്ക്കു കഴിയാതെ പോകുന്നു.

'മിശിഹാ കാലത്തിന്' തിരിച്ചടികൾ ആരംഭിച്ചു തുടങ്ങിയിട്ടുണ്ട്. ഈ

തിരിച്ചടികൾ ഉണ്ടാകുന്നതിനു പല കാരണങ്ങൾ ഉണ്ടെങ്കിലും അതിൽ കുറെ ഉത്തരവാദിത്തം ക്രിസ്ത്യാനികളുടെ പ്രത്യേകിച്ചും പാശ്ചാത്യ ക്രൈസ്തവ ശക്തികളുടെ ചരിത്രപരമായ അഹന്തയ്ക്കാണെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. മുസ്ലീം രാഷ്ട്രങ്ങളിൽ, അവരുടെ സാമ്പത്തിക ശക്തി ഏറുന്നതനുസരിച്ച് ക്രിസ്തുവർഷം പിൻതള്ളപ്പെട്ടുകൊണ്ടിരിക്കയാണ്. ഇൻഡ്യയിൽ ആർ. എസ്. എസ്. പോലെയുള്ള വർഗ്ഗീയ ശക്തികൾ ഇനിയും കൂടുതൽ കൂടുതൽ ശക്തി പ്രാപിക്കാനാണിടയുള്ളത്. ഈ രീതിയിൽ പോയാൽ എ. ഡി. രണ്ടായിരമാവുമ്പോഴേക്ക് ഇൻഡ്യയിൽ നിന്ന് 'അന്നോ ഡൊമിനി' അപ്രത്യക്ഷമാകും. പകരം മറ്റേതെങ്കിലുമൊരു കാലഗണനയായിരിക്കും ഉപയോഗത്തിൽ വരുക.

ഇങ്ങനെയുള്ള പരിണാമങ്ങളെ ഭയപ്പെടുന്ന ക്രിസ്ത്യാനികൾ വളരെയുണ്ട്. കാരണം തങ്ങളുടെ വിശ്വാസത്തെ ചില പ്രത്യേക സാംസ്കാരിക ധാരണകളിലും ചിന്താശൈലികളിലും അവർ ഭദ്രമാക്കി വച്ചിരിക്കയാണ്. സാംസ്കാരികവും ചിന്താപരവുമായ ഇത്തരം കൂടുകൾ പൊളിഞ്ഞു പോകുമ്പോൾ അവരുടെ വിശ്വാസത്തിന്റെ ഭദ്രതയും നഷ്ടപ്പെടുന്നു. സകലത്തിന്റെയും കാരണഭൂതനായ ദൈവത്തിലും തന്റെ നിത്യപുത്രനായ യേശുക്രിസ്തുവിലുമുള്ള യഥാർത്ഥ വിശ്വാസം സകല ഭയത്തെയും നമ്മിൽ നിന്ന് ദൂരീകരിക്കുന്നു. സകല മനുഷ്യരോടും സ്നേഹവും ബഹുമാനവും ആചരിക്കാൻ അത് നമ്മെ സഹായിക്കുന്നു. സംസ്കാരങ്ങൾ മാറിമറിഞ്ഞാലും ചിന്താരീതികൾ വ്യത്യാസപ്പെട്ടാലും നിത്യനായ ദൈവത്തിനും തന്റെ സ്നേഹത്തിനും മാറ്റമില്ല.

# ആരാണ് വിശുദ്ധർ

പ്രസിദ്ധ റഷ്യൻ സാഹിത്യകാരനായിരുന്ന ദസ്തയേവ്സ്ക്കിയുടെ 'കാരമസോവ് സഹോദരന്മാർ' അപൂർവ്വമായ ഉൾക്കാഴ്ചയും ആത്മിക ഭാവവുമുള്ള നോവലാണ്. അതിലെ ഫാദർ സോസിമ എന്ന സന്യാസി ശ്രേഷ്ഠൻ ആഴമേറിയ ആത്മികതയുടെയും മനുഷ്യസ്നേഹത്തിന്റെയും പ്രതീകമാണ്. അദ്ദേഹം മരിച്ചപ്പോൾ ശവശരീരത്തിൽ നിന്ന് സുഗന്ധം പുറപ്പെടുമെന്ന് ആളുകൾ പ്രതീക്ഷിക്കുന്നുണ്ട്. കാരണം വിശുദ്ധരായ മനുഷ്യർ മരിച്ചു കഴിഞ്ഞാൽ അവരുടെ മൃതശരീരങ്ങളിൽ നിന്ന് ദിവ്യപരിമളം പുറപ്പെടുമെന്നും അത് അവരുടെ വിശുദ്ധിയുടെ ഉരകല്ലാണെന്നും റഷ്യയിൽ പരമ്പരാഗതമായ വിശ്വാസമുണ്ടത്രേ. ഫാദർ സോസിമയുടെ ആത്മിക തേജസ്സിൽ അസൂയ പൂണ്ടിരുന്ന ദുർമുഖനായ മറ്റൊരു സന്യാസി അദ്ദേഹത്തെ തേജോവധം ചെയ്യാൻ തക്കംപാർത്തിരിക്കയായിരുന്നു. സോസിമയുടെ മൃതദേഹം വച്ചിരുന്ന മുറിയിൽ നിന്ന് മൂക്കു പൊത്തിക്കൊണ്ട്, ദുർഗന്ധമെന്ന് വിളിച്ചുപറഞ്ഞ് എടുത്തു ചാടി, ആളിളക്കി ബഹളമുണ്ടാക്കുന്ന ഈ സന്യാസിയെ ദസ്തയേവ്സ്ക്കി ഭംഗിയായി ചിത്രീകരിച്ചിട്ടുണ്ട്. വിശുദ്ധിയ്ക്ക് വ്യക്തവും പ്രകടവുമായ അടയാളം തേടാനുള്ള ശ്രമം ക്രിസ്തീയ സഭയിൽ പലപ്പോഴും നടന്നിട്ടുണ്ട്. ബാഹ്യമായ ചില അദ്ഭുത ലക്ഷണങ്ങൾ വച്ച് അളക്കുന്നതിലാണ് ജനങ്ങൾക്ക് താൽപര്യം.

ആരാണ് വിശുദ്ധർ? നിർവ്വചിക്കുക അത്ര എളുപ്പമല്ല. വ്യക്തികളെ വിശുദ്ധന്മാരും ശുദ്ധിമതികളുമായി പ്രഖ്യാപിക്കാൻ പൗരസ്ത്യ സഭകൾ പൊതുവെ വിമുഖത കാട്ടുന്നു. കാരണങ്ങൾ പലതുണ്ട്. ഒന്നാമതായി നമ്മുടെ ലോകത്തിൽ മറ്റെല്ലാംപോലെ തന്നെ വിശുദ്ധിയും ആപേക്ഷികമാണ്. ഒരാളെ വിശുദ്ധനെന്ന് പ്രഖ്യാപിക്കണമെങ്കിൽ മറ്റൊരാളുമായോ മറ്റു പലതുമായോ താരതമ്യം ചെയ്യേണ്ടി വരുന്നു. ഈ താരതമ്യ ചിന്തയുടെ അടിസ്ഥാനം സുദൃഢമല്ല. കാലഭേദങ്ങൾക്കനുസരിച്ചും വ്യക്തികളെ അപേക്ഷിച്ചും താരതമ്യത്തിന്റെ അടിസ്ഥാനം മാറിക്കൊണ്ടിരിക്കും. കേവല വിശുദ്ധി ദൈവത്തിനു മാത്രമുള്ളതാണ്. പക്ഷേ, അത് അപരിമിതമാണ്. ആപേക്ഷികതയ്ക്കും താരതമ്യത്തിനും അതീതവുമാണ്. അതുകൊണ്ട് ദൈവത്തിന്റെ വിശുദ്ധിയുടെ അടിസ്ഥാനത്തിൽ ഒരു വ്യക്തിയെ വിശുദ്ധനെന്ന് നിർണ്ണയിക്കുക എളുപ്പമല്ല. മാത്രവുമല്ല ദൈവത്തിന്റെ

വിശുദ്ധി പൂർണ്ണമായി അറിഞ്ഞവർ ആരാണ്? ഒന്നിനെ മറ്റൊന്നുമായി താരതമ്യം ചെയ്യണമെങ്കിൽ രണ്ടും പൂർണ്ണമായി അറിഞ്ഞിരിക്കേണ്ടതല്ലേ?

രണ്ടാമതായി, ഒരു മനുഷ്യന്റെ വിശുദ്ധി നിർണ്ണയിക്കുക മറ്റു മനുഷ്യർക്ക് എളുപ്പമല്ല. എത്ര ഉൾക്കാഴ്ചയുള്ള വ്യക്തിക്കും മറ്റൊരു മനുഷ്യ വ്യക്തിയുടെ ആന്തരിക വ്യാപാരങ്ങളെ പൂർണ്ണമായി വിവേചിക്കാനും നിർണ്ണയിക്കാനും സാധിക്കയില്ല. എത്ര വലിയ മനഃശാസ്ത്രജ്ഞനും മനുഷ്യമനസ്സിന്റെ കുറെ ഭാവങ്ങളെയും ചില വശങ്ങളെയും മാത്രമേ ഗ്രഹിക്കാനാവൂ. അത്ര ആഴമേറിയതും സങ്കീർണ്ണവുമാണ് മനസ്സ് എന്ന പ്രതിഭാസം. ഇതിലും അഗമ്യമാണ് ആത്മാവിന്റെ ചലനങ്ങൾ. ഒരു വ്യക്തിയെക്കുറിച്ചുള്ള മറ്റുള്ളവരുടെ നിർണ്ണയം ശരിയായിരിക്കാനുള്ള സാധ്യത പോലെ തന്നെ തെറ്റായിരിക്കാനും സാധ്യതയുണ്ട്.

മൂന്നാമതായി, വിശുദ്ധിയെന്നത് നിരന്തരമായ വളർച്ചയും ആത്മിക പുരോഗതിയുമാണ്. അത് ദൈവത്തിന്റെ അതുല്യമായ ഒരു ദാനവുമാണ്. ഒരു വ്യക്തി ഈ ലോകത്തിൽ ജീവിച്ചിരിക്കുന്ന കുറെ വർഷങ്ങളിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ആ വ്യക്തിയുടെ വിശുദ്ധി നിർണ്ണയിക്കുന്നതിൽ ചിലപ്പോൾ പാകപ്പിഴകളുണ്ടാകാം. ക്രിസ്തുവാകുന്ന തലയോളം വളർന്ന് ദൈവസദൃശ്യന്മാരാകാൻ വിളിക്കപ്പെട്ടിരിക്കുന്നവർക്ക് അപരിമിതമായ വളർച്ചയുടെ സാദ്ധ്യതയാണുള്ളത്. വിശുദ്ധന്മാരെന്ന് നാം കരുതുന്ന വ്യക്തികൾ ഈ നിരന്തരമായ ആത്മിക വളർച്ചയെക്കുറിച്ച് പൂർണ്ണബോധമുള്ളവരാണ്. അതുകൊണ്ട് തങ്ങളെ സ്വയം കുറവുള്ളവരായി അവർ കാണുന്നു. മറ്റുള്ളവർ നൽകുന്ന 'വിശുദ്ധർ' എന്ന വിശേഷണം അവർ ഒരിക്കലും സ്വീകരിക്കയുമില്ല.

താത്വികമായി ഇങ്ങനെയൊക്കെപ്പറഞ്ഞാലും ചില പ്രത്യേക വ്യക്തികളുടെ ജീവിത

സംസ്സർഗ്ഗം ചെയ്യുന്നവരുടെയും അനുഭവത്തിന്റെ വെളിച്ചത്തിൽ അവരെ വിശുദ്ധരായി നാം അംഗീകരിച്ച് ആദരിക്കുന്നു. ക്രിസ്തീയ സഭയിൽ വിശുദ്ധന്മാരും ശുദ്ധിമതികളുമെന്നറിയപ്പെടുന്നവർ ഇങ്ങനെ ദീർഘനാളുകൾകൊണ്ട് പൊതുവെ ജനങ്ങളുടെ ഇടയിൽ സ്വീകരണവും സമ്മതവും നേടിയവരാണ്. ഔപചാരികമായ പ്രഖ്യാപനം കൊണ്ടല്ല അവർ വിശുദ്ധരാകുന്നത്. നേരെ മറിച്ച് വിശുദ്ധരായി ജനങ്ങൾ അംഗീകരിക്കുകയും സ്വീകരിക്കയും ചെയ്യുന്ന ചിലരെ സഭ പിന്നീട് ചിലപ്പോൾ വിശുദ്ധരായി പ്രഖ്യാപിച്ചേക്കാം.

എല്ലാ വിശ്വാസികളെയും പൗലോസ് ശ്ലീഹാ വിശുദ്ധരെന്ന് വിശേഷിപ്പിക്കുന്നുണ്ട്. ദൈവത്തിന്റെ വിശുദ്ധിയിൽ പങ്കു ചേരുവാൻ വിളിക്കപ്പെ

ട്ടവർ, ക്രിസ്തുവിന്റെ രക്തത്താൽ വിശുദ്ധീകരണം പ്രാപിച്ചവർ എന്നൊക്കെയുള്ള അർത്ഥത്തിലാണ് അദ്ദേഹം ഈ പദം ഉപയോഗിക്കുന്നത്. തേജസ്സിന്മേൽ തേജസ് പ്രാപിച്ച് ക്രിസ്ത്വനുരൂപികളും അങ്ങനെ ദൈവസദൃശ്യന്മാരുമാകുകയെന്നതാണ് വിശുദ്ധിയുടെ പാരമ്യതയായി സഭ പഠിപ്പിക്കുന്നത്. പക്ഷേ, ദൈവീകരണമെന്ന ഈ പരമാനുഭവം ഒരു നിശ്ചലമായ ബിന്ദുവിൽ അവസാനിക്കുന്നില്ല. മറിച്ച് അനുനിമിഷം ചലനാത്മകമായ, വികസ്വരമായ ഒരനുഭവ മണ്ഡലത്തിലേക്കുള്ള പ്രവേശനമാണത്. നിസ്സായിലെ വി. ഗ്രീഗോറിയോസും മറ്റും പറയുന്നതു പോലെ 'അവസാനമില്ലാത്ത ആരോഹണ'മാണത്. അപ്പോൾ ഈയർത്ഥത്തിൽ, ഒരുവൻ, 'വിശുദ്ധീകരിക്കപ്പെട്ടു' എന്നു ഭൂതകാലത്തിൽ പറയുവാൻ നമുക്ക് പ്രയാസമാണ്. 'വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു' എന്ന് തുടർച്ചയായ വർത്തമാനകാലത്തിലേ പറയാനാവൂ (ഈ ജീവിതത്തിനപ്പുറത്ത് ഭൂതകാലത്തിനും വർത്തമാന കാലത്തിനും പ്രസക്തിയൊന്നുമില്ലെങ്കിലും ഇവിടെ നമുക്ക് അങ്ങനെ മാത്രമേ പറയാനാവൂ).

വിശുദ്ധിയെന്നത് ഒരേ സമയം ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ദാനവും നമ്മുടെ ആത്മിക സാധനയുടെ ഫലവുമാണ്. വിശുദ്ധരായി പരിഗണിക്കപ്പെടുന്നവരുടെ വിശുദ്ധി മനുഷ്യരാശിയുടെ പൊതുസമ്പത്താണ്. വിശുദ്ധന്മാർ തങ്ങൾക്കു വേണ്ടി കരുതാതെ, കർത്താവിനെപ്പോലെ ലോകത്തിനു വേണ്ടി സ്വയം നൽകിയവരാണ്. അവരുടെ വിശുദ്ധി മറ്റുള്ളവർക്ക് ആത്മിക ഉറവയും പ്രചോദന സ്രോതസ്സുമാണ്. ഒറ്റപ്പെട്ട വ്യക്തിയായിട്ടല്ല വിശുദ്ധനെയോ ശുദ്ധിമതിയെയോ നാം കരുതുന്നത്. അവർ കർത്താവിന്റെ സമൂഹശരീരത്തിലെ അവിഭാജ്യമായ അവയവങ്ങളാണ്. അതുകൊണ്ട് സ്വാർത്ഥപരമായ ലക്ഷ്യങ്ങൾക്കു വേണ്ടി അവരെ ഉപയോഗിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. സ്നേഹമാണ് അവരുടെ വിശുദ്ധിയുടെ അടിസ്ഥാനവും ഉരകല്ലും. മനുഷ്യസ്നേഹമില്ലാതെ, നന്മ ചെയ്യാൻ ആഗ്രഹമില്ലാതെ വിശുദ്ധന്മാരെ വിളിച്ച് പ്രാർത്ഥിക്കുന്നത് അങ്ങേയറ്റം അപലപനീയമാണ്. കള്ളപ്പണത്തിന്റെയും വഞ്ചനയുടെയും വെള്ളിക്കാശിന്റെയും പങ്ക് വിശുദ്ധന്മാർക്കു നൽകി സ്വന്തം മനഃസാക്ഷിയെ തൃപ്തിപ്പെടുത്തുന്നത് മ്ലേച്ഛതയാണ്.

പ്രകാശത്തെയാണ് വിശുദ്ധിയുടെ പ്രതീകമായി സാധാരണ വ്യവഹരിക്കുന്നത്. ദൈവം അഗമ്യ തേജോമയമായ പ്രകാശമാണ്. സൃഷ്ടി മുഴുവനും പ്രകാശം കൊണ്ട് നിറയുവാൻ സൃഷ്ടിയുടെ തുടക്കം തന്നെ പ്രകാശത്തിലാണ്. ഇങ്ങനെ പ്രഭാപൂരിതമായ ഒരു ചിത്രമാണ് മനുഷ്യന്റെ ആത്യന്തിക വിശുദ്ധീകരണത്തെക്കുറിച്ച് സഭാപിതാക്കന്മാർ നൽകുന്നത്. ദൈവത്തിന്റെ ആദിശോഭ ശരിയായി പ്രതിഫലിപ്പിക്കുവാൻ നമുക്കിന്ന് കഴിയുന്നില്ല. കാരണം മനുഷ്യന് സംഭവിച്ച വീഴ്ച തന്നെ. വീഴ്ചയ്ക്കു മുമ്പ്

ആദാമിനും ദൈവത്തിനും സൃഷ്ടിക്കുമിടയിൽ ആവരണമില്ലായിരുന്നു. ദിവ്യശോഭ പൂർണ്ണമായി സ്വീകരിക്കുവാനും പ്രതിഫലിപ്പിക്കുവാനും ആദി മനുഷ്യനും പ്രപഞ്ചത്തിനും കഴിയുമായിരുന്നു.

അപ്പോൾ വിശുദ്ധീകരണമെന്നത് ഈ ഇരുട്ടിന്റെ തിരശ്ശീലകൾ മാറ്റി മനുഷ്യനും മനുഷ്യനും തമ്മിലും മനുഷ്യനും ദൈവവും തമ്മിലും മനുഷ്യനും പ്രകൃതിയും തമ്മിലും മുഖാമുഖം കണ്ട് ദൈവികപ്രകാശത്തിൽ ഉല്ലസിക്കുകയെന്നതാണ്. സൃഷ്ടിക്കു മുൻപേയുള്ള ദിവ്യശോഭയിൽ മനുഷ്യരും പ്രകൃതിയും പൂർണ്ണമായും പങ്കാളികളാകുന്നു. താബോർ മലയിലെ അപൂർവ്വ പ്രകാശത്തിൽ യേശുവും മോശയും ഏലിയാവും ഒരേ സമയം സന്നിഹിതരായതുപോലെ, സകല സൃഷ്ടിയും ദൈവസന്നിധിയിൽ പരസ്പരം മറയില്ലാതെ സത്യപ്രകാശത്തിൽ ശോഭിതമായി ആനന്ദനൃത്തം ചെയ്യുന്നതായി വിശുദ്ധന്മാർ ദർശിക്കുന്നു. ലജ്ജാരഹിതമായ മുഖങ്ങളും വഞ്ചനയില്ലാത്ത ഹൃദയങ്ങളുമാണിവിടെ നാം കാണുന്നത്. ഈ ലോകത്തിൽ വിശുദ്ധന്മാരെ സ്നേഹിക്കയും ആദരിക്കയും ചെയ്യുന്നവർ ഇതു തന്നെയാണ് ആഗ്രഹിക്കേണ്ടത് - മറച്ചു വയ്ക്കാനൊന്നുമില്ലാത്ത ഹൃദയങ്ങളും ലജ്ജാരഹിതമായ പ്രസന്ന മുഖങ്ങളും. കാപട്യവും വഞ്ചനയുമുള്ള ഈ ലോകത്തിൽ അവർ നീതിയുടെ നിത്യസൂര്യന്മാരായിരിക്കും.

# മറിയാമെന്ന വരണ്ട ഭൂമിയിൽ നിന്ന് മുളച്ചുവളർന്ന അനുഗ്രഹീത സസ്യം

യേശുക്രിസ്തുവിന്റെ മനുഷ്യാവതാര രഹസ്യത്തെ സൂചിപ്പിക്കുവാൻ സഭാപിതാക്കന്മാർ വിരുദ്ധ പ്രതീകങ്ങളുടെ സഹായം തേടുക പതിവാണ്. അവയിൽ മിക്കതും പഴയനിയമത്തിൽ നിന്നാണ് എടുക്കുക.

ഉള്ളിൽ തീ കത്തിപ്പടർന്നിട്ടും എരിയാതെ നിന്ന പച്ച മുൾപ്പടർപ്പ് നമുക്ക് സുപരിചിതമായ ചിത്രമാണ്. കന്യകയിൽ നിന്ന് ജനിച്ച പുത്രൻ സാമാന്യയുക്തിക്ക് വഴങ്ങുന്നതല്ലല്ലോ. മനുഷ്യാവതാരത്തിന്റെ അതുല്യതയും നിഗൂഢതയും ഈ യുക്തി വൈരുദ്ധ്യത്തിന്റെ പശ്ചാത്തലത്തിലാണ് സഭാപാരമ്പര്യം കാണുന്നത്.

മാർ അപ്രേമിനെപ്പോലെ കാവ്യഭാവനയുള്ള സഭാഗുരുക്കന്മാർ മനുഷ്യാവതാരത്തിന്റെ അവർണ്ണനീയതയും അപ്രമേയതയും തെളിച്ചു കാണിക്കുവാൻ വിരുദ്ധ പ്രതീകമായി ഉപയോഗിക്കുന്നത് കന്യകയായ മാതാവിനെത്തന്നെയാണ്. അവർണ്ണനീയമായതിനെ വ്യഞ്ജിപ്പിക്കുവാൻ സമാന പ്രതീകത്തേക്കാൾ നല്ലത് വിരുദ്ധ പ്രതീകമാണല്ലോ.

വി. കുർബ്ബാന തക്സായിൽ, തുയോബോ ശുശ്രൂഷയിൽ നാം ഇങ്ങനെ കാണുന്നു: “ലോകസ്രഷ്ടാവും സൃഷ്ടികളെ ക്രമീകരിക്കുന്നവനും മറിയാമെന്ന വരണ്ട ഭൂമിയിൽ നിന്ന് മുളച്ച് വളർന്ന് തന്റെ മഹനീയ സൗരഭ്യത്താൽ ഭൂമിയെ മുഴുവനും നിറയ്ക്കുകയും തന്റെ വിശിഷ്ടോപദേശം മുഖാന്തിരം സൃഷ്ടിയുടെ എല്ലാ ഭാഗത്തുനിന്നും വിജാതീയ ദുർഗന്ധത്തെ അകറ്റുകയും ചെയ്ത അനുഗ്രഹീത സസ്യമായുള്ളോവെ! നിന്നെ ഞങ്ങൾ വന്ദിച്ച് സ്തുതിച്ച് സ്തോത്രം ചെയ്യുന്നു.”

വിശുദ്ധ മറിയാമിനെ വരണ്ടഭൂമിയെന്ന് വിശേഷിപ്പിക്കുന്നതിനു പുറകിൽ ആഴമായ ക്രിസ്തുവിജ്ഞാനീയ ദർശനമുണ്ട്. പാശ്ചാത്യ ദൈവശാസ്ത്രത്തിൽ ക്രിസ്തുവിജ്ഞാനീയ (Christology) ത്തെയും മറിയവിജ്ഞാനീയ (Mariology) ത്തെയും വേർതിരിച്ച് പഠിക്കാറുണ്ട്. എന്നാൽ ഓർത്തഡോക്സ് ചിന്തയിൽ ഈ വേർതിരിവ് കൽപ്പിക്കാറില്ല. കാരണം വിശുദ്ധ മറിയാമിനെക്കുറിച്ച് ദൈവശാസ്ത്രപരമായി പറയുന്നതെല്ലാം

ക്രിസ്തുവിനെക്കുറിച്ചാണ്. കർത്താവിന്റെ മനുഷ്യാവതാര രഹസ്യത്തെ ക്കുറിച്ച് അർത്ഥപൂർണ്ണമായി പറയുന്നതെല്ലാം ദൈവമാതാവായ മറിയാ മിനോട് ആഴമായി ബന്ധപ്പെട്ടിരിക്കുന്നു.

വരണ്ട ഭൂമി, അനുഗ്രഹീത സസ്യം എന്ന വിരുദ്ധ പ്രതീകങ്ങളുടെ ഏതാനും ചില അർത്ഥതലങ്ങൾ പഴയനിയമത്തിന്റെ അടിസ്ഥാനത്തിൽ നോക്കാം.

1. പഴയനിയമത്തിൽ വരണ്ടഭൂമി അല്ലെങ്കിൽ മരുഭൂമി ഒരേസമയം ശാപഗ്രസ്തവും ദൈവകൃപയുടെ ഉറവിടവുമാണ്. ഏദൻതോട്ടം നനയ് ക്കാൻ അതിന്റെ മദ്ധ്യത്തിൽ നിന്ന് പുറപ്പെട്ട നദി നാലു നദികളായി തിരിഞ്ഞ് നാലു ദിക്കുകളിലേയ്ക്കും ഒഴുകി (ഉൽപ്പ. 2:10). ഏദനിൽ വെള്ളം സമൃദ്ധിയായുണ്ടായിരുന്നെങ്കിൽ അതിനു വിരുദ്ധമാണ് വരണ്ട നിലമെന്ന പ്രതീകം.

മനുഷ്യന്റെ പാപം മൂലം ശാപം പേറിയ ഭൂമിയാണ് വരണ്ടു പോയത്. പറുദീസയിൽ നിന്ന് പരുഷമായ ഭൂമിയിലേക്കിറങ്ങിയ ആദിമനുഷ്യന് നിരന്തരം നേരിടേണ്ടി വന്ന ഭീഷണിയായിരുന്നു വരൾച്ച. ജീവന് ആധാര മായ വെള്ളത്തിന്റെ അഭാവം വരൾച്ച മരണമാണ്. അങ്ങനെ മരുഭൂമിയും വരണ്ട നിലവും മരണത്തിന്റെ നിഴൽ നിത്യം പേറി.

പക്ഷേ മിശിഹായിലേയ്ക്ക് വിരൽ ചൂണ്ടുന്ന പഴയനിയമ പ്രവചന ത്തിന്റെ കാതൽ “മരുഭൂമിയും വരണ്ട നിലവും ആനന്ദിക്കും. നിർജ്ജന പ്രദേശം ഉല്ലസിച്ച് പനിനീർ പുഷ്പം പോലെ പൂക്കും” (യെശ: 35:1) എന്ന താണ്. ഇവിടെ വരണ്ട നിലം അനുഗ്രഹത്തിന്റെ ഉറവിടമായിത്തീരുന്നു. മരണത്തിന്റെ നിഴലിൽ ജീവന്റെ വിത്തു മുളയ്ക്കുന്നു. ശാപഗ്രസ്തമായ ഭൂമി അനുഗ്രഹമാരിയാൽ ആർദ്രമാക്കപ്പെട്ട് അനുഗ്രഹീത സസ്യത്തിന് മാതാവായിത്തീരുന്നു. വരണ്ട നിലമെന്ന് വിശേഷിക്കപ്പെടുന്ന വിശുദ്ധ കന്യകമറിയാം ഈ പുതിയ ഭൂമിയുടെ പ്രാതിനിധ്യം വഹിക്കുന്നു. പഴയതിന്റേതും പുതിയതിന്റേതും അതിരിൽ നിൽക്കുന്ന മറിയാം ക്രിസ് തുവിലൂടെ മരണത്തിൽ നിന്ന് ജീവനിലേയ്ക്കുള്ള മാറ്റത്തിന്റെ അതുല്യ സാക്ഷിയായി നിലകൊള്ളുന്നു. വരണ്ട ഭൂമിയിൽ നിന്ന് വാഴ്ത്തപ്പെട്ട മുളയുണ്ടായി എന്നതാണ് പ്രവചന നിവൃത്തി.

2. വരണ്ട നിലം കന്യകാത്വത്തിന്റേയും വന്ധ്യതയുടേയും പ്രതീകമായി വ്യവഹരിക്കപ്പെടുന്നുണ്ട്. വിശുദ്ധ മറിയാമിനെ വരണ്ടനിലമെന്ന് വിശേഷി പ്പിക്കുമ്പോൾ, മറിയാമിന്റെ വ്യക്തിപരമായ കന്യകാത്വം മാത്രമല്ല സൂചി പ്പിക്കപ്പെടുന്നത്. പഴയനിയമം മുഴുവനും വന്ധ്യകളുടെ നിലവിളികൊണ്ട് നിറഞ്ഞിരിക്കുന്നു. ദൈവം ആ നിലവിളിയ്ക്ക് നൽകുന്ന വാഗ്ദാനത്തിന്റെ ഉത്തരമാണ് ഇസ്രായേലിന്റെ ചരിത്രം. ആ വാഗ്ദാനത്തിന്റെ സമ്പൂർണ്ണ

സാക്ഷാത്ക്കാരമാണ് കാലത്തികവിൽ കന്യകയിൽ കാണുന്നത്.

വീഴ്ച ഭവിച്ച മനുഷ്യരാശിയുടെ ആത്മീയ വന്ധ്യതയുടെ അടയാളമാണ് പഴയനിയമത്തിലെ വന്ധ്യത. വരൾച്ച അന്തിമമായി ഭീഷണിപ്പെടുത്തുന്നത് ഭൂമിയിലല്ല; ഭൂമിയിൽ നിലനിൽക്കേണ്ട ജീവനെയാണ്. വരണ്ട ഭൂമി വന്ധ്യമായ പ്രാപഞ്ചികോദരത്തെ സൂചിപ്പിക്കുന്നു. മനുഷ്യന്റെ പാപം മൂലം സൃഷ്ടിയുടെ ഗർഭപാത്രവും വരണ്ടു തുടങ്ങി. ഭൂമിയുടെ പ്രജനന ശേഷി കുറയുന്നതാണല്ലോ ഇന്ന് മനുഷ്യരാശിയെ അലട്ടുന്ന ഏറ്റവും വലിയ പരിസ്ഥിതി പ്രതിസന്ധി (Ecological Crisis) കളിലൊന്ന്.

സന്താനോൽപ്പാദനത്തിനു തീർത്തും കഴിവില്ലാത്ത വന്ധ്യതയുടെയും സന്താനോൽപ്പാദനത്തിനു സുസജ്ജമാക്കാവുന്ന കന്യകാത്വത്തിന്റെയും പ്രതിരൂപങ്ങൾ ഒരേസമയം വിശുദ്ധ കന്യകയിൽ ആരോപിക്കപ്പെടുന്നു. വരണ്ടഭൂമി ഒരു പ്രാപഞ്ചിക പ്രതീകമായി കന്യകമറിയാമിൽ നിറഞ്ഞു നിൽക്കുന്നു.

“ഉയരങ്ങളിൽ നിന്ന് ആത്മാവിനെ നമ്മുടെ മേൽ പകരുമ്പോൾ മരുഭൂമി ഉദ്യാനമായിത്തീരും” (യെശ. 32:15). പരിശുദ്ധാത്മ ശക്തിയിൽ മറിയാമെന്ന വരണ്ട ഭൂമി പറുദീസ (= ഉദ്യാനം) യുടെ അനുഭവത്തിലേക്ക് തിരിച്ചുപോകുന്നു. പറുദീസയിലാണ് അനുഗ്രഹീതമായ ജീവന്റെ വൃക്ഷം മുളച്ചത്. വരണ്ടു പോകുന്ന സൃഷ്ടിക്ക് മുഴുവൻ ഫലസമൃദ്ധവും സമാധാനപൂർണ്ണവുമായ പറുദീസയുടെ അനുഭവം നൽകുന്നതിനെയാണ് വരണ്ട ഭൂമിയായ മറിയാമിൽ നിന്നുള്ള ദൈവപുത്രന്റെ ജനനം സൂചിപ്പിക്കുന്നത്. മനുഷ്യന്റെ അധിവാസ മണ്ഡലം മുഴുവൻ ശുഷ്കവും വിഷമയവുമായി ഭൂമിയിലുള്ള ജീവനെ മുഴുവൻ ഭീഷണിപ്പെടുത്തുന്ന ഈ കാലയളവിൽ നമുക്ക് പ്രത്യാശയുടെ പരിഹാരം നിർദ്ദേശിക്കുന്ന പ്രസക്തമായ ചിത്രമാണ് ഇവിടെ നാം കാണുന്നത്. ഭൂമിയെ മുഴുവൻ തന്റെ സുഗന്ധംകൊണ്ടു നിറയ്ക്കുന്ന അനുഗ്രഹീത സത്യം ഔഷധച്ചെടിയാണ്. സൗഖ്യം നൽകുന്ന ജീവന്റെ വൃക്ഷമാണ്.

3. മനുഷ്യരാശിയുടെ ആത്മീയമായ ആദിതൃഷ്ണയിതാണ്: “ദാഹിച്ചും വരണ്ടും വെള്ളത്തിനായി കാംക്ഷിക്കുന്ന ഭൂമിയെപ്പോലെ എന്റെ ആത്മാവ് നിനക്കായി ദാഹിക്കുന്നു. എന്റെ ശരീരവും നിനക്കായി കാത്തിരിക്കുന്നു (സങ്കീ. 63:1). എല്ലാ പുരാതന മതങ്ങളും ദർശനങ്ങളും ഒരുപോലെ പ്രകടിപ്പിച്ച അന്തർദാഹമാണിത്. പുതുജീവന്റെ മുളകൾ വിടർത്തുന്ന മഴത്തുള്ളികൾക്കായി കാത്തുകാത്തിരിക്കുന്ന വരണ്ടുണങ്ങിയ ഭൂമിയെപ്പോലെ ശക്തമായി ഈ ആത്മദാഹത്തെ പ്രകടിപ്പിക്കുന്ന മറ്റധികം പ്രതീകങ്ങളില്ല. മറിയാമെന്ന വരണ്ടഭൂമിയിൽ മനുഷ്യവംശത്തിന്റെ ഈ അന്തരാഗ്നി കത്തിനിൽക്കുന്നു. അവളിൽത്തന്നെ ദാഹാർത്തമായ ഭൂമി ദൈവവചനത്താൽ

ആർദ്രവും ഫലദായകവുമായിത്തീരുന്നു. അതാണ് മറിയാമിന്റെ സ്തുതി ഗീതം. “എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു. എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു” (ലൂക്കോ. 1:46). വൃദ്ധയും വന്ധ്യയുമായിരുന്ന ഏലിസബേത്തിന്റെ അഭിവാദനത്തിനു മറു പടിയാണിത്. രക്ഷകനെ ഉള്ളിൽ വഹിക്കുന്ന മറിയാമിന്റെ വന്ദനസ്വരം കേട്ടപ്പോൾ വന്ധ്യതയും വാർദ്ധക്യവും മൂലം പഴകി ദ്രവിച്ചുതുടങ്ങിയ സൃഷ്ടിയുടെ ഗർഭത്തിൽ പുതു ജീവൻ തുടിച്ചു.

4. ഇസ്രായേലും യഹോവയും തമ്മിലുള്ള വിവാഹനിശ്ചയത്തിന്റെ രംഗവേദിയാണ് മരുഭൂമി (ഹോശ. 2:14–16). ദിവ്യമായ വെളിപാടുകൾക്കും യഹോവയുമായുള്ള നിരന്തരസംസർഗ്ഗത്തിനും വേദി മരുഭൂമി തന്നെ. ‘യഹോവയ്ക്ക് വഴി ഒരുക്കേണ്ടതും നമ്മുടെ ദൈവത്തിനു പെരുവഴി നിരപ്പാക്കേണ്ടതും മരുഭൂമിയിൽത്തന്നെ (യശ. 40:4). വരണ്ട ഭൂമിയായ മറിയാമിൽ ദൈവം മനുഷ്യവർഗ്ഗവുമായി പുതിയൊരു ഉടമ്പടി ചെയ്യുന്നു. മറിയാമിലൂടെ മനുഷ്യവംശം സ്രഷ്ടാവുമായുള്ള പുതിയ വേഴ്ച്ചയിലേക്ക് പ്രവേശിക്കുന്നു. നീതിയുടേയും സമാധാനത്തിന്റെയും രാജവീഥി മറിയാ മിൽ തയ്യാറാക്കപ്പെടുന്നു. ഇസ്രായേൽ ജനത വാഗ്ദത്ത ഭൂമിയിലേക്കുള്ള പ്രയാണത്തിൽ മരുപ്പറമ്പിന്റെ വരൾച്ചയും വിശാലമായ ശൂന്യതയും അനുഭവിക്കുന്നു. മറിയാമിന് ലഭിച്ച വിശേഷണം പ്രവാചക ദർശനമുൾ ക്കൊള്ളുന്നു. മിശിഹായുടെ രഹസ്യത്തിലേക്ക് ഉൾക്കാഴ്ച നൽകുന്നു. ക്രിസ്തുവിൽ സൃഷ്ടിക്കപ്പെടുന്ന പുതിയ മനുഷ്യരാശിയുടെ മുളക്കരുത്ത് വരണ്ടഭൂമിയുടെ പശ്ചാത്തലത്തിൽ ശതഗുണീഭവിക്കുന്നു.

5. മനുഷ്യവംശത്തിന്റെ മതാനുഭവത്തിന്റെ ആദിസങ്കൽപ്പങ്ങളിൽ കന്യകാത്വവും പ്രകൃതിയുമായി അഭേദ്യബന്ധം കാണുന്നു. വിശുദ്ധവും താളനിബദ്ധവുമായ സൃഷ്ടിയുടെ പ്രതിരൂപമാണ് കന്യകയിൽ പൂർവ്വിക ഗോത്രങ്ങൾ കണ്ടത്.

ഇതിനു നേരെ വിരുദ്ധമാണ് മരുഭൂമി. അത്യാഗ്രഹിയായ മനുഷ്യന്റെ അതിരു കടന്ന ചൂഷണത്തിനും അവഹേളനത്തിനും പാത്രമായ ഭൂമി യാണ് വരണ്ടനിലമായി മാറിയത്. ഇന്നും പരന്നുകൊണ്ടിരിക്കുന്ന മരുഭൂമി ഭൂഖണ്ഡങ്ങളേപ്പോലും വിഴുങ്ങിയേക്കാം. മനുഷ്യന്റെ വീഴ്ചയുടെ ദുരന്ത ഫലങ്ങളിലൊന്നാണ് മരുഭൂവൽക്കരണം (Desertification) സസ്യജാല ങ്ങളുടെയും മൃഗങ്ങളുടെയും മനുഷ്യന്റെയും ജീവൻ ഇവിടെ വേരറ്റു പോകുന്നു.

ആദിമ ക്രൈസ്തവ സന്യാസിമാർ മരുഭൂമിയിലാണ് അവരുടെ തപസ്യ ആരംഭിച്ചത്. മരുഭൂമി അന്ധകാരശക്തിയുടെ താവളമെന്ന് കരുതപ്പെട്ടതു കൊണ്ട് അവിടെവച്ച് തന്നെ ആ ശക്തിയുടെമേൽ വിജയം പ്രാപിക്കുകയെ

ന്നത് അവരുടെ ലക്ഷ്യമായിരുന്നു. വെള്ളമില്ലാതെ ഉണങ്ങി വരണ്ടിടത്താണത്രെ സാത്താൻ തമ്പടിക്കുന്നത്. ഇതു വളരെ അർത്ഥവത്താണ്. കാരണം മനുഷ്യനിലെ പൈശാചിക പ്രേരണകളാണ് ഇന്നും പറുദീസയെ മരുഭൂമിയാക്കുന്നത്. ഭൂമിയെ വരണ്ടനിലമാക്കുന്നത്. അതുകൊണ്ട് താപസ്സരായ സന്യാസിമാരുടെ ശ്രമം മരുഭൂമിയെ വീണ്ടും ആത്മീയമായി ഉദ്യാനവും പുതിയ യരുശലേമെന്ന വിശുദ്ധ നഗരവുമാക്കുകയായിരുന്നു. മാലാഖമാരുടെ സ്വഭാവം കൈവരിക്കാൻ ആശിച്ചുകൊണ്ട്, കന്യകത്വം സ്വീകരിച്ച് തപസ്സനുഷ്ഠിച്ചവർ മരുഭൂമിയെ പറുദീസയാക്കുകയായിരുന്നു. സൃഷ്ടിയുടെ പൂർവ്വിക വിശുദ്ധിയും അതിന്റെ ആന്തരിക സമന്വയവും തങ്ങളുടെ കന്യാകത്വത്തിലൂടെ വീണ്ടെടുക്കാനാണ് അവർ യത്നിച്ചത്.

ഇവിടെയാണ് കന്യാകത്വവും താപോനിഷ്ഠയും വരണ്ട ഭൂമിയും പുതിയ ജീവനും തമ്മിലുള്ള ബന്ധം വ്യക്തമാകുന്നത്. കന്യകമറിയാമിന്റെ ചിത്രത്തിൽ ഇവയുടെ സമഞ്ജസസമ്മേളനം കാണാം.

ഇന്ന് ഭൂമിയെന്ന നമ്മുടെ കൊച്ചുഗ്രഹത്തെ, അവഹേളിതയായ നമ്മുടെ അമ്മയെ രക്ഷിക്കാനുള്ള ശ്രമങ്ങൾ ധാരാളം നടക്കുന്നുണ്ട്. കടിഞ്ഞാണില്ലാത്ത മനുഷ്യസ്വാർത്ഥതയും, ഭൂമിയുടെ ദാനങ്ങളെ കവർന്നെടുക്കുന്ന ഉപഭോഗ സംസ്ക്കാരവും, അതിമാരകമായ ആയുധങ്ങളുടെ പൈശാചിക പ്രകടനവും മനോഹരമായ ഭൂമിയെ, മിക്കവാറും നശിപ്പിച്ചു കഴിഞ്ഞു. ഇനിയും ഭൂമിയിൽ ജീവൻ ആരോഗ്യപൂർവ്വം നിലനിൽക്കണമെങ്കിൽ മനുഷ്യസംസ്ക്കാരം ആത്മശിക്ഷണത്തിലും നിസ്വാർത്ഥമായ തപസ്യയിലും കൂടെ പ്രകൃതിയുമായുള്ള ആത്മബന്ധം വീണ്ടെടുത്തേ മതിയാവൂ. ലോകത്തിൽ എല്ലായിടത്തും ഈ പുതിയ അവബോധം ഇന്നു ശക്തമായിക്കൊണ്ടിരിക്കുന്നു.

വരണ്ടഭൂമിയായ കന്യകയുടെ ചിത്രം മനുഷ്യരാശിയുടെ ആത്മശിക്ഷണത്തിലേയ്ക്കും സമർപ്പണബോധത്തിലേയ്ക്കും അതുമൂലം മുളച്ചുവളരുന്ന ജീവന്റെ വൃക്ഷത്തിലേക്കും വിരൽ ചൂണ്ടുന്നു.

# ആരാണ് 'സഭാപിതാക്കന്മാർ'

പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തിലും പാശ്ചാത്യ (റോമൻ കത്തോലിക്കാ) പാരമ്പര്യത്തിലും സഭാപിതാക്കന്മാർക്ക് സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. സഭയുടെ വിശ്വാസം, വേദശാസ്ത്രം എന്നിവയിലാണു പിതാക്കന്മാർക്ക് ആധികാരികമായ സ്ഥാനം നാം കൊടുക്കുന്നത്. എ. ഡി. 325-ലെ നിഖ്യാ സുന്നഹദോസിനു ശേഷം, "പിതാക്കന്മാരുടെ വിശ്വാസം' എന്ന പ്രയോഗം സഭയിൽ വേരുറച്ചു. അറിയോസിന്റെ വേദ വിപരീതത്തിനെതിരെ, സഭയുടെ സത്യവിശ്വാസമാണു നിഖ്യായിൽ കൂടിയ പിതാക്കന്മാർ പ്രഖ്യാപിച്ചത്. അപ്പോൾ 'പിതാക്കന്മാരുടെ വിശ്വാസം' എന്ന പ്രയോഗത്തിൽക്കാണുന്ന 'പിതാക്കന്മാരെ' പൊതുവായ അർത്ഥത്തിൽ സത്യവിശ്വാസ സംരക്ഷകന്മാർ എന്നു നിർവ്വചിക്കാം. അങ്ങനെയെങ്കിൽ, സത്യവിശ്വാസം സംരക്ഷിച്ച നമ്മുടെ പൂർവ്വികന്മാർ എല്ലാവരും സഭാപിതാക്കന്മാരാണോ, അതോ ആ ബഹുമതി ഏതാനും ചിലർക്കു മാത്രമായി സഭ മാറ്റിവച്ചിരിക്കുകയാണോ?

'ആരാണ് സഭാപിതാക്കന്മാർ' എന്ന ചോദ്യത്തിനു വളരെ വ്യക്തമായ ഒരുത്തരം നൽകാൻ പൗരസ്ത്യ പാരമ്പര്യം മടിക്കുന്നു. എന്നാൽ റോമൻ കത്തോലിക്കാ സഭ അതിനു ചില വ്യക്തമായ മാനദണ്ഡങ്ങൾ കണ്ടു പിടിക്കാൻ ശ്രമിച്ചിട്ടുണ്ട്. അതു പിന്നാലെ കാണാം.

വിശുദ്ധ പൗലോസ് അപ്പോസ്തലൻ കോരിന്ത്യർക്ക് എഴുതുമ്പോൾ, സ്വയം അവരുടെ 'പിതാവ്' എന്ന് വിശേഷിപ്പിക്കുന്നു. "നിങ്ങൾക്കു ക്രിസ്തുവിൽ പതിനായിരം ഗുരുക്കന്മാർ ഉണ്ടെങ്കിലും, പിതാക്കന്മാർ ഏറെയില്ല. ക്രിസ്തുയേശുവിൽ ഞാനല്ലോ നിങ്ങളെ സുവിശേഷത്താൽ ജനിപ്പിച്ചത്" (1 കൊരി. 4:15). കൊരിന്ത്യരെ ആത്മീയമായി വീണ്ടും ജനിപ്പിച്ചത് വിശുദ്ധ പൗലോസാണ്. അതുകൊണ്ട് അദ്ദേഹം അവരുടെ യഥാർത്ഥ പിതാവും, യഥാർത്ഥ ഗുരുവുമാണ്. അതിപുരാതന കാലം മുതൽ, ഭാരതീയ സംസ്ക്കാരമുൾപ്പെടെയുള്ള പല സംസ്ക്കാരങ്ങളിലും ഗുരുവിനു പിതാവിന്റെ സ്ഥാനമാണു നല്കുന്നത്. കാരണം മാനസികവും ആത്മീയവുമായ തലങ്ങളിൽ വ്യക്തിത്വത്തിന്റെ ഉത്ഭവവികാസങ്ങൾക്ക് കാരണഭൂതൻ ഗുരുവാണ്. ക്രിസ്തീയ സഭയുടെ ആദിമ നൂറ്റാണ്ടുകളിൽ എപ്പിസ്ക്കോപ്പാമാരെയാണു പിതാവ് എന്നു വിളിച്ചുവന്നത്. ഇതിനു രണ്ടു

കാരണങ്ങളുണ്ട്. ഒന്നാമതായി, എപ്പിസ്ക്കോപ്പായാണു ക്രിസ്തീയ വിശ്വാസം പഠിപ്പിക്കുന്ന യഥാർത്ഥ ഗുരു. എപ്പിസ്ക്കോപ്പാ ക്രിസ്തുവിന്റെ പ്രതീകവും സാന്നിദ്ധ്യവുമെന്ന നിലയിൽ ജനങ്ങളുടെ മദ്ധ്യത്തിൽ നില കൊള്ളുന്നതുകൊണ്ട്, ക്രിസ്തുവിനെപ്പോലെ, ജനങ്ങളെ വിശ്വാസത്തെ ക്കുറിച്ചു പഠിപ്പിക്കുവാനുള്ള പ്രധാന ചുമതല അദ്ദേഹത്തിൽ നിക്ഷിപ്ത മായിരിക്കുന്നു. അദ്ദേഹത്തിന്റെ നിയോഗപ്രകാരം മാത്രമാണു വൈദികരും ശെമ്മാശ്ശന്മാരും മറ്റുള്ളവരും സഭയിൽ പഠിപ്പിക്കുന്നത്. രണ്ടാമതായി, ജനങ്ങൾക്കു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം നൽകി, അവരെ പുതിയ ജീവിതത്തിലേക്കു നയിക്കാനുള്ള പ്രധാന ചുമതലയും എപ്പിസ്ക്കോപ്പാ മാർക്കാണ്. വൈദികർ നിയോഗപ്രകാരം സ്നാനം നൽകുന്നുണ്ടെങ്കിലും, യഥാർത്ഥ കാർമ്മികൻ ബിഷപ്പാണ്. ആദ്യനൂറ്റാണ്ടുകളിൽ, ഉയിർപ്പു പെരു ന്നാളിനു മുമ്പുള്ള ആഴ്ചകളിൽ എപ്പിസ്ക്കോപ്പാ തന്നെ വിശ്വാസത്തെ ക്കുറിച്ചു സ്ഥാനാർത്ഥികളെ പഠിപ്പിക്കുകയും, ഉയിർപ്പിന്റെ തലേന്നാൾ അദ്ദേഹം തന്നെ അവരെ സ്നാനം കഴിപ്പിക്കുകയും ചെയ്തുപോന്നു. ഈ രണ്ട് ചുമതലകളും കണക്കിലെടുത്തുകൊണ്ടാണ് എപ്പിസ്ക്കോപ്പാ യെ (മെത്രാപ്പോലീത്തായെ) 'പിതാവ്' എന്നു വിളിക്കുന്നത്.

നാലാം നൂറ്റാണ്ടോടുകൂടി 'പിതാവ്' എന്ന പദം കുറെക്കൂടി വിശാല മായ അർത്ഥത്തിൽ ഉപയോഗിച്ചു തുടങ്ങുന്നതായി കാണാം. വേദവിപ രീതങ്ങൾ സഭയെ ഉലയ്ക്കുന്ന കാലഘട്ടമാണിത്. ക്രിസ്തീയ വിശ്വാസ ത്തിനു സൈദ്ധാന്തികവും ബുദ്ധിപരവുമായ രൂപവും ഘടനയും ഉണ്ടാകു ന്നതു നാലാം നൂറ്റാണ്ടോടു കൂടിയാണ്. അലക്സന്ത്രിയായിലെ അത്താ നാസ്യോസ്, കപ്പദോക്യൻ പിതാക്കന്മാരായ ബസ്സേലിയോസ്, നാസിയാ ൻസിലെ ഗ്രീഗോറിയോസ്, നിസ്സായിലെ ഗ്രീഗോറിയോസ് തുടങ്ങിയവ രാണ് ഈ കാലയളവിൽ ശ്രദ്ധേയരായത്. അറിയോസ്, അപ്പോല്ലിനാരിസ്, എവുനോമിയോസ് തുടങ്ങിയവരുടെ തെറ്റായ ഉപദേശങ്ങളെ നേരിട്ട്, സത്യവിശ്വാസം എന്താണെന്നു വ്യക്തമാക്കിയവരാണിവർ. ഇവരുടെ പുസ്തകങ്ങളിൽത്തന്നെ "പിതാക്കന്മാരുടെ വിശ്വാസം" എന്ന പ്രയോഗം കാണാം. പക്ഷേ, അതു നിഖ്യാ വിശ്വാസപ്രമാണത്തെ ഉദ്ദേശിച്ചാണു പറയുന്നത്. ഇവരെല്ലാം തന്നെ മേല്പട്ടക്കാരായിരുന്നു. പിൽക്കാലത്ത് ഇവരെ സഭാപിതാക്കന്മാരായി കരുതുകയും ചെയ്തു. എന്നാൽ നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാർ അപ്രേം ഒരു ശെമ്മാശ്ശൻ മാത്രമായിരുന്നു. എങ്കിലും പൗരസ്ത്യ സഭയുടെ വലിയ പിതാക്കന്മാരിൽ ഒരാളാണ് അദ്ദേഹം.

അപ്പോൾ, സഭാപിതാക്കന്മാർ അവശ്യമായും മേല്പട്ടസ്ഥാനമുള്ളവർ ആയിരിക്കണം എന്നു നിർബന്ധമില്ലെന്നു കാണാം. സഭയുടെ പ്രതിസന്ധി ഘട്ടങ്ങളിൽ, സത്യവിശ്വാസം ശരിയായി പഠിപ്പിച്ചു സഭയെ നയിച്ചിട്ടുള്ള

ഗുരുക്കന്മാരും ഈ പേരിന് അർഹരാണ്. മൂന്നാം നൂറ്റാണ്ടിൽ അലക്സ ന്ത്രിയായിൽ ജീവിച്ചിരുന്ന ഓറിഗാനോസ് മഹാനായ ഒരു വേദശാസ്ത്ര ഗുരുവും, പില്ക്കാലത്തുണ്ടായ പല സഭാപിതാക്കന്മാരുടെ ബഹുമാന പാത്രമായിരുന്നെങ്കിലും, സഭ അദ്ദേഹത്തിനു പിതാവെന്നോ ഗുരുവെന്നോ ഉള്ള സ്ഥാനം നൽകുന്നില്ല. കാരണം, അതി പ്രതിഭാശാലിയായ അദ്ദേഹ ത്തിന്റെ ഉപദേശങ്ങളിൽ ചിലത് സത്യവിശ്വാസത്തിനു യോജിക്കാത്ത തായിരുന്നു. സഭാപിതാക്കന്മാർ എന്ന് ഇന്നു വിളിക്കപ്പെടുന്നവർ മിക്ക വാറും എല്ലാവരും തന്നെ വേദശാസ്ത്രപരമായും വിശ്വാസ സംബന്ധ മായും വളരെയേറെ എഴുതുകയും പ്രസംഗിക്കുകയും ചെയ്തിട്ടുള്ള വരാണ്.

റോമൻ കത്തോലിക്കാസഭയിൽ, സഭാപിതാവെന്നു വിളിക്കപ്പെടുന്ന ഒരാൾക്കു നാലു ഗുണങ്ങളുണ്ടായിരിക്കണമെന്നു നിഷ്ക്കർഷിച്ചിരി ക്കുന്നു. (1) സത്യവിശ്വാസം (2) വിശുദ്ധജീവിതം (3) സഭയുടെ അംഗീ കാരം - പാപ്പായോ സുന്നഹദോസോ പിതാവായി പ്രഖ്യാപിച്ചിരിക്കണം. (4) പൗരാണികത. എന്നാൽ പൗരസ്ത്യസഭയിൽ വ്യക്തമായ മാനദണ്ഡ ങ്ങൾ ഉപയോഗിക്കുന്നില്ല. ഉദാഹരണമായി, സഭാപിതാക്കന്മാർ വിശ്വാസ സമന്മാരാണെന്നു നാം കരുതുന്നുവെങ്കിലും, അവരുടെ വിശുദ്ധിയുടെ നിലവാരം അളക്കുവാൻ നാം തുനിയുന്നില്ല. ദൈവത്തിനു മാത്രമേ ഒരുവന്റെ വിശുദ്ധിയെ അളക്കുവാൻ കഴിയൂ. അതുകൊണ്ടാണു പരിശു ദ്ധന്മാരായി പ്രഖ്യാപിക്കുന്ന രീതി പൊതുവേ പൗരസ്ത്യ പാരമ്പര്യത്തി ലില്ലാത്തത്. കാലക്രമേണയും, ജനങ്ങളുടെ പൊതു സമ്മതം കൊണ്ടു മാണ് ഒരാൾ വിശുദ്ധനായി അറിയപ്പെടുന്നത്. അല്ലാതെ, ഔദ്യോഗിക പ്രഖ്യാപനം മൂലമല്ല. പ. പരുമല തിരുമേനിയെ വിശുദ്ധനായി പ്രഖ്യാപി ച്ചതു നമ്മുടെ പാരമ്പര്യത്തിലെ ഒറ്റപ്പെട്ട സംഭവമാണ്. അതുപോലെ തന്നെ, സഭാപിതാക്കന്മാരെല്ലാവരും പുരാതന കാലത്തു ജീവിച്ചവരാ കണം എന്നു പൗരസ്ത്യസഭ നിർബ്ബന്ധിക്കുന്നില്ല. നമ്മുടെ കാലത്തും സഭാപിതാക്കന്മാരുണ്ടാകാം. ഉദാഹരണമായി നമ്മുടെ സഭയിൽ നവീക രണ പ്രസ്ഥാനം പ്രശ്നങ്ങൾ സൃഷ്ടിച്ചപ്പോൾ, വിശ്വാസ സ്ഥിരതയോടു കൂടി, സഭയെ നയിച്ച പ. പരുമലത്തിരുമേനി സഭാപിതാവെന്ന സ്ഥാനം അർഹിക്കുന്നു. ചുരുക്കത്തിൽ, സഭാപിതാക്കന്മാരുടെ പട്ടികയോ കാലഘട്ടമോ കൃത്യമായി പരിമിതപ്പെടുത്തുവാൻ പൗരസ്ത്യപാരമ്പര്യം തയ്യാറാകുന്നില്ല.

പക്ഷേ, നമ്മുടെ വി. കുർബ്ബാനയിലെ 'തുബ്ദേനി'ൽ നാം ഓർക്കുന്ന പിതാക്കന്മാരുടെ പട്ടിക 8-ാം നൂറ്റാണ്ടുകൊണ്ടു അവസാനിക്കുന്നു. എ. ഡി. 700-ൽ നിര്യാതനായ നിനുവേയിലെ മാർ ഇസഹാക്കും 708-ൽ നിര്യാതനായ ഉറഹായിലെ മാർ യാക്കോബുമാണ് അവസാനമായി

തുബ്ദേനിൽ സ്ഥാനംപിടിച്ചത്. ഗ്രീക്കുസഭയിലും സഭാപിതാക്കന്മാരുടെ പട്ടിക 8–ാം നൂറ്റാണ്ടിൽ ദമസ്ക്കോസിലെ യോഹന്നാൻ എന്ന വലിയ പണ്ഡിതനായ പിതാവിനോടുകൂടി അവസാനിക്കുന്നു. ലത്തീൻ സഭയിൽ പിതാക്കന്മാരുടെ കാലം 7–ാം നൂറ്റാണ്ടിൽ 'സെവീയി'ലെ ഇസിഡോർ എന്ന പിതാവിനോടുകൂടി അവസാനിക്കുന്നു. മുകളിൽപ്പറഞ്ഞ മൂന്നു പാരമ്പര്യങ്ങളിലും 8–ാം നൂറ്റാണ്ടിനു ശേഷവും അതിപ്രശസ്തരായ പിതാക്കന്മാർ ഉണ്ടായിട്ടുണ്ട്. പക്ഷേ, 8–ാം നൂറ്റാണ്ടോടുകൂടി 'പിതാക്കന്മാരുടെ പാരമ്പര്യം' എന്നു പിന്നീടു വന്നവർ വിളിച്ച സുദൃഢവും ഏകീകൃതവുമായ ഒരു പാരമ്പര്യം ഉടലെടുത്തു കഴിഞ്ഞിരുന്നു. സഭയുടെ വിശ്വാസാചാരങ്ങൾ, വേദശാസ്ത്ര വ്യാഖ്യാനങ്ങൾ എന്നിവയ്ക്കെല്ലാം വ്യക്തമായ രൂപഭാവങ്ങൾ നൽകിക്കഴിഞ്ഞിരുന്നു ഈ പാരമ്പര്യം. തന്മൂലം അതിനു വിശുദ്ധ ഗ്രന്ഥത്തോടൊപ്പം ആധികാരികമായ ഒരു സ്ഥാനം പിന്നീടു വന്നവർ നൽകുകയും, സഭയുടെ പിൽക്കാല ചിന്തയിൽ സുപ്രധാനമായ ഒരാധാരമായി അതിനെ കരുതുകയും ചെയ്തു.

ലത്തീൻ പാരമ്പര്യത്തിൽ സഭാപിതാക്കന്മാരെ കൂടാതെ 'സഭാഗുരുക്കന്മാർ' എന്നു വിളിക്കപ്പെടുന്ന ഒരുകൂട്ടം ആളുകളുണ്ട്. സഭാഗുരു (doctor of the church) എന്ന സ്ഥാനം പാപ്പാ ഔദ്യോഗികമായി പ്രഖ്യാപിച്ചു നൽകുന്നതാണ്. പിതാക്കന്മാർക്കു ആവശ്യമായ ഗുണങ്ങൾ കൃത്യമായി നിർവ്വചിച്ചതുപോലെ ഒരാളെ സഭാഗുരുവായി അംഗീകരിക്കാൻ മൂന്നു പ്രത്യേക ഗുണങ്ങൾ ആവശ്യമുണ്ട്. (1) വിശുദ്ധി – പ്രഖ്യാപിത പരിശുദ്ധന്മാർക്കു മാത്രമേ സഭാഗുരുവായിത്തീരാൻ സാധിക്കൂ. (2) ദൈവിക വിഷയങ്ങളെക്കുറിച്ചുള്ള ആഴമേറിയ അറിവ്. (3) പാപ്പായോ സുന്നഹദോസോ സഭാഗുരുവായി അംഗീകരിച്ചുകൊണ്ടുള്ള പ്രഖ്യാപനം. പൗരസ്ത്യ സഭയുടെ പിതാവായ മാർ അപ്രേമിനെ 1920–ലാണു ലത്തീൻ സഭ സഭാഗുരുവായി അംഗീകരിച്ചത്. കന്യകമറിയാമിന്റെ അമലോൽഭവ സിദ്ധാന്തത്തെ പിന്താങ്ങുന്നതിനു മാർ അപ്രേമിന്റെ ചില ഗാനങ്ങൾ സഹായിക്കും എന്ന ധാരണയിലാണ് അദ്ദേഹത്തെ സഭാഗുരുവായി റോമാസഭ പ്രഖ്യാപിച്ചത് എന്നു പറയപ്പെടുന്നു. 'കളങ്കമില്ലാത്ത', 'നിർമ്മലമായ' തുടങ്ങിയ വിശേഷണങ്ങൾ മാർ അപ്രേം തന്റെ കവിതകളിൽ വിശുദ്ധ കന്യകയ്ക്കു നൽകുന്നുണ്ടെങ്കിലും റോമ്മാ സഭ പഠിപ്പിക്കുന്നതുപോലെയുള്ള അമലോൽഭവസിദ്ധാന്തം അദ്ദേഹമോ, അദ്ദേഹത്തെ ബഹുമാനിക്കുന്ന സുറിയാനി പാരമ്പര്യമോ പഠിപ്പിക്കുന്നില്ല. ലത്തീൻ പാരമ്പര്യത്തിൽ ഏകദേശം 20 ഗുരുക്കന്മാരെ ഔദ്യോഗികമായി അംഗീകരിച്ചിട്ടുണ്ടെങ്കിലും അവരിൽ ആംബ്രോസ്, ആഗസ്തിനോസ്, ജറോം, ഗ്രീഗോറിയോസ് പാപ്പാ (7–ാം നൂറ്റാണ്ട്) എന്നിവർക്ക് അഗ്രിമസ്ഥാനം നൽകുന്നു. അതുപോലെ പൗരസ്ത്യ പാരമ്പര്യത്തിൽ കൈസര്യയിലെ മാർ ബസേ

ലിയോസ്, നാസിയാൻസിലെ മാർ ഗ്രീഗോറിയോസ്, സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ്, അലക്സന്ത്രിയായിലെ മാർ അത്താനാസ്യോസ് എന്നിവർക്കു സുപ്രധാനമായ സ്ഥാനം നൽകിവരുന്നു. ലത്തീൻ സഭയിൽ അടുത്തകാലത്തു രണ്ടു സ്ത്രീകൾക്കു 'സഭാഗുരു' എന്ന സ്ഥാനം നൽകിയിരിക്കുന്നു – ആവിലായിലെ തെരേസയും സിയന്നയിലെ കാതറിനും. ഇവർ രണ്ടും റോമാസഭയുടെ പ്രഖ്യാപിത വിശുദ്ധകളായ രണ്ടു കന്യാസ്ത്രീകളായിരുന്നു.

പാശ്ചാത്യ സർവ്വകലാശാലകളിൽ സഭാപിതാക്കന്മാരുടെ കാലഘട്ടത്തെയും സംഭാവനകളെയും കുറിച്ചു ചരിത്രപരമായും വേദശാസ്ത്രപരമായും പഠിക്കുന്ന ശാസ്ത്രത്തിനാണു patrologyഎന്നു പറയുന്നത്. പക്ഷേ, ഇതു സത്യവിശ്വാസം പാലിച്ച പിതാക്കന്മാരെക്കുറിച്ചുള്ള പഠനമല്ല, പ്രത്യുത ഏതെങ്കിലുംവിധത്തിൽ സഭയോടു ബന്ധപ്പെട്ടു പ്രവർത്തിച്ച എല്ലാ ക്രിസ്തീയ എഴുത്തുകാരേയും പരാമർശിക്കുന്ന പഠനമാണ്. ഇതിൽ സഭാപിതാക്കന്മാരും വേദവിപരീതികളും ഉൾപ്പെടും. ഇതു തികച്ചും ശാസ്ത്രീയവും വസ്തുനിഷ്ഠവുമായ പഠനമാണ്. സത്യവിശ്വാസമാണോ വേദവിപരീതമാണോ ഈ എഴുത്തുകാർ പഠിപ്പിച്ചത് എന്ന് ഇവിടെ അന്വേഷിക്കുന്നില്ല. പല പുരാതന ഭാഷകളിലുമായി ഇവരുടെ കണക്കില്ലാത്ത കൈയെഴുത്തുപ്രതികൾ ഇനിയും വെളിച്ചം കാണാനുണ്ട്. ഇവ പ്രസാധനം ചെയ്യുന്നതിനും ചരിത്രപരമായി പഠിക്കുന്നതിനും പാശ്ചാത്യ സർവ്വകലാശാലകൾ മുൻകൈയെടുക്കുന്നുണ്ട്.

അവിഭാജ്യസഭയിലെ പിതാക്കന്മാരുടെ വേദശാസ്ത്ര സംഭാവനകളെപ്പറ്റിയുള്ള പഠനങ്ങൾ എക്യുമെനിക്കൽ പ്രസ്ഥാനത്തിന് ഒരു മുതൽക്കൂട്ടായിട്ടുണ്ട്. സഭയെ ഭിന്നിപ്പിച്ച പിൽക്കാല പ്രശ്നങ്ങൾക്കു പലതിനും ഏകകണ്ഠമായ ഒരുത്തരം ലഭിക്കുന്നതിന് ആദിമ സഭാപിതാക്കന്മാരെക്കുറിച്ചുള്ള അറിവ് വളരെയേറെ സഹായിക്കും. സഭയുടെ അഖണ്ഡ പാരമ്പര്യത്തിന്റെ സാക്ഷികളാണ് ആദിമപിതാക്കന്മാർ. തന്മൂലമാണ് ഇന്നും എല്ലാ പുരാതന സഭകളും ഈ പിതാക്കന്മാരുടെ അഭിപ്രായത്തിനു സമുന്നതമായ പ്രാധാന്യം നൽകുന്നത്. അതേസമയം തന്നെ, നമ്മുടെ യാഥാസ്ഥിതിക ചിന്തയ്ക്കും ദുരഭിമാനത്തിനും ഇന്നത്തെ ലോകത്തിന്റെ പ്രശ്നങ്ങളെ നേരിടാനുള്ള ധൈര്യക്കുറവിനും ഒരു മറയായി "പിതാക്കന്മാരുടെ പാരമ്പര്യത്തെയും വിശ്വാസത്തെയും" ഉപയോഗിക്കാൻ നാം ശ്രമിക്കുന്നുവെങ്കിൽ, അതു വളരെയേറെ ദയനീയമാണ്. പല പൗരസ്ത്യ സഭകളിലും ഇതു കുറെയൊക്കെ സംഭവിച്ചിട്ടുണ്ട്. ആന്തരിക ചൈതന്യവും കർമ്മശേഷിയും ഇല്ലാതെ, ക്രിസ്തുവിന്റെ ചൂടും വെളിച്ചവും ഉൾക്കൊണ്ടു കത്തിജ്വലിക്കാൻ കഴിയാതെ, ഭൂതകാലത്തിലേക്കു തിരിഞ്ഞിരുന്നു "ഞങ്ങൾ പിതാക്കന്മാരുടെ വിശ്വാസവും പാരമ്പര്യവും കാത്തു

സൂക്ഷിക്കുന്നു" എന്നു പറയുന്ന ക്രിസ്തീയ സമൂഹങ്ങൾ യഥാർത്ഥ ത്തിൽ സഭാപിതാക്കന്മാരെ അപമാനിക്കയാണു ചെയ്യുന്നത്. കാരണം ക്രിസ്തുവിന്റെ ജീവിതവും ക്രിസ്തീയ സുവിശേഷവും മനുഷ്യ യാഥാർ ത്ഥ്യത്തെ നിരന്തരം വെല്ലുവിളിക്കുകയും, അതിനെ രൂപാന്തരപ്പെടു ത്തുകയും ചെയ്യുന്നുവെന്നും, സഭയെ എന്നും പുതിയ ജീവിതത്തിന്റെ അനുഭവത്തിലേക്കു നയിച്ച് അനുനിമിഷം നവീകരിക്കുന്നു എന്നും മനസ്സി ലാക്കിയവരാണു പിതാക്കന്മാർ. അതുകൊണ്ടു ക്രിസ്തീയ വിശ്വാസത്തെ ക്രിയാത്മകമായി മനസ്സിലാക്കുവാനും പ്രയോഗത്തിൽ വരുത്തുവാനും അവർ ശ്രമിച്ചു. ക്രിസ്തീയ വിശ്വാസം അദ്ഭുതകരവും സർഗ്ഗപ്രവണ വുമായ ഒരു മഹാശക്തിയായി അവരിൽ നിറഞ്ഞു നിന്നിരുന്നു. ചേതനയറ്റ ഒരു പാരമ്പര്യത്തെ അന്ധമായി അനുകരിച്ചവരല്ലായിരുന്നു സഭാപിതാ ക്കന്മാർ; ശക്തവും ക്രിയാത്മകവുമായ ഒരു പാരമ്പര്യത്തിന്റെ സ്രഷ്ടാ ക്കളായിരുന്നു അവർ.

# ദിവ്യരഹസ്യങ്ങളുടെ പരിസേവകർ

## മോശയുടെ മാതൃക

ക്രിസ്തീയ പൗരോഹിത്യത്തിനു പഴയനിയമത്തിൽ മാതൃക തേടാനുള്ള പ്രവണത പല സഭാപിതാക്കന്മാരുടെയും കൃതികളിൽ കാണാം. അവരിൽ പലരേയും ഏറ്റവുമധികം ആകർഷിച്ച വ്യക്തിത്വം മോശയുടേതാണ്: മോശ ഇസ്രയേൽ ജനതയുടെ മഹാചാര്യനും ഭരണകർത്താവും രാഷ്ട്രപിതാവുമായിരുന്നു. എല്ലാറ്റിനുമുപരി യഹോവയ്ക്കും ജനങ്ങൾക്കും ഇടയിലുള്ള മദ്ധ്യസ്ഥനുമായിരുന്നു മോശ. സമുന്നത പുരോഹിതനായിരുന്ന അഹറോനു പോലും ദൈവത്തിന്റെ അരുളപ്പാട് ലഭിച്ചത് മോശയിലൂടെയായിരുന്നു. മറ്റാർക്കും പ്രവേശനമില്ലാതിരുന്ന യഹോവയുടെ വിശുദ്ധ സാന്നിദ്ധ്യത്തിലേക്ക് മോശയ്ക്ക് പ്രവേശനം ലഭിച്ചു. എല്ലാ അർത്ഥത്തിലും മോശയെ ദിവ്യരഹസ്യങ്ങളുടെ പരിസേവകനും കാര്യസ്ഥനും (Servant and Steward of the Mysteries of God) എന്നു വിശേഷിപ്പിക്കുവാൻ ക്രിസ്തീയ പാരമ്പര്യം തയ്യാറായിരുന്നു.

ദിവ്യജ്ഞാനം ആർജിക്കാനും ദൈവിക തേജസ് ആഴമായി അനുഭവിക്കാനും ആഗ്രഹിക്കുന്ന ഏതൊരാൾക്കും മാതൃകയായിട്ടാണ് മോശയെ അവതരിപ്പിക്കുന്നത്. ഇക്കാര്യത്തിൽ പുരോഹിതരും അത്മായക്കാരും എന്ന വ്യത്യാസമില്ല. എല്ലാ ക്രിസ്ത്യാനികളും ക്രിസ്തുവിന്റെ ശുശ്രൂഷകരും ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാരുമായിത്തീരണമെന്നാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. കാരണം ദൈവജനത്തിനു മുഴുവൻ ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കാളിത്തമുണ്ട്. സഭയെ മുഴുവൻ ഈ പുരോഹിത ധർമ്മത്തിലേക്ക് അതായത് ദിവ്യരഹസ്യങ്ങളുടെ പരിസേവകരും വിചാരിപ്പുകാരുമായിത്തീരുന്ന അവസ്ഥയിലേക്ക് നയിക്കുവാനാണ് നാം പ്രത്യേകം പട്ടംകൊടുത്ത് ചിലരെ പട്ടക്കാരും മേല്പട്ടക്കാരുമായി നിയമിക്കുന്നത്. അങ്ങനെ അവർ ദൈവജനത്തിന്റെ നായകന്മാരും ഭരണകർത്താക്കളും ആചാര്യന്മാരും ആയിത്തീരുന്നു. ഇവിടെയാണ് മോശ ക്രിസ്തീയ പുരോഹിതനു മാതൃകയായിത്തീരുന്നത്. സാധാരണക്കാരനായിരുന്ന, വാഗ്മിത്വമോ മറ്റ് വലിയ കഴിവുകളോ ഇല്ലാതിരുന്ന മോശ ദൈവതേജസ് അഭിമുഖമായിക്കണ്ടു. ആത്മികാനുഭവത്തിന്റെ അത്യുന്നത സോപാനങ്ങൾ കയറി. ദൈവജനത്തെ മുഴുവൻ ആ മഹത്വാനുഭവത്തിലേക്ക് ആകർഷിച്ചു.

ക്രിസ്തീയ പുരോഹിതനും മഹാപുരോഹിതനും മൗലികമായി ജനങ്ങളിൽ നിന്ന് വ്യത്യസ്തരല്ല. അടിസ്ഥാനപരമായി പുരോഹിതൻ ദൈവജനത്തിലൊരുവനാണ്. മാമോദീസായേറ്റ് ക്രിസ്തുവിന്റെ ശരീര രക്തങ്ങളിൽ

പങ്കാളിയായ ഒരു ക്രിസ്ത്യാനിയാണ് മൗലികമായി ഏതൊരു പുരോഹിതനും. ആത്യന്തികമായ ഈശ്വരാനുഭവത്തിലും പുരോഹിതൻ ജനങ്ങളിൽ നിന്ന് വ്യത്യസ്തനല്ല. കാരണം ദിവ്യരഹസ്യങ്ങളുടെ പരിസേവകരായിത്തീരാനുള്ള വിളി പുരോഹിതനും ജനങ്ങൾക്കും ഒരുപോലെയാണ്. ജനങ്ങളെ ഈ അനുഭവത്തിലേക്കു നയിക്കാനുള്ള പ്രത്യേക വിളിയും നൽവരവും ജനസ്വീകരണവും പുരോഹിതനു ലഭിക്കുന്നതുമൂലമാണ് അദ്ദേഹം മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാണ് എന്ന് നാം പറയുന്നത്.

## മോശയും അഹറോനും

ഇവിടെ മോശയും അഹറോനും തമ്മിലുള്ള വ്യത്യാസം ശ്രദ്ധേയമാണ്. അഹറോൻ നിയമാനുസൃത ലേവ്യ പൗരോഹിത്യത്തിന്റെ പ്രതിനിധിയാണ്. പൂജാരിയും അനുഷ്ഠാനകനുമാണ്. മോശയും പുരോഹിതനാണ്. പക്ഷേ ഏതെങ്കിലും സങ്കുചിതമായ നിയമത്തിന്റേയോ വ്യവസ്ഥാപിത പൗരോഹിത്യത്തിന്റേയോ ചട്ടക്കൂടുകൾക്കുള്ളിൽ മോശ ഒതുങ്ങുന്നില്ല. ദിവ്യജ്ഞാനത്തിന്റെ ഉന്നതഗിരികളിലെത്തിയ മോശ യോഗിയാണ്, മഹാഗുരുവാണ്, ശ്രേഷ്ഠാചാര്യനാണ്, അതുല്യനായ ജനനായകനാണ്. മോശ വംശവിമോചകനാണ്, പ്രവാചകനാണ്, പ്രവാചകന്മാരുടെ തലവനാണ്. പുരോഹിതനായ അഹറോനെയല്ല ക്രിസ്തീയ പുരോഹിതന്റെ മാതൃകയായി പാരമ്പര്യം എടുത്തു കാണിക്കുന്നത്; സീനായ് മലയിൽ അജ്ഞേയമായ ദിവ്യരഹസ്യങ്ങളുടെ മേഘാവരണത്തിനുള്ളിലേക്കു പ്രവേശിക്കുന്ന മഹർഷിയായ മോശയാണ് മാതൃക. മരുഭൂമികളിലൂടെ വർഷങ്ങളോളം ജനങ്ങളെ ക്ഷമയോടെ നയിക്കുന്ന സൗമ്യനായ ഭരണകർത്താവായ മോശയാണ് മാതൃക. വിക്കനെങ്കിലും ദൈവത്തിന്റെ വിളി മൂലം ജനങ്ങൾക്ക് ആചാര്യനായിത്തീർന്ന മഹാഗുരുവായ മോശയാണ് മാതൃക.

അഹറോൻ നിയമാനുസൃത പുരോഹിതനായിരുന്നെങ്കിൽ മോശ പ്രത്യേക നൽവരങ്ങളും സിദ്ധികളും ലഭിച്ച "കാരിസ്മാറ്റിക്" പുരോഹിതനായിരുന്നു. ഈ പൗരോഹിത്യത്തിനാണ് ക്രിസ്തീയ പൗരോഹിത്യവുമായി ഗാഢബന്ധമുള്ളത്. കാനോൻ നിയമങ്ങളിലും അനുഷ്ഠാനപ്രധാനമായ മതത്തിലും മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നായിട്ടല്ല ക്രിസ്തീയ പൗരോഹിത്യത്തെ സഭ വിഭാവനം ചെയ്യുന്നത്.

## സീനായ് സംഭവത്തിന്റെ സ്വാധീനം

മോശ സീനായ് പർവ്വതത്തിന്റെ ദൈവസന്നിധിയിലേക്കു പ്രവേശിക്കുന്നതായി വിവരിക്കുന്ന പഴയനിയമ വേദഭാഗം പൗരസ്ത്യ ദൈവശാസ്ത്രത്തിൽ വളരെ മൗലികമായ സ്വാധീനം ചെലുത്തിയിട്ടുണ്ട് (പുറ. 24:34). ഒന്നാം നൂറ്റാണ്ടിൽ അലക്സാണ്ട്രിയയിലെ ഫിലോ എന്ന പണ്ഡിതന്റെ

കാലം മുതൽ ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചും ദൈവജ്ഞാനത്തെ ക്കുറിച്ചുമുള്ള ചിന്തകൾക്ക് ആധാരമായി സീനായ് സംഭവത്തെ സ്വീകരി ക്കുന്നതായി കാണാം. പുറപ്പാടു പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന സംഭ വങ്ങളെ അന്യോപദേശരൂപത്തിലും (allegory) ആലങ്കാരികമായും വ്യാഖ്യാനിച്ച് ദിവ്യജ്ഞാനത്തിന്റെ സ്വഭാവം വെളിപ്പെടുത്താനാണ് ഫിലോയും അതിനുശേഷം അലക്സാണ്ട്രിയയിലെ ക്ലിമീസ്, ഓറിജൻ, കൈസര്യയിലെ ബസേലിയോസ്, നാസിയാൻസിലെ ഗ്രീഗോറിയോസ്, നിസ്സായിലെ ഗ്രീഗോറിയോസ് തുടങ്ങിയവരും ശ്രമിക്കുന്നത്.

പ്രതിഭാശാലികളും ആത്മിക സിദ്ധികൾ ഉള്ളവരുമായിരുന്ന ഈ ക്രിസ്തീയ ചിന്തകന്മാരുടെ ദൈവശാസ്ത്ര ചിന്തയെ രൂപപ്പെടുത്തിയ ഈ വേദഭാഗങ്ങളെ അടിസ്ഥാനമാക്കി ഏതാനും കാര്യങ്ങൾ നമുക്കു ചിന്തിക്കാം.

## ദിവ്യരഹസ്യങ്ങളിലേക്കുള്ള ഉപനയനം
(Initiation into the Mysteries of God)

മോശ മാത്രമാണ് സീനായ് മലയുടെ ഉന്നതത്തിൽ മേഘത്തിനുള്ളിൽ പ്രവേശിക്കുന്നത്. അഹറോനും മൂപ്പൻമാരും അവരവരുടെ ആത്മിക നിലവാരത്തിനനുസരണമായി മലയുടെ ചരിവിൽ നിൽക്കുന്നു. സാധാ രണ ജനങ്ങൾ അങ്ങ് താഴെ, മലയെ തൊടാതെ മാറിനിൽക്കുന്നു. മോശ ഇരുണ്ട മേഘത്തിലേക്കാണ് പ്രവേശിക്കുന്നത്. നിസ്സായിലെ ഗ്രിഗോറി യോസിന്റെയും മറ്റും വ്യാഖ്യാനമനുസരിച്ച് മോശയ്ക്ക് ദൈവസാന്നിദ്ധ്യം വെളിപ്പെടുന്നത് അന്ധകാരമായിട്ടാണ്. എന്നുവച്ചാൽ ദൈവത്തിന്റെ യഥാർത്ഥ സത്ത അജ്ഞേയമാണ്, ദുർഗ്രാഹ്യമാണ്, മനുഷ്യമനസ്സിന് ഒരിക്കലും പിടിച്ചെടുക്കാൻ കഴിയാത്തതാണ് എന്നർത്ഥം. ദൈവത്തിന്റെ കാതലായ അജ്ഞേയതയുടെ പ്രതീകമാണ് ഇരുണ്ട മേഘം. ഈ മേഘ ത്തിനുള്ളിൽ മനുഷ്യബുദ്ധിയുടെയും കഴിവിന്റെയും കണ്ണുകൾ അന്ധമാ യിപ്പോകുന്നു.

മോശ വെറുമൊരു ആട്ടിടയനായിരുന്ന കാലത്ത്, ആത്മികമായി സാധാരണതലത്തിൽ നിന്ന കാലത്ത്, അവനു ദൈവിക ദർശനമുണ്ടായി. മുൾപ്പടർപ്പിൽ കത്തുന്ന തീയായി, പ്രകാശമായി അന്ന് ദൈവത്തെ മോശ യറിഞ്ഞു. മോശ കൂടുതൽ ആത്മികമായി ഉയരുന്തോറും ഈ ബാഹ്യ പ്രകാശം നഷ്ടപ്പെടുന്നു. അവസാനം സീനായ് മലയിൽ അന്ധകാരമായി ദൈവം മോശയ്ക്കു വെളിപ്പെടുന്നു. ജ്ഞാനവും ആത്മാവും തന്നിൽ വർ ദ്ധിച്ചുവന്ന് ആത്മീയാനുഭവത്തിന്റെ ഉച്ചകോടിയിലെത്തിയപ്പോൾ മോശ അറിഞ്ഞത് ദൈവത്തിന്റെ കാതലായ സത്തയെ അറിയാൻ ഒരിക്കലും മനുഷ്യനു കഴിവില്ലെന്നാണ്. എല്ലാ അറിവിനെയും നിഷേധിക്കുന്ന ഈ

അറിവായിരുന്നു യഥാർത്ഥ അറിവ്.

ദൈവത്തിന്റെ ഈ നിഗൂഢസ്വഭാവത്തെ മനസ്സിലാക്കിക്കൊണ്ടാണ് “ആഴങ്ങളിൽ ആച്ഛാദിതമായിരിക്കുന്ന ദിവ്യദീപ്തി” എന്ന് ദൈവത്തെക്കുറിച്ച് നാസിയാൻസിലെ ഗ്രീഗോറിയോസ് പറഞ്ഞത്.

സീനായ് മലയിലേക്കുള്ള മോശയുടെ ഈ ആരോഹണം ആത്മികമായ തീർത്ഥാടനമാണ്. നമ്മുടെ ജീവന്റെ ഉറവയിലേക്ക്, പ്രകാശത്തിന്റെ പ്രഭവസ്ഥാനത്തേക്കുള്ള ശ്രമകരമായ തീർത്ഥാടനമാണിത്. ഈ തീർത്ഥാടനം പൗരോഹിത്യ ധർമ്മമാണ്. ദൈവത്തെ അറിയാനുള്ള ആത്മാർത്ഥമായ ശ്രമങ്ങളിലൂടെ, ജ്ഞാനത്തിന്റെ ലൗകികമായ എല്ലാ തലങ്ങളും കടന്ന് അവസാനം സകല ജ്ഞാനത്തെയും ശ്രമത്തെയും കഴിവിനെയും നിഷേധിച്ച് അതീതാജ്ഞാനത്തിലേക്കും (transcendental ignorance) അതുമൂലം അതീതാജ്ഞാന (transcendental knowledge) ത്തിലേക്കുമാണ് തീർത്ഥാടകൻ പ്രവേശിക്കുന്നത്.

### 1. വെളിപാടിന്റെ അർത്ഥം

യേശുക്രിസ്തുവിൽ ദൈവം സ്വയം വെളിപ്പെടുത്തിയതുകൊണ്ട് ഇനി കൂടുതലൊന്നും ദൈവത്തെക്കുറിച്ച് അറിയാനില്ല, അന്വേഷിക്കാനില്ല എന്ന ചിന്ത ചിലർക്കുണ്ട്. ഇത് വെളിപാടിനെക്കുറിച്ചുള്ള ഒരു തെറ്റിദ്ധാരണ മൂലമാണ്. വെളിപാടെന്നു വച്ചാൽ ബുദ്ധിപരമായി ദൈവത്തെ കൂടുതൽ മനസ്സിലാക്കാനുള്ള അവസരമാണെന്നും, എഴുതപ്പെട്ട വചനത്തിലൂടെ നമുക്കെല്ലാം മനസ്സിലായിക്കഴിഞ്ഞു എന്നുമാണ് ചിലർ ചിന്തിക്കുന്നത്. മാർട്ടിൻ ഹൈഡഗ്ഗർ ഈ നൂറ്റാണ്ടിൽ പാശ്ചാത്യസംസ്കാരം ജനിപ്പിച്ച സമുന്നത ദാർശനികനായിരുന്നു. ഉള്ളതെന്താണ്, ഉള്ളതിന്റെ (ഉണ്മയുടെ) സ്വഭാവമെന്താണ്, ഉണ്മയെ എങ്ങനെ വെളിപ്പെടുത്താം എന്നൊക്കെയാണ് അദ്ദേഹം ചിന്തിച്ചത്. ക്രിസ്തീയ വിശ്വാസത്തിൽ വെളിപാട് എന്ന ആശയമുള്ളതുകൊണ്ട് ഉണ്മയെക്കുറിച്ചുള്ള ഈ ദാർശനികമായ അന്വേഷണം ഉണ്ടാവാനിടയില്ല എന്ന് ഹൈഡഗ്ഗർ പറഞ്ഞു. പ്രമുഖ പ്രോട്ടസ്റ്റന്റ് വേദശാസ്ത്രജ്ഞനായിരുന്ന കാൾ ബാർത്തും വേറൊരുതരത്തിൽ ഇതേ അഭിപ്രായം പറഞ്ഞു. അദ്ദേഹത്തിന്റെ ചിന്ത അനുസരിച്ച് ക്രിസ്തുവിൽ ദൈവം പൂർണ്ണമായി സ്വയം വെളിപ്പെടുത്തി. പാപിയും നിസ്സഹായനുമായ മനുഷ്യന്റെ അന്വേഷണങ്ങൾക്കും ചിന്തയ്ക്കും ശ്രമത്തിനും യാതൊരു വിലയുമില്ല. ക്രിസ്തുവിലൂടെ ദൈവം മുൻകൈയെടുത്ത് ഏകപക്ഷീയമായി മനുഷ്യനെ രക്ഷിച്ചു. അതുകൊണ്ട് ഈശ്വരസത്തയെക്കുറിച്ചും മറ്റുമുള്ള മനുഷ്യന്റെ ദാർശനികമായ അന്വേഷണങ്ങൾ നിരർത്ഥകമാണ്.

ഇവർ രണ്ടുപേരും ‘ക്രിസ്തുവിലുള്ള വെളിപാടി’നെ തെറ്റിദ്ധരിച്ചിട്ടുണ്ട്.

ബുദ്ധിപരമായ അറിവുമായിട്ടാണ് അവർ വെളിപാടിനെ ബന്ധപ്പെടുത്തിയത്. പൗരസ്ത്യ ക്രിസ്തീയ ചിന്തയനുസരിച്ച് മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിലൂടെയുള്ള വെളിപാട് നമ്മെ ദിവ്യരഹസ്യങ്ങളിലേക്ക് ഉപനയിക്കുന്നു (Revelation in Christ initiates us to the mysteries of God).

ഉപനയനം പ്രവേനമാണ്, പുതിയൊരു തുടക്കമാണ്. സമ്പന്നവും സങ്കീർണ്ണവുമായ ഒരു പുതിയ ജീവിതാനുഭവത്തിന്റെ ആരംഭമാണ്. മാമോദീസായിലൂടെയും വിശുദ്ധ കുർബ്ബാനയിലൂടെയും ക്രിസ്തുവിന്റെ ജീവനിൽ നം പങ്കാളികളാകുകയും പുതിയ ആഴമേറിയ ഈശ്വരാനുഭവത്തിലേക്ക് ഉപനയിക്കപ്പെടുകയും ചെയ്യുന്നു. ദൈവം സ്നേഹമാണ് എന്നുള്ള വെളിപാട് ലഭിച്ചതുകൊണ്ടു മാത്രം ദൈവസ്നേഹത്തിന്റെ ആഴമറിയാനും അളക്കാനും നമുക്കു സാദ്ധ്യമല്ല. നേരെമറിച്ച്, ക്രിസ്തുവിലൂടെ ലഭിച്ച ആ വെളിപാട് ദൈവസ്നേഹത്തിന്റെ ആഴങ്ങളിലേക്കും അനന്തതയിലേക്കും നമ്മെ പ്രവേശിപ്പിക്കുകയാണ്. അങ്ങനെ പ്രവേശിച്ചു കഴിഞ്ഞാൽ പിന്നെ അവിടെ ദൈവസ്നേഹത്തെ അളക്കാനോ ബുദ്ധിയിൽ വിശകലനം ചെയ്തു മനസ്സിലാക്കാനോ ഉള്ള ശ്രമമില്ല. സ്നേഹത്തിന്റെ അനുഭവത്തിലൂടെ, നമ്മുടെ സ്വഭാവത്തിന്റെ രൂപാന്തരത്തിലൂടെ, ദൈവസ്വഭാവത്തിന് അനുരൂപരായിത്തീരുകയാണ് നാം.

ആത്മികാനുഭവത്തിന്റെയും ദൈവദർശനത്തിന്റെയും പ്രതീകമായ സീനായ് മലയാണ് നമ്മുടെ മുമ്പിലുള്ളത്. നാം വി. കുർബ്ബാനയർപ്പിക്കുന്ന ബലിപീഠത്തിന്റെയും അതിനുപരി സ്വർഗ്ഗത്തിന്റെയും പ്രതീകമാണ് സീനായിമലയുടെ കൊടുമുടി. കൂദാശകളുടെ, അല്ലെങ്കിൽ പൗരസ്ത്യശൈലിയിൽ പറഞ്ഞാൽ 'രഹസ്യങ്ങളു'ടെ, പരിസേവകരായി നാം വിളിക്കപ്പെട്ടിരിക്കുന്നു. മോശയെപ്പോലെ നാം ചെന്നെത്തേണ്ടത് ദിവ്യജ്ഞാനത്തിലേക്കും ദൈവദർശനത്തിലേക്കുമാണ്. നമ്മുടെ പാരമ്പര്യമനുസരിച്ച് ഭൂമിയിലുള്ള ബലിപീഠത്തിൽ അനുഷ്ഠിക്കുന്ന രഹസ്യങ്ങളിലൂടെ നാം പ്രവേശിക്കുന്നത് സ്വർഗ്ഗീയ ബലിയിലേക്കാണ്. ദൈവത്തിന്റെ മഹനീയ സന്നിധിയിലേക്കാണ്. അവിടേക്ക് സൃഷ്ടിയെ മുഴുവൻ കൊണ്ടുവരുവാൻ വേണ്ടി, സകല സൃഷ്ടിക്കുംവേണ്ടി നാം ദൈവസന്നിധിയിൽ കൈകളുയർത്തി നിൽക്കുന്നു. അങ്ങനെ നിൽക്കുമ്പോഴും, വിക്കനും സാധാരണക്കാരനുമായിരുന്ന മോശയെപ്പോലെ സാധാരണജനങ്ങളിലൊരുവൻ മാത്രമാണ് നാം ഓരോരുത്തരുമെന്ന് മറക്കാതിരിക്കുക.

### 2. മൂടുപടമിട്ട ദിവ്യതേജസ്സ് (Veiled Glory of God)

മോശ മേഘത്തിനുള്ളിൽ ദൈവസന്നിധിയിൽ നിന്നപ്പോൾ തന്റെ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചു. ഇതറിയാതെയാണ് മോശ നിയമത്തിന്റെ കൽപലകകളുമായി താഴേക്കിറങ്ങിയത്. അഹരോനും മൂപ്പന്മാരും ജനങ്ങളു

മെല്ലാം തന്നെ മോശയുടെ മുഖത്തേയ്ക്ക് നോക്കുവാൻ ഭയപ്പെട്ടു. ക്രമേണ മോശയ്ക്ക് കാര്യം മനസ്സിലായി. മൂടുപടം വലിച്ചിട്ട് തന്റെ പ്രകാശിക്കുന്ന മുഖത്തെ മോശ മറച്ചു. പിന്നീടു ദൈവസന്നിധിയിൽ നിൽക്കുന്ന സമയത്തൊക്കെ മോശ മൂടുപടം നീക്കുകയും ജനങ്ങളെ അഭിമുഖീകരിക്കുമ്പോഴൊക്കെ മുഖത്ത് മൂടുപടമിടുകയും ചെയ്യും. എന്തുകൊണ്ടായിരിക്കാം മോശ ജനങ്ങളുടെ നേരെ തിരിഞ്ഞപ്പോഴൊക്കെ തന്റെ മുഖത്തിന്റെ ശോഭ മറച്ചുകളഞ്ഞത്? ജനങ്ങൾക്ക് ഈ ശോഭ താങ്ങാനാവാത്തതുകൊണ്ടാണെന്ന് പഴയനിയമത്തിൽ സൂചിപ്പിക്കുന്നു. എന്നാൽ പൗലോസ് ശ്ലീഹാ കൊരിന്ത്യലേഖനത്തിൽ നല്കുന്നുണ്ട് അദ്ദേഹത്തിന്റേതായ ഉത്തരം (കോരി. 4:12-18). മോശയുടെ മുഖത്തെ തേജസ്സ് ക്രമേണ മായുന്നതായിരുന്നു. അങ്ങനെ തന്റെ മുഖശോഭ നഷ്ടപ്പെടുന്നതായി ജനങ്ങൾ അറിയുന്നതിനെക്കുറിച്ച് മോശയ്ക്കു ഭയവും ലജ്ജയും തോന്നി. അതുകൊണ്ട് തേജസ്സ് മാഞ്ഞുപോകുന്നത് ആരും അറിയാതിരിക്കാനായി മോശ മുഖത്തു മൂടുപടമിട്ടു. ഇത് അൽപ്പം പരിഹാസം കലർത്തിയാണ് പൗലോസ് ശ്ലീഹാ പറയുന്നത്. മോശയെയല്ല അദ്ദേഹം പരിഹസിക്കുന്നത്, ന്യായപ്രമാണത്തെ പൊതുവായിട്ടാണ്. ന്യായപ്രമാണത്തിന്റെ നീതിയും മഹത്വവും മാഞ്ഞുപോകുന്നതാണെന്നും പഴയനിയമത്തിൽ ഒതുങ്ങിനിന്ന് അതു വായിക്കുന്നവരുടെയെല്ലാം മുഖത്ത് ഇപ്പോഴും ഭയത്തിന്റെയും ലജ്ജയുടെയും മൂടുപടം കിടക്കുന്നുവെന്നും പൗലോസ് ശ്ലീഹാ പറഞ്ഞു. പുതിയനിയമത്തിൽ, യേശുക്രിസ്തുവിലൂടെ അനാവൃതമായ മുഖത്തോടെ, ദൈവതേജസ്സിനെ പ്രതിഫലിപ്പിക്കുവാൻ നമുക്ക് സാദ്ധ്യമാണ് എന്ന് ഊന്നിപ്പറയാനാണ് പൗലോസ് ശ്ലീഹാ ആഗ്രഹിച്ചത്.

ഏതായാലും മോശ മുഖത്തു മൂടുപടമിട്ടതിനെ വേറൊരു തരത്തിൽ നമുക്കു വ്യാഖ്യാനിക്കാം. ദൈവത്തിന്റെ നിഗൂഢമായ പ്രകാശം നിഗൂഢമായിത്തന്നെ സൂക്ഷിക്കാൻ മോശ ആഗ്രഹിച്ചു. പ്രത്യേക ഒരുക്കവും അർഹതയുമില്ലാത്തവർക്ക് ഒരു പക്ഷേ ദിവ്യപ്രകാശത്തിന്റെ ഈ പ്രതിഫലനം പോലും അപകടമുണ്ടാക്കിയേക്കാമെന്ന് മോശ ഭയപ്പെട്ടു.

ദൈവസിംഹാസനത്തിനു ചുറ്റും നിൽക്കുന്ന മാലാഖമാർ പോലും ദിവ്യപ്രകാശത്തെ കാണാതിരിക്കാൻ മുഖംമൂടുന്നതായി പാരമ്പര്യം പറയുന്നു. ആറാറു ചിറകുകളുള്ള സ്രാപ്പേന്മാർ ആറു ചിറകുകളിൽ രണ്ടെണ്ണം കൊണ്ട് കാൽ മൂടുന്നു, രണ്ടെണ്ണം കൊണ്ട് മുഖം മൂടുന്നു രണ്ടു കൊണ്ട് പറന്നു നിൽക്കുന്നു. പുരാതനമായ ഒരു പാരമ്പര്യമാണിത്. മോശയ്ക്കും ആദ്യം ദൈവദർശനമുണ്ടാകുമ്പോൾ ദൈവമഹത്വം കാണാനാവാതെ തന്റെ മുഖം മൂടുന്നുണ്ട്. ഇതേ വികാരം കൊണ്ടു തന്നെയാകണം മോശ ജനത്തിന്റെ മുമ്പിൽ മുഖം മൂടി നിൽക്കുന്നത്.

മറ്റൊരു കാരണം കൂടിയുണ്ട്. മോശ ഒട്ടുംതന്നെ പരസ്യം ആഗ്രഹിച്ചിരുന്ന വ്യക്തിയല്ല. “സകല മനുഷ്യരിലും സൗമ്യൻ” എന്നു അറിയപ്പെട്ടിരുന്നു മോശ. വാഗ്മിത്വമില്ലാതിരുന്നതുകൊണ്ടും വിക്കനായിരുന്നതുകൊണ്ടും അഹറോനാണ് മോശയ്ക്കു വേണ്ടി ജനത്തോടും മൂപ്പന്മാരോടും സംസാരിക്കുന്നത്. പരസ്യത്തിനും പ്രസിദ്ധീകരണത്തിനും പൊതുവെ വിമുഖനായ മോശയാണ് പ്രകാശിക്കുന്ന സ്വന്തം മുഖം മൂടുന്നതായി നാം കാണുന്നത്. ‘ക്യാമറ’യ്ക്കു നേരെ തിരിയാൻ മോശയ്ക്ക് എപ്പോഴും മടിയായിരുന്നു.

ഇന്നത്തെ നമ്മുടെ സംസ്ക്കാരത്തിൽ നിന്ന് വളരെ വ്യത്യസ്തമായിരുന്നു മോശയുടെ മനോഭാവം; പേര് പരസ്യപ്പെടുത്തുകയും, അതിൽ ആനന്ദം കണ്ടെത്തുകയും ചെയ്യുന്ന തലമുറയാണ് നമ്മുടേത്. സമ്മാനം കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നവർ, ദാനധർമ്മം ചെയ്യുന്നവർ, കുടിവെള്ളം വിതരണം ചെയ്യുന്നവർ, സാധുക്കളുടെ പുര മേഞ്ഞുകൊടുക്കുന്നവർ, ഉദ്ഘാടനം ചെയ്യുന്നവർ, ഊരു ചുറ്റുന്നവർ, പ്രസംഗിക്കുന്നവർ എല്ലാവരും ക്യാമറയ്ക്ക് അഭിമുഖമായി തിരിയുന്നു. പത്രമാസികകളും റേഡിയോയും ടെലിവിഷനുമെല്ലാം സുലഭമായപ്പോൾ ആർക്കും എന്തും പരസ്യപ്പെടുത്താമെന്നു വരുന്നു.

ഇവിടെയാണ് നമ്മുടെ പ്രശ്നം. നമ്മുടെ ജീവിതത്തിന്റെ ഉപരിതലത്തിൽ തിളങ്ങിക്കാണുന്നതെന്തൊക്കെയോ, അത്രയുമേ ആകെ നമ്മിൽ പലർക്കുമുള്ളു. നമ്മുടെ ജീവിതം ഒരു “ഷോകേസ്” ആയി മാറുന്നു. ആഴമായി ഒന്നുമില്ല. മറഞ്ഞിരിക്കുന്ന ധനമൊന്നുമില്ല. നിഗൂഢമായ നെല്ലറകളൊന്നുമില്ല. ആഴമായി ഒന്നുമില്ലെന്ന് നമുക്കറിയാവുന്നതുകൊണ്ട്, ഉപരിതലത്തിലുള്ളതിനെ വീണ്ടും വീണ്ടും നാം തേച്ചുമിനുക്കുകയും എത്രയും വ്യക്തമായി അത് പ്രദർശിപ്പിക്കാമോ അങ്ങനെ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. ദൈവദർശനത്തിന്റെ ആഴത്തെക്കുറിച്ച് ബോദ്ധ്യമുണ്ടായിരുന്ന മോശ, ഒരിക്കലും തീർന്നുപോകാത്ത മഹാധനത്തിന് അവകാശിയായ മോശ പുറത്തൊന്നും കാണിക്കുന്നില്ല. മോശ തിളങ്ങുന്ന തന്റെ മുഖത്തെ പ്രദർശിപ്പിക്കാതെ മൂടുപടമിടുന്നു. ആ മൂടുപടത്തിനടിയിൽ അഗാധ രഹസ്യങ്ങൾ നിഗൂഢമായിരിക്കുന്നു. മോശ ആ രഹസ്യങ്ങളുടെ സാക്ഷിയും ശുശ്രൂഷകനും കാര്യസ്ഥനുമായി മാറുന്നു.

ദൈവത്തിൽ നിന്നു ലഭിക്കുന്ന അപൂർവ്വ ദർശനങ്ങളും ചില നൽവരങ്ങളും, അദ്ഭുതകരമായ ആത്മീയാനുഭൂതികളും നിഗൂഢമായി സൂക്ഷിക്കുന്ന ഒരു പാരമ്പര്യമാണ് യഥാർത്ഥ ക്രിസ്തീയാചാര്യന്മാർ കാണിച്ചുതന്നിട്ടുള്ളത്. ഈ മറച്ചുവയ്ക്കലും, പ്രസിദ്ധപ്പെടുത്താനുള്ള വൈമുഖ്യവും ആ അനുഭവങ്ങളുടെ സത്യാവസ്ഥയുടെ തെളിവുകളായിരുന്നു.

എന്നാൽ ഇന്നു നാം കാണുന്ന പല സിദ്ധന്മാരും രോഗശാന്തിക്കാരും ആത്മീയാചാര്യന്മാരുമെല്ലാം ആൾക്കൂട്ടം തങ്ങളെ പൊതിഞ്ഞു നിൽക്കുന്നതിൽ വിശ്വസിക്കുന്നവരാണ്. ലക്ഷക്കണക്കിൽ പണം ചെലവു ചെയ്ത് പരസ്യങ്ങൾ നൽകിയും ആരാധകരെ വിഭ്രമിപ്പിച്ച് അവരെക്കൊണ്ട് പെരുമ്പറയടിപ്പിച്ചും വിരാജിക്കുന്ന സിദ്ധന്മാരും ഗുരുക്കന്മാരും നിറഞ്ഞതാണ് ഇന്നത്തെ ലോകം.

## നന്മയുടെ വിത്തുകൾ

ഇതുപോലെ ഇന്ന് രഹസ്യമായി ചെയ്യപ്പെടുന്ന നന്മകൾ വളരെ ചുരുക്കമാണ്. ഇന്ന് വലംകൈ ചെയ്യുന്നത് ഇടംകൈ അറിയുമെന്നു മാത്രമല്ല പത്രക്കാരും നാട്ടുകാരുമെല്ലാം അത് തീർച്ചയായും അറിഞ്ഞിരിക്കണമെന്ന് നന്മ ചെയ്യുന്ന ഉദാരമതികൾക്ക് നിർബന്ധവുമാണ്. നമ്മുടെ ഭക്തസംഘടനകളേയും പള്ളികളേയും പുരോഹിതന്മാരേയും ഈ രോഗം പിടികൂടുമ്പോൾ അത് അങ്ങേയറ്റം അപഹാസ്യമാണ്. ഇരുന്നതിന്റേയും, എഴുന്നേറ്റതിന്റെയും, ഉണ്ടതിന്റേയും, ഉറങ്ങിയതിന്റെയും ജൂബിലികൾ ആഘോഷിക്കുകയും അത്തരം കൃത്രിമാവസരങ്ങളിൽ സ്തുതിപാഠകന്മാരുടെ പൊളിവചനങ്ങളും മുഖസ്തുതികളും കേട്ട് സന്തോഷിക്കുകയും അതിന്റെ റിപ്പോർട്ട് സവിസ്തരം പത്രങ്ങളിൽ കൊടുത്ത് ആനന്ദമടയുകയും ചെയ്യുന്ന ധാരാളംപേർ നമ്മുടെ സമൂഹത്തിലുണ്ട്. മഹാനായ മോശയെന്ന നേതാവ് ഇത്തരക്കാരിൽ നിന്ന് എത്ര വിദൂരസ്ഥനാണ്. മോശ തേജസ്സുറ്റ മുഖത്ത് മൂടുപടമിട്ട നേതാവായിരുന്നു.

ആരും ഒരിക്കലും അറിയാത്ത ഏതാനും ചില നന്മകളെങ്കിലും നമ്മുടെ ജീവിതത്തിൽ ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു! ഒരിക്കലും അവ അറിയപ്പെടാതിരിക്കണം. നമ്മുടെ മരണത്തോടെ എന്നെന്നേക്കുമായി അതു വിസ്മരിക്കപ്പെടണം. ഇത്തരം നന്മകൾ വലിയ ചില മരങ്ങളുടെ വിത്തുകൾ പോലെയാണ്. ചിലപ്പോൾ അനുകൂലമായ കാലാവസ്ഥ പ്രതീക്ഷിച്ച് വർഷങ്ങളോളം ഭൂഗർഭത്തിൽ അവ മറഞ്ഞുകിടക്കും. ആരുമറിയാത്ത, ആരാലും പ്രശംസിക്കപ്പെടാത്ത, അവാർഡ് നേടാത്ത, ജൂബിലിയാഘോഷിക്കാത്ത ഈ വിത്തുകൾ ഒരുനാൾ മുളയ്ക്കും, വളരും, പടർന്നു പന്തലിച്ചു മഹാവൃക്ഷമായി അനേകർക്കു തണലും ഫലങ്ങളും നൽകും. ആകാശത്തിലെ പക്ഷികൾക്കും, ഭൂമിയിലെ മനുഷ്യർക്കും സന്തോഷകാരണമായിത്തീരും. അത്തരം അജ്ഞാതമായ വിത്തുകളിൽ നിന്ന് വളർന്ന തരുലതാദികളായിരിക്കണം നമ്മുടെ ലോകത്തെ പൂർണ്ണമായ നാശത്തിൽ നിന്ന് തടഞ്ഞു നിർത്തുന്നത്.

വിശുദ്ധ കുർബ്ബാനയിൽ രഹസ്യപ്രാർത്ഥനകളുണ്ട്. ജനങ്ങളറിയാതെ, കേൾക്കാതെ, അവർക്കുവേണ്ടി പുരോഹിതൻ പ്രാർത്ഥിക്കുന്നുണ്ട്. ഈ

രീതി തെറ്റാണെന്നും എല്ലാ പ്രാർത്ഥനകളും എല്ലാവർക്കും കേൾക്കണമെന്നും, കുർബാനയിലും പ്രാർത്ഥനയിലും സമ്പൂർണ്ണ "ജനാധിപത്യം" നടപ്പാക്കണമെന്നും വാദിക്കുന്ന ഓർത്തഡോക്സ് ചിന്തകരുണ്ട്. അവരുടെ വാദങ്ങളിൽ ഒരുപക്ഷേ കുറേ ന്യായങ്ങളുണ്ടായിരിക്കാം. പക്ഷേ, ഞാനറിയാതെ ആരെങ്കിലും എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടെങ്കിൽ ആ പ്രാർത്ഥനയ്ക്ക് ആഴം കൂടുതലുണ്ടെന്ന് തോന്നുന്നു. യേശുക്രിസ്തുവിൽ നമ്മെയും സകല സൃഷ്ടിയെയും വലയം ചെയ്യുന്ന ദിവ്യജീവനെക്കുറിച്ചുള്ള ബോധമാണ് നിശ്ശബ്ദവും നിഗൂഢവുമായ അത്തരം പ്രാർത്ഥനയുടെ പുറകിലുള്ളത്. മറ്റുള്ളവരറിയാതെ അവർക്കുവേണ്ടി നാം നടത്തുന്ന പ്രാർത്ഥനകളും അപേക്ഷകളും ചൊരിയുന്ന കണ്ണുനീരും നന്മയുടെ അറിയപ്പെടാത്ത വിത്തുകളാണ്. ശക്തിയുള്ള വിത്തുകളാണവ. ചില നവീകരണസഭകളിൽ ചെയ്യുന്നതുപോലെ ആളുകളെ എണ്ണിയെണ്ണിയും ഉച്ചത്തിലും നടത്തുന്ന പ്രാർത്ഥനകൾക്ക് തീർച്ചയായും പ്രയോജനകരമായ ഒരു വശമുണ്ട്. എന്നാൽ ഓർത്തഡോക്സ് പാരമ്പര്യത്തിൽ താൽക്കാലികമായ ആ പ്രയോജനത്തേക്കാൾ സ്ഥായിയായതും ആഴമേറിയതുമായ നന്മയ്ക്കു പ്രാധാന്യം കൊടുക്കുന്ന രീതിയാണുള്ളത്.

## കൽപ്പലകയുടെ മറുവശം

മോശ കൽപ്പലകകൾ കൈയിൽ ജനത്തിനഭിമുഖമായി പിടിച്ചുകൊണ്ട് മലയിൽ നിന്നും ഇറങ്ങിവന്നു. അവന്റെ മുഖം തിളങ്ങിക്കൊണ്ടിരുന്നു. കൽപ്പലക യഹോവ തന്നെ എഴുതിയതായിരുന്നുവെങ്കിലും അതിനു തിളക്കമില്ലായിരുന്നു. ജനങ്ങൾ സ്വാഭാവികമായും തിളക്കമുള്ളിടത്താണ് അവരുടെ ശ്രദ്ധ കേന്ദ്രീകരിച്ചത്. മോശ മുഖത്തു മൂടുപടമിട്ടപ്പോൾ ജനങ്ങൾ കൽപ്പലകയിലേക്കു ശ്രദ്ധ തിരിച്ചു.

നാസിയാൻസിലെ മാർ ഗ്രീഗോറിയോസ് പറയുന്നത് ജനങ്ങൾ കൽപ്പലകയുടെ ഒരു വശം മാത്രം കണ്ടു, മറുവശം മോശയ്ക്ക് അഭിമുഖമായിരുന്നതുകൊണ്ട് മോശ മാത്രമേ അതു കാണുകയുണ്ടായുള്ളു എന്നാണ്. അഹരോനും മൂപ്പന്മാരും ജനങ്ങളും കണ്ട ഒരു വശം നിയമത്തിന്റെ വശമാണ്. നിയമത്തിന്റെ അക്ഷരങ്ങൾക്കപ്പുറം ഉയരാൻ അവർക്കു കഴിയുന്നില്ല. മോശ കൽപ്പലകകൾ കൊണ്ടുവന്നതോടെയാണല്ലോ നിയമ നിബദ്ധമായ മതം ഇസ്രയേലിൽ ആരംഭിക്കുന്നത്.

കൽപ്പലകയുടെ മറുവശം, നിയമത്തിനതീതമായി ഉയരുന്ന, സമ്പന്നവും ആഴമേറിയതുമായ ആത്മികാനുഭവത്തിന്റെ പ്രതീകമായിരുന്നു. രണ്ടു വശവും കണ്ടവൻ മോശയായിരുന്നു. കൽപ്പലകയുടെ ഇരു പുറവും വായിച്ച മോശയാണ് ക്രിസ്തീയ പുരോഹിതന്റെ മാതൃക.

കൽപ്പലകയുടെ മറുവശം കാണാത്തതിൽ താഴെ നിന്നവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. കാരണം മോശ അങ്ങനെയാണതു പിടിച്ചിരുന്നത്. പക്ഷേ അതല്ല അവിടത്തെ പ്രശ്നം. താഴെ നിൽക്കുന്നവർ അജ്ഞന്മാരും മടിയന്മാരുമാണ്. കൽപ്പലകയുടെ ഒരു വശം തന്നെ ശരിക്കു വായിച്ചു മനസ്സിലാക്കുവാൻ അവർക്ക് താത്പര്യമില്ല. പിന്നെയാണ് മറുവശം! സ്വർണ്ണക്കാളക്കുട്ടിയെ വാർക്കാനും അതിനെ ആഘോഷിച്ചുകൊണ്ട് ഉൽസവവും പെരുന്നാളും റാസയും വെടിക്കെട്ടും നടത്താനുമേ അവർക്കു താൽപര്യമുള്ളു. പുരോഹിതനായ അഹരോൻ പോലും അവിടെ അറിവില്ലാത്ത ജനങ്ങളുടെ താളത്തിനൊത്ത് തുള്ളുകയാണ്. അഹരോന്യ പൗരോഹിത്യം ഏറ്റവുമുയർന്നാൽ കൽപ്പലകയുടെ ഒരുവശത്തെ നിയമങ്ങളെ ആക്ഷരികമായി ആചരിക്കും. അത്ര മാത്രം. കഠിനമായ ആത്മീയ നിഷ്ഠയിലൂടെയും ദിവ്യരഹസ്യങ്ങളുടെ മൗനത്തിലൂടെയും, മോശയെപ്പോലെ ഉയർന്ന ആർക്കും കൽപ്പലകയുടെ മറുവശം കാണാമായിരുന്നു. അതിൽ ആർക്കും താൽപര്യമില്ലായിരുന്നു എന്നതാണ് വാസ്തവം.

പുരോഹിതൻ നിയമം അറിയുന്നവനും അനുസരിക്കുന്നവനുമായിരിക്കണമെന്നതിൽ ആർക്കും സംശയമില്ല. പക്ഷേ, സംഘടിത പൗരോഹിത്യത്തിന്റെ ഏറ്റവും വലിയ പ്രശ്നം അത് നിയമത്തിന്റെ ശുഷ്കമായ ചട്ടക്കൂട്ടിലൊതുങ്ങാനും സഭയെ മുഴുവൻ നിയമത്തിന്റെ മുനകളിൽ തളച്ചിടാനുമുള്ള പ്രവണത കാണിക്കുന്നു എന്നതാണ്. അതിന്റെ ഫലമായി വിപുലമായ ആത്മികാനുഭവങ്ങളും മനുഷ്യസ്നേഹപരമായ മഹൽ ദർശനങ്ങളും നഷ്ടപ്പെടുത്തിക്കൊണ്ട് ഇടുങ്ങിയതും അർത്ഥമില്ലാത്തതുമായ പ്രശ്നങ്ങളിൽ നാം കുടുങ്ങുന്നു. മരണാസന്നയായ ഒരു സ്ത്രീക്കു തൈലാഭിഷേകം നടത്തുമ്പോൾ അവരുടെ ചുണ്ടിൽ ലിപ്സ്റ്റിക്കുണ്ടായിരിക്കുകയും ലിപ്സ്റ്റിക്കിനു പുറത്ത് തൈലം പൂശുകയും ചെയ്താൽ ആ കൂദാശയ്ക്ക് എത്ര ഡിഗ്രി ഫലമുണ്ടാകും എന്ന് കൃത്യമായി കണക്കു കൂട്ടാൻ ഒരു കാലത്ത് ചില റോമൻ കത്തോലിക്കാ പണ്ഡിതന്മാർ ശ്രമിച്ചിരുന്നു. വിശുദ്ധ കുർബാന സൂക്ഷിച്ചു വച്ചത് എലിയെടുത്താലുണ്ടാകുന്ന അനന്തരഫലങ്ങളെക്കുറിച്ച് ഇവിടെയും ചർച്ചകൾ നടന്നിട്ടുണ്ടല്ലോ.

നമ്മുടെ പല പള്ളിത്തർക്കങ്ങളും ഇവയിലൊക്കെ കഷ്ടമായി മനുഷ്യരെ യഥാർത്ഥ ദൈവദർശനത്തിൽ നിന്നും ബഹുദൂരം അകറ്റുന്നതാണ്. അർത്ഥമില്ലാത്തതും, അക്രൈസ്തവവുമായ ലക്ഷ്യങ്ങൾക്കുവേണ്ടി ജനങ്ങളെ ഇളക്കി പ്രകടനങ്ങൾ നടത്താനും പണവും ശക്തിയും വാരിക്കോരി ചെലവാക്കാനും നമുക്കു മടിയില്ല. ഇത്തരം വിഭ്രാന്തികൾക്കു നേതൃത്വം കൊടുക്കുന്നവരാണ് മാതൃകാ പുരോഹിതന്മാർ എന്നു പോലും ചിന്തിക്കുന്ന ജനങ്ങൾ കുറെയെങ്കിലുമുണ്ട്. സീനായ് മലയിൽ കയറി

യവനും കൽപ്പലകയുടെ ഇരുപുറങ്ങളും കണ്ടവനുമായ മോശയുടെ മാതൃക നിർഭാഗ്യവശാൽ ഇന്ന് നമുക്കധികമില്ലല്ലോ.

മോശ നിയമദാതാവായിരുന്നു. കൽപ്പലകകൾ ഒരവസരത്തിൽ എറിഞ്ഞുടച്ച നിയമ ലംഘകനുമായിരുന്നു. യഥാർത്ഥ പുരോഹിതൻ നിയമത്തിന്റെ ഇടുങ്ങിയ ഭിത്തികൾക്കുപരിയായി സീനായ് മലയിൽ മേഘതമസ്സിൽ പ്രവേശിക്കുന്നവനാകണം. ഫറവോയുടെ സാമ്രാജ്യത്തിന്റെ അതിരുകൾ ലംഘിച്ച് കടക്കാനും, ചെങ്കടൽ തരണം ചെയ്യാനും ജനങ്ങളെ സഹായിക്കാൻ മോശയെപ്പോലുള്ള ദർശകനായ പുരോഹിതനേ കഴിയൂ.

## മനുഷ്യരഹസ്യത്തിന്റെ ശുശ്രൂഷകർ

ദൈവരഹസ്യങ്ങളിൽ പങ്കാളികളാകുന്നവരാണ് മനുഷ്യരും പ്രകൃതിയും. അതുകൊണ്ട് പുരോഹിതൻ മനുഷ്യരുടെയും പ്രകൃതിയുടെയും ശുശ്രൂഷകരും കാര്യസ്ഥരുമായിത്തീരുന്നു. ഇതെക്കുറിച്ചു കൂടി ഒരു വാക്ക് പറഞ്ഞുകൊള്ളട്ടെ.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനം മനുഷ്യനെയും മനുഷ്യസമൂഹത്തെയും പറ്റി മൗലികമായി വിചിന്തനം ചെയ്യുന്ന മൂന്നു ചിന്താ പദ്ധതികൾ ഉടലെടുത്തു. മാർക്സിന്റെ സാമൂഹ്യ സാമ്പത്തിക സിദ്ധാന്തം, ഫ്രോയിഡിന്റെ മനഃശാസ്ത്ര സിദ്ധാന്തം, ഡാർവിന്റെ പരിണാമസിദ്ധാന്തം. ഇവയുടെ അടിസ്ഥാനത്തിൽ ഉണ്ടായ പഠനങ്ങളും സാമൂഹ്യ സാമ്പത്തിക വിപ്ലവങ്ങളും ചിന്താധാരകളും എല്ലാം കൂടിച്ചേർന്ന് ഒരു പുതിയ ലോകം സൃഷ്ടിച്ചു. മനുഷ്യനേയും അവന്റെ സ്വഭാവത്തേയും പെരുമാറ്റത്തേയും പൂർണ്ണമായി മനസ്സിലാക്കാനും നിയന്ത്രിക്കാനും ഇതുമൂലം കഴിയുമെന്ന് പലരും വിശ്വസിച്ചിരുന്നു. പക്ഷേ, ആ വിശ്വാസങ്ങളെല്ലാം അസ്ഥാനത്തായിരുന്നു. മാർക്സിന്റെയും, ഫ്രോയിഡിന്റെയും, ഡാർവിന്റെയും സിദ്ധാന്തങ്ങൾക്കു തിരിച്ചടികളും, തിരുത്തലുകളുമുണ്ടായി. ഇന്ന്, മനുഷ്യൻ പ്രശ്നങ്ങളുടെ മദ്ധ്യത്തിൽ, അഴിക്കുന്തോറും കുരുക്കു വീഴുന്ന ഒരു പ്രഹേളികയായിത്തന്നെ നില്ക്കുന്നു. മനുഷ്യൻ തന്നെ കൂട്ടിവച്ച ആയുധക്കൂമ്പാരങ്ങൾക്കിടയിൽ, അവൻ തന്നെ സൃഷ്ടിച്ച പ്രകൃതിനാശത്തിനു മദ്ധ്യത്തിൽ മനുഷ്യൻ ഭയന്നു വിറച്ച് ഭാവിയെക്കുറിച്ച് പ്രത്യാശയില്ലാതെ മനുഷ്യത്വത്തിന്റെ അന്തസ്സ് നഷ്ടപ്പെട്ട് നിസ്സഹായനായി കഴിയുന്നു.

മനുഷ്യനെ മനസ്സിലാക്കാൻ തീവ്രശ്രമങ്ങൾ ഇപ്പോഴും നടക്കുന്നുണ്ട്. ജീവശാസ്ത്രത്തിൽ ജീവകോശങ്ങളുടെ രഹസ്യത്തെക്കുറിച്ചും ജീവന്റെ പാരമ്പര്യത്തെക്കുറിച്ചും ഉല്പത്തിയെക്കുറിച്ചുമെല്ലാം ഒരു വശത്ത് ഗവേഷണങ്ങൾ നടക്കുന്നു. വേറൊരുവശത്ത് മനുഷ്യന്റെ തലച്ചോറിനെ സംബന്ധിച്ച പുതിയ ഗവേഷണങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇതുവരെ

ഏറ്റവും കുറച്ച് അറിയപ്പെട്ടിരുന്ന ശരീരഭാഗമാണ് മസ്തിഷ്കം. പ്രപഞ്ചത്തിലെ ഏറ്റവും സങ്കീർണ്ണമായ വസ്തു (The most complex piece of matter) എന്നും പലരും വിശേഷിപ്പിക്കുന്ന മസ്തിഷ്കത്തെക്കുറിച്ചുള്ള പഠനങ്ങൾ അദ്ഭുതകരമായ ഒരു പ്രപഞ്ചമാണ് നമുക്ക് തുറന്നു തരുന്നത്. ഒരു കാലത്ത് മനുഷ്യനെക്കുറിച്ച് മിക്കവാറും എല്ലാം പഠിച്ചുകഴിഞ്ഞു എന്ന് വിചാരിച്ചിരുന്ന ലോകത്തിനു മുമ്പിൽ ആയിരക്കണക്കിനു വർഷങ്ങൾ ഗവേഷണം നടത്താവുന്ന സമസ്യകൾ വിടർന്നു വരുന്നു.

അജ്ഞേയനായ ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലുമാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് എന്ന് ഇന്നു പല ദൈവശാസ്ത്രജ്ഞന്മാരേക്കാളും ബോദ്ധ്യം വലിയ വിശ്വാസികളല്ലാത്ത ജീവശാസ്ത്രജ്ഞന്മാർക്കും ഭൗതിക ശാസ്ത്രജ്ഞന്മാർക്കുമാണ്. അത്ര ആഴമേറിയതാണ് മനുഷ്യന്റെ രഹസ്യം. ഇന്ന് അതീന്ദ്രിയ ധ്യാനത്തിലൂടെയും മറ്റും മനുഷ്യരഹസ്യത്തെ പിടിച്ചെടുക്കുവാൻ മനുഷ്യൻ യത്നിക്കുന്നു. മനുഷ്യജീവിതത്തിന്റെ ഓരോ നിമിഷവും രഹസ്യാത്മകമാണ്. പരിചയംകൊണ്ട് നാമതു വിസ്മരിക്കുന്നു. കന്യകമറിയാമിന്റെ ഗർഭധാരണവും ക്രിസ്തുവിന്റെ ജനനവും മഹാരഹസ്യമായി സഭ ചൂണ്ടിക്കാണിക്കുന്നു. ക്രിസ്തീയ പാരമ്പര്യം ആ രീതിയിൽ അതിനെ വർണ്ണിക്കാൻ ശ്രമിക്കുന്നു. എന്നാൽ ലോകത്തിലേക്കു വരുന്ന ഓരോ ശിശുവിന്റെയും ജനനം അതുപോലെ തന്നെ ദൈവത്തിന്റെ മഹാരഹസ്യമാണ് (ഉദരത്തിൽ ശിശുവിനെപ്പേറുന്ന ഒരു സ്ത്രീയുടെ ഹൃദയത്തുടിപ്പുകൾ ഒരു പക്ഷേ പുരുഷന്മാർക്കും പുരുഷന്മാരായ പുരോഹിതന്മാർക്കും മനസ്സിലാക്കുക സാദ്ധ്യമല്ല. അതുകൊണ്ടായിരിക്കാം ഗർഭിണിയായ കന്യകമറിയം തന്നെ മനസ്സിലാക്കാൻ കഴിയുന്ന മറ്റൊരു സ്ത്രീയുടെ - എലിസബേത്തിന്റെ - അടുത്തേക്ക് കഷ്ടപ്പെട്ട് യാത്ര ചെയ്യുന്നത്). ഓർത്തഡോക്സ് സഭകൾ സ്ത്രീകൾക്കു പൗരോഹിത്യം നൽകുന്നില്ല. എങ്കിലും ജീവന്റെ രഹസ്യത്തിനു പരിസേവകരായിത്തീരാൻ പുരുഷന്മാരേക്കാൾ കൂടുതൽ യോഗ്യത സ്ത്രീകൾക്കാണെന്നു തോന്നുന്നു. ദിവ്യജീവന്റെ അതീത രഹസ്യത്തിൽ നിന്നു ഭൂമിയിൽ ജനിച്ചു വീഴുന്ന കുഞ്ഞുങ്ങൾ പട്ടിണിയിലേക്കും അപമാനത്തിലേക്കും ജനിക്കുന്നു എന്നതാണ് നമ്മുടെ ദുരന്തം. മനുഷ്യന്റെ അന്തസ്സുയർത്തുകയും ദൈവത്തിന്റെ ജീവനിൽ അവനുള്ള സ്ഥാനം വീണ്ടെടുക്കുകയും ചെയ്യുകയെന്നത് സുപ്രധാനമായ പൗരോഹിത്യധർമ്മമാണ്. നിർഭാഗ്യവശാൽ നമ്മുടെ സാധുജന സംരക്ഷണവും ഇടവകയുടെ മറ്റു ജീവകാരുണ്യ പ്രവർത്തനങ്ങളും, പിച്ചക്കാശ് കൊടുക്കുന്നതിലും കൊടുക്കുന്നവരുടെ പടം പത്രത്തിൽ വരുന്നതിലും മിക്കവാറും കേന്ദ്രീകരിച്ചിരിക്കുന്നു. ഇത് മനുഷ്യന്റെ ജീവനെ അപമാനിക്കുകയാണ്. മനുഷ്യജീവന്റെ രഹസ്യത്തെക്കുറിച്ചും വിശുദ്ധിയെക്കുറിച്ചും ഗൗരവപൂർവ്വം

മനസ്സിലാക്കാൻ നമുക്ക് ഇനിയും പരിശീലനം ലഭിക്കേണ്ടിയിരിക്കുന്നു. ജീവന്റെ കുരുന്നു നാമ്പുകൾ കാത്തുസൂക്ഷിക്കുവാൻ, അവയെ ബഹുമാനിച്ച് വളർത്തുവാൻ സീനായ് മലയുടെ കൊടുമുടിയോളം അവയെ നയിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

## പ്രകൃതിയുടെ പരിസേവകർ

ഇതുപോലെ തന്നെയാണ് പ്രകൃതിയോടുള്ള ബന്ധവും. 17-ാം നൂറ്റാണ്ടിൽ ഫ്രാൻസിസ് ബേക്കൺ പറഞ്ഞു: 'Scientia est Potestas.' അറിവ് ശക്തിയാണ്. ശാസ്ത്രീയ വിജ്ഞാനമാണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത്. അതിനു ശേഷം ദെക്കാർത്ത് എന്ന മഹാപ്രതിഭാശാലി പറഞ്ഞു, ഈ അറിവുപയോഗിച്ച് നാം പ്രകൃതിയുടെ യജമാനരും ഉടമയുമായിത്തീരണമെന്ന്. ഇവർ രണ്ടുപേരും ആധുനിക ശാസ്ത്രീയ സംസ്കാരത്തെ കരുപ്പിടിപ്പിച്ച രണ്ടു ചിന്തകന്മാരാണ്. അവിടുന്നിങ്ങോട്ട് പ്രകൃതിയെ ചൂഷണം ചെയ്ത്, ഭൂമിയെ നശിപ്പിച്ച്, നമ്മുടെ കൊച്ചുഭൂമിയെ അധിവാസയോഗ്യമല്ലാത്ത, ശ്വാസം മുട്ടിക്കുന്ന ഒരു പുതിയ തടവറയാക്കിത്തീർത്തുകൊണ്ടിരിക്കുകയാണ് അത്യാഗ്രഹിയായ മനുഷ്യൻ. ഉല്പത്തി പുസ്തകത്തിലെ "ഭൂമിയെ അടക്കിവാഴാനുള്ള" ദൈവകല്പന സ്വാർത്ഥപരമായി വ്യാഖ്യാനിച്ച് മനുഷ്യൻ മനോഹരമായ ഭൂമിയിൽ അവന്റെ നരകം സൃഷ്ടിക്കുന്നു.

സൃഷ്ടിയുടെ പുരോഹിതൻ എന്ന നിലയിൽ നാം അടിസ്ഥാനപരമായി മനസ്സിലാക്കേണ്ടത് ദൈവത്തെയും മനുഷ്യനെയും പ്രപഞ്ചത്തെയും ഒന്നാക്കുന്ന ദിവ്യജീവനെക്കുറിച്ചാണ്. മനുഷ്യനിലും വസ്തുവിലൂടെയുമെല്ലാം നിഗൂഢമായ ഏക ജീവൻ വ്യാപരിക്കുന്നു. വിദൂരസ്ഥമായ നക്ഷത്രജാലങ്ങളെയും, നമ്മെയും, ഈ പ്രകൃതിയെയും, പ്രപഞ്ചത്തെ മുഴുവനും ഒരു ശരീരമാക്കിത്തീർക്കുന്ന ജീവനാണത്. ഷൂമാക്കർ എന്ന പണ്ഡിതൻ അടുത്തകാലത്തെഴുതിയ ഒരു പുസ്തകത്തിൽ ജീവന്റെ അവിഭാജ്യത വ്യക്തമാക്കുന്നുണ്ട്. നാമൊരു കല്ലെടുത്തു രണ്ടായി മുറിച്ചാൽ കല്ലിന്റെ സ്വഭാവത്തിനു മൗലികമായി മാറ്റം വരുന്നില്ല. കാരണം അതിൽ ജീവൻ സുസംഘടിതമല്ല. ഒരു ചെടി മുറിച്ചാൽ, മുറിഞ്ഞുവീണ കമ്പ് ചിലപ്പോൾ പൊട്ടികിളിർക്കും (എന്നാൽ തെങ്ങോ കമുകോ പോലുള്ള മരങ്ങൾ വെട്ടിയിട്ടാൽ മാറ്റപ്പെട്ട ഭാഗം വീണ്ടും വളരുന്നില്ല). സസ്യങ്ങളുടെ തലത്തിൽ സസ്യശരീരത്തിന്റെ ആന്തരിക ജീവൻ കുറേക്കൂടി സുസംഘടിതമാണ്. എന്നാൽ മൃഗത്തിന്റേയോ മനുഷ്യന്റേയോ അവയവങ്ങൾ വെട്ടിക്കളഞ്ഞാൽ വെട്ടിമാറ്റിയ കഷണങ്ങൾ വീണ്ടും ജീവിക്കുന്നില്ല. ഇവിടെ ശരീരത്തിന്റെ ആന്തരിക ജീവൻ പൂർണ്ണമായും സുസംഘടിതമാണ്. പരസ്പരം ബന്ധപ്പെടാതെ അവയവങ്ങൾക്കു ജീവനില്ല; പരസ്പരബന്ധത്തിലാണ്

ജീവൻ നിലനില്ക്കുന്നത്.

ഏതാണ്ടിതുപോലെ ദൈവവും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെ കാണാം. അത് ഏക ശരീരമാണ്. ദൈവത്തിന്റെ അനശ്വര ജീവനാണ് നമ്മെ ജീവിപ്പിക്കുന്നത്, വാനഗോളങ്ങളെ ഭ്രമണപഥങ്ങളിൽ ചലിപ്പിക്കുന്നത്, മൊട്ടുകളെ വിടർത്തുന്നത്, മുളകളെ വിരിയിക്കുന്നത്. ജീവന്റെ മഹാരഹസ്യം നമ്മിലും നമുക്കു ചുറ്റും അനുനിമിഷം ഇതൾ വിരിയുന്നു. ഈ ജീവന്റെ പരിസേവകരായി, സൂക്ഷിപ്പുകാരായി, പങ്കാളികളായി നാം വിളിക്കപ്പെട്ടിരിക്കുന്നു.

കൂദാശകൾക്ക് Mysteries എന്ന് പേരു കൊടുത്തത് അർത്ഥവത്താണ്. സ്നേഹത്തിലും സത്യത്തിലും നാം ജീവിക്കുന്ന ഓരോ നിമിഷവും കൂദാശാനുഷ്ഠാനമാണ്. നമ്മുടെ കുർബ്ബാന 1 1/2 മണിക്കൂറല്ല, 24 മണിക്കൂറുകളാണ്, 365 ദിവസങ്ങളാണ്, ആയുസ്സ് മുഴുവനാണ്. നമ്മുടെ ബലിപീഠം പള്ളിക്കുള്ളിലെ ത്രോണോസല്ല, ദൈവത്തിന്റെ സൃഷ്ടിയായ ഈ പ്രപഞ്ചമാണ്. ഈ പ്രപഞ്ചവേദിയിൽ സൃഷ്ടിക്കുവേണ്ടി നാം ബലിയർപ്പിക്കുന്നു. കൈകളുയർത്തി ദിവ്യജീവനെ സൃഷ്ടിയിലേക്ക് ആവാഹിക്കുന്നു. മാലാഖമാരുടെ എണ്ണമറ്റ സംഘങ്ങളിൽ മനുഷ്യരും ചേരുന്നു. ഇങ്ങനെ ആരാധിക്കുന്ന സമൂഹത്തിന്മേൽ ദൈവത്തിന്റെ മഹത്വം ആവസിക്കുന്നു. ഈ മഹത്വത്തിന്റെ മേഘത്തിനുള്ളിൽ നമുക്കു ലഭിക്കുന്ന അനുഭവം മോശയുടെ അനുഭവമാണ്. അനുഭവമെന്താണെന്ന് വാക്കുകളിലൂടെ മോശ വിശദീകരിച്ചിട്ടില്ല. പക്ഷേ, മോശയുടെ മുഖത്തിന്റെ ത്വക്ക് പ്രകാശിക്കുന്നത് അല്പനിമിഷത്തേക്ക് ജനങ്ങൾ കണ്ടു. പിന്നെ ഒരു മൂടുപടം അതിന്മേൽ വീഴുകയും ചെയ്തു.

*(1983 മെയ് മാസത്തിൽ പരുമല വച്ച് നടന്ന അഖില മലങ്കര വൈദിക സമ്മേളനത്തിൽ ചെയ്ത പ്രസംഗം)*

# സന്യാസ പ്രസ്ഥാനവും പരിസ്ഥിതി സൗഹൃദവും

ക്രിസ്തീയ സഭയിൽ കിഴക്കും പടിഞ്ഞാറും വികസിച്ച സന്യാസ പ്രസ്ഥാനത്തിന്റെ ദീർഘവും സങ്കീർണ്ണവുമായ ചിത്രം ഒരൊറ്റ ഫ്രെയിമിലാക്കി നോക്കിയാൽ, പെട്ടെന്ന് നമ്മുടെ ശ്രദ്ധയിൽ പെട്ടേക്കാവുന്ന ഏഴു തരം 'സ്നേഹ'ങ്ങളെക്കുറിച്ച് ആദ്യമേ സൂചിപ്പിക്കട്ടെ. ഈ 'സ്നേഹ' ങ്ങളെല്ലാം തമ്മിൽ ഗാഢമായി ബന്ധപ്പെട്ടതും പരസ്പരപൂരകങ്ങളുമാണ്. എങ്കിലും ചില കാലങ്ങളിലും ചില സ്ഥലങ്ങളിലും ചിലതിന് പ്രത്യേക ഊന്നൽ ലഭിക്കുന്നതായി കാണാം.

1. ദൈവത്തോടുള്ള സ്നേഹം (Love of God).

2. സന്യാസ സമൂഹത്തിലെ സഹോദരങ്ങളോടുള്ള സ്നേഹം (Love of the brethren).

3. സുവിശേഷത്തോടുള്ള സ്നേഹം (Love of Gospel).

4. പ്രകൃതിയോടുള്ള സ്നേഹം (Love of Nature).

5. അക്ഷരത്തോടുള്ള സ്നേഹം (Love of Letters).

6. പാവങ്ങളോടുള്ള സ്നേഹം (Love of the Poor).

7. മൗനത്തോടുള്ള സ്നേഹം (Love of Silence).

ഇതിൽ ഇവിടെ പ്രത്യേകമായി പറയുവാൻ തിരഞ്ഞെടുത്തിരിക്കുന്ന വിഷയം "സന്യാസവും പ്രകൃതി സ്നേഹവും" (Love of Nature) ആണ്. മറ്റുള്ളവയെക്കുറിച്ച് തൽക്കാലം ഒന്നു സൂചിപ്പിക്കുക മാത്രം ചെയ്യുന്നു.

**ദൈവസ്നേഹം (Love of God)**

സന്യാസജീവിതത്തിന്റെ ആദിപ്രചോദനവും ആത്യന്തിക ലക്ഷ്യവും ദൈവസ്നേഹത്തെ സാക്ഷാത്ക്കരിക്കുകയാണ്. സന്യാസത്തിന്റെ എല്ലാ ഉത്തമമാനങ്ങളും ഉരുത്തിരിയുന്നത് ദൈവത്തോടുള്ള അചഞ്ചലമായ സ്നേഹത്തെ പൂർത്തീകരിക്കാനുള്ള ശ്രമത്തിലാണ്. ഇംഗ്ലീഷിൽ Quest for God എന്നു പറയാവുന്ന ആത്മാവിന്റെ ദിവ്യദാഹം നമ്മുടെ സ്രഷ്ടാവും ജീവന്റെ ഉറവയുമായ ദൈവത്തിനു വേണ്ടിയാണ്. ജീവിതത്തിൽ മറ്റുള്ള എല്ലാ അഭിലാഷങ്ങളേക്കാൾ അടിയന്തിരവും അനുപേക്ഷണീയവുമായി ഒരാൾ ഈ ദൈവാഭിലാഷത്തെ കരുതുമ്പോൾ അയാൾ സന്യാസിയാവുന്നു.

### സഹോദരസ്നേഹം (Love of brethren)

ഒരു സന്യാസ സമൂഹത്തിൽ അംഗമായ സന്യാസിയുടെ ആത്മീയത യുടെ ആദ്യത്തെ ഉരകല്ല്, തന്നോടൊപ്പം ജീവിക്കുന്ന സഹോദരങ്ങളെ താൻ എങ്ങിനെ സ്നേഹിക്കുന്നു, കരുതുന്നു എന്നതിലാണ്. ഏകാന്ത ജീവിതത്തേക്കാൾ സന്യാസസമൂഹ ജീവിതത്തിന് കൈസര്യയിലെ വിശുദ്ധനായ ബസേലിയോസും മറ്റും കൂടുതൽ പ്രാധാന്യം കൊടുത്തത് ഈ അടിസ്ഥാനത്തിലാണ്.

### സുവിശേഷത്തോടുള്ള സ്നേഹം (Love of the Gospel)

സുവിശേഷം ലോകം മുഴുവൻ പ്രചരിച്ചതിൽ സന്യാസ പ്രസ്ഥാന ത്തിന് ആഴമായ പങ്കുണ്ട്. സുറിയാനിക്കാരും ഐറിഷ്കരും ഗ്രീക്കുകാ രുമായ ആദ്യകാല മിഷനറിമാർ സന്യാസപ്രസ്ഥാനത്തിന്റെ സന്താനങ്ങ ളായിരുന്നു. കൊളോണിയൽ കാലഘട്ടത്തിൽ, റോമൻ കത്തോലിക്കാ സഭ തുടങ്ങിവച്ച ആഗോള മിഷണറി പ്രസ്ഥാനം ഫ്രാൻസിസ്ക്കൻ, ഡൊമിനിക്കൻ, കർമ്മലീത്താ, ജെസ്വിറ്റ് തുടങ്ങിയ സന്യാസ സമൂഹങ്ങ ളുടെ പ്രവർത്തനമായിരുന്നു. സന്യാസ ജീവിതത്തിന്റെ വിവിധ വശങ്ങളെ ആർദ്രവും ക്രിസ്തീയവുമാക്കിയത് കർത്താവായ യേശുക്രിസ്തുവിന്റെ ജീവൻ നൽകുന്ന സുവിശേഷത്തോടുള്ള ആഴമായ സ്നേഹവും പ്രതിബ ദ്ധതയും ആയിരുന്നു.

### അക്ഷരത്തോടുള്ള സ്നേഹം (Love of Letters)

ജനസാമാന്യം ബഹുഭൂരിപക്ഷവും നിരക്ഷരരായിരുന്ന കാലത്ത് സന്യാസിമാർ അക്ഷരത്തിന്റെ ആത്മീയതയും അനശ്വരതയും (അക്ഷരം – ക്ഷരമില്ലാത്തത്, നാശമില്ലാത്തത്) കണ്ടെത്തി. ജീവന്റെ വചനം വ്യാഖ്യാ നിക്കാനും ഉൽഘോഷിക്കാനും അക്ഷരത്തിന്റെ സഹായം തേടി. സഭ യുടെ ആരാധനാക്രമങ്ങളും ഗീതങ്ങളും വേദപുസ്തക വ്യാഖ്യാനങ്ങളും എല്ലാം മുഖ്യമായും സന്യാസപ്രസ്ഥാനത്തിന്റെ സംഭാവനയാണ്. ആത്യ ന്തികമായി ഇത് വിജ്ഞാനത്തോടുള്ള സ്നേഹമായിരുന്നു. പശ്ചിമ യൂറോ പ്യൻ വൈജ്ഞാനിക സംസ്ക്കാരത്തിന് അടിത്തറയിട്ടത് സന്യാസ സമൂ ഹങ്ങളാണ്.

### പാപങ്ങളോടുള്ള സ്നേഹം (Love of the Poor)

അതിഥി സൽക്കാരം (hospitality) എന്ന നന്മയെ മിക്ക സന്യാസിമാരും പ്രായോഗികമാക്കിയത് ദൈവമക്കളായ പാപങ്ങളെയും ഗതികെട്ടവരെയും സ്വന്തം കുടുംബമായി സ്വീകരിക്കുന്നതിലൂടെയാണ്. സഭയുടെ എല്ലാ സംഘടിതമായ ആതുരസേവനവും സന്യാസപ്രസ്ഥാനത്തിന്റെ പ്രചോദന

ഫലമാണ്.

### മൗനത്തോടുള്ള സ്നേഹം (Love of Silence)

ദൈവസ്നേഹത്തിന്റെ സാക്ഷാത്ക്കാരത്തിന് വിശാലമായ പശ്ചാത്തലമൊരുക്കിയത് ആഴമായ നിശബ്ദതയോടുള്ള ആഭിമുഖ്യമാണ്. വാക്കുകൾ ഉച്ചരിക്കാതെ, മിണ്ടാതിരിക്കുക എന്നതല്ല ഇവിടെ അർത്ഥം. അത് വളരെ ഉപരിപ്ലവമായ അർത്ഥമാണ്. സമൂഹത്തിന്റെ പ്രശാന്തമായ ആഴം പോലെ, മഞ്ഞണിഞ്ഞ ഗിരിശൃംഗങ്ങളുടെ അമേയമായ ശാന്തിപോലെ ആത്മാവിന്റെ ആഴങ്ങളും ഉയരങ്ങളും തിരിച്ചറിയുന്ന മൗനത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്.

### സന്യാസവും പ്രകൃതിസ്നേഹവും

ഇവിടെ നമ്മുടെ മുഖ്യ വിഷയമായ സന്യാസപ്രസ്ഥാനവും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചിന്തിക്കാം. പരിസ്ഥിതിയെക്കുറിച്ചും അതിന്റെ ഭാഗധേയത്തെക്കുറിച്ചുമുള്ള അവബോധം ആഗോളതലത്തിൽ ഉണ്ടായിത്തുടങ്ങിയിട്ട് നാളേറെയായി. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തെ മൂന്നുനാലു പതിറ്റാണ്ടുകളിലായി നാം കേട്ടു തുടങ്ങിയ ecological crisis ഇന്നും ലോകത്തിന്റെ സുപ്രധാന ചിന്താവിഷയങ്ങളിലൊന്നാണ്. Climate change തുടങ്ങിയ ആഗോള പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് നടക്കുന്ന ചർച്ചകൾ നാം കുറെയൊക്കെ ശ്രദ്ധിക്കുന്നുണ്ട്. നമ്മുടെ സഭ തന്നെ ഓഗസ്റ്റ് മാസത്തിലെ ഒരു ഞായറാഴ്ച പരിസ്ഥിതി ദിനമായി ആചരിക്കണമെന്ന് പ. ബാവാ കൽപ്പന ഇറക്കിയിട്ടുണ്ടല്ലോ. ഈ പശ്ചാത്തലത്തിൽ സന്യാസവും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചിന്തിക്കുന്നത് പ്രസക്തമാണെന്ന് കരുതുന്നു. ദൈവത്തിന്റെ സൃഷ്ടിയായ പ്രകൃതിയോട് ബഹുമുഖമായ ബന്ധമാണ് ചരിത്രപരമായി സന്യാസപ്രസ്ഥാനത്തിനുള്ളത്. ഏതാനും ചിലത് നോക്കാം.

### 1. പുതിയ മനുഷ്യത്വത്തിനു വേണ്ടി

ആദ്യ മനുഷ്യനായ ആദാം പാപം ചെയ്യുന്നതിനു മുമ്പുള്ള അവസ്ഥയാണ് മനുഷ്യത്വത്തിന്റെ Ideal state എന്നാണ് ക്രിസ്തീയ പ്രബോധനം. അപ്പോൾ ആദാമിനുണ്ടായിരുന്ന (a) സമ്പൂർണ്ണമായ ദൈവസാന്നിദ്ധ്യബോധവും (b) ദൈവത്തോടും പ്രകൃതിയോടുമുള്ള സുതാര്യമായ ബന്ധവും മനുഷ്യന് നഷ്ടപ്പെട്ടത് തിരിച്ചെടുക്കുകയാണ് സന്യാസജീവിതം കൊണ്ട് ഉദ്ദേശിക്കുന്നത്. 'വിവാഹം കഴിക്കാതെയും വിവാഹത്തിന് കൊടുക്കാതെയും മാലാഖമാർക്ക് സദൃശ്യമായ ജീവിത'മാണ് ആത്മികമാർഗ്ഗമായി ഇവിടെ കരുതുന്നത്. ഇതു സാധിക്കുന്നത് ക്രിസ്തുവിലൂടെയാണ്. മനുഷ്യസ്വഭാവത്തിന് ആദർശപൂർണ്ണമായ പുനർനിർവചനവും

പുതിയൊരു ദർശനവും ക്രിസ്തുവിലൂടെ നമുക്കു ലഭിക്കുന്നു. 'ക്രിസ്തുവി ലുള്ള അതേ ഭാവം തന്നെ' കൈവരിക്കാനാണ് സന്യാസി പ്രത്യേകമായി ശ്രമിക്കുന്നത്.

ആദാമിന്റെ അടുത്ത് പക്ഷിമൃഗാദികളും സകല ജീവികളും സ്നേഹപൂ ർവ്വം മുട്ടിയുരുമ്മി നിൽക്കുന്നു. എല്ലാറ്റിനും ആദാം സ്നേഹപൂർവ്വം പേരു കൊടുത്ത് പേരു ചൊല്ലി വിളിക്കുന്നു. ആദാമിനും ജീവജാലങ്ങൾക്കുമി ടയിൽ മറയില്ല, ഭീതിയില്ല, അവിശ്വാസവും സംശയവുമില്ല. ആദാമും ഹവ്വായും ഒരു ജീവിയെയും ഭക്ഷണത്തിനായോ വിനോദത്തിനായോ കൊല്ലുന്നില്ല. "പച്ചസസ്യം മാത്രം അവർക്ക് ആഹാരമായി" ദൈവം നൽകി. എന്നാൽ ഉൽപ്പത്തി 9-ാം അദ്ധ്യായമാവുമ്പോൾ ഈ രംഗം പൂർണ്ണ മായി മാറി. മനുഷ്യൻ മൃഗങ്ങളെ കൊന്നുതിന്നാൻ തുടങ്ങി. മൃഗങ്ങൾക്ക് അവനെ "ഭയവും നടുക്കവുമായി."

ഇപ്പോഴത്തെ പരിസ്ഥിതി പ്രശ്നത്തിന്റെ മൂലകാരണം ഇവിടെയാണ്. ഇത് സൃഷ്ടിയുടെ ആരംഭത്തിൽത്തന്നെ നാം കാണുന്നു. മനുഷ്യനെ ഭയപ്പെടുന്ന, മനുഷ്യഗന്ധമേറ്റാൽ ആക്രമാസക്തമായി പ്രതികരിക്കുന്ന ജീവജാലങ്ങളെ അങ്ങനെയാക്കിത്തീർത്തത് മനുഷ്യന്റെ ആക്രമണവാ സനയാണ്, അതായത് കൊല്ലാനും വലിച്ചുവാരിക്കൂട്ടാനുമുള്ള പ്രവണത (aggressive and aequistive drive) മനുഷ്യന്റെ അക്രമവും ആർജ്ജനവും ഉപഭോഗവുമാണ് ഇന്നും ആഗോള മനുഷ്യസംസ്ക്കാരത്തിനും ഭൂമിയിലെ ജീവനും ഭീഷണിയായി നിൽക്കുന്നത്.

ഏഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന നിനവേക്കാരനായ ഇസഹാക്ക് (Isaac the Syrian) എന്ന പിതാവ് ആദാമിന്റെ ശരീരഗന്ധത്തെക്കുറിച്ച് പറയുന്നു ണ്ട്. ആദ്യമനുഷ്യന്റെ ശരീരത്തിൽ നിന്ന് പ്രസരിച്ച ഗന്ധത്തിന് സവിശേഷ മായ സൗരഭ്യമുണ്ടായിരുന്നു. അതുകൊണ്ട് എല്ലാ ജീവികളും ഈ മണം പിടിച്ച് ആദാമിന്റെ അടുത്തേക്ക് വരുമായിരുന്നു. ഇതൊരുതരം ദിവ്യപരി മളമായിരുന്നു. ജീവികളെയെല്ലാം ഒരുമയോടെ നിൽക്കാൻ സഹായിക്കുന്ന സുഗന്ധം. പറുദീസായിൽ നിന്ന് പുറത്താക്കപ്പെട്ട ആദാമിന് ഈ സുഗ ന്ധം നഷ്ടപ്പെട്ടു. ആദാമിന്റെയും ഹവ്വായുടെയും ശരീരഗന്ധമേറ്റ ജീവി കൾ ഭയന്നും നടുങ്ങിയും ഓടിയകന്നു. ആ ഗന്ധമാണ് ഇപ്പോൾ നമ്മുടെ ശരീരങ്ങൾക്കുള്ളത്. നമുക്കു തന്നെ അതിഷ്ടമല്ല. അതുകൊണ്ട് പലതരം പെർഫ്യൂമുകളും, പൗഡറുകളുമിട്ട് അതിനെ മറയ്ക്കാൻ നാം ശ്രമിക്കുന്നു. കാട്ടുമൃഗങ്ങൾ നമ്മുടെ സാമീപ്യമുണ്ടായാൽ സ്വരക്ഷയ്ക്കുവേണ്ടി ഓടിയ കലുകയോ അല്ലെങ്കിൽ ആക്രമിക്കുകയോ ചെയ്യുന്നത് ഈ മനുഷ്യശരീ രഗന്ധമേറ്റാണെന്നോർക്കണം. എന്തൊരു വ്യത്യാസമാണ് സംഭവിച്ചിരി ക്കുന്നത്.

വിശുദ്ധരായി ജീവിച്ചവർ മരിച്ചാൽ അവരുടെ ശരീരത്തിൽ നിന്ന് സുഗന്ധം പുറപ്പെടുമെന്ന് റഷ്യക്കാർക്കിടയിൽ ഒരു ജനപ്രിയ പാരമ്പര്യമുണ്ട്. ദസ്തയേവിസ്കിയുടെ 'കാരമസോവ് സഹോദരന്മാർ' എന്ന നോവലിലെ ഉത്തമ സന്യാസിയായ ഫാദർ സോസിമയുടെ മരണസമയത്ത് ഇതിനെപ്പറ്റി ഒരു വിവാദം അസൂയക്കാരനായ മറ്റൊരു സന്യാസി ഉണ്ടാക്കുന്നുണ്ട്.

ജീവികളെ അകറ്റിക്കളയുന്ന മനുഷ്യഗന്ധത്തിനു പകരം സകല ജീവജാലങ്ങളെയും തന്നിലേക്കു അടുപ്പിക്കുന്ന ദിവ്യഗന്ധം ശരീരത്തിന് തിരിച്ചുകിട്ടാനുള്ള ശ്രമം ശരിയായ സന്യാസചിന്തയിൽ കാണാം. അക്രമം, ആർജ്ജനത്വര, അമിതമായ ഉപഭോഗം എന്നീ മൂന്നു കാര്യങ്ങളിലാണ് പുതിയ ബദൽ മാതൃക സൃഷ്ടിക്കാൻ സന്യാസപ്രസ്ഥാനം ശ്രമിച്ചിട്ടുള്ളത്. ഇതു മൂന്നും മനുഷ്യന്റെ ജന്മവാസനകളാണെന്നു സ്ഥാപിച്ച് അതിനെ ന്യായീകരിക്കുന്ന ധാരാളം സിദ്ധാന്തങ്ങൾ മനഃശാസ്ത്രത്തിലും സാമ്പത്തിക ശാസ്ത്രത്തിലും ആധുനിക സംസ്ക്കാരത്തിൽ പൊതുവെയും കാണാം. ഇതിനെതിരായി നിലകൊള്ളാൻ സാധാരണവ്യക്തികൾക്ക് കഴിവില്ല. അവിടെയാണ് ഇക്കാര്യങ്ങളിൽ സന്യാസപ്രസ്ഥാനത്തിന്റെ ചുമതലയും പ്രസക്തിയും നാം അന്വേഷിക്കുന്നത്. Poverty, Chastity, Obedience എന്ന മൂന്നു അദ്ധ്യാത്മിക സാധനകൾ വികസിപ്പിച്ചത് ഈ മൂന്നു പരീക്ഷകളെ നേരിടാനാണ്. പുതിയ ആദാമായ ക്രിസ്തുവിലൂടെ ഈ മൂന്നു പരീക്ഷകളെയും നാം നേരിട്ട് പുതിയൊരു മനുഷ്യത്വത്തിന് രൂപം കൊടുക്കണം. അതിലൂടെ പുതിയൊരു സാമൂഹ്യ വ്യവസ്ഥയും ലോകവ്യവസ്ഥയും സൃഷ്ടിക്കണം. അത് ആത്മീയമായും പാരിസ്ഥിതികമായും ജീവനെ പരിപോഷിപ്പിക്കുന്ന ഒരു വ്യവസ്ഥയായിരിക്കണം എന്നാണ് നാം മനസ്സിലാക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ 'ക്രിസ്തുവിൽ പുതിയ സൃഷ്ടി' എന്ന് വി. പൗലൂസ് പറയുന്നതാണിത്.

## 2. സന്യാസവും മണ്ണുമായുള്ള ബന്ധം

നർസിയയിലെ വി. ബനഡിക്ടാണ് ആറാം നൂറ്റാണ്ടിൽ പാശ്ചാത്യ സന്യാസപ്രസ്ഥാനത്തിന്റെ ആദിപിതാവായി തീർന്നത്. അദ്ദേഹത്തിന്റെ പ്രസിദ്ധമായ റൂളിൽ എടുത്തു പറയുന്നത് *ora et labora* (pray and work) എന്ന തത്വമാണ്. പ്രാർത്ഥനയും പ്രയത്നവും. പ്രയത്നം പ്രധാനമായും മണ്ണിലാണ്. ആദാമിന്റെ വീഴ്ച മൂലമുണ്ടായ ശാപം മണ്ണിനും കിട്ടി. മണ്ണിൽ മുള്ളും പറക്കാരയും വളർന്നു. ഈ മണ്ണിനെ മനുഷ്യപ്രയത്നം കൊണ്ട് രൂപാന്തരപ്പെടുത്തുക. ഫലഭൂയിഷ്ഠമാക്കുക. നഷ്ടപ്പെട്ടു പോയ "പറുദീസ" (Garden) യുടെ മാതൃകയിലേക്ക് മാറ്റുക ഇതാണ് ലക്ഷ്യം. "നിന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് നീ ഭക്ഷണം കഴിക്കും" എന്ന ശാപത്തെ

ഏറ്റുവാങ്ങി മനുഷ്യവർഗ്ഗത്തിനു വേണ്ടി അദ്ധ്വാനത്തെ അനുഗ്രഹമാക്കി മാറ്റുകയാണ് മണ്ണിൽ അദ്ധ്വാനിക്കുന്ന സന്യാസി. ഈ ആത്മീയ പ്രക്രിയ യുടെ അനന്തരഫലമായി സന്യാസിയുടെ ആവശ്യം കഴിഞ്ഞ് ധാരാളം ഭക്ഷണസാധനങ്ങൾ മറ്റുള്ളവർക്കു വേണ്ടി ഉൽപാദിപ്പിക്കുവാൻ സാധിക്കു ന്നു. ദാരിദ്ര്യവ്രതം സ്വീകരിക്കുന്ന സന്യാസി ലോകത്തിൽ നിന്ന് ദാരിദ്ര്യ ത്തെ ഉച്ചാടനം ചെയ്യാനാണ് സ്വപ്രയത്നത്തിലൂടെ ശ്രമിക്കുന്നത് എന്നത് ചിന്തനീയമാണ്.

പഴയ സന്യാസാശ്രമങ്ങൾ സമ്പന്നമായിത്തീർന്നതിന്റെ സാമ്പത്തിക രഹസ്യം വളരെ ലളിതമാണ്. സ്വന്തം ആവശ്യങ്ങളെ ഏറ്റവും ചുരുക്കി സമൂഹത്തിനു വേണ്ടിയും പൊതുനന്മയ്ക്കുവേണ്ടിയും എല്ലാവരും അദ്ധ്വാനിക്കുന്നു. അങ്ങനെയാവുമ്പോൾ അടിസ്ഥാനാവശ്യങ്ങൾ നിറവേ റ്റാൻ നമുക്കാവശ്യമുള്ളതിലധികം ഉണ്ടാകുന്നു. വ്യക്തി സ്വന്തമായി ആർജ്ജിക്കുകയോ അമിതമായി ഉപയോഗിക്കുകയോ ചെയ്യാതെ പൊതു വിനുവേണ്ടി അദ്ധ്വാനിക്കുന്ന വ്യവസ്ഥയിൽ സമ്പത്ത് ഉണ്ടാകുന്നു. എല്ലാ വർക്കുമായി അത് നീതിപൂർവ്വം പങ്കുവയ്ക്കുമ്പോൾ പട്ടിണിയും അനു ബന്ധപ്രശ്നങ്ങളും ഇല്ലാതാകുന്നു. ബനഡിക്ടിൻ സന്യാസിയായിരുന്നു മഹാനായ ഗ്രിഗോറിയോസ് പാപ്പാ എന്ന പേരിൽ 7-ാം നൂറ്റാണ്ടിൽ പ്രസി ദ്ധനായ പാശ്ചാത്യ സഭാദ്ധ്യക്ഷൻ. അദ്ദേഹത്തിന്റെ സ്വപ്നം യൂറോപ്പിനെ മുഴുവൻ ഒരു വലിയ ബനഡിക്ടയിൻ ആശ്രമ മാതൃകയിലേക്ക് മാറ്റുക എന്നതായിരുന്നു. യൂറോപ്പിലെ കൃഷി സമ്പ്രദായവും സാമ്പത്തിക ക്രമ വും വിപ്ലവകരമായി മാറുവാൻ *ora et labora* എന്ന സന്യാസ തത്വത്തിന് കഴിഞ്ഞു.

മൂന്നാം നൂറ്റാണ്ടിൽ സന്യാസപ്രസ്ഥാനം ആരംഭിച്ച ഈജിപ്തിലെ മരുഭൂമിയിൽ കോപ്റ്റിക് ഓർത്തഡോക്സ് സഭ ഇരുപതാം നൂറ്റാണ്ടിൽ പുനരുദ്ധരിച്ച സന്യാസാശ്രമങ്ങൾ അദ്ഭുതം സൃഷ്ടിച്ചിരിക്കുകയാണ്. ഒരു പുൽനാമ്പുപോലും വളരാത്ത വിശാലമായ മരുപ്പരപ്പിൽ, ഈ സന്യാസി മാർ ആരംഭിച്ച കൃഷികൾ വളരെ പ്രസിദ്ധമാണ്. അവിടെയും ഇതേ തത്വ മാണ് ഉപയോഗിക്കുന്നത് (ചൈനയിലെ സോഷ്യലിസ്റ്റ് വിപ്ലവത്തിലും റഷ്യയിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ തുടക്കത്തിലും സന്യാസ സമൂഹ തത്വത്തിന്റെ ഈശ്വരനിരപേക്ഷമമായ മറ്റൊരു രൂപമാണ് ഉപയോ ഗിച്ചിരുന്നത്).

### 3. രൂപരഹിതമായ പ്രകൃതിയും ആത്മീയ സമരവും

പ്രകൃതിയോടുള്ള ബന്ധത്തിന്റെ മറ്റൊരു വശമാണ് മരുഭൂമിയിലെ ആദ്യകാല താപസന്മാരിൽ കണ്ടത്. സസ്യശ്യാമളവും ജീവിക്കാൻ സുഖ പ്രദവുമായ ഗ്രാമങ്ങളും പട്ടണങ്ങളും ഉപേക്ഷിച്ചാണ് ഊഷരമായ ഭൂമിയി

ലേക്ക് അവർ ഓടിപ്പോയത്. ഇവിടെ പ്രകൃതി അതിന്റെ ഏറ്റവും abstract ആയിട്ടുള്ള ഭാവത്തിലാണ്. മരങ്ങളില്ല, ചെടികളില്ല, മഴയില്ല, വെള്ളമില്ല, സുകുമാര ദൃശ്യങ്ങളൊന്നുമില്ലാത്ത ശൂന്യസ്ഥലത്ത്, അതിരില്ലാത്ത മണൽപ്പരപ്പും അനന്തമായ ആകാശവും മാത്രം. ഇവിടെയാണ് സാത്താനുമായി വി. അന്തോണിയോസും മറ്റും പോരാട്ടം നടത്തിയത്. രൂപങ്ങളൊന്നുമില്ലാത്ത ശൂന്യതയിൽ നിന്നും തിന്മ അനേകം രൂപങ്ങളെടുത്തു വന്നാണ് താപസ്സരെ പരീക്ഷിക്കുന്നത്. തിന്മയ്ക്ക് കാതലൊന്നുമില്ലെന്നും അത് ഇല്ലായ്മയാണെന്നും തിരിച്ചറിയുന്ന സന്യാസിമാർ ആ മായാരൂപങ്ങളെയും അവ നൽകുന്ന മോഹനീയ വാഗ്ദാനങ്ങളെയും ദൈവത്തിന്റെ അപ്രമേയശക്തിയാൽ കീഴടക്കുന്നു. കർത്താവ് മരുഭൂമിയിൽ 40 ദിവസത്തെ ഉപവാസ പ്രാർത്ഥന നടത്തിയതിന്റെ മാതൃക പിൻപറ്റിയാണ് ഈ ആത്മീയപ്രയത്നം. എങ്കിലും ഏകാന്ത സമരത്തേക്കാൾ സമൂഹത്തിനുള്ളിലും സമൂഹത്തോട് കൂടിയുമുള്ള ആത്മീയ പ്രയത്നമാണ് സഭയ്ക്ക് കൂടുതൽ സ്വീകാര്യം എന്ന് വി. പക്കോമിയോസ്, വി. ബസ്സേലിയോസ് തുടങ്ങിയവരും അവരെ പിൻതുടർന്ന് പിൽക്കാലത്ത് വി. ബനഡിക്റ്റും വ്യക്തമാക്കി.

### 4. പ്രകൃതിയും സൗന്ദര്യബോധവും

സന്യാസവും പ്രകൃതിയുമായുള്ള ബന്ധത്തിന്റെ വേറൊരു മുഖമാണ് പ്രകൃതി സൗന്ദര്യത്തെക്കുറിച്ചുള്ള അവബോധം. ഒത്തിരിയേറെ സന്യാസിമാർ പ്രകൃതിയിൽ തേടിയത് ശാന്തതയും നിശ്ശബ്ദതയും ഭംഗിയുമാണ്. സൃഷ്ടിയുടെ മഹത്വവും സൗന്ദര്യവും തങ്ങളുടെ ആത്മാവിലേക്ക് ആവാഹിച്ചവർ കവികളായിരുന്നു. അവരുടെ കവിത സങ്കീർത്തനങ്ങളായി, ദൈവസ്തുതികളായി, സ്തോത്രഗാനങ്ങളായി നമ്മുടെ ആരാധനയിലേക്ക് വന്നു. 'പാതിരാത്രിയിൽ ദൈവത്തിന്റെ അദ്ഭുതങ്ങളെയും അത്യുന്നതന്റെ ന്യായങ്ങളെയും കുറിച്ച് സ്തോത്രം ചെയ്‌വാൻ ദാവീദ് എഴുന്നേറ്റു. അവൻ ആകാശത്തിലേക്കു സൂക്ഷിച്ചു നോക്കി. ആകാശവിതാനത്തെയും പ്രകാശഗോളങ്ങളെയും അവയുടെ അയനത്തിന്റെ അഴകിനെയും കണ്ടു. ശാന്തിയും നിശ്ശബ്ദതയും കണ്ട് അദ്ഭുതം നിറഞ്ഞ് സ്തോത്രം ചെയ്തു." പ്രകൃതിയിലേക്ക് തിരിഞ്ഞ മിക്ക സന്യാസിമാർക്കും കെട്ടിടങ്ങളേക്കാൾ പ്രിയം തുറസ്സായ സ്ഥലങ്ങളായിരുന്നു. Nature is an open Bible എന്നാണ് ബനഡിക്ട് പഠിപ്പിച്ചത്. അതായത് വി. വേദപുസ്തകത്തിലൂടെ നമുക്ക് ദിവ്യവെളിപാടുകൾ ലഭിക്കുന്നതുപോലെ സൃഷ്ടിയായ പ്രകൃതിയിലൂടെ സ്രഷ്ടാവായ ദൈവത്തിന്റെ അമേയരഹസ്യങ്ങൾ താൻ നമുക്കു വെളിപ്പെടുത്തിത്തരുന്നു എന്നർത്ഥം. പ്രകൃതിയെ നിരന്തരം നിരീക്ഷിക്കുകയും, അതിന്റെ താളക്രമങ്ങളും ഋതുലയങ്ങളുമായി താദാത്മ്യം പ്രാപിക്കുകയും ചെയ്യുന്നവർ മഹത്തായ ഒരു ദിവ്യ ഗ്രന്ഥമാണ് തങ്ങൾക്കു മുമ്പിൽ തുറക്കുന്നത്.

ഏറ്റവും നല്ല സന്യാസി ഏറ്റവും നല്ല സൗന്ദര്യാരാധകൻ ആയിരിക്കും. മനുഷ്യശരീരത്തിന്റെ ക്ഷണികമായ രൂപവശ്യതകളിൽ ഒതുങ്ങുന്നതല്ല നമ്മുടെ ഈ സൗന്ദര്യ സങ്കൽപ്പം. ദൈവസൃഷ്ടിയായ പ്രപഞ്ചത്തിന്റെ സർവ്വാണുക്കളിലും സൂക്ഷ്മകണികകളുടെ അനന്തസംഗമങ്ങളിലും അനവരതം തെളിയുന്ന ജീവന്റെ പ്രകാശമാണ് സൗന്ദര്യം. തേഞ്ഞുമാഞ്ഞുപോകുന്ന ശാരീരികതയുടെ ലാസ്യനൃത്തങ്ങളിലും ഭോഗതൃഷ്ണകളിലുമല്ല ഈ സൗന്ദര്യത്തിന്റെ ഉൾക്കാമ്പ് എന്ന് ആദ്ധ്യാത്മിക ജീവിതത്തിൽ പരിണിതപ്രജ്ഞരായവർക്ക് അറിയാം. കോമളരൂപിയായിരുന്നില്ലെന്ന് പാരമ്പര്യം സാക്ഷിക്കുന്ന നസ്രായനായ യേശുവിന്റെ വാക്കുകൾക്ക് "ലാവണ്യ"മുണ്ടെന്നറിഞ്ഞ് അദ്ഭുതം കൂറാൻ സാധാരണക്കാർക്ക് പോലും കഴിഞ്ഞു (ലൂക്കോ. 4:22). പ്രകൃതിയുടെ മടിത്തട്ടിലും സമർപ്പിതമായ മനുഷ്യനന്മയുടെ 'ചില്ലിക്കാശിലും' കൊച്ചുകുഞ്ഞുങ്ങളുടെയും കാട്ടുപൂക്കളുടെയും പുഞ്ചിരിയിലും നസ്രായൻ ദർശിച്ച സൗന്ദര്യമാണ് ലാവണ്യവാക്കുകളായി നിർഗമിച്ചത്. ഒന്നു നമുക്ക് വ്യക്തമാണ്. ശരീരത്തിന്റെ അദമ്യമായ അഭിലാഷങ്ങളിൽപ്പെട്ട് അലയുന്നവർക്ക് ഒരു വലിയ അളവുവരെ മോചനം നൽകാൻ പ്രകൃതിസൗന്ദര്യത്തിനു കഴിയും. സൃഷ്ടിയുടെ സൗന്ദര്യത്തിന്റെ വിശ്വവിശാലതകളെ മനുഷ്യശരീരത്തിലേക്കും അതിന്റെ മാത്രം മോഹങ്ങളിലേക്കും ഒതുക്കുന്ന തെറ്റായ പ്രവണതയെ ഫലപ്രദമായി തിരുത്താൻ നമ്മുടെ പ്രകൃതിസ്നേഹത്തിനു കഴിയും.

പ്രകൃതിയോടു ബന്ധപ്പെട്ടും, സൃഷ്ടിയുടെ മഹത്വം ആസ്വദിച്ചും അതിന്റെ നിഗൂഢതകളെക്കുറിച്ച് നിരന്തരം മനനം ചെയ്തും കഴിയുന്ന സന്യാസി ആത്മാവിന്റെ ആഴങ്ങളെ തിരയുന്ന വ്യക്തിയാണ്. കാടുകളിലും മലകളിലും വിജനതകളിലും പർണ്ണശാല കെട്ടുന്ന പാരമ്പര്യം അർത്ഥപൂർണ്ണമാണ്. മനുഷ്യനും പ്രകൃതിയും തമ്മിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ജൈവബന്ധത്തെ പുനരുദ്ധരിക്കാനുള്ള ശ്രമമാണ് സന്യാസാശ്രമങ്ങൾ നടത്തുന്നത്, അല്ലെങ്കിൽ നടത്തേണ്ടത്.

ഒരു ഐറീഷ് ഡൊമിനിക്കൽ സന്യാസി വൈദികനായ Donagh O"Shea എഴുതിയ Nothing for the Journey : Meditations on Time and Place എന്ന പുസ്തകം എനിക്ക് വളരെ പ്രിയമാണ്. പുരാതന ഐറീഷ് സന്യാസികളുടെ നിരന്തരപ്രയാണം എന്ന തത്വത്തെ സ്വന്തം ജീവിതത്തിൽ പരീക്ഷിച്ചു നോക്കിയതിനെക്കുറിച്ചാണ് അദ്ദേഹം പറയുന്നത്. യാത്രയ്ക്ക് വലിയ സന്നാഹങ്ങൾ ഒന്നുമെടുക്കാതെ (മത്താ. 10:9–10) ഒരു ചെറിയ മോപ്പഡിൽ അദ്ദേഹം അനേകം ആഴ്ചകൾ തുറസ്സായ പ്രകൃതിയിൽ അലഞ്ഞുതിരിഞ്ഞു. ഈ നാടോടി ജീവിതത്തിൽ തനിക്കു ലഭിച്ച ചിന്തകളാണ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഒരിടത്ത് ഇങ്ങനെ

പറയുന്നു.

“Someone said once that Christianity is a very indoor religion. That is strange when you consider that Jesus lived with mountains, the sea and the desert, and claimed that he had nowhere to lay is head” (p. 41., Dominican Publications, 1990).

അറ്റ്ലാന്റിക് സമുദ്രത്തിനടുത്ത് വിജനമായ ഒരു നദിക്കരയിൽ ഒരു കൂടാരം കെട്ടി താമസിച്ച രാത്രിയെക്കുറിച്ച് അദ്ദേഹം എഴുതി: “Everything becomes its own essence at midnight. Only the deepest movements countinue - the heart beat, the stream’s flow and the eternal birth movement of the sea.”

നാം നനച്ചു വളർത്തുന്ന കൃഷിത്തോട്ടവും വീട്ടുമുറ്റത്ത് സൃഷ്ടിക്കുന്ന പൂന്തോട്ടവും അർത്ഥത്തിൽ ഒന്നുതന്നെയാണ്. എങ്കിലും ആശ്രമങ്ങളുടെ നാലുകെട്ടിനകത്ത് വളർത്തുന്ന പൂന്തോട്ടം പ്രകൃതി സൗന്ദര്യത്തിന്റെ നിദർശനമായി, നഷ്ടപ്പെട്ട പറുദീസ (garden) യുടെ ഗൃഹാതുരത്വമായി, ശാപവിമുക്തമായിത്തീർന്ന് അനുഗ്രഹീതമായി, ദൈവരാജ്യത്തിന്റെ സ്വഭാവം കൈവരിക്കുന്നു. ഭൂമിയുടെ യുഗാന്ത്യ ദർശനമായി നിലകൊള്ളുന്നു. ശലോമോന്റെ ഉത്തമഗീതത്തിൽ പരാമർശിക്കുന്ന “അടച്ചുപൂട്ടിയ തോട്ടം” അഥവാ രഹസ്യ ഉദ്യാനം (enclosed garden) പരിശുദ്ധ കന്യകയുടെ കന്യകാത്വത്തിന്റെ പ്രതീകമായും അങ്ങനെ സന്യാസ വ്രതശുദ്ധിയുടെ അടയാളമായും വ്യാഖ്യാനിക്കപ്പെട്ടു. ഉദ്യാനമദ്ധ്യത്തിൽ ഉയരുന്ന ജലധാര, മുദ്രയിട്ടിരിക്കുന്ന കന്യകാഗർഭത്തിൽ നിന്നുയർന്ന ജീവന്റെ ഉറവയായ ക്രിസ്തു തന്നെ (ഉത്തമഗീതം 4:12) പ്രകൃതിയും, പൂന്തോട്ടവും, സന്യാസിയും, സൗന്ദര്യവുമെല്ലാം അർത്ഥപൂർണ്ണമായ ഒരു ആദ്ധ്യാത്മിക ദർശനത്തിന്റെ ചരടിൽ കോർത്തിണക്കപ്പെടുന്നു.

*(സന്യാസാശ്രമങ്ങളുടെ വാർഷിക സമ്മേളനത്തിൽ ചെയ്ത പ്രസംഗം. പുതുപ്പാടി സെന്റ് പോൾസ് ആശ്രമം, ഓഗസ്റ്റ് 2007)*

# അനുഗ്രഹീതമായ കണ്ണുനീർ

"എന്റെ ദൈവമേ, എന്റെ സ്നേഹമേ,
നിന്റെ രക്തം എന്റെ ഹൃദയത്തിലൊഴുകട്ടെ.
നീയല്ലാതെ ആരാണ് എനിക്ക്
കണ്ണുനീർ പ്രവാഹത്തെ സമ്മാനിക്കുന്നത്?"
– നിനുവയിലെ വി. ഇസ്സഹാക്ക്

ഓർത്തഡോക്സ് ആദ്ധ്യാത്മികതയിൽ, പ്രത്യേകിച്ചും സുറിയാനി പാരമ്പര്യത്തിൽ കണ്ണുനീരിന് സവിശേഷമായ ഒരു സ്ഥാനമുണ്ട്. ദുഃഖം, പശ്ചാത്താപം, സഹതാപം, നഷ്ടബോധം തുടങ്ങിയ മാനുഷിക വികാരങ്ങളോടാണ് കണ്ണുനീരിനെ നാം സാധാരണ ബന്ധിപ്പിക്കുന്നത്. എന്നാൽ ഇവയ്ക്കെല്ലാം ഉപരി, കണ്ണുനീരിനെ പരിശുദ്ധാത്മാവിന്റെ ഒരു നൽവരമായി കാണുന്ന പ്രബലമായ ഒരു പാരമ്പര്യം സഭയിലുണ്ട്.

പുരുഷമേധാവിത്വം കൊടികുത്തി വാഴുന്ന സംസ്ക്കാരത്തിൽ കണ്ണുനീരിനെ പുരുഷത്വത്തിന് യോജിക്കാത്ത ബലഹീനതയുടെ അടയാളമായി പൊതുവെ നാം വിശേഷിപ്പിക്കുന്നു. പരസ്യമായി കണ്ണീരൊഴുക്കുന്നത് പുരുഷന് കുറച്ചിലായി നാം കാണുന്നു. ആധുനികതയുടെ കാറ്റേൽക്കാത്ത "പ്രാകൃത മനുഷ്യൻ" കടുത്ത ദുഃഖം വരുമ്പോൾ പൊട്ടിക്കരയുന്നു. "സംസ്ക്കാര"ത്തിന്റെ അളവു കൂടുന്നതനുസരിച്ച് എത്ര വലിയ ദുഃഖവും വിതുമ്മലായോ കൺകോണുകളിൽ നിന്ന് കൈലേസു കൊണ്ട് തുടച്ചു നീക്കപ്പെടുന്ന ഒന്നോ രണ്ടോ തുള്ളി കണ്ണുനീരായോ പുറത്തു വരുന്നു. കണ്ണുനീരിനെ അടിച്ചമർത്തുന്ന സംസ്ക്കാരമാണ് ഇന്ന് "പരിഷ്കൃത" ലോകത്തിൽ മാന്യതയണിഞ്ഞു നിൽക്കുന്നത്. പുരുഷനുമായി മത്സരിക്കുന്ന സ്ത്രീകളും കണ്ണുനീരിനെ അടക്കുവാൻ പരിശ്രമിക്കുന്നു.

വികാരപ്രധാനവും ഭൗതിക ദുഃഖങ്ങളെ ആശ്രയിച്ചും വരുന്ന കണ്ണുനീരിനെപ്പറ്റിയല്ല, കണ്ണുനീരെന്ന വരത്തെക്കുറിച്ചാണ് ഈ ചെറിയ ലേഖനത്തിൽ പ്രധാനമായും പറയുന്നത്. പക്ഷേ, പലപ്പോഴും ഇവ തമ്മിൽ വേർതിരിക്കാനാവാത്തവിധം സമ്മേളിക്കാറുണ്ട്. കുറ്റബോധം, അനുതാപം, പശ്ചാത്താപം തുടങ്ങിയവയോട് ചേർന്നുവരുന്ന കണ്ണുനീരിനെപ്പറ്റി നോമ്പിലെ പ്രാർത്ഥനകളിൽ കൂടെക്കൂടെ പറയുന്നുണ്ട്. "നിനക്ക് കണ്ണീരില്ലെങ്കിൽ, പാവപ്പെട്ടവരോട് കണ്ണീരിനെ വിലയ്ക്കു വാങ്ങുക' എന്ന സ്രൂഗിലെ വി. യാക്കോബ് നോമ്പുകാരോട് ഉപദേശിക്കുന്നു. അനുതാപം പൂർണ്ണമാകണമെങ്കിൽ കണ്ണുനീർ വേണമെന്നാണ് ഇവിടെ ഉദ്ദേശിക്കുന്നത്. പാവപ്പെട്ടവർക്ക് ഭൗതികദുഃഖങ്ങൾ ധാരാളമുള്ളതുകൊണ്ട് കണ്ണുനീരും ധാരാളം കാണും എന്ന് വിവക്ഷയുണ്ട്. ബാഹ്യദുഃഖങ്ങൾ കൊണ്ടു

ണ്ടാകുന്ന കണ്ണുനീർ ആ ദുഃഖം മാറുമ്പോൾ വറ്റിപ്പോകും. അനുതപിക്കുന്ന മനുഷ്യന്റെ കണ്ണുനീർ അനുതപിച്ചു കഴിയുമ്പോൾ അവസാനിച്ചേക്കാം. എന്നാൽ കണ്ണുനീരെന്ന ദാനം ഭൗതിക ദുഃഖത്തെയോ ആത്മീയ ദുഃഖത്തെയോ ആശ്രയിച്ച് ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്നില്ല.

ഗ്രീക്ക് പാരമ്പര്യത്തിലുണ്ടായ സ്റ്റോയിക്ക് ദർശനം (Stoicism) ക്രിസ്തീയ ചിന്തയെ വളരെ സ്വാധീനിച്ചിട്ടുണ്ട്. യഥാർത്ഥ ദാർശനികൻ എല്ലാ ദുഃഖങ്ങൾക്കും സന്തോഷങ്ങൾക്കും അതീതമായ നിസ്സംഗത കൈവരിക്കണം എന്നാണ് സ്റ്റോയിക് ഗുരുക്കന്മാർ പഠിപ്പിച്ചത്. നിർവ്വികാരതയോളമെത്തുന്ന വിരക്തിയാണ് ആദ്ധ്യാത്മികതയുടെ കാതൽ എന്നവർ ഉപദേശിച്ചു. ഇൻഡ്യയിലെ ചില ആത്മിക സാധനകളോട് സാമ്യമുള്ള ഈ ദർശനം ഗ്രീക്ക് ക്രിസ്തീയ പാരമ്പര്യത്തിൽ വളർന്ന പല സഭാപിതാക്കന്മാരെയും വളരെ ആകർഷിച്ചിട്ടുണ്ട്. ഒരുറ്റ സ്നേഹിതൻ മരിച്ചാൽപ്പോലും ദുഃഖിക്കുകയോ കരയുകയോ ചെയ്യുന്നത് ആത്മിക ജീവിതത്തിന് ചേർന്നതല്ല എന്നു പൊതുവേ സന്യാസപ്രസ്ഥാനത്തിൽ പഠിപ്പിക്കുന്നു. എന്നാൽ ഗ്രീക്ക് സ്വാധീനം അധികം ഏല്ക്കാത്ത പൗരസ്ത്യ ആദ്ധ്യാത്മികതയിൽ കണ്ണുനീരിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നു. കണ്ണീർ ഇവിടെ കാതലായ ജീവന്റെ അടയാളമാണ്.

കണ്ണീരെന്ന നൽവരത്തിന്റെ അടിസ്ഥാനം ദൈവത്തിന്റെ മനുഷ്യസ്നേഹമാണ്. ക്രിസ്തുവിന്റെ മനുഷ്യാവതാര രഹസ്യം വേരൂന്നിയിരിക്കുന്നത് ഈ ദിവ്യസ്നേഹത്തിലും അപരിമേയമായ സഹാനുഭൂതിയിലുമാണ്. തന്റെ സൃഷ്ടിയോടുള്ള സ്നേഹവും സഹതാപവും മൂലം സ്രഷ്ടാവായ ദൈവം ഒഴുക്കിയ അമൂല്യമായ കണ്ണീർത്തുള്ളിയാണ് മനുഷ്യാവതാരത്തിൽ നാം കാണുന്നത്. സ്വയം വെറുമയാക്കി ക്രൂശിലെ മരണത്തോളം സ്വയം ത്യജിച്ച ദൈവപുത്രൻ സ്വർഗ്ഗീയമായ കണ്ണീരിന്റെ അലിവും ആർദ്രതയും സഹാനുഭൂതിയും നമുക്ക് വെളിപ്പെടുത്തി. "യേശു കരഞ്ഞു" എന്ന ചെറു വാക്യത്തിലൂടെ ദൈവത്തിന്റെ മനസ്സലിവും കരുണയുമാണ് സുവിശേഷം ഊന്നിപ്പറയുന്നത്.

ഈജിപ്തിലെ പ്രസിദ്ധമായ വിശുദ്ധ മക്കാറിയോസിന്റെ ആശ്രമത്തിൽ ഇന്നും സന്യാസിമാർ പ്രാർത്ഥനയിൽ പരസ്യമായി കണ്ണീരൊഴുക്കുന്നത് പതിവാണ്. പൗരസ്ത്യ പാരമ്പര്യത്തിൽ ജീവിച്ച വിശുദ്ധരായ വ്യക്തികളെല്ലാം കണ്ണീരിന്റെ ആത്മീയ പ്രാധാന്യം മനസ്സിലാക്കിയിട്ടുള്ളവരാണ്. പലരും കണ്ണീരെന്ന നൽവരത്തിനായി പ്രത്യേകിച്ച് പ്രാർത്ഥിച്ചിരുന്നു. നിനുവേയിലെ വിശുദ്ധ ഇസ്സഹാക്ക് (7-ാം നൂറ്റാണ്ട്) "നെസ്തോറിയൻ" പാരമ്പര്യത്തിൽ ജനിച്ചു വളർന്ന വ്യക്തിയായിരുന്നെങ്കിലും ഓർത്ത

ഡോക്സ് ആദ്ധ്യാത്മിക പാരമ്പര്യത്തിൽ സുസമ്മതമായ സ്ഥാനം നേടിയ വിശുദ്ധനാണ്. കണ്ണീരെന്ന നൽവരത്തെ വളരെയധികം ഊന്നിപ്പറഞ്ഞിരുന്നു അദ്ദേഹം.

ദൈവത്തിന്റെ സൃഷ്ടിയോട് ദൈവം കാണിക്കുന്ന അതേ സ്നേഹവും സഹാനുഭൂതിയും സ്വന്തം ജീവിതത്തിൽ കാണിക്കുന്ന വിശുദ്ധ വ്യക്തികളാണ് കണ്ണീരിലൂടെ ആഴമേറിയ ആർദ്രത വെളിപ്പെടുത്തുന്നത്. ദൈവത്തിന്റെ സകല സൃഷ്ടിക്കും വേണ്ടി കണ്ണീരൊഴുക്കുന്നവർ കർത്താവിന്റെ മഹാപുരോഹിത ധർമ്മത്തിൽ പങ്കുചേരുന്നു. മനുഷ്യാവതാര രഹസ്യത്തിലേക്ക് ഉൾക്കാഴ്ച നൽകുന്ന അതുല്യമായ വാതിലാണ് കണ്ണീർ. കാരണം അത് ദിവ്യസ്നേഹത്തിന്റെയും സഹതാപത്തിന്റെയും ആഴക്കടലിലെ തുള്ളികൾ തന്നെയാണ്.

ദൈവത്തിന് തന്റെ സൃഷ്ടിയോടുള്ള മൗലികമായ ബന്ധത്തെയും മനോഭാവത്തെയും സൂചിപ്പിക്കാൻ സഭാപാരമ്പര്യം ഉപയോഗിക്കുന്ന പദമാണ് ആർദ്രസ്നേഹം. ശിക്ഷണവും ന്യായവിധിയുമെല്ലാം സ്നേഹവലയത്തിനുള്ളിലാണ്. മനുഷ്യൻ മാത്രമല്ല സകല ജീവജാലങ്ങളും അചേതനമെന്ന് നാം വിളിക്കുന്ന വസ്തുക്കളും ദൈവത്തിന്റെ ആർദ്ര സ്നേഹത്തിന്റെയും മനസ്സലിവിന്റെയും പാത്രങ്ങളാണ്. അതുകൊണ്ടാണ് ഈ സ്നേഹത്തിന്റെയും സഹഭാവത്തിന്റെയും മാധുര്യമറിഞ്ഞ വിശുദ്ധന്മാർ സകല ജീവികളോടും കാരുണ്യം കാണിക്കുന്നത്. വന്യമെന്നും ക്രൂരമെന്നും വിശേഷിപ്പിക്കപ്പെടുന്ന ജീവികളും വിശുദ്ധന്മാരും തമ്മിലുള്ള ഇണക്കം പ്രസിദ്ധമാണല്ലോ. പറുദീസായിൽ വച്ച് ആദാമും ഹവ്വായുമായി ഇണങ്ങിക്കഴിഞ്ഞിരുന്ന മൃഗങ്ങൾ, പറുദീസായിൽ നിന്ന് ബഹിഷ്കൃതനായ മനുഷ്യനെ കണ്ടപ്പോൾ “പേടിയും നടുക്കവും” അനുഭവിച്ചു തുടങ്ങിയെന്ന് ഉൽപ്പത്തി പുസ്തകം പറയുന്നു. അവയുടെ ഭയത്തിൽ നിന്ന് ആക്രമണവാസന ഉടലെടുത്തു. പാപം ചെയ്യുന്ന മനുഷ്യനോടും വിശുദ്ധന്മാർക്കുള്ള മനോഭാവം ദൈവത്തിന്റെ അനന്തമായ സഹതാപഭാവം തന്നെയാണ്. സൃഷ്ടി അതിന്റെ ആകെത്തുകയിൽ സഹതാപം അർഹിക്കുന്നു. ഇവിടെ സഹതാപം എന്നത് ഉയർന്ന നിലയിൽ നിൽക്കുന്ന ശക്തനായ വ്യക്തി ബലഹീനനായ ഒരു താണ വ്യക്തിയോടു കാണിക്കുന്ന തരത്തിലുള്ള സഹതാപമല്ല. നേരെമറിച്ച് സൃഷ്ടിയോടു ചേർന്നുള്ള സഹഭാവമാണ്. ഈ സഹഭാവമായിരുന്നല്ലോ കർത്താവിന്റെ മനുഷ്യാവതാരത്തിൽ നാം കണ്ടത്. “ദാസവേഷമെടുത്തു മനുഷ്യനായ” കർത്താവ് സൃഷ്ടിയുടെ സ്വഭാവത്തെ പൂർണ്ണമായും സ്വീകരിച്ചു. ഇതാണ് യഥാർത്ഥ സഹതാപം. കണ്ണീരെന്ന നൽവരം ലഭിക്കുന്നവർ ഈ സഹതാപം വെളിപ്പെടുത്തുവാൻ കഴിവുറ്റവരായിത്തീരുന്നു. അവരുടെ കണ്ണീരിലൂടെ വഴിയുന്നത് ദൈവത്തിന്റെ മഹാകരുണയും മനസ്സലിവുമാണ്. അതുകൊണ്ട് സ്വയം

മറന്ന്, സകല സൃഷ്ടിയുടെയും രക്ഷയ്ക്കും ജീവനും വേണ്ടിയും അവർ പ്രാർത്ഥനയിൽ കണ്ണീരൊഴുക്കുന്നു. ഇവിടെ കാതലായ ഒരു വ്യത്യാസം കാണാം. ആത്മീയ ജീവിതത്തിൽ സാധാരണക്കാരായവർ അവരുടെ വ്യക്തിപരമായ ദുഃഖങ്ങൾ, പാപങ്ങൾ, കുറവുകൾ, വേദനകൾ ആവശ്യ ങ്ങൾ എന്നിവയെ ഓർത്തു പ്രാർത്ഥനയിൽ കണ്ണീരൊഴുക്കുമ്പോൾ യഥാ ർത്ഥ വിശുദ്ധി പ്രാപിച്ചവർ "തന്റെ ഏകജാതനായ പുത്രനെ ലോകത്തിലേ ക്കയക്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ച" ദൈവത്തിന്റെ സ്നേ ഹത്താൽ പ്രേരിതരായി സർവ്വസൃഷ്ടിയ്ക്കും വേണ്ടി കണ്ണീരൊഴുക്കുന്നു. പൂർണ്ണമായ ആത്മത്യാഗവും സ്വയം ഇല്ലാതാക്കലും ഇവിടെയുണ്ട്. സ്വന്തം ആത്മാവിലേക്ക് മാത്രം തിരിഞ്ഞിരിക്കുന്ന അന്തർമുഖമായ ഭക്തി ചില തരം മനോരോഗങ്ങളുടെ അതിരിൽ ചേർന്നു നിൽക്കുന്നു. എന്നാൽ ദൈവ സൃഷ്ടിയുടെ ജീവസ്രോതസ്സുകൾ ദർശിക്കുകയും ആർദ്രമായ സ്നേഹ ത്താൽ അതിനോട് സഹഭാവം പ്രാപിക്കുകയും ചെയ്യുന്ന ഭക്തി ദൈവ ത്തിന്റെ ജീവനിൽ പങ്കു ചേരുന്നു.

കണ്ണുനീർ ബലഹീനതയുടെ അടയാളമായി സാധാരണ ചിത്രീകരി ക്കപ്പെടുന്നതുപോലെ കണ്ണീരിന്റെ അഭാവം ധൈര്യത്തിന്റെയും ശക്തിയു ടെയും അടയാളമായി പലരും കാണുന്നു. ശക്തി, അധികാരം എന്നിവയെ ക്കുറിച്ചുള്ള നമ്മുടെ പരിഷ്കൃത സമൂഹത്തിന്റെ ഇന്നത്തെ ധാരണകൾ മനുഷ്യത്വത്തെ നിരാകരിക്കുന്നവയാണ്. വ്യവസായികമായും സാങ്കേതിക വിദ്യാപരമായും മുൻപന്തിയിൽ നിൽക്കുന്ന സമൂഹങ്ങളിൽ കടുത്ത അധി കാര മത്സരങ്ങൾ ഉണ്ട്. പണം, സ്ഥാനം, മുതൽ എന്നിവയ്ക്കു വേണ്ടി യുള്ള മത്സരം എല്ലായിടത്തുമുണ്ടെങ്കിലും സാമ്പത്തിക പുരോഗതി ഉണ്ടെന്നു പറയുന്ന ആധുനിക സമൂഹങ്ങളിൽ രൂക്ഷവും പൈശാചിക വുമായ മത്സരങ്ങൾ ആളിക്കത്തിക്കൊണ്ടിരിക്കും. ഇവയുടെ പ്രധാനമൂല്യം നിഷ്ക്കരുണമായി, അപരനെ അടിച്ചമർത്തി, സ്വന്തം വിജയക്കൊടി നാട്ടുക എന്നതാണ്. "ജീവിതവിജയം" പൂർണ്ണമായും പണം, അധികാരം എന്നിവയിൽ കേന്ദ്രീകരിച്ചിരിക്കുന്നു. കണ്ണുനീരും അതിനോടു ചേർന്ന മാനുഷികഭാവവും ഈ മത്സരങ്ങളുടെ അടുത്തൊന്നും എത്തുവാൻ ഇവയുടെ പിണിയാളുകൾ സമ്മതിക്കുകയില്ല.

അവരുടെ നോട്ടത്തിൽ കണ്ണീരിലൂടെ വെളിപ്പെടുന്നത് ബലഹീനത യാണ്, അഥവാ ജീവിതവിജയത്തിന്റെ നേരെ എതിർവശത്ത് നിൽക്കുന്ന ശക്തി ശൂന്യത. പക്ഷേ, ഈ ശക്തിരാഹിത്യത്തിന് ആത്മീയമായ നിരവധി സാദ്ധ്യതകളുണ്ട്. ലൗകികശക്തിയുടെ മേൽ ആത്യന്തികമായി വിജയം നേടുന്നതാണ് ഈ ശക്തിരാഹിത്യം. കർത്താവിന്റെ മനുഷ്യാവതാരത്തിൽ പ്രകടമായത് ശക്തി ശൂന്യതയായിരുന്നു. സ്വയം ത്യജിച്ച്, ബാഹ്യശക്തി കളെയെല്ലാം ദൈവ തിരുവിഷ്ടത്തിന് അടിയറ വച്ച്, ദൈവസൃഷ്ടിയെ

സഹഭാവപൂർവ്വം സ്നേഹിച്ച ശക്തിരാഹിത്യം. കണ്ണീരിനെ ദാനമായി ക്കണ്ട വിശുദ്ധ വ്യക്തികൾ ഈ ദുർബലതയുടെ ശക്തി കണ്ടറിഞ്ഞു. നമ്മുടെ കാലത്ത് 'സ്ത്രീകളുടെ വിമോചന പ്രസ്ഥാനത്തിന്റെ' സ്വാധീ നത്തിൽ വന്ന ആത്മീയ കാഴ്ചപ്പാടുള്ള ചില വ്യക്തികൾ കണ്ണീരും ശക്തി യും തമ്മിലുള്ള ബന്ധത്തിലേക്ക് പുതിയ ഉൾക്കാഴ്ചകൾ നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ വളരെ പുരാതനമായ ഒരു ബന്ധമാണിത്. കണ്ണീരിനെ വിലയിടിച്ചു കാണിക്കുന്നതും പുരുഷമൂല്യങ്ങൾ അടക്കി വാഴുന്നതുമായ പുതിയ വ്യവസായിക - സാങ്കേതിക സംസ്കാരത്തിൽ നഷ്ടപ്പെട്ടുപോയ ഈ ബന്ധത്തെ വീണ്ടെടുക്കാനുള്ള ശ്രമം തികച്ചും ആത്മീയസംരംഭം തന്നെയാണ്. മനുഷ്യവംശത്തോടും സഹഭാവമുണ്ടാകണമെങ്കിൽ കണ്ണീരി ലൂടെയല്ലാതെ മറ്റു മാർഗ്ഗമില്ല.

കണ്ണുനീർ ജീവന്റെ അടയാളമായിട്ട് ആത്മീയാചാര്യന്മാർ കാണുന്നു: "സ്വാഭാവികമായിട്ട് തന്നെ കരയുവാൻ കഴിയുന്നവരാണ് നാം എന്നത് വാസ്തവമാണ്. ജനിച്ചുവീഴുന്ന കുട്ടികൾ തന്നെ നമ്മെ ഇതു പഠിപ്പിക്കു ന്നു. മാതാവിന്റെ ഗർഭപാത്രത്തിൽ നിന്ന് പുറത്തുവന്ന് ഭൂമിയിൽ പതി ക്കുന്ന നിമിഷം തന്നെ കുഞ്ഞുങ്ങൾ കരയുന്നു. അമ്മമാരും സൂതികർ മ്മിണികളും ഇത് പുതിയ ജീവന്റെ അടയാളമായി സ്വീകരിക്കുന്നു. കുട്ടി കരയുന്നില്ലെങ്കിൽ അതിന് ജീവനുണ്ടോ എന്ന് സംശയിക്കാം. കരയുന്ന തിലൂടെ, പ്രകൃതി തന്നെ കണ്ണീരും അതിനോടു ബന്ധപ്പെട്ട കഷ്ടതയും ജീവിതത്തിന്റെ അവിഭാജ്യ ഭാഗമാണെന്ന് നമ്മെ കാണിക്കുന്നു. ... ശരീരത്തിന് ആഹാരവും പാനീയവും ആവശ്യമായിരിക്കുന്നതിൽ ഒട്ടും കുറയാതെ ആത്മാവിന് കണ്ണീര് അത്യന്താപേക്ഷിതമാണ്. എല്ലാ ദിവ സവും കരയാൻ കഴിയാത്ത വ്യക്തി - എല്ലാ മണിക്കൂറുമെന്ന് ഞാൻ പറഞ്ഞാൽ ഒരു പക്ഷേ അതിശയോക്തിയെന്ന് ചിലർ പറഞ്ഞേക്കാം - ആത്മാവിന്റെ വിശപ്പിനെ കൊല്ലുകയും ആത്മാവിനെ നഷ്ടപ്പെടുത്തു കയും ചെയ്യുന്നു" (നിനുവേയിലെ വി. ഇസഹാക്ക്).

എപ്പോഴും നവീകരിക്കപ്പെടുന്ന ജീവനെയാണ് കണ്ണീർ പ്രതിനിധാനം ചെയ്യുന്നത്. ശരീരശാസ്ത്രപരമായി പറഞ്ഞാലും കണ്ണീരിന് ചില ധർമ്മ ങ്ങളുണ്ട്. അതുകൊണ്ടാണല്ലോ ശരീരത്തിൽ അത് സ്രവിപ്പിക്കാനുള്ള ഗ്രന്ഥികൾ നൽകിയിരിക്കുന്നത്. ചിലതരം വിഷമയമായ സ്രവങ്ങളെ കണ്ണീരിലൂടെ പുറന്തള്ളാൻ കഴിയുമെന്ന് വൈദ്യശാസ്ത്രം പറയുന്നു. അതുപോലെ ഓരോ തരത്തിലുള്ള കണ്ണീരിന്റെയും രാസസംയോഗത്തിൽ പ്രത്യേകതകളുമുണ്ടത്രെ. കോപത്തിന്റെ കണ്ണീരിൽ നിന്നും വ്യത്യസ്ത മായിരിക്കും സന്തോഷത്തിന്റെ കണ്ണീർ. ഇവയിൽ നിന്ന് വ്യത്യസ്തമായി രിക്കും സ്നേഹത്തിന്റെയും സഹതാപത്തിന്റെയും കണ്ണീർ. വൈകാരിക സമ്മർദ്ദം കുറയ്ക്കാൻ കണ്ണീരിനുള്ള കഴിവ് മിക്കവർക്കും അനുഭവമാണ്.

നമ്മുടെ സഭയിൽ പരുമലത്തിരുമേനി, പാമ്പാടിത്തിരുമേനി തുടങ്ങിയവരും നമുക്ക് പലർക്കും അജ്ഞാതരും സാധാരണ കുടുംബജീവിതം നയിച്ചിരുന്നവരുമായ പല വ്യക്തികളും കണ്ണീരിന്റെ ആത്മീയ സാധ്യതകളെ സാക്ഷാത്ക്കരിച്ചവരായി നമുക്ക് സാക്ഷ്യം നൽകുന്നു. ഇത് അവർക്ക് കിട്ടിയത് പൗരസ്ത്യ സഭയുടെ ആത്മീയ പാരമ്പര്യത്തിൽ നിന്നാണ്. റോമൻ കത്തോലിക്കരും ഇംഗ്ലീഷുകാരും ഇവിടെ നമ്മുടെ ഇടയിൽ കൊണ്ടുവന്ന ആദ്ധ്യാത്മിക പാരമ്പര്യം ഇതിൽ നിന്ന് വ്യത്യസ്തമായിരുന്നു. ആ പാരമ്പര്യങ്ങൾക്ക് നമ്മുടെ സഭയിൽ ആഴമായ ആത്മീയ സ്വാധീനം ചെലുത്താൻ കഴിഞ്ഞില്ല. ബാഹ്യമായ സംഘടനാശേഷിയും സാമൂഹ്യസേവനപരമായ ചില പ്രവർത്തനശൈലികളുമാണ് അവർ നമ്മെ പഠിപ്പിച്ചത്. നിർഭാഗ്യവശാൽ നമ്മുടെ സ്വന്തം ആത്മീയ പാരമ്പര്യത്തെ നാം വിസ്മരിച്ചു. പാശ്ചാത്യർ കാണിച്ച സംഘടനാപാടവം, കാര്യക്ഷമമായ ഭരണം, പണമുണ്ടാക്കുന്ന പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും പടുത്തുയർത്തൽ എന്നീ സംഗതികൾ നമ്മുടെ സഭയിലെയും മുഖ്യ മൂല്യങ്ങളായി മാറിക്കൊണ്ടിരിക്കയാണ്. ഇവയൊക്കെ ഒരളവുവരെ ആവശ്യമാണെങ്കിലും, നമ്മുടെ സ്വന്തമായ സംഭാവനകൾ ഇവയിലല്ല നാം നൽകേണ്ടത്. വിശുദ്ധരായ വ്യക്തികളെ ലഭിക്കണമെങ്കിൽ നമുക്കൊരു ആദ്ധ്യാത്മിക സംസ്ക്കാരമുണ്ടായിരിക്കണം. നോമ്പിന്റെയും ആത്മശിക്ഷണത്തിന്റെയും കണ്ണീരിന്റെയും അതിശക്തമായ ഒരു സംസ്കാരത്തിന്റെ പിൻതുടർച്ചക്കാരാണ് നാം. അത് എങ്ങനെ കൂടുതൽ ആഴവും ശക്തിയുമുള്ളതാക്കാം എന്നാണ് നാം കൂട്ടായ് അന്വേഷിക്കേണ്ടത്. മനുഷ്യസ്നേഹത്തിന്റെയും സഹാനുഭൂതിയുടേയും പുതിയ നാളങ്ങൾ തീർച്ചയായും ഈ സംസ്കാരത്തിൽ നിന്ന് കൊളുത്തപ്പെടും. ആത്മീയ സംസ്കാരമെന്ന് ഇവിടെ ബോധപൂർവ്വം പറയുന്നതാണ്. കാരണം, സഭയെന്നുള്ള നിലയ്ക്ക് സമൂഹമായിത്തന്നെ നാം സ്വീകരിക്കുന്ന സമീപനങ്ങളും വിലമതിക്കുന്ന മൂല്യങ്ങളുമാണ് അതിലെ വ്യക്തികളെ പ്രചോദിപ്പിക്കുന്നതും പുതിയ ആദ്ധ്യാത്മികമാനങ്ങൾ തേടാൻ അവരെ സഹായിക്കുന്നതും. ഒറ്റപ്പെട്ട പല വ്യക്തികൾ ഇപ്പോഴും നമ്മുടെ പാരമ്പര്യത്തിന്റെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കയും ആത്മീയ സാധനകൾ അഭ്യസിക്കയും ചെയ്യുന്നുണ്ട്. പക്ഷേ അതൊരു സമൂഹത്തിന്റെ മുഖമുദ്രയും ആവേശവുമായിത്തീരണമെങ്കിൽ സമൂഹം കൂട്ടായി യത്നിക്കുകയും അനുകൂലമായ സാംസ്കാരിക - മൂല്യവ്യവസ്ഥ സൃഷ്ടിക്കുകയും ചെയ്യണം.

നമ്മുടെ സഭ ഇപ്പോൾ മുൻഗണന നൽകുന്ന പല കാര്യങ്ങളും ഇങ്ങനെയൊരു ദിശയിലേക്കല്ല ഉന്നം വയ്ക്കുന്നത് എന്ന് ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. ചിട്ടി, ലോട്ടറി തുടങ്ങിയവയുടെ തത്വം സ്വീകരിച്ച് കോടിക്കണക്കിന് രൂപ സംഭരിക്കയാണ് സഭയുടെ ശക്തിക്ക് ഇന്ന് ഏറ്റവും

ആവശ്യം എന്ന് ചിലർ ചിന്തിക്കുന്നു. പടുകൂറ്റൻ റാലികളും റാസകളും സംഘടിപ്പിച്ച് രാഷ്ട്രീയ രീതിയിൽ ശക്തിപ്രകടനം നടത്തിയാൽ സഭയ്ക്ക് പുതിയ ജീവൻ കൈവരും എന്ന് മറ്റൊരു കൂട്ടർ ചിന്തിക്കുന്നു. ഇവിടെ യൊന്നും നമ്മുടെ ആത്മിക പൈതൃകത്തിന്റെ ആഴത്തെക്കുറിച്ചോ, നമ്മു ടെ യഥാർത്ഥമായ സംഭാവനകളെക്കുറിച്ചോ കാര്യമായ പരിജ്ഞാനമോ താൽപ്പര്യമോ കാണുന്നില്ല. നമ്മുടെ സഭ ഇവിടത്തെ മണ്ണിൽ സ്വാതന്ത്ര്യ ത്തോടും തേജസ്സോടും കൂടി നിലനിൽക്കണമെങ്കിൽ നമുക്ക് വിനയ ത്തിലും ദൈവസ്നേഹത്തിലും മനുഷ്യരോടുള്ള സഹാനുഭൂതിയിലും വേരൂന്നിയ ഒരു ആത്മീയ പരിതോവസ്ഥ ആവശ്യമാണ്. ഉത്തമ ക്രിസ്തീയ സാഹിത്യം, ആദ്ധ്യാത്മിക ചിത്രകല, സംഗീതം, ആരാധനാ രൂപങ്ങൾ, ദേവാലയശില്പങ്ങൾ, മനുഷ്യസ്നേഹപരമായ സേവനം എന്നി വയുണ്ടാകണമെങ്കിൽ സുദൃഢവും ആത്മീയ മൂല്യങ്ങളിലടിയുറച്ചതുമായ സഭാജീവിതം ആദ്യമേ ആവശ്യമാണ്. നമ്മുടെ പാരമ്പര്യത്തിന്റെ ഉറവകൾ ഇപ്പോഴും കുറെയൊക്കെ സജീവമാണ്. അവ തീർത്തും വറ്റിപ്പോകുന്ന തിനു മുൻപ് നമുക്ക് സമൂഹമായി ഒരു മാനസ്സാന്തരം ആവശ്യമാണ്.

നമ്മുടെ നോമ്പിന്റെ പാരമ്പര്യം വ്യക്തിയിൽ കേന്ദ്രീകരിച്ചതല്ല. വ്യക്തിയുടെ ജീവിത വിശുദ്ധിയും ആത്മശിക്ഷണവും നോമ്പിന്റെ ഫല മായി ഉണ്ടാകണമെന്ന് നാം പ്രതീക്ഷിക്കുന്നു. സമൂഹത്തിന്റെ മാനസാ ന്തരം (Social metanoia) അതിന്റെ പ്രമുഖ ലക്ഷ്യങ്ങളിലൊന്നാണ്. അതുകൊണ്ടാണ് നാം കൂട്ടായ് ഉപവസിക്കുന്നതും കൂട്ടായ് കുമ്പിടുന്നതും കൂട്ടായി പ്രാർത്ഥനകൾ നടത്തുന്നതും. വ്യക്തികൾ നന്നായാലും സമൂഹം നന്നായില്ലെന്ന് വരാം. വ്യക്തികളുടെ ധാർമ്മിക ബോധത്തിനും ആത്മീയ മനോഭാവത്തിനും വിരുദ്ധമായി നയപരിപാടികൾ ഉണ്ടാക്കുന്നതിനും, ദേശീയ സുരക്ഷിതത്വത്തിന്റെ പേരിൽ മനുഷ്യരാശിയെ മുഴുവൻ നശിപ്പി ക്കുന്ന മാരകായുധങ്ങൾ ഉണ്ടാക്കാനും വിൽക്കാനും പാവങ്ങളുടെ നീതിയും സമാധാനവും മറിച്ചുകളയുവാനും ക്രിസ്തീയമെന്നു പേരുള്ള രാജ്യങ്ങൾക്ക് കഴിയുന്നുണ്ടല്ലോ. അതേസമയം, രാജ്യത്തിന്റെ പൊതുന യങ്ങളും കാര്യനിർവ്വഹണവും നിയമസംവിധാനവും നീതിയിലും സത്യ ത്തിലും ഊന്നിയതാണെങ്കിൽ ആ രാജ്യത്തെ വ്യക്തികളുടെ ധർമ്മിക ജീവിതത്തെയും നീതിബോധത്തെയും അത് സ്വാധീനിക്കയും ശക്തിപ്പെ ടുത്തുകയും ചെയ്യും. വ്യക്തികളുടെ വെറും കൂട്ടമാണ് സമൂഹം എന്ന ചിന്ത അപകടമാണ്. വ്യക്തികളുടെ താല്പര്യങ്ങൾക്കുപരിയായോ വിരു ദ്ധമായോ നിൽക്കാൻ ആ വ്യക്തികൾ ഉൾപ്പെടുന്ന സമൂഹത്തിനു കഴിയും. അതുകൊണ്ടാണ് നോമ്പ് ക്രിസ്തീയ സമൂഹത്തിന്റെ കൂട്ടായ വിമർശ നത്തിനും മനംതിരിവിനുമുള്ള പരമ്പരാഗത മാർഗ്ഗമാണെന്ന് സൂചിപ്പിക്കു ന്നത്.

കണ്ണീരിനെ പരിശുദ്ധാത്മാവിന്റെ നൽവരമായിക്കാണുന്ന ആദ്ധ്യാത്മികത ഒട്ടും ഉപരിപ്ലവമല്ല. നമ്മിലുള്ള പുറംപൂച്ചുകളെയും കാപട്യത്തേയും സ്വയം നീതീകരണത്തെയും വെല്ലുവിളിക്കാനും നശിപ്പിക്കാനും അതിനു കഴിവുണ്ട്. ദൈവസ്നേഹത്തിന്റെ ആഴങ്ങളിലേക്കിറങ്ങാൻ നമ്മെ സഹായിക്കുന്ന ആത്മിക സാധനയാണത്. നിശ്ശബ്ദതയിലും ശാന്തതയിലും കണ്ണീരിന്റെ ആർദ്രതയിലും നാം കേൾക്കേണ്ട പല ശബ്ദങ്ങളുമുണ്ട്, അറിയേണ്ട പല രഹസ്യങ്ങളുമുണ്ട്. അനുഗ്രഹീതമായ കണ്ണുനീർ (blessed tears), വിശുദ്ധ കണ്ണുനീർ (holy tears) എന്നൊക്കെയാണ് യഥാർത്ഥ സ്നേഹത്തിന്റെ കണ്ണുനീരിനെ പാരമ്പര്യം വിശേഷിപ്പിക്കുന്നത്. അനുഗ്രഹീതമായ കണ്ണുനീരിന്റെ രഹസ്യ ഉറവകൾ ദൈവത്തിന്റെ അപ്രമേയ രഹസ്യത്തിന്റെ നിഗൂഢ ഗിരികളിലെവിടെയോ ആരംഭിക്കുന്നു.

# കുമ്പസാരമെന്ന ചികിത്സ

റൂമേനിയൻ ഓർത്തഡോക്സ് സഭയിലെ സമാരാധ്യനായ ദൈവശാസ്ത്രജ്ഞൻ ഫാദർ സ്റ്റാനിലോയേ അവിടെ ഇന്നു ജീവിച്ചിരിക്കുന്ന ഒരു സന്യാസി പട്ടക്കാരന്റെ കഥ പറയുന്നുണ്ട്. നല്ല ഒരു കുമ്പസാരപിതാവ് എന്നു പേരുള്ള ഈ സന്യാസിക്ക് ഒരു പ്രത്യേകതയുണ്ട്. തന്റെ അടുക്കൽ കുമ്പസാരിക്കാൻ വരുന്ന ഓരോ വ്യക്തിയും പാപങ്ങൾ ഏറ്റുപറയുമ്പോൾ, ആ പാപങ്ങളെക്കുറിച്ചു കുമ്പസാരപിതാവ് ദുഃഖിച്ചു കണ്ണീർ വാർക്കുന്നു. പട്ടക്കാരന്റെ ദുഃഖവും കണ്ണീരും കാണുമ്പോൾ കുമ്പസാരിക്കുന്ന ആളിന്റെ ഹൃദയത്തിൽ അനുതാപത്തിന്റെ പുതിയ ഉറവകൾ പൊട്ടുന്നു. അയാളും പശ്ചാത്തപിച്ചു കരയുന്നു. സത്യകുമ്പസാരം നടക്കുന്നു. കുമ്പസാരിക്കുന്ന വ്യക്തി യഥാർത്ഥമായ മാനസ്സാന്തരത്തോടെ തിരിച്ചു പോകുന്നു.

ശരിയായി കുമ്പസാരിപ്പിക്കാനുള്ള ഒരു 'പൊടിക്കൈ' പ്രയോഗമല്ല ഈ പട്ടക്കാരന്റെ കണ്ണുനീർ എന്നു ഫാദർ സ്റ്റാനിലോയെ എടുത്തു പറയുന്നു. കുമ്പസാരിക്കുന്ന വ്യക്തിയോടു താദാത്മ്യം പ്രാപിച്ച് അയാളുടെ കുറ്റത്തെ സ്വയം ഏറ്റെടുത്തു കരയുകയാണു കുമ്പസാരപിതാവ്, മുടിയനായ പുത്രനോടു പിതാവ് കാണിക്കുന്ന ആഴമായ സഹാനുഭൂതിയാണ് ഇവിടെ കണ്ണീരിന്റെ കാരണം. തന്റെ മക്കൾക്കുവേണ്ടി കരയുന്ന പിതാവായ ദൈവത്തിന്റെ സ്നേഹമാണ് കുമ്പസാരപിതാവിൽ നിറഞ്ഞൊഴുകുന്നത്. കുമ്പസാരിക്കുന്നവരും, കുമ്പസാരിപ്പിക്കുന്നവരും ഇവിടെ ഒരുമിച്ച് അനുതാപത്തോടെ ദൈവസന്നിധിയിൽ നിൽക്കുന്നു. ഇതാണ് ശരിയായ കുമ്പസ്സാരം. യാന്ത്രികമായി കുമ്പസ്സാരിപ്പിക്കുന്നവരും അകന്നു നിന്നു പാപമോചനം നൽകുന്നവരും, മുടിയനായ പുത്രനെ ഇരുകൈകളും നീട്ടി സ്വീകരിക്കുന്ന പിതാവിന്റെ ഉരുകുന്ന ഹൃദയം അനുഭവിക്കുന്നില്ല.

1. കുമ്പസാരം സൗഖ്യദാനത്തിന്റെ കൂദാശയാണ്. രോഗികൾക്ക് രോഗശമനം നൽകുന്നതിനുവേണ്ടിയുള്ള തൈലാഭിഷേകത്തിന്റെ ഭാഗമായിട്ടു കുമ്പസാരം ക്രമീകരിച്ചിരിക്കുന്നു. 'എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിനു, തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ്, ഒരുവന് വേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ' (യാക്കോ. 5:16). കുമ്പസാരത്തെക്കുറിച്ചുള്ള ഓർത്തഡോക്സ് ചിന്ത രോഗശാന്തിയോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. പാപം രോഗമാണ്. അതുകൊണ്ട് ശിക്ഷയല്ല, ചികിത്സയാണ് അതിനാവശ്യം. കർത്താവ് സ്വർഗീയ വൈദ്യനായി നമ്മുടെ പാപരോഗങ്ങൾക്കുള്ള ഔഷധവുമായി വന്നു. താൻ നമ്മുടെ രോഗം ഏറ്റെടുക്കുകയും നമുക്കു സൗഖ്യം നൽകുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് പാപം ഏറ്റുപ

റയുകയും ദൈവത്തിൽ നിന്നു പാപമോചനം പ്രാപിക്കുകയും ചെയ്യുന്ന ശുശ്രൂഷ ഒരു ചികിത്സാവിധി (therapy) യാണ്. ശിക്ഷയും പ്രായശ്ചിത്തവും വേദനയുമെല്ലാം ചിലപ്പോൾ ഈ ചികിത്സയുടെ ഭാഗമായി സ്വീകരിക്കാം. കുറ്റക്കാരനു ശിക്ഷ വിധിക്കുന്ന ന്യായാധിപനും രോഗിക്ക് ചികിത്സ ചെയ്യുന്ന വൈദ്യനും തമ്മിൽ വലിയ അന്തരമുണ്ട്. കുമ്പസാരത്തിൽ വൈദികൻ വൈദ്യനാണ്. കർത്താവിന്റെ മനസ്സലിവാണ് പാപിയെ മാനസ്സാന്തരത്തിലേയ്ക്കു നയിക്കുന്നത്. വൈദ്യനായ ദൈവത്തിന്റെ മരുന്നും ഇതു തന്നെ.

2. ഒരു വ്യക്തിക്കുണ്ടാകുന്ന രോഗങ്ങൾ ശരീരത്തിന്റേയോ മനസ്സിന്റേയോ ആത്മാവിന്റേയോ അയാളുടെ വ്യക്തിപരമായ പാപംകൊണ്ടോ പൂർവികരുടെ പാപം കൊണ്ടോ ആകണമെന്നു നിർബന്ധമില്ല. കർത്താവ് ഇതു വ്യക്തമാക്കിയിട്ടുണ്ട് (യോഹ. 9:3). എന്നാൽ മനുഷ്യവർഗ്ഗത്തിന്റെ രോഗങ്ങൾ മനുഷ്യന്റെ വീഴ്ചയുടെയും ദൈവത്തിൽ നിന്നുള്ള ഐതര്യത്തിന്റെയും അടയാളമാണെന്നു ചിന്തിക്കാം. കാരണം രോഗം ആത്യന്തികമായി മരണത്തിലേക്കു നയിക്കുന്നു. അതുകൊണ്ട് രോഗങ്ങൾക്ക് അടിസ്ഥാനമായി ഒരു ആത്മീയ ഘടകമുണ്ട്. ആധുനിക വൈദ്യശാസ്ത്രത്തിലും മനോരോഗചികിത്സയിലും ഈ ആത്മീയഘടകത്തെ ഗൗരവമായി എടുത്തിട്ടില്ല. സൈക്കോതെറാപ്പിയും കൗൺസിലിംഗും വ്യാപകമായി മനോരോഗ ചികിത്സയിൽ ഇന്ന് ഉപയോഗിക്കുന്നുണ്ട്. ക്രിസ്തീയ പാരമ്പര്യങ്ങളുള്ള ചികിത്സകന്മാർ പോലും ഇത്തരം കാര്യങ്ങളിൽ ഉപരിപ്ലവമായ പല മനഃശാസ്ത്രാഭിപ്രായങ്ങളുമായാണ് പിൻതുടരുന്നത്. വലിയ മനോരോഗ ചികിത്സകനായിരുന്ന ക്രിസ്തുവിന്റെ മാതൃക ഇവർ പഠിക്കേണ്ടതാണ്. കുമ്പസാരത്തിന്റെ വൈദ്യഘടകം നാം ഗൗരവമായിട്ടെടുത്തു ഗൗരവതരമായ പാപങ്ങളും മനസ്സിന്റെ ആതുരമായ അവസ്ഥയും തമ്മിലുള്ള ബന്ധം വൈദികർ പഠിക്കേണ്ടതാണ്. കുമ്പസാരത്തെ കൂടുതൽ പ്രസക്തവും പ്രയോജനപ്രദവുമാക്കാൻ ഇവ നമ്മെ സഹായിക്കും.

3. വ്യക്തിയുടെ പാപത്തെ വ്യക്തിപരമായ മണ്ഡലത്തിൽ ഒതുക്കാതെ, അതു സഭാശരീരത്തിനുണ്ടാകുന്ന വ്രണമാണെന്നു കുമ്പസാരിക്കുന്ന വ്യക്തിയെ ബോധ്യപ്പെടുത്തേണ്ടതാണ്. അനുതാപത്തിന്റെ കൂട്ടായ വശം മനസ്സിലാക്കാൻ ഇതു നമ്മെ സഹായിക്കും. ആദിമസഭയിൽ പരസ്യപാപങ്ങൾക്കു പരസ്യമായ ഏറ്റുപറച്ചിൽ നടത്തിയിരുന്നു. ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ഒരവയവം പാപം ചെയ്താൽ അതു ശരീരത്തെ മുഴുവനായി ബാധിക്കും. അതുകൊണ്ടാണ് നാം മുകളിൽ കണ്ട കുമ്പസാരപിതാവും കുമ്പസാരക്കാരനോടൊരുമിച്ചു കരഞ്ഞ് അനുതപിക്കുന്നത്. കുമ്പസാരത്തിന്റെ സാമൂഹ്യമാനം (coporate dimension) സഭ ശരിയായി മനസ്സിലാക്കിയാൽ വിപ്ലവകരമായ മാറ്റം സഭാജീവിതത്തിലുണ്ടാകും.

4. പട്ടമേല്ക്കാൻ വിളിച്ചപ്പോൾ ആദ്യം ഒളിച്ചോടിപ്പോയ നാസിയാൻസിലെ വിശുദ്ധ ഗ്രീഗോറിയോസ് (4-ാം നൂറ്റാണ്ടിൽ) താൻ എന്തുകൊണ്ടു പൗരോഹിത്യം സ്വീകരിക്കാൻ മടികാണിച്ചു എന്നതിനെക്കുറിച്ച് ഒരു ദീർഘമായ പ്രസംഗം ചെയ്തു. അതിൽ ക്രിസ്തീയ പൗരോഹിത്യത്തെക്കുറിച്ച് ആഴമായും മനോഹരമായും പ്രതിപാദിക്കുന്നുണ്ട്. സഭാംഗങ്ങൾ എല്ലാവരും ആത്മീയമായി ഒരേ ആവശ്യങ്ങൾ ഉള്ളവരോ, ഒരുപോലെ പ്രതികരിക്കുന്നവരോ അല്ലാത്തതുകൊണ്ട് ഇടയനായ വൈദികന്റെ ചുമതലയും സമീപനരീതികളും അതിസങ്കീർണ്ണമാണ് എന്നദ്ദേഹം പറയുന്നു. എല്ലാവരും ആത്മീയമായും മാനസികമായും ഒരേ അച്ചിലിട്ടു വാർത്തവരല്ലാത്തതുകൊണ്ട് അജപരിപാലന ശുശ്രൂഷയിൽ 'കൊട്ടത്താപ്പ്' പ്രയോഗങ്ങൾ ഒഴിവാക്കണം എന്നു വിശുദ്ധ ഗ്രീഗോറിയോസ് ഉപദേശിക്കുന്നു. കുമ്പസാരത്തിലും ഇതു ശരിയാണ്. ആണ്ടുകുമ്പസാരം കൊട്ടത്താപ്പ് പ്രയോഗമാണ്. എല്ലാ ആളുകളും ഒരേ രീതിയിലോ ഒരേ സമയത്തോ ഒരേ അളവിലോ അല്ല അനുതാപം പ്രകടിപ്പിക്കുന്നത്. അനുതാപം ഒട്ടും പുറമേ കാണിക്കാത്തവരുമുണ്ട്. ഈ വൈവിധ്യമെല്ലാം കണക്കിലെടുക്കുന്ന ഒരു കുമ്പസാര ശുശ്രൂഷ പ്രയോഗത്തിൽ വരുത്തുന്നതിനെക്കുറിച്ചു നാം ഗൗരവമായി ചിന്തിക്കേണ്ടതാണ്.

5. അനുരഞ്ജന കൂദാശ (sacrament of reconciliation) എന്നാണ് ഇന്നു പൊതുവെ കുമ്പസാരം അറിയപ്പെടുന്നത്. ദൈവത്തെയും മനുഷ്യനെയും തമ്മിലും മനുഷ്യനെയും മനുഷ്യനെയും തമ്മിലും മനുഷ്യനെയും ഇതര പ്രകൃതിയെയും തമ്മിലും ഒന്നാക്കുന്ന ഒരു കൂദാശയായി നാം ഇതിനെ കാണുമ്പോൾ കുമ്പസാരത്തിന്റെ പുതിയ ചക്രവാളങ്ങൾ വ്യക്തമാകും. കാനോനുകളുടെയും ആചാരങ്ങളുടെയും പരിമിതികൾക്കുള്ളിൽ മാത്രം കുമ്പസാരത്തെ കാണാതെ, വിപുലമായ അതിന്റെ അനുരഞ്ജനസാദ്ധ്യതകൾ കണ്ടെത്തുവാൻ പരിശുദ്ധാത്മാവിന്റെ വഴികാട്ടൽ നമുക്കാവശ്യമാണ്. ചുരുക്കത്തിൽ, നന്നായി കുമ്പസാരിപ്പിക്കാനുള്ള കഴിവ് പരിശുദ്ധാത്മാവിന്റെ ദാനമാണ്. അങ്ങനെ നൽവരങ്ങൾ ലഭിച്ചിട്ടുള്ള വ്യക്തികളെ കണ്ടെത്തുകയും സഭയ്ക്കുവേണ്ടി ആ നൽവരത്തെ കൂടുതൽ ഉപയോഗിക്കുവാൻ അവരെ പ്രേരിപ്പിക്കയും ചെയ്യുകയെന്നതു നമ്മുടെ ഇടയശുശ്രൂഷയുടെ ഒരു ഭാഗം തന്നെയാണ്.

# വീട്, ദേവാലയം, ശരീരം

ക്രിസ്തീയ ചിന്തയനുസരിച്ച്, നാം പാർക്കുന്ന നമ്മുടെ ഭവനം, ദൈവത്തിന്റെ ഭവനം, നമ്മുടെ ശരീരമാകുന്ന ഭവനം എന്നീ മൂന്നു ഭവനങ്ങൾ തമ്മിൽ ആഴമായൊരു ബന്ധമുണ്ട്.

മനുഷ്യരുടെ സാന്നിദ്ധ്യം സ്ഥിരമായുള്ള സ്ഥലമാണ് നമ്മുടെ ഭവനം അഥവാ വീട്. ആലയമെന്നും ഇതിനെ നാം പറയുന്നു. ദൈവത്തിന്റെ സവിശേഷമായ സാന്നിദ്ധ്യമുള്ളതാണ് ദൈവഭവനം അഥവാ ദേവാലയം. ആത്മാവിന്റെ സാന്നിദ്ധ്യമുള്ള ഭവനമാണ് ശരീരം.

ശരീരത്തിന്റെ കാര്യത്തിൽ ഭവനം എന്നത് ഒരു ആലങ്കാരികമായ പ്രയോഗമാണ്. നാം താമസിക്കാൻ വേണ്ടി പണിയുന്ന വീടിനെ നമ്മുടെ സാന്നിദ്ധ്യം, പരസ്പരബന്ധം, സ്നേഹം എന്നിവ മൂലം സജീവമാക്കുന്നതുപോലെ, ആത്മാവ് അതിന്റെ ചൈതന്യം മൂലം ശരീരത്തിൽ പാർത്ത് അതിനെ സജീവമാക്കുന്നു.

ദേവാലയത്തിന്റെ കാര്യത്തിലും ഒരളവുവരെ 'ദൈവത്തിന്റെ ഭവനം' എന്നത് ആലങ്കാരികമാണ്. കാരണം 'ദൈവം കൈപ്പണിയായതിൽ വസിക്കുന്നില്ല' എന്നുണ്ടല്ലോ (അപ്പോ. പ്ര. 7:49). എങ്കിലും മനുഷ്യൻ പണിത്, വേർതിരിച്ച് ശുദ്ധീകരിക്കുന്ന ആലയത്തിൽ ദൈവം വസിക്കുവാൻ തിരുമനസ്സാകുന്നു എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. ശരീരത്തിന്റെ കാര്യമായാലും ദേവാലയത്തിന്റെ കാര്യമായാലും അടിസ്ഥാന മാതൃക നമ്മുടെ വീടാണ്.

മനുഷ്യസംസ്കാരത്തിന്റെ ആരംഭയുഗത്തിൽ മനുഷ്യർ നടത്തിയ ആദ്യത്തെ നിർമ്മാണ പ്രവർത്തനങ്ങളിലൊന്നായിരുന്നു വീടുപണി. മഴയും മഞ്ഞും ഏൽക്കാതെ, വന്യമൃഗങ്ങളിൽ നിന്നുള്ള ആക്രമണം ഭയപ്പെടാതെ സുരക്ഷിതമായി ഒരുമിച്ച് പാർക്കുന്നതിനുള്ള സജ്ജീകരണമായിരുന്നു പാർപ്പിടം.

മരക്കമ്പുകളും ഉണങ്ങിയ ഇലകളും ചേർത്തുണ്ടാക്കിയ ഒരു കുടിലോ, വലിയ മരത്തിന്റെ ശാഖകളിൽ പിടിപ്പിച്ച ഒരു ഏറുമാടമോ പാറപ്പൊത്തുകളിൽ ഒരുക്കിയ ഒരു സങ്കേതസ്ഥലമോ ഒക്കെ ആയിരുന്നിരിക്കാം ആദ്യത്തെ വീടുകൾ. ആവശ്യാനുസരണം അഴിച്ചുമാറ്റി സ്ഥാപിക്കാവുന്ന കൂടാരങ്ങളും അനേക വർഷങ്ങൾ നിൽക്കുന്ന, തടിയും കല്ലും ഉപയോഗിച്ചുള്ള കെട്ടിടങ്ങളും പിൽക്കാലത്ത് നിർമ്മിക്കപ്പെട്ടു. ഭവനനിർമ്മാണ കലയിലുള്ള പ്രാവീണ്യം സാംസ്കാരികോന്നതിയുടെ അളവുകോലായിത്തീർന്നു. മെസപ്പൊത്തേമിയയിലും ഈജിപ്തിലും ഇൻഡ്യയിലും ഗ്രീസിലുമെല്ലാം

ഉണ്ടായ പുരാതന സംസ്കാരങ്ങളുടെ കഥ നാം മനസ്സിലാക്കുന്നത് മുഖ്യ മായും അവരുടെ ഭവനങ്ങളും ദേവാലയങ്ങളും നഗരങ്ങളും മറ്റും പണിത തിന്റെ ബാക്കിപത്രങ്ങളിൽ നിന്നാണ്.

ഭവന നിർമ്മാണ കലയിൽ മനുഷ്യൻ അദ്ഭുതകരമായ നേട്ടങ്ങളാണ് ഇപ്പോൾ നേടിയിരിക്കുന്നത് എങ്കിലും നമ്മുടെ നഗരങ്ങളിലെ ചേരിപ്രദേ ശങ്ങളിലും തീരെ പാവങ്ങൾ താമസിക്കുന്ന സ്ഥലങ്ങളിലും നോക്കിയാൽ പതിനായിരമോ അതിലേറെയോ വർഷങ്ങൾക്കു മുൻപ് മനുഷ്യർ ഉണ്ടാ ക്കിയ ആദ്യകാല കുടിലുകൾ പോലെയുള്ള പാർപ്പിടങ്ങൾ ഇന്നും കാണാൻ കഴിയും. നമ്മുടെ സാമ്പത്തികാസമത്വത്തിന്റെ അടയാളം കൂടി യാണിത്.

പാർപ്പിടം ഏതു തരത്തിൽ നിർമ്മിച്ചവയായിരുന്നാലും, മനുഷ്യരുടെ സാമൂഹിക സംസ്ക്കാരവും ആദ്ധ്യാത്മിക മൂല്യങ്ങളും രൂപപ്പെടുന്നത് വീട്ടിൽ നിന്നാണ്. യഥാർത്ഥത്തിൽ ഭവനമാണ് നമ്മുടെ ആദ്യത്തെ ദേവാ ലയം. ദൈവത്തെ അറിയാനും ആരാധിക്കുവാനും തുടങ്ങുന്നത് സ്വന്തം വീട്ടിൽ വച്ചാണ്. ഇപ്പോഴും പലരും തങ്ങളുടെ വീട്ടിൽ പൂജാമുറികളും പ്രാർത്ഥനാമുറികളും ഒരുക്കുന്നത് ഈ പുരാതനമായ ദേവാലയ സങ്കല്പം കൊണ്ടാണ്.

യഹൂദ-ക്രൈസ്തവ പാരമ്പര്യങ്ങളിൽ സമൂഹാരാധന നിർബന്ധ മാണ്. അതുകൊണ്ട്, ദാവീദ് രാജാവ് യഹോവയ്ക്ക് ആലയം പണിയാൻ ആഗ്രഹിച്ചു. പുത്രനായ ശലോമോൻ അത് നിർവഹിച്ചു. സ്വന്തം ഭവനങ്ങ ളിൽ നിന്ന് ആളുകൾ വന്ന്, ദൈവത്തിന്റെ ഭവനത്തിൽ ഒരുമിച്ച് ആരാധി ക്കുന്നു. കർത്താവ് ദേവാലയത്തെ 'എന്റെ പിതാവിന്റെ ഭവനം' എന്നു വിളിക്കുന്നു. സ്വന്തം ഭവനത്തേക്കാൾ പ്രാധാന്യം ഈ പൊതുഭവനമായ ദേവാലയത്തിന് താൻ കൽപിക്കുന്നു.

ഒരു വീട്ടിൽ ഉള്ളവരെല്ലാം സാധാരണഗതിയിൽ പരസ്പരം രക്തബ ന്ധമുള്ളവരായിരിക്കും. ഏറ്റവും ആഴമേറിയ ബന്ധമാണിത്. ദേവാലയ ത്തെ പൊതുവീടായി കരുതുമ്പോൾ അവിടെ വന്ന് ആരാധിക്കുന്നവരെ ല്ലാം പരസ്പരം ഒരു വീട് പോലെയാണ് എന്നാണർത്ഥം. "ദൈവത്തിന്റെ ഭവനക്കാർ" (household of God) എന്ന് പൗലോസ് ശ്ലീഹാ ക്രിസ്തുവിൽ വിശ്വസിച്ചവരെക്കുറിച്ച് പറയുന്നു (എഫേ. 2:19). വീട്ടിൽ എങ്ങനെ നാം പരസ്പരം സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നുവോ, അങ്ങനെ ദൈവഭവനത്തിൽ എല്ലാവരും ദൈവത്തിന്റെ മക്കളും പരസ്പരം സഹോദ രങ്ങളുമായിത്തീരുന്നു. അപ്പോൾ ദേവാലയം എന്നത് നമ്മുടെ വീടിന്റെ തുടർച്ച (extension) യാണ്.

ചില മതപാരമ്പര്യങ്ങളിൽ ദേവാലയത്തിൽ ദൈവത്തെ "കുടിയിരുത്തുക" എന്ന ആശയം കാണുന്നുണ്ട്. ദൈവസാന്നിദ്ധ്യം ഒരു സ്ഥലത്ത് ഉറപ്പാക്കുക എന്ന അനുഷ്ഠാനമാണിത്. ക്രിസ്തീയ പാരമ്പര്യത്തിൽ ഇത് ആ രീതിയിൽ സ്വീകാര്യമല്ല. എന്തെല്ലാം അനുഷ്ഠാനങ്ങളും കർമ്മങ്ങളും നടത്തിയാലും സ്നേഹമില്ലാത്തിടത്ത് ദൈവമില്ല. ദൈവത്തിന്റെ സാന്നിദ്ധ്യത്തെ നാം തിരിച്ചറിയുന്ന ഇടമായ ദേവാലയത്തിൽ, നാം രക്തബന്ധവും സ്നേഹവും ഉള്ള ഏകകുടുംബം പോലെ പരസ്പരം ആഴമായ സ്നേഹത്താൽ പ്രേരിതമായി ഒരു വീടായിത്തീരണം എന്നാണ് സഭ പഠിപ്പിക്കുന്നത്. സ്വന്തം ഭവനത്തെ ദൈവത്തിന്റെ ഭവനവും, ദൈവഭവനത്തെ സ്വന്തഭവനവുമാക്കിത്തീർക്കുന്ന ഒരു പാരസ്പര്യം ഇവിടെ ആവശ്യമാണ്.

ക്രിസ്തീയ സഭയെക്കുറിച്ച് മുഴുവൻ 'ദൈവഭവനം' എന്ന ആശയമാണ് ഉള്ളത്. വീടുപണിയുന്ന നിർമ്മാണരീതിയാണ് ദേവാലയത്തിനും സഭയ്ക്കും ആലങ്കാരികമായി ഉപയോഗിക്കുന്നത്. "ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പോസ്തോലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവൻ യുക്തമായി ചേർന്ന് കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു. അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിന് ആത്മാവിനാൽ ഒന്നിച്ചു പണിതു വരുന്നു" (എഫേ. 2:20–22).

റോമാ സാമ്രാജ്യത്തിലെ ക്രിസ്ത്യാനികൾക്ക് ആദ്യ നൂറ്റാണ്ടുകളിൽ പള്ളികൾ ഇല്ലായിരുന്നു. മിക്കവാറും വീടുകളിലായിരുന്നു അവർ ആരാധിച്ചിരുന്നത്. ക്രിസ്തു വിശ്വാസം സാമ്രാജ്യത്തിൽ നിരോധിക്കപ്പെട്ട മതമായിരുന്നു. എ. ഡി. 313-ൽ കുസ്തന്തീനോസ് ചക്രവർത്തി Edict of Milan എന്ന വിളംബരത്തിലൂടെ ക്രിസ്ത്യാനികൾക്കും മറ്റുള്ള എല്ലാവർക്കും മതസ്വാതന്ത്ര്യം നൽകി. 67 വർഷങ്ങൾക്കു ശേഷം എ. ഡി. 380-ൽ തിയഡോഷ്യസ് ഒന്നാമൻ ചക്രവർത്തിയാണ് ക്രിസ്തുമതത്തെ സാമ്രാജ്യത്തിലെ ഔദ്യോഗിക മതമായി പ്രഖ്യാപിച്ചത്.

സ്വന്തമായി ദേവാലയ കെട്ടിടങ്ങൾ ഇല്ലാതിരുന്ന ആദ്യത്തെ രണ്ടു നൂറ്റാണ്ടുകളിൽ, വിശ്വാസികളുടെ ശരീരമാണ് ദൈവാലയം എന്ന ആശയം അപ്പോസ്തോലന്മാരും മറ്റു നേതാക്കളും ശക്തമായി പഠിപ്പിച്ചിരുന്നു. "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ" എന്ന് പൗലോസ് ശ്ലീഹാ ചോദിക്കുന്നു (1 കോരി. 3:16). നാം ഓരോരുത്തരും ജീവനുള്ള കല്ലായിത്തീർന്ന് ആത്മിക ഭവനം പണിയുന്നു എന്ന് പത്രോസ് ശ്ലീഹായും പഠിപ്പിക്കുന്നു. "... നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മികഗൃഹമായി യേശുക്രിസ്തു മുഖാന്തിരം ദൈവത്തിനു പ്രസാദമുള്ള ആത്മികയാഗം

കഴിപ്പാൻ തക്ക വിശുദ്ധ പുരോഹിതവർഗ്ഗമാകേണ്ടതിന് പണിയപ്പെടുന്നു (1 പത്രോ. 2:5). വിശ്വാസികളായ നാം തന്നെ ദേവാലയവും ബലിയും പുരോഹിതനുമായിത്തീരുന്ന ആത്മിക ദർശനമാണിത്.

മനുഷ്യശരീരത്തെക്കുറിച്ച് മറ്റൊരു മതത്തിലും അതുവരെ ഇല്ലാതിരുന്ന ഒരു മൗലികചിന്തയാണ് ക്രിസ്തീയ വിശ്വാസം ഇവിടെ അവതരിപ്പിക്കുന്നത്. ശരീരം ഹീനമായ ഒന്നാണെന്നും അത് ആത്മാവിന്റെ തടവറയാണെന്നും, അതുകൊണ്ട് അതിനെ ഏതെങ്കിലും തരത്തിൽ പീഡിപ്പിച്ച്, ആത്മാവിനെ മോചിപ്പിക്കുകയാണ് നമ്മുടെ ആത്മീയ ദൗത്യം എന്നും മറ്റും പഠിപ്പിച്ചിരുന്ന അക്രൈസ്തവ ഗുരുക്കന്മാർ ഉണ്ടായിരുന്നു. അതുപോലെ തന്നെ, ശരീരം ആത്യന്തികമായി ആത്മാവിന് പ്രയോജനമില്ലാത്തതായതുകൊണ്ട്, ശരീരത്തെ എങ്ങിനെ വേണമെങ്കിലും ഉപയോഗിക്കാമെന്നും, അതുപയോഗിച്ച് എന്ത് അധർമ്മം ചെയ്താലും കുഴപ്പമില്ലെന്നും ചിന്തിച്ചിരുന്ന ആളുകളും ഉണ്ടായിരുന്നു. ഇൻഡ്യയിൽ ഈ രണ്ടു ചിന്താധാരകളും നിലനിന്നിരുന്നു.

എന്നാൽ ശരീരം വിശുദ്ധമാണെന്നും, അത് പരിശുദ്ധാത്മാവിന്റെ മന്ദിരമാണെന്നും സഭ പഠിപ്പിച്ചു. "നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി, നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ള യാഗമായി സമർപ്പിപ്പിൻ" (റോമ. 12:1). ആത്മാവും ശരീരവും തമ്മിൽ അഭേദ്യമായ ബന്ധമാണ്. അവ തമ്മിൽ ഒരുമിച്ചാണ് രക്ഷയും രൂപാന്തരവും പുനരുത്ഥാനവും പ്രാപിക്കുന്നത്. അല്ലാതെ ആത്മാവ് ശരീരത്തെ ത്യജിച്ചുകളയുന്നില്ല, ആത്മാവിനു മാത്രമായി രക്ഷയുമില്ല എന്ന് ക്രിസ്തീയ വിശ്വാസം ഉൽബോധിപ്പിച്ചു.

നമ്മുടെ ഭവനം, ദേവാലയം എന്നിവ കല്ലും മരവും ലോഹവും ഉപയോഗിച്ചു നാം പണിതുയർത്തുന്ന കെട്ടിടങ്ങളാണ്. എന്നാൽ മനുഷ്യശരീരം അങ്ങനെയല്ല. അത് ദൈവേഷ്ടത്താൽ, ജനിച്ച്, വളർന്ന്, വികസിക്കുന്ന, ജീവൻ തുടിക്കുന്ന ശരീരമാണ്. മനുഷ്യന്റെ വീടിനും ദേവാലയത്തിനും കെട്ടിടമെന്ന നിലയിൽ അതിൽത്തന്നെ ജീവനില്ല. എന്നാൽ മനുഷ്യശരീരത്തിന് അതിൽതന്നെ ദൈവം ജീവൻ നൽകിയിരിക്കുന്നു. സ്വയം സംഘടിപ്പിക്കാനുള്ള അതിന്റെ കഴിവ് (Self-organisation) നാം പണിയുന്ന ഭവനങ്ങൾക്കില്ല. ശരീരത്തിലെ അവയവങ്ങൾ പലതാണെങ്കിലും പല ധർമ്മങ്ങൾ അനുഷ്ഠിക്കുന്നവയാണെങ്കിലും, അവയെല്ലാം സമുചിതമായി ചേർന്ന് ഏകശരീരത്തെയും അതിന്റെ ജീവനെയും പോഷിപ്പിക്കുന്നു.

മനുഷ്യരുടെ വീടും ദേവാലയവും ഇടിഞ്ഞുപോയാലും ഇല്ലാതായാലും, അവയുടെ രൂപം മാറിയാലും മനുഷ്യൻ നിലനിൽക്കും. എന്നാൽ ശരീരം ഇല്ലാതായാൽ, ജീവൻ ഇവിടെ നിലനിൽക്കുകയില്ല.

ആത്യന്തികമായി നമ്മുടെ ചൈതന്യമുള്ള ശരീരത്തെയാണ് വീടിന്റെയും ദേവാലയത്തിന്റെയും ഉത്തമ മാതൃകയായി ക്രിസ്തീയസഭ കാണുന്നത്. ശരീരത്തിലുള്ള അവയവങ്ങളുടെ സമഞ്ജസമായ കൂട്ടായ്മയും സഹകരണവും, അതിനെ ചലിപ്പിക്കുന്ന ആന്തരിക ജീവനും, ശരീരം കൊണ്ട് നിർവഹിക്കാവുന്ന നന്മകളും, അതിന്റെ സ്വാതന്ത്ര്യവും ചലനാത്മകതയും, ദൈവാരാധനയ്ക്കുള്ള അതിന്റെ സാധ്യതയും എല്ലാം വച്ചു നോക്കുമ്പോൾ നമ്മുടെ ശരീരമാണ് ഉത്തമഭവനവും ഉത്തമദേവാലയവും എന്നു കാണാം. ഇത് ക്രിസ്തീയവിശ്വാസത്തിന്റെ മൗലിക സംഭാവനയാണ്. നമ്മുടെ ലോകത്തെ രൂപാന്തരപ്പെടുത്താൻ കഴിവുള്ള ചിന്തയാണിത്. എല്ലാ ഒറ്റപ്പെട്ട ശരീരങ്ങളും മനുഷ്യവർഗ്ഗമെന്ന ഏക ശരീരമായി പ്രവർത്തിക്കാനുള്ള സാദ്ധ്യതയും ദൈവം നമുക്കു നല്കിയിരിക്കുന്നു. ആത്യന്തികമായി, ദൈവത്തിന്റെ സർവ്വസൃഷ്ടിയും ഏകശരീരവും ഏക കുടുംബവും ഏക ദേവാലയവുമാണ്.

# ഞായറാഴ്ച: എട്ടാം ദിവസം

ഞായറാഴ്ച ആചരണത്തിന്റെ അടിസ്ഥാനം യേശുക്രിസ്തുവിന്റെ ഉയിർപ്പാണ് എന്നതിൽ സംശയമില്ല. യഹൂദന്മാരുടെ ശാബതിന്റെ പിറ്റെ ദിവസം വരുന്ന ഞായറാഴ്ച ക്രിസ്ത്യാനികൾ ആചരിച്ചു തുടങ്ങിയില്ലായിരുന്നുവെങ്കിൽ, ഇന്നും ഒരു പക്ഷേ മറ്റു ദിവസങ്ങൾ പോലെ ഒരു സാധാരണദിവസമായി മാത്രം അത് പഞ്ചാംഗങ്ങളിൽ നിലനിൽക്കുമായിരുന്നു. ഓരോ ആഴ്ചയിലും ആചരിക്കുന്ന ഉയിർപ്പു പെരുന്നാളാണ് ഞായറാഴ്ച. രണ്ടാംനൂറ്റാണ്ടിന്റെ ആരംഭം മുതൽക്കു തന്നെ, ഞായറാഴ്ചയുടെ ദൈവശാസ്ത്രപരമായ പ്രാധാന്യത്തെക്കുറിച്ച് വിശദീകരണങ്ങളുണ്ടായി. അന്ത്യോഖ്യയിലെ വിശുദ്ധ ഇഗ്നാത്തിയോസ് മഗ്നീഷ്യക്കാർക്കെഴുതിയ ലേഖനത്തിൽ പറയുന്നു. “പഴയ ക്രമപ്രകാരം ജീവിച്ചു വന്നവർ പുതിയ പ്രത്യാശയിലേക്ക് കടന്നിരിക്കുന്നു, അവർ ഇനിമേൽ ശാബത് ആചരിക്കുന്നില്ല. പ്രത്യുത ക്രിസ്തു തന്റെ മരണം മൂലം നമ്മുടെ ജീവനെ ഉയർത്തിയ ഞായറാഴ്ചയാണ് അവർ ആചരിക്കുന്നത്.” ക്രിസ്തുവിന്റെ ഉയിർപ്പു ദിവസമായ ഞായറാഴ്ചയുടെ പ്രാധാന്യം കാണിക്കാൻ മറ്റു മൂന്നു പ്രതീകസൂചനകൾ കൂടി പുരാതന ക്രിസ്ത്യാനികൾ നൽകി: (1) യഹൂദന്മാരുടെ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമാണ് ഞായർ. (2) റോമൻ പഞ്ചാംഗമനുസരിച്ച് സൂര്യന്റെ ദിവസമാണ് ഞായർ. (3) ഞായറാഴ്ച എട്ടാം ദിവസമാണ്. ആദ്യത്തെ രണ്ടും നമുക്ക് മനസ്സിലാക്കാൻ പ്രയാസമില്ല. ‘ഞായറാഴ്ച എട്ടാം ദിവസം’ എന്ന പുരാതന ക്രൈസ്തവ സങ്കല്പത്തിന്റെ ദൈവശാസ്ത്രപരമായ അർത്ഥം എന്താണെന്നാണ് നമുക്ക് നോക്കേണ്ടത്.

## ഏഴിൽ നിന്ന് എട്ടിലേക്ക്

രണ്ടാം നൂറ്റാണ്ടിൽത്തന്നെ, ‘ബർന്നബാസിന്റെ ലേഖന’ത്തിലും രക്തസാക്ഷിയായ ജസ്റ്റിന്റെ (Justin Martyr) ‘യഹൂദനായ ത്രിഫോയുമായുള്ള സംവാദം’ എന്ന കൃതിയിലും ഞായറാഴ്ചയെ എട്ടാം ദിവസമെന്ന് പരാമർശിക്കുന്നുണ്ട്. ഈ രണ്ട് കൃതികളും യഹൂദന്മാർക്കെതിരെ, ക്രിസ്തീയ വിശ്വാസത്തിന്റെ മേന്മയെ ഉയർത്തിപ്പിടിപ്പിക്കുന്നവയാണ്. യഹൂദന്മാരുടെ ശാബതിൽ നിന്ന് ഞായറാഴ്ചയുടെ പ്രാധാന്യത്തിലേക്ക് നീങ്ങുന്നതിന്റെ പ്രതീകമാണ് ഏഴാം ദിവസത്തിൽ നിന്ന് എട്ടാം ദിവസത്തിലേക്കുള്ള മാറ്റം. ഏഴാം ദിവസമായ ശാബത് ന്യായപ്രമാണത്തിന്റെയും എട്ടാം ദിവസമായ ഞായർ സുവിശേഷത്തിന്റെയും സൂചനയായിട്ടാണ് ഇവിടെ വ്യവഹരിക്കപ്പെടുന്നത്. മാത്രവുമല്ല, എട്ടാം ദിവസമായ ഞായർ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസവുമാണ്. സൃഷ്ടി ആരംഭിച്ചതിനെക്കുറിക്കുന്നതാണല്ലോ ആഴ്ചയിലെ ഒന്നാം ദിവസം. അപ്പോൾ ഞായർ പഴയ സൃഷ്ടിയുടെയും

യേശുക്രിസ്തുവിന്റെ ഉയിർപ്പുമൂലം ജനിച്ച പുതിയ സൃഷ്ടിയുടെയും ദിവസമാണ്. യഹൂദന്മാരുടെ ശാബതായ ഏഴാം ദിവസത്തിനില്ലാത്ത ഈ പ്രത്യേകത ഞായറാഴ്ചയെ ഉയർത്തിക്കാണിക്കുന്നതിന് ക്രിസ്തീയ ചിന്തകർ ഉപയോഗിച്ചു. യഹൂദചിന്തയിൽ സൃഷ്ടിയുടെ ആറു ദിവസങ്ങൾ ഈ ലോകത്തിന്റെയും ഏഴാം ദിവസം ഭാവിജീവിതത്തിലെ നിത്യവിശ്രമ ത്തിന്റെയും പ്രതീകമായി വ്യാഖ്യാനിക്കപ്പെട്ടിരുന്നു. ഈ പ്രതീകം തന്നെ വേറൊരു വിധത്തിൽ ക്രിസ്ത്യാനികൾ ഉപയോഗിച്ചു. ശാബത് അടക്ക മുള്ള ഏഴു ദിവസങ്ങൾ (ആഴ്ചവട്ടം) ഈ ലോകത്തിന്റെയും, ആഴ്ചവ ട്ടത്തിനു പുറത്ത് വീണ്ടും ആരംഭിക്കുന്ന ഞായറാഴ്ച (എട്ടാം ദിവസം, ഒന്നാം ദിവസം) ഭാവി ലോകത്തിന്റെയും പ്രതീകമായി കരുതപ്പെട്ടു. "ക്രിസ്തുവിന്റെ ഉയിർപ്പിന്റെ നന്മ ഉൾക്കൊള്ളുന്ന എട്ട് എന്ന സംഖ്യ ഭാവിലോകത്തിന്റെ പ്രതിച്ഛായയാണെ"ന്ന് മൂന്നാം നൂറ്റാണ്ടിൽ ഓറിജൻ എഴുതി.

യഹൂദന്മാരുടെ ചില മതപരമായ കൃതികളിലും ദാർശനികനായ പിത്തഗോറസിന്റെ പേരിലറിയപ്പെട്ടിരുന്ന ചില യവന ചിന്താരീതികളിലും എട്ടാംദിവസത്തെക്കുറിച്ച് പരാമർശനങ്ങളുണ്ട്. എങ്കിലും ക്രിസ്തീയ പാര മ്പര്യത്തിലാണ് പുതിയൊരു ചരിത്രദർശനത്തിന്റെ അടിസ്ഥാനമായി 'എട്ടാം ദിവസ'മെന്ന പ്രതീകം ഉപയോഗിക്കപ്പെടുന്നത്. പ്രധാനമായും നാലാം നൂറ്റാണ്ടിൽ കപ്പദോക്യയിലെ പ്രശസ്തരായ വി. ബസേലിയോസ്, നാസിയൻസിലെ വി. ഗ്രീഗോറിയോസ്, നിസ്സായിലെ വി. ഗ്രീഗോറിയോസ് എന്നിവരുടെ കൃതികളിലാണ് ഈ പുതിയ ചരിത്രദർശനം ഉരുത്തിരിയു ന്നത്. പാശ്ചാത്യ പാരമ്പര്യത്തിലും ഈ പ്രതീകം ഉപയോഗിക്കപ്പെടുന്നു ണ്ടെങ്കിലും കർത്താവിന്റെയും വിശുദ്ധന്മാരുടെയും സഹസ്രാബ്ദ വാഴ്ച എന്ന ആശയവുമായി അത് കൂടിച്ചേർന്ന്, വ്യത്യസ്തമായ ഒരു ചരിത്ര വീക്ഷണമാണ് അവിടെ ഉണ്ടാകുന്നത്.

## വി. ബസേലിയോസിന്റെ വിശദീകരണം

എഴുതപ്പെട്ട ഉപദേശങ്ങളോടൊപ്പം പ്രാധാന്യമുള്ള എഴുതപ്പെടാത്ത ചില പാരമ്പര്യങ്ങൾ അപ്പോസ്തോലന്മാരിൽ നിന്ന് ലഭിച്ചിട്ടുണ്ട് എന്നു വി. ബസേലിയോസ് അദ്ദേഹത്തിന്റെ 'പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള' പ്രബന്ധത്തിൽ പറയുന്നു. കിഴക്കോട്ടു തിരിഞ്ഞു നിന്ന് പ്രാർത്ഥിക്കുക, കുരിശു വരയ്ക്കുക തുടങ്ങിയവയാണ് ഈ പാരമ്പര്യത്തിൽ അദ്ദേഹം ഉൾപ്പെടുത്തുന്നത്. അക്കൂട്ടത്തിലാണ് 'എട്ടാം ദിവസമായ ഞായറാഴ്ച' കുമ്പിടാതെ, നിവിർന്നു നിന്നുകൊണ്ട് പ്രാർത്ഥിക്കുന്നതിനെപ്പറ്റി പരാമർ ശിക്കുന്നത്: "ആഴ്ചയിലെ ഒന്നാം ദിവസം നാം എഴുന്നേറ്റ് നിന്നുകൊ ണ്ടാണ് പ്രാർത്ഥന നടത്തുന്നത്. എന്നാൽ പലർക്കും അതിന്റെ കാരണം

അറിഞ്ഞുകൂടാ. നാം ക്രിസ്തുവിനോടു കൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നതിനാൽ ഉയരത്തിലുള്ളത് അന്വേഷിക്കണമെന്നുള്ളത് കൊണ്ടു മാത്രമോ (കൊലോ. 3:1), ഉയിർപ്പു ദിവസം നമുക്കു ലഭിച്ചിരിക്കുന്ന ദൈവകൃപയെക്കുറിച്ച് നാം ഓർക്കണമെന്നുള്ളതു കൊണ്ടു മാത്രമോ അല്ല അന്നേ ദിവസം നാം നിവർന്നു നിന്നു കൊണ്ട് പ്രാർത്ഥിക്കുന്നത്. ഈ കാരണങ്ങളോടൊപ്പം തന്നെ, ഈ ദിവസം (ഞായറാഴ്ച) ഒരു വിധത്തിൽ ഭാവി യുഗത്തിന്റെ പ്രതിച്ഛായ (eikon) കൂടിയായതു കൊണ്ട് നാം എഴുന്നേറ്റ് നിന്നുകൊണ്ട് പ്രാർത്ഥിക്കുന്നു. അതുകൊണ്ട് തന്നെയാണ് മോശ ദിവസങ്ങളുടെ ഉത്ഭവ തത്വമായ ഈ ദിവസത്തെ (ഞായറാഴ്ചയെ) 'ഒന്നാമത്തേത്' എന്ന് വിളിക്കാതെ 'ഒന്ന്' (അതുല്യമായത്) എന്ന് നാമകരണം ചെയ്തത്. ഒരേ ദിവസം തന്നെ ക്രമമായി ആവർത്തിക്കുന്നു എന്ന മട്ടിൽ, 'സന്ധ്യയായി, ഉഷസുമായി ഒരു ദിവസം' എന്നാണ് അദ്ദേഹം പറയുന്നത്. അതുകൊണ്ടാണ് ഈ ദിവസം ഒരേ സമയം ഒന്നും (അതുല്യമായതും) എട്ടാമത്തേതുമായിരിക്കുന്നത്. യഥാർത്ഥത്തിൽ ഒന്നും വാസ്തവത്തിൽ എട്ടാമത്തേതുമായിരിക്കുന്ന ഈ ദിവസത്തെക്കുറിച്ചായിരിക്കാം സങ്കീർത്തനക്കാരൻ ചില സങ്കീർത്തനങ്ങളുടെ ശീർഷകങ്ങളിൽ സൂചിപ്പിക്കുന്നത് (സങ്കീ. 6, 12). കാലനിബദ്ധമായ നമ്മുടെ ഇപ്പോഴത്തെ അവസ്ഥയ്ക്കു ശേഷം വരുന്ന സമ്പൂർണ്ണമായ അവസ്ഥയെയാണ് അത് സൂചിപ്പിക്കുന്നത്. അതായത് അവസാനമില്ലാത്ത ദിവസം. സന്ധ്യയോ നാളെയോ ഇല്ലാത്ത ദിവസം. ഒടുക്കമോ വാർദ്ധക്യമോ ഇല്ലാത്ത യുഗം. അപ്പോൾ, അടിസ്ഥാനപരമായ ഒരാവശ്യം എന്ന നിലയ്ക്കാണ്, ഈ ദിവസം എഴുന്നേറ്റ് നിന്നുകൊണ്ട് പ്രാർത്ഥിക്കുവാൻ സഭ അതിന്റെ മക്കളെ പഠിപ്പിക്കുന്നത്. കാരണം അനശ്വര ജീവനെക്കുറിച്ചുള്ള തുടർച്ചയായ അനുസ്മരണം മൂലം അതിലെത്തിച്ചേരാനുള്ള മാർഗ്ഗങ്ങളെ നാം അവഗണിക്കാതിരിക്കാൻ ഈ അനുഷ്ഠാനം നമ്മെ സഹായിക്കുന്നു."

തുടർന്ന് പെന്തിക്കോസ്തിയെപ്പറ്റിയാണ് വി. ബസ്സേലിയോസ് പറയുന്നത്. ഏഴ് ദിവസങ്ങളുള്ള ഏഴ് ആഴ്ചവട്ടങ്ങൾ കൂടുമ്പോൾ അതിനു പുറത്തുവരുന്ന അൻപതാം ദിവസമാണല്ലോ പെന്തിക്കോസ്തി. ആഴ്ചവട്ടത്തിനു പുറത്തുവരുന്ന എട്ടാംദിവസത്തിന്റെ മറ്റൊരു രൂപമാണിത്. ആ ദിവസവും എഴുന്നേറ്റ് നിന്നുകൊണ്ട് പ്രാർത്ഥിക്കേണ്ടത് ആവശ്യമാണെന്ന സഭാനിയമത്തെ വി. ബസ്സേലിയോസ് വിശദീകരിക്കുന്നു. പാപം ചെയ്ത് മണ്ണിനും മരണത്തിനും അധീനമായ നമ്മുടെ സ്വഭാവത്തിന്റെ സൂചനയായി നാം ഭൂമിയിൽ കുമ്പിടുന്നു. മുട്ടുകൾ നിവർത്തി എഴുന്നേറ്റ് നിന്ന് തലയുയർത്തി പ്രാർത്ഥിക്കുന്നത് ദൈവം സ്നേഹപൂർവ്വം നമുക്ക് നൽകിയ നിത്യജീവന്റെ പ്രത്യാശയിലാണ്.

മുകളിൽ ഉദ്ധരിച്ച വി. ബസ്സേലിയോസിന്റെ ചിന്തകൾ മറ്റു കപ്പദോക്യൻ

പിതാക്കന്മാരും വിശദമാക്കുന്നുണ്ട്. നമ്മുടെ ആരാധനക്രമങ്ങളിൽ പ്രത്യേകിച്ചും പെന്തിക്കോസ്തിയുടെയും ഉയിർപ്പിന്റെയും പ്രാർത്ഥനകളിൽ എട്ടാം ദിവസമെന്ന ആശയത്തിന് ഊന്നൽ കൊടുത്തിരിക്കുന്നത് ഈ പിതാക്കന്മാരുടെ ചിന്തയുടെ അടിസ്ഥാനത്തിലാണ്. മേലുദ്ധരിച്ച ഭാഗവുമായി താരതമ്യം ചെയ്യുന്നതിന് നമ്മുടെ ചില പ്രാർത്ഥനാഭാഗങ്ങൾ താഴെ കൊടുക്കുന്നു.

പുതുഞായറാഴ്ചയുടെ രാത്രി ഒന്നാം കൗമായുടെ സെദ്റയിൽ നിന്ന്: "ഏഴാം ദിവസം നീ വിശ്രമിച്ചു കൊണ്ട് എല്ലാ നിദ്രിതരെയും ആശ്വസിപ്പിച്ചു. ഈ ആത്മീയാശ്വാസം ഒരിക്കലും അവസാനിക്കുന്നതല്ല. ഏഴെന്നുള്ളതിനാൽ നല്ലവരും ദുഷ്ടന്മാരും ശാബതു സ്വീകരിപ്പാനിരിക്കുന്നു. അപ്പോൾ ഇഹത്തിലെ ഏഴെന്നുള്ളത് നീങ്ങിപ്പോകും. അങ്ങനെ എട്ടെന്നുള്ള പുതിയ ദിവസമാകും. അത് രാവും പകലുമില്ലാത്തതും സന്ധ്യയും ഉഷസ്സും ചേരാത്തതുമായ ആദ്യത്തേതും അവസാനത്തേതുമായ ഏക ദിവസമായിരിക്കും. അന്നു മറ്റൊരു നിത്യ സൂര്യന്റെ ശോഭയുണ്ടായിരിക്കും. പ്രകൃത സൃഷ്ടിയുടെ പദാർത്ഥത്തിനു മാറ്റം വരും. എന്നാൽ അതിന്റെ സത്തിനു വ്യതിയാനം ഉണ്ടാകയില്ല."

ഉയിർപ്പിനുശേഷം രണ്ടാം ഞായറാഴ്ചയുടെ പ്രഭാതത്തിന്റെ സെദ്റാ: "ഒന്നാമത്തേതും എട്ടാമത്തേതുമായ ഈ ദിവസം മാനുഷിക യുക്തിക്കും ആലോചനയ്ക്കും അതീതമായി സകല സൃഷ്ടിയുടെയും ലക്ഷ്യത്തിന് ആരംഭം കുറിച്ചു. ഉൽകൃഷ്ടമായ അതിന്റെ ക്രമീകരണത്തെപ്പറ്റി ശലോമോൻ ഉപമയായി പറഞ്ഞിട്ടുണ്ട്. ഏഴിനും എട്ടിനും ഓഹരി കൊടുക്കണമെന്ന് പറഞ്ഞിരിക്കുന്നു (സഭാപ്രസംഗി 11:2). ഈ ലോകത്തിൽ ധാർമ്മിക ജീവിതം നയിക്കുമ്പോൾ എട്ടാമത്തെ അന്ത്യനാളിൽ പരലോകത്തിൽ പ്രതിഫലം സിദ്ധിക്കുന്നു. അവിടെ രാവും പകലുമെന്ന വ്യത്യാസമില്ല... എട്ട് എന്നുള്ള സംഖ്യയെ എട്ടാം ദിവസമുള്ള ചേലാകർമ്മത്താൽ പൂർവ്വപിതാക്കന്മാർ പണ്ട് സൂചിപ്പിച്ചു."

പെന്തിക്കോസ്തി ഒന്നാം ശുശ്രൂഷയുടെ ലിത്താനിയ: "ആത്മീയമായ നടപടികൾ മൂലം അനശ്വരമായ പ്രകാശത്തിലും ജീവനിലും ആനന്ദിക്കത്തക്കവണ്ണം പെന്തിക്കോസ്തിയുടെയും ഞായറാഴ്ചകളുടെയും വിശുദ്ധ ദിവസങ്ങളിൽ നിവർന്നു നിന്ന് പ്രാർത്ഥിക്കുവാൻ ഞങ്ങൾക്ക് കൃപ നൽകിയവനേ, നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു."

പെന്തിക്കോസ്തി രണ്ടാം ശുശ്രൂഷയുടെ ലിത്താനിയ: "ദൈവോചിതമായ നിന്റെ പുനരുത്ഥാനം മൂലം പാപപതനത്തിൽ നിന്ന് ഞങ്ങളെ ഉദ്ധരിച്ചതു കൊണ്ട് മാത്രമല്ല, ഞായറാഴ്ച പെന്തിക്കോസ്തി ദിവസങ്ങൾ ഭാവിലോകത്തിന്റെ പ്രതിച്ഛായയാകയാൽ ഞായറാഴ്ച പെന്തിക്കോസ്തി

ദിവസങ്ങളിൽ ഒരുമിച്ചു കൂടി നിവർന്നു നിന്നു കൊണ്ട് (ബ്കൗമോ ശാഫീറോ) പ്രാർത്ഥന നടത്തണമെന്ന് ഞങ്ങളെ പഠിപ്പിച്ച മിശിഹാ തമ്പുരാനെ, വിശുദ്ധ ശ്ലീഹന്മാരെ വിശുദ്ധാത്മ നൽവരം മൂലം നീ പൂർത്തീകരിച്ച ഈ വിശുദ്ധ ദിവസത്തിലെ ആരാധന വഴിയായി ആ ദൈവിക നൽവരങ്ങളാൽ ഐശ്വര്യം പ്രാപിച്ച് ദൃശ്യരും അദൃശ്യരുമായ ഞങ്ങളുടെ ശത്രുക്കളെ വിജയിക്കുവാൻ ഞങ്ങളെ യോഗ്യരാക്കേണമേ എന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു."*

കപ്പദോക്യൻ പിതാക്കന്മാർ വികസിപ്പിച്ച ചിന്തകൾ എങ്ങിനെ നമ്മുടെ ആരാധനക്രമങ്ങളിൽ പ്രതിഫലിക്കുന്നു എന്ന് കൂടി സൂചിപ്പിക്കുവാനാണ് ദീർഘമായി ഉദ്ധരിച്ചത്. വി. ബസ്സേലിയോസ് ഞായറാഴ്ചയെക്കുറിച്ച് ചിന്തിക്കുന്നത് പ്രഥമമായും ഉയിർപ്പിന്റെ അടിസ്ഥാനത്തിലാണല്ലോ. ഞായറാഴ്ച കുമ്പിടാതെ എഴുന്നേറ്റ് നിന്നു പ്രാർത്ഥിക്കുന്നതിന്റെ ആധാരം കൊലോ. 3:1 ഉദ്ധരിക്കുന്നതിൽ നിന്ന് വ്യക്തമാണ്; ക്രിസ്തുവിനോടു കൂടി ഉയിർത്തിരിക്കുന്നതുകൊണ്ട് നാം ഉയരത്തിലുള്ളത് അന്വേഷിക്കണം. എന്നാൽ, കർത്താവിന്റെ ഉയിർപ്പിന്റെ അനുസ്മരണവും ഏറ്റു പറച്ചിലും മാത്രമല്ല ഞായറാഴ്ചയുടെ പ്രാധാന്യം. അത് വരുവാനുള്ള യുഗത്തിന്റെ പ്രതീകം കൂടിയാണ്. ഞായറാഴ്ചയുടെ ഈ യുഗാന്ത്യ സ്വഭാവം മൂലം, കുമ്പിട്ടു ഭൂമിയോടു പറ്റിച്ചേർന്നു കിടക്കുന്ന ലൗകികരായ മനുഷ്യരെ നിത്യമായ ഭാവിയെക്കുറിച്ച് പ്രത്യാശയുള്ളവരാക്കി എഴുന്നേല്പിക്കുന്നു. അതിന്റെ അടയാളമായി നാം എഴുന്നേറ്റ് നിന്ന് പ്രാർത്ഥിക്കുന്നു.

## ആഴ്ചവട്ടവും ചരിത്രവൃത്തവും

ആഴ്ചവട്ട (cycle of the week) ത്തിന്റെ ചക്രം കാലത്തിന്റെ പ്രതീകമാണ് പിഥഗോറസിന്റെ ചിന്തയിൽ. കാരണം ആഴ്ച അതു തുടങ്ങുന്നിടത്തേക്കു മടങ്ങുന്നു. കാലവും കാലനിബദ്ധമായ ചരിത്രവും ചക്രം കണക്കേ വീണ്ടും വീണ്ടും ആവർത്തിക്കുന്നു. പാമ്പ് അതിന്റെ സ്വന്തം വാൽ വിഴുങ്ങുന്നതുപോലെ, ചരിത്രം അതിലേക്ക് തന്നെ മടങ്ങുന്നു. വൃത്തത്തിന് ആരംഭവും അവസാനവുമില്ലാത്തതു പോലെ, വൃത്തരൂപിണിയായ കാലം നിത്യതയുടെ പ്രതീകമാണ്. ഋതുക്കളുടെ ചാക്രിക ചലനത്തിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ ഈ ചാക്രിക ചരിത്ര വീക്ഷണമാണ് ആഴ്ചവട്ടത്തിൽ പ്രതിഫലിക്കുന്നത്. കാലികമായ നമ്മുടെ ലോകത്തെ അളക്കുന്നത് ഏഴുദിവസങ്ങളുള്ള ആഴ്ചവട്ടം കൊണ്ടാണ്.

ചരിത്രത്തെക്കുറിച്ചുള്ള ഈ യവനവീക്ഷണത്തെ ക്രിസ്തീയ വീക്ഷണം ഒട്ടും തന്നെ സ്വീകരിച്ചില്ല. കാരണം ചാക്രികമായി കറങ്ങുന്ന ചരിത്രം ഒരു വിഷമവൃത്തമാണ് സൃഷ്ടിക്കുന്നത് എന്ന് ക്രൈസ്തവ ചിന്തകർ

കരുതി. അതൊരു കറങ്ങുന്ന കാരാഗൃഹം മാത്രമാണ്. ചലനവും മാറ്റവുമുണ്ടെന്ന് തോന്നിയാലും ആവർത്തന വിരസതയുടെ വെട്ടുകളിലേക്ക് ചരിത്രം മടങ്ങുന്നു. അതോടൊപ്പം വട്ടം കറങ്ങുന്നത് മനുഷ്യന്റെ പ്രത്യാശയാണ്. ചരിത്രത്തിന്റെ ഈ വിഷമവൃത്തത്തിനു പുറത്തു കടക്കാൻ വാതിലുകളൊന്നുമില്ലെങ്കിൽ മനുഷ്യന്റെ പ്രത്യാശയ്ക്ക് അർത്ഥമില്ലാതാവുന്നു. ഇവിടെയാണ് ഞായറാഴ്ച എട്ടാംദിവസമെന്ന ആശയം പ്രസക്തമാകുന്നത്. ഒന്നാം ദിവസം തുടങ്ങി ഏഴാം ദിവസമവസാനിക്കുന്ന ആഴ്ച വീണ്ടും ഒന്നാം ദിവസത്തിലേക്ക് മടങ്ങാനുള്ള പ്രവണത കാണിക്കുന്നു. എട്ടാം ദിവസമെന്ന ആശയം ഈ വിഷമവൃത്തത്തെ തകർക്കുന്നു. അത് ചരിത്രത്തിന്റെ കാരാഗാരത്തിൽ പുതിയ വാതിൽ വെട്ടി വയ്ക്കുന്നു. എട്ടാംദിവസം അനശ്വര ജീവന്റെ, അനന്തമായ വളർച്ചയുടെ പ്രതീകമാണ്. ഒന്നാം ദിവസമായ ഞായറാഴ്ച കാലത്തിന്റെയും പഴയ സൃഷ്ടിയുടെയും തുടക്കത്തെ കാണിക്കുന്നു. അതുപോലെ തന്നെ ആ ദിവസം കർത്താവിന്റെ ഉയിർപ്പ് സംഭവിച്ചതുകൊണ്ട് അത് കാലാതീതമായി വളരുന്ന പുതിയ സൃഷ്ടിയുടെ ആരംഭവും കുറിക്കുന്നു. അങ്ങനെയാണ് ഞായർദിനം ഒന്നാംദിവസവും എട്ടാം ദിവസവുമാകുന്നത്.

## ഒന്നും എട്ടാമത്തേതും

വി. ബസേലിയോസിന്റെ കൃതിയിൽ, ഒന്നാമത്തേത് (Prote) എന്നു മാത്രമല്ല, ഒന്ന് (mia) എന്നു കൂടി ഞായറാഴ്ചയെ വിശേഷിപ്പിക്കുന്നുണ്ട്. ഇവിടെ പിഥഗോറിയൻ ചിന്തയാണ് പ്രതിഫലിക്കുന്നത്. ഒന്നാമത്തേത് എന്നു പറയുമ്പോൾ ഒരു പരമ്പരയുടെ തുടക്കം എന്നാണർത്ഥം. അപ്പോൾ ഒന്നാമത്തേതും രണ്ടാമത്തേതും ഒരേ വർഗ്ഗത്തിൽ ഉൾപ്പെട്ടിരിക്കുന്നു. എന്നാൽ 'ഒന്ന്' (mia) എന്ന വാക്കിന് അതുല്യമായത് 'പരമ്പരയിൽപ്പെടാത്തത്', ഒന്നാമത്തേതിന്റേയും മൂന്നാമത്തേതിന്റേയും മറ്റും വർഗ്ഗത്തിൽപ്പെടാത്തത് എന്നാണർത്ഥം. അപ്പോൾ ഒന്നാം ദിവസമായ ഞായറാഴ്ച ക്രിസ്തീയമായ അർത്ഥത്തിൽ ഏഴു ദിവസങ്ങളുടെ പരമ്പരയിൽപ്പെടുന്നില്ല, ഏഴു ദിവസങ്ങളുടെ ആഴ്ചവട്ടം ചാക്രികമായ ചരിത്രത്തിന്റെ പ്രതീകമാകയാൽ ഞായറാഴ്ച അതിൽ നിന്ന് വിട്ടുനിൽക്കുന്നു. എങ്കിലും ഞായറാഴ്ചയിൽ ആഴ്ച തുടങ്ങുന്നതിനാൽ ആ ദിവസത്തെ മറ്റു ദിവസങ്ങളുടെ ആരംഭതത്വം (arche) എന്നു പറയാം. ഒരു (mia) ദിവസമെന്നും എട്ടാം ദിവസമെന്നും വിശേഷിപ്പിക്കുന്നതിനാൽ ചരിത്രത്തോടുള്ള ഞായറാഴ്ചയുടെ ബന്ധവും, ചരിത്രാതീതമായ അനശ്വരാവസ്ഥയുടെ പ്രതീകമെന്ന നിലയിൽ ചരിത്രത്തോടുള്ള അതിന്റെ ബന്ധമില്ലായ്മയും ഒരേ സമയം വ്യക്തമാകുന്നു. 'ഒന്ന്' എന്നു പറയുന്നതുമൂലം ഭാവി ലോകത്തിലെ ജീവിതം താരതമ്യമില്ലാതെ അതുല്യമായതും, മറ്റൊന്നിനാൽ പിൻതുടരപ്പെടാത്തതും, അവസാനമില്ലാത്തതുമാണെന്ന് സൂചിപ്പിക്കുന്നു.

എട്ടാമത്തേത് എന്ന പ്രയോഗം മൂലം, ഏഴു ദിവസങ്ങൾ കൊണ്ട് സൂചിപ്പിക്കുന്നതും സ്ഥലകാല നിബദ്ധവുമായ ഈ ലോകത്തിനുശേഷം വരുന്ന നിത്യലോകത്തെ വ്യഞ്ജിപ്പിക്കുന്നു.

ചരിത്രത്തെക്കുറിച്ചുള്ള യവന വീക്ഷണവും സൃഷ്ടിയെക്കുറിച്ചുള്ള യഹൂദചിന്തയും ഉയിർപ്പിനെക്കുറിച്ചും പുതിയ സൃഷ്ടിയെക്കുറിച്ചുമുള്ള പുതിയനിയമ ദർശനവും സമഞ്ജസമായി സമ്മേളിപ്പിച്ച്, സഭയുടെ അനുഭവത്തിന്റെയും അനുഷ്ഠാനത്തിന്റെയും അടിസ്ഥാനത്തിലാണ് വി. ബസ്സേലിയോസും മറ്റു കപ്പദോക്യൻ പിതാക്കന്മാരും ഒരു പുതിയ ചരിത്ര ദർശനത്തിന് രൂപം കൊടുക്കുന്നത്. ഈ ദർശനം കേവലം ചാക്രികമോ (cyclic) ഋജുരേഖയുടെ മാതൃക (linear) യിലോ അല്ല. ചരിത്രത്തിന്റെ നിയാമക ബിന്ദുക്കളായി വരുന്നത് ദൈവത്തിന്റെ ആദ്യസൃഷ്ടിയും ക്രിസ്തുവിന്റെ ഉയിർപ്പിലൂടെയുള്ള പുതിയ സൃഷ്ടിയുമാണ്. സഭയുടെ ജീവിതത്തിൽ, ഞായറാഴ്ച ദിവസം സൃഷ്ടിയുടെ രഹസ്യവും ചരിത്രത്തിന്റെ അന്തിമലക്ഷ്യവും കർത്താവിന്റെ ഉയിർപ്പിന്റെ അടിസ്ഥാനത്തിൽ മനനം ചെയ്യപ്പെടുന്നു. ആഴ്ചവട്ടങ്ങൾക്കൊപ്പം പ്രത്യക്ഷമാകുന്ന ഞായറാഴ്ചകൾ ഭാവിയുടെ അതുല്യ ദർശനത്തിനു നമ്മെ സജ്ജരാക്കുന്നു. പ്രത്യാശാനിർഭരമായ ഈ ദർശനം ചരിത്രമെന്ന ആഴ്ചവട്ടത്തിലെ ദിവസങ്ങളെ പ്രകാശപൂർണ്ണമാക്കുകയും എട്ടാം ദിവസത്തിന്റെ വെളിപാടിനായി അവയെ ഒരുക്കയും ചെയ്യുന്നു.

*വി. ബസ്സേലിയോസിന്റെ 'പരിശുദ്ധാത്മാവിനെകുറിച്ചുള്ള പുസ്തക'ത്തിലെ 27-ാം അദ്ധ്യായവുമായുള്ള ഈ പ്രാർത്ഥനാ ഭാഗത്തിന്റെ ആക്ഷരികമായ സാമ്യം വ്യക്തമാണ്. പാമ്പാക്കുട തർജ്ജമയിൽ, 'നല്ല നിലയിൽ ഒരുമിച്ചു കൂടി പ്രാർത്ഥിക്കണ'മെന്നാണ് കാണുന്നത്. സുറിയാനിയിലെ കൗമോ ശാഫീറോ (നല്ല നില) ഗ്രീക്കിൽ ബസ്സേലിയോസ് പറയുന്ന orthion schema യുടെ തർജ്ജമയായിരിക്കാം. orthos എന്ന വാക്കിന് വളവില്ലാത്തത്, നേരേയുള്ളത് എന്നൊക്കെയാണർത്ഥം. കുമ്പിടാതെ എഴുന്നേറ്റ് നിവർന്നു നിൽക്കുന്നതിനെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഗ്രീക്കു ഭാഷയിൽ anastasia എന്ന വാക്കിന്റെ ദ്വയാർത്ഥ സാദ്ധ്യതയും ബസേലിയോസ് തന്റെ കൃതിയിൽ ഉപയോഗിക്കുന്നുണ്ട്. ആക്ഷരികമായിപ്പറഞ്ഞാൽ 'വീണ്ടും നിൽക്കുക' എന്നാണീ വാക്കിനർത്ഥം. anastasis എന്നാൽ ഉയിർപ്പെന്നർത്ഥം. ഉയിർപ്പുദിവസമായ ഞായറാഴ്ച എഴുന്നേറ്റ് നിന്നുകൊണ്ട് പ്രാർത്ഥിക്കുന്നതിന്റെ പ്രസക്തി വ്യക്തമാക്കുന്നിടത്ത് ഈ വാക്കിന്റെ ദ്വയാർത്ഥങ്ങൾ അദ്ദേഹം ഉപയോഗിക്കുന്നു.

**അവലംബം**

1. Jean Danielou, Bible et Liturgie, Paris, 1958.

2. B. Pruche (ed.), Basile de Cesaree, Sur le Saint - Esprit, Paris,1968.

# സന്ന്യാസിക്കാനാഗ്രഹിക്കുന്ന ആധുനിക ലോകം

ക്രിസ്തീയ സഭയ്ക്ക് എന്നും ശക്തി പകർന്നു കൊടുത്തിരുന്ന ഊർജ്ജകേന്ദ്രങ്ങളിലൊന്നായിരുന്നു സഭയിലെ സന്ന്യാസപ്രസ്ഥാനം. മൂന്നാം നൂറ്റാണ്ടിൽ ഈജിപ്തിലെ നിട്രിയ, സ്ക്കെറ്റിസ് തുടങ്ങിയ മരുഭൂമികളിൽ വളരെ ലളിതമായി ആരംഭിച്ച സന്ന്യാസപ്രസ്ഥാനം പെട്ടെന്ന് മറ്റു പ്രദേശങ്ങളിലേക്ക് വ്യാപിച്ചു. വി. അന്തോനിയോസ്, വി. പക്കോമിയോസ് എന്നിവരെയാണ് സന്ന്യാസപ്രസ്ഥാനത്തിന്റെ ആദിപിതാക്കന്മാരായി നാം കാണുന്നത്. ഇവരോടൊപ്പം സ്മരിക്കപ്പെടേണ്ട വ്യക്തിയാണ് മഹാനായ വി. അത്താനാസ്യോസ്. അലക്സാന്ത്രിയായിലെ ബിഷപ്പായിരുന്ന അത്താനാസ്യോസ് അറിയോസിനെതിരെയുള്ള തന്റെ സമരത്തിൽ ശക്തി നേടിയത് മരുഭൂമിയിൽ പ്രാർത്ഥനാനിരതരായിരുന്ന സന്ന്യാസിമാരിൽ നിന്നാണ്. അദ്ദേഹമാണ് 'വിശുദ്ധനായ അന്തോനിയോസിന്റെ ജീവിതം' എന്ന മഹൽ ഗ്രന്ഥം എഴുതിയത്. സന്ന്യാസപ്രസ്ഥാനത്തിന്റെ 'മാനിഫെസ്റ്റോ' എന്ന് വിശേഷിപ്പിക്കാവുന്ന ഒരു പുസ്തകമാണിത്. അന്തോനിയോസിന്റെ ജീവിതകഥ വിവരിക്കുന്നതിലൂടെ സന്ന്യാസത്തിന്റെ സ്വഭാവത്തെയും, ലക്ഷ്യത്തെയും അദ്ദേഹം വ്യക്തമാക്കുന്നു. പാശ്ചാത്യ സഭയിൽ പിന്നീട് അതിശക്തമായിത്തീർന്ന സന്ന്യാസപ്രസ്ഥാനത്തിന് പ്രചോദനം നൽകിയത് അത്താനാസ്യോസ് ആയിരുന്നു.

മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തോടു കൂടി കഠിനമായ മതപീഡനങ്ങൾ റോമാ സാമ്രാജ്യത്തിൽ കുറഞ്ഞു വന്നു. ക്രിസ്ത്യാനികൾക്ക് പീഡനങ്ങൾ ഉണ്ടായിരുന്നപ്പോൾ ക്രിസ്തുവിനെപ്രതി രക്തസാക്ഷിയായിത്തീരുകയെന്നത് ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയായി കണക്കാക്കപ്പെട്ടിരുന്നു. പില്ക്കാലത്ത് പ്രശസ്തരായിത്തീർന്ന പല ക്രിസ്ത്യാനികളും ഇങ്ങനെ രക്തസാക്ഷി മരണം പ്രാപിച്ചവരോ, മരണത്തോടടുത്ത കഷ്ടതകൾ അനുഭവിക്കയോ ചെയ്തവരായിരുന്നു. എന്നാൽ ക്രിസ്തുമത പീഡനങ്ങൾ കുറയുകയും സഭയ്ക്ക് സാമൂഹ്യാംഗീകാരം ലഭിച്ചു തുടങ്ങുകയും ചെയ്തപ്പോൾ ക്രിസ്ത്യാനികളുടെ ജീവിതശൈലിയിൽ കാര്യമായ മാറ്റം വന്നു. ലൗകിക വീക്ഷണം പൊതുവെ പടരുകയും സ്ഥാനമാനങ്ങൾക്കും അധികാരങ്ങൾക്കും വേണ്ടി പല ക്രൈസ്തവനേതാക്കളും ശ്രമിക്കയും ചെയ്തു. കലഹങ്ങളും ഭിന്നതകളും ഉടലെടുത്തു. ഈ സമയത്ത്, ക്രിസ്തീയ ജീവിതത്തെക്കുറിച്ച് തീക്ഷ്ണതയോടെ ചിന്തിച്ചിരുന്ന പലരും നഗരങ്ങളിൽ നിന്ന് വിട്ട് ഈജിപ്തിലെ മരുഭൂമികളിൽ അഭയം തേടി. പ്രാർത്ഥിക്കുന്നതിനും കഠിനമായ ആത്മിക സാധനകൾ അനുഷ്ഠിക്കുന്ന

തിനുംവേണ്ടി ഇങ്ങനെ മരുഭൂമിയിലേക്ക് പോയ ക്രിസ്ത്യാനികൾ വൈദിക സ്ഥാനമോ സഭയിൽ അംഗീകാരമോ ആഗ്രഹിച്ചിരുന്നില്ല. സന്യാസ പ്രസ്ഥാനത്തിന്റെ ആദിപിതാക്കന്മാരായ അന്തോനിയോസും, പക്കോമി യോസും വൈദികസ്ഥാനം സ്വീകരിക്കാനുള്ള എല്ലാ പ്രേരണകളെയും നിരാകരിച്ചുകൊണ്ടാണ് അവസാനം വരെ ജീവിച്ചത്.

വെള്ളമില്ലാത്ത വരണ്ട നിർജ്ജന പ്രദേശങ്ങളാണ് പൈശാചിക ശക്തി കളുടെ അധിവാസസ്ഥലം എന്നൊരു ധാരണ അക്കാലങ്ങളിലുണ്ടായി രുന്നു. അതുകൊണ്ട് സാത്താനുമായി സമരം ചെയ്ത് അവനെ തോല്പി ക്കുവാൻ മരുഭൂമി തന്നെയാണ് പറ്റിയ സ്ഥലം എന്ന്, പല സന്യാസിമാരും ചിന്തിച്ചിരുന്നു. അന്തോനിയോസിനെ സാത്താൻ പരീക്ഷിക്കുന്ന വിവി ധവും വിചിത്രവുമായ രീതികൾ അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ രേഖ പ്പെടുത്തിയിട്ടുണ്ട്.

അന്തോനിയോസിന് സന്യാസ ജീവിതത്തിനുള്ള വിളി ലഭിച്ച സംഭവം പ്രസിദ്ധമാണല്ലോ. 'നീ പൂർണ്ണനാകുവാൻ ഇച്ഛിക്കുന്നെങ്കിൽ നിനക്കു ള്ളതു വിറ്റ് ദരിദ്രന്മാർക്ക് കൊടുത്തിട്ട് എന്നെ അനുഗമിക്കുക' എന്ന കർത്തൃ വചനം ഒരിക്കൽ പള്ളിയിൽ സുവിശേഷ വായനക്കിടയിൽ കേട്ട താണ് അദ്ദേഹത്തിന്റെ മാനസാന്തരത്തിന്റെ തുടക്കം. തന്റെ സഹോദ രിക്കു വേണ്ടി സ്വത്തിൽ ഒരു ചെറിയ ഭാഗം മാറ്റിവച്ച്, ബാക്കിയുള്ളത് വിറ്റ് സുവിശേഷ വചനമനുസരിച്ച് അദ്ദേഹം പ്രവർത്തിച്ചു. അതിനു ശേഷം അന്തോനിയോസിന്റെ ജീവിതലക്ഷ്യം 'പൂർണ്ണനായിത്തീരുക' എന്നതായി മാറി. ക്രിസ്തീയ പൂർണ്ണതയെന്നത് സന്യാസജീവിതത്തിന്റെ ആദർശമായി അന്നു മുതൽ ഇന്നുവരെയും കരുതിപ്പോരുന്നു. പൂർണ്ണത പ്രാപിക്കാനായി സന്യാസപ്രസ്ഥാനം കണ്ട മാർഗ്ഗങ്ങൾ പ്രാർത്ഥന, ഉപ വാസം, മനുഷ്യസേവനം എന്നിവയായിരുന്നു.

അന്തോനിയോസ് പ്രാഥമികമായും ഏകാന്തവാസിയായിരുന്നു. അദ്ദേ ഹത്തെ തേടിയെത്തിയ ശിഷ്യന്മാരിൽ നിന്നും ജനങ്ങളിൽ നിന്നും അകന്ന കന്ന് മരുഭൂമിയുടെ ഉൾഭാഗത്തേയ്ക്ക് പോകാനുള്ള പ്രവണതയാണ് അദ്ദേഹം കാണിച്ചത്. അതേസമയം തന്നെ സഭയ്ക്ക് ആവശ്യമായിരുന്ന ചില ഘട്ടങ്ങളിൽ അദ്ദേഹം പുറത്തേക്കിറങ്ങി വരുന്നുമുണ്ട്. സാത്താനു മായി നിരന്തര പോരാട്ടം നടത്തിയ അന്തോനിയോസ് വേദനാജനകമായ നിരവധി അനുഭവങ്ങളിൽക്കൂടി കടന്നുപോയി. ഒരിക്കൽ ശാരീരികവും മാനസികവുമായ പീഡകൾ അനുഭവിച്ച് തളർന്നവശനായ അന്തോനിയോ സിന് വളരെ തീവ്രമായ പ്രാർത്ഥനയ്ക്ക് ശേഷം ക്രിസ്തുവിന്റെ സൗമ്യ മായ പ്രകാശം ലഭിച്ചു. പൈശാചിക ശക്തികൾ അകന്നു. അന്തോനി യോസ് കർത്താവിനോട് പരാതിപ്പെട്ടു: 'കർത്താവേ, ഇതുവരെ അങ്ങെവി

ടെയായിരുന്നു? എന്റെ വേദനകൾ ശമിപ്പിക്കുവാൻ എന്തുകൊണ്ട് അങ്ങ് നേരത്തേ വന്നില്ല?' കർത്താവിന്റെ മറുപടി: 'അന്തോനിയോസേ ഞാനിവിടെ നിന്റെ സമരം കണ്ടുകൊണ്ട് നിന്റെ അടുക്കൽ തന്നെ ഉണ്ടായിരുന്നു.'

സന്യാസ ജീവിതം പൂർണ്ണതയുടെ അനുഭവമായി കണക്കാക്കപ്പെട്ടിരുന്നുവെന്ന് സൂചിപ്പിച്ചല്ലോ. വീഴ്ചയ്ക്കു മുമ്പുള്ള ആദാമിന്റെ പറുദീസയിലെ അവസ്ഥയിലേക്ക് മടങ്ങിപ്പോവുക എന്നതാണ് ഇതുകൊണ്ട് പലരും ഉദ്ദേശിച്ചത്. പൂർണ്ണമായ നിഷ്കളങ്കതയും സ്നേഹവും, മനുഷ്യനെ അമ്മാനമാടുന്ന വികാരങ്ങളിൽ നിന്നുള്ള വിമോചനവും പ്രകൃതിയുമായുള്ള ഐക്യവും ഈ പൂർണ്ണതയുടെ സ്വഭാവങ്ങളായിരുന്നു. അന്തോനിയോസ് വന്യമൃഗങ്ങളുമായി തികഞ്ഞ സ്നേഹത്തിലും ധാരണയിലുമാണത്രേ ജീവിച്ചത്. സകല ജീവജാലങ്ങളുമായുള്ള ഈ ഇണക്കം പറുദീസായിൽ വച്ച് ആദാമിനുണ്ടായിരുന്നതായി കരുതപ്പെടുന്നു. ശിശുക്കൾക്കും നിസ്സംഗരായ താപസ്സന്മാർക്കും ലഭിക്കുന്ന ഈ വരം ആദാമിനു നഷ്ടപ്പെട്ട സ്വർഗ്ഗീയ നന്മയുടെ വീണ്ടെടുക്കലാണ്.

ഏകാന്തവാസമല്ല, സമൂഹവാസമാണ് സന്യാസികൾക്കാവശ്യം എന്ന ബോധ്യത്തോടെ ആദ്യമായി സന്യാസിമാരെ ഒരുമിപ്പിച്ച് താമസിപ്പിക്കുന്നതിനും അവരുടെ സമൂഹജീവിതത്തിനാവശ്യമായ നിയമങ്ങൾ നിർമ്മിക്കുന്നതിനും ആദ്യമായി ശ്രമിച്ചത് പക്കോമിയോസാണ്. മാർക്സിമിൻ ചക്രവർത്തിയുടെ കാലത്ത് നിർബ്ബന്ധിത സൈന്യസേവനത്തിനായി പിടിക്കപ്പെട്ട ഒരു വിജാതിയ യുവാവായിരുന്നു പക്കോമിയോസ്. ഈജിപ്തിലെ ലുക്സോർ എന്ന സ്ഥലത്ത് ഇങ്ങനെ സൈന്യസേവനത്തിനായി പിടിച്ചുകൊണ്ടുപോയവരെ ഒരു രാത്രി താമസിപ്പിച്ചു. ആ പ്രദേശത്തുള്ള ക്രിസ്ത്യാനികൾ ഈ ചെറുപ്പക്കാരുടെ വിഷമസ്ഥിതി കണ്ട് അവർക്ക് ആവശ്യമായ ഭക്ഷണവും പാനീയങ്ങളും കൊടുത്ത് ആശ്വസിപ്പിച്ചു. അവിടെ വച്ചാണ് ആദ്യം പക്കോമിയോസ് ക്രിസ്ത്യാനി എന്ന വാക്കു കേൾക്കുന്നതു തന്നെ. ക്രിസ്ത്യാനികളുടെ പെരുമാറ്റവും സ്നേഹവും കണ്ട് അദ്ഭുതപ്പെട്ട പക്കോമിയോസ് അവരെക്കുറിച്ച് കൗതുകപൂർവ്വം തിരക്കി. ക്രിസ്ത്യാനികൾ പരദേശികളോടും മറ്റെല്ലാ മനുഷ്യരോടും കരുണ കാണിക്കുന്ന ആളുകളാണെന്ന് ആരോ പറഞ്ഞു. 'അവർ ദൈവപുത്രനായ ക്രിസ്തുവിന്റെ നാമം വഹിക്കുന്നവരും സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവായവനിൽ പ്രത്യാശ വച്ചുകൊണ്ട് എല്ലാവരോടും നന്മ കാണിക്കുന്നവരുമാണെ'ന്ന് പക്കോമിയോസിന് മറുപടി കിട്ടി. പക്കോമിയോസിന്റെ മനസ്സ് അസ്വസ്ഥമായി, അന്നു രാത്രിയിൽ അവൻ കൈകളുയർത്തി താനറിഞ്ഞിട്ടില്ലാത്ത ദൈവത്തോട് പ്രാർത്ഥിച്ചു. സൈന്യത്തിൽ നിന്ന് വിടുതൽ കിട്ടിയാൽ ദൈവത്തിന്റെ ഇഷ്ടം ചെയ്യാമെന്നും സകല മനുഷ്യരെയും സ്നേഹിച്ചുകൊണ്ട് അവർക്കു നന്മ ചെയ്യാമെന്നും പക്കോമിയോസ് പ്രാർത്ഥ

നയിൽ തീരുമാനമെടുത്തു. 'ദൈവത്തിന്റെ ഇഷ്ടം മനുഷ്യവർഗ്ഗത്തെ സേവിക്കയും അവരെ ദൈവത്തോട് അനുരഞ്ജിപ്പിക്കയുമാണെ'ന്നുള്ള ദർശനം പിന്നീട് പക്കോമിയോസിനുണ്ടാകുന്നുണ്ട്.

പക്കോമിയോസ് അന്നു പ്രശസ്തരായിരുന്ന പല ആചാര്യന്മാരുടെയും ശിഷ്യത്വം സ്വീകരിച്ചു. ക്രമേണ സന്യാസിശ്രേഷ്ഠനായി അറിയപ്പെട്ട പക്കോമിയോസിനെത്തേടി ശിഷ്യന്മാർ എത്തി. അവർക്കൊരുമിച്ച് ജീവിക്കാനും ആരാധിക്കാനും വേണ്ട ക്രമീകരണങ്ങൾ ചെയ്ത പക്കോമിയോസ് സന്യാസപ്രസ്ഥാനത്തിന്റെ നല്ല വഴിത്തിരിവിനു കാരണഭൂതനായി.

പിൽക്കാലത്ത്, നാലാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ സന്യാസികൾക്കു വേണ്ടി നിയമങ്ങൾ ഉണ്ടാക്കിയ പിതാവാണ് മഹാനായ മാർ ബസേലിയോസ്. പൗരസ്ത്യ സന്യാസപ്രസ്ഥാനത്തിൽ ബസ്സേലിയോസിന്റെ പ്രമാണങ്ങൾക്ക് സമുന്നതസ്ഥാനമുണ്ട്. ബസ്സേലിയോസും ഏകാന്തവാസികളെ അധികം പ്രോത്സാഹിപ്പിച്ചില്ല. സന്യാസിമാർ ഒരുമിച്ച് താമസിച്ചാൽ മാത്രമേ അവരുടെ ക്രിസ്തീയ വളർച്ചയും നന്മയും പരസ്പരം പരിശോധിച്ചറിയുവാൻ കഴിയൂ എന്ന് അദ്ദേഹത്തിന് ബോദ്ധ്യമായിരുന്നു. സന്യാസപ്രസ്ഥാനത്തെ മനുഷ്യസേവനപരമായ കാര്യങ്ങളിലേക്കു തിരിച്ചുവിട്ടതിൽ പ്രധാനപങ്ക് ബസ്സേലിയോസിനുണ്ട്. കുഷ്ഠരോഗികൾക്കു വേണ്ടി അദ്ദേഹം സ്ഥാപിച്ച ആതുരാലയം ലോകത്തിൽ അത്തരത്തിലുള്ള ആദ്യത്തെ സ്ഥാപനമാണ്. കുഷ്ഠരോഗികളെ ആട്ടിപ്പായിക്കുകയും വെറുക്കുകയും ചെയ്തിരുന്ന ഒരു ലോകത്തിൽ അവരെ സ്നേഹപൂർവ്വം കരുതുകയും അവർ രോഗികളാണെന്ന ബോദ്ധ്യത്തിൽ ആവശ്യമായ പരിചരണങ്ങൾ നൽകുകയും ചെയ്ത ബസ്സേലിയോസ് വലിയ സാമൂഹ്യ വിപ്ലവമായിരുന്നു നടത്തിയത്. ബസ്സേലിയോസിന്റെ മാതൃക കണ്ട്, വലിയ ക്രൈസ്തവ വിരോധിയായിരുന്ന ജൂലിയൻ ചക്രവർത്തി രാജ്യത്തെമ്പാടും ആശുപത്രികൾ സ്ഥാപിക്കാൻ തന്റെ ഉദ്യാഗസ്ഥന്മാർക്ക് കല്പന കൊടുക്കുകയുണ്ടായി. ക്രിസ്ത്യാനികളുടെ നിസ്വാർത്ഥമായ മനുഷ്യസ്നേഹം ധാരാളം ആളുകളെ ആ മതത്തിലേക്ക് ആകർഷിക്കുമെന്നതായിരുന്നു ചക്രവർത്തിയുടെ പേടി.

സന്യാസപ്രസ്ഥാനം സുസംഘടിതമായ സ്ഥാപനങ്ങളായി മാറിയപ്പോൾ അവയുടെ ആന്തരികശക്തിയും ദൗത്യബോധവും നഷ്ടപ്പെടുന്ന കാഴ്ചയാണ് ആധുനിക കാലത്ത് നാം കാണുന്നത്. പരമ്പരാഗതമായ സന്യാസ സമൂഹങ്ങളും സ്ഥാപനങ്ങളും ഇന്ന് വളർച്ച മുരടിച്ചു നിൽക്കുന്ന അവസ്ഥയിലാണെന്ന് പൊതുവെ പറയാം. എന്നാൽ വേറൊരു വശത്ത്, സന്യാസപ്രസ്ഥാനം ഒരിക്കൽ ഉയർത്തിപ്പിടിച്ചിരുന്ന സമുന്നത മൂല്യങ്ങൾ തേടി ലോകവ്യാപകമായ അന്വേഷണം നടക്കുന്നുണ്ട്. എന്തൊ

ക്കെയായിരുന്നു ആ മൂല്യങ്ങൾ? ജീവിതശൈലിയിലുള്ള ലാളിത്യം, വസ്തുവകകളുടെ കൂട്ടായ ഉപയോഗം, സമ്പൂർണ്ണമായ സമത്വബോധം, സഹോദരങ്ങൾക്കുവേണ്ടിയുള്ള ത്യാഗപൂർണ്ണമായ ജീവിതം, ലൗകിക മഹത്വത്തോടും അധികാരത്തോടുമുള്ള ആസക്തിയില്ലായ്മ, സമൂഹത്തിന്റെ നന്മയ്ക്കു വേണ്ടിയുള്ള കഠിനാദ്ധ്വാനം, മാനസികവും ശാരീരികവും ആത്മീയവുമായ ശിക്ഷണം, ലോകത്തിന്റെ നന്മയ്ക്കുവേണ്ടിയുള്ള നിരന്തരമായ പ്രാർത്ഥന, സഭയെ ശക്തീകരിച്ചതും ലോകത്തെ രൂപാന്തരപ്പെടുത്തിയതുമായ മൂല്യങ്ങളായിരുന്നു ഇവ. ഇപ്പോൾ നിലവിലുള്ള പല സന്യാസസമൂഹങ്ങളിൽ നിന്നും മേല്പറഞ്ഞ മൂല്യങ്ങൾ കുറെയൊക്കെ നഷ്ടപ്പെട്ടിരിക്കുന്നു എന്നത് ദുഃഖകരമായ വസ്തുതയാണ്.

ഇന്ന് ലോകത്തിന്റെ പല ഭാഗങ്ങളിലും ഉയർന്നു വരുന്ന ചെറിയ ചെറിയ സമൂഹങ്ങൾ (basic communities) ഈ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ ശ്രമിക്കുന്നു. ഇത്തരം ചെറിയ സമൂഹങ്ങളിൽ ജീവിതത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരുണ്ട്. വിവാഹിതരും അവിവാഹിതരുമുണ്ട്. സന്യാസപ്രസ്ഥാനത്തിന്റെ മൂല്യങ്ങൾ അവിവാഹിതരുടെ സമൂഹങ്ങളിൽ മാത്രമല്ല, കുടുംബങ്ങളിലും സ്ഥാപനങ്ങളിലും രാഷ്ട്രത്തിൽ പൊതുവെയും പ്രയോഗക്ഷമമാണ് എന്ന ബോദ്ധ്യമാണ് ഈ സമൂഹത്തിലെ അംഗങ്ങൾക്ക്. രാഷ്ട്രീയ - സാമ്പത്തിക പ്രത്യയശാസ്ത്രങ്ങൾക്ക്, അത് മുതലാളിത്തമായാലും, കമ്മ്യൂണിസമായാലും മനുഷ്യന്റെ സമൂഹ്യവും വ്യക്തിഗതവുമായ പ്രശ്നങ്ങൾക്ക് ശരിയായ പരിഹാരം കാണാൻ കഴിയുകയില്ലെന്ന് ഇപ്പോൾ ഏറെക്കുറെ എല്ലാവർക്കും ബോദ്ധ്യം വന്നിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ രീതിയിലുള്ള പുതിയ സമൂഹങ്ങൾ നമ്മുടെ ലോകത്തെ രൂപാന്തരപ്പെടുത്തുവാനുള്ള ശക്തി ഉൾക്കൊള്ളുന്നു. ഭാവിയുടെ പ്രത്യാശ ഇത്തരം സമൂഹങ്ങളിലാണ്. ഒരിക്കൽ സന്യാസപ്രസ്ഥാനം ഉയർത്തിപ്പിടിക്കയും പിന്നീട് കാലത്തിന്റെ ഒഴുക്കിലും സംഘടനയുടെയും സ്ഥാപനങ്ങളുടെയും ഊക്കിലും നഷ്ടപ്പെട്ടുപോയ മൂല്യങ്ങളാണ് ഈ സമൂഹങ്ങളുടെ പ്രേരകശക്തി.

ഓരോ വ്യക്തിയിലും സന്യാസി അന്തർലീനമാണെന്നും സന്യാസിത്വം മനുഷ്യസ്വഭാവത്തിന്റെ അടിസ്ഥാന ഘടകമാണെന്നും ഇന്ന് പല സാമൂഹ്യശാസ്ത്രജ്ഞന്മാരും മനുഷ്യസ്വഭാവ പഠിതാക്കളും അഭിപ്രായപ്പെടുന്നു. ഇന്ന് പാശ്ചാത്യ നാഗരികതയിൽ എന്തെങ്കിലും പ്രത്യാശയുടെ കിരണമുണ്ടെങ്കിൽ അതൊരു 'സന്യാസി'യുടെ രൂപത്തിൽ നിന്നു വരുന്ന പ്രകാശമാണ്. ലൗകികതയുടെ പാരമ്യത്തിൽ അനുഭവപ്പെടുന്ന ശൂന്യതാബോധത്തിനും അർത്ഥരാഹിത്യത്തിനും മറ്റു മറുമരുന്നുകളൊന്നും ഇപ്പോൾ ഇല്ല. ലളിതമായ ജീവിതാവശ്യങ്ങൾ മാത്രമുള്ള, സ്നേഹത്തോടും ത്യാഗത്തോടും കൂടി കഠിനാദ്ധ്വാനം ചെയ്യുന്ന, ലോകത്തിന്റെ

നന്മയ്ക്കു വേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വ്യക്തികളേയും സമൂഹങ്ങളെയുമാണ് ഇവിടെ 'സന്യാസി' എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. ന്യൂക്ലിയർ ആയുധ ഭീഷണി കൊണ്ടും പരിസര മലിനീകരണ പ്രതിസന്ധികൊണ്ടും വീർപ്പുമുട്ടുന്ന ലോകത്തിന് ഏക ശാന്തിമാർഗ്ഗം സന്യാസിത്വം തന്നെ.

പുരാതന സന്യാസപ്രസ്ഥാനത്തിൽ പല നന്മകളുണ്ടായിരുന്നെങ്കിലും ചിലപ്പോഴൊക്കെ പല സന്യാസിമാരും ലോകവിരോധികളും മനുഷ്യ വിദ്വേഷികളുമായിത്തീർന്നിട്ടുണ്ട്. ദൈവത്തെയും ലോകത്തെയും പരസ്പര വിരുദ്ധമായ രണ്ടു ധ്രുവങ്ങളിലാക്കി നിർത്തുകയും, ദൈവത്തോടുള്ള വിശ്വസ്തത മനുഷ്യലോകത്തോടുള്ള വിദ്വേഷമായി പരിണമിക്കുകയും ചെയ്തിട്ടുണ്ട്. അന്തോനിയോസിനെപ്പോലെ വന്യമൃഗങ്ങളെ വരെ ഇണക്കി സർവ്വലോകത്തിന്റെയും ശാന്തിയും സമന്വയവും നേടിയ സന്യാസിമാരാണ് നമുക്കു വേണ്ടത്. ദൈവം സൃഷ്ടിക്കുകയും നല്ലതെന്നു കാണുകയും ചെയ്ത ഈ ലോകത്തിൽ നന്മയുടെ നേരിയ അടയാളമെങ്കിലുമുള്ള യാതൊന്നിനേയും നമുക്കു തള്ളിക്കളയാനാവില്ല. മനുഷ്യരേയും പ്രകൃതിയേയും ദിവ്യസ്നേഹത്തിന്റെ അനന്തപ്രഭയിൽ കാണുന്നവനാണ് യഥാർത്ഥ സന്യാസി. ലോകത്തെ നശിപ്പിക്കുന്ന തിന്മയുടെ അധികാരത്തെയും മഹത്വത്തെയും നിർഭയം വെല്ലുവിളിക്കുവാനും ചവിട്ടി മെതിക്കുവാനും യഥാർത്ഥ സന്യാസിക്കു കഴിയും. സന്യാസപ്രസ്ഥാനത്തെ പ്രത്യാശയോടെ ഉറ്റുനോക്കുന്ന സഭയും ലോകവും മറ്റൊന്നല്ല പ്രതീക്ഷിക്കുന്നത്.

# ക്രിസ്തീയസാക്ഷ്യം ഇടവകയിലൂടെ

## എന്താണ് ഇടവക?

സഭയെന്ന വലിയ യാഥാർത്ഥ്യത്തിന്റെ പരിപൂർണ്ണമായ ഒരു ചെറിയ ഘടകമായിട്ടാണ് പലപ്പോഴും നാം ഇടവകയെ കാണുന്നത്. എന്നാൽ ഇത് അത്ര ശരിയായ ഒരു കാഴ്ചപ്പാടല്ല. ഓരോ ഇടവകയും സഭയുടെ പൂർണ്ണത ഉൾക്കൊള്ളുന്നുണ്ട്. കാരണം, സഭയുടെ കേന്ദ്ര ധർമ്മമായ വിശുദ്ധ കുർബ്ബാനയുടെ അർപ്പണവും അനുഭവവും (?) എല്ലാ ഇടവകകളിലും നടക്കുന്നുണ്ട്. ക്രിസ്തുവിന്റെ മരണത്തെ ഓർക്കുകയും ഉയിർപ്പിനെ ആഘോഷിക്കുകയും തന്റെ രണ്ടാമത്തെ വരവിനായി പ്രത്യാശയോടെ കാത്തിരിക്കുകയും ചെയ്യുന്ന ഒരു സമൂഹമായിട്ടാണ് സഭ സ്വയം മനസ്സിലാക്കുന്നത്. ഈ അനുസ്മരണവും ആഘോഷവും കാത്തിരിപ്പും ഓരോ വി. കുർബ്ബാനയിലും നാം ആവർത്തിക്കുന്നു. ഓരോ ഇടവകയിലും നാമിത് ചെയ്യുന്നതുകൊണ്ട്, ഓരോ ഇടവകയ്ക്കും "സഭ"യുടെ സ്വഭാവം കൈവരുന്നു. പുതിയനിയമത്തിൽ ഓരോ ആരാധകസമൂഹ (ഇടവക) ത്തെയും ഒരു സഭ എന്നു വിളിക്കുന്നു.

എന്നാൽ ഓരോ ഇടവകയിലും സഭയുടെ പൂർണ്ണത കൈവരുന്നതിന് രണ്ടു കാര്യങ്ങൾ ആവശ്യമാണ്. (1) ഒരു ഇടവകയ്ക്ക് (ആരാധകസമൂഹത്തിന്) മറ്റു ഇടവകകളുമായി സജീവമായ ബന്ധമുണ്ടായിരിക്കണം. ഓരോ ഇടവകയും തൻകാര്യം മാത്രം നോക്കുന്ന, സ്വാർത്ഥത മാത്രം കൈമുതലുള്ള സമൂഹമായിത്തീരരുതെന്നു ചുരുക്കം. അങ്ങനെയായാൽ സഭയുടെ ഏകത്വം നഷ്ടപ്പെടുകയും ഇടവകയുടെ ക്രിസ്തീയ വിളി നശിക്കുകയും അതിൽ സഭയുടെ പൂർണ്ണത ഇല്ലാതാകുകയും ചെയ്യും.

(2) ഒരു ഇടവകയ്ക്ക് അതിനു ചുറ്റുമുള്ള ലോകത്തോടു സജീവമായ ബന്ധമുണ്ടായിരിക്കണം. അതായത് പള്ളി രജിസ്റ്ററിൽ പേരുള്ള ആളുകൾക്കു വേണ്ടി മാത്രമല്ല ഓരോ ഇടവകയും നിലകൊള്ളേണ്ടത്. ഓരോ പ്രദേശത്തെയും പള്ളിയുടെ ചുറ്റുമുള്ള എല്ലാ ആളുകളുടെയും മാനുഷികാവശ്യങ്ങളെക്കുറിച്ചു താല്പര്യവും ഉത്തരവാദിത്വവും പങ്കാളിത്തവും കാണിക്കുന്ന ഒരു ക്രിസ്തീയ സമൂഹമായിരിക്കണം ഓരോ ഇടവകയും.

മുകളിൽ പറഞ്ഞ രണ്ടു ബന്ധങ്ങൾ ഒരു ഇടവകയുടെ രണ്ടു വലിയ വാതിലുകളാണ്. ഈ രണ്ടു വാതിലുകളും രാത്രിയും പകലും തുറന്നിട്ടിരുന്നാൽ മാത്രമെ ഒരിടവകയിൽ ക്രിസ്തുവിന്റെ സഭയുടെ പൂർണ്ണത ഉണ്ടെന്നു അവകാശപ്പെടാൻ കഴിയൂ.

## സാക്ഷ്യത്തിന്റെ സ്വഭാവം

ക്രിസ്തു പറഞ്ഞ രണ്ട് ഉദാഹരണങ്ങൾ ഇവിടെ പ്രസക്തമാണ്. (1) ക്രിസ്തുവിനെ ആരാധിക്കുന്ന സമൂഹം ലോകത്തിന്റെ പ്രകാശമാണ് (മത്തായി 5:14, അപ്പോ. പ്രവ. 13:47). (2) ക്രിസ്തുവിന്റെ നാമം വഹിക്കുന്ന സമൂഹം ഭൂമിയുടെ ഉപ്പാണ് (മത്താ. 5:13). സൂര്യപ്രകാശം ഭൂമിയിൽ വളർച്ച സാദ്ധ്യമാക്കുകയും വളർച്ചയിലൂടെ പരിവർത്തനങ്ങൾ വരുത്തുകയും ചെയ്യുന്നതുപോലെ ഇടവക (ആരാധക സമൂഹം) യും അതിന്റെ ജീവന്റെ ശോഭമൂലം ലോകത്തെ പ്രകാശിപ്പിക്കുകയും ലോകത്തിൽ മനുഷ്യന്റെ എല്ലാത്തരത്തിലുമുള്ള വളർച്ചയെ ത്വരിപ്പിക്കുകയും, സമൂഹത്തിൽ ആവശ്യമായ പുതിയ മാറ്റങ്ങൾക്കു മുൻകൈയെടുക്കുകയും ചെയ്യണം. പാശ്ചാത്യ മിഷനറിമാർ പഠിപ്പിച്ചതുപോലെ ഏതു മാർഗ്ഗമുപയോഗിച്ചും മനുഷ്യരെ മതത്തിൽ ചേർക്കുക എന്നതല്ല നമ്മുടെ സാക്ഷ്യത്തിന്റെ കാതൽ. ദൈവസ്നേഹത്താൽ നിറഞ്ഞ് ലോകത്തെ പ്രകാശിപ്പിക്കുവാനും മനുഷ്യരെ ആഴമായി സ്നേഹിക്കാനും ക്രിസ്തീയ സമൂഹത്തിനു സാധിച്ചാൽ ബാക്കി കാര്യങ്ങൾ പരിശുദ്ധാത്മാവ് നടത്തിക്കൊള്ളും.

ഉപ്പ് മനുഷ്യന്റെ ഭക്ഷണത്തിൽ ലയിച്ചു അദൃശ്യമായിത്തീർന്ന് ഭക്ഷണത്തിനു രുചി വരുത്തുന്നു. രുചിച്ചു നോക്കാതെ ഉപ്പുണ്ടോ എന്നറിയുക സാദ്ധ്യമല്ല. ക്രിസ്തീയ സമൂഹം അതിന്റെ കൂറ്റൻ സ്ഥാപനങ്ങൾ കൊണ്ടോ പരസ്യങ്ങൾ കൊണ്ടോ അല്ല സാക്ഷ്യം വഹിക്കേണ്ടത്. ദൈവത്തിന്റെ സ്വരൂപം വഹിക്കുന്ന മനുഷ്യർക്കുവേണ്ടി ("ക്രിസ്ത്യാനി"ക്കു വേണ്ടി മാത്രമല്ല) ഉപ്പിനെപ്പോലെ സ്വയം നഷ്ടപ്പെടാനും, പെരുമ്പറയടിക്കാതെ വിനയപൂർവ്വം മനുഷ്യരെ സേവിക്കാനും ക്രിസ്തീയ സമൂഹത്തിനു സാധിച്ചാൽ അതും സാക്ഷ്യത്തിന്റെ യഥാർത്ഥ സ്വഭാവം കാണിക്കുന്നു.

## സാക്ഷ്യത്തിന്റെ ചില വശങ്ങൾ

1) ഒരു ഇടവകയുടെ കേന്ദ്രബിന്ദു ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളുടെ അനുഭവമാണെന്നു നാം കണ്ടു. എന്നാൽ ഇന്ന് മിക്കവാറും എല്ലാ "ഓർത്തഡോക്സ്" ഇടവകകളിലും വി. കുർബ്ബാന വൈദികൻ "ചൊല്ലി" ത്തീർക്കുന്നു. കുർബ്ബാന അർപ്പിക്കുന്നത് ആരാധകസമൂഹത്തിനു അനുഭവിക്കുന്നതിനു വേണ്ടിയാണ്. ജനങ്ങൾ അനുഭവിക്കുന്നില്ലെങ്കിൽ ഇതു നടത്തുന്നതിനു യാതൊരർത്ഥവുമില്ല. വി. കുർബ്ബാനയെക്കുറിച്ചുള്ള നമ്മുടെ ഭൂരിപക്ഷം ആളുകളുടെയും "സ്തുതി ചൊവ്വാകപ്പെട്ട വിശ്വാസം" മദ്ധ്യ നൂറ്റാണ്ടുകളിൽ റോമൻ കത്തോലിക്കാ സഭയിലുണ്ടായിരുന്നതിലും ശോചനീയമാണ്.

ക്രിസ്തുവിന്റെ ശരീരത്തിന്റെ പങ്കാളികളാകുക എന്നു പറഞ്ഞാൽ നാം തമ്മിൽ ഒരു ശരീരത്തിന്റെ അവയവങ്ങളാകുന്നുവെന്ന് പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു (1 കോരി. 12:12–21). പക്ഷേ ഇന്ന് ആരെങ്കിലും വി. കുർബ്ബാന അനുഭവിച്ചാൽത്തന്നെ അത് അവന്റെ 'ആത്മാവിന്റെ രക്ഷ'യ്ക്കുവേണ്ടി മാത്രമാണ്. ഇത് ക്രിസ്തീയമല്ല. ഒരിടവകയിലെ അംഗങ്ങൾ തമ്മിൽ സാമ്പത്തികവശമുൾപ്പെടെ എല്ലാ മാനുഷികാവശ്യങ്ങളിലും പരസ്പരം പങ്കാളിത്തം കാണിക്കണം. കാരണം ക്രിസ്തുവിന്റെ മേശയിൽ ഒരേ അപ്പത്തിലും ഒരേ പാനപാത്രത്തിലും അവർക്കെല്ലാം പങ്കാളിത്തമുണ്ട്. നൂറ്റാണ്ടുകളായി നാം വി. കുർബ്ബാന അർപ്പിക്കുന്നു. പക്ഷേ ഇടവകയിലോ, അതിനുപുറത്തോ ഉള്ള ഉച്ചനീചത്വങ്ങളെക്കുറിച്ചോ അനീതിയെക്കുറിച്ചോ സ്നേഹമില്ലായ്മയെക്കുറിച്ചോ ചിന്തിക്കാൻ അത് നമ്മെ പ്രേരിപ്പിച്ചില്ല. കാരണം ആത്മാവിന്റെ രക്ഷയ്ക്കുവേണ്ടിയുള്ള ഒരു കർമ്മാനുഷ്ഠാന മായി അത് മാറിപ്പോയി! കുർബ്ബാന അനുഭവിക്കാത്തവരോട് കുർബ്ബാ നയുടെ സാമൂഹ്യസാമ്പത്തിക അർത്ഥങ്ങളെക്കുറിച്ചു പ്രസംഗിക്കുന്നത് അർത്ഥശൂന്യമാണല്ലോ. ക്രിസ്തീയ സാമൂഹ്യ നീതിയുടെയും സമത്വത്തി ന്റെയും സ്വാതന്ത്ര്യത്തിന്റെയും അടിസ്ഥാനം നാമെല്ലാം ക്രിസ്തുവിന്റെ ഏകശരീരത്തിലും രക്തത്തിലും ഒരുപോലെ പങ്കെടുക്കുന്നു എന്നുള്ള താണ്. ഇന്ന് നേരെമറിച്ച് ഓരോരുത്തർക്കും അവരവരുടെ പണത്തിന്റെ കൊഴുപ്പനുസരിച്ച് വി. കുർബ്ബാന "വിലയ്ക്കു വാങ്ങാൻ" സാധിക്കും. ഇവിടെ യഥാർത്ഥ ക്രിസ്തീയത തകിടം മറിയുന്നു. സമത്വത്തിന്റെയും നീതിയുടെയും സ്നേഹത്തിന്റെയും തീക്കനലുകൾ ഉൾക്കൊള്ളുന്ന വിശുദ്ധ കുർബ്ബാനയെ നാം അവഗണിക്കുമ്പോൾ, പല ക്രിസ്ത്യാനികളും 'വിശുദ്ധ മാർക്സിന്റെ സുവിശേഷം' കൂടുതൽ അഭികാമ്യമെന്നു കരുതി അതിനു പുറകേ പായുന്നു.

(2) ഇംഗ്ലീഷിൽ Parish (ഇടവക) എന്ന വാക്ക് ഗ്രീക്കിൽ Paroikia (തീർത്ഥാടക സംഘം, പരദേശിസമൂഹം) എന്ന വാക്കിൽ നിന്നു വരുന്നു. റോമിലെ ക്ലീമീസ് കോരിന്തിലെ സഭയ്ക്കെഴുതിയ (എ. ഡി. 95) ഒന്നാം ലേഖനത്തിൽ റോമിലെ സഭയെയും കോരിന്ത്യ സഭയെയും തീർത്ഥാടക സംഘങ്ങളെന്ന് വിശേഷിപ്പിക്കുന്നു. തീർത്ഥാടകൻ യാത്ര ചെയ്യുമ്പോൾ വലിയ സമ്പാദ്യങ്ങളും കനത്ത ഭാണ്ഡങ്ങളും കൊണ്ടുനടക്കുന്നില്ല. ഒരു ലക്ഷ്യത്തിലേക്ക് ഭാരരഹിതനായി അവൻ നീങ്ങുന്നു. അവന്റെ യാത്ര അവനെ കാണുന്നവരെ ചിന്തിപ്പിക്കുന്നു. പരിസരങ്ങളെ വിശുദ്ധമാക്കുന്നു. തീർത്ഥാടകന്റെ യാത്ര പോലെ തന്നെയാണ് സഭയുടെ പ്രയാണവും. ക്രിസ്തീയ ദർശനം കണ്ടുകൊണ്ട് അനുനിമിഷം പ്രയാണം ചെയ്യുന്ന സഭ എപ്പോഴും വഴക്കുകളിലും വ്യവഹാരങ്ങളിലും കുരുങ്ങിക്കിടക്കു കയില്ല. ഇവിടെ നിത്യമായ വാസസ്ഥലങ്ങളില്ലെന്നും നാമെല്ലാം പരദേശി

കളാണെന്നും ഓരോ ക്രിസ്തീയ സമൂഹവും അതിന്റെ ജീവിതത്തിലൂടെ ലോകത്തോട് ഉൽഘോഷിക്കണം. സഭയുടെ സാന്നിദ്ധ്യം ഈ ലോകത്തെ വിശുദ്ധീകരിക്കണം. മലങ്കരസഭയുടെ ഇടവകകൾ "മുതൽപ്പിടിക്കാരുടെ" കച്ചവടസംഘങ്ങളും കള്ളന്മാരുടെ ഗുഹകളുമായിത്തീരാതെ, ആത്മിക ചൈതന്യവും മനുഷ്യസ്നേഹവും വാരിവിതറുന്ന തീർത്ഥാടക സമൂഹങ്ങളായിത്തീരണം. ഉൾവഴക്കുകൾ ഇല്ലാത്ത എത്ര ഇടവകകൾ നമുക്കുണ്ട്? നമ്മുടെ വളരുന്ന തലമുറയ്ക്ക് സഭയെന്നു പറഞ്ഞാൽ ആദ്യം മനസ്സിൽ വരുന്നത് പൊതുയോഗം, ഭരണസമിതി, അസഭ്യവർഷം, കോടതി, തേജോവധം, കുതികാൽവെട്ട് തുടങ്ങിയ കാര്യങ്ങളാണ്. ക്രിസ്തുവിന്റെ മരണത്തിലും ഉയിർപ്പിലും ആശ്രയിച്ച് ജീവിക്കുന്ന ഒരു സമൂഹത്തെ അവർ എവിടെ കണ്ടെത്തും? മലങ്കരസഭയുടെ മുരടിച്ച ആത്മാവ് ഒരു ദൂഷിത വലയത്തിൽക്കിടന്ന് നട്ടം തിരിയുന്നു. എങ്ങിനെ ഈ വലയത്തെ നാം തകർക്കും?

(3) ഇടവക അടച്ചു ബന്ധിച്ച ഒരു വീടല്ല. അതിന്റെ വാതിലുകൾ ചുറ്റുമുള്ള മനുഷ്യർക്കു നേരെ വിശാലമായി തുറന്നു കൊടുക്കണം. പാവപ്പെട്ടവന് "നക്കാപ്പിച്ച" കൊടുത്ത് തൃപ്തിയടയുന്നതും ആരുടെയെങ്കിലും ഒരു കൊച്ചുപുരയ്ക്ക് ഓലകെട്ടിക്കൊടുത്ത് അതിന്റെ മുമ്പിൽ കമ്മിറ്റിക്കാർ നിന്നു ഫോട്ടോയെടുത്ത് പത്രത്തിലിടുന്നതും ക്രിസ്തുവിനെ അവഹേളിക്കുകയാണ്. ഫ്യൂഡൽ സമ്പ്രദായം നമുക്കു നൽകിയ ചീഞ്ഞളിഞ്ഞ ഒരു സാമൂഹ്യ സാമ്പത്തിക വ്യവസ്ഥിതിയുടെ കാവൽഭടനാകാതെ, അതിനെ പുനർവിചിന്തനം ചെയ്യാനും ലോകത്തിൽ നീതിയും സമത്വവും നടപ്പാക്കാനും ഇന്നു നടക്കുന്ന വമ്പിച്ച ശ്രമങ്ങളിൽ ഓരോ ഇടവകയും സജീവമായി പങ്കെടുക്കണം. നസ്രായനായ യേശു കൊളുത്തിയ മനുഷ്യസ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും സാമൂഹ്യ വിമർശനത്തിന്റെയും ജ്വാലകൾ ഏറ്റുവാങ്ങാൻ നമ്മുടെ ഇടവകകൾ തയ്യാറാകുമോ?

ക്രിസ്തീയ സമൂഹം അതിന്റെ സാക്ഷ്യം നിർവ്വഹിച്ചില്ലെങ്കിൽ, ദൈവം ഈ സമൂഹത്തെ തള്ളിക്കളയുകയും മറ്റു മാർഗ്ഗത്തിലൂടെ തന്റെ രക്ഷാപ്രവൃത്തി തുടരുകയും ചെയ്യും. അതുകൊണ്ട് ഒരു പുതിയ ദർശനത്തോടെ, നമ്മുടെ ദുഷിച്ച പാരമ്പര്യങ്ങളെ ഉപേക്ഷിച്ച് ക്രിസ്തുവിനെ കർത്താവായി നമ്മുടെ ഇടവകകിൽ നമുക്ക് വിശുദ്ധീകരിക്കാം.

# ഓർത്തഡോക്സ് വിശ്വാസത്തിൽ കന്യകമറിയാമിനുള്ള സ്ഥാനം

അഞ്ചാം നൂറ്റാണ്ടോടു കൂടി, കൃത്യമായി പറഞ്ഞാൽ എ. ഡി. 431-ലെ എഫേസൂസ് സുന്നഹദോസിനോടു കൂടിയാണ് യേശുക്രിസ്തുവിന്റെ മാതാവായ കന്യകമറിയാമിന് ക്രിസ്തീയ വിശ്വാസത്തിലുള്ള ദൈവശാസ്ത്രപരമായ സ്ഥാനത്തെക്കുറിച്ച് സഭ ഗൗരവമായി ചിന്തിക്കാൻ തുടങ്ങിയത്. അതുവരെ, കന്യകമറിയാമിന് കർത്താവിന്റെ അമ്മ എന്ന നിലയിൽ സമർഹമായ ഒരു സ്ഥാനം സഭയിൽ ഉണ്ടായിരുന്നെങ്കിലും, അതിന്റെ ആഴമായ അർത്ഥത്തെക്കുറിച്ച് കാര്യമായ ചിന്തയൊന്നും ഉണ്ടായിരുന്നില്ല. ക്രിസ്തുവിനെ രണ്ടാമത്തെ ആദാമായി പ. പൗലോസ് ശ്ലീഹാ ചിത്രീകരിച്ചതുപോലെ മറിയാമിനെ രണ്ടാമത്തെ ഹവ്വയായും സഭയുടെ പ്രതീകമായും മറ്റും രണ്ടാം നൂറ്റാണ്ടു മുതൽ ചില ക്രിസ്തീയ ചിന്തകന്മാർ ചിത്രീകരിച്ചിട്ടുണ്ട്. എങ്കിലും സഭയുടെ ആരാധനാക്രമങ്ങളിൽ കന്യകമറിയാമിന് സ്ഥാനം ലഭിച്ചതും സഭ കന്യകയുടെ നാമത്തിലുള്ള പെരുന്നാളുകൾ ആഘോഷിക്കാൻ തുടങ്ങിയതും 5-ാം നൂറ്റാണ്ടിനു ശേഷമാണ്.

പൗരസ്ത്യസഭയുടെ വിശ്വാസത്തിൽ കന്യകമറിയാമിന് ഒറ്റപ്പെട്ട ഒരു സ്ഥാനം നൽകുന്നില്ല. കന്യകയുടെ സ്ഥാനം എപ്പോഴും ക്രിസ്തുവിനോടും സഭയോടും അഭേദ്യമായി ബന്ധപ്പെട്ടു നിൽക്കുന്നു. ദൈവപുത്രനും മനുഷ്യരക്ഷകനുമായ ക്രിസ്തുവിനെക്കുറിച്ചുള്ള സഭയുടെ പ്രബോധനത്തെ ശക്തീകരിക്കുന്നതിനു വേണ്ടിയായിരുന്നു ആദിമ നൂറ്റാണ്ടുകളിൽ കന്യകമറിയാമിൽ നിന്നുള്ള ക്രിസ്തുവിന്റെ ജനനത്തെ സഭ ഊന്നിപ്പറഞ്ഞത്. ചില ഉദാഹരണങ്ങൾ നോക്കാം.

(1) പൗലോസ് ശ്ലീഹാ, “ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്ന് ജനിച്ചവനായി നിയോഗിച്ചയച്ചു” (ഗലാ. 4:4) എന്നു പറയുന്നത് കർത്താവിന്റെ മനുഷ്യത്വം യഥാർത്ഥവും പൂർണ്ണവുമായിരുന്നു എന്നു കാണിക്കാനാണ്.

(2) “പരിശുദ്ധാത്മാവിൽ നിന്നും കന്യകമറിയാമിൽ നിന്നും ജനിച്ച ക്രിസ്തു” എന്നു രണ്ടാം നൂറ്റാണ്ടു മുതൽ സഭയുടെ വിശ്വാസപ്രമാണങ്ങളിൽ കർത്താവിനെക്കുറിച്ച് പറയുന്നു. ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും ഒരുപോലെ ചൂണ്ടിക്കാണിക്കുന്നതിനു വേണ്ടിയായിരുന്നു ഈ പ്രയോഗം.

(3) 5-ാം നൂറ്റാണ്ടിൽ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസായിരുന്ന നെസ്തോറിയോസ് ക്രിസ്തുവിലുള്ള ദൈവസ്വഭാവത്തെയും

മനുഷ്യസ്വഭാവത്തെയും രണ്ടായിട്ട് വേർതിരിച്ച് ചിന്തിച്ചു. അതിന്റെ ഫലമായി, മറിയാമിൽ നിന്ന് ജനിച്ചത് മനുഷ്യസ്വഭാവവും അഥവാ മനുഷ്യൻ മാത്രമായിരുന്നെന്നും, ദൈവത്വം ഒരു സ്ത്രീയുടെ ഉദരത്തിൽ ഒൻപതു മാസം കിടന്നു ജനിക്കുകയും കഷ്ടപ്പെടുകയും ചെയ്തു എന്നു പറയുന്നത് ശരിയല്ലെന്നും അദ്ദേഹം വാദിച്ചു. ചുരുക്കത്തിൽ മറിയാമിനെ 'ദൈവമാതാവ്' അഥവാ 'ദൈവപ്രസവിത്രി' എന്നു വിളിക്കുക സാദ്ധ്യമല്ലെന്നും, മനുഷ്യനായ ക്രിസ്തുവിന്റെ മാതാവ് എന്നു മാത്രം വിളിച്ചാൽ മതിയെന്നും നെസ്തോറിയോസ് പ്രഖ്യാപിച്ചു.

അലക്സാന്ത്രിയയിലെ പാത്രിയർക്കീസായിരുന്ന കൂറിലോസിന്റെ നേതൃത്വത്തിൽ സഭ ഈ ഉപദേശത്തോട് പ്രതിഷേധിച്ചു. 431-ലെ എഫേസൂസ് സുന്നഹദോസിൽ വച്ച് കന്യകമറിയാമിനെ, ദൈവത്തെ വഹിച്ചവൾ എന്ന അർത്ഥത്തിൽ ദൈവമാതാവ് (Theotokos) എന്നു വിളിക്കണമെന്ന് തീരുമാനിക്കുകയും നെസ്തോറിയ വിശ്വാസത്തെ വേദവിപരീതമായി പ്രഖ്യാപിക്കുകയും ചെയ്തു. ഈ ബഹുമതി മറിയാമിന് നൽകിയതിന്റെ പുറകിലുള്ള ഉദ്ദേശ്യം വ്യക്തമാണ്. അതായത്, യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും അഭേദ്യമായി യോജിച്ചിരിക്കുന്നു എന്നും, മറിയാമിൽ നിന്ന് ജനിച്ച വ്യക്തി ഒരേ സമയം പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായിരുന്നു എന്നും വ്യക്തമാക്കുന്നതിനു വേണ്ടിയാണ് മറിയാമിനെ 'ദൈവമാതാവ്' എന്നു വിളിക്കണമെന്ന് സുന്നഹദോസ് അനുശാസിച്ചത്.

മുകളിൽപ്പറഞ്ഞ മൂന്ന് ഉദാഹരണങ്ങളിലും മറിയാമിന് സഭ നൽകിയ സ്ഥാനം യഥാർത്ഥത്തിൽ യേശുക്രിസ്തുവിന്റെ സ്ഥാനത്തെ അരക്കിട്ടുറപ്പിക്കുന്നതിനു വേണ്ടിയായിരുന്നു. ഓർത്തഡോക്സ് സഭകൾ ഈ തത്വം ഒരിക്കലും വിസ്മരിച്ചിട്ടില്ല.

ഇനിയും സഭയുമായി വി. മറിയാമിനെ എങ്ങനെ ബന്ധപ്പെടുത്തിയിരിക്കുന്നു എന്നു ചിന്തിക്കാം. ഒരു സാധാരണ മനുഷ്യ സ്ത്രീയായിരുന്ന മറിയാമിനെയാണ് ദൈവം തന്റെ ഏകപുത്രന്റെ മാതാവായി തിരഞ്ഞെടുത്തത് എന്നു വേദപുസ്തകം വ്യക്തമാക്കുന്നു. ക്രിസ്തു ഒഴികെ പാപമില്ലാത്തവരായി ആരുമില്ല എന്ന് സഭ പഠിപ്പിക്കുമ്പോൾ, വി. കന്യകമറിയാം മനുഷ്യവർഗ്ഗത്തിലെ മറ്റംഗങ്ങളെപ്പോലെ തന്നെയായിരുന്നു എന്നു വ്യക്തമാണ്. 'അവളെ വിശുദ്ധീകരിച്ച് ദൈവം അവളിൽ ഇറങ്ങി വസിച്ചു' എന്ന് സഭ പഠിപ്പിക്കുന്നു. കന്യകമറിയാമിന്റെ അമലോൽഭവ സിദ്ധാന്തവും, അവൾക്ക് ജന്മപാപമുണ്ടായിരുന്നോ, കർമ്മപാപമുണ്ടായിരുന്നോ എന്നു തുടങ്ങിയ ചോദ്യങ്ങളും റോമൻ കത്തോലിക്കാ സഭയിൽ മാത്രമുള്ള പ്രശ്നങ്ങളാണ്. പൗരസ്ത്യസഭ ആ വിധത്തിലൊന്നുമല്ല കന്യകമറിയാമിനെ

ക്കുറിച്ച് ചിന്തിച്ചത്.

കന്യകമറിയാമിനെ സഭയുടെ പ്രതീകവും പ്രതിനിധിയുമായിട്ടാണ് പൗരസ്ത്യ പാരമ്പര്യം എന്നും വീക്ഷിച്ചത്. "ഇതാ, ഞാൻ കർത്താവിന്റെ ദാസി, അവിടുത്തെ ഇഷ്ടം പോലെ എനിക്കു ഭവിക്കട്ടെ" എന്നു പറഞ്ഞ് ദൈവവചനം സ്വീകരിക്കുകയും ദൈവേഷ്ടത്തിന് സ്വയം സമർപ്പിക്കുകയും ചെയ്ത മറിയാം സഭയുടെ മാതൃകയും പൂർവ്വരൂപവുമാണ്. കന്യക മറിയാം ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ ഒരംഗവും മറ്റുള്ള അംഗങ്ങളെപ്പോലെ ക്രിസ്തുവിലൂടെ മാത്രം രക്ഷിക്കപ്പെട്ട വ്യക്തിയുമാണ്. അതുകൊണ്ട് കത്തോലിക്കാസഭ പഠിപ്പിക്കുന്നതുപോലെ മറിയാമിനു ക്രിസ്തുവിനോടൊപ്പം "സഹരക്ഷകത്വം" ഉണ്ടെന്ന് പൗരസ്ത്യ സഭകൾ പഠിപ്പിക്കുന്നില്ല. മറിയാമിനെ രണ്ടാമത്തെ ഹവ്വാ എന്നു വിളിച്ചതായി സൂചിപ്പിച്ചല്ലോ. ആദ്യത്തെ ഹവ്വാ അനുസരണക്കേടു കാണിക്കുകയും ദൈവവചനത്തെ നിഷേധിക്കുകയും ചെയ്തതുമൂലം മനുഷ്യവർഗ്ഗത്തെ പാപത്തിനും മരണത്തിനും അടിമയാക്കിയെങ്കിൽ, രണ്ടാമത്തെ ഹവ്വാ (മറിയം) ദൈവവചനത്തോടുള്ള അനുസരണം മൂലം മനുഷ്യവർഗത്തെ രക്ഷയ്ക്കും ജീവനും ക്രിസ്തുവിലൂടെ അവകാശിയാക്കി എന്നാണതിന്റെ അർത്ഥം.

സുവിശേഷങ്ങളിൽ കന്യകമറിയാമിനെ പരാമർശിക്കുന്ന നാല് വേദഭാഗങ്ങളാണ് വി. മറിയാമിനെക്കുറിച്ചുള്ള സഭയുടെ വിശ്വാസത്തിനാധാരം. ഒന്നാമതായി, കന്യകയോടുള്ള വചനിപ്പ് (ലൂക്കോ. 1:28–38). എളിയ ഒരു പെൺകുട്ടി ദൈവവചനം സ്വീകരിച്ച് അത്യുന്നതമായ ഒരു സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നു. രണ്ടാമതായി കാനാവിലെ കല്യാണവിരുന്നിൽ, മറിയാമിന്റെ അപേക്ഷയനുസരിച്ച് പുത്രനായ യേശു പ്രവർത്തിക്കുന്നു (യോഹ. 2:3–5). മൂന്നാമതായി, ഏതോ ഒരു സ്ത്രീ ആൾക്കൂട്ടത്തിൽ വച്ച് യേശുവിനോട് പറയുന്നു: "നിന്നെ വഹിച്ച ഉദരവും നീ കുടിച്ച മുലകളും ഭാഗ്യമുള്ളവ" (ലൂക്കോ. 11:27–28). ഇത് മറിയാമിനെ പുകഴ്ത്തുകയാണ്. "ദൈവവചനം കേട്ട് അനുസരിക്കുന്നവരാണ് ഭാഗ്യമുള്ളവർ" എന്ന് കർത്താവ് മറുപടി പറയുന്നു. പക്ഷേ, പരോക്ഷമായി അതും മറിയാമിനെ പുകഴ്ത്തുകയാണ്. കാരണം പൂർണ്ണമായ അർത്ഥത്തിൽ ദൈവവചനം കേട്ട് അതനുസരിച്ചവരിൽ ഏറ്റവും മുമ്പിലാണ് വി. മറിയാം എന്നാണ് സഭ എന്നും പഠിപ്പിച്ചിരുന്നത്. നാലാമതായി, ക്രൂശിൽ വച്ച്, തന്റെ മാതാവിനെ തന്റെ പ്രിയ ശിഷ്യനായ യോഹന്നാന്റെ സംരക്ഷണയിൽ ഏല്പിക്കുന്ന ഹൃദയസ്പർശിയായ ഭാഗം (യോഹ. 19:26, 27). ഈ വേദഭാഗങ്ങളിൽ വിളങ്ങുന്ന വി. കന്യകയുടെ സ്ഥാനം സഭ ഒരിക്കലും അവഗണിച്ചില്ല. 16–ാം നൂറ്റാണ്ടിൽ പാശ്ചാത്യ രാജ്യങ്ങളിലുണ്ടായ നവീകരണം സഭയുടെ പുരാതനമായ ഈ മനോഭാവത്തെ ചോദ്യം ചെയ്തു. അതിനുള്ള പ്രധാന കാരണം

റോമൻ കത്തോലിക്കാ സഭ യഥാർത്ഥ പാരമ്പര്യത്തിൽ നിന്ന് വിട്ട് കന്യക മറിയാമിനെ യേശുക്രിസ്തുവിനോട് ഏതാണ്ട് തുല്യമാക്കുകയും, മറിയാമിനെ കേന്ദ്രമാക്കി ഒരുതരം "വിഗ്രഹാരാധനയെ" പ്രോത്സാഹിപ്പിക്കയും ചെയ്തതാണ്.

രണ്ടു പ്രധാന പെരുന്നാളുകളിൽ കന്യകമറിയാമിനെ പ്രത്യേകമായി നാം അനുസ്മരിക്കുന്നു; വചനിപ്പ് പെരുന്നാളിലും വാങ്ങിപ്പ് (ശൂനോയോ) പെരുന്നാളിലും. ഒന്നാമത്തെ പെരുന്നാൾ യഥാർത്ഥത്തിൽ സുവിശേഷത്തിന്റെ ആദ്യത്തെ പ്രഖ്യാപനത്തെ അനുസ്മരിക്കുന്ന കർത്താവിന്റെ (മാറാനായ) പെരുന്നാളാണ്. രക്ഷകന്റെ ജനനത്തെക്കുറിച്ചുള്ള ആദ്യ പ്രഖ്യാപനം കേട്ട വി. മറിയാമിന്റെ ഓർമ്മയും പ്രത്യേകമായി ആഘോഷിക്കപ്പെടുന്നു. രണ്ടാമത്തെ പെരുന്നാൾ (ഓഗസ്റ്റ് 15), കന്യകമറിയാമിന്റെ മരണത്തിന്റെ ഓർമ്മയാണ്. സുറിയാനിയിൽ "ശൂനോയോ" എന്ന പദം വിശ്വാസികളുടെ മരണത്തെ കുറിക്കുന്നതിനാണ് ഉപയോഗിക്കുന്നത്. സെപ്റ്റംബർ 8-ാം തീയതി വി. മറിയാമിന്റെ ജനനപ്പെരുന്നാളായി ചില സ്ഥലങ്ങളിൽ ആഘോഷിക്കുന്നു. കന്യകമറിയാമിന്റെ ജനനത്തിന് മറ്റുള്ള മനുഷ്യരുടെ ജനനത്തിൽ നിന്ന് യാതൊരു വ്യത്യാസവുമില്ല എന്ന കാരണത്താൽ പൗരസ്ത്യ പാരമ്പര്യത്തിൽ, ഈ പെരുന്നാളിന് വലിയ സ്ഥാനമില്ല. അതോടുകൂടിയുള്ള എട്ടുനോമ്പ് പാശ്ചാത്യസഭയിൽ നിന്ന് നമ്മുടെ നാട്ടിൽ ഇറക്കുമതി ചെയ്തതാണ്. സഭയുടെ പുരാതനമായ അഞ്ചു കാനോനിക നോമ്പുകളിൽ എട്ടുനോമ്പ് ഉൾപ്പെടുന്നില്ല. കന്യകയുടെ "അമലോൽഭവം", "സ്വർഗ്ഗാരോഹണം" എന്നിവ രക്ഷയ്ക്ക് ആധാരമായ വിശ്വാസപ്രമാണമായി റോമൻ കത്തോലിക്കാസഭ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും, പൗരസ്ത്യ സഭകൾ അവ വിശ്വാസപ്രമാണമായി അംഗീകരിക്കുകയോ, പ്രഖ്യാപനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല.

അപ്പോസ്തോലന്മാരേക്കാളും മറ്റ് പരിശുദ്ധന്മാരേക്കാളും ഉന്നതമായ സ്ഥാനമാണ് വി. മറിയാമിന് സഭയുടെ ആരാധനയിൽ നൽകുന്നത്. കാരണം മനുഷ്യനായിത്തീർന്ന ദൈവത്തെ വഹിക്കാനുള്ള അസുലഭ പദവി അവൾക്കാണ് ലഭിച്ചത്. ഇതുമൂലം മറിയാമിന്റെ മദ്ധ്യസ്ഥതയ്ക്ക് പ്രത്യേകമായ പ്രാധാന്യം സഭ നൽകുന്നു. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ ഒരംഗം എന്ന നിലയിൽ മറിയാമിനുവേണ്ടിയും മറ്റ് പരിശുദ്ധന്മാർക്കുവേണ്ടിയും നാം വി. കുർബ്ബാനയിൽ പ്രാർത്ഥിക്കുന്നുണ്ട് എന്ന് ഓർക്കേണ്ടതാണ്. ഇവിടെ പരസ്പരമുള്ള മദ്ധ്യസ്ഥതയും പ്രാർത്ഥനയുമെല്ലാം ഏകശരീരത്തിലെ അവയവങ്ങൾ എന്ന നിലയിലാണ്. പരസ്പരമുള്ള പ്രാർത്ഥന ഈ ശരീരത്തിന്റെ നിരന്തരമുള്ള ശ്വാസോച്ഛ്വാസമാണ്. വിശ്വാസികളായ വാങ്ങിപ്പോയവരും ലോകത്തിൽ ജീവിക്കുന്നവരും എല്ലാം സഭയാകുന്ന ശരീരത്തിലൂടെ ക്രിസ്തുവിന്റെ ജീവനിൽ പങ്കാളിക

ളാകുന്നു. ക്രിസ്തുവിന്റെ മഹത്വം മറ്റുള്ളവരേക്കാൾ കൂടുതൽ അനുഭവിച്ചറിഞ്ഞ് ദൈവാനുരൂപികളായവർ എന്ന നിലയിൽ മറിയാമിനും മറ്റ് വിശുദ്ധന്മാർക്കും നാം പ്രത്യേകമായ ബഹുമതി നൽകുന്നു. കർത്താവിനെ വഹിച്ചതുമൂലം ഒരു സാധാരണ സ്ത്രീയായിരുന്ന വി. മറിയം അനുഭവിച്ച അത്യുന്നതമായ സ്വർഗീയ മഹത്വത്തിൽ സഭയും മനുഷ്യവർഗം മുഴുവനും പങ്കുചേരാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നു ക്രിസ്തീയ വിശ്വാസം പഠിപ്പിക്കുന്നു. വി. മറിയാം സഭയുടെ പ്രതീകവും മനുഷ്യവർഗത്തിന്റെ പ്രതിനിധിയുമാകുന്നു.

# ഭൂമിയുടെ വേദന: മനുഷ്യന്റെയും

പരിസ്ഥിതിയെക്കുറിച്ച് നമുക്കുണ്ടായിരിക്കുന്ന നവബോധം ദൈവത്തിന്റെ സൃഷ്ടിയെക്കുറിച്ചുള്ള അവബോധമാണ്. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ആരംഭിച്ച ഈ ബോധോദയം ഇനി മായ്ച്ചു കളയാനാവാത്തവിധം മനുഷ്യരാശിയുടെ ചിന്തയിലും ലോകവീക്ഷണത്തിലും വേരൂന്നിക്കഴിഞ്ഞു. ക്രിസ്തീയ സഭകളുടെ ഔദ്യോഗിക വൃത്തങ്ങൾക്കു പുറത്താണ് പരിസ്ഥിതി ചിന്തയും പാരിസ്ഥിതിക നയങ്ങളും ആദ്യം രൂപപ്പെട്ടത്. പക്ഷേ, ഇപ്പോൾ ക്രിസ്തീയ സഭകളും ലോക കൗൺസിൽ (WCC) പോലെയുള്ള ആഗോള എക്യുമെനിക്കൽ സംഘടനകളും ഈ വീക്ഷണത്തിൽ ഗൗരവമായ ശ്രദ്ധ പതിപ്പിച്ചു തുടങ്ങിയിട്ടുണ്ട്.

മനുഷ്യവർഗ്ഗത്തിന്റെ തുടക്കം മുതൽ പ്രകൃതിയുമായുള്ള ജീവജാലങ്ങളുടെ ആഴമായ ബന്ധത്തെക്കുറിച്ച് വിവേകമുള്ള മനുഷ്യർക്ക് ഉൾബോധമുണ്ടായിരുന്നു. എന്നാൽ ശാസ്ത്ര – സാങ്കേതിക സംസ്ക്കാരത്തിന്റെ ഉജ്ജ്വല നേട്ടങ്ങളുടെ നിറുകയിലാണ് പരിസ്ഥിതി ഒരു പ്രശ്നമായും പ്രതിസന്ധിയായും നമുക്ക് മുമ്പിൽ അവതരിച്ചത്. അപ്പോൾ മുതൽ നമ്മുടെ ചിന്തകൾ സ്വാവബോധം പ്രാപിക്കുകയും മനുഷ്യനും പ്രകൃതിയും മറ്റു ജീവജാലങ്ങളും തമ്മിലുള്ള സങ്കീർണ്ണമായ ബന്ധങ്ങളെക്കുറിച്ച് വിശകലനങ്ങളും പഠനങ്ങളും മനനങ്ങളും അതിസമൃദ്ധമായി ഉരുത്തിരിയുകയും ചെയ്തു.

അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധത്തോട് ഇതിനെ ഉപമിക്കാമെന്നു തോന്നുന്നു. അമ്മയുടെ ശരീരത്തിന്റെ ഭാഗമായി, അമ്മയുടെ രക്തവും പ്രാണനും ജീവനും ഉൾക്കൊണ്ടാണ് ശിശു വളർന്നു തുടങ്ങുന്നത്. ജനനത്തിനു ശേഷവും വളരെ വർഷങ്ങളോളം അമ്മയും താനും തമ്മിലുള്ള ബന്ധത്തെ ബോധപൂർവ്വം തിരിച്ചറിയാനോ വിശദീകരിക്കാനോ കുട്ടിക്ക് സാദ്ധ്യമല്ല. അമ്മയുടെ സ്നേഹവും സംരക്ഷണവും കരുതലും ആവോളം അനുഭവിക്കുന്ന കുട്ടി ഒരിക്കലും അവയ്ക്കപ്പുറത്തേക്ക് ചിന്തിക്കുന്നേയില്ല. പ്രായപൂർത്തിയായിക്കഴിഞ്ഞാലും മിക്ക മനുഷ്യരും തങ്ങളുടെ അമ്മമാരോടുള്ള ബന്ധത്തെ 'ശാസ്ത്രീയമായി' വിശകലനം ചെയ്ത് 'വസ്തുനിഷ്ഠമായ' ഒരു നിർവചനം തേടാൻ ശ്രമിക്കുന്നില്ല. അമ്മയുടെ മുലപ്പാൽ വറ്റിയാലും മാതൃവാത്സല്യത്തിന്റെ അമൃതധാരയിൽ നിരന്തരം മുങ്ങിക്കുളിച്ചാണ് കുട്ടിയുടെ വ്യക്തിത്വം വികാസം പ്രാപിക്കുന്നത്.

എന്നാൽ അമ്മയ്ക്കു സംഭവിക്കുന്ന ഏതെങ്കിലും കഠിനമായ രോഗംകൊണ്ടോ, മരണംകൊണ്ടോ, അമ്മയുടെ സ്നേഹവും സാമീപ്യവും കുട്ടിയിൽ നിന്ന് പിൻവലിക്കപ്പെടുന്നു എന്ന് ചിന്തിക്കുക. അതിശക്തമായ

മാനസികാഘാതം അത് കുട്ടിയിൽ സൃഷ്ടിക്കുന്നു. ആ നിമിഷം മുതൽ കുട്ടിയുടെ ചിന്തകളും സങ്കീർണ്ണമായ ബൗദ്ധിക – വൈകാരിക വ്യാപാരങ്ങളും അമ്മയെന്ന അദ്ഭുത പ്രതിഭാസത്തെക്കുറിച്ച് ബോധപൂർവ്വമായ അന്വേഷണങ്ങൾ തുടങ്ങുന്നു (പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ജീവിതത്തിൽ ഇങ്ങനെ ഒരനുഭവമുണ്ട്. പതിമൂന്ന് വയസ്സായ ബാലന് താൻ ഏറ്റവും സ്നേഹിക്കുന്ന തന്റെ അമ്മയുടെ വാത്സല്യവും സാമീപ്യവും പൊടുന്നനെ പിൻവലിക്കപ്പെട്ടപ്പോൾ ഉണ്ടായ മാനസിക സംഘർഷവും സംഭ്രമവും തന്റെ ആത്മകഥയിൽ അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്).

ഭൂമി അഥവാ സൃഷ്ടി, മുഴുവൻ മനുഷ്യന്റെ അമ്മയാണ്. ഈ അമ്മയുടെ ഉദരത്തിൽ നിന്നാണ് നാമും സകല ജീവജാലങ്ങളും ഉരുത്തിരിയുന്നത്. ഈ പ്രകൃതിയാകുന്ന അമ്മയുടെ മടിത്തട്ടിലാണ് നാം കളിച്ചുല്ലസിച്ച് ജീവിക്കുന്നത്. പക്ഷേ, നാം ഇത് ബോധപൂർവ്വം തിരിച്ചറിയുന്നില്ല. സാധാരണഗതിയിൽ ഇതറിയേണ്ട ആവശ്യമില്ല.

എന്നാൽ ഭൂമാതാവ് പെട്ടെന്ന് കഠിനമായ രോഗത്തിന് അടിപ്പെടുകയോ ഭ്രാന്തമായ അവസ്ഥയിലെത്തുകയോ ചെയ്താൽ, മനുഷ്യരും എല്ലാ ജീവജാലങ്ങളും സംഭ്രാന്തരാകുന്നു. നമ്മുടെ വേരുകൾക്ക് ഓടാൻ മണ്ണില്ലെന്നും നമുക്ക് സ്വസ്ഥമായി ഇരിക്കാൻ മടിത്തട്ടില്ലെന്നുമുള്ള അറിവ് നമ്മെ പെട്ടെന്ന് ബോധവാന്മാരാക്കുന്നു. പുതിയ അന്വേഷണങ്ങളും പഠനങ്ങളും പ്രവർത്തനശൈലികളും ഉരുത്തിരിയുന്നു.

ഇങ്ങനെ ഒരു പ്രതിസന്ധിയിലാണ് ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയിൽ മനുഷ്യൻ പാരിസ്ഥിതികബോധം പ്രാപിച്ചത്. നമ്മുടെ അമ്മയായ ഭൂമി രോഗഗ്രസ്തയായിരിക്കുന്നു. ഇനി നമുക്ക് വാത്സല്യം ചുരത്താനും നമ്മെ കരുതാനും അമ്മയ്ക്ക് കഴിവില്ല. അമ്മ മരിച്ചുവെന്നു തന്നെ കരുതി 'ഭൂമിയ്ക്കൊരു ചരമഗീതം' പാടുന്ന ക്രാന്തദർശികളായ കവികളും നമുക്കുണ്ട്.

അപ്പോൾ പാരിസ്ഥിതിക പ്രതിസന്ധി ഒരു അക്കാദമിക് വിഷയം മാത്രമല്ല. നമ്മുടെ ജീവന്റെ നിലനിൽപിന്റെയും ആരോഗ്യകരമായ വളർച്ചയുടെയും പ്രശ്നമാണ്. ദൈവത്തിന്റെ മഹനീയമായ ആദ്യ സൃഷ്ടി, പാപം മൂലം ജീർണ്ണിച്ചു തുടങ്ങിയ സൃഷ്ടിയെ ദൈവം തന്റെ ഏകജാതനായ പുത്രൻ മൂലം വീണ്ടെടുക്കുന്നത്, സർവ്വാഭരണവിഭൂഷിതയായ മണവാട്ടിയെപ്പോലെ തന്റെ സൃഷ്ടിയെ ദൈവം വീണ്ടും തേജസ്വിനിയാക്കുന്നത് തുടങ്ങിയ കാര്യങ്ങളെല്ലാം ക്രിസ്തീയ പാരമ്പര്യത്തിൽ വിവിധ രൂപങ്ങളിൽ ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. ദൈവസൃഷ്ടിയെ അതിന്റെ പൂർവ്വിക സൗന്ദര്യത്തിലേക്ക് ആനയിക്കുകയെന്ന ധർമ്മമാണ് പാരിസ്ഥിതിക പ്രവർ

ത്തനങ്ങളിലൂടെ നാം ഏറ്റെടുക്കുന്നത്. ചുരുക്കത്തിൽ സൃഷ്ടിയുടെ രക്ഷ യ്ക്കുവേണ്ടി, സ്രഷ്ടാവിനോടു നാം സഹകരിക്കുകയാണ്.

ആധുനിക ലോകത്തിന്റെ വികസനത്വരയും നമ്മുടെ പാരിസ്ഥിതിക താല്പര്യങ്ങളും തമ്മിൽ ചേരുക പ്രയാസമാണ്. കാരണം നമ്മുടെ ഇപ്പോഴത്തെ മിക്ക വികസനമാതൃകകളിലും ജനക്ഷേമത്തേക്കാൾ ഉപരിയായി വമ്പൻ ശക്തികളുടെ സ്വാർത്ഥതാല്പര്യങ്ങൾ, മനുഷ്യരുടെ സുഖഭോഗാന്വേഷണം, ലാഭക്കൊതി, അധികാരമോഹം എന്നിവയാണ് നിർണ്ണായക ഘടകങ്ങൾ. മാധ്യമങ്ങളെ വിശ്വസിക്കാമെങ്കിൽ കൊക്ക കോള കമ്പനിയും പ്ലാച്ചിമടയിലെ പാവപ്പെട്ട ഗ്രാമീണരും തമ്മിൽ ഉണ്ടായി രിക്കുന്ന സംഘർഷം നല്ല ഉദാഹരണമാണ്. ഭൂമിക്കടിയിൽ ഊറിവരുന്ന കുടിവെള്ളം മനുഷ്യർക്കും മറ്റു ജീവജാലങ്ങൾക്കും ജീവൻ നിലനിർ ത്താൻ അത്യന്താപേക്ഷിതമാണ്. അത് ആഗോള ഭീമനായ ഒരു അമേരി ക്കൻ കമ്പനി ഊറ്റിയെടുത്ത് സുഖഭോഗപാനീയമാക്കി വൻ ലാഭമുണ്ടാ ക്കിയാൽ, നമുക്കും ഭൂമിക്കും എന്തു സംഭവിക്കുന്നു എന്നതാണ് ചോദ്യം.

വായു, വെള്ളം, വെളിച്ചം, മണ്ണ്, ആകാശം എന്നീ പഞ്ചഭൂതങ്ങൾ മനു ഷ്യരുടെയും സകല ജീവജാലങ്ങളുടെയും പൊതുസമ്പത്താണ്. ജീവനെ ഇവിടെ നിലനിർത്തുന്നത് ഇവയാണ്. ഈ പൊതുവകയെ സ്വകാര്യവൽ ക്കരിക്കാൻ ആർക്കും അവകാശമില്ല. നിർഭാഗ്യവശാൽ ഈ സ്വകാര്യവൽ ക്കരണം അതിവേഗം നടന്നുകൊണ്ടിരിക്കയാണ്. ജീവൻ നിലനിർത്താ നാവശ്യമായ വെള്ളവും വായുവും സ്വകാര്യ കമ്പനികളുടെ കുപ്പികളിലേ ഇനി ലഭിക്കുകയുള്ളൂ എന്നു വന്നാൽ നമ്മുടെ അമ്മയായ ഭൂമി അത്യാ സന്നനിലയിലാണ് എന്നർത്ഥം. നമ്മുടെ പാടങ്ങൾ നികത്തപ്പെടുന്നത് പാവപ്പെട്ടവന് ഒരു തുണ്ട് ഭൂമിയുണ്ടാക്കി കുടിൽ വയ്ക്കാനല്ല, വൻ പണ ക്കാർക്ക് കൂടുതൽ ലാഭമുണ്ടാക്കാനുള്ള 'കോംപ്ലക്സു'കൾ പണിയാ നാണ്. നമ്മുടെ നദികളിൽ മണലിനുവേണ്ടി കുഴി തോണ്ടുന്നത്, നമ്മുടെ അമ്മയുടെ കുഴിതോണ്ടലാണ്. വനങ്ങൾ നശിപ്പിക്കപ്പെടുന്നത് തീർത്ഥാ ടകർക്ക് സൗകര്യം ഒരുക്കുവാനല്ല, രാഷ്ട്രീയക്കാരുടെയും മതനേതാക്ക ളുടെയും വൻ മുതലാളിമാരുടെയും സ്വാർത്ഥതാല്പര്യങ്ങൾ സംരക്ഷിക്കാ നാണ്.

ഇപ്പോൾ നമ്മുടെ നഗരങ്ങളിലും നഗരപ്രാന്തങ്ങളിലും കാണുന്ന വിക സനം തെറ്റായ ഒരു മാതൃകയാണ് അവലംബിച്ചിരിക്കുന്നത്. നിലനിൽ ക്കുന്ന (Sustainable) മനുഷ്യക്ഷേമത്തെ സൃഷ്ടിക്കാൻ അതിനു കഴിവില്ല, എന്നു മാത്രമല്ല, ഇഞ്ചിഞ്ചായി പ്രകൃതിയെയും ജീവനെയും അത് നശിപ്പി ക്കുകയാണ്. മനുഷ്യന്റെ സ്വാഭാവികമായ ആഗ്രഹങ്ങളെ അത്യാഗ്രഹ മായും സകലത്തെയും വിഴുങ്ങുന്ന ബുഭുക്ഷയായും പരിവർത്തനം

ചെയ്യുന്ന ഒരു സംസ്കാരത്തെയാണ് അത് സൃഷ്ടിക്കുന്നത്.

ഇവിടെ ഒരു പുതിയ മാനവസംസ്കാരത്തിനു വേണ്ടിയുള്ള പണിപ്പുരയിലേക്ക് നാം പ്രവേശിക്കണം. 'പൊതുവകയെക്കുറിച്ചുള്ള പരിശുദ്ധമായ ഒരു സമീപനവും ഭൂമിയോടും പ്രകൃതിയോടുമുള്ള ആഴമായ ആദരവും മനുഷ്യർ തമ്മിൽ സ്നേഹബഹുമാനങ്ങളിലൂന്നിയ ബന്ധവും സൃഷ്ടിക്കുന്ന ഒരു സംസ്കാരത്തിൽ മാത്രമേ ജീവൻ നിലനിൽക്കുകയുള്ളൂ. നമ്മുടെ ആരാധനയും ദൈവശാസ്ത്രവും ആത്മീയതയും ഈ മഹൽ ലക്ഷ്യത്തിലേക്ക് നമ്മെ തിരിപ്പിക്കാനുള്ള ദിഗ്ബോധം പ്രകടിപ്പിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

# സ്ത്രൈണ ദൈവശാസ്ത്രവും ചില പുതിയ കാഴ്ചപ്പാടുകളും

സ്ത്രീകൾക്കു സഭാശുശ്രൂഷയിലുള്ള പങ്കിനെപ്പറ്റിയുള്ള വിചിന്തന ങ്ങൾ അടുത്ത കാലത്ത് തുടങ്ങിയതല്ല. ക്രിസ്തീയ സഭയുടെ ആരംഭം മുതൽ തന്നെ ഇതു സംബന്ധിച്ചുള്ള പരാമർശനങ്ങൾ കാണാം. സ്ത്രീയും പുരുഷനും ഒരുമിച്ച് ദൈവസാദൃശ്യം വഹിക്കുന്നു (ഉൽപ്പ. 1:27). സ്ത്രീകൾ പുരുഷന്മാരോടൊപ്പം യേശുക്രിസ്തുവിലുള്ള "ജീവന്റെ കൃപയ്ക്കു കൂട്ട വകാശികളാണ്" (1 പത്രോസ് 3:7) എന്നീ വേദപുസ്തക പ്രബോധനങ്ങൾ ഇക്കാര്യത്തിൽ ക്രിസ്തീയ ചിന്തയ്ക്കു വെളിച്ചം പകർന്നിട്ടുണ്ട്. ഈ വിഷ യത്തെപറ്റി സഭാചരിത്രത്തിലുണ്ടായ സംവാദങ്ങളിലേക്കു കടക്കുവാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല.

സ്ത്രീകളുടെ സഭാസേവന പങ്കാളിത്തത്തെക്കുറിച്ച് ഇന്നു എല്ലാ സഭ കളിലും നടക്കുന്ന ചർച്ചകളുടെ പ്രത്യക്ഷ പശ്ചാത്തലം സ്ത്രീകളുടെ വിമോചന പ്രസ്ഥാനമാണ്. ആയിരത്തിതൊള്ളായിരത്തി അറുപതുകളിൽ പാശ്ചാത്യരാജ്യങ്ങളിൽ ആരംഭിച്ച സ്ത്രീവിമോചന പ്രസ്ഥാനം പാശ്ചാ ത്യപ്രോട്ടസ്റ്റന്റ് സഭകളിലെ വനിതാനേതാക്കളെ സ്വാധീനിക്കയും അവിടെ നിന്നു മറ്റ് സഭകളിലേക്കു വ്യാപിക്കയും ചെയ്തു. അമേരിക്കയിലെ കറുത്ത വർഗ്ഗക്കാരുടെ വിമോചന സമരം, ലാറ്റിൻ അമേരിക്കയിലെ മർദ്ദിത ജനങ്ങളുടെ വിമോചന പ്രസ്ഥാനം, ലോകമാസകലമുണ്ടായ വിദ്യാർത്ഥിസമരങ്ങൾ, മനുഷ്യാവകാശങ്ങൾക്കു വേണ്ടിയുള്ള സമരങ്ങൾ എന്നിവയോടൊപ്പമാണ് സ്ത്രീകളുടെ വിമോചനപ്രസ്ഥാനവും ആരംഭി ച്ചത്. യൂറോപ്പിലും അമേരിക്കയിലും സമൂഹത്തിന്റെ മേലേക്കിടയിലുള്ള പല വനിതകളുമാണ് പ്രസ്ഥാനത്തിനു നേതൃത്വം കൊടുത്തത്.

വനിതാവിമോചനപ്രസ്ഥാനത്തിന്റെ മുഖ്യ ചിന്തയിതാണ്. മനുഷ്യച രിത്രത്തിന്റെ ആരംഭം മുതൽ സ്ത്രീകൾ പുരുഷവർഗത്തിന്റെ മർദ്ദനവും എല്ലാ ജീവിതമേഖലകളിലും പുരുഷ മേധാവിത്വത്തിന്റെ തിക്തഫലവും അനുഭവിക്കുന്നു. അതുകൊണ്ട് അവരുടെ വിമോചനം മനുഷ്യരാശിയുടെ ഏറ്റവും അടിയന്തിരമായ പ്രശ്നങ്ങളിലൊന്നാണ്.

ഇങ്ങനെ പറയുന്നത് ഒരുപക്ഷേ വളരെ ലളിതമായിപ്പോയേക്കാം. കാരണം വനിതാവിമോചന പ്രസ്ഥാനത്തിനു നിരവധി മുഖങ്ങളുണ്ട്. സ്ത്രീകളോടുള്ള അനീതി എല്ലാ സമൂഹങ്ങളുടെയും ഘടനയിൽത്തന്നെ ലയിച്ചുചേർന്നിരിക്കയാണെന്നും അതുകൊണ്ട് നമ്മുടെ ഭാഷ, വീക്ഷണം, ആചാരങ്ങൾ, നിയമങ്ങൾ, മതം, വേദഗ്രന്ഥങ്ങൾ, രാഷ്ട്രീയ ഘടനകൾ

എന്നിവയെല്ലാം സമ്പൂർണ്ണമായ പുനഃപരിശോധനയ്ക്കു വിധേയമാക്കിയാൽ മാത്രമേ സ്ത്രീകളുടെ വിമോചനം പൂർണ്ണമാവുകയുള്ളെന്നും വിമോചന നേതാക്കൾ പഠിപ്പിക്കുന്നു. ഒരു വശത്ത് പാശ്ചാത്യ സംസ്ക്കാരത്തിന്റെ പരിഹാസ്യമായ ചില പ്രകടനങ്ങളുമായി ഈ പ്രസ്ഥാനം താദാത്മ്യം പ്രാപിച്ചെങ്കിലും മറുവശത്ത് യഥാർത്ഥ നീതിയുടെയും സ്ത്രീകളുടെ ദൈവദത്തമായ അന്തസ്സിന്റെയും അവഗണിക്കപ്പെട്ടുപോയ മൂല്യങ്ങളെ അനാവരണം ചെയ്യാൻ ഈ പ്രസ്ഥാനം സഹായിച്ചു. അന്താരാഷ്ട്രതലത്തിൽ യഥാർത്ഥനീതിയുടെയും ന്യായത്തിന്റെയും പ്രശ്നങ്ങളിൽ നിന്നു പാവപ്പെട്ട രാജ്യങ്ങളിലെ പാവങ്ങളായ സ്ത്രീപുരുഷന്മാരുടെ ശ്രദ്ധയെ തെറ്റിച്ചുകളയുവാൻ ന്യായപൂർണ്ണമായ ഈ വിമോചനപ്രസ്ഥാനത്തെ പാശ്ചാത്യ സമ്പന്നരാഷ്ട്രങ്ങൾ ഉപയോഗിക്കുന്നു എന്ന് പല ചിന്തകന്മാരും വിമർശിക്കുന്നുമുണ്ട്.

ഈ വിമോചനപ്രസ്ഥാനത്തിന്റെ അനുരണനങ്ങൾ പടിഞ്ഞാറൻ നവീകരണ സഭകളിൽ ആദ്യമുണ്ടായി. അവിടെ നിന്ന് എക്യുമെനിക്കൽ പ്രസ്ഥാനത്തിലൂടെ റോമൻ കത്തോലിക്കാ - ഓർത്തഡോക്സ് സഭകളിലും അതിന്റെ പ്രതിധ്വനികളുണ്ടായിക്കൊണ്ടിരിക്കുന്നു. എല്ലാ ക്രിസ്തീയ വനിതാ നേതാക്കളും ഒരേ ഭാഷയിലല്ല വിമോചനത്തെക്കുറിച്ച് സംസാരിക്കുന്നത്. കത്തോലിക്കാ സഭയിലും ഓർത്തഡോക്സ് സഭകളിലും മിക്ക സ്ത്രീകളും ഇതേക്കുറിച്ചു വളരെ സൗമ്യമായും മിതമായും പറയുമ്പോൾ പാശ്ചാത്യ ക്രിസ്തീയ വനിതാ നേതാക്കളും അവരുടെ മാതൃക പിൻപറ്റി ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിലെ പ്രൊട്ടസ്റ്റന്റ് വനിതാനേതാക്കളും ശക്തമായ ഭാഷയിൽ പ്രതികരിക്കുന്നു. ഇവരുടെ വാദങ്ങളിൽ ചിലതു മാത്രം ഇവിടെ സൂചിപ്പിക്കുന്നു.

1 ക്രിസ്തീയസഭയുടെ ഭാഷ തന്നെ പുരുഷമേധാവിത്വത്തിന്റെ പ്രകടനമാണ്. ഉദാഹരണം ദൈവത്തെ 'പിതാവ്' എന്നു വിളിക്കുന്നു. എന്തുകൊണ്ട് 'മാതാവ്' എന്നു വിളിച്ചുകൂടാ? 'സ്വർഗ്ഗസ്ഥയായ മാതാവേ' എന്നു തിരുത്തി കർത്തൃപ്രാർത്ഥന ചൊല്ലാം. വേദപുസ്തകം എഴുതിയവർ എല്ലാവരും പുരുഷന്മാരായിരുന്നു. അതുകൊണ്ട് വേദപുസ്തകത്തിലെയും ആരാധനാക്രമങ്ങളിലേയും ഭാഷ സ്ത്രീകളെ അവഗണിക്കുന്ന ബഹിഷ്ക്കരണഭാഷ (exclusive language) യാണ്. രാജാവ്, കർത്താവ്, പ്രഭു, രക്ഷകൻ തുടങ്ങിയ പുരുഷപദങ്ങളാണ് ദൈവത്തെക്കുറിക്കാൻ വേദപുസ്തകം ഉപയോഗിക്കുന്നത്. ഇതെല്ലാം തിരുത്തണം. ഇംഗ്ലീഷ് ഭാഷയാണ് ഉപയോഗിക്കുന്നതെങ്കിൽ മനുഷ്യൻ എന്നർത്ഥമാക്കാൻ man എന്ന പദം ഉപയോഗിക്കരുത്. Man എന്നാൽ പുരുഷൻ എന്നാണർത്ഥം. ഇതുപോലെ മറ്റു പല ഭാഷകളിലും തിരുത്തൽ ആവശ്യമാണ്. സ്ത്രീകളെക്കൂടി ഉൾക്കൊള്ളുന്ന ഭാഷ (inclusive language) ആണ് ആരാധനയിലും പ്രസംഗ

ത്തിലും പുസ്തകങ്ങളിലും ഉപയോഗിക്കേണ്ടത്. ഉദാഹരണമായി 'മനുഷ്യൻ' എന്നർത്ഥമാക്കാൻ ഇംഗ്ലീഷിൽ human person എന്നോ human being എന്നോ ഉപയോഗിക്കണം.

2. സ്ത്രീകൾക്കുവേണ്ടി പുരുഷന്മാർ സംസാരിക്കേണ്ട ആവശ്യമില്ല. സ്ത്രീകളുടെ കാര്യം അവർ തന്നെ സഭയിൽ പറഞ്ഞുകൊള്ളും. കാരണം, പുരുഷന്മാർ എത്ര തന്നെ സ്ത്രീകൾക്കുവേണ്ടി പറഞ്ഞാലും അവരുടെ പുരുഷവർഗ്ഗ താൽപ്പര്യങ്ങൾ അവരുടെ വാക്കുകൾക്കു പുറകിൽ കാണും.

3. അബ്രഹാം, ഇസഹാക്ക്, യാക്കോബ് തുടങ്ങിയ "പിതാക്കന്മാരുടെ വിശ്വാസവും പിതാക്കന്മാ"രുടെ ദൈവത്തെയുമാണ് യഹൂദക്രൈസ്തവ പാരമ്പര്യം ഇതുവരെ പഠിപ്പിച്ചു പോന്നത്. പുരുഷമേധാവിത്വത്തിന്റെ ഏറ്റവും വലിയ അടയാളമാണ് പിതൃഭരണത്തിലും പൈതൃകത്തിലും ഊന്നിയ സഭാഘടന (patriarchy) പാത്രിയർക്കീസന്മാരും മെത്രാന്മാരും, വൈദികരുമെല്ലാം 'പിതാവ്' എന്നു സ്വയം വിശേഷിപ്പിക്കയും പുരുഷന്മാരെ മാത്രം ഈ സ്ഥാനങ്ങളിലേക്കു തെരഞ്ഞെടുക്കുകയും ചെയ്യുന്നത് സ്ത്രീകളുടെ സ്ഥാനത്തോടുള്ള അവഹേളനമാണ്. പിതാക്കളെപ്പോലെ തന്നെ മാതാക്കളും ക്രിസ്തീയ വിശ്വാസത്തിന്റെ നെടുംതൂണുകളായി വർത്തിച്ചിട്ടുണ്ട്. അതുകൊണ്ട് 'മാതൃവിശ്വാസ'വും മാതൃഭരണവും പ്രസക്തമാണ്. സഭയിലും സമൂഹത്തിലും കുടുംബത്തിലും പിതാവിൽ കേന്ദ്രീകരിച്ച വ്യവസ്ഥിതി മാറണം.

4. സ്ത്രീകളോടുള്ള അനീതി സഭയിൽ നിലനിൽക്കാനുള്ള പ്രധാന കാരണം പുരുഷമാത്ര പൗരോഹിത്യമാണ്. പുരുഷവൈദിക ശ്രേണി അധികാരം കൈയാളുകയും തീരുമാനങ്ങൾ എടുക്കുകയും സഭാനിയമങ്ങളെ തങ്ങളുടെ വർഗ്ഗതാൽപ്പര്യങ്ങൾക്കനുസൃതമായി വ്യാഖ്യാനിക്കുകയും ചെയ്തു. അതുകൊണ്ട് സ്ത്രീകളെകൂടി പൗരോഹിത്യസ്ഥാനങ്ങളിലേക്ക് പ്രവേശിപ്പിച്ചാൽ മാത്രമേ, നിർണ്ണായക തീരുമാനങ്ങളെടുക്കുന്നതിൽ പങ്കെടുത്തു തങ്ങൾ അനുഭവിക്കുന്ന അനീതി നീക്കം ചെയ്യാൻ അവർക്കു സാധ്യമാവൂ.

4. യേശുക്രിസ്തു ഒരു പുരുഷനായി ജനിച്ചു എന്നത് അപ്രധാനമായ യാദൃശ്ചിക സംഭവമാണ്. യേശുവിന്റെ പുരുഷഭാവത്തിന് ഊന്നൽ കൊടുക്കുന്ന വേദശാസ്ത്ര വ്യാഖ്യാനങ്ങളും പ്രബോധനങ്ങളും പൂർണ്ണമായും ഒഴിവാക്കണം. അതുകൊണ്ട് പുരുഷവൈദികൻ യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യമാണ് എന്നു പറയുന്നതിൽ പ്രത്യേകിച്ച് അർത്ഥമൊന്നുമില്ല. യേശുക്രിസ്തുവിൽ സ്ത്രീയെന്നും പുരുഷനെന്നും വ്യത്യാസമില്ലാത്തതിനാൽ, ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന സ്ത്രീയ്ക്കും വൈദിക എപ്പിസ്കോപ്പൽ സ്ഥാനങ്ങൾ പ്രാപിച്ച് യേശുക്രിസ്തുവിന്റെ

പ്രതിനിധിയായി നിലകൊള്ളാൻ അവകാശമുണ്ട്.

5. ത്യാഗപൂർണ്ണമായ ജീവിതം, സഹനം, ക്ഷമ, അനുസരണം, ആത്മ ത്യാഗം എന്നിവയെക്കുറിച്ച് സ്ത്രീകളോടു പ്രസംഗിക്കരുത്. കാരണം മനു ഷ്യചരിത്രത്തിന്റെ തുടക്കം മുതൽ സ്ത്രീകളെ ഈ മൂല്യങ്ങളുടെ പേരിൽ പുരുഷന്മാർ ചൂഷണം ചെയ്തു. സ്ത്രീകളെ സംബന്ധിച്ച് ഇവ ഇനി മൂല്യ ങ്ങളല്ല. കാരണം അവർക്ക് സഹിച്ചും, ക്ഷമിച്ചും, അനുസരിച്ചും ത്യാഗം ചെയ്തും മതിയായി. ഇനി അവർക്കു വേണ്ടതു തുല്യ അവകാശങ്ങളും തുല്യ സ്ഥാനങ്ങളുമാണ്.

പ്രോട്ടസ്റ്റന്റ് സഭകളിലെ വനിതാ പ്രസ്ഥാനക്കാർ ഉന്നയിക്കുന്ന ചില വാദമുഖങ്ങളാണ് മുകളിൽ കൊടുത്തത്. വളരെ വിപുലമായ ഈ പ്രസ്ഥാ നം സമ്പൂർണ്ണമായ ഒരു സ്ത്രൈണ ദൈവശാസ്ത്രം (Feminist theology) തന്നെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ലാറ്റിൻ അമേരിക്കയിലെ വിമോചന ദൈവശാസ്ത്രം (liberation theology) രാഷ്ട്രീയ - പ്രത്യയശാസ്ത്രപര മായ സ്വഭാവം കൈവരിച്ചതുപോലെ സ്ത്രൈണ ദൈവശാസ്ത്രവും സ്ത്രീകളുടെ അവസ്ഥയെ രാഷ്ട്രീയ വിശകലനത്തിനു വിധേയമാക്കു ന്നുണ്ട്. ഗബ്രിയേലാ ഡീറ്ററിക് എന്ന ദൈവശാസ്ത്രജ്ഞയുടെ അഭിപ്രാ യമനുസരിച്ച് ഈ ദൈവശാസ്ത്ര സമ്പ്രദായത്തിന്റെ ആദ്യപടി 'സംശയ' മാണ്. സ്ത്രീകളുടെ അനുദിന ജീവിതാനുഭവം അവരുടെ ചുറ്റുപാടുകളെ സംശയിക്കാൻ അവരെ പഠിപ്പിക്കുന്നു. സ്ത്രീകളായതുകൊണ്ട് തങ്ങളെ മർദ്ദിക്കുകയും പരിഹസിക്കുകയും ചൂഷണം ചെയ്യുകയും ചെയ്യുന്ന സങ്കീ ർണ്ണമായ സമൂഹഘടനയുടെ അസ്ഥിവാരത്തെയാണ് അവർ സംശയി ക്കുന്നത് (Ideological Suspicion). രണ്ടാമതായി, ഈ അനുഭവനിഷ്ടമായ സംശയത്തെ അസ്ഥിവാരത്തിൽ നിന്നു സമൂഹയാഥാർത്ഥ്യത്തിന്റെ ഉപ രിഘടനകളിലേക്കു സംക്രമിപ്പിക്കുന്നു. വില കുറഞ്ഞ ഒരു സ്ത്രീത്വ മാതൃ ക തങ്ങളുടെമേൽ അടിച്ചേൽപ്പിക്കുകയും ക്രിസ്തീയ മൂല്യങ്ങളായ ഭക്തി, അനുസരണം, ത്യാഗം എന്നിവയുടെ പേരിൽ തങ്ങളുടെ മനുഷ്യത്വത്തെ ബന്ധിക്കുകയും ചെയ്യുന്നു. വിശ്വാസം, ആചാരങ്ങൾ, അധികാരം തുട ങ്ങിയ ഉപരിഘടന (Ideological superstructure) യെ അങ്ങനെ സംശയി ക്കുകയും ചോദ്യം ചെയ്യുകയും ചെയ്യുന്നു. മൂന്നാമതായി, വേദപുസ്തക ത്തിന്റെയും വിശ്വാസത്തിന്റെയും പുരുഷ വ്യാഖ്യാനത്തെ സംശയിക്കുന്നു. സ്ത്രീകളെ ഒരു സുപ്രധാന ഘടകമായി കരുതാതെ, പിതൃമേധാവിത്വ ത്തിന്റെ കണ്ണാടിയിലൂടെ ചരിത്രത്തെ കണ്ട്, വേദപുസ്തകത്തെ വ്യാഖ്യാ നിക്കുകയാണ് ഇന്നത്തെ പണ്ഡിതന്മാർ ചെയ്യുന്നത്. ഈ വ്യാഖ്യാനത്തെ പരിപൂർണ്ണമായി സംശയിച്ച് (Exegetical Suspicion) പുതിയൊരു വ്യാഖ്യാന രീതി ആവിഷ്ക്കരിക്കുക സ്ത്രൈണ ദൈവശാസ്ത്ര സമ്പ്രദായത്തിന്റെ ഭാഗമാണ്. നാലാമതായി, പുതിയ 'വ്യാഖ്യാനം' തെളിയിച്ചെടുക്കുന്നു.

ക്രിസ്തീയ ചരിത്രത്തെ, അവശരും അവഹേളിതരുമായ സ്ത്രീകളുടെ കാഴ്ചപ്പാടിലൂടെ പുനഃസൃഷ്ടിക്കുക. ഇപ്പോൾ നാം വിലമതിക്കുന്ന പ്രമാണങ്ങളും മൂല്യങ്ങളുമൊന്നുമായിരിക്കില്ല പുതിയ ചരിത്രത്തിൽ സ്ത്രീകളുടെ അന്തസ്സും മൂല്യവും സുപ്രധാനമായി കരുതുന്ന ഒരു ഭാവിയിലേക്കുള്ള വാതിൽ തുറക്കാനാണ് ഈ പുതിയ വ്യാഖ്യാനം ശ്രമിക്കുന്നത്. ലാറ്റിൻ അമേരിക്കൻ വിമോചന ദൈവശാസ്ത്രജ്ഞനായ ഹുവാൻ ലൂയിസ് സൈഗുന്തേയുടെ വ്യാഖ്യാനവൃത്തം (Hermeneutical circle) എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ ദൈവശാസ്ത്രത്തെ രാഷ്ട്രീയ വിശകലനവുമായി കൂട്ടിച്ചേർത്ത് സ്ത്രൈണ ദൈവശാസ്ത്രം വികസിപ്പിക്കാനാണ് അതിന്റെ ചില പ്രണേതാക്കൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

വിമോചന ദൈവശാസ്ത്രങ്ങളുടെ പൊതുവായ പ്രസ്താവനയാണ് "ദൈവം പക്ഷം പിടിക്കുന്നു" എന്നത്. ദൈവം പാവങ്ങളുടെ പക്ഷം പിടിക്കുന്നു. സ്ത്രീകളുടെ പക്ഷം പിടിക്കുന്നു. മർദ്ദിതരുടെ പക്ഷം പിടിക്കുന്നു എന്നിങ്ങനെ സന്ദർഭാനുസരണം ഈ പ്രസ്താവനയെ വ്യാഖ്യാനിക്കാം. അതായത് നിഷ്പക്ഷത എന്നത് ദൈവനീതിയുടെ ഭാഗമല്ലെന്നു ചുരുക്കം. പരമ്പരാഗതമായി നീതിയുടെ ന്യായാധിപൻ നിഷ്പക്ഷമതിയാണെന്നാണല്ലോ സങ്കൽപ്പം. പുതിയ നീതി സങ്കൽപ്പത്തിൽ ദൈവം അവശരുടെയും മർദ്ദിതരുടെയും ഭാഗം ചേരുന്നു. ലോകനീതിയും സാധാരണ മാനുഷികന്യായവും ഇവിടെ പ്രസക്തമല്ല. നിഷ്പക്ഷത (neutrality) ഒരു ഗുണമല്ല. അതുകൊണ്ട് ശാസ്ത്രീയ നിഷ്പക്ഷതയ്ക്കു പ്രാധാന്യം കൊടുക്കുന്ന ശാസ്ത്ര സാങ്കേതിക വ്യവസ്ഥിതിയെ സ്ത്രൈണ ദൈവശാസ്ത്രം എതിർക്കുന്നു. നിഷ്പക്ഷതയുടെ പേരിൽ സ്ത്രീകളെ ചൂഷണം ചെയ്യുന്നതിനായി പുരുഷമേധാവിത്വം ശാസ്ത്ര – സാങ്കേതിക ജ്ഞാനത്തെ ഉപയോഗിക്കുന്നു എന്നാണിവിടുത്തെ വാദം.

പുതിയ സ്ത്രൈണ ദൈവശാസ്ത്രം സഭകൾക്കുള്ളിലും സഭകൾ തമ്മിലും ആഴമേറിയ ഭിന്നതകൾ സൃഷ്ടിക്കാനുള്ള സാദ്ധ്യതകളുണ്ട്. അതുകൊണ്ട് സ്ത്രീകളുടെ വിമോചനത്തെ, പുരുഷന്മാരും സ്ത്രീകളും അവിഭാജ്യമായി നിൽക്കുന്ന പുതിയൊരു സമൂഹത്തിന്റെ (community of men and women) സൃഷ്ടിക്ക് ഉതകുന്ന ശക്തിയാക്കണം എന്ന നിലപാടാണ് അഖിലലോക സഭാകൗൺസിലും മറ്റും എടുക്കുന്നത്.

ഫെമിനിസ്റ്റ് തിയോളജിയോടു പ്രതികരിക്കുക അത്ര എളുപ്പമുള്ള ഒരു സംഗതിയല്ല. കാരണം സഭയുടെ നിലവിലുള്ള പല വിശ്വാസപ്രമാണങ്ങളെയും വ്യാഖ്യാനരീതികളെയും അവർ നിരാകരിക്കുന്നു. അതുകൊണ്ട് പരമ്പരാഗതമായ നിലപാടുകളുടെ അടിസ്ഥാനത്തിൽ നടത്തുന്ന അഭിപ്രായപ്രകടനങ്ങളെയും നിരാകരിക്കപ്പെടാൻ ഇടയുണ്ട്. അതുപോലെ

തന്നെ വളരെ വികാരസമ്മിശ്രമായ രീതിയിലാണ് വനിതാനേതാക്കൾ അവരുടെ നിലപാട്  വിശദീകരിക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള വിമർശനത്തെ, അത് ഏറ്റവും നല്ല ഉദ്ദേശ്യത്തോടെയാണെങ്കിലും, സ്വീകരിക്കുവാൻ അവരിൽ പലരും മടി കാണിക്കുന്നു. മാത്രമല്ല, വിമർശനാത്മകമായി ഇക്കാര്യത്തെക്കുറിച്ച് അഭിപ്രായം പറയുന്ന പുരുഷന്മാരെ യാഥാസ്ഥിതികരും, സ്ത്രീവിദ്വേഷികളും പിന്തിരിപ്പന്മാരുമായി മുദ്ര കുത്തുവാനും അവർക്കു മടിയില്ല. എല്ലാ വിപ്ലവവിമോചന പ്രസ്ഥാനങ്ങളും തുടക്കത്തിൽ ഈ സ്വഭാവം പ്രകടിപ്പിക്കുന്നതുകൊണ്ട്, അതൊരു തടസ്സമായി കരുതാതെ സഭകളും നേതൃസ്ഥാനത്തുള്ള വ്യക്തികളും തങ്ങളുടെ നിലപാട് വിശദീകരിക്കുന്നത് നന്നായിരിക്കും.

പരമ്പരാഗതമായ ദൈവശാസ്ത്ര വ്യാഖ്യാനങ്ങളെയും ആചാരരീതികളെയും പുതിയൊരു കാഴ്ചപ്പാടിലൂടെ കാണുന്നതിനും നമ്മുടെ സഭാപാരമ്പര്യം വിസ്മരിച്ചതോ അവഗണിച്ചതോ ആയ നല്ല ക്രിസ്തീയ മൂല്യങ്ങളെ വീണ്ടെടുക്കുന്നതിനും സ്ത്രീവിമോചന ദൈവശാസ്ത്രം സഹായിക്കുന്നുണ്ട് എന്നുള്ളതിനു യാതൊരു സംശയവുമില്ല. ഉദാഹരണമായി ഓർത്തഡോക്സ് പാരമ്പര്യത്തിൽ മുമ്പുണ്ടായിരുന്ന ശെമ്മാശ്ശിനി (Deaconess) മാരുടെ ക്രമം പുനരുദ്ധരിക്കുന്നതിനെപ്പറ്റി പല പുരാതന പൗരസ്ത്യസഭകളും ചിന്തിച്ചു തുടങ്ങിയിട്ടുണ്ട്. അതുപോലെ പെൺകുട്ടികളുടെ മാമോദീസാ തുടങ്ങിയ കാര്യങ്ങളിൽ ലിംഗഭേദത്തിന്റെ അടിസ്ഥാനത്തിൽ പിൽക്കാലത്തുണ്ടായ വിവേചനത്തെ നീക്കം ചെയ്യുവാൻ നമ്മുടെ സഭ തീരുമാനിച്ചു. സഭയുടെ നയപരമായ നിർണ്ണായകതീരുമാനങ്ങളിൽ സ്ത്രീകൾക്കു സമർഹമായ സ്ഥാനം നൽകുന്നതിനെപ്പറ്റി പലരും ഗൗരവമായി ചിന്തിച്ചു തുടങ്ങിയിട്ടുണ്ട്. സ്ത്രീകൾ അനുഭവിക്കുന്ന സാമൂഹ്യാസമത്വങ്ങളും അവഹേളനങ്ങളും തുടച്ചുനീക്കാൻ സഭകൾ യത്നിക്കേണ്ടതാണ് എന്ന അവബോധം പൊതുവെ വളർന്നിട്ടുണ്ട്. ഇങ്ങനെ നിരവധി കാര്യങ്ങളിൽ പുതിയൊരു ക്രിസ്തീയാവബോധം സഭയിലും സമൂഹത്തിലും വളർത്തുവാൻ സ്ത്രീകളുടെ വിമോചനപ്രസ്ഥാനത്തിനു കഴിഞ്ഞിട്ടുണ്ട് എന്നുള്ളതിനു തർക്കമില്ല. ഇക്കാര്യങ്ങൾക്ക് അടിവരയിട്ടുകൊണ്ടു തന്നെ, ഇതിന്റെ മറുവശം കൂടി അൽപ്പം സൂചിപ്പിക്കട്ടെ.

1. ഭാഷാപ്രയോഗങ്ങളിൽ കടന്നുകൂടിയിരിക്കുന്ന ലിംഗവിവേചനത്തെക്കുറിച്ച് നാം ബോധവാന്മാരാകണമെന്നുള്ളത് സംശയമില്ലാത്ത കാര്യമാണ്. പത്രങ്ങളും പുസ്തകങ്ങളും പരിശോധിക്കുന്ന എഡിറ്റർമാർ പ്രത്യേകിച്ചും ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. പക്ഷേ, ഇംഗ്ലീഷിലും മറ്റു മിക്ക യൂറോപ്യൻ ഭാഷകളിലും കടന്നുകൂടിയിരിക്കുന്ന വിവേചനനയം ലോകത്തിലെ മറ്റു ചില ഭാഷകളിൽ സ്വാഭാവികമായിത്തന്നെ കണ്ടില്ലെന്നു വരാം. ഉദാഹരണമായി നിഖ്യാ വിശ്വാസപ്രമാണം ഇംഗ്ലീ

ഷിൽ തർജ്ജമ ചെയ്ത പാശ്ചാത്യർ He became man എന്നാണ് യേശുവിന്റെ മനുഷ്യാവതാരത്തെപ്പറ്റി പറയുന്ന ഭാഗം തർജ്ജമ ചെയ്തത്. ഇതിനെ സ്ത്രീവിമോചന പ്രസ്ഥാനം ശക്തിയായി എതിർക്കുന്നു. എന്നാൽ മലയാളത്തിൽ സ്വാഭാവികമായിത്തന്നെ, അവൻ പുരുഷനായി എന്നല്ല മനുഷ്യനായി എന്നാണല്ലോ നാം തർജ്ജമ ചെയ്തിരിക്കുന്നത്. സ്ത്രീയെയും പുരുഷനെയും ഉൾക്കൊള്ളുന്ന 'മനുഷ്യൻ' എന്ന പദം ഉപയോഗിക്കുക നമുക്ക് സുഗമമാണ്. 'പിതാക്കന്മാരുടെ മാതൃക പിൻപറ്റണം' എന്നു നാം സാധാരണ പറയാറുണ്ടല്ലോ. 'മാതൃക' എന്നാൽ മാതാവിനെ സംബന്ധിച്ചത്, മാതാവിന്റെ രീതിയനുസരിച്ചത് എന്നാണർത്ഥം. അപ്പോൾ പിതാവിൽ മാതൃത്വം ആരോപിച്ചാണ് നാം സംസാരിക്കുന്നത്. ശരിയായ ഫെമിനിസ്റ്റ് പ്രയോഗം തന്നെയാണ് പിതാവിന്റെ 'മാതൃക.' നാമറിയാതെ തന്നെ മാതൃസങ്കൽപ്പവും അതിലധിഷ്ഠിതമായ ഭാഷാപ്രയോഗങ്ങളുമാണ് പിതൃസങ്കൽപ്പത്തേക്കാൾ നമ്മുടെ സംസ്ക്കാരത്തിൽ മുന്തിനിൽക്കുന്നത്. ഭാഷയിൽ കടന്നുകൂടുന്ന പുരുഷമേധാവിത്വ ചിഹ്നങ്ങളെ നീക്കം ചെയ്യുന്നതു സ്വീകാര്യമാണെങ്കിലും ആ വാദമുപയോഗിച്ചു വേദപുസ്തകമെല്ലാം തിരുത്തിയെഴുതണമെന്ന ചിന്ത ക്രിസ്തീയസഭയ്ക്കു സ്വീകാര്യമാവുകയില്ല. ദൈവത്തെ പിതാവ് എന്നു വിളിക്കുന്നതുകൊണ്ട് ആത്മമയനായ ദൈവത്തിൽ ലിംഗഭേദം ആരോപിക്കുന്നുവെന്നോ, സ്ത്രീകളെ തരംതാഴ്ത്തുന്നുവെന്നോ, ആരെങ്കിലും പറഞ്ഞാൽ അതു ബാലിശമാണ്. അധികാരപ്രമത്തരും മക്കളോടു സ്നേഹവും കാരുണ്യവും കാണിക്കാത്തവരുമായ അപ്പന്മാരുടെ മക്കൾക്കായിരിക്കും 'അപ്പൻ' എന്ന വാക്കിനോടും അപകർഷണം. ജോൺ പോൾ സാർത്രിനെപ്പോലെ വലിയ നിരീശ്വരന്മാരായ പല വ്യക്തികൾക്കും അവരുടെ ലൗകിക പിതാക്കന്മാരുമായുള്ള ബന്ധം തമോജഢിലമായിരുന്നെന്നു തെളിയിക്കപ്പെട്ടിട്ടുണ്ട്. സ്വന്തം പിതാവിന്റെ സ്നേഹം അറിയാൻ കഴിയാത്തവർക്കു സ്വർഗ്ഗസ്ഥനായ പിതാവ് എന്ന പദം ചിലപ്പോൾ അരോചകമാവും. യേശുക്രിസ്തു കാണിച്ചുതന്ന പിതാവ് ലോകത്തിലെ പിതാക്കന്മാരുടെ ഒരു വലിയ മാതൃകയാണെന്നു ധരിക്കുന്നതാണ് പ്രശ്നം.

ഈയിടെ ഒരു സമ്മേളനത്തിൽ സന്ദർഭവശാൽ 'ദൈവത്തിന്റെ ആർദ്രകരുണ" (Tender mercy) എന്ന വാക്കുകൾ ഉച്ചരിച്ചപ്പോൾ, അമേരിക്കക്കാരിയായ ഒരു വിമോചന ദൈവശാസ്ത്രജ്ഞയ്ക്ക് അതു വളരെ ആകർഷണീയമായിത്തോന്നി. ആ പ്രയോഗം എവിടെ കിട്ടി എന്ന ചോദ്യത്തിന്, ഓർത്തഡോക്സ് ആരാധനയിൽ സാധാരണ ഉപയോഗിക്കുന്ന പദമാണെന്നു പറഞ്ഞപ്പോൾ അവർക്കു അദ്ഭുതമായി. യാഥാസ്ഥിതികവും സ്ത്രീമർദ്ദകവുമെന്നു ചില പ്രോട്ടസ്റ്റന്റ് വനിതാനേതാക്കൾ വിശേഷിപ്പിക്കുന്ന ഓർത്തഡോക്സ് ആരാധനയിൽ ദൈവത്തെക്കുറിച്ച് മാതൃഭാവ

മിയന്ന ഭാഷയിലാണ് സംസാരിക്കുന്നതെന്ന അറിവാണ് അവരെ അദ്ഭുതപ്പെടുത്തിയത്. ഭാഷയ്ക്കു പരമമായ സ്ഥാനം കൊടുക്കുന്ന പാശ്ചാത്യ വേദശാസ്ത്രത്തിലാണ് ഭാഷയുടെ ലിംഗവിവേചനം പ്രശ്നമുണ്ടാക്കുന്നത്. കാരണം അവിടെ ദൈവശാസ്ത്രം ഭാഷണമാണ്. ഓർത്തഡോക്സ് ദൈവശാസ്ത്രം ഒരു ഘട്ടം കഴിയുമ്പോൾ ഭാഷയിൽ നിന്നു തന്നെ മോചനം പ്രാപിക്കുന്നു. അതുകൊണ്ട് സ്ത്രീവിമോചന പ്രസ്ഥാനത്തിന്റെ ഭാഷാവിമർശനം ഒരു പരിധിക്കപ്പുറം മാനദണ്ഡമായി സ്വീകരിക്കാൻ ഓർത്തഡോക്സ് പാരമ്പര്യം മടി കാണിക്കുന്നു.

2 'പേട്രിയാർക്കി' എന്നു സ്ത്രീവിമോചനക്കാർ വിശേഷിപ്പിക്കുന്ന പിതൃഭരണം സഭയിലെ മാത്രം പ്രശ്നമായിട്ടല്ല പിന്തിരിപ്പൻ സമൂഹത്തിന്റെ പൊതുവെയുള്ള സ്വഭാവമായിട്ടാണ് അവതരിപ്പിക്കുന്നത്. സഭയ്ക്കുള്ളിൽ "പിതാക്കന്മാരുടെ" വിശ്വാസവും, വൈദികപിതാക്കന്മാരുടെ സ്ഥാനവും മൂലം പേട്രിയാർക്കി നിലനിൽക്കുന്നു എന്നാണവരുടെ ആരോപണം. സഭയെ അമ്മയായിക്കാണുന്ന ഓർത്തഡോക്സ് പാരമ്പര്യത്തിൽ എല്ലാ പിതാക്കന്മാരും സഭയ്ക്കുള്ളിലാണ്.

സഭയിലെ ഔദ്യോഗിക ഗുരുക്കന്മാരായി എപ്പിസ്ക്കോപ്പാമാരെ പരിഗണിക്കുന്നെങ്കിലും വിശ്വാസത്തിന്റെ സാക്ഷികളും സംവാഹകരുമായി കരുതി സ്ത്രീകളെ സഭ ബഹുമാനിക്കുന്നു. സ്ത്രീയായ വിശുദ്ധ കന്യകമറിയാമിനു വേദപുസ്തകം നൽകുന്ന ബഹുമതി പോലും നൽകാൻ കൂട്ടാക്കിയില്ലെന്നു മാത്രമല്ല, വി. മാതാവിനെ അവഹേളിക്കുക കൂടി ചെയ്ത പ്രോട്ടസ്റ്റന്റ് പാരമ്പര്യത്തിലാണ് പേട്രിയാർക്കി രൂക്ഷമായി പത്തി വിടർത്തിയതെന്നു നാമോർക്കണം. വി. കന്യകയെയും മറ്റു ശുദ്ധിമതികളെയും അവരുടെ സകല മാനുഷികാന്തസ്സോടും സ്ത്രീത്വത്തിന്റെ തേജസ്സോടും കൂടി സ്വീകരിച്ച പുരാതന പാരമ്പര്യങ്ങളിൽ, പാത്രിയർക്കീസന്മാരേക്കാളും മെത്രാന്മാരേക്കാളും ഉന്നതമായ ആത്മീയ സ്ഥാനമാണ് വിശുദ്ധരായ സ്ത്രീകൾക്കു നൽകപ്പെട്ടത്.

ഇങ്ങനെയൊരു മാതൃകയുടെ അഭാവം അനുഭവിച്ച നവീകരണ പാരമ്പര്യത്തിൽ പുരുഷനായ വൈദികൻ അഥവാ ബിഷപ്പ് സഭാജീവിതത്തിൽ ഏക മോഡലായി മാറി. അതേസമയം ഓർത്തഡോക്സ് പാരമ്പര്യത്തിൽ വിശുദ്ധരായ വ്യക്തികളാണ് (Saints) സഭാജീവിതത്തിൽ ആദർശവ്യക്തിത്വത്തിന്റെ മാതൃക നൽകിയത്. ജനങ്ങൾ ആശ്രയിച്ചതും വിശ്വാസമർപ്പിച്ചതും ഔദ്യോഗിക ഇടയന്മാരേക്കാൾ കൂടുതൽ ഇത്തരം വിശുദ്ധ വ്യക്തികളിലാണ്. ഇത്തരം വ്യക്തികൾ പട്ടമേറ്റവരാകണമെന്നോ പുരുഷന്മാരാകണമെന്നോ ഓർത്തഡോക്സ് പാരമ്പര്യം ഒരിക്കലും അനുശാസിച്ചിട്ടില്ല. പട്ടമേറ്റാൽ മാത്രമേ സ്ത്രീകൾക്കു സഭയിലുള്ള സ്ഥാനം പൂർണ്ണമാവൂ

എന്നു കരുതുന്ന നവീകരണ പാരമ്പര്യത്തിൽ നിന്നു വളരെ വിഭിന്നമാണ്, സ്ത്രീ പുരുഷഭേദമില്ലാതെ, വിശുദ്ധരാക്കുവാൻ എല്ലാവരെയും ക്ഷണിക്കുകയും 'വിശുദ്ധി' സഭാജീവിതത്തിന്റെ അത്യുന്നത മാനദണ്ഡമായി കരുതുകയും ചെയ്യുന്ന ഓർത്തഡോക്സ് പാരമ്പര്യം ഭരണപരമായ അധികാര സ്ഥാനങ്ങളേക്കാൾ കൂടുതൽ ജനങ്ങൾ ബഹുമാനിക്കുന്നത് വിശുദ്ധവ്യക്തികളുടെ ആത്മീയാധികാരത്തെയാണ്. ഭാഗ്യവശാൽ, സഭാചരിത്രത്തിൽ, നിരവധി ഔദ്യോഗിക ഭരണകർത്താക്കളായ ഇടയന്മാർ വിശുദ്ധ ജീവിതത്തിനും മാതൃകകളായി വർത്തിച്ചിട്ടുണ്ട്.

3. പ്രോട്ടസ്റ്റന്റ് പാരമ്പര്യത്തിൽ ഉണ്ടായ സ്വാഭാവികമായ ഒരു പരിണാമമാണ് സ്ത്രീകളുടെ പൗരോഹിത്യം. സഭ രാജകീയ പുരോഹിത വർഗ്ഗമായതുകൊണ്ട് എല്ലാ വ്യക്തികളും തത്വത്തിൽ പുരോഹിതന്മാരാണെന്നാണ് നവീകരണ നേതാക്കൾ 16-ാം നൂറ്റാണ്ടിൽ പഠിപ്പിച്ചത്. എന്തുകൊണ്ട് കഴിഞ്ഞ നാലര നൂറ്റാണ്ടുകൾ പുരോഹിതവൃത്തി ചെയ്യാൻ നവീകരണ സഭകൾ സ്ത്രീകളെ അനുവദിച്ചില്ല എന്നതിലാണ് അദ്ഭുതപ്പെടേണ്ടത്. സ്ത്രീകൾക്കു പുരോഹിതരാവാൻ നവീകരണ ദൈവശാസ്ത്രം ഇത്രയുംനാൾ വഴി തുറന്നിട്ടും അവരെ ആ സ്ഥാനത്തു നിൽക്കുവാൻ അനുവദിക്കാത്ത പാശ്ചാത്യ നവീകരണ സഭകളിൽ തീർച്ചയായും അതിശക്തമായ പുരുഷമേധാവിത്വം ഉണ്ടായിരുന്നിരിക്കണം. ആ മേധാവിത്വത്തിനെതിരെയാണ് നവീകരണ സഭകളിലെ സ്ത്രീവിമോചനപ്രസ്ഥാനം പൊരുതുന്നത്. അതുകൊണ്ട് പൗരോഹിത്യ സ്ഥാനം കൈയടക്കുക എന്നത് അവരുടെ സമരത്തിന്റെ വിജയലക്ഷണമാണ്. അതിനെ വിമർശിക്കാനും ന്യായം വിധിക്കാനും ആ പാരമ്പര്യത്തിനു പുറത്തുള്ളവർ ശ്രമിക്കാതിരിക്കയാണ് ഉത്തമം.

പക്ഷേ, ഓർത്തഡോക്സ് വീക്ഷണത്തിൽ നോക്കുമ്പോൾ, മിക്ക നവീകരണ സഭകളിലേയും പൗരോഹിത്യമെന്നു പറയുന്നതു തന്നെ പള്ളിയിൽ ഔദ്യോഗികമായി പ്രസംഗിക്കാനുള്ള അനുവാദം എന്നതിൽ കവിഞ്ഞെന്തെങ്കിലും ആണെന്നു തോന്നുന്നില്ല. അത്ര ലാഘവത്തോടെയാണ് ആ പാരമ്പര്യത്തിൽപ്പെട്ടവർ പൗരോഹിത്യത്തെ കാണുന്നത്. യേശുക്രിസ്തുവിന്റെ കൗദാശിക സാന്നിധ്യമായി ദൈവജനത്തിന്റെ മധ്യത്തിൽ നിലകൊള്ളുകയെന്നതോ, കൂദാശകൾ അനുഷ്ഠിക്കുക എന്നതോ പൗരോഹിത്യത്തിന്റെ പ്രധാന ഭാഗമായി അവർ മനസ്സിലാക്കുന്നില്ല. ഒരു നീണ്ട പ്രസംഗവും ഏതാനും പാട്ടുകളും അൽപ്പം പ്രാർത്ഥനയും കൊണ്ട് ആരാധന പൂർണ്ണമാവുന്നു. ഇങ്ങനെയുള്ള ആരാധനയ്ക്കു നേതൃത്വം കൊടുക്കാൻ ഇതുവരെ സ്ത്രീകളെ അനുവദിച്ചില്ല എന്നത് നവീകരണ പാരമ്പര്യത്തിന്റെ വലിയ പ്രശ്നമാണെന്നതിൽ തർക്കമില്ല.

ഇങ്ങനെ വിശ്വാസത്തിലും അനുഷ്ഠാനത്തിലും അങ്ങേയറ്റത്തെ ലാഘവം പ്രദർശിപ്പിക്കുന്ന ഒരു സഭാ പാരമ്പര്യവുമായി ദൈവശാസ്ത്ര സംഭാഷണത്തിലേർപ്പെടുക എന്നത് ഓർത്തഡോക്സ് പാരമ്പര്യത്തെ സംബന്ധിച്ച് അത്ര സുഗമമല്ല. പ്രത്യേകിച്ച് സ്ത്രീകളുടെ വേദശാസ്ത്ര ചർച്ച എപ്പോഴും പ്രയാസമമാണ്. കാരണം, തുല്യാവകാശം, മനുഷ്യാവകാശം തീരുമാനമെടുക്കാനുള്ള സമിതികളിൽ പങ്കാളിത്തം എന്നീ തത്വങ്ങളിൽ നിന്നുകൊണ്ട് സ്ത്രീകളുടെ പൗരോഹിത്യ പ്രശ്നത്തെ സമീപിക്കാനാണ് നവീകരണ സഭകളിലെ വനിതകൾക്കു താൽപര്യം. യേശുക്രിസ്തു കാണിച്ചുതന്നതും കഴിഞ്ഞ 20 നൂറ്റാണ്ടുകൾ സഭ അനുവർത്തിച്ചതുമായ ഒരു പാരമ്പര്യത്തിന്റെ അർത്ഥത്തെക്കുറിച്ച് എത്ര വിദഗ്ദ്ധമായി പറഞ്ഞാലും അവർ അതെല്ലാം നിരാകരിക്കും. പട്ടമേൽക്കുന്നതല്ല ഓർത്തഡോക്സ് പാരമ്പര്യമനുസരിച്ച് ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണത എന്നു ഉദാഹരണസഹിതം പറഞ്ഞാലും അവർക്കു സ്വീകാര്യമല്ല. പട്ടമുണ്ടെങ്കിലേ അധികാരവും സ്ഥാനവുമുള്ളു എന്ന നിലപാടാണ് അവരിൽ പലരും എടുക്കുന്നത്. അതുകൊണ്ട് സ്ത്രീകളുടെ പൗരോഹിത്യ പ്രശ്നം സഭയുടെ വേദശാസ്ത്രത്തിന്റെ തലത്തിൽ നവീകരണ വനിതാനേതാക്കളുമായി ചർച്ച ചെയ്യുക ഇപ്പോൾ ഏതാണ്ട് അസാദ്ധ്യമാണ്.

4. ഇതുപോലെയുള്ള മറ്റൊരു പ്രശ്നമാണ് സ്ത്രീകളുടെ ദൈവശാസ്ത്ര പരിശീലനം. പാശ്ചാത്യ സഭയിൽ തിയളോജിക്കൽ കോളജുകളും സർവകലാശാലാ ഫാക്കൽറ്റികളും സെമിനാരികളുമാണ് മദ്ധ്യകാല നൂറ്റാണ്ടുകൾ മുതൽ ദൈവശാസ്ത്രം പഠിപ്പിക്കുന്ന മുഖ്യ സ്ഥാപനങ്ങൾ. പ്രോട്ടസ്റ്റന്റ് പാരമ്പര്യമനുസരിച്ച്, യൂണിവേഴ്സിറ്റിയിലെ തിയോളജിക്കൽ ഫാക്കൽറ്റിയിൽ പഠിച്ച് ബിരുദം നേടുകയാണ് വൈദികനാകാനുള്ള മുഖ്യ യോഗ്യത. ഈ രീതിയാണ് ഇന്ത്യയിൽ പാശ്ചാത്യർ ആരംഭിച്ച സെറാമ്പൂർ യൂണിവേഴ്സിറ്റിയും മറ്റും പിൻതുടരുന്നത്. അതുകൊണ്ട് നവീകരണസഭകളിൽ, സ്ത്രീകൾ ദൈവശാസ്ത്രം പഠിക്കുകയെന്നാൽ, പാശ്ചാത്യ രീതിയിലുള്ള ഒരു തിയോളജിക്കൽ കോളജിൽ ചേരുക എന്നാണർത്ഥം.

വൈദികരോ മെത്രാന്മാരോ ആയ മൽപ്പാന്മാരുടെ അടുക്കൽ ഗുരുകുല സമ്പ്രദായത്തിൽ വേദശാസ്ത്രം പഠിക്കുകയായിരുന്നു ഓർത്തഡോക്സ് സഭയുടെ ഇന്ത്യയിലെ പാരമ്പര്യം. പാശ്ചാത്യ രീതിയിലുള്ള ഫാക്കൽറ്റിയും പഴയ ഗുരുകുലവും സമ്മേളിപ്പിച്ചാണ് ഇവിടുള്ള നമ്മുടെ സെമിനാരി സമ്പ്രദായം തുടങ്ങിയത്. അതുതന്നെ താരതമ്യേന അടുത്ത കാലത്താണല്ലോ ക്രമമായി പ്രവർത്തിച്ചു തുടങ്ങിയത്. ഫാക്കൽറ്റിയിൽ നിന്നു ബിരുദമെടുക്കുക കാമ്യമാണെങ്കിലും അതാണ് ഓർത്തഡോക്സ് വേദശാസ്ത്രത്തിന്റെ പ്രധാന അളവുകോലെന്നു നാം ഇപ്പോഴും കരുതു

ന്നില്ല. പട്ടമേല്ക്കുന്നതിനും ഇത് അത്യന്താപേക്ഷിതമെന്ന് നാം ചിന്തിച്ചിട്ടില്ല. നമ്മുടെ സഭയിൽ വലിയ വേദശാസ്ത്ര പാണ്ഡിത്യവും ആത്മീയ ഉൾകാഴ്ചയും ഉണ്ടായിരുന്ന പല ഗുരുക്കന്മാരും തിയോളജിയിൽ സർവകലാശാല ബിരുദം നേടിയവരായിരുന്നില്ല. നമ്മുടെ ആരാധനയും പാരമ്പര്യത്തിന്റെ ശക്തിയുമാണ് വേദശാസ്ത്രം പഠിക്കുന്നതിൽ പ്രധാന ഘടകങ്ങളായിരുന്നത്. ഔപചാരികമായ വിദ്യാഭ്യാസം ലഭിക്കാത്ത പല സ്ത്രീകളും വിശ്വാസം മനസ്സിലാക്കുന്നതിലും പഠിപ്പിക്കുന്നതിലും അസാമാന്യമായ ശക്തി പ്രകടിപ്പിക്കുന്നുണ്ട്.

റഷ്യൻ ഓർത്തഡോക്സ് സഭയിൽ ഔപചാരിക വേദശാസ്ത്ര പഠനം മിക്കവാറും അസാദ്ധ്യമായിരുന്ന സമയത്ത് സഭയുടെ വിശ്വാസവും ദൈവശാസ്ത്രവും നിലനിർത്തുകയും പകർന്നു കൊടുക്കുകയും ചെയ്തത് ഇങ്ങനെയുള്ള സ്ത്രീകളായിരുന്നു എന്നത് പ്രസിദ്ധമാണല്ലോ. അപ്പോൾ ഓർത്തഡോക്സ് പാരമ്പര്യമനുസരിച്ച് സ്ത്രീയാണെങ്കിലും പുരുഷനാണെങ്കിലും ഔപചാരികമായ തിയോളജി പഠനം മൂലം ആയിരുന്നില്ല ക്രിസ്തീയ സത്യങ്ങളിൽ ഉൾക്കാഴ്ച പ്രാപിച്ചത്. അതുകൊണ്ട് നമ്മുടെ സ്ത്രീകൾക്ക് ഔപചാരിക വേദശാസ്ത്ര പഠനം പാശ്ചാത്യ രീതിയിലുള്ളത് ആവശ്യമില്ല എന്നല്ല വാദിക്കുന്നത്. നേരേമറിച്ച് നവീകരണ പാരമ്പര്യവും ഓർത്തഡോക്സ് പാരമ്പര്യവും തമ്മിൽ ഇക്കാര്യത്തിൽ താരതമ്യം ചെയ്യുന്നത് ശരിയായിരിക്കയില്ല. അടുത്ത കാലത്ത് ഇൻഡ്യയിലെ ഒരു ക്രിസ്തീയ വനിതാസംഘടന തയ്യാറാക്കി സഭകൾക്ക് അയച്ചുകൊടുത്ത ചോദ്യാവലിയിൽ 'നിങ്ങളുടെ സഭയിൽ നിന്ന് എത്ര സ്ത്രീകൾ തിയോളജിക്കൽ സെമിനാരിയിൽ പഠിക്കുന്നുണ്ട്?" എന്നു ചോദിച്ചിരുന്നു. എന്താണിതിനു ഓർത്തഡോക്സ് സഭ കൊടുക്കേണ്ട ഉത്തരം? സ്വാഭാവികമായും ആരും പഠിക്കുന്നില്ല എന്നു പറയേണ്ടി വരും. പക്ഷേ, അങ്ങനെ പറഞ്ഞാൽ ചോദ്യകർത്താവ് അവസാനം എടുക്കുന്ന നിഗമനം ഓർത്തഡോക്സ് സഭ സ്ത്രീകൾക്ക് ദൈവശാസ്ത്ര പരിശീലനം ഒട്ടും തന്നെ നല്കുന്നില്ല എന്നതാണ്. ഇതു ശരിയാണോ? 'ദിവ്യബോധനം' തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ നമ്മുടെ എത്രയെത്ര സ്ത്രീകളാണ് ഔപചാരിക ദൈവശാസ്ത്ര പരിശീലനം നേടുന്നത്. അപ്പോൾ ചോദ്യാവലിയിൽ ചോദിച്ച ചോദ്യം ഒരു കുടുക്കു ചോദ്യമാണ്. അല്ലെങ്കിൽ അവിദഗ്ദ്ധമായ ചോദ്യമാണ്. അവിദഗ്ദ്ധമായി നടത്തപ്പെടുന്ന പല സമൂഹശാസ്ത്ര സർവ്വേകളിലും തെറ്റായ ചോദ്യങ്ങൾ ചോദിച്ചു തെറ്റായ ഉത്തരങ്ങൾ ലഭിച്ച് തെറ്റായ നിഗമനങ്ങളിലെത്തുകയെന്നത് സർവ്വസാധാരണമാണ്. യഥാർത്ഥത്തിൽ ആ ചോദ്യം ഓർത്തഡോക്സ് സഭയെ സംബന്ധിച്ച് അപ്രസക്തമാണ്. നവീകരണ പാരമ്പര്യത്തിലെ ഒരു അംഗീകൃതരീതി മനസ്സിൽ വച്ചുകൊണ്ട് അതുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു ഓർത്ത

ഡോക്സ് സഭയുടെ മേൽ തെറ്റായ ഒരു ചോദ്യം അടിച്ചേൽപ്പിക്കുകയാണ്.

ഒരിക്കലും അമ്മയെ തല്ലാത്ത ഒരാളോട് അമ്മയെ തല്ലിയത് ഇന്നലെയാണോ മിനിയാന്നാണോ എന്നു ചോദിക്കുന്നതുപോലെ അർത്ഥശൂന്യമായ ഒരു ചോദ്യമാണിത്. ഇതുപോലെ പല അപ്രസക്തമായ ചോദ്യങ്ങളും ഉണ്ടായിരുന്ന ആ ചോദ്യാവലി അല്പം അശാസ്ത്രീയമാണല്ലോ എന്ന് സ്നേഹപൂർവ്വം വിമർശിച്ച ഒരു ഓർത്തഡോക്സ് വൈദികനെ കടുത്ത സ്ത്രീവിദ്വേഷിയെന്നും യാഥാസ്ഥിതികനെന്നും ഇന്ത്യയിലെ ചില വനിതാ നേതാക്കൾ വിശേഷിപ്പിക്കുകയുണ്ടായി.

'സ്ത്രീകളുടെ പൗരോഹിത്യം' പോലെയുള്ള വിഷയങ്ങൾ ചർച്ചയ്ക്കു വരുമ്പോഴാണ് പാശ്ചാത്യ നവീകരണ പാരമ്പര്യവും ഓർത്തഡോക്സ് പാരമ്പര്യവും തമ്മിൽ സമീപനങ്ങളിലുള്ള ആഴമായ വ്യത്യാസം കൂടുതൽ വ്യക്തമാകുന്നത്. ഇങ്ങനെ വ്യത്യാസമുള്ളതുകൊണ്ട് ഓർത്തഡോക്സ് സഭകൾ എന്താണ് ചെയ്യേണ്ടത്? നമ്മുടെ വാതിലുകളും ജനലുകളുമെല്ലാം കൊട്ടിയടച്ച് ഭദ്രമാക്കി, എല്ലാ ബാഹ്യബന്ധങ്ങളും വിച്ഛേദിച്ച് സ്വന്തം അറയ്ക്കുള്ളിൽ മാത്രമിരിക്കയാണോ നമുക്ക് കരണീയമായത്? ഒരിക്കലുമല്ല. മറ്റു പാരമ്പര്യങ്ങളിൽപ്പെട്ടവരും ക്രിസ്തുവിൽ നമ്മുടെ സഹോദരങ്ങളായതുകൊണ്ട് ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്തിന്റെ ആനുകാലികാർത്ഥങ്ങളെക്കുറിച്ച് അവരുമായി കൂട്ടായി ചിന്തിക്കാൻ നാം പൂർണ്ണ സന്നദ്ധത പ്രകടിപ്പിക്കേണ്ടതാണ്. മുമ്പു സൂചിപ്പിച്ചതുപോലെ ആധുനിക ക്രിസ്തീയ വനിതാപ്രസ്ഥാനം ചിലപ്പോൾ അവധാനപൂർവ്വമായ ഒരു ഡയലോഗിന് തയ്യാറല്ലെങ്കിൽത്തന്നെയും നമ്മുടെ വിശ്വാസത്തിന്റെയും പാരമ്പര്യത്തിന്റെയും വാതിലുകൾ നാം എപ്പോഴും തുറന്നിടുന്നതാണ് ഉത്തമം. അവർ പറയുന്ന കാര്യങ്ങളെ ഗൗരവമായ പരിഗണനയ്ക്കു വിധേയമാക്കുകയും, നമ്മുടെ യഥാർത്ഥ വിശ്വാസ പാരമ്പര്യത്തിൽപ്പെട്ടതും സ്ത്രീകളുടെ സേവനം സംബന്ധിച്ചതുമായ ഏതെങ്കിലും നാം വിട്ടുപോകുകയോ അവഗണിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, അതേപ്പറ്റി പുനർവിചിന്തനം നടത്തുകയും ചെയ്യുന്നത് തീർച്ചയായും നന്നായിരിക്കും.

ഉദാഹരണമായി, നമ്മുടെ സമൂഹത്തിൽ സാധാരണക്കാരായ സ്ത്രീകൾ അനുഭവിക്കുന്ന അനീതികൾക്കെതിരായി പ്രവർത്തിക്കുന്ന ശക്തികളോട് ചേർന്ന് പ്രവർത്തിക്കാൻ സഭയ്ക്കു സാധിക്കും. സ്ത്രീവിമോചന നേതാക്കൾ എല്ലാം തന്നെ സമൂഹത്തിലെ ഉപരിവർഗ്ഗത്തിൽ വരുന്നവരും വ്യക്തിപരമായും വളരെ സ്വാതന്ത്ര്യവും സാമ്പത്തിക സുരക്ഷിതത്വവും അനുഭവിക്കുന്നവരുമാണ്.

അവരിൽ ഒരു ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായതുകൊണ്ടോ കുറെ

പ്പേർ പട്ടമേറ്റു സഭാനേതൃത്വത്തിൽ വന്നതുകൊണ്ടോ ഇൻഡ്യയിലെ പാവപ്പെട്ട സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹൃതമാകയില്ല. യഥാർത്ഥത്തിൽ കഷ്ടത അനുഭവിക്കുന്നത് സമൂഹത്തിന്റെ താണ തലങ്ങളിലുള്ള സ്ത്രീകളാണ്. അവരിൽ ആരും തന്നെ വിമോചന പ്രസ്ഥാനത്തിന്റെ നേതൃസ്ഥാനത്ത് എത്തിയതായി അറിവില്ല. ഉപരിവർഗ്ഗത്തിൽപ്പെട്ട നേതാക്കൾക്ക് അവരുടെ അധരസേവയിൽ കവിഞ്ഞ വലിയ താൽപ്പര്യമുണ്ടെന്ന് തോന്നുന്നില്ല. പക്ഷേ, ഇക്കാര്യത്തിൽ സഭയിൽ സ്ത്രീപുരുഷ ഭേദമെന്യയുള്ള ഒരു പുതിയ അവബോധവും കർമ്മസന്നദ്ധതയും ഉണ്ടായേ തീരൂ.

അതുപോലെ തന്നെ സഭയ്ക്കുള്ളിൽ ഭരണപരമായ ചുമതലകളുള്ള പല പ്രാതിനിധ്യ സമിതികളുമുണ്ടല്ലോ. ഇവയിലൊക്കെ നമ്മുടെ പ്രഗൽഭരും നല്ല ക്രിസ്തീയ ജീവിതം നയിക്കുന്നവരുമായ വനിതാ പ്രതിനിധികൾക്ക് സമർഹമായ സ്ഥാനം കൊടുക്കുന്നതിനെപ്പറ്റി അടിയന്തിരമായി ആലോചിക്കേണ്ടതാണ്. ഇതുപോലെയുള്ള കാര്യങ്ങളിൽ വലിയ ദൈവശാസ്ത്ര പ്രശ്നങ്ങളൊന്നും അന്തർഭവിക്കുന്നില്ല. നമ്മുടെ സന്നദ്ധതയും തീരുമാനവുമാണ് നിർണ്ണായക ഘടകങ്ങൾ.

യഥാർത്ഥത്തിൽ നമ്മുടെ സ്ത്രീകൾക്കിടയിൽ അറിവും കഴിവും നല്ല വിശ്വാസവുമുള്ള വളരെയധികം പേരുണ്ടെന്ന് പ്രത്യേകിച്ച് എടുത്തു പറയേണ്ടതില്ല. അവർ കൂടുതലായി നമ്മുടെ പാരമ്പര്യവും ദൈവശാസ്ത്രവും പഠിക്കുകയും സ്ത്രീകൾക്ക് സഭയിലുള്ള സ്ഥാനവും ഉത്തരവാദിത്വവും സംബന്ധിച്ചുള്ള കാര്യങ്ങൾക്കു നേതൃത്വം കൊടുക്കുകയും ചെയ്യണം. നിർഭാഗ്യവശാൽ ചിലപ്പോഴൊക്കെ നമ്മുടെ അറിവുള്ള വനിതകൾ പോലും പ്രോട്ടസ്റ്റന്റ് വനിതാ നേതാക്കളുടെ ചിന്തയ്ക്കും താൽപ്പര്യങ്ങൾക്കുമനുസരിച്ച് പ്രവർത്തിക്കാൻ നിർബന്ധിതരാകുന്നതുകൊണ്ട്, പൊതുവായ പ്രശ്നങ്ങളെ സംബന്ധിച്ച് ഓർത്തഡോക്സ് സഭയുടെ കാഴ്ചപ്പാടും എന്താണെന്ന് മറ്റുള്ളവരെ മനസ്സിലാക്കുന്നതിന് കഴിയാതെ പോകുന്നു.

ഓർത്തഡോക്സ് പാരമ്പര്യം യാഥാസ്ഥിതികവും എല്ലാ നല്ല കാര്യങ്ങളെയും എതിർക്കുന്നതുമാണെന്ന് മറ്റുള്ളവർ അറിവില്ലായ്മ കൊണ്ടു പറയുമ്പോൾ, അത് ശരിയാണെന്നു സമ്മതിച്ച് ഏറ്റുപറയുന്നവർ നമ്മുടെ ഇടയിൽ കണ്ടേക്കാം. ഓർത്തഡോക്സ് പാരമ്പര്യം ഇക്കാര്യങ്ങളിലൊക്കെ പൂർണ്ണമാണെന്നല്ല ഇവിടെ പറയുന്നത്. നവീകരണപാരമ്പര്യത്തിനില്ലാത്ത പല സമ്പന്നമായ വശങ്ങളും സഭയുടെ അവിഭക്ത പാരമ്പര്യത്തിനുണ്ട്. അവയൊക്കെ ആഗോളസഭയുടെ നന്മയ്ക്കായി നൽകുവാൻ നമുക്ക് സാധിക്കണം. അതുപോലെ നമുക്കു ബലഹീനതയുള്ള വശങ്ങളിൽ മറ്റുള്ളരുടെ ശക്തി സ്വീകരിക്കാനും നാം സന്നദ്ധമാകണം.

പൊതുവെ പറഞ്ഞാൽ, വിശ്വാസപരമായ കാര്യങ്ങളിൽ നവീകരണ

പാരമ്പര്യം എടുത്ത നിലപാടുകൾ എല്ലാം തന്നെ കുറെയേറെ തെറ്റായിരുന്നുവെന്നു അവരിൽ വിനയമുള്ളവർ ഇന്നു സമ്മതിക്കുന്നുണ്ട്. ഉദാഹരണമായി 'വിശ്വാസത്താലുള്ള നീതികരണം' എന്നതാണ് ക്രിസ്തീയ സുവിശേഷത്തിന്റെ കാതൽ എന്നു മാർട്ടിൻ ലൂഥർ പഠിപ്പിക്കയും 'പ്രവർത്തി'കളെക്കുറിച്ച് ഊന്നിപ്പറഞ്ഞ വി. യാക്കോബിന്റെ ലേഖനം ചവറെന്നു പറഞ്ഞു തള്ളുകയും ചെയ്തു. ഇന്ന് വിമോചന ദൈവശാസ്ത്രത്തിന്റെ പ്രണേതാക്കളായ, നവീകരണ പാരമ്പര്യത്തിൽപ്പെട്ട നേതാക്കന്മാർ ഏറ്റവും കൂടുതൽ വായിക്കുന്നത് യാക്കോബിന്റെ ലേഖനവും ഊന്നിപ്പറയുന്നത് പ്രവൃത്തിയിലൂടെ തെളിയുന്ന വിശ്വാസവുമാണ്. മറ്റു പല ഉദാഹരണങ്ങളും നോക്കിയാൽ, പ്രോട്ടസ്റ്റന്റ് പാരമ്പര്യം നമ്മുടെ ധാർമ്മികബോധത്തിനും സാമൂഹ്യ സേവനത്തിനും പുതിയ സംഭാവനകൾ നൽകിയെങ്കിലും വിശ്വാസപരമായ അടിസ്ഥാനത്തിൽ നിരവധി പാളിച്ചകൾക്കു വിധേയമായതായി കാണാം. അവരിൽപ്പലരും അത് തുറന്നു സമ്മതിക്കുന്നതുകൊണ്ട് ദൈവശാസ്ത്രപരമായ ഒരു പുതിയ ഡയലോഗിനു വാതിൽ തുറക്കപ്പെടും എന്നു പ്രതീക്ഷിക്കാം.

അതുകൊണ്ട് സ്ത്രീകളുടെ പൗരോഹിത്യം തുടങ്ങിയ പ്രശ്നങ്ങൾ നവീകരണ പാരമ്പര്യം ഉന്നയിക്കുമ്പോൾ നാം അവധാനപൂർവ്വം, കാര്യങ്ങൾ പഠിക്കുകയും നിഗമനങ്ങളിലെത്തുകയും ചെയ്യേണ്ടതാണ്. വിവേചനശക്തിയോടെ യഥാർത്ഥ നീതിയുടെയും സത്യത്തിന്റെയും പ്രശ്നങ്ങൾ അപ്രധാനങ്ങളായ മുദ്രാവാക്യങ്ങളിൽ നിന്ന് വേർതിരിച്ചെടുക്കുവാനും ക്രിസ്തീയമായി അവയോടു പ്രതികരിക്കുവാനും നമുക്ക് സാധിക്കണം. ഭയം, മുൻവിധി, ആത്മസംതൃപ്തി, അമിതവിശ്വാസം എന്നിവ കൂടാതെ സത്യത്തിന്റെ പൂർണ്ണതയിലേക്കു പരിശുദ്ധാത്മാവ് ഇപ്പോഴും നമ്മെ നടത്തിക്കൊണ്ടിരിക്കയാണ് എന്ന ബോദ്ധ്യത്തോടെയായിരിക്കണം ഈ പുതിയ ചോദ്യങ്ങളെ നാം സമീപിക്കേണ്ടത്. നമ്മുടെ ഇപ്പോഴത്തെ ധാരണകളെ വികസിപ്പിക്കാനും പുതിയ അനുഭവമേഖലകളിലേക്ക് നമ്മെ പ്രവേശിപ്പിക്കാനും പരിശുദ്ധാത്മാവിനു കഴിയും. 'ഉണ്ടായിട്ടുള്ളതും ഉണ്ടാകുവാനുള്ളതുമായ സകലത്തേയും പൂർത്തീകരിക്കുന്ന ഏക പരിശുദ്ധാത്മാവ്' നമ്മുടെ വിശ്വാസത്തെ ഇപ്പോഴും പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു എന്ന വസ്തുത നമ്മെ വിനയമുള്ളവരും പുതിയ ചോദ്യങ്ങളെ തുറന്ന മനസ്സോടെ അഭിമുഖീകരിക്കുവാൻ ഉൾക്കരുത്തുള്ളവരുമാക്കിത്തീർക്കുന്നു.

# മനുഷ്യനും അവന്റെ സർഗ്ഗപ്രക്രിയയും: ഒരു ക്രൈസ്തവ വിചിന്തനം

“ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി പാഴായും ശൂന്യമായും ഇരുന്നു; ആഴത്തിനു മീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവ ത്തിന്റെ ആത്മാവ് വെള്ളത്തിന്മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു” (ഉല്പ. 1:1-2). രൂപരഹിതമായ ജലവും അതിനെ വലയം ചെയ്യുന്ന അന്ധകാ രവും - ആദ്യ സൃഷ്ടിയുടെ അസംസ്കൃത വസ്തുക്കളായിരുന്നു അവ. ദൈവത്തിന്റെ സൃഷ്ട്യുന്മുഖമായ ആത്മാവ് അവയിലാണ് പരിവർത്തി ച്ചത്. അങ്ങിനെ, രൂപരഹിതമായത് രൂപമെടുത്തു. അന്ധകാരം പ്രകാശ ത്തിനു വഴി കൊടുത്തു. രൂപീകരണം പല ഘട്ടങ്ങളിലും തലങ്ങളിലു മായി സംഭവിച്ചു. രൂപീകൃതമായ വസ്തുവിൽ ആത്മാവിന്റെ നിശ്വസന മുണ്ടായപ്പോൾ ഒന്നാംഘട്ടം പൂർത്തിയായി മനുഷ്യൻ ജനിച്ചു. അവൻ സ്രഷ്ടാവിന്റെ പ്രതിച്ഛായയും മഹത്വവുമായിരുന്നു. ഇല്ലായ്മയിൽ നിന്നു സൃഷ്ടിക്കപ്പെട്ടവൻ ഉണ്മയുടെ പങ്കാളിയായി. നാമരഹിതമായിരുന്നതിനു നാമം ലഭിച്ചു. പിന്നെ തന്റെ ചുറ്റുപാടുകൾക്കു നാമകരണം ചെയ്യാനുള്ള നിയോഗം മനുഷ്യനു ലഭിച്ചു. അവനു ലഭിച്ച സ്വാതന്ത്ര്യത്തെയും ഭാവന യെയും സ്വതന്ത്രമായി പ്രയോഗിക്കാനുള്ള ആദ്യത്തെ ക്ഷണമായിരുന്നു അത്. മനുഷ്യൻ ആത്മാവിന്റെ പ്രചോദനം സ്വീകരിച്ചു. നാമരഹിതമായ തിനെല്ലാം നാമങ്ങൾ കൊടുത്തു. അവൻ കൊടുത്ത നാമങ്ങൾ സ്ഥിരീ കൃതമായി. ഈ നാമകരണ പ്രക്രിയയിലൂടെ മനുഷ്യൻ സൃഷ്ടിയുടെ ഉത്തരവാദിയായി, സൃഷ്ടികർമ്മത്തിന്റെ പങ്കാളിയായി, സ്രഷ്ടാവിന്റെ സഹകാരിയായി.

സൃഷ്ടിയെക്കുറിച്ചുള്ള യഹൂദ - ക്രൈസ്തവ ദർശനമാണിത്. ഈ ദർശനത്തിന്റെ പശ്ചാത്തലത്തിലും ക്രിസ്തുവിന്റെ മനുഷ്യാവതാരത്തോടു ബന്ധപ്പെടുത്തിയും മനുഷ്യന്റെ ബഹുമുഖ സൃഷ്ടികർമ്മത്തിന്റെ ഏതാ നും ചില സ്വഭാവങ്ങളെക്കുറിച്ചു ചിന്തിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

‘ഇല്ലായ്മയിൽ നിന്നുള്ള സൃഷ്ടി’ ഒരുപക്ഷേ ദാർശനികചിന്തയിൽ പ്രശ്നമുളവാക്കാം. ഉണ്മയുടെ പൂർണ്ണതയായിട്ടാണ് സ്രഷ്ടാവിനെക്കാ ണുന്നതെങ്കിൽ, ഇല്ലായ്മയുടെ ഉണ്മയെക്കുറിച്ചു ന്യായമായും ചോദ്യങ്ങൾ ഉന്നയിക്കാം. ആ ദാർശനിക പ്രശ്നത്തിലേക്കു കടക്കാതെ, മനുഷ്യന്റെ അസ്തിത്വ യാഥാർത്ഥ്യത്തിന്റെ വെളിച്ചത്തിൽ ഇല്ലായ്മയ്ക്കും ഇല്ലായ്മ

യിൽ നിന്നുള്ള സൃഷ്ടിക്കും അർത്ഥമുണ്ടെന്നു മാത്രം നമുക്ക് തല്ക്കാലം പറയാം. ദൈവത്തിന്റെ ആദ്യ സൃഷ്ടികർമ്മം, ക്രിസ്തുവിന്റെ മനുഷ്യാവതാരം എന്നീ രണ്ടു യാഥാർത്ഥ്യങ്ങൾ തമ്മിൽ സജീവമായൊരു ബന്ധമുണ്ട്. സൃഷ്ടിയുടെ രഹസ്യം ക്രിസ്തുവിന്റെ സൃഷ്ടിയോടുള്ള സംയോജനത്തിലൂടെ വിശദീകരിക്കപ്പെടുന്നുണ്ട്. അവ തമ്മിലുള്ള ബന്ധത്തിന്റെ പശ്ചാത്തലത്തിലാണ് സൃഷ്ടിയുടെ അർത്ഥവും മനുഷ്യന്റെ സർഗ്ഗപ്രക്രിയയുടെ സ്വഭാവവും എന്താണെന്നന്വേഷിക്കുന്നതിനു നാം ഒരുമ്പെടുന്നത്. ചില മതദർശനങ്ങളിൽ വസ്തുനിഷ്ഠ യാഥാർത്ഥ്യത്തെ അതിന് ആധാരമായിരിക്കുന്ന ഉണ്മയുടെ നിഷേധാത്മകമായ ആച്ഛാദനമായിക്കരുതുന്നു. അപ്പോൾ, ഉണ്മയുടെ വീണ്ടെടുക്കൽ അഥവാ അനാച്ഛാദനം, വസ്തുനിഷ്ഠ യാഥാർത്ഥ്യത്തിന്റെ നിഷേധത്തിലൂടെ മാത്രമേ സാദ്ധ്യമാവുകയുള്ളു. പക്ഷേ, ക്രൈസ്തവ ചിന്തയിൽ സൃഷ്ട യാഥാർത്ഥ്യത്തെ അതിനു കാരണഭൂതമായ ഉണ്മയുടെ നിഷേധാത്മകമായ ആച്ഛാദനമായി കരുതുന്നില്ല. പ്രത്യുത, മനുഷ്യനു നല്കപ്പെട്ടിരിക്കുന്ന യാഥാർത്ഥ്യമായി സൃഷ്ട യാഥാർത്ഥ്യത്തെ അംഗീകരിക്കുന്നു. അതോടൊപ്പം തന്നെ, ഈ യാഥാർത്ഥ്യത്തിന്റെ അടിയിൽ ഇല്ലായ്മയുടെയും ഉണ്മയുടെയും പ്രശ്നമുണ്ടെന്നു സമ്മതിക്കുകയും, ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലൂടെ ഈ പ്രശ്നത്തിന്റെ സ്വഭാവം രൂപാന്തരപ്പെടുകയും അതിനു ഒരു പുതിയ അർത്ഥം ലഭിക്കുന്നുവെന്ന് പ്രഖ്യാപിക്കയും ചെയ്യുന്നു. ഈ സ്വഭാവ രൂപാന്തരം സർഗ്ഗാത്മകമാണ്. മനുഷ്യാസ്തിത്വത്തിലെ ഉണ്മയുടെയും ഇല്ലായ്മയുടെയും പ്രശ്നത്തിനു മനുഷ്യന്റെ സ്വാതന്ത്ര്യത്തോടു ബന്ധപ്പെട്ടു ക്രിയാത്മകമോ നിഷേധാത്മകമോ ആയ അർത്ഥം കൈവരാം. ഏതായാലും, അസ്തിത്വ യാഥാർത്ഥ്യത്തിലെ ഇല്ലായ്മയുടെയും ഉണ്മയുടെയും പ്രശ്നാത്മകമായ സ്വഭാവം മനുഷ്യന്റെ സൃഷ്ടി പ്രക്രിയയ്ക്കു പ്രചോദനകാരിയായി വർത്തിക്കുന്നു എന്നു നമുക്ക് ആദ്യമേ പറയാം. ഈ പ്രശ്നാത്മക സ്വഭാവം മനുഷ്യന്റെ സർഗ്ഗാത്മകബോധത്തെ എങ്ങിനെ ബാധിക്കുന്നുവെന്നു നമുക്കു പരിശോധിക്കാം.

## ബോധത്തിന്റെ ക്രിയാത്മക ഗ്രഹണം

എന്റെ ബോധം ഉണരുമ്പോൾ അത് ആദ്യം ഗ്രഹിക്കുന്നത് അതിനു ചുറ്റുമുള്ള യാഥാർത്ഥ്യത്തെയാണ്. ബോധത്തിനു വിഷയമായിത്തീരുന്ന ഈ ബാഹ്യയാഥാർത്ഥ്യം സചേതന ചേതന വസ്തുക്കളടങ്ങിയ വസ്തുനിഷ്ടമായ പ്രപഞ്ചമാണ്. ഈ വസ്തുസ്ഥിത യാഥാർത്ഥ്യം അതിസങ്കീർണ്ണമാണ്. സർഗ്ഗാത്മകമായ മനുഷ്യബോധമാണ് ഈ സങ്കീർണ്ണതയെ ഗ്രഹിക്കുന്നത്. ബോധത്തിന്റെ ഈ ഗ്രഹണം ലളിതമായ ഒരു നടപടിയല്ല. പ്രത്യുത, ബോധത്തിനു വിഷയീഭവിക്കുന്ന യാഥാർത്ഥ്യത്തെപ്പോലെ സങ്കീർണ്ണമാണ് ഈ ഗ്രഹണപ്രക്രിയയും. ഈ ഗ്രഹണം സർഗ്ഗക്രിയ

യാണ്. ഏറ്റവും അടിസ്ഥാനപരമായ അർത്ഥത്തിൽ എല്ലാ മനുഷ്യരും അവരുടെ ബോധത്തിന്റെ ഗ്രഹണക്രിയയിലൂടെ സൃഷ്ടി നടത്തുന്നു. എന്നാൽ ഈ ബോധത്തിന്റെ തീവ്രതയും സങ്കീർണ്ണതയും അനുസരിച്ച് സൃഷ്ടിയുടെ സ്വഭാവത്തിൽ കാര്യമായ മാറ്റം സംഭവിക്കാം. ഞാനുണ്ടാക്കിയ മാർബിൾ പ്രതിമയും, മൈക്കിൾ ആഞ്ജലോയുടെ 'മോശ'യും തമ്മിൽ  അനല്പമായ വ്യത്യാസമുണ്ടെന്നു സംശയമില്ലല്ലോ. പക്ഷേ, അടിസ്ഥാനതലത്തിൽ ഞങ്ങൾക്കു നല്കപ്പെട്ടിരിക്കുന്നത് ഒരേ വർഗ്ഗത്തിൽപ്പെട്ട ബോധം തന്നെയാണ്. ഈ ബോധത്തിന്റെ നിലനില്പു തന്നെ അതിന്റെ സർഗ്ഗാത്മക ഗ്രഹണത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. നിരന്തരം സൃഷ്ടിക്കുന്നില്ലെങ്കിൽ ഈ ബോധത്തിനു നിലനില്ക്കാനാവില്ല. ബാഹ്യയാഥാർത്ഥ്യത്തിന്റെ ക്രിയാത്മകമായ ഗ്രഹണത്തെയാണ് പ്രാഥമികാർത്ഥത്തിൽ ഇവിടെ സൃഷ്ടിയെന്നു നാം വിളിക്കുന്നത്. ഒരു മൃഗത്തിന്റെ ഗ്രഹണം ക്രിയാത്മകമല്ലാത്തതുകൊണ്ട് അതു മൃഗമായിത്തന്നെ നിലനില്ക്കുന്നു.

അപ്പോൾ സൃഷ്ടികർമ്മത്തിന്റെ ആദ്യതലത്തിലെ രഹസ്യം കുടികൊള്ളുന്നത് സർഗ്ഗാത്മകമായ മനുഷ്യബോധത്തിലാണ്. ഈ ബോധത്തിന്റെ പ്രവർത്തനമാണ് അതിനു വിഷയമായ വസ്തുവിൽ ക്രിയാത്മകതയെ ആവാഹിക്കുന്നത്. അങ്ങനെ ആവാഹിച്ചു കഴിയുമ്പോൾ വസ്തു അതിൽത്തന്നെ സ്വയം സർഗ്ഗാത്മകമായിത്തീരുന്നു. അങ്ങിനെ സർഗ്ഗാത്മകമായിത്തീർന്ന വസ്തുവാണ് കലാസൃഷ്ടിയെന്നറിയപ്പെടുന്നത്. ഇവിടെ വസ്തു സൃഷ്ടിയുടെ ഒരു മാധ്യമമാണ്. അത് വാക്കുകളോ, വർണ്ണങ്ങളോ, ശിലകളോ അതുപോലെ മറ്റെന്തെങ്കിലുമോ ആകാം. വസ്തുവിനുള്ളിലേക്കു ആവാഹിക്കപ്പെടുന്ന ക്രിയാത്മകബോധം മാധ്യമമായ വസ്തുവിനു മൂല്യവും, സാധുതയും, സ്വയംപര്യാപ്തതയും നല്കുന്നു. ഒരർത്ഥത്തിൽ, കലാസൃഷ്ടി അതിന്റെ സ്രഷ്ടാവിൽ നിന്നും വേർപെടുന്നു ഇവിടെ. ഈ വിച്ഛേദനമാണ് സൃഷ്ടിയുടെ സ്വാതന്ത്ര്യത്തിന്റെയും സ്വതന്ത്രമായ അസ്തിത്വത്തിന്റെയും അടിസ്ഥാനം. പക്ഷേ, ഈ വിഛേദനം സ്രഷ്ടാവിന്റെ ഇച്ഛയിൽ നിന്നും സർഗ്ഗക്രിയയിൽ നിന്നും സംഭവിക്കുന്നതാണ്. ആത്യന്തികമായി സ്രഷ്ടാവിന്റെ സ്വതന്ത്രമായ സർഗ്ഗക്രിയയാണ് കലാസൃഷ്ടിയുടെ സ്വാതന്ത്ര്യത്തിന് ആധാരമെങ്കിലും, സ്വാതന്ത്ര്യത്തിന്റെ സ്വയനിർണ്ണയസ്വഭാവം കൊണ്ടുതന്നെ കലാസൃഷ്ടിയുടെ സ്വാതന്ത്ര്യത്തിനു സ്വകീയ സാധുത കൈവരുന്നു. അതുകൊണ്ടാണ് ചിത്രകാരന്റെ സർഗ്ഗാത്മകബോധത്തിന്റെ പ്രവർത്തനം അവസാനിക്കയും ആ ബോധം അപ്രത്യക്ഷമാവുകയും ചെയ്യുവോളം, ആ ബോധത്തിന്റെ ഫലമായ കലാസൃഷ്ടി സ്വതന്ത്രമായും സർഗ്ഗാത്മകമായും നിലകൊള്ളുന്നത്. ആസ്വാദകബോധത്തിന്റെ സർഗ്ഗാത്മകമായ ഗ്രഹണത്തിന് ഇവിടെ ഗണനീയ

മായ സ്ഥാനമുണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല. പക്ഷേ, വർണ്ണങ്ങളുടെയും ക്യാൻവാസിന്റെയും മാധ്യമത്തിലേക്കു സ്രഷ്ടാവിന്റെ സർഗ്ഗാത്മകബോധത്തെ നിവേശിപ്പിച്ചിട്ടുണ്ട് എന്നതിനു സംശയമില്ല. മാധ്യമത്തിന്റെ പരിവർത്തനത്തിലൂടെയാണ് ഈ നിവേശനം സാധിച്ചത്. മാധ്യമത്തിൽ നിന്നും വേറിട്ടല്ലല്ലോ കലാസൃഷ്ടിയുടെ സർഗ്ഗാത്മകത നിലകൊള്ളുന്നത്. വസ്തുനിഷ്ഠമായ മാധ്യമത്തെ രൂപാന്തരപ്പെടുത്തുകയാണ് സർഗ്ഗാത്മകബോധം ചെയ്തത്. കലാസൃഷ്ടിയുടെ നിദാനം ഈ രൂപാന്തരമാണ്. ഈ രൂപാന്തരീകരണക്രിയയ്ക്കു സർഗ്ഗാത്മകബോധം പല മാർഗ്ഗങ്ങൾ അവലംബിക്കും. ഉദാഹരണമായി, മാധ്യമത്തിന്റെ ഘടകങ്ങളുടെ വിശേഷണം, പ്രത്യേക തരത്തിലുള്ള സമുദ്ഗ്രഥനം എന്നിവ മൂലം മാധ്യമത്തിൽ പുതിയ അർത്ഥം ആരോപിക്കാം. കല്ലും തടിയുമുപയോഗിച്ച് ഒരു വീടു പണിയുമ്പോൾ, കല്ലിന്റെയും തടിയുടെയും മാധ്യമങ്ങൾക്കു പുതിയ അർത്ഥം ലഭിക്കുന്നു. സർഗ്ഗാത്മകബോധത്തിന്റെ വ്യത്യസ്തമായ പ്രവർത്തനങ്ങൾ കൊണ്ട് ഇതേ മാധ്യമങ്ങളിൽ വ്യത്യസ്തമായ നിരവധി അർത്ഥങ്ങൾ കണ്ടെത്താൻ കഴിയും. യഥാർത്ഥത്തിൽ സർഗ്ഗാത്മകബോധം ശ്രമിക്കുന്നതു മാധ്യമത്തിൽ പുതിയ അർത്ഥം കണ്ടെത്താനാണ്. മാധ്യമരൂപാന്തരീകരണം ഈ അന്വേഷണത്തിന്റെ അനന്തരഫലമാണെന്നല്ലാതെ മുഖ്യലക്ഷ്യമല്ല.

ഈ അർത്ഥാരോപണം കേവലം സർഗ്ഗാത്മകബോധത്തിൽ നിന്നു മാത്രം ഉദിക്കുന്നതല്ല. മാധ്യമത്തിൽ അന്തർലീനമായിരിക്കുന്ന അർത്ഥവുമായി സമ്മേളിക്കുന്നതിനുള്ള സർഗ്ഗാത്മകബോധത്തിന്റെ ശ്രമമാണത്. അർത്ഥം ഏകപക്ഷീയമല്ലെന്നു ചുരുക്കം. അതേസമയം തന്നെ പ്രവർത്തനനിരതമായ സർഗ്ഗാത്മകബോധമാണതിനു മുൻകൈയെടുക്കുന്നത് എന്നു സമ്മതിക്കണം. സ്രഷ്ടാവിന്റെ ബോധം മാധ്യമത്തിന്റെ തെരഞ്ഞെടുപ്പു നടത്തുന്നു എന്ന വസ്തുത സർഗ്ഗാത്മകബോധത്തിന്റെ ഒരു പ്രത്യേകമുഖം അതിനു പറ്റിയ പ്രതിമുഖത്തെ മാധ്യമത്തിൽ തേടുന്നു എന്ന നിഗമനത്തെ സാധൂകരിക്കുന്നു. മറ്റൊന്നുകൂടി ഈ വസ്തുത ചൂണ്ടിക്കാണിക്കുന്നു. അതായത് സർഗ്ഗാത്മകബോധത്തിലെയും മാധ്യമത്തിലെ പ്രതിഭാഗത്തിന്റെയും മുഖങ്ങൾ പരിമിതങ്ങളല്ല. പ്രത്യുത, അപരിമിതങ്ങളും നിർണ്ണയാതീതമായ സാദ്ധ്യതകളെ ഉൾക്കൊള്ളുന്നവയുമാണ്. മൺതരിക്കും വർണ്ണബിന്ദുവിനും എന്തെന്തു മുഖങ്ങളുണ്ട്. സർഗ്ഗാത്മകബോധത്തിന്റെ ആ മുഖം ഈ മുഖങ്ങളിലൊന്നുമായി സമ്മേളിക്കുമ്പോൾ ഒരു പുതിയ അർത്ഥം ജനിക്കയും, ആ അർത്ഥം മാധ്യമത്തെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ അനവധി സൃഷ്ടികൾ നടക്കുന്നു. ഒരേ മാധ്യമത്തിൽ നിന്നും ഒരേ സർഗ്ഗാത്മകബോധത്തിൽ നിന്നുമാണ് അവയെല്ലാം ജനിച്ചതെങ്കിലും ഓരോ സൃഷ്ടിയും അതുല്യങ്ങളും അനു

പമങ്ങളുമാണ്. അംബരചുംബിയായ ഒരു കെട്ടിടം മുതൽ കൊച്ചുകുട്ടി ചിരട്ടയിൽ നിർമ്മിക്കുന്ന മണ്ണപ്പം വരെ മണ്ണിന്റെയും കല്ലിന്റെയും സാദ്ധ്യതകളിൽ ഉൾപ്പെടുന്നു. ഈ സൃഷ്ടിപ്രക്രിയയിൽ, നാം കണ്ടതുപോലെ സർഗ്ഗാത്മകബോധം വസ്തുവിന്റെ മാധ്യമത്തിൽ അർത്ഥാന്വേഷണം നടത്തുന്നു. വസ്തുവിന്റെ സൃഷ്ട്യുന്മുഖമായ രൂപാന്തരീകരണവും ഒപ്പം സംഭവിക്കുന്നു. അപ്പോൾ സൃഷ്ടിപ്രക്രിയയുടെ ലക്ഷ്യം വസ്തുവിന്റെ മാധ്യമത്തിൽ അർത്ഥാന്വേഷണം നടത്തുകയെന്നതാണ്; അന്വേഷണകർത്താവും മനുഷ്യന്റെ സർഗ്ഗാത്മകബോധവും ഈ അർത്ഥാന്വേഷണത്തിൽ സംഭവിക്കുന്ന വസ്തുഭേദത്തെയാണല്ലോ നാം സൃഷ്ടി എന്നു വിളിച്ചത്. ഈ വസ്തുഭേദം, നാം മുകളിൽ ചൂണ്ടിക്കാണിച്ചപോലെ അതിൽതന്നെ സ്വാതന്ത്ര്യത്തിന്റെ തത്വവും സാധുതയും ഉൾക്കൊള്ളുന്നുണ്ടെങ്കിലും, അന്വേഷണനിരതമായ സ്വാതന്ത്ര്യമാണതിനെ ജനിപ്പിച്ചത്. അപ്പോൾ അതിന്റെ അർത്ഥത്തിന്റെ ആധാരം സർഗ്ഗാത്മകബോധത്തിന്റെ അർത്ഥാന്വേഷണത്തോടു ബന്ധപ്പെട്ടിരിക്കുന്നു. ഈ അർത്ഥാന്വേഷണം ചലനാത്മകവും അസംതൃപ്തവുമായതുപോലെ, കലാസൃഷ്ടിയും ചലനാത്മകവും അസംതൃപ്തവുമായിത്തീരുന്നു. സ്വാതന്ത്ര്യത്തോടും സ്വകീയസാധുതയോടുമൊപ്പം ചലനവും അസംതൃപ്തിയും കൂടി സൃഷ്ടിയിലേക്കു നിവേശിക്കപ്പെടുന്നതു മൂലം, സൃഷ്ടി അതിൽതന്നെ നിരന്തരം അർത്ഥാന്വേഷണം നടത്തുന്നു. ഈ അർത്ഥാന്വേഷണം മൂലം ആ കലാസൃഷ്ടി ആസ്വാദകബോധത്തിൽ നൂതനമായ പ്രതികരണങ്ങൾ സൃഷ്ടിക്കുകയും നവീനമണ്ഡലങ്ങൾ തുറക്കുകയും ചെയ്യുന്നു. നാം ചിന്തിച്ചു വന്നത് സർഗ്ഗാത്മകബോധത്തിന്റെ അർത്ഥാന്വേഷണത്തെക്കുറിച്ചാണ്. എന്തർത്ഥമാണത് അന്വേഷിക്കുന്നത്.

## അർത്ഥ സാദ്ധ്യതയും പരിമിതീബോധവും

കലാസൃഷ്ടികളിലൂടെ എപ്പോഴും ചില അർത്ഥങ്ങൾ ആവിഷ്ക്കരിക്കപ്പെടുന്നുണ്ടല്ലോ. ഒരേ സൃഷ്ടിയിൽത്തന്നെ വിവിധങ്ങളായ അനവധി അർത്ഥങ്ങൾ ആവിഷ്ക്കരിക്കപ്പെടാം. അവയിൽ ചിലത് ആസ്വാദകന്റെ പ്രയോജനബോധത്തെയും മറ്റു ചിലത് ആനന്ദതൃഷ്ണയെയും, വേറെ ചിലത് ശുദ്ധമായ സൗന്ദര്യബോധത്തെയും തൃപ്തിപ്പെടുത്തുന്നതായിരിക്കാം. ഇതൊന്നുമല്ലാത്ത പല അർത്ഥങ്ങളുമുണ്ട് എല്ലാ നല്ല സൃഷ്ടികളിലും. പരമ്പരാഗതമായി, പ്രകൃതിയുടെയും മനുഷ്യന്റെയും ചിരപരിചിതങ്ങളായ ഭാവങ്ങളുടെ കലാപരമായ ആവിഷ്ക്കരണത്തിലൂടെയാണ് കവിയും കലാകാരനും സൃഷ്ടി നടത്തിക്കൊണ്ടിരുന്നത്. ഈ പരിചിത ഭാവങ്ങളിൽ എപ്പോഴും എന്തെങ്കിലും അർത്ഥം കണ്ടെത്തുവാൻ ആസ്വാദകനു കഴിഞ്ഞിരുന്നു. ഈ കണ്ടെത്താവുന്ന അർത്ഥങ്ങൾക്കതീതമായി,

അനുച്ചരണീയവും വ്യാഖ്യാനാതീതവുമായ ഒരർത്ഥം എല്ലാ അനശ്വര സൃഷ്ടികളിലുമുണ്ട്. വർണ്ണനീയവും വ്യാഖ്യാനക്ഷമവുമായ ഏതെങ്കിലു മൊരർത്ഥം കലാസൃഷ്ടിയിൽ നിറഞ്ഞു നില്ക്കുമ്പോൾ മുൻപറഞ്ഞ അവർണ്ണനീയാർത്ഥം ആസ്വാദകബോധത്തെ 'ശല്യ'പ്പെടുത്തുന്നില്ല. ഉദാ ഹരണമായി, കലാകാരനായ ഒരു ശില്പി സംവിധാനം ചെയ്ത ഒരു ഭവനം ഒരു കലാസൃഷ്ടിയാണ്. പക്ഷേ, സാധാരണഗതിയിൽ നമ്മെ ആദ്യം ആക ർഷിക്കുന്നത് ആ സൃഷ്ടിയുടെ 'പാർപ്പിടം' എന്ന മുഖ്യാർത്ഥമാണ്. ഈ ചിരപരിചിതാർത്ഥം നമ്മുടെ ബോധത്തിൽ നിറയുന്നതുകൊണ്ട്, ആ സൃഷ്ടിയിൽ വേറെന്തെങ്കിലും അർത്ഥം അതിന്റെ സ്രഷ്ടാവ് നിവേശി പ്പിച്ചിട്ടുണ്ടോ എന്ന് നാമന്വേഷിക്കുന്നില്ല. അതുപോലെ തന്നെ, ഒരു യഥാ ർത്ഥ ചിത്രം നമ്മെ ആനന്ദിപ്പിക്കുന്നു. പ്രകൃതിയുടെ സൂക്ഷ്മവും സുന്ദ രവുമായ അനുകരണം കണ്ടു നാമാനന്ദിക്കുകയും, ആനന്ദം എന്ന മുഖ്യാ ർത്ഥം അതിൽ നിറയുന്നതുകൊണ്ട് അതിനതീതമായ അർത്ഥമൊന്നും നാമന്വേഷിക്കാതിരിക്കുകയും ചെയ്യുന്നു. പ്രയോജനകരമായ 'പാർപ്പിടം' എന്ന മുഖ്യാർത്ഥത്തെ നിഷേധിച്ചിട്ട് ഞാനൊരു വീടു വച്ചാൽ അതു പരിഹാസ്യമായിത്തീരുന്നു, അർത്ഥരഹിതമായിത്തീരുന്നു. അതുപോലെ യാതൊരു പരിചിതാർത്ഥവുമില്ലാത്ത ഒരു ചിത്രം പരമ്പരാഗതമായി പരി ഹാസ്യവും അർത്ഥശൂന്യവുമായി പരിഗണിക്കപ്പെടുന്നു. ആധുനികകല യിലും സാഹിത്യത്തിലും ഇതു കുറെ സംഭവിച്ചിട്ടുണ്ട്. അതായത്, വസ്തു വിന്റെ മാധ്യമത്തിലൂടെ ചിരപരിചിതങ്ങളായ അർത്ഥങ്ങളെ ആവിഷ്ക്ക രിക്കാതെ, അവയെ നിരാകരിച്ച്, അവ്യക്തങ്ങളും ദുർഗ്രഹങ്ങളുമായ അർത്ഥങ്ങളെ ആവിഷ്ക്കരിക്കുക. ചുരുക്കത്തിൽ ആവിഷ്ക്കരണം "അർ ത്ഥശൂന്യ"മായി പരിണമിക്കുന്നു, പഴയ മാനദണ്ഡത്തിന്റെ അടിസ്ഥാന ത്തിൽ. ഇവിടെ ആവിഷ്ക്കരണത്തിന്റെ വിഷയം തന്നെ ശൂന്യതയും അർ ത്ഥരാഹിത്യവുമാണ് (ആധുനികതയുടെ പേരിൽ വളരെയേറെ വ്യാജാ വിഷ്ക്കരണങ്ങളുണ്ടെന്ന വസ്തുത ശൂന്യതാവിഷ്ക്കരണത്തിന്റെ യാഥാർ ത്ഥ്യത്തെ നിഷേധിക്കുന്നില്ല).

നമ്മെ സംബന്ധിച്ച് ഇവിടെ ഒരു സംഗതി ശ്രദ്ധേയമാണ്. അതായത്, വസ്തുവിൽ അർത്ഥാന്വേഷണം നടത്തുന്ന സർഗ്ഗാത്മകബോധം ഒരു പ്രതിസന്ധിയിലെത്തുന്നു എന്ന വസ്തുത. വസ്തുവിന്റെ മാധ്യമത്തിന് അതിൽത്തന്നെയുള്ള അർത്ഥങ്ങളുടെ സാദ്ധ്യതാ പരിമിതിയാണാ പ്രതി സന്ധി. സർഗ്ഗാത്മകബോധമാണ് ഈ പ്രതിസന്ധിയെ ഗ്രഹിക്കുന്നത്. ചിര പരിചിതങ്ങളായ അർത്ഥങ്ങൾ ഈ ബോധത്തെ തൃപ്തിപ്പെടുത്തുന്നില്ല. പക്ഷേ, പ്രതിസന്ധീഗ്രഹണത്തിനു ശേഷവും ചിരപരിചിതാർത്ഥങ്ങളി ലൂടെയുള്ള ആവിഷ്ക്കരണം നടക്കുന്നുമുണ്ട്. ഇത് ആധുനികന്റെ മാത്രം പ്രശ്നമല്ല. എല്ലാ കാലത്തുമുള്ള ആവിഷ്ക്കർത്താക്കൾ ഈ പ്രതിസ

ന്ധിയെ നേരിട്ടിട്ടുണ്ട്. പക്ഷേ, സമൂഹത്തിന്റെ പൊതുവായ ആസ്വാദന ബോധം നിശ്ചിതമായ നിയമങ്ങളിലും പരിചിതാർത്ഥങ്ങളിലും ബന്ധിക്കപ്പെട്ടിരുന്നതുകൊണ്ട് ആ വഴിക്കുള്ള ആവിഷ്ക്കാരം സ്രഷ്ടാവിനു താല്ക്കാലിക സംതൃപ്തി നല്കുകയും 'അവർണ്ണനീയാർത്ഥ'ത്തിന്റെ അന്വേഷണവും ആവിഷ്ക്കരണവും സൃഷ്ടിയുടെ പരിമിതമായ മുഖ്യാർത്ഥത്തിനു പിറകിലൊളിക്കയും ചെയ്തിരുന്നു. ആധുനിക കാലത്ത് ഒളിച്ചിരിക്കുന്ന ഈ അർത്ഥങ്ങൾ തേടിയുള്ള അന്വേഷണമുണ്ടായിട്ടുണ്ട് എന്ന് സംശയമില്ല. ഈ പുതിയ അന്വേഷണം ആരംഭിക്കുന്നത് നാം മുകളിൽ സൂചിപ്പിച്ച പ്രതിസന്ധി അഥവാ വസ്തുവിന്റെ മാധ്യമത്തിന് അതിൽതന്നെയുള്ള അർത്ഥസാദ്ധ്യതയുടെ പരിമിതിയെക്കുറിച്ചുള്ള ബോധത്തിൽ നിന്നാണ്.

പരിമിതീബോധത്തിന്റെ ഈ ഘട്ടത്തിൽ കലാസൃഷ്ടിയിൽ അന്ധകാരത്തിന്റെയും ശൂന്യതയുടെയും ആവിഷ്ക്കരണം സാദ്ധ്യമാണ്. ഈ ഘട്ടത്തിലുണ്ടാകുന്ന അന്ധകാരാവിഷ്ക്കരണം ആധുനിക സാഹിത്യത്തിൽ ഒട്ടും കുറവല്ല. അതിനെ വ്യാജമെന്നോ സത്യമെന്നോ വിളിക്കാൻ കഴിയുകയില്ലെന്നു തോന്നുന്നു. അതു വ്യാജമല്ല. കാരണം, നമ്മുടെ വാദമനുസരിച്ച് ഇത് സ്രഷ്ടാവ് അഭിമുഖീകരിക്കുന്ന യാഥാർത്ഥ്യമാണ്. വസ്തുവിന്റെ അർത്ഥസാദ്ധ്യതാപരിമിതി സർഗ്ഗാത്മകബോധത്തെ ഭയപ്പെടുത്തുകയും, അതിനെ ശൂന്യതയുടെ വക്കിലേക്കു നയിക്കയും ചെയ്യുന്നു. അവിടെ ദൃശ്യമാകുന്ന അന്ധകാരത്തെ അങ്ങനെതന്നെ ആവിഷ്ക്കരിക്കാൻ സർഗ്ഗാത്മകബോധം ആ പ്രത്യക സാഹചര്യത്തിൽ നിർബന്ധിതമായിത്തീരുന്നു. അപ്പോൾ അതു വ്യാജമല്ലെന്നു നമുക്ക് തല്ക്കാലം പറയാം. പക്ഷേ, സത്യവുമല്ല. കാരണം ബോധത്തിന്റെ അർത്ഥാന്വേഷണപരതയെ കൃത്രിമമായി അവസാനിപ്പിക്കുകയാണിവിടെ. അന്ധകാരവും ശൂന്യതയും ആത്യന്തികബിന്ദുവായിട്ടാണ് ഇവിടെ ആവിഷ്ക്കരിക്കപ്പെടുന്നത്. സൃഷ്ടിയുടെ പഴയ മാനദണ്ഡത്തിൽ ചിരപരിചിതങ്ങളായ അർത്ഥങ്ങളെ പ്രമുഖാർത്ഥമാക്കി മാറ്റിയതുപോലെ, ഇവിടെ സ്രഷ്ടാവിനനുഭവപ്പെടുന്ന അർത്ഥസാദ്ധ്യതാ പരിമിതീബോധത്തെ പ്രമുഖാർത്ഥമാക്കി മാറ്റി അന്ധകാരാവിഷ്ക്കരണം നടത്തുകയാണ്. യഥാർത്ഥത്തിൽ സർഗ്ഗാത്മകബോധത്തിന്റെ അർത്ഥാന്വേഷണം അവസാനിച്ചിട്ടില്ല. എന്തർത്ഥമാണതു തേടുന്നത് എന്ന മുൻ ചോദ്യത്തിന് ഉത്തരം നല്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് അതു സത്യമല്ലെന്നു സൂചിപ്പിച്ചത്. യഥാർത്ഥത്തിൽ പരമ്പരാഗതമായ പരിചിതാർത്ഥങ്ങളുടെ നിഷേധവും അർത്ഥസാദ്ധ്യതയെക്കുറിച്ചുള്ള പരിമിതിബോധവും സർഗ്ഗാത്മകബോധത്തിനു മുൻപിൽ പുതിയൊരു പാത തുറക്കുന്നുണ്ട്. ഈ പാതയെ ഇവിടെ അവഗണിച്ചിരിക്കുകയാണ്, ശൂന്യതാവിഷ്ക്കരണത്തിലൂടെ.

സർഗ്ഗാത്മകബോധത്തിന്റെ മുകളിൽ വിവരിച്ച പ്രവർത്തങ്ങളെയെല്ലാം കൂടി സൗകര്യത്തിനുവേണ്ടി സ്രഷ്ടാവിന്റെ 'വസ്തുബോധം' എന്നു നമുക്ക് വിളിക്കാം. കാരണം വസ്തുവിന്റെ ഗ്രഹണം, രൂപാന്തരീകരണം, അർത്ഥസാദ്ധ്യതാന്വേഷണം എന്നിവയാണല്ലോ ഇവിടെ വിഷയങ്ങൾ. വസ്തുബോധത്തിന്റെ തലത്തിലെ പ്രവർത്തനം സ്രഷ്ടാവിനു താരത മ്യേന സുഗമമാണ്. കാരണം ഇവിടെ വിഷയമായിരിക്കുന്നത് ഇന്ദ്രിയാ നുഭവക്ഷമമായ വസ്തുവാണ്, അഥവാ സമൂർത്ത യാഥാർത്ഥ്യമാണ്, അതിന്റെ രൂപാന്തരീകരണക്രിയയും രൂപഭേദമായ സൃഷ്ടിയും ഒരളവിൽ സമൂർത്തമായിത്തന്നെ നിലകൊള്ളുന്നു. അമൂർത്തങ്ങളെന്നു വിശേഷി പ്പിക്കാവുന്ന നേരിയ മാനുഷികഭാവങ്ങൾ പോലും അവയുടെ പരിചി തത്വവും മൂർത്തമായ ആവിഷ്കരണവും മൂലം ഇന്ദ്രിയാനുഭവവേദ്യങ്ങ ളായിത്തന്നെ നിലകൊള്ളുന്നു. ഈ തലത്തിൽ ആരംഭം, പുരോഗതി, നാശം എന്നീ ത്രിമാനങ്ങളിലാണ് സൃഷ്ടിയുടെ അർത്ഥത്തെ ഇവിടെ മനസ്സിലാക്കുന്നത്. സൃഷ്ടിയുടെ നാശോന്മുഖമായ പുരോഗതിയും നാശ വും സർഗ്ഗാത്മകബോധത്തിൽ ആശങ്കയും ഭയവും അങ്കുരിപ്പിക്കുന്നുണ്ടെ ങ്കിലും വസ്തുവിന്റെ രൂപാന്തരീകരണത്തിൽ ശ്രദ്ധ പതിപ്പിച്ച് അതിൽ തന്നെ നിലനില്ക്കാൻ സ്രഷ്ടാവിനു കഴിയും. നിരന്തരമായ ചലനം മൂലം സ്വന്തം അസ്തിത്വത്തെ ഭീഷണിപ്പെടുത്തുന്ന ബാഹ്യയാഥാർത്ഥ്യത്തെ രൂപാന്തരപ്പെടുത്തുന്നതിലൂടെ അഥവാ സൃഷ്ടിക്കുന്നതിലൂടെ, അതിന്റെ മേൽ ആധിപത്യം നേടാനും സ്വയം സുരക്ഷിതത്വം നേടാനും കൂടിയാണ് ഈ തലത്തിൽ സർഗ്ഗാത്മകബോധം പ്രവർത്തിക്കുന്നത്. പക്ഷേ, തത്ഫ ലമായ സൃഷ്ടി കൂടുതൽ ഭയജന്യമായിത്തീരുന്നു. ആ ഭയത്തെ ദൂരീക രിക്കാൻ വീണ്ടും സൃഷ്ടിക്കുന്നു. ഇതൊരുതരം വിഷമവൃത്തമായിത്തീ രുന്നു. വസ്തുബോധത്തിന്റെ ചിലഘട്ടങ്ങളിൽ ഉളവാകുന്ന അർത്ഥസാ ദ്ധ്യതാ പരിമിതീബോധത്തെ തെറ്റിദ്ധരിക്കുന്ന സർഗ്ഗാത്മകബോധം ഈ വിഷമവൃത്തത്തിൽ ചുറ്റിത്തിരിയുന്നു.

# സഭയും ക്രിസ്തുവിന്റെ അധികാരവും

## അധികാരത്തിന്റെ സാധാരണ അർത്ഥം

'അധികാരം' എന്ന വാക്ക് ആധുനിക കാലത്ത് ആരും അധികം ഇഷ്ടപ്പെടാത്ത ഒന്നാണ്. അധികാരത്തെക്കുറിച്ചുള്ള ധാരണകളിലും അതിന്റെ പ്രയോഗത്തിലും വന്നുപോയിട്ടുള്ള പാകപിഴകളായിരിക്കാം ഈ ഇഷ്ടമില്ലായ്മയ്ക്കു കാരണം. അധികാരമെന്നത് ആജ്ഞാപിക്കാനും അനുസരിപ്പിക്കാനുമുള്ളതാണെന്നു ധരിച്ചാൽ, കല്പിക്കുന്നവരും കല്പന അനുസരിക്കുന്നവരും എന്നു രണ്ടായി ആളുകളെ തരംതിരിക്കേണ്ടി വരും. ഭരിക്കുന്നവരും ഭരണീയരും തമ്മിൽ അഥവാ അധികാരികളും വിധേയരും തമ്മിലുള്ള വ്യക്തമായ ചേരിതിരിവ് ഇന്നു പലർക്കും അരോചകമാണ്. ഈ വ്യക്തമായ വേർതിരിവിനെ പൂർണ്ണമായി ന്യായീകരിക്കുന്ന ആളുകൾ തമ്മിൽ നൂറു നൂറു വ്യത്യാസങ്ങളും ചേരികളും വൈരുദ്ധ്യങ്ങളും രൂപമെടുക്കുന്നു. അധികാരത്തെക്കുറിച്ചുള്ള അബദ്ധധാരണകളും അതിന്റെ ദുർവിനിയോഗവും പലപ്പോഴും സമൂഹത്തിൽ കലഹങ്ങൾക്കും ഭിന്നതകൾക്കും കാരണമാകുന്നു. ക്രിസ്തീയ സഭയുടെ ചരിത്രം പരിശോധിച്ചാലും വ്യക്തികളുടെ അധികാര ലഹരിയും അതിൽ നിന്നുത്ഭവിക്കുന്ന പ്രശ്നങ്ങളുമാണ് സഭാശരീരത്തിൽ പല കനത്ത ആഘാതങ്ങളും ഏല്പിച്ചിട്ടുള്ളത് എന്നു വ്യക്തമാകും. ഇന്നു ലോകത്തിൽ പൊതുവെ, അധികാരത്തിന്റെ സ്വഭാവത്തെ പുനഃപരിശോധിക്കാനുള്ള ചില ശ്രമങ്ങൾ നടന്നു വരുന്നുണ്ട്. ഇതിൽ ക്രൈസ്തവ സഭയ്ക്കും അതിന്റേതായ പങ്കു വഹിക്കാനുണ്ട്.

### സഭയുടെ അധികാരമാതൃക

സഭയുടെ അധികാരം യേശുക്രിസ്തുവിൽ നിന്നു ലഭിച്ചതാണ് (ലൂക്കോ. 9:1, 10:19). ക്രിസ്തുവിന്റെ അധികാരവും തന്റെ ശരീരമായ സഭയുടെ അധികാരവും തമ്മിൽ സാധർമ്മ്യമുണ്ട്. ക്രിസ്തുവിന്റെ അധികാരം തന്നെയാണ് മൗലികമായി സഭയിലും പ്രകടിതമാകേണ്ട അധികാരം. യേശുക്രിസ്തു ഒരേ സമയം പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായിരിക്കുന്നതുപോലെ, സഭയും ഒരേ സമയം ദിവ്യവും മാനുഷികവുമായ യാഥാർത്ഥ്യമാണെന്നു നാം വിശ്വസിക്കുന്നു. അതുകൊണ്ട് സഭയുടെ അധികാരത്തിലും സഭയ്ക്കുള്ളിൽ പ്രകടിപ്പിക്കപ്പെടുന്ന അധികാരത്തിലും ഈ രണ്ടു വശങ്ങൾ സമ്മേളിക്കുന്നു. സഭയുടെ അധികാരത്തിന് ആധാരമായി യേശുക്രിസ്തുവിന്റെ അധികാരം എന്തായിരുന്നുവെന്നു മനസ്സി

ലാക്കേണ്ടതാണ്.

### അധികാരം എന്തെല്ലാം?

ഒന്നാമതായി, തന്റെ അധികാരം എന്തെല്ലാമായിരുന്നുവെന്നു കർത്താവ് വ്യക്തമാക്കുന്നു (മത്താ. 20:28). യേശു ലൗകികമായ സാമ്രാജ്യം സ്ഥാപിക്കുന്ന മിശിഹായായിരിക്കുമെന്നു കുറെ യഹൂദന്മാർക്കു പ്രതീക്ഷയുണ്ടായിരുന്നു. കർത്താവിനെ ഒറ്റിക്കൊടുത്ത യൂദാ ഇങ്ങനെ പ്രതീക്ഷിച്ചിരുന്നവരിൽ ഒരുവനായിരുന്നു എന്നു മനസ്സിലാക്കുന്നതിൽ തെറ്റില്ല. അതുപോലെ തന്നെ സെബദി പുത്രന്മാരായ യാക്കോബിന്റെയും യോഹന്നാന്റെയും അമ്മ കർത്താവിനോടു ചെയ്യുന്ന അപേക്ഷ ശ്രദ്ധേയമാണ് (മത്താ. 20:20-28). ക്രിസ്തു രാജാവായി വരുമ്പോൾ തന്റെ മക്കൾക്കു ഇടത്തും വലത്തുമുള്ള സ്ഥാനങ്ങൾ നല്കണമെന്നാണ് ആ അമ്മയുടെ അപേക്ഷ. 'ഞാൻ കുടിപ്പാനിരിക്കുന്ന പാനപാത്രം കുടിപ്പാൻ നിങ്ങൾക്കു കഴിയുമോ?' എന്നു കർത്താവു മറുപടിയായി ചോദിക്കുമ്പോൾ പോലും തീർത്തും ലൗകികാർത്ഥത്തിലാണ് അവരതെടുക്കുന്നത്. ഈ സംഭവത്തെ തുടർന്നാണ് തന്റെയും അപ്പോസ്തലന്മാരുടെയും താൻ സ്ഥാപിക്കാനിരിക്കുന്ന സഭയുടെയും അധികാരത്തിന്റെ സ്വഭാവം കർത്താവ് വെളിപ്പെടുത്തുന്നത്. ലോകത്തിൽ സാധാരണ കാണുന്ന അധികാരമല്ല അത് എന്ന് ആദ്യമെ സുവ്യക്തമാക്കുന്നു. എന്തിലാണ് തന്റെ അധികാരം അടങ്ങിയിരിക്കുന്നത് എന്ന് തുടർന്നു സൂചിപ്പിക്കുന്നു: 'ജാതികളുടെ അധിപന്മാർ അവരിൽ കർത്തൃത്വം ചെയ്യുന്നു എന്നും, മഹത്തുക്കൾ അവരുടെമേൽ അധികാരം നടത്തുന്നു എന്നും നിങ്ങൾ അറിയുന്നു. നിങ്ങളിൽ അങ്ങനെ ആകരുത്. നിങ്ങളിൽ മഹാൻ ആകാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷകൻ ആകേണം. നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസൻ ആകേണം. മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതു പോലെ തന്നെ' (മത്താ. 20:25-28).

### നിർവചനം സാദ്ധ്യമോ?

രണ്ടാമതായി, തന്റെ അധികാരത്തിന്റെ അടിസ്ഥാനവും സ്വഭാവവും എന്താണെന്നു വ്യക്തമാക്കുവാൻ യഹൂദ പ്രമാണിമാർ യേശുവിനോട് ആവശ്യപ്പെടുന്നുണ്ടെങ്കിലും അതു വാക്കുകളിലൂടെ നിർവചിക്കുവാൻ അദ്ദേഹം വിമുഖത കാണിക്കുന്നു (മത്താ. 21:23-27). 'നീ എന്തധികാരം കൊണ്ട് ഇതു ചെയ്യുന്നു. ഈ അധികാരം നിനക്കു തന്നത് ആര്?' എന്നാണ് മഹാപുരോഹിതന്മാരും ജനത്തിന്റെ പ്രമാണിമാരും യേശുവിനോടു ചോദിക്കുന്നത്. നേരിട്ട് ഉത്തരം പറയാതെ ഒരു മറുചോദ്യമാണ്

കർത്താവ് അവരോടു ചോദിക്കുന്നത്. 'യോഹന്നാന്റെ സ്നാനം സ്വർഗ്ഗത്തിൽ നിന്നോ? മനുഷ്യരിൽ നിന്നോ?' തങ്ങളെ കുരുക്കിൽപ്പെടുത്തുന്ന ചോദ്യമാണിതെന്നു മനസ്സിലാക്കിയ യഹൂദ പ്രമാണിമാർ അജ്ഞത ഭാവിച്ച് ഒഴിഞ്ഞു മാറുന്നു. 'ഞങ്ങൾക്ക് അറിഞ്ഞുകൂടാ' എന്നാണവരുടെ ഉത്തരം. 'എന്നാൽ ഞാൻ ഇതെന്തധികാരം കൊണ്ടു ചെയ്യുന്നു എന്നു ഞാനും നിങ്ങളോടു പറയുന്നില്ല' എന്നാണ് യേശുവിന്റ മറുപടി.

എന്തുകൊണ്ടാണ് വ്യക്തമായി തന്റെ അധികാരത്തിന്റെ ഉറവിടവും സ്വഭാവവും വെളിപ്പെടുത്താൻ യേശു ഇവിടെ മടിക്കുന്നത്? കാരണം തന്നെ മനഃപൂർവ്വം  അവിശ്വസിക്കുന്നതിനും താൻ പറയുന്ന സത്യത്തെ ബോധപൂർവ്വം അവഗണിക്കുന്നതിനും തയ്യാറായി വരുന്നവരോട് ആഴമായി എന്തെങ്കിലും പറയുന്നത് അർത്ഥശൂന്യമാണെന്നു കർത്താവിനറിയാമായിരുന്നു. യഥാർത്ഥവിശ്വാസം മൂലം ദൈവപുത്രനായ യേശുവിനെ പൂർണ്ണമായി സ്വീകരിക്കുവാൻ മനസ്സൊരുക്കമുള്ള ഒരു സമൂഹത്തിൽ മാത്രമേ കർത്താവ് തന്റെ ദിവ്യരഹസ്യങ്ങൾ വെളിപ്പെടുത്തുന്നുള്ളു. കർത്താവ് രോഗികളെ സൗഖ്യമാക്കുന്ന പല സന്ദർഭങ്ങളിലും അവിശ്വാസികളായ യഹൂദ നേതാക്കന്മാർ ചോദിക്കുന്നത് ഒരേ ചോദ്യമാണ്. 'നീ എന്തധികാരത്തിൽ ഇതു ചെയ്യുന്നു?' 'യേശു അവരുടെ ശാസ്ത്രിമാരെ പോലെയല്ല അധികാരമുള്ളവനായിട്ടത്രെ അവരെ പഠിപ്പിച്ചത്' (മത്തായി 7:29) എന്ന് അവർ മനസ്സിലാക്കുന്നുണ്ട്. പക്ഷേ, ആ അധികാരത്തിന്റെ ആഴമായ അടിസ്ഥാനം എന്താണെന്ന് അന്വേഷിക്കാൻ ശ്രമിക്കാതെ, അതിനെ ചോദ്യം ചെയ്യാനും നിരാകരിക്കാനുമാണ് അവരുടെ ശ്രമം. അതുകൊണ്ട് കൂടുതലെന്തെങ്കിലും അവർക്കു  വെളിപ്പെടുത്തിക്കൊടുക്കാൻ യേശു ആഗ്രഹിക്കുന്നില്ല. തന്റെ വിമർശകർക്ക് യുക്തിപരവും വ്യക്തവുമായ ഒരു നിർവചനം അധികാരത്തെക്കുറിച്ചു നല്കാൻ കർത്താവ് മടിക്കുന്നത് സഭയ്ക്കു മാതൃകയാണ്. അധികാരത്തിന്റെ നിർവചനങ്ങളിൽ ചിലപ്പോൾ സഭ അമിതമായി ശ്രദ്ധിക്കാറുണ്ട്. അവിശ്വാസവും പാപവുമുള്ള ഒരു ലോകത്തിൽ അധികാരത്തിന്റെ വാഗ്രൂപത്തിലുള്ള നിർവചനങ്ങൾക്കു വലിയ അർത്ഥമില്ല. പലപ്പോഴും ലൗകികാധികാരത്തിന്റെ മാതൃകയിലും രൂപത്തിലും വാക്കുകളിലുമായിരിക്കും ക്രിസ്തീയാധികാരം നിർവചിക്കപ്പെടുക. ഇത് കൂടുതൽ പ്രശ്നങ്ങളുണ്ടാക്കും. യേശുവിന്റെ ജീവിതത്തിന്റെ ത്യാഗപൂർണ്ണമായ ആകെത്തുകയിലാണ് തന്റെ അധികാരം കുടികൊണ്ടിരിക്കുന്നത്. ആ അധികാരം വാക്കുകളിലും ഉപദേശങ്ങളിലും പ്രതിഫലിക്കുമെങ്കിലും ശുഷ്ക്കമായ നിർവചനങ്ങളിലും കാനോൻ നിയമങ്ങളിലും ഭരണഘടനയുടെ അനുശാസനങ്ങളിലും ആ അധികാരത്തെ എപ്പോഴും ഒതുക്കിനിർത്തുവാൻ സാധ്യമല്ല.

## അധികാരം വെളിപ്പെടുത്തുന്നു

മൂന്നാമതായി, തന്റെ അധികാരം എന്താണെന്നു വാക്കുകളിലൂടെയല്ല, പ്രവൃത്തിയിലൂടെ ക്രിസ്തു കാണിക്കുന്നു. നല്ല വൈദ്യനെപ്പോലെ രോഗികളെ സൗഖ്യമാക്കുന്ന കർത്താവ്, സൗഖ്യം നൽകുന്ന പ്രവൃത്തിയിലൂടെ അധികാരം വെളിപ്പെടുത്തുന്നു. പള്ളിയിൽ വച്ച് അശുദ്ധാത്മാവ് ബാധിച്ച മനുഷ്യനെ സൗഖ്യമാക്കുമ്പോൾ 'അവൻ അധികാരത്തോടെ അശുദ്ധാതാത്മാക്കളോടും കല്പിക്കുന്നു. അവ അവനെ അനുസരിക്കുകയും ചെയ്യുന്നു' എന്നു ജനങ്ങൾ അദ്ഭുതപ്പെടുന്നു (മാർക്കോ. 1:27). ഒരു നല്ല ഇടയനെപ്പോലെ കർത്താവ് തന്റെ ആടുകളെക്കുറിച്ച് ആഴമായ കരുതൽ കാണിക്കുകയും അവയ്ക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുകയും ചെയ്യുന്നു (യോഹ. 10:11). ഒരു ദാസനെപ്പലെ തൂവാല അരയ്ക്കു കെട്ടി തന്റെ ശിഷ്യന്മാരുടെ കാലുകളെ കഴുകുന്നു (യോഹ. 13:4-5). മഹാപുരോഹിതനെപ്പോലെ സകല സൃഷ്ടിക്കും വേണ്ടി പ്രാർത്ഥിക്കുന്നു (യോഹ. 17). 'അവൻ ദൈവരൂപത്തിലിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്ത് മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി. തന്നെത്താൻ താഴ്ത്തി മരണത്തോളം. ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായിത്തീർന്നു (ഫിലി. 2:6-8). ഈ അനുസരണം കർത്താവിന്റെ അധികാരത്തിന്റെ കാതലായ ഘടകമായിരുന്നു. അധികാരവും അനുസരണയും രണ്ടു വിരുദ്ധ ധ്രുവങ്ങളിലായിട്ടാണു നാം സാധാരണ കാണുന്നതെങ്കിലും ക്രിസ്തുവിൽ അവ രണ്ടും പുതിയ അർത്ഥങ്ങളോടെ സമ്മേളിക്കുന്നു.

മനുഷ്യാവതാരം ചെയ്ത ക്രിസ്തു ലോകത്തിൽ ബലഹീനമായതു തെരഞ്ഞെടുത്തു. ഭോഷത്തമെന്നു ലോകം വിധിച്ച കുരിശിനെ വരിച്ചു. അങ്ങനെ അധികാരത്തിനു പുതിയ വ്യാഖ്യാനം നല്കി. അധികാരം സേവനത്തിലും ആത്മത്യാഗത്തിലുമാണ് അടങ്ങിയിരിക്കുന്നതെന്നു നമ്മെ പഠിപ്പിച്ചു.

# മനുഷ്യനെ തൊട്ടുരുമ്മുന്ന പ്രകൃതി

അപ്രസക്തമായ ഒരു പ്രശ്നമാണിത് എന്ന് ചിലർക്ക് തോന്നാം. ശരിയാണ്. യാഥാർത്ഥ്യബോധത്തോടെ ചിന്തിക്കുന്നവർക്ക്, മനുഷ്യവ്യക്തികൾ തമ്മിലും സമൂഹങ്ങൾ തമ്മിലുമുള്ള അനുരഞ്ജനം മാത്രമാണ് നാം പരിഗണിക്കേണ്ടത് എന്ന് ബോദ്ധ്യമാണ്. നമ്മുടെ സമൂഹത്തിലും ഇടവകകളിലും, കുടുംബങ്ങളിലും, അനുരഞ്ജനം പ്രാവർത്തികമാക്കാതെ എങ്ങനെയാണ് നാം ആഗോളതലത്തിലും, പ്രാപഞ്ചികതലത്തിലും, സമാധാനത്തെക്കുറിച്ച് സംസാരിക്കുന്നത്? ചോദ്യത്തിൽ വളരെ കഴമ്പുണ്ടെങ്കിലും, ഒരേസമയം ഇവയെക്കുറിച്ചെല്ലാം ചിന്തിക്കേണ്ടിയിരിക്കുന്നു.

കഴിഞ്ഞ ദിവസം ഒരു വാർത്ത വായിക്കുകയുണ്ടായി. 30 ദശലക്ഷം (300 ലക്ഷം) വർഷം പഴക്കമുള്ള നിഷ്ക്രിയമായിരുന്ന ഒരു ബാക്റ്റീരിയത്തെ ഒരു ശാസ്ത്രജ്ഞൻ ഉണർത്തിയെടുത്തുവെന്ന്. ഇത് ശരിയാണെങ്കിൽ ജീവന്റെ തുടർച്ചയെ സംബന്ധിച്ച് പല ധാരണകളും തിരുത്തിയെഴുതേണ്ടിവരും. ഇതുവരെ നമുക്കറിയാൻ പാടില്ലാതിരുന്ന പലതരം രോഗാണുക്കളും ജൈവരൂപങ്ങളും ഭൂമിയിൽ പ്രത്യക്ഷപ്പെട്ടേക്കാം. എയ്ഡ്സ് രോഗത്തിന്റെ വരവിനു മുമ്പ് ലോകാരോഗ്യ സംഘടന ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നത് ലോകത്തിലെ എല്ലാ പകർച്ചവ്യാധികളെയും ആധുനികശാസ്ത്രം ഉന്മൂലനം ചെയ്തുവെന്നാണ്. വസൂരി, മലേറിയ തുടങ്ങിയ രോഗങ്ങൾക്ക് ഇന്നുള്ള പ്രതിവിധികളെ അതിജീവിക്കാൻ കഴിയുന്ന പുതിയ രോഗാണുക്കൾ ഉണ്ടായേക്കാം. ലക്ഷോപലക്ഷമുള്ള അതിസൂക്ഷ്മജീവികളെക്കുറിച്ചും അവയ്ക്കു നമ്മുടെ ലോകത്തിലുള്ള സ്ഥാനത്തെക്കുറിച്ചുമൊന്നും നമുക്ക് ഇന്നും കാര്യമായ അറിവില്ല.

ദൈവത്തിന്റെ സൃഷ്ടിയെക്കുറിച്ച് പുതിയൊരു ബോധം ഇന്ന് ലോകമാസകലം വ്യാപിച്ചിട്ടുണ്ട്. പരിസ്ഥിതിബോധം ഇന്ന് എല്ലാ പ്രസ്ഥാനങ്ങളെയും, ചിന്താധാരകളെയും സ്വാധീനിക്കുന്നു. മനുഷ്യ പുരോഗതിയുടെ ഫലമായി ഭൂമിയിലും കടലിലും അന്തരീക്ഷത്തിലുമുണ്ടായിരിക്കുന്ന മാറ്റങ്ങൾ മനുഷ്യജീവനെ മാത്രമല്ല എല്ലാ ജീവജാലങ്ങളെയും ഭൂമുഖത്തുനിന്നും തുടച്ചു മാറ്റിയേക്കാം എന്ന ഭയം വികസിത രാഷ്ട്രങ്ങളിലും, ദരിദ്രരാജ്യങ്ങളിലും ഒരുപോലെ ഉണ്ടായിട്ടുണ്ട്.

പരിസ്ഥിതിയെക്കുറിച്ചുള്ള പഠനങ്ങളും, ചിന്തകളും ചൂണ്ടിക്കാണിക്കുന്ന ഒരു പ്രധാന വസ്തുത മനുഷ്യവർഗ്ഗത്തിനു മറ്റുള്ള ജീവികളിൽ നിന്നും ചെടികളിൽ നിന്നും ഒറ്റപ്പെട്ട് സ്വതന്ത്രമായ ജീവിതം നയിക്കുവാൻ സാധ്യമല്ല എന്നതാണ്. ജന്തുസസ്യാദികളോട് ആഴമായ ബന്ധം പുലർത്തി അവയെക്കൂടി ഉൾക്കൊള്ളുന്ന ഒരു മനുഷ്യരാശിക്കേ ഇനി നില

നിൽപ്പുള്ളു എന്ന വസ്തുത ഇന്ന് പൊതുവേ മനസ്സിലാക്കി വരികയാണ്. ഇത് ഒരു പുതിയ ചിന്തയൊന്നുമല്ല. മനുഷ്യവർഗ്ഗം ഈ നൂറ്റാണ്ടിൽ നേടിയ വൻ ശാസ്ത്ര സാങ്കേതിക പുരോഗതിക്കു മുമ്പേ, നൂറ്റാണ്ടുകൾക്കു മുമ്പേ മനുഷ്യന് അറിയാമായിരുന്ന കാര്യമാണിത്.

ഉൽപത്തി പുസ്തകത്തിൽ ആദമും ഹവ്വയും ദൈവവുമായും പ്രകൃതിയുമായും സമ്പൂർണ്ണ സൗഹൃദത്തിലാണ് കഴിഞ്ഞതെന്ന് നാം വായിക്കുന്നു. അന്നു മനുഷ്യൻ സസ്യഭുക്കായിരുന്നു (Vegetarian). ഭൂമിയിലെ പച്ച സസ്യമൊക്കെയും അവർക്ക് ആഹാരമായിരുന്നു. കൊല്ലും കൊലയുമില്ല. ഇത് പാപം ചെയ്യുന്നതിനു മുമ്പുള്ള അവസ്ഥ. എന്നാൽ ഉൽപത്തി പുസ്തകം 9–ാം അദ്ധ്യായത്തിൽ ജലപ്രളയത്തിനു ശേഷമുള്ള മനുഷ്യവർഗ്ഗത്തെക്കുറിച്ച് പറയുന്നത് ശ്രദ്ധേയമാണ് (9:1–3). ഇതാണ് നമ്മുടെ ലോകത്തിന് സംഭവിച്ചത്. ആദാമിനെയും, ഹവ്വായെയും തൊട്ടുരുമ്മി നടന്ന മൃഗങ്ങൾ, അവരിട്ട പേരുകൾ വിളിക്കുന്നത് കേട്ടാൽ ഓടിയെത്തുന്ന മൃഗങ്ങൾ, മനുഷ്യനെ ഭയപ്പെടുന്നു. ഓടിയൊളിക്കുന്നു. നേരിട്ടു വന്നാൽ ആക്രമിക്കാനൊരുമ്പെടുന്നു.

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഈ ശത്രുതയുടെ ആരംഭം മനുഷ്യനിൽ നിന്നാണ്. ആദാമും ഹവ്വായും തമ്മിൽ വാഗ്വാദം, വഴക്ക്. നീയാണ് എനിക്ക് പഴം തന്നത് എന്ന് ഒരാൾ. നീ എന്തിന് വാങ്ങിയെന്ന് മറ്റൊരാൾ. കായേൻ സ്വന്തം സഹോദരന്റെ രക്തം ചീന്തി, ദൈവത്തിന്റെ ശാപവും സംരക്ഷണ മുദ്രയും വാങ്ങി ഭൂമിയിൽ അലഞ്ഞു നടന്നു.

ഇന്നുണ്ടായിരിക്കുന്ന പരിസ്ഥിതി പ്രതിസന്ധിയുടെ യഥാർത്ഥ കാരണം കിടക്കുന്നത് മനുഷ്യരിലും അവരുടെ പരസ്പര ബന്ധത്തിന്റെ പ്രശ്നങ്ങളിലുമാണ്. മനുഷ്യബന്ധങ്ങൾ ശരിയാകുമ്പോൾ പ്രകൃതിയുമായുള്ള ബന്ധം ശരിയാകും. അത് തിരിച്ചുമാകാം. പ്രകൃതിയുമായുള്ള ബന്ധം ശരിയാകുന്നതിന്റെ ഫലമായി മനുഷ്യബന്ധങ്ങൾ ചിലപ്പോഴൊക്കെ ശരിയാകും. കാർ സ്റ്റാർട്ട് ചെയ്ത് കഴിഞ്ഞാണല്ലോ അതിന്റെ ചക്രങ്ങൾ ഉരുളുക. ചിലപ്പോൾ സ്റ്റാർട്ട് ആക്കാൻ വണ്ടിയിലെ ചക്രങ്ങൾ ഉരുട്ടി സ്റ്റാർട്ട് ആക്കുന്നു. എന്നു പറഞ്ഞതുപോലെ പ്രകൃതിയോടുള്ള നഷ്ടപ്പെട്ട സൗഹൃദവും, കരുതലും ആർദ്രതയും, നാം വീണ്ടെടുത്താൽ മനുഷ്യമനസ്സുകളെ ബന്ധപ്പെടുത്താനും അതുമൂലം മാനുഷിക ബന്ധങ്ങൾ ശരിയാക്കാനും കഴിയും.

ഇന്ന് ഇക്കോളജിയുമായി ബന്ധപ്പെടുത്തി പുതിയ ദൈവശാസ്ത്ര ചിന്തകൾ ധാരാളം മുളച്ചു വരുന്നുണ്ട്. Eco-theology, Eco-Spirituality, Eco-feminism തുടങ്ങിയ പദങ്ങൾ പാശ്ചാത്യ ദൈവശാസ്ത്ര ചിന്തയിൽ സുപരിചിതങ്ങളാണ്. ബിസിനസ് രംഗത്തും വ്യവസായോൽപാദനരംഗത്തും

ഈ വാക്ക് മാർക്കറ്റിംഗിനു വേണ്ടി ഉപയോഗിക്കുന്നു. ഒരു പുതിയ കാറിനെയോ കമ്പ്യൂട്ടറിനെയോ, Eco friendly എന്ന ലേബലിൽ വിറ്റഴിക്കാൻ എളുപ്പമാണ്. കാറിൽ നിന്നും വിഷലിപ്തമായ പുക വരുകയില്ലെന്നോ, വലിയ ശബ്ദം ഉണ്ടാവുകയില്ലെന്നോ, കമ്പ്യൂട്ടർ സ്ക്രീനിൽ നിന്ന് radiation ഉണ്ടാവുകയില്ലെന്നോ ആയിരിക്കാം അതിന്റെ അർത്ഥം. ഇനി ഒരു പക്ഷേ Eco-burial എന്നോ Eco-wedding എന്നോ ഒക്കെ പ്രയോഗങ്ങൾ വന്നേക്കാം. പ്ലാസ്റ്റിക് പൂക്കളും കൃത്രിമങ്ങളും ഒഴിവാക്കുന്നതായിരിക്കും ഒരു പക്ഷേ അത്തരം കർമ്മങ്ങൾ.

ഇന്നത്തെ Ecological movement ൽ ക്രിസ്ത്യാനികളായ നമുക്ക് എന്തെങ്കിലു പങ്കുണ്ടോ എന്ന് ചിന്തിക്കേണ്ടതാണ്. ദൈവത്തിന്റെ സാദൃശ്യം മനുഷ്യനിൽ ഉണ്ടെന്നുള്ളതാണല്ലോ ക്രിസ്തീയ ദൈവശാസ്ത്രത്തിന്റെ അടിസ്ഥാന തത്വങ്ങളിലൊന്ന്. ഈ സാദൃശ്യം എല്ലാ മനുഷ്യരിലുമുണ്ടോ? എല്ലാ മതങ്ങളിൽപ്പെട്ടവർക്കുമുണ്ടോ? മതമില്ലാത്തവർക്കുണ്ടോ? ഉത്തരം പറയാൻ നാം അല്പമൊന്ന് മടിച്ചേക്കും. തെക്കെ അമേരിക്കയിലെ ആദിവാസികളായ ഇൻഡ്യാക്കാർക്ക് ആത്മാവുണ്ടോ എന്നറിയാൻ വേദശാസ്ത്രജ്ഞന്മാരുടെയും, വക്കീലന്മാരുടെയും ഒരു കമ്മീഷനെ നിയമിച്ച ചരിത്രം സ്പെയിൻകാരുടെ ചരിത്രത്തിലുണ്ട്. 16–ാം നൂറ്റാണ്ടിൽ ഇൻഡ്യയിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. പറയർക്കും പുലയർക്കും മറ്റു താണവരെന്ന് കരുതപ്പെട്ടിരുന്ന ജാതികൾക്കും ആത്മാവുണ്ടോ എന്ന കാര്യത്തിൽ ആഢ്യ ബ്രാഹ്മണർക്ക് സംശയമുണ്ടായിരുന്നു. അവരെ അനുകരിച്ച് സുറിയാനി ക്രിസ്ത്യാനികളും ആ സംശയം പ്രകടിപ്പിക്കുകയുണ്ടായി. ദൈവസാദൃശ്യം എപ്പോഴും അധീശവർഗ്ഗത്തിന്റെ കുത്തകാവകാശമായിട്ട് തീർന്ന ഒരു ചരിത്രം പാശ്ചാത്യ രാജ്യങ്ങൾക്കുണ്ട്. അതായത് സ്ത്രീ ദൈവസാദൃശ്യത്തിലല്ല പുരുഷനാണ് യഥാർത്ഥ ദൈവസാദൃശ്യം വഹിക്കുന്നവൻ. മാത്രമല്ല, പുരുഷന്മാരിൽ തന്നെ ചില പ്രത്യേക വിഭാഗത്തിൽപ്പെട്ടവർ, ഉദാഹരണമായി യൂറോപ്യൻ വർഗ്ഗത്തിലുള്ള വെള്ളക്കാരായ പുരുഷന്മാർ മറ്റ് വർഗ്ഗത്തിൽപ്പെട്ടവരേക്കാൾ കൂടുതലായി ദൈവസാദൃശ്യമുള്ളവരാണ്. കുറെ കഴിഞ്ഞപ്പോൾ ഹിറ്റ്ലറെപ്പോലെയുള്ളവർ പറഞ്ഞു, യൂറോപ്യൻ വർഗ്ഗത്തിൽ തന്നെ ജർമ്മൻകാരാണ് കൂടുതൽ ഉയർന്നവർ. ഇങ്ങനെയുള്ള ഒരു വർഗ്ഗം ഒഴിച്ച് മറ്റു വർഗ്ഗങ്ങളെയെല്ലാം ചുട്ടെരിക്കാൻ ഒരുമ്പെട്ട നാറ്റ്സി ചിന്ത വരെയെത്തി. ദൈവസാദൃശ്യത്തിന്റെ ദൈവശാസ്ത്രം മറുവശത്ത്. സ്ത്രീകളിൽ ദൈവസാദൃശ്യമില്ലെന്നും ഉണ്ടെങ്കിൽതന്നെ അത് പുരുഷനിലൂടെ ലഭിച്ചതാണെന്നും മറ്റുമുള്ള വികലധാരണകൾക്കെതിരായി ഇന്ന് സ്ത്രീകൾ ശബ്ദമുയർത്തുന്നു. സമ്പൂർണ്ണ സമത്വവും, സമാവകാശവും, ജോലിയുടെ സ്ഥാനത്തിലും മാത്രമല്ല, പട്ടത്തിലും ആത്മീയസ്ഥാനങ്ങളിലും ചില സ്ത്രീകൾ അവകാശപ്പെടുന്നു.

നമ്മുടെ സമൂഹവും സഭയും ഇതേക്കുറിച്ച് എങ്ങനെ ചിന്തിക്കുന്നു?

ഇനിയും മനുഷ്യവർഗ്ഗത്തിനുള്ളിൽ നിന്ന് വിട്ട് മറ്റു ജീവികളും, മനുഷ്യനും തമ്മിലുള്ള ബന്ധമെടുക്കാം. ദൈവം തന്റെ സ്നേഹത്തിൽ നിന്നും ഇച്ഛയിൽ നിന്നുമാണ് സകലത്തെയും സൃഷ്ടിച്ചതെന്ന് ഓർത്തഡോക്സ് പാരമ്പര്യം പഠിപ്പിക്കുന്നു. എങ്കിൽ സകലത്തിലും, സകലജീവജാലങ്ങളിലും, അചേതന വസ്തുക്കളിലും ദൈവസ്നേഹത്തിന്റെയും ഇച്ഛയുടെയും ദിവ്യമായ മുദ്ര പതിഞ്ഞിട്ടുണ്ടെന്ന് വേണം മനസ്സിലാക്കാൻ. ഈ മുദ്രയും മനുഷ്യനിൽ നൽകിയ ദൈവസാദൃശ്യവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?

മനുഷ്യന് ദൈവം നൽകിയ സാദൃശ്യബോധത്തെ സ്വാർത്ഥ താൽപര്യത്തോടെ മനുഷ്യൻ ഉപയോഗിച്ചതിന്റെ ഫലമായിട്ടാണ് പരിസ്ഥിതിപ്രശ്നം ഉണ്ടായതെന്ന് ചില ചിന്തകന്മാർ കരുതുന്നു. ലോകത്തിലുള്ളതെല്ലാം മനുഷ്യന്റെ സുഖത്തിനും സൗകര്യത്തിനും വേണ്ടിയാണെന്നും അതുകൊണ്ട് അതിനെയെല്ലാം കൊല്ലാനും തിന്നാനും മനുഷ്യനു സ്വാതന്ത്ര്യമുണ്ടെന്നും പൊതുവേ ചിന്തയുണ്ട്. ദൈവസാദൃശ്യത്തിന്റെ ഗുണമായ സ്വാതന്ത്ര്യം ഇങ്ങനെ വിനിയോഗിക്കാമോ എന്നത് നമ്മെ സംബന്ധിച്ച് ഒരു പ്രധാന പ്രശ്നമാണ്. ഇന്ന് വനങ്ങൾ നശിപ്പിക്കുന്നതും വന്യമൃഗങ്ങളെ കൊന്നൊടുക്കുന്നതും വായുവിനെയും വെള്ളത്തെയും വിഷലിപ്തമാക്കുന്നതും സ്വാതന്ത്ര്യമുള്ള മനുഷ്യനാണ്. തന്റെ സ്വന്തം സുഖം നേടുന്ന മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയെ നശിപ്പിക്കുന്നു. അവസാനം സ്വയം നശിക്കയും ചെയ്യുന്നു.

അതുകൊണ്ട് ദൈവസൃഷ്ടിയോട് ബഹുമാനം കാണിക്കാൻ നാം പഠിക്കേണ്ടിയിരിക്കുന്നു. സകലത്തിലും ദൈവസ്നേഹത്തിന്റെ മുദ്ര പതിഞ്ഞിരിക്കുന്നു. എങ്കിലും ഒരു ജീവിയുടെ മാത്രം ഉപയോഗത്തിനായിട്ടല്ല ദൈവം സകലത്തേയും സൃഷ്ടിച്ചത്. നമുക്ക് ഇപ്പോൾ പൂർണ്ണമായി മനസ്സിലാക്കാൻ കഴിയാത്ത ആത്യന്തിക ലക്ഷ്യം ദൈവത്തിന് തന്റെ സൃഷ്ടിയെക്കുറിച്ചുണ്ട്.

ലളിതമായ ജീവിതശൈലിയാണ് പരിസ്ഥിതി പ്രതിസന്ധിക്ക് പരിഹാരമായി പലരും നിർദ്ദേശിക്കുന്നത്. മനുഷ്യർ അവരുടെ ഉപഭോഗം കുറയ്ക്കുകയും അത്യാവശ്യമില്ലാതെ മറ്റു സൃഷ്ടികളെ നശിപ്പിക്കാതിരിക്കുകയും ചെയ്യണം. ക്രിസ്തീയ സന്യാസപ്രസ്ഥാനത്തിലും മറ്റും ഒരു കാലത്ത് അതിശക്തമായ ആദർശമായിരുന്നു ഈ ലളിതജീവിതം. ഇന്നത്തെ വ്യാവസായിക സംസ്കാരം എപ്പോഴും പുതിയ ഉപഭോഗവസ്തുക്കളെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യന് മാന്യമായി ജീവിക്കാൻ ഇതെല്ലാം ആവശ്യമുണ്ടോ എന്ന ചോദ്യം ആരും ചോദിക്കുന്നില്ല. മനുഷ്യജീവനെ

സംരക്ഷിക്കുന്നതിന് വേണ്ടിയാണ് എന്ന കാരണം പറഞ്ഞ് ഇന്നു നാം ചെയ്യുന്ന പല സംഗതികളും ജീവനെ നശിപ്പിക്കാനാണ് ഇടയാക്കുന്നത്. സ്വാഭാവികമായി സംയമനം പാലിക്കാനും ലളിതമായ ജീവിതം നയിക്കാനും മനുഷ്യരാശിക്കു കഴിഞ്ഞില്ലെങ്കിൽ ഒരു പക്ഷേ, ആഗോള കാലാവസ്ഥയിൽ വരുന്ന ഗുരുതരമായ മാറ്റമോ മറ്റ് വൻ അത്യാഹിതങ്ങളോ മൂലം മനുഷ്യവർഗ്ഗത്തിൽ ഒരു നല്ല പങ്ക് നശിക്കയും ബാക്കിയുള്ളവർ ഒരു നല്ല പാഠം പഠിക്കുകയും ചെയ്തേക്കാം.

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം 'സ്വർഗ്ഗത്തെയും ഭൂമിയേയും, ആത്മാവിനെയും ശരീരത്തെയും സ്വജാതിയേയും വിജാതിയേയും തമ്മിൽ ഒന്നാക്കുന്നതാണ്' എന്ന് നമ്മുടെ വിശുദ്ധ കുർബാന തക്സായിൽ പറയുന്നു. നാം വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു. മനുഷ്യർ തമ്മിലും മനുഷ്യരും മറ്റു സൃഷ്ടികളും തമ്മിലും ഉണ്ടാകേണ്ട അനുരഞ്ജനത്തിന്റെ അടിസ്ഥാനം കർത്താവിന്റെ മനുഷ്യാവതാരമാണ്. കർത്താവിൽ മനുഷ്യസ്വഭാവവും ദൈവസ്വഭാവവും അവിഭാജ്യമായി, അസങ്കലിതമായി ഒന്നായിരിക്കുന്നു എന്ന് നാം വിശ്വസിക്കുന്നെങ്കിൽ, പരിസ്ഥിതി പ്രശ്നങ്ങളും മനുഷ്യസമൂഹങ്ങൾ തമ്മിലുള്ള അനുരഞ്ജനത്തിന്റെ പ്രശ്നങ്ങളും നമ്മുടെ ഗാഢമായ ചിന്തയ്ക്ക് വിഷയമാകേണ്ടതാണ്.

# രോഗാതുരമായ സമൂഹവും രോഗിയുടെ തൈലാഭിഷേകവും

റഷ്യ, റുമേനിയ, ഗ്രീസ്, ബൾഗേറിയ തുടങ്ങിയ രാജ്യങ്ങളിലെ പൗരസ്ത്യ ഓർത്തഡോക്സ് സഭ (ബിസന്റയിൻ പാരമ്പര്യം) കളിൽ കഷ്ടാനുഭവാഴ്ചയിലെ ബുധനാഴ്ച വൈകിട്ട്, എല്ലാ വിശ്വാസികൾക്കുമായി നടത്തപ്പെടുന്ന ഒരു തൈലാഭിഷേക ശുശ്രൂഷയുണ്ട്. ബുധനാഴ്ച വൈകിട്ട് നമസ്കാരത്തോടു കൂടി പള്ളികളിൽ നടക്കുന്ന ഈ കർമ്മം നമ്മുടെ കന്തീലാ ശുശ്രൂഷയോട് വളരെ സാമ്യമുള്ളതാണ്. തിരികൾ കത്തിച്ചു വച്ച് ദീർഘമായ പ്രാർത്ഥനകളോടും വേദവായനകളോടും കൂടി എണ്ണ വാഴ്ത്തുന്നു. വാഴ്ത്തിയ എണ്ണ കൊണ്ട് ഓരോ വ്യക്തിയേയും നെറ്റിയിലും കൈത്തലങ്ങളിലും അഭിഷേകം ചെയ്യുന്നു.

പെസഹാ കുർബാനയ്ക്കു വേണ്ടി നടത്തുന്ന ഈ ഒരുക്കം പാപമോചനത്തിന്റെയും സൗഖ്യദാനത്തിന്റെയും ശുശ്രൂഷയാണ്. 'രോഗികളുടെ തൈലാഭിഷേകം' രോഗികളായ വ്യക്തികൾക്കു വേണ്ടിയാണ് നാം സാധാരണ നടത്തുന്നത്. എന്നാൽ മേൽപ്പറഞ്ഞ ശുശ്രൂഷ, പ്രത്യേകമായി രോഗമുള്ളവർക്കു വേണ്ടി മാത്രം നടത്താതെ, എല്ലാ മനുഷ്യരെയും സൗഖ്യസ്വീകരണത്തിനായി ക്ഷണിക്കുകയും മുമ്പോട്ടു വരുന്നവർക്കെല്ലാം തൈലാഭിഷേകം നടത്തുകയും ചെയ്യുന്നു. നമ്മുടെ കന്തീലാ ശുശ്രൂഷയിലും രോഗിയെ മാത്രമല്ല, കൂടിവന്നിരിക്കുന്ന എല്ലാ വിശ്വാസികളെയും തൈലം പൂശുന്ന രീതിയുണ്ടല്ലോ. വളരെ അർത്ഥപൂർണ്ണമായ ഒരു പുരാതന ക്രിസ്തീയ ഉൾക്കാഴ്ച ഈ കർമ്മത്തിൽ അടങ്ങിയിട്ടുണ്ട്.

1. പാപത്തെ രോഗമായിട്ടാണല്ലോ ഓർത്തഡോക്സ് പാരമ്പര്യം കാണുന്നത്. പാശ്ചാത്യ ക്രിസ്തീയ പാരമ്പര്യവുമായി തട്ടിച്ചുനോക്കുമ്പോൾ, പൗരസ്ത്യ സഭയുടെ ഈ ധാരണയ്ക്കു മൗലിക പ്രാധാന്യമുണ്ട്. പാശ്ചാത്യപാരമ്പര്യം പാപത്തെ കുറ്റമായി കണ്ട്, ആ കുറ്റത്തിനു ശിക്ഷ വിധിക്കുകയും ദൈവത്തെ ശിക്ഷ നല്കുന്ന ന്യായാധിപനായി കാണുകയും പുരോഹിതന്മാരെ ആ ശിക്ഷിക്കുന്ന ദൈവത്തിന്റെ പ്രതിപുരുഷന്മാരായി വ്യാഖ്യാനിക്കയും ചെയ്തിരുന്നു. കുറ്റവും ശിക്ഷയും, വിധിയും വിധികർത്താവുമടങ്ങിയ ഭീകരമായ അന്തരീക്ഷത്തിൽ ക്രിസ്തീയ വിശ്വാസത്തെ തളച്ചിട്ടതിന്റെ തിരിച്ചടിയായിട്ടാണ് ഹ്യൂമനിസവും ദൈവത്തെ നിഷേധിക്കുന്ന വിവിധ ശാസ്ത്രീയ ചിന്തകളും ഉടലെടുത്തത്.

ഓർത്തഡോക്സ് പാരമ്പര്യത്തെ ഒരളവുവരെ ഈ പാശ്ചാത്യ ചിന്ത സ്വാധീനിച്ചിട്ടുണ്ടെങ്കിലും, പാപത്തെ രോഗമായും ദൈവത്തെ അനുക

ന്വയുള്ള വൈദ്യനായും, ക്രിസ്തീയ ശിക്ഷണത്തെ ചികിത്സയായും, രക്ഷയെ രോഗസൗഖ്യമായും കാണുന്ന പൗരസ്ത്യ ധാരണയെ നാം വികസിപ്പിച്ച് അതിന്റെ വിപുലമായ അർത്ഥതലങ്ങൾ കണ്ടെത്തേണ്ടതാണ്. ശിക്ഷാ പ്രധാനമല്ല, ചികിൽസാ പ്രധാനമാണ് (Therapeutic) ക്രിസ്തീയ രക്ഷയുടെ മാർഗ്ഗം. ഭയവും ഭയപ്പെടുത്തലുമല്ല, സ്നേഹവും ആർദ്രകരുണയുമാണ് ചികിത്സാവിധി. ശാസനയ്ക്കും ശിക്ഷണത്തിനും ഇതിനുള്ളിൽ സ്ഥാനമുണ്ട്. പാപമോചനമെന്നതു കുറ്റത്തിൽ നിന്നുള്ള വിടുതലല്ല, രോഗത്തിൽ നിന്നുള്ള സൗഖ്യമാണ്. രോഗികളുടെ തൈലാഭിഷേക ശുശ്രൂഷയിൽ വ്യക്തമായിരിക്കുന്നത് ഈ സത്യമാണ്.

2. രോഗനിർണ്ണയത്തിലും ചികിത്സയിലും വ്യക്തിയും സമൂഹവുമായുള്ള ബന്ധത്തെയും ശരിയായി മനസ്സിലാക്കേണ്ടതാണ്. ഒരു വ്യക്തിയെ രോഗിയായിക്കണ്ടു ചികിത്സിക്കുമ്പോൾ ആ രോഗത്തെ വ്യക്തിയിലൊതുക്കാനാണ് ആധുനിക വൈദ്യശാസ്ത്രം ശ്രമിച്ചുപോന്നത്. വ്യക്തിയുടെ രോഗത്തിന് സാമൂഹികമായ വേരുകളുണ്ടെന്നും ലക്ഷോപലക്ഷം വർഷങ്ങൾക്കപ്പുറത്തേക്ക് ആ വേരുകൾ നീണ്ടുപോകാമെന്നുമുള്ള സത്യം ഇപ്പോൾ കുറേശ്ശെയായി ശാസ്ത്രം മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ട്. ഒരു വ്യക്തി രോഗിയാകുമ്പോൾ, മനുഷ്യരാശിയിൽ രോഗമുണ്ട് എന്നാണർത്ഥം. ലോകത്തിന്റെ ഏതെങ്കിലുമൊരു കോണിൽ ഏതെങ്കിലും ഒരു വ്യക്തി രോഗലക്ഷണങ്ങൾ കാണിക്കുന്ന കാലത്തോളം മനുഷ്യവർഗം രോഗിയാണ് എന്നു പറയേണ്ടി വരും.

ആധുനിക ജനിതക വിജ്ഞാനത്തിന്റെ (Genetics) സഹായത്തോടെ ഒരു വ്യക്തിയിലുണ്ടാകാവുന്ന കാൻസർ മുതലായ മാരകരോഗങ്ങൾ വ്യക്തിയുടെ ഭ്രൂണാവസ്ഥയിൽ തന്നെ കണ്ടെത്താൻ കഴിയുന്ന അവസ്ഥയിലേക്ക് നാം വന്നിരിക്കയാണ്. ഒരാൾ ജനിക്കുന്നതിനു മുമ്പുതന്നെ അയാൾക്ക് ഭാവിയിൽ ഉണ്ടാകാവുന്ന ചില മുഖ്യ രോഗങ്ങളെയെങ്കിലും കണ്ടുപിടിച്ച് ചികിത്സ ആരംഭിക്കാൻ സാധിക്കുന്നത് തീർച്ചയായും നല്ലതുതന്നെ. മാതാപിതാക്കളിൽ നിന്നു ശിശു സ്വീകരിക്കുന്ന അതിസൂക്ഷ്മമായ ജനിതകവസ്തു ചില രോഗങ്ങളും കൂടി ചിലപ്പോൾ വഹിച്ചുകൊണ്ടു വരുന്നു. ഈ രോഗങ്ങളുടെ വേരുകൾ പുരുഷാന്തരങ്ങൾക്കപ്പുറത്ത്, മനുഷ്യവർഗ്ഗത്തിന്റെ ആദിയുഗങ്ങളിലേക്കു നീണ്ടുപോയെന്നു വരാം. എന്താണിതിനർത്ഥം? മനുഷ്യരാശി മുഴുവനും ഒരു ശരീരമാണ്. ഇപ്പോൾ ജീവിച്ചിരിക്കുന്നവർ മാത്രമല്ല, കഴിഞ്ഞുപോയ അസംഖ്യം തലമുറകളും ഭാവിക്കുവേണ്ടി നമ്മിൽ അങ്കുരിക്കുന്ന മുകുളങ്ങളും എല്ലാം ഒരേ ശരീരത്തിന്റെ അവയവങ്ങളാകുന്നു. ഒരവയവത്തിന്റെ രോഗം ശരീരത്തിന്റെ മുഴുവൻ രോഗമാകുന്നു. ഇന്നലെയും ഇന്നും നാളെയുമായി നമുക്ക് അനുഭവപ്പെടുന്ന ഏക മനുഷ്യശരീരത്തിനാണ് രോഗം ബാധിക്കുന്നത്. അതുകൊണ്ട്

ഒരുവൻ രോഗിയാകുമ്പോൾ സഭയെ വിളിക്കുന്നു (യാക്കോ. 5:14-16).

ഈ ശരീരത്തിന്റെ ജൈവമണ്ഡലത്തിലുള്ള (biosphere) എല്ലാ ചെടികളും മൃഗങ്ങളും പക്ഷികളും പ്രാണികളും ഈ ശരീരത്തിന്റെ ഭാഗമാണ് എന്നു കൂടി നാം ഓർത്തിരിക്കണം. അങ്ങനെയാവുമ്പോൾ അവയ്ക്ക് ഉണ്ടാകുന്ന രോഗങ്ങളും മനുഷ്യരാശിയുടെ രോഗം തന്നെയാണ്. സൗഖ്യദാനത്തിന്റെ ശുശ്രൂഷ പ്രകൃതിയുടെ മുഴുവൻ സൗഖ്യവും സമന്വയവുമാണ്. ക്രിസ്തുവിന്റെ സൗഖ്യദാന ശുശ്രൂഷ തുടങ്ങുന്നതു തന്നെ പ്രകൃതിയുടെ സ്വഭാവത്തെ രൂപാന്തരപ്പെടുത്താനുള്ള തന്റെ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ടാണല്ലോ (കാനാവിലെ കല്യാണത്തിൽ വെള്ളം വീഞ്ഞാക്കിയത്). മനുഷ്യനിലെ പാപരോഗം മൂലം, ആദിമാതാപിതാക്കളിൽ നിന്ന് അകന്ന്, ഭയത്തിന്റെയും ആക്രമണത്തിന്റെയും വൈറസിനു വിധേയമായിത്തീർന്ന സൃഷ്ടിയെ തിരിച്ചു സുഭദ്രമായ ഐക്യത്തിലേക്കും ദിവ്യമായ താളക്രമത്തിലേക്കും കൊണ്ടുവരുവാനുള്ള അനുഷ്ഠാനം കൂടിയാണ് തൈലാഭിഷേക ശുശ്രൂഷ.

3. വ്യക്തിക്ക് പാപമോചനം നല്കുന്നത് വ്യക്തിപരമായ ഒരു സംഗതിയല്ല. സമൂഹശരീരത്തിനു ബാധിച്ചിരിക്കുന്ന പാപരോഗത്തിന്റെ ബഹിർസ്ഫുരണമാണ് വ്യക്തിയിൽ കാണുന്നത്. അതുകൊണ്ട് ഞാൻ ഒരു വ്യക്തിയെന്ന നിലയിൽ മറ്റൊരു വ്യക്തിയോട് ക്ഷമിക്കുമ്പോൾ പോലും സമൂഹത്തിനു മുഴുവൻ സൗഖ്യദാനം നൽകുകയാണ്. കൂദാശകളിൽ ഇതിന്റെ സാമൂഹിക വശം വളരെ വ്യക്തമാകുന്നുണ്ട്. രോഗികളുടെ കുമ്പസാരവും തൈലാഭിഷേകവും സൗഖ്യദാനമെന്ന കൗദാശിക കർമ്മത്തിന്റെ രണ്ടു ഭാഗങ്ങളാണ് ('ദിവ്യബോധനം' പരമ്പരയിൽ *ജനതകളുടെ പ്രകാശം* എന്ന പുസ്തകത്തിന്റെ അവസാന ഭാഗം കാണുക. പേജ് 105 മുതൽ). നമ്മുടെ ശാരീരിക രോഗത്തിന് ആഴമായ വേരുകൾ ഉള്ളതുപോലെ വ്യക്തിയുടെ പാപങ്ങൾക്കും മനുഷ്യരാശിയുടെ ആകമാന സത്തയിൽ വേരുകളുണ്ട്. അതുകൊണ്ട് പാപവും രോഗവും തമ്മിലുള്ള ബന്ധത്തെ നമുക്ക് നിഷേധിക്കാനാവില്ല. കർത്താവ് കാണിച്ചുതന്നതുപോലെ, ഒരു വ്യക്തിയുടെ രോഗത്തിന് നേരിട്ട് അയാളുടെയോ അയാളുടെ മാതാപിതാക്കളുടെയോ പാപവുമായി ബന്ധമുണ്ടായിരിക്കണമെന്നു നിർബന്ധമില്ലെങ്കിലും മനുഷ്യവർഗ്ഗത്തിന്റെ പാപവും വ്യക്തികളുടെ രോഗവുമായി ബന്ധമുണ്ട്. കർത്താവിന്റെ സൗഖ്യദാനകർമ്മത്തിൽ പാപമോചനവും രോഗസൗഖ്യവും അഭേദ്യമായി യോജിച്ചിരിക്കുന്നു.

ദൈവത്തിന്റെ അപ്രമേയമായ ആർദ്രതയായിരിക്കണം പാപമോചനത്തിലും രോഗികളുടെ തൈലാഭിഷേകത്തിലും നമ്മെ നയിക്കേണ്ട ശക്തി. ദൈവസ്നേഹത്തിന്റെ പ്രതീകമായ എണ്ണ (എണ്ണയെ സ്നേഹമെന്നും

വിളിക്കാറുണ്ട്) സകലത്തിലും കിനിഞ്ഞിറങ്ങി അവയെ ആർദ്രമാക്കുന്നു. ശരീരത്തിന്റെ മുറിവുകളെപ്പോലെതന്നെ, ആർദ്രകരുണയുടെ എണ്ണ വിണ്ടു കീറിയിരിക്കുന്ന നമ്മുടെ മാനുഷിക ബന്ധങ്ങളെയും കൂടുതൽ ആർദ്ര മാക്കണം. നമ്മോട് സകലവും ക്ഷമിക്കയും സഹാനുഭൂതി കാണിക്കയും ചെയ്യുന്ന ദൈവത്തിന്റെ പ്രതിപുരുഷന്മാരായിത്തീരണമെങ്കിൽ, നാമും ദൈവത്തിന്റെ ആർദ്രതയിൽ നിത്യം മുങ്ങിക്കുളിക്കണം. അധികാരത്തി ന്റെയും നിയമത്തിന്റെയും പാണ്ഡിത്യത്തിന്റെയും മാർഗ്ഗങ്ങളൊക്കെ ചില പ്പോൾ പ്രയോജനപ്പെട്ടേക്കും. പക്ഷേ, ആത്യന്തികമായി അവയൊന്നും തകർന്നു പോകുന്ന മനുഷ്യജീവിതങ്ങളെയും ശിഥിലമാകുന്ന ബന്ധങ്ങ ളെയും നേരെയാക്കുവാൻ സഹായിക്കയില്ല.

കഷ്ടാനുഭവാഴ്ചയിലെ ബുധനാഴ്ച സന്ധ്യാനമസ്ക്കാരത്തോട് ചേർത്തു പരസ്യമായ തൈലാഭിഷേക ശുശ്രുഷ എല്ലാവർക്കും വേണ്ടി നടത്തുന്ന പൗരസ്ത്യരീതി നമ്മുടെ സഭയിലും നടപ്പാക്കുന്നതു നന്നാ യിരിക്കും. ഇപ്പോഴത്തെ സാധാരണ തൈലാഭിഷേക ക്രമത്തിൽ നിന്നും കന്തീലാ ക്രമത്തിൽ നിന്നുമുള്ള പ്രസക്തഭാഗങ്ങൾ ചേർത്ത് ഒരു പുതിയ ശുശ്രുഷാക്രമം ഉണ്ടാക്കേണ്ടി വരും. ഇതുകൊണ്ട് പല പ്രയോജനങ്ങൾ ഉണ്ടാകാം.

a. നോമ്പിലും കഷ്ടാനുഭവാഴ്ചയിലും കുമ്പസാരിക്കുന്നവർക്ക് അവ രുടെ കുമ്പസാരത്തിന്റെ യഥാർത്ഥമായ അർത്ഥമെന്താണെന്ന്, വിശിഷ്യ പാപമോചനവും രോഗശാന്തിയും തമ്മിലുള്ള ബന്ധമെന്താണെന്നു ഗ്രഹി ക്കുവാൻ ഈ ശുശ്രൂഷ സഹായിക്കും. കുമ്പസാരം വെറുമൊരു വ്യക്തി പരമായ കർമ്മമായിട്ടാണല്ലോ പലരും ഇപ്പോൾ കാണുന്നത്. അതിൽ നിന്ന് ഉദ്ഭവിക്കുന്ന സാമൂഹിക പ്രതിബദ്ധതയെക്കുറിച്ചോ സഭാ ശരീര ത്തിന് അതുമൂലം ലഭിക്കുന്ന അനുരഞ്ജനാനുഭവത്തെക്കുറിച്ചോ മിക്ക വരും ഇന്ന് അജ്ഞരാണല്ലോ. പൊതുവായ 'ഹൂസോയോ' വാക്കുകൾ കൊണ്ടു മാത്രം കൊടുക്കാതെ അതു തൈലാഭിഷേകത്തിലൂടെയാക്കു ന്നതു കഷ്ടാനുഭവാഴ്ചയിൽ കൂടുതൽ അർത്ഥവത്തായിത്തീരും.

b. രോഗികളുടെ തൈലാഭിഷേകത്തെക്കുറിച്ചു പൊതുജനങ്ങൾക്കിട യിലുള്ള തെറ്റുധാരണകൾ മാറ്റാൻ ഇതു സഹായിക്കും. അന്ത്യകൂദാശ എന്ന തെറ്റായ പേരാണല്ലോ ലത്തീൻ പാരമ്പര്യത്തിൽ നിന്നു നമ്മുടെ ജനങ്ങൾക്കു കിട്ടിയിരിക്കുന്നത്.

c. ചികിത്സാ പ്രധാനമായ (therapeutic) ഒരു ശിക്ഷണ സംവിധാനം (discipline) നമ്മുടെ സഭയിൽ ഉണ്ടാകണം. അനേക വർഷങ്ങളായി കേസി ലും കോടതികളിലും കുരുങ്ങിക്കിടക്കുന്ന നമ്മുടെ ഇടവകകളിൽ നിസ്സാര മാനുഷിക പ്രശ്നങ്ങൾ പോലും സങ്കീർണ്ണമായ പ്രശ്നങ്ങളായി മാറുക

യാണ്. കാരണം, ഓർത്തഡോക്സ് സഭയുടെ ആത്മീയ സ്രോതസു കളെക്കുറിച്ചോ ദൈവത്തെ ദർശിക്കുന്ന രീതികളെക്കുറിച്ചോ ആത്മീയ മൂപ്പെത്തിയ ഗുരുജനങ്ങളുടെ സഹായത്തെക്കുറിച്ചോ ഒന്നും നമുക്കറി ഞ്ഞുകൂടാ. നമ്മുടെ കാനോനുകളും മെത്രാന്മാരുടെയും വൈദികരുടെയും അജപാലനശൈലികളും ഇടവകജനങ്ങൾ തമ്മിലുള്ള ബന്ധവുമെല്ലാം ഒരു പുതിയ വെളിച്ചത്തിൽ കാണാൻ നമുക്ക് കഴിയണം. ശക്തമായ പാശ്ചാത്യ റോമാ സഭയുടെ ഏഴാം തരം അനുകരണം നടത്താതിരിക്കാൻ നമ്മുടെ ചെറിയ സഭയും അതിന്റെ വിവിധ സ്ഥാനങ്ങൾ വഹിച്ച് ജന ങ്ങളെ നയിക്കുന്ന നാമും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിനയത്തോടും മനുഷ്യസ്നേഹത്തോടും സഹോദരപ്രീതിയോടും കൂടി മുമ്പോട്ടു പോകേണ്ട ഒരു ചെറിയ ക്രിസ്തീയ സമൂഹം വ്യാജ മൂല്യങ്ങളിലേക്ക് തെന്നിപ്പോകാതിരിക്കാൻ നാം ശ്രദ്ധിക്കേണ്ടതാണ്. സൗഖ്യദാനമെന്ന മഹ ത്തായ ഒരു കൂദാശയിൽ നിന്നു പല പുതിയ മനോഭാവങ്ങളും സൃഷ്ടി ക്കാൻ നമുക്കു കഴിയും.

# ദൈവത്തിന്റെ സഹപ്രവർത്തകർ

പ്രപഞ്ചത്തിലെ ഏറ്റവും വലിയ രഹസ്യമെന്താണ്? ഒരുത്തരമേയുള്ളു: ജീവൻ. ജിവനെന്ന അദ്ഭുത പ്രതിഭാസത്തെക്കുറിച്ചാണ് വിശുദ്ധ പൗലോസ് പറയുന്നത്. "ഞാൻ നട്ടു. അപ്പൊല്ലോസ് നനച്ചു. ദൈവമത്രേ വളരുമാറാക്കിയത്" (1 കൊരി. 3:6). കൊരിന്തിലെ ക്രിസ്തീയ സമൂഹത്തിന്റെ ജീവനെക്കുറിച്ചാണ് മുഖ്യമായും ഇവിടെ പറയുന്നത്. എങ്കിലും ഇതു ജീവജാലങ്ങളുടെ ജീവനാകാം, സമൂഹങ്ങളുടെ ജീവനാകാം, പ്രപഞ്ചത്തിന്റെ മുഴുവൻ ജീവനാകാം. ഈ ജീവന്റെ വളർച്ചയെന്ന അതിമഹത്തായ, അതുല്യമായ പ്രക്രിയയിൽ ദൈവത്തോടൊപ്പം നാം സഹപ്രവർത്തകരായി വിളിക്കപ്പെട്ടിരിക്കുന്നു.

## 1. ജീവന്റെ സൂതികാർമ്മികർ

ജീവനെ അതിന്റെ നാനാഭാവങ്ങളിലും വർണ്ണങ്ങളിലും വിലാസഭംഗികളിലും പരിചരിക്കുക, പരിപോഷിപ്പിക്കുക - ഇതാണ് നമ്മുടെ പൗരോഹിത്യ സേവനത്തിന്റെ അതിവിശാലമായ ധർമ്മം.

കുടുംബത്തിൽ ഒരു കുഞ്ഞുണ്ടെങ്കിൽ എല്ലാവരും അതിനെയെടുത്ത് ഓമനിക്കുന്നു, ഉമ്മ വയ്ക്കുന്നു, ലാളിക്കുന്നു. നമുക്കു ലഭിച്ചിരിക്കുന്ന ജീവന്റെ ഒരു ഇളം നാമ്പിനെ സമൂഹം മുഴുവൻ ചേർന്നു വളർത്തുകയാണ്. മനുഷ്യരിൽ മാത്രമല്ല, എല്ലാ ജീവജാലങ്ങളിലും ഈ വാസനയുണ്ട്. ജീവന്റെ പുതിയ മുഖങ്ങളെ പൊതിഞ്ഞ് സംരക്ഷിക്കുന്നതിനായി ഇലകളും പോളകളും സുരക്ഷാകവചവുമായി നിലകൊള്ളുന്നു. ഇത് ദൈവത്തിന്റെ തന്നെ സ്വഭാവമാണ്. തന്റെ സൃഷ്ടിയെ മുഴുവൻ വാത്സല്യപൂർവ്വം കാത്തുസൂക്ഷിക്കുക. ദൈവത്തിന്റെ മാതൃഭാവമാണ് ഇവിടെ കാണുന്നത്. തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർത്തു സൂക്ഷിക്കുന്ന തള്ളക്കോഴിയുടെ വാത്സല്യവും കരുണയും.

ജീവന്റെ ഉത്ഭവം നമുക്കിന്നും മഹാരഹസ്യമാണ്. ഇന്ന് ലോകത്തിൽ അതിഗഹനമായ ഗവേഷണങ്ങൾ നടക്കുന്ന മേഖലയാണ് ജീവശാസ്ത്രം. ജനിതക വിജ്ഞാനത്തിന്റെ വികസനത്തിലൂടെ ജീവന്റെ പാരമ്പര്യം എങ്ങനെ ഇടമുറിയാതെ കൈമാറപ്പെടുന്നു എന്ന് ഗവേഷകർ പഠിക്കുന്നു. വലിയ മരത്തിന്റെ ചെറിയ വിത്തിനുള്ളിൽ മഹാവൃക്ഷത്തിന്റെ വികാസപരിണാമങ്ങളെ നിയന്ത്രിക്കുന്ന ഭാഷ (genetic code) എങ്ങനെ ആലേഖനം ചെയ്തിരിക്കുന്നു എന്ന് അവർ വ്യക്തമാക്കാൻ ശ്രമിക്കുന്നു. പക്ഷേ, ജീവന്റെ ഉത്ഭവവും അതിന്റെ വികാസവും ഇന്നും രഹസ്യങ്ങൾ തന്നെ. ഈ പ്രപഞ്ചത്തിലുള്ള സകല ജീവന്റെയും വേരുകൾ സ്രഷ്ടാവായ ദൈവ

ത്തിന്റെ ജീവനിൽ നിഗൂഢമായിരിക്കുന്നു. ജീവന്റെ ഉറവയെ നമുക്ക് വിശദമാക്കാൻ കഴിവില്ലെങ്കിലും അതിന്റെ ശരിയായ പരിപോഷണത്തിനും വളർച്ചയ്ക്കും നമ്മുടെ സഹകരണം ദൈവം ആവശ്യപ്പെടുന്നു.

പുരാതന പേർഷ്യൻ സെമിറ്റിക് സംസ്കാരങ്ങളിൽ രാജാവും ഇടയനും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. 'രാജ' ശബ്ദം ഇടയനെക്കൂടി ദ്യോതിപ്പിക്കുന്നു. കാരണം, രാജാവിന്റെയും ഇടയന്റെയും ധർമ്മം ഒന്നാണ്. പ്രജകളെ വർദ്ധിപ്പിക്കുക, ആട്ടിൻകൂട്ടത്തെ വർദ്ധിപ്പിക്കുക. പ്രജകളെ ശരിയായി സംരക്ഷിച്ചെങ്കിൽ മാത്രമേ അവരുടെ വംശമറ്റു പോകാതെ സന്താന സമൃദ്ധിയുണ്ടാവുകയുള്ളു. അതുപോലെ തന്നെ ആട്ടിൻകൂട്ടത്തിലും. ആ ധർമ്മത്തെ തെറ്റായി വ്യാഖ്യാനിച്ചാണ് ചില രാജാക്കന്മാർ ഭാര്യമാരുടെ എണ്ണവും സന്താനങ്ങളുടെ എണ്ണവും വർദ്ധിച്ചാൽ രാജധർമ്മം നിറവേറ്റി എന്നു കരുതിയിരുന്നത്. നിത്യരാജാവും വലിയ ഇടയനുമായ ക്രിസ്തുവിന്റെ സഹകാരികളാവുക എന്നാൽ ദിവ്യദാനമായ ജീവനെ പരിപോഷിപ്പിക്കുക എന്നതാണ് മുഖ്യധർമ്മം. നശിച്ചുപോകുന്ന ജീവനിലേക്കു നിത്യജീവനെ സന്നിവേശിപ്പിക്കുക. നമ്മുടെ ശാരീരിക ജീവനും പ്രപഞ്ചത്തിന്റെ ജീവനും സ്രഷ്ടാവായ ദൈവത്തിന്റെ നിത്യമായ ജീവനിലുള്ള അടിസ്ഥാനപരമായ ഐക്യം വീണ്ടെടുക്കുക.

കർത്താവ് കടന്നുപോയപ്പോൾ തന്നെ സ്വീകരിക്കാൻ മടികാണിച്ച ശമര്യാക്കാരുടെ ഗ്രാമത്തിന്മേൽ ആകാശത്തു നിന്ന് അഗ്നിയിറങ്ങി അതിനെ നശിപ്പിക്കണമെന്ന് ഇടിമക്കളായ യാക്കോബും യോഹന്നാനും ആഗ്രഹിച്ചു. അങ്ങനെ കർത്താവിനെ ഉപദേശിക്കുകയും ചെയ്തു. പക്ഷേ, കർത്താവ് പറഞ്ഞു: "അരുത്. മനുഷ്യപുത്രൻ വന്നിരിക്കുന്നത് മനുഷ്യരെ നശിപ്പിക്കാനല്ല, അവരെ രക്ഷിക്കാനത്രേ." ജീവന്റെ നാശമല്ല ദൈവം ആഗ്രഹിക്കുന്നത്. അതിന്റെ വളർച്ചയും വീണ്ടെടുപ്പുമാണ്. അതുകൊണ്ടാണ് പൗലോസ് ശ്ലീഹാ പറയുന്നത്, "അനുഗ്രഹിപ്പിൻ. ശപിക്കാതെ അനുഗ്രഹിപ്പിൻ. നിങ്ങൾ അനുഗ്രഹത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. ശപിക്കാതെ അനുഗ്രഹിപ്പിൻ." ശാപം നല്കാനല്ല അനുഗ്രഹം നല്കാനാണ് വൈദികർ പരിശുദ്ധാത്മാവിനാൽ വിളിക്കപ്പെട്ടിരിക്കുന്നത്. വിശുദ്ധ കുർബാനയിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നാം ജനങ്ങളെ അനുഗ്രഹിക്കുന്നു. അവർക്ക് സമാധാനം ആശംസിക്കുന്നു. പരിശുദ്ധാത്മാവിനെ അവരുടെമേൽ ആവസിപ്പിക്കുന്നു. ഇത് കുർബാനയിൽ മാത്രം നാം ചെയ്യേണ്ടതാണോ? തീർച്ചയായും അല്ല. നമ്മുടെ ജീവിതം തന്നെ ത്രിത്വനാമത്തിലുള്ള അനുഗ്രഹത്തിന്റെ റൂശ്മായായിത്തീരണം എന്നാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ സാന്നിദ്ധ്യം ചുറ്റുപാടുകൾക്ക് അനുഗ്രഹപൂർണ്ണമായിത്തീരണം. സഭാ പാരമ്പര്യത്തിൽ വിശുദ്ധന്മാരെക്കുറിച്ച് പറയുമ്പോൾ നാം ഇത് പ്രത്യേകം ചിന്തിക്കാറുണ്ട്.

അവരുടെ ജീവിതം ലോകത്തിന് അനുഗ്രഹകരമായിത്തീരുന്നു. അവരുടെ സാന്നിദ്ധ്യം നന്മയുടെയും സമാധാനത്തിന്റെയും അനുരഞ്ജനത്തിന്റെയും സൗമ്യശോഭ വിതറുന്നു. ക്രിസ്ത്യാനികളായ വിശുദ്ധന്മാരെക്കുറിച്ചു മാത്രമല്ല ഇതു പറയാവുന്നത്. പ്രസിദ്ധനായ രമണ മഹർഷി, അടുത്തയിടെ മരിച്ച ജിദു കൃഷ്ണമൂർത്തി തുടങ്ങിയവരിൽ നിന്നും ആരാധകർക്ക് ഇങ്ങനെ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. രമണ മഹർഷി ഇരിക്കുന്ന മുറിയിൽ കയറിച്ചെന്നാൽ എത്ര ചഞ്ചലഹൃദയനും അവാച്യമായ ശാന്തിയുടെ തരംഗങ്ങൾ ചുറ്റും ഉയരുന്നത് അനുഭവിക്കാമായിരുന്നത്രേ. ഭാരതീയ പാരമ്പര്യത്തിലെ അതിമനോഹരമായ പ്രാർത്ഥനയാണ് ലോകാഃ സമസ്താഃ സുഖിനോ ഭവന്തു - സർവലോകത്തിനും സന്തോഷമുണ്ടാവട്ടെ. അനുഗ്രഹം നൽകി ജീവനെ മുളപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ ധർമ്മം. പുതിയ ജീവന് ജന്മം നല്കാൻ പ്രസവവേദനപ്പെടുന്ന ദൈവസൃഷ്ടിക്ക് സൂതികാർമ്മികരായിത്തീരുകയെന്നത് സവിശേഷമായ പൗരോഹിത്യവിളിയാണ്.

## 2. സൃഷ്ടികർമ്മത്തിൽ പങ്കാളിത്തം

സ്രഷ്ടാവയ ദൈവം തന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേരുവാൻ നമ്മെ വിളിച്ചിരിക്കുന്നു. ദൈവത്തിനു നാം കൊടുക്കുന്ന വിശേഷണങ്ങളിൽ സുപ്രധാനമായ ഒന്നാണ് സ്രഷ്ടാവ് എന്നത്. സ്രഷ്ടാവും സൃഷ്ടിയുമായുള്ള ബന്ധം നമ്മുടെ ദൈവശാസ്ത്ര ചിന്തയുടെ അടിസ്ഥാന ഘടകമാണ്. ക്ലോക്ക് നിർമ്മിക്കുന്ന വിദഗ്ദ്ധൻ ക്ളോക്കുണ്ടാക്കി ചാവി കൊടുത്തു വയ്ക്കുന്നതുപോലെയാണോ സ്രഷ്ടാവ് തന്റെ സൃഷ്ടിയെ ക്രമീകരിക്കുന്നത്? അല്ല. ഒരു യന്ത്രമുണ്ടാക്കി പ്രവർത്തിപ്പിച്ച് ദൂരെ മാറിയിരിക്കുന്ന ഒരു മെക്കാനിക്ക് അല്ല ദൈവം. അങ്ങനെ പഠിപ്പിക്കുന്നവരുണ്ടായിരിക്കാം. പക്ഷേ, ഓർത്തഡോക്സ് ദൈവശാസ്ത്ര ചിന്തകളുടെ ആണിക്കല്ലുകളിലൊന്ന് സ്രഷ്ടാവായ ദൈവവും സൃഷ്ടിയായ മനുഷ്യനും തമ്മിലുള്ള പരസ്പര പങ്കാളിത്തമാണ്.

ദൈവം ആദാമിനെ സൃഷ്ടിച്ച് അവനൊരു സുപ്രധാനമായ ഉത്തരവാദിത്വം നൽകി. ദൈവം സൃഷ്ടിച്ച സകല മൃഗങ്ങളെയും ആദാമിന്റെ മുമ്പിൽ വരുത്തി അവയ്ക്കെല്ലാം പേരിടുവാൻ അവനോടു കല്പിച്ചു. അവൻ പേരുകളിട്ടു. മനുഷ്യനിട്ടതെല്ലാം അവയ്ക്കു പേരുകളായി. എന്തുകൊണ്ടാണ് ഈ ജോലി ദൈവം ആദാമിനു നല്കിയത്? സകലത്തേയും സൃഷ്ടിച്ചവനു പക്ഷിമൃഗാദികൾക്കു കൂടി പേരിട്ടു കൂടായിരുന്നോ? ലോകത്തിലുള്ള മറ്റു ജീവികൾക്കെല്ലാം പേരിടാൻ ആദാമിനെ ക്ഷണിച്ചതിലൂടെ ദൈവം അവനെ തന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളിയാക്കുകയായിരുന്നു.

പേരിടുകയെന്നത് അത്യുന്നതമായ സൃഷ്ടികർമ്മമാണ്. പേരിടുന്ന

തിലൂടെ നാം വസ്തുക്കൾക്ക് രൂപംനല്കുകയാണ്. ഓരോ ജീവിക്കും അതിന്റെ തനിമയും വ്യക്തിത്വവും നൽകുകയാണ്. കോടാനുകോടി മനുഷ്യരുണ്ടെങ്കിലും ഓരോ വ്യക്തിയും ഓരോ പേരിനാൽ അറിയപ്പെടുന്നു. ഇതുപോലെ ദൈവസന്നിധിയിൽ ഓരോ അണുവിനും പുഴുവിനും കൃമിക്കും കീടത്തിനും പേരുകൾ നൽകാൻ ആദാമിനു നിർദ്ദേശം ലഭിച്ചു. മനുഷ്യൻ സ്നേഹപൂർവ്വം ജീവജാലങ്ങൾക്കും തരുലതാദികൾക്കും പേരിടുമ്പോൾ അവയുമായി അവൻ ആഴമായൊരു ആത്മബന്ധം സ്ഥാപിക്കുന്നു. സ്നേഹമുണ്ടെങ്കിലേ ഉചിതമായ പേരിടാൻ കഴിയൂ. നാം സ്നേഹിക്കുന്ന നമ്മുടെ കുട്ടികൾക്ക് മധുരവും അർത്ഥപൂർണ്ണവുമായ പേരുകൾ പ്രാസഭംഗിയോടെ നാമിടുന്നു.

പഴയകാലത്ത് ബ്രാഹ്മണരും മറ്റും വെറുപ്പോടെ കീഴ്ജാതിക്കാർക്ക് വികൃതങ്ങളായ പേരുകളിട്ടിരുന്ന ചരിത്രം നമുക്കറിയാം. ശരിയായ പേരിടുന്നതു മൂലം ഓരോ ജീവിക്കും നാം അർത്ഥവും അന്തസ്സും കൽപ്പിക്കുകയും നമ്മുടെ സ്നേഹത്തെ ആ ജീവിയിലേക്കു പകരുകയും ചെയ്യുന്നു. നല്ല ഇടയൻ ആടുകളെ പേരു ചൊല്ലി വിളിക്കുന്നു എന്ന് കർത്താവ് പറഞ്ഞു. നൂറുകണക്കിന് ആടുകൾ ഒരു പറ്റത്തിലുണ്ടെങ്കിലും സ്നേഹമുള്ള ഇടയന് ഓരോ ആടിനെയും തിരിച്ചറിയാനും പേരു ചൊല്ലി വിളിക്കാനും കഴിയും. അപ്പോൾ നാമകരണ കർമ്മത്തിനായി ദൈവം ആദാമിനെ ക്ഷണിച്ചപ്പോൾ ദൈവം അവനെ തന്റെ സ്വഭാവത്തിലും ധർമ്മത്തിലും പങ്കാളിയാക്കുകയായിരുന്നു. മനുഷ്യന്റെ സർഗ്ഗശക്തി (creativity) ഏതു രംഗത്തായാലും - ശാസ്ത്രത്തിലോ, സാങ്കേതിക വിദ്യയിലോ, കലയിലോ, സാഹിത്യത്തിലോ, രാഷ്ട്രീയത്തിലോ ബിസിനസ്സിലോ എന്തിലായാലും - അത് ദൈവത്തിന്റെ സൃഷ്ടിശക്തിയിലുള്ള പങ്കാളിത്തമാണ്.

മനുഷ്യന്റെ സർഗ്ഗശക്തിയ്ക്ക് രണ്ട് വശങ്ങളിലേക്കും ചായാം. നന്മയിലേക്കും തിന്മയിലേക്കും. അതുകൊണ്ട് മനുഷ്യന് മാർഗ്ഗനിർദ്ദേശവും ലക്ഷ്യബോധവും ആവശ്യമായി വരുന്നു. ഇവിടെയാണ് നമ്മുടെ നേതൃത്വവും വിമോചനശക്തിയും ധാർമ്മികബോധവും ജനങ്ങൾക്ക് നൽകേണ്ടത്. മനുഷ്യന്റെ സർഗ്ഗശക്തി തിന്മയിലേക്ക് തിരിയുന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് ലോകരാഷ്ട്രങ്ങൾ സംഭരിച്ചിരിക്കുന്ന അതിമാരകമായ ആയുധങ്ങളും അവയുടെ നിർമ്മാണവും വിൽപ്പനയും എല്ലാം. ഇൻഡ്യയുടെ പങ്ക് ഇതിൽ താരതമ്യേന നിസ്സാരമെങ്കിലും ഒരു ചെറിയ ഉദാഹരണം നോക്കാം. കഴിഞ്ഞദിവസം ഇന്ത്യ പരീക്ഷിച്ച അഗ്നി എന്ന ഇന്റർമീഡിയറ്റ് റേഞ്ച് മിസൈൽ നമ്മുടെ വൻനേട്ടമാണെന്നു സർക്കാരും പത്രങ്ങളും മറ്റ് മാധ്യമങ്ങളും പാടി പുകഴ്ത്തി. പക്ഷേ, എന്താണ് സത്യം? നമുക്ക് അഭിമാനകരമായ ഒരു ബഹിരാകാശ ഗവേഷണ പദ്ധതിയുണ്ട്. പ്രതിഭാശാലികളായ നൂറുകണക്കിനു ശാസ്ത്രജ്ഞന്മാർ അതിൽ പ്രവർ

ത്തിക്കുന്നു. ഉപഗ്രഹങ്ങളെ ബഹിരാകാശത്തിൽ നിക്ഷേപിച്ച് നമ്മുടെ വാർത്താവിനിമയരംഗത്ത് വിപ്ലവം സൃഷ്ടിക്കാൻ ഇവയ്ക്ക് കഴിഞ്ഞു. ഡൽഹിയിൽ നിന്ന് സംപ്രേഷണം ചെയ്യുന്ന ടെലിവിഷൻ പരിപാടി 36000 കി. മീ. സഞ്ചരിച്ച് സാറ്റ്ലൈറ്റിൽ എത്തി അത്രയും ദൂരം തിരിച്ചു സഞ്ച രിച്ചാണ് കേരളത്തിൽ വരുന്നത്. ലോകമെമ്പാടും സാറ്റലൈറ്റ് വിദ്യ ഒരു വലിയ വിപ്ലവം തന്നെ സൃഷ്ടിക്കുന്നു. ഈ സാങ്കേതികവിദ്യയിൽ നാം ഒരു പിച്ചക്കാൽ വച്ചതേയുള്ളു. അപ്പോഴേക്കും നമ്മുടെ ആ ശക്തിയെ നശീകരണ ലക്ഷ്യത്തിലേക്കു നാം തിരിച്ചുവിട്ടു കഴിഞ്ഞു. അതാണ് അഗ്നി എന്ന ആഗ്നേയാസ്ത്രം. സാറ്റ്ലൈറ്റ് അയക്കാൻ റോക്കറ്റ് ഭൂമിയിൽ നിന്നും കുത്തനെ മുകളിലേക്കു അയ്ക്കുന്നു. അതേ വിദ്യ തന്നെയാണ് ന്യൂക്ലി യർ ബോംബുകളോ മറ്റ് ആയുധങ്ങളോ വഹിക്കുന്ന മിസൈൽ അയക്കാൻ ഉപയോഗിക്കുന്നത്. ഇത്തരം ആയുധം മൂക്കിൽ തിരുകിയ മിസൈൽ കുത്തനെ വിടുന്നതിനു പകരം അല്പം ചരിച്ചു വയ്ക്കും. അതൊരു രാജ്യാ ന്തര മിസൈലോ ഭൂഖണ്ഡാന്തര മിസൈലോ ആയി രൂപാന്തരപ്പെടും. അയൽ രാജ്യങ്ങളിലെ ജനങ്ങളെ ഭയപ്പെടുത്താനും യുദ്ധഭീതി വിതക്കാ നുമല്ലാതെ മറ്റെന്തെങ്കിലും പ്രയോജനം ഇതുകൊണ്ടുണ്ടോ? എത്ര ആയി രം കോടി പണമാണ് ഈ പാവപ്പെട്ട രാജ്യത്ത് ഒരു മിസൈൽ ഉണ്ടാ ക്കാൻ ചെലവാക്കുന്നത്! അതിപ്രഗൽഭരായ ഏതാണ്ട് 400 ശാസ്ത്രജ്ഞ ന്മാരുടെ ബുദ്ധിയും ഊർജ്ജവും അഹോരാത്രം ചെലവിട്ടാണ് നശീകരണ ത്തിനു വേണ്ടി ഉപയോഗിക്കുന്നത്. രാഷ്ട്രീയക്കാരും ഡിഫൻസ് കോൺ ക്ട്രാക്റ്റർമാരും കുത്തക മുതലാളിമാരും ചേർന്നൊരുക്കുന്ന ഈ ഗൂഡാ ലോചനകളുടെ ഇരകളാണ് ശാസ്ത്രജ്ഞന്മാരും പാവം ജനങ്ങളും. പരീ ക്ഷണസമയത്ത് ഗ്രാമം ഒഴിഞ്ഞുകൊടുത്ത പാവങ്ങൾക്ക് സമ്മാനം 10 ലക്ഷം രൂപയെന്ന് പത്രങ്ങൾ പറയുന്നു. ഈ മിസൈൽ ഉണ്ടാക്കുന്നതിന് ഉപയോഗിച്ച പണം കൊണ്ട് ഇൻഡ്യയിലെ എത്ര ആയിരം ഗ്രാമങ്ങളിൽ ശുദ്ധജലം എത്തിക്കാൻ കഴിയും എന്ന് നമുക്ക് ചിന്തിക്കാൻ കഴിയുമോ. ലോകരാജ്യങ്ങൾ പലതും ആയുധ നിർമ്മാണവും ശേഖരണവും നിർത്തി ജനങ്ങളുടെ നന്മയ്ക്ക് ആവശ്യമായ വികസന പ്രവർത്തനങ്ങളിൽ മുന്നേ റാൻ ശ്രമിക്കുമ്പോൾ നമ്മുടെ രാജ്യം നമ്മുടെ പാവം ജനങ്ങളുടെ നെഞ്ചിൽ തന്നെ ആഗ്നേയാസ്ത്രം പതിപ്പിക്കുവാൻ ശ്രമിക്കുന്നു.

ഇവിടെ മനുഷ്യന്റെ സർഗ്ഗശക്തി പൈശാചികമായ പ്രേരണകൾക്കു വഴങ്ങുന്നു. ദൈവസ്നേഹത്തിന്റെ സംവാഹകരും ജീവന്റെ പരിസേവ കരും എന്ന നിലയിൽ ഇതുപോലെയുള്ള സാമൂഹ്യ - രാഷ്ട്രീയ അധാ ർമ്മികതയ്ക്ക് എതിരായി നമുക്ക് എന്തു ചെയ്യാൻ കഴിയും എന്ന് നാം കൂട്ടായി ചിന്തിക്കേണ്ടതാണ്. ദൈവം കനിഞ്ഞു നൽകിയ ജീവനെതി രായി മനുഷ്യൻ പ്രവർത്തിക്കുമ്പോഴൊക്കെ അവൻ തന്റെ സർഗ്ഗശക്തിയെ

അതിന്റെ ദിവ്യമായ ഉദ്ദേശ്യത്തിനെതിരേ ഉപയോഗിക്കുകയാണ് എന്ന് നാമോർക്കണം.

### 3. മനുഷ്യനെ മാനിക്കുന്ന ദൈവം

ദൈവം സ്വേച്ഛാധിപതിയോ ഏകഛത്രാധിപതിയോ അല്ല. സ്നേഹത്തിൽ നിറഞ്ഞ ത്രിത്വമാണ്. മനുഷ്യസ്നേഹിയും മനുഷ്യസ്വാതന്ത്ര്യത്തെ ബഹുമാനിക്കുന്നവനുമാണ്, കർത്താവ് നമുക്ക് കാണിച്ചുതന്ന പിതാവായ ദൈവം. ദൈവത്തിന്റെ ഈ സ്വഭാവത്തിൽ പങ്കാളികളായി നമ്മുടെ സേവനശൈലിയെ അതിനനുസരിച്ച് രൂപാന്തരപ്പെടുത്തുവാനാണ് ദൈവം നമ്മെ വിളിക്കുന്നത്.

പഴയനിയമത്തിൽ 'ബലവാനും യുദ്ധവീരനുമായ യഹോവ', സൈന്യങ്ങളുടെ കർത്താവ് എന്നൊക്കെ ദൈവത്തെ വിശേഷിപ്പിക്കുന്നുണ്ടെങ്കിലും യേശുമിശിഹാ നമുക്ക് വെളിപ്പെടുത്തിയ ദൈവത്തിന്റെ പ്രമുഖമായ ഭാവം അതല്ല. അളവില്ലാതെ ക്ഷമിക്കുന്ന പിതാവ്, നഷ്ടപ്പെട്ടുപോയ ആടിനെ തേടി അലയുന്ന ഇടയൻ, സമൂഹം തള്ളിക്കളഞ്ഞ പാവങ്ങളെയെല്ലാം ക്ഷണിച്ച് വലിയ വിരുന്നു നൽകുന്ന സമ്പന്നനായ വീട്ടുകാരൻ, കരുണയോടെ ന്യായവിസ്താരം ചെയ്യുന്ന നീതിയുള്ള ന്യായാധിപൻ, തള്ളക്കോഴി കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കുംപോലെ മാറോടണയ്ക്കുന്ന മാതാവ്, ലോകത്തോടുള്ള കരുണയും സ്നേഹവും മൂലം ഏകജാതനായ സ്വപുത്രനെ യാഗമായി നൽകുന്ന കാരുണ്യവാനായ പിതാവ് - ഇങ്ങനെയുള്ള വാങ്മയ ചിത്രങ്ങളിലൂടെയാണ് കർത്താവായ യേശുക്രിസ്തു ദൈവത്തിന്റെ സ്വഭാവം വെളിപ്പെടുത്തിയത്. വൈദികരായ നമ്മുടെ അജപാലന ശുശ്രൂഷയിൽ ഈ ഭാവങ്ങളെല്ലാം പ്രസക്തമാണ്.

ഇടവകയെ ഒരു സഹകരണ സംഘമായോ കമ്പനിയായോ കരുതുകയും വികാരിയെ ബിസിനസ്സ് എക്സിക്യൂട്ടീവാക്കുകയും ചെയ്യുന്ന ഒരു പ്രവണത പലയിടത്തും കാണുന്നുണ്ട്. പണമുണ്ടാക്കുക, പലിശ വാങ്ങുക, പലിശയിന്മേൽ കൂട്ടുപലിശയുണ്ടാക്കുക, പത്രത്തിൽ പേരു വരുന്ന നിരവധി പ്രവർത്തനങ്ങളിൽ വ്യാപൃതരാവുക എന്നിവയെല്ലാം മുഖ്യ മൂല്യങ്ങളായി ചിലപ്പോഴൊക്കെ മാറാറുണ്ട്. കാര്യക്ഷമമായ ഭരണവും വിവിധ പ്രവർത്തനങ്ങളും നമുക്ക് തീർച്ചയായും ആവശ്യമാണ്. അതിനു യാതൊരു സംശയവുമില്ല. എന്നാൽ അത് മറ്റെല്ലാത്തിനേയും കീഴടക്കുന്ന ഏകമൂല്യമാകരുത്. ദൈവത്തിന്റെ കൂട്ടുവേലക്കാർ എന്നു പറഞ്ഞാൽ ദൈവം മാനേജിംഗ് ഡയറക്ടർ ആയിരിക്കുന്ന കമ്പനിയുടെ ഡയറക്ടർ ബോർഡിലെ അംഗമാകുക എന്നതല്ല അർത്ഥം.

പുതിയനിയമത്തിൽ കാണുന്ന ദൈവം സ്നേഹവും ക്ഷമയും മനസ്സ

ലിവും നിമിത്തം ലാഭനഷ്ടങ്ങൾ നോക്കാതെ നല്ല ദാനങ്ങൾ വാരിവിത റുന്ന പിതാവാണ്. പൗരസ്ത്യസഭാ പാരമ്പര്യത്തിലെ അതിപ്രധാനമായ ഉൾക്കാഴ്ചകളിലൊന്ന് ദൈവം ആരേയും ഹേമിക്കാതെ മനുഷ്യസ്വാത ന്ത്ര്യത്തെ ബഹുമാനിക്കുന്നു എന്നതാണ്. പാശ്ചാത്യ സഭയിൽ മാർപാ പ്പാമാർ നൂറ്റാണ്ടുകളോളം ലൗകികാധികാരത്തിന്റെയും ആത്മീയാധികാ രത്തിന്റെയും രണ്ട് വാളുകളുമണിഞ്ഞിരുന്നതുകൊണ്ട് ഈ ആശയത്തിന് അവിടെ സ്ഥാനം കിട്ടിയില്ല. നിയമം, ഭരണം, അനുസരണം, ന്യായവിധി, ശിക്ഷ എന്നിവയായിരുന്നു റോമൻ സഭാ ഭരണശൈലിയുടെ മുഖ്യഘട കങ്ങൾ. കുഞ്ഞാടുകൾ അനുസരിക്കുന്നവരും ഇടയന്മാർ അനുസരിപ്പി ക്കുന്നവരുമായിരുന്നു. ചോദ്യം ചെയ്യുന്ന കുഞ്ഞാടുകളെ മൂന്നാം മുറ കളോ അതിൽ കവിഞ്ഞതോ ആയ 'അജപാലന ശുശ്രൂഷകൾക്ക്' വിധേ യമാക്കുന്നതിനെ സഭ ന്യായീകരിച്ച കാലമുണ്ടായിരുന്നു. ഇതു വളരെ ഫലപ്രദമാണെന്നും ചില പ്രത്യേക താൽപര്യങ്ങളൊക്കെ സംരക്ഷിക്കാൻ നല്ലതാണെന്നും കണ്ട്, ഇതിനെ അനുകരിക്കാൻ ശ്രമിച്ച പൗരസ്ത്യസഭ കളുമുണ്ട്.

മനുഷ്യ സ്വാതന്ത്ര്യത്തെ ബഹുമാനിക്കുന്ന ദൈവത്തിന്റെ സ്വഭാവം നമ്മുടെ അജപാലന രംഗത്ത് പ്രതിഫലിപ്പിക്കണം എന്ന് പൗരസ്ത്യ പിതാക്കന്മാർ ചിന്തിച്ചിരുന്നു. നാസിയാൻസിലെ വി. ഗ്രീഗോറിയോസ് ഒരു ചെറിയ ഉദാഹരണം നൽകുന്നു. നാം നട്ടുവളർത്തുന്ന ഒരു ചെടി യുടെ നാമ്പിനു മുകളിലേക്ക് വളരുവാൻ കഴിയാത്തവിധം ഒരു തടസ്സമു ണ്ടാകുന്നുവെന്നു വിചാരിക്കുക. തടസ്സം മൂലം നാമ്പ് വളഞ്ഞ് കീഴ്പ്പോ ട്ടായി. ആ നാമ്പിനെ നേരെയാക്കാൻ ബുദ്ധിയുള്ള കൃഷിക്കാരൻ എന്താ ണ് ചെയ്യുന്നത്? അയാൾ ബലമായി നാമ്പു പിടിച്ച് നേരെയാക്കുന്നില്ല. നേരെ മറിച്ച് ചെടിയുടെ മുകളിലുള്ള തടസ്സങ്ങളൊക്കെ നീക്കി, സൂര്യ പ്രകാശം നേരിട്ട് അതിൽ ലഭിക്കാനുള്ള സാഹചര്യമൊരുക്കുന്നു. അപ്പോൾ നാമ്പ് താനെ നിവർന്നുകൊള്ളും. ഇതുപോലെയാണ് ദൈവം നമ്മോടു പ്രവർത്തിക്കുന്നത്. താൻ നമ്മെ ഹേമിച്ച് നേർവഴിയാക്കുന്നില്ല. മാർഗ്ഗതടസ്സങ്ങൾ നീക്കിയിട്ട്, നമ്മുടെ സ്വാതന്ത്ര്യമുപയോഗിച്ച് പ്രകാശം കണ്ട് സ്വയം നേരെയാകാൻ നമ്മെ അനുവദിക്കുന്നു. ഈ തത്വം നമ്മുടെ അജപാലന ശുശ്രൂഷയിൽ എങ്ങനെ പ്രതിഫലിപ്പിക്കാമെന്ന് നാം ചിന്തി ക്കേണ്ടതാണ്. പൗരോഹിത്യത്തെക്കുറിച്ചും അതിന്റെ ചുമതലയെക്കു റിച്ചും അതിമനോഹരമായ ഒരു പ്രസംഗം വി. ഗ്രീഗോറിയോസ് ചെയ്തി ട്ടുണ്ട്. ഒരു പുരോഹിതനാകാൻ ആദ്യ വൈമനസ്യം കാണിച്ച ആളായി രുന്നു അദ്ദേഹം.

ഒരു ഇടവകയിൽ ഒരു വ്യക്തി മറ്റൊരു വ്യക്തിയിൽ നിന്നു വ്യത്യ സ്തനാണ്. ഓരോരുത്തരുടെയും ആത്മീയാവശ്യങ്ങൾ വ്യത്യസ്തങ്ങ

ളാണ്. അതുകൊണ്ട് അങ്ങേയറ്റത്തെ മനഃശാസ്ത്രപരമായ ഉൾക്കാഴ്ച യോടും മനസ്സലിവോടും നേരിയ വ്യത്യാസത്തെപ്പോലും തിരിച്ചറിയത്തക്ക ആത്മീയ വിവേചനശക്തിയോടും കൂടി പട്ടക്കാരൻ പെരുമാറണമെന്ന് അദ്ദേഹം ഉപദേശിക്കുന്നു. ഇവിടെ ബിസിനസ്സ് മാനേജ്മെന്റല്ല, ആത്മി കവും ഭൗതികവുമായ ഞെരുക്കങ്ങളനുഭവിക്കുന്ന മനുഷ്യന് ദൈവത്തിന്റെ മനസ്സലിവും മനുഷ്യസ്നേഹവും കാണിച്ചുകൊടുക്കുകയാണ് പുരോഹി തന്റെ കർമ്മം.

### 4. ധാരണയുടെ അതിരുകൾ

പൗരോഹിത്യത്തെക്കുറിച്ചുള്ള വികലമായ ധാരണകൾ മൂലം ദൈവ ത്തിനു കൂട്ടുവേലക്കാരനാകുന്നതിനു പകരം ദൈവേഷ്ടത്തിനു വിരുദ്ധ മായി പ്രവർത്തിക്കാനുള്ള ഒരു അപകടസാദ്ധ്യത കൂടി നാം കണക്കിലെ ടുക്കണം. പൗരോഹിത്യത്തെ ഇടുങ്ങിയ ഒരു ചട്ടക്കൂടിനുള്ളിലാക്കി കാണാനും ദൈവകൃപയുടെ പ്രവാഹത്തെ തങ്ങളുടെ കുത്തകാവകാശ മാക്കി മാറ്റാനുമുള്ള പ്രവണത എല്ലാ കാലത്തും സംഘടിത മതങ്ങളിലും പൗരോഹിത്യ ശ്രേണികളിലും കാണാൻ കഴിയും. ഈ പരീക്ഷയിൽ നമ്മുടെ ക്രിസ്തീയ പൗരോഹിത്യം അകപ്പെട്ടു പോകാതിരിക്കാൻ നാം ജാഗ്രത പുലർത്തേണ്ടതാണ്. ദൈവസ്നേഹത്തിന് അതിരുകളില്ല. 'അതി രും തീരവുമില്ലാത്ത സത്തയുടെ മഹാസമുദ്രം' എന്ന് നാസിയാൻസിലെ മാർ ഗ്രീഗോറിയോസ് ദൈവസ്വഭാവത്തെ വിശേഷിപ്പിക്കുന്നു. മനുഷ്യരെ സഹായിക്കുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും നമുക്ക് ചില അട യാളങ്ങൾ ഈ സമുദ്രത്തിൽ ഇടുവാൻ കഴിഞ്ഞേക്കും. വലിയ കായലിൽ ബോട്ടുകൾക്കും മറ്റും വഴി കാണിക്കാൻ ഇടുന്ന 'ബോയ്'കൾ പോലെ. പക്ഷേ, മാറ്റാവുന്ന ഇത്തരം അടയാളങ്ങൾക്കു പകരം കോൺക്രീറ്റ് ഭിത്തി കൾ കെട്ടി ദൈവസ്നേഹത്തിന്റെ സമുദ്രത്തിൽ അതിർ തിരിക്കാൻ നാം ശ്രമിക്കുന്നത് അസ്ഥാനത്താണ്.

നമ്മുടെ ഇടുങ്ങിയ കാഴ്ചപ്പാടിലേക്ക് ലോകത്തെയും ദൈവത്തെയും ഒതുക്കുന്നവരുണ്ട്. പുരോഹിതന്മാർക്ക് ഈ പരീക്ഷണം വളരെ ശക്ത വുമായിരിക്കും. നാലു വയസ്സുള്ള ഒരു കുട്ടി അക്ഷരം പഠിച്ചു തുടങ്ങി. ഇംഗ്ലീഷിൽ A എന്ന അക്ഷരം പഠിച്ച കുട്ടി പിന്നെ നോക്കുന്നിടത്തെല്ലാം A എന്ന അക്ഷരത്തിന്റെ രൂപമാണു കാണുന്നത്. കാണുന്നതെല്ലാം A പോലെയാണെന്നു കുട്ടി കരുതുന്നു. അല്ലെങ്കിൽ A പോലെയാക്കാൻ കുട്ടി ശ്രമിക്കുന്നു. അക്ഷരം പഠിക്കുന്നതു വരെ ലോകത്തെ സ്വതന്ത്രമായി മന സ്സിലാക്കിക്കൊണ്ടിരുന്ന കുട്ടി, പിന്നെ ലോകത്തെ മുഴുവൻ താൻ പഠിച്ച അക്ഷരത്തിലൊതുക്കാൻ ശ്രമിക്കുന്നു. ആ കുട്ടി അക്ഷരവിദ്യയിൽ കേമ നായി കഴിയുമ്പോൾ സകല സത്യവും തന്റെ വിദ്യയിൽ ഒതുങ്ങുന്നു

എന്നു വിശ്വസിക്കുകയും അവകാശപ്പെടുകയും ചെയ്യും. വലിയ ബുദ്ധിമാന്മാരായ പല വ്യക്തികളും ഇങ്ങനെ സ്വന്തം വിജ്ഞാനത്തിലും വിദ്യയിലും വൈദഗ്ദ്ധ്യത്തിലും പ്രപഞ്ചത്തിന്റെയും ജീവന്റെയും രഹസ്യങ്ങളെ ഒതുക്കുവാൻ ശ്രമിക്കുന്നതു കാണാം.

മാർ അപ്രേമിന്റെ ദൈവശാസ്ത്ര ചിന്തയെക്കുറിച്ചുള്ള ഒരു പഠനത്തിൽ ഓക്സ്ഫോർഡിലെ സുറിയാനി പണ്ഡിതൻ സെബാസ്റ്റ്യൻ ബ്രോക്ക് മൂന്നു ദൈവശാസ്ത്ര നിലപാടുകൾ സൂചിപ്പിക്കുന്നു. ഒന്നാമത്തേത്, നാം അറിയാനാഗ്രഹിക്കുന്ന സംഗതിയെ അഥവാ വ്യക്തിയെ നമ്മുടെ സമ്പൂർണ്ണ നിയന്ത്രണത്തിനു അധീനമാക്കി, നമ്മുടെ അളവുകോലുകൾ ഉപയോഗിച്ച് അളന്ന് നമ്മുടെ മുൻധാരണകൾക്ക് അനുസരണമായി മനസ്സിലാക്കുക. കൊളോണിയൽ കാലഘട്ടത്തിലും മറ്റും വെള്ളക്കാർ മറ്റു സംസ്ക്കാരങ്ങളെയും മതങ്ങളെയും ഇങ്ങനെയാണ് പഠിച്ചത്. ഇന്നും ശാസ്ത്രത്തിന്റെ രീതി മിക്കവാറും ഇതാണ്. ദൈവത്തെ ഇങ്ങനെ മനസ്സിലാക്കാൻ ശ്രമിക്കുന്നവരുണ്ട്. മാർ അപ്രേം ഇതിനെ 'വേദവിപരീതികളുടെ മാർഗ്ഗം' എന്നു വിശേഷിപ്പിക്കുന്നു.

രണ്ടാമത്തേത്, നാം അറിയാനാഗ്രഹിക്കുന്ന, സംഗതിയിൽ നിന്ന് ദൂരെ മാറി വിട്ടുനിന്ന് നിസ്സംഗമായി നിഷ്പക്ഷമെന്നു വിശേഷിപ്പിക്കാവുന്ന നിരീക്ഷണ പഠനങ്ങൾ നടത്തുക. ഇന്ന് യൂണിവേഴ്സിറ്റികളിൽ നടക്കുന്ന വേദശാസ്ത്ര പഠനം ഈ രീതിയിലാണ്. നിഷ്പക്ഷവും ഉത്തമവും ശാസ്ത്രീയവും എന്നു വിശേഷിക്കപ്പെടുന്ന ഈ രീതിയും യഥാർത്ഥത്തിൽ വികലമാണ്. കാരണം ഇവിടെ പഠിതാവും പഠനവിഷയവും തമ്മിൽ അകലം ഏറി ആത്മബന്ധമില്ലാതെയാകുന്നു. മാർ അപ്രേം ഈ രീതിയും ഉപേക്ഷിക്കുന്നു.

'എന്നെ നിന്റെ അറിവിലേയ്ക്ക് തിരിപ്പിക്കണമേ. ഞാൻ ദൂരെ മാറി നിന്ന് പഠിക്കാൻ ശ്രമിച്ചു. എന്നാൽ ഞാനിതാ അതിനതിന് ദരിദ്രനായി തീരുന്നു. എന്തെന്നാൽ, നിന്നോടുള്ള സംസർഗ്ഗത്തിലൂടെയല്ലാതെ ആത്മാവ് ഒന്നും നേടുന്നില്ല.'

മൂന്നാമത്തെ രീതി പ്രതിബദ്ധതയു (Commitment) ടേതാണ്. വിവാഹബന്ധത്തിന്റെ സൂചനയുണർത്തുന്ന ഈ രീതി ആഴമായ ബന്ധത്തിന്റെയും സംസർഗ്ഗത്തിന്റേതുമാണ്. സ്നേഹത്തിലും അദ്ഭുത വിവശതയിലും ദൈവവും മനുഷ്യനും പരസ്പരം ആശ്ലേഷിക്കുന്നു. പരസ്പര സമർപ്പണത്തിലൂടെ, സംസർഗ്ഗത്തിലൂടെ മനുഷ്യൻ ഉപരിജ്ഞാനം തേടുന്നു.

"നിന്നെക്കുറിച്ചുള്ള എന്റെ അഹധ്യാനങ്ങളിൽ അതുല്യമായൊരു നിധിയാണ് എനിക്കു നീ പകർന്നു തന്നത്. നിന്റെ ദിവ്യഭാവങ്ങളെ മനനം

ചെയ്തപ്പോഴെല്ലാം ഒരു തെളിനീരരുവി നിന്നിൽ നിന്നു ഒഴുകിയിറങ്ങി. അതിനെ ഉൾക്കൊള്ളുവാൻ ഞാൻ എത്രയോ അശക്തൻ. നിന്റെ നീരുറവയ്ക്കു സ്തുതി. കർത്താവേ നിനക്കു വേണ്ടി ദാഹിക്കാത്തവനു നീ മറഞ്ഞിരിക്കുന്നു. നിന്നെ നിരസിക്കുന്നവന്, നിന്റെ ഭണ്ഡാരം ശൂന്യമായി തോന്നുന്നു. സ്നേഹമാകുന്നു നിന്റെ സ്വർഗ്ഗീയ ഭണ്ഡാരത്തിന്റെ താക്കോൽ സൂക്ഷിപ്പുകാരൻ."

ഭരണഘടനകളും കാനോനുകളും കോടതിവിധികളും നമുക്കാവശ്യമായിരിക്കാം. പക്ഷേ, മറഞ്ഞിരിക്കുന്ന ജീവന്റെ ഉറവകളിലേക്ക് മനുഷ്യനെ നയിക്കുവാൻ അവ അശക്തങ്ങളാണ്. നമ്മുടെ പൗരോഹിത്യം ഇങ്ങനെയുള്ള സംഗതികളിൽ മാത്രം കുരുങ്ങിപ്പോയാൽ ദിവ്യരഹസ്യങ്ങളുടെ നിഗൂഢ നിക്ഷേപങ്ങൾ തേടി നമ്മുടെ ജനങ്ങളോടൊപ്പം തീർത്ഥാടനം നടത്താൻ നമുക്ക് കഴിയാതെ പോയേക്കാം. ഓർത്തഡോക്സ് സന്യാസ പ്രസ്ഥാനത്തിൽ, ആത്മീയ സാധനയുടെ അവിഭാജ്യഘടകമായി നിയമങ്ങളെയും നിയന്ത്രണങ്ങളെയും ശിക്ഷണത്തെയും സ്വീകരിക്കുന്നു. എന്നാൽ ആത്മീയ പക്വത പ്രാപിച്ചു എന്നു മറ്റുള്ളവർക്കു ബോധ്യപ്പെടുന്ന ചില സന്യാസിമാരെ ഇത്തരം നിയമങ്ങൾക്കുള്ളിൽ എപ്പോഴും തളച്ചു നിർത്തുന്നില്ല. അവർ നിയമങ്ങൾക്കെതിരായിട്ടല്ല, അതീതമായി ഉയർന്ന് ദിവ്യസ്നേഹത്തിന്റെ ഉറവകളിൽ നിന്ന് കുടിക്കുകയും മറ്റുള്ളവരെ അതിലേക്ക് ആനയിക്കുകയും ചെയ്യുന്നവരാണ്. ചിന്തയുടെയും ബുദ്ധിയുടേയും നിയമത്തിന്റെയുമൊന്നും 'തൂക്കുകട്ടകൾ' ദൈവസ്നേഹത്തിനു മുമ്പിൽ ഉയർത്തിപിടിക്കാൻ അവർ ശ്രമിക്കുന്നില്ല. സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയിരിക്കുന്നു (ഗലാ. 5:17) എന്ന വചനം തങ്ങളുടെ ജീവിതത്തിൽ സാക്ഷാത്കരിച്ചവരാണവർ. ഈ ആത്മീയ വിശാലതയിലേക്കുയരുക എന്നതാണ് നമ്മുടെ പൗരോഹിത്യ ശുശ്രൂഷയുടെയും ആത്മീയ സാധനകളുടെയും ലക്ഷ്യമായി വച്ചിരിക്കുന്നത്.

## 5. പേരുകളുടെ വിനിമയം

പരിശുദ്ധാത്മാവിന്റെ സുപ്രധാനമായ വിശേഷണങ്ങളിലൊന്ന് ആത്മാവ് പൂർത്തീകരിക്കുന്നവനാകുന്നു എന്നതാണ്. 'ഉണ്ടായിട്ടുള്ളതും ഉണ്ടാകാനിരിക്കുന്നതുമായ സകലത്തേയും പൂർത്തീകരിക്കുന്ന പരിശുദ്ധാത്മാവ് നമ്മോടുകൂടെ' എന്നാണല്ലോ വി. കുർബാനയുടെ അവസാന ഭാഗത്ത് ചൊല്ലുന്നത്. ദൈവത്തിന് സഹപ്രവർത്തകരായി നാം തീർന്നു കഴിഞ്ഞു എന്നൊരിക്കലും നമുക്കു പറയാനാവില്ല. കാരണം, പുതിയ മാർഗ്ഗങ്ങളിലൂടെ നവംനവങ്ങളായ അനുഭവങ്ങളിലൂടെ അനുനിമിഷം നിരന്തരമായി പരിശുദ്ധാത്മാവ് നമ്മെ പൂർത്തീകരിക്കുന്നു. നമ്മെ മാത്രമല്ല

സകല സൃഷ്ടിയെയും ആത്മാവ് പൂർത്തീകരിക്കുന്നു. സഭയുടെ നിയമങ്ങളെയും നിലപാടുകളെയും നിരന്തരം പുനഃപരിശോധിക്കുകയും ദൈവത്തിനനുസൃതമായി 'അവയെ രൂപാന്തരപ്പെടുത്തുകയും' ചെയ്യുന്നത് പരിശുദ്ധാത്മാവാണ്. സഭ നിഷ്ക്കളങ്കയും തേജസ്വിനിയുമായി ക്രിസ്തുവിന്റെ മണവാട്ടിയാക്കുന്ന പ്രക്രിയ പരിശുദ്ധാത്മാവാണ് നടത്തുന്നത്. പക്ഷേ, ഇവിടെയും പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളിൽ വസിച്ച് മൃദുലമായി മാത്രം നമ്മോട് മന്ത്രിക്കുകയും ചെയ്യുന്നു.

കർത്താവ് തന്റെ ശിഷ്യന്മാരെ അവസാനം സ്നേഹിതന്മാരെന്ന് വിളിച്ചു. ദൈവത്തിനു സ്നേഹിതരും സഹപ്രവർത്തകരുമായി വിളിക്കപ്പെട്ടവർക്ക് തന്റെ പേരുകൾ താൻ നല്കുന്നു. കർത്താവ് പുരോഹിതനും രാജാവും പ്രവാചകനും ഇടയനും ഗുരുവുമെന്നു വിളിക്കപ്പെട്ടു. അതേ പേരുകൾ താൻ നമുക്കും നൽകിയിരിക്കുന്നു. നമ്മുടെ ബലഹീനതയുടെ പേരുകൾ മനുഷ്യപുത്രൻ സ്വീകരിച്ചു. പേരുകളുടെ പരസ്പരമുള്ള കൈമാറലിൽ നമ്മുടെ ഉത്തരവാദിത്ത്വങ്ങളും പദവികളും അന്തർഭവിച്ചിരിക്കുന്നു.

മാർ അപ്രേം പാടുന്നു:

'നമ്മുടെ നാമങ്ങൾ സ്വീകരിച്ചവനായ കർത്താവ് സ്നേഹപൂർണ്ണനാകുന്നു. അവൻ തന്റെ പേരുകളെ നമുക്കായി നൽകി. നമ്മിൽ നിന്നു നമ്മുടെ പേരുകളെ അവൻ സംസ്വീകരിച്ചു. ... കർത്താവേ, നിന്റെ മധുരമായ പേരിനെ തന്റെ പേരിനു മേൽ വിരിച്ചവൻ ഭാഗ്യവാനാകുന്നു. അവൻ നിന്റെ പേരുകൾ കൊണ്ട് അവന്റെ പേരുകളെ അലംകൃതമാക്കിയിരിക്കുന്നു.

*(1989 മെയ് മാസത്തിൽ പരുമല വച്ചു നടന്ന അഖില മലങ്കര വൈദികസമ്മേളനത്തിൽ ചെയ്ത പ്രസംഗം)*

# ജീവന്റെ നിലനിൽപ്പും ആദ്ധ്യാത്മികതയും

ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് ഏറ്റവും വലിയ ഭീഷണി മനുഷ്യരുടെ പ്രവർത്തനങ്ങളാണ് എന്ന തിരിച്ചറിവ് നമുക്ക് ലഭിച്ചിട്ട് അധികകാലമായിട്ടില്ല. പരിസ്ഥിതിക്കു സംഭവിക്കുന്ന മാറ്റങ്ങൾ പലതും മനുഷ്യരുടെ ആധുനിക ജീവിതശൈലിയുടെ അനന്തരഫലമാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല.

എല്ലാത്തരം ജീവന്റെയും ഗർഭപാത്രമായി കരുതപ്പെടുന്ന ഉഷ്ണമേഖലാവനങ്ങൾ വെട്ടിത്തെളിച്ച് തടി ബിസിനസ്സും റിസോർട്ടും ടൂറിസവും എസ്റ്റേറ്റും നടത്തുന്നത് എങ്ങനെ മഴയേയും മണ്ണിനെയും ജലസ്രോതസുകളേയും ജീവജാലങ്ങളേയും ബാധിക്കുന്നു എന്നറിയാൻ നമുക്ക് ദുരെയെങ്ങും പോകേണ്ടതില്ല. ഒരു ഭൂഖണ്ഡത്തിന്റെ നല്ല പങ്ക് നിറഞ്ഞിരുന്ന തെക്കേ അമേരിക്കയിലെ ആമസോൺ വനങ്ങൾ മുതൽ സഹ്യാദ്രിയിലെ ഒരു പച്ചക്കുടുമ്പി പോലെ മാത്രം അവശേഷിച്ചിരിക്കുന്ന കൊടുംകാടുകൾ വരെ പൂർണ്ണനാശത്തിന്റെ വക്കിലാണ്. കാരണം മനുഷ്യന്റെ അത്യാർത്തി.

നമ്മുടെ കേരളത്തിലെ നദികളിൽ വേനൽക്കാലത്ത് കാണുന്ന വെള്ളം മഞ്ഞുമലകളിൽ നിന്ന് മഞ്ഞുരുകി വരുന്നതല്ല. മഴക്കാടുകളിൽ നിന്ന് ഊറിക്കൂടുന്നതാണ്. കാടുകൾ നശിക്കുമ്പോൾ ഊറ്റുകൾ വറ്റുന്നു. നദി വരളുന്നു. വർഷകാലത്ത്, ജലപ്രവാഹത്തിന്റെ വീര്യത്തെ തടഞ്ഞു നിർത്താൻ മരങ്ങളും വേരുകളുമില്ലാത്തതിനാൽ വ്യാപകമായി മലയിടിച്ചിലും മണ്ണുനീക്കവും സംഭവിക്കുന്നു. ഒരിക്കൽ കാടുകൾ മൂടിയിരുന്ന ഭൂമി ഊഷരമായിത്തീരുന്നു. വരൾച്ചയും പ്രളയവും മാറിമാറി വന്ന് ജീവികളുടെ ആവാസ വ്യവസ്ഥയെ താറുമാറാക്കുന്നു.

നമ്മുടെ നഗരങ്ങളിൽ അനുദിനം പെരുകുന്ന മോട്ടോർ വാഹനങ്ങൾ അന്തരീക്ഷത്തിലേക്ക് തള്ളുന്ന അവശിഷ്ട വാതകങ്ങളിൽ കാർബൺ ഡയോക്സൈഡും വിഷവാതകമായ കാർബൺ മോണോക്സൈഡും അടങ്ങിയിരിക്കുന്നു. ശ്വാസകോശ സംബന്ധമായ നിരവധി രോഗങ്ങളും ചിലതരം ക്യാൻസറും സൃഷ്ടിക്കുന്നതിൽ ഇവയ്ക്കുള്ള പങ്ക് വ്യക്തമാണ്. അതിലുപരി ചൂടിനെ ആഗിരണം ചെയ്യുന്ന വാതകങ്ങൾ അന്തരീക്ഷത്തെ ചൂടു പിടിപ്പിച്ച് ഗ്രീൻഹൗസ് ഇഫക്ട് എന്ന പ്രതിഭാസമുണ്ടാകുന്നു. അതായത് ഭൂമിയുടെ അന്തരീക്ഷത്തെ മുഴുവൻ തണുപ്പുകാലത്ത് ചെടികൾ വളർത്തുന്ന കണ്ണാടിക്കൂടു പോലെയാക്കി (Green House) സൂര്യന്റെ

ചൂടിനെ പിടിച്ചെടുത്ത് അന്തരീക്ഷത്തിലെ ഊഷ്മാവ് വർദ്ധിപ്പിക്കുന്നു. ഈ ഭൂഗോളത്തിൽ മുഴുവനായി ഉണ്ടാകുന്ന ഈ പ്രതിഭാസത്തെയാണ് ആഗോള താപനം (Global Warming) എന്നു വിളിക്കുന്നത്. നമ്മുടെ കാലാവസ്ഥയിൽ വൻമാറ്റങ്ങൾ വരുത്താൻ ഇതിനു കഴിയും. ഭൂമിയുടെ ഇരു ധ്രുവങ്ങളിലും ഹിമാലയം പോലെയുള്ള അതിപുരാതന പർവ്വതങ്ങളിലും യുഗങ്ങളായി ഉറഞ്ഞിരിക്കുന്ന മഞ്ഞ് ഉരുകുന്നതു മൂലം സമുദ്രജലത്തിന്റെ നിരപ്പ് ഉയരുകയും, തൽഫലമായി ന്യൂയോർക്ക്, ബോംബെ, ബംഗ്ലാദേശ് തുടങ്ങിയ സമുദ്രനിരപ്പിലുള്ള സ്ഥലങ്ങൾ വെള്ളത്തിനടിയിലാകാനുള്ള സാദ്ധ്യത നമ്മുടെ കൺമുമ്പിലുണ്ട്.

ആഗോള താപനത്തിന്റെ മുഖ്യകാരണം വികസിത രാജ്യങ്ങളിൽ മനുഷ്യന്റെ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന ഊർജ്ജവും അതിന്റെ ഫലമായി ഉണ്ടാകുന്ന ഉച്ഛിഷ്ട വാതകങ്ങളുമാണ്. ഇതിന്റെ അളവു കുറയ്ക്കാൻ രാജ്യങ്ങളെ പ്രേരിപ്പിക്കാൻ പല അന്താരാഷ്ട്ര സമ്മേളനങ്ങൾ ഐക്യരാഷ്ട്ര സംഘടനയും മറ്റും നടത്തിയിട്ടും ഫലമില്ല. അമേരിക്കയിലെപ്പോലെ ഊർജ്ജം വിഴുങ്ങുന്ന രാജ്യങ്ങൾ താപനം കുറയ്ക്കാനുള്ള കരാറുകളിൽ ഒപ്പുവെയ്ക്കാൻ മടിക്കുന്നു. പരിസ്ഥിതി നാശം മൂലം ജീവന്റെ നിലനിൽപ്പിനുള്ള ഭീഷണികൾ നൂറുകണക്കിനാണ്.

ഉൽപ്പത്തി പുസ്തകത്തിലെ വിവരണമനുസരിച്ച് മനുഷ്യന് ദൈവം കൊടുത്ത അനുഗ്രഹത്തെ മനുഷ്യൻ ശാപമാക്കി മാറ്റി എന്നൊരു വിമർശനം പലരും ഉയർത്തുന്നുണ്ട്.

"നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകല ഭൂചരജന്തുവിന്മേലും വാഴുവിൻ എന്ന് അവരോട് കൽപ്പിച്ചു" (ഉല്പ്പത്തി 1:28). ഈ കല്പ്പന തെറ്റായി ഉപയോഗിച്ച് മനുഷ്യൻ ഇതര ജീവജാലങ്ങളേയും പ്രകൃതിയെയും ചൂഷണം ചെയ്തു നശിപ്പിച്ചു എന്നാണ് പരാതി. യഹൂദ - ക്രൈസ്തവ പാരമ്പര്യത്തിൽ, സൃഷ്ടിയുടെ കേന്ദ്രവും മകുടവുമായി കരുതുന്നത് മനുഷ്യനെയാണ്. മറ്റു ജീവജാലങ്ങളെ അടിമകളെപ്പോലെ കരുതുന്ന പ്രവണത വളർത്താനാണ് മനുഷ്യന്റെ ശ്രമം. സ്വാർത്ഥ താൽപ്പര്യങ്ങൾക്കു വേണ്ടിയും സ്വന്തം സുഖത്തിനു വേണ്ടിയും മാത്രം ദൈവത്തിന്റെ സൃഷ്ടിയെ നിഷ്ക്കരുണം ഉപയോഗിക്കാനുള്ള മനുഷ്യശ്രമങ്ങൾക്ക് മാറ്റം വരുത്തിയില്ലെങ്കിൽ ഭൂമിയുടെ വിഭവശേഷി ഇല്ലാതാവുകയും ജലവും വായുവും മണ്ണും ആവാസയോഗ്യമല്ലാതാവുകയും ചെയ്യും എന്ന വസ്തുത ഇന്ന് നമുക്ക് വ്യക്തമാണ്.

പ്രകൃതിയുടെ സ്വാഭാവികമായ അവസ്ഥയാണ് ജീവന്റെ നിലനിൽപ്പിന്റെ അനുകൂല സാഹചര്യം. ആ അവസ്ഥയെ ഒരളവിൽ കവിഞ്ഞ് കല

ക്കിയാൽ എല്ലാത്തരം ജീവനും അവയുടെ ആവാസ വ്യവസ്ഥയും (Eco-System) കലങ്ങിപ്പോകും. ശുദ്ധജലം നിറഞ്ഞ ചെറിയൊരു കുളം നമ്മുടെ പറമ്പിലുണ്ടെന്നിരിക്കട്ടെ. കുടിക്കാനും കുളിക്കാനും തുണിയലക്കാനും നാം വെള്ളം ഉപയോഗിക്കുന്നു എന്നു കരുതുക. തെളിഞ്ഞ വെള്ളമെടുത്താണ് നാം ഈ ആവശ്യങ്ങൾ നിറവേറ്റുന്നത്. എല്ലാ സ്വാഭാവിക കുളത്തിന്റെയും അടിയിൽ ചെളി കാണും. ആരെങ്കിലും നിരന്തരമായി ആ ചെളി കലക്കിയാൽ നമ്മുടെ ജീവനാവശ്യത്തിനൊന്നും ആ വെള്ളം ഉപകരിക്കയില്ല. താമരയും ആമ്പലുകളും പായലുകളും മീനുകളും തവളകളും മറ്റു ചില ജലജീവികളുമൊക്കെ ആ കുളത്തിൽ വളരുന്നു എന്നു കരുതുക. അവയോടു ബന്ധപ്പെട്ട് പൊൻമാനുകളും മറ്റ് പക്ഷികളുമൊക്കെ വന്നെന്നിരിക്കും. ഇതെല്ലാം കൂടിച്ചേർന്ന് ഒരൊന്നാന്തരം ആവാസവ്യവസ്ഥ കുളത്തിനും അതിനു ചുറ്റുമായി രൂപംകൊള്ളുന്നു. ഇതൊരു സ്വാഭാവിക പ്രകൃതി വ്യവസ്ഥയാണ്. മനുഷ്യന് ഇതിൽ നിന്ന് സ്വന്ത ആവശ്യത്തിന് നല്ല വെള്ളം കോരിയെടുക്കാം. പക്ഷേ, മറ്റെല്ലാ ജീവികൾക്കും ചെടികൾക്കും ആ കുളത്തിൽ അവകാശമുണ്ടെന്ന് മറക്കരുത്.

പക്ഷേ, മനുഷ്യൻ, ആ കുളം തന്റെ പറമ്പിലായതുകൊണ്ട്, തന്റെ മാത്രം സ്വന്തമാണെന്ന് കരുതിയാൽ കുഴപ്പമായി. ആ കുളത്തിൽ തുണി അലക്കാൻ വേണ്ടി ദോഷകരമായ സോപ്പു പതയോ മറ്റു രാസവസ്തുക്കളോ കലർത്തിയാൽ അത് ജീവികളെ ബാധിക്കും. സ്വന്തം കുടിവെള്ളം മുട്ടും. ആ കുളത്തിലെ വെള്ളമെല്ലാം മനുഷ്യന്റെ സുഖത്തിനുവേണ്ടി കൃത്രിമമായ ശീതളപാനീയമുണ്ടാക്കാൻ പമ്പുചെയ്ത് എടുത്താൽ അതും ആവാസ വ്യവസ്ഥയെ ബാധിക്കും.

ഏതാണ്ടിതുപോലെയാണ് ആഗോള പരിസ്ഥിതി വ്യവസ്ഥയും. മനുഷ്യകേന്ദ്രീകൃതമായ ഒരു വ്യവസ്ഥ മാത്രമേ നമുക്കുള്ളുവെങ്കിൽ ഇനി ലോകത്തിനു വലിയ ഭാവിയില്ലെന്നാണ് പല ചിന്തകരും കണക്കു കൂട്ടുന്നത്. മറ്റു ജീവികളുമായി സ്നേഹപൂർവ്വം കഴിയാനാണ് മനുഷ്യനെ ദൈവം നിയോഗിച്ചത്. ആദാമിന്റെ അടുത്തുവന്ന് തങ്ങൾക്ക് പേരിട്ടു കിട്ടുവാൻ നിർഭയരായി നിൽക്കുന്ന പക്ഷിമൃഗാദികളെക്കുറിച്ച് ഉല്പത്തി പുസ്തകം സൂചിപ്പിക്കുന്നുണ്ട്. ഇത് മനോഹരമായ ഒരു രംഗമാണ്. ആദാമും ഹവ്വയും അന്ന് വെജിറ്റേറിയൻ ആയിരുന്നു. അതുകൊണ്ട് അവർ തങ്ങളെ കൊന്നു തിന്നും എന്ന ഭയമൊന്നും അവർക്കില്ലായിരുന്നു. മനുഷ്യന്റെ പാപവും വീഴ്ചയും സംഭവിച്ചതിനുശേഷമാണ് അവർ 'നോൺ-വെജിറ്റേറിയൻ' ഭക്ഷണശൈലിയിലേക്ക് നീങ്ങുന്നത് (ഉല്പത്തി 9) അതോടെ മൃഗങ്ങൾക്ക് മനുഷ്യനെ "പേടിയും നടുക്കവുമായി" എന്ന് വേദപുസ്തകം രേഖപ്പെടുത്തുന്നു.

ഈ അവസ്ഥ പടരുകയാണ് ഇപ്പോഴും. പുരോഗതി, വികസനം, വ്യവ സായവൽക്കരണം, ടൂറിസം തുടങ്ങിയ ഓമനപ്പേരുകളിലൊക്കെ മനുഷ്യർ നടത്തുന്ന മിക്ക പ്രവർത്തനങ്ങളും ജീവന് ഭീഷണിയായിത്തീരുന്നു. അതുകൊണ്ട് മനുഷ്യൻ ഒന്നും പ്രവർത്തിക്കേണ്ട എന്നു പറയാനും സാദ്ധ്യമല്ലല്ലോ. ഭൂമിയിൽ ജീവനെ പരിപോഷിപ്പിക്കുന്ന ആവാസ വ്യവ സ്ഥ നിലനിർത്തണമെങ്കിൽ ആധുനിക മനുഷ്യൻ അവരുടെ ജീവിത ശൈലി കാര്യമായി മാറ്റേണ്ടിവരും. തങ്ങളുടെ അമിതമായ സുഖഭോഗ തൃഷ്ണയെ സംയമനം ചെയ്ത് ഭൂമിയിലെ വിഭവശേഷിയെ വരുംതലമു റകൾക്കുംകൂടി ഉപയോഗിക്കത്തക്കവിധം ഉത്തരവാദിത്വബോധത്തോടെ യുള്ള വികസനം (Sustainable development) മാണ് നാം വിഭാവനം ചെയ്യേ ണ്ടത് എന്ന് അറിവുള്ളവർ പറയുന്നു.

ആത്യന്തികമായി, ഇതൊരു ആത്മിക പ്രശ്നമാണ്. മനുഷ്യൻ തന്റെ സ്രഷ്ടാവിനോടും സഹജീവികളോടും സ്നേഹത്തിലും നീതിയിലും ത്യാഗത്തിലും പങ്കാളിത്തത്തിലും അധിഷ്ഠിതമായ ഒരു ബന്ധം നില നിർത്തിയെങ്കിലേ ഒരു പുതിയ ജീവിതവ്യവസ്ഥ ഉണ്ടാവുകയുള്ളു. ഈ ലോകവും അതിന്റെ സമ്പത്തും സുഖവും മാത്രമാണ് മനുഷ്യന്റെ ജീവി തലക്ഷ്യമെന്ന് കരുതിയാൽ ഏറ്റം വിനാശകരമായ ഭാവിയാണ് നമ്മെ കാത്തിരിക്കുന്നത്. Eco-Spirituality എന്ന പേരിലറിയപ്പെടുന്ന ചിന്താധാര പരിസ്ഥിതിയും ആദ്ധ്യാത്മികതയും തമ്മിലുള്ള ആഴമായ ബന്ധങ്ങൾ പരിശോധിക്കുന്നു.

ആദ്ധ്യാത്മിക ഗുരുക്കന്മാർ എന്നും ഉപദേശിച്ചിട്ടുള്ള ആത്മനിയന്ത്ര ണവും കാരുണ്യവും ഭൂതദയവും പരസ്പരസ്നേഹവും ത്യാഗബോധവും പുതിയ ലോകക്രമത്തിന് ഇന്നും പ്രസക്തമായ മൂല്യങ്ങളാണ്. ഇന്നത്തെ നമ്മുടെ പാരിസ്ഥിതിക പ്രതിസന്ധിയെ അതിജീവിക്കുവാൻ മറ്റു മാർഗ്ഗ ങ്ങളൊന്നും ഇല്ല.

# സൃഷ്ടിയും ഉയിർപ്പും

മിക്ക പുരാതന മതങ്ങളിലും ദർശനങ്ങളിലും ജഡവസ്തു (matter) വിനെയും ആത്മാവിനെയും (spirit) നെയും തമ്മിൽ ചേരാത്ത വിരുദ്ധ തത്വങ്ങളായാണ് കാണുന്നത്. ഈ ധാരണ, മനുഷ്യന്റെ സ്വഭാവത്തെ നിർവ്വചിക്കുമ്പോഴാണ് കൂടുതൽ വ്യക്തമാകുന്നത്. മനുഷ്യന്റെ ബാഹ്യശരീരം (ജഡം) അവന്റെ ആന്തരിക ചൈതന്യമായ ആത്മാവുമായി ഒരിക്കലും യോജിച്ചു പോകയില്ലെന്നും രണ്ടും ഒരു വണ്ടിയിൽ കെട്ടിയതെങ്കിലും എതിർ ദിശകളിലേക്ക് വലിക്കാൻ ശ്രമിക്കുന്ന രണ്ടു കുതിരകളെപ്പോലെ മനുഷ്യനെ വിരുദ്ധ ധ്രുവങ്ങളിലേക്ക് വലിക്കുന്നു എന്നും ഹൈന്ദവ - യവന ചിന്തകളിലും അതുപോലെ പുരാതനമായ മറ്റു പല ദർശനങ്ങളിലും കാണാം. ഈ ധാരണയുടെ പ്രായോഗിക വിവക്ഷകൾ വളരെ വിപുലമാണ്. ശരീരം തിന്മയാണെന്നും അതിനെ എങ്ങനെയെങ്കിലും നശിപ്പിച്ച് ആത്മാവിനെ മോചിപ്പിക്കുകയാണ് മോക്ഷപ്രാപ്തിക്കുള്ള മാർഗ്ഗമെന്നും ചിന്തിച്ചവരുണ്ട്. ഗ്രീക്ക് ചിന്തയിലെ soma - sema (ശരീരം ഒരു ശവകുടീരം) ബന്ധം പ്രസിദ്ധമാണ്. മറ്റു ചിലർ ശരീരം പ്രയോജനരഹിതമായതുകൊണ്ട് അതിനെ എങ്ങിനെ ഉപയോഗിച്ചാലും അത് ആത്മാവിനെ ബാധിക്കുന്നില്ല എന്നു കരുതി. ഇതിന്റെ ഫലമായി ശരീരത്തെ പീഡിപ്പിച്ച് നശിപ്പിച്ച സന്യാസിമാർ തൊട്ട്, ശരീരസുഖങ്ങൾ തത്വദീക്ഷയൊന്നുമില്ലാതെ നിരങ്കുശം തേടുന്നതിൽ തെറ്റൊന്നുമില്ലെന്ന് വാദിക്കുന്ന രജനീഷ് മോഡൽ യോഗിമാർ വരെ ഉണ്ടായി.

ഏതായാലും ജഡവസ്തുവും ആത്മചൈതന്യവും തമ്മിലുണ്ടെന്ന് പറയപ്പെടുന്ന വൈരുദ്ധ്യം മനുഷ്യന്റെ ചിരകാല നിരീക്ഷണത്തിന്റെയും ചിന്തയുടെയും ഫലമായി സ്ഥാപിക്കപ്പെട്ടതാണ്. നമ്മുടെ പ്രപഞ്ചത്തിൽ ഈ ദ്വൈതഭാവം ഉണ്ടെന്നുള്ളത് ചിന്തിക്കുന്ന ഏതൊരാൾക്കും പെട്ടെന്ന് ബോദ്ധ്യമാവും. ജഡത്തിന്റെ സ്വഭാവം ജഡതയിലേക്ക് മടങ്ങാനാണ്.

ഏത് ജീവിയുടെയും ചെടിയുടെയും ശരീരം (ജഡം) കുറെ വളർന്നതിനു ശേഷം, വളർച്ച നിലച്ച് ക്ഷയിച്ച് തുടങ്ങുന്നു. ഈ ക്ഷയോന്മുഖത പൂർണ്ണമായ നാശത്തിലേക്കും ജീവരഹിതമായ ജഡതയിലേക്കും ജീവികളുടെ ശരീരങ്ങളെ നയിക്കുന്നു. ഇത് പ്രപഞ്ചവസ്തുവിന്റെ സ്വഭാവമാണ്. ആധുനിക ഭൗതികശാസ്ത്രത്തിന്റെ ചില സിദ്ധാന്തങ്ങളിലും (Second law of Thermodynamic) ഇതിനു സമാനമായ ചില ധാരണകൾ കാണാം. നമ്മുടെ ദ്രവ്യപ്രപഞ്ചം ക്രമേണ ഊർജ്ജമെല്ലാം വാർന്നു വാർന്ന് പൂർണ്ണമായും ഊർജ്ജരഹിതമായ അവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നുവെന്ന് ചിന്തിക്കുന്ന ശാസ്ത്രജ്ഞന്മാരുണ്ട്.

വസ്തുവിനെ താഴേയ്ക്ക്, നാശത്തിലേക്ക് വലിക്കുന്ന ഈ ശക്തിയെക്കുറിച്ച് പുരാതന ദാർശനികന്മാർ ബോധവാന്മാരായിരുന്നു. ഗുരുത്വാകർഷണം മൂലം വസ്തുവിനുണ്ടാകുന്ന ഭാരവും ഭൂമിയിലേക്കു തന്നെ മടങ്ങാനുള്ള അതിന്റെ പ്രവണതയും വസ്തുവിന്റെ യഥാർത്ഥ സ്വഭാവത്തിന്റെ പ്രതീകമായിട്ടാണ് അവർ കരുതിയത്.

ഇതിനും വിപരീത തത്വമാണ് മുകളിലേക്കുയരാനുള്ള ആത്മചൈതന്യത്തിന്റെ പ്രവണത. ചെടികളും മൃഗങ്ങളും മനുഷ്യരും ആന്തരികമായ ജീവചൈതന്യത്തിന്റെ ഉൾത്തള്ളൽ മൂലം വസ്തുവിന്റെ ക്ഷയോന്മുഖമായ ജാഡ്യത്തെ കീറിമുറിച്ചു വളരുന്നു. കീഴ്പോട്ട് വലിക്കുന്ന ശക്തിക്കെതിരെ, അവ പരിണാമം പ്രാപിച്ച് മുകളിലേക്ക് വളരുന്ന വസ്തുവിന്റെ അധോമുഖത്വത്തിനെതിരെ നിരന്തര സമരത്തിലാണ് ജീവന്റെ പുരോഗമനം. ഭൂമിയിൽ നിന്ന് ഉയർന്നുയർന്ന് ഭാരമില്ലാതെ പറക്കുന്ന പക്ഷി ആത്മചൈതന്യത്തിന്റെ പുരാതന പ്രതീകമാണ്. ഊർജ്ജത്തിന്റെ സ്വഭാവത്തെക്കുറിച്ച് ആധുനിക ശാസ്ത്രം പറയുന്ന ചില സംഗതികൾ ഈ ദാർശനിക ധാരണയുമായി സമാനഭാവം പുലർത്തുന്നതാണ്.

വസ്തുവിന്റെ അവരോഹണ പ്രവണതയും ജീവന്റെ ആരോഹണ പ്രവണതയും തമ്മിലുള്ള സംഘട്ടനം മനുഷ്യവ്യക്തികൾ അനുഭവിച്ചറിഞ്ഞതു മൂലമാണ് ആദ്യം സൂചിപ്പിച്ച രീതിയിലുള്ള പ്രായോഗിക വിവക്ഷകൾ ഉത്ഭവിച്ചത്. പ്രപഞ്ചത്തിലും അതിന്റെ 'മിനി മാതൃക'യായ മനുഷ്യശരീരത്തിലുമുള്ള ഈ വിരുദ്ധഭാവങ്ങൾ ഉപരിപ്ലവമാണെന്നും, അടിസ്ഥാനപരമായി, വസ്തുവും ജീവനും തമ്മിലുള്ള, അല്ലെങ്കിൽ ആത്മാവും ശരീരവും തമ്മിലുള്ള, ദ്വൈതഭാവം നിലനിൽക്കുന്നതല്ലെന്നും ചില പ്രമുഖ ക്രിസ്തീയ ഗുരുക്കന്മാർ പഠിപ്പിച്ചിട്ടുണ്ട്. പാശ്ചാത്യസഭയിലെ വിശുദ്ധ അഗസ്തീനോസിനെപ്പോലുള്ളവർ ദ്വൈതചിന്തയിൽ പിടിച്ചുനിന്നവരാണെങ്കിലും സാർവ്വത്രികസഭയ്ക്ക് കൂടുതൽ സുസമ്മതന്മാരായ പല പൗരസ്ത്യ ക്രിസ്തീയ ചിന്തകരും ആത്മ - ശരീര ബന്ധത്തിലുള്ള ദ്വൈതം താല്ക്കാലികമാണെന്നും ജഡവും ജീവനും ശരീരവും ആത്മാവും അവിഭാജ്യമായ ഏക യാഥാർത്ഥ്യമാണെന്നും പഠിപ്പിച്ചവരാണ്. ദ്രവ്യത്തിന്റെയും ഊർജ്ജത്തിന്റെയും പരസ്പരബന്ധത്തെപ്പറ്റി ഉദ്ഗ്രഥനാത്കമായും അദ്വൈത വീക്ഷണത്തിലും ചിന്തിക്കാൻ പ്രേരിപ്പിക്കുന്നതാണ് ആധുനിക ഫിസിക്സിന്റെ നിഗമനങ്ങൾ.

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തെക്കുറിച്ചും അതിന്റെ മൂർദ്ധന്യാനുഭവമായ പുനരുത്ഥാനത്തെക്കുറിച്ചുമുള്ള ക്രിസ്തീയ ചിന്ത വ്യക്തമായും ഉദ്ഗ്രഥനാത്മകമാണ്. 'സ്വർഗ്ഗത്തെയും ഭൂമിയെയും തമ്മിൽ, ശരീരത്തെയും ആത്മാവിനെയും തമ്മിൽ, സ്വജാതിയെയും വിജാതികളെയും

തമ്മിൽ സംയോജിപ്പിക്കയായിരുന്നു' ക്രിസ്തുവിന്റെ മനുഷ്യാവതാരം എന്ന് സഭ ഉദ്ബോധിപ്പിക്കുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ 'ആത്മീയനെന്ന്' ഏകപക്ഷീയമായി സഭ വിശേഷിപ്പിക്കുന്നില്ല. കാരണം ക്രിസ്തുവിന്റെ ഭൗതിക ശരീരത്തിന് സംഭവിച്ച രൂപാന്തരം സുപ്രധാനമായിരുന്നു.

ശരീരത്തെ (ജഡത്തെ) ഉപേക്ഷിക്കുകയോ നിഷേധിക്കുകയോ ചെയ്യാതെ, അതിനെ അഴിച്ചു പണിയുകയായിരുന്നു കർത്താവിന്റെ ഉയിർപ്പിൽ ചെയ്തത്. വസ്തുസ്ഥിതമായ ശരീരത്തിന് സംഭവിച്ച രൂപാന്തരം അതിന്റെ സ്വാഭാവികമായ ഗതിയെ മാറ്റി. സ്വാഭാവികമായി നാശത്തിലേക്കും ദ്രവത്വത്തിലേക്കും ഊർജ്ജരഹിതാവസ്ഥയിലേക്കുമായിരുന്നു അത് മടങ്ങേണ്ടത്. അതിനു പകരം പുതിയൊരു ഘടന പ്രാപിച്ചു, ജീവന്റെയും ഊർജ്ജത്തിന്റെയും പുതിയൊരു സാദ്ധ്യതയിലേയ്ക്കാണ് ക്രിസ്തുശരീരം പ്രവേശിച്ചത്. ഭാരമില്ലായ്മയും സ്ഥലകാലപരിമിതികൾക്ക് അതീതമായി ഉയരാനുള്ള അതിന്റെ കഴിവും പുതിയ അനുഭവത്തിന്റെ ബാഹ്യലക്ഷണങ്ങളായിരുന്നു. ഇത് സംഭവിച്ചത് ശരീരവും ആത്മാവും, ജഡവും ജീവനും തമ്മിലുള്ള പരമമായ സമൃദ്ധഗ്രഥനം വഴിയാണ്.

ഈ പുതിയ അനുഭവത്തിന്റെ അതിരുകൾ നിശ്ചയിക്കാൻ സഭ ഒരിക്കലും മുതിരുകയില്ല. കാരണം, സ്ഥലകാലങ്ങളുടെ പരിമിതി തരണം ചെയ്താൽ പിന്നെ ജീവന് ലഭ്യമാകുന്ന സാദ്ധ്യതകൾ നിർണ്ണയിക്കാനോ അതിന് അതിർ കല്ലുകളിടാനോ നമുക്ക് സാദ്ധ്യമല്ല എന്നതു തന്നെ. നിരവധി മുഖങ്ങളുള്ള രത്നക്കല്ലുകളെക്കുറിച്ച് അതിൽ പ്രവേശിക്കുന്ന പ്രകാശരശ്മികൾക്ക് കൈവരുന്ന അവർണ്ണനീയമായ ശോഭയെക്കുറിച്ചും നാം പറയാറുണ്ട്. ആത്മശരീരങ്ങളുടെ പുതിയ സമന്വയം വഴി വസ്തുവിന് കൈവരുന്ന ഉദാത്ത ശോഭയെ കുറിച്ചും ലഭ്യമാകുന്ന അനുഭവത്തിന്റെ തീവ്രത, വൈപുല്യം എന്നിവയെക്കുറിച്ചും നമുക്ക് സങ്കല്പിക്കുക പ്രയാസമാണ്. കാരണം, ആ യാഥാർത്ഥ്യത്തിന്റെ മുഖങ്ങളും സാദ്ധ്യതയുടെ വാതായനങ്ങളും അനന്തമായിരിക്കും.

ക്രിസ്തുവിന്റെ ഉയിർപ്പ് മനുഷ്യനും പ്രപഞ്ചത്തിനും സർവ്വ സൃഷ്ടിക്കുമുള്ള ദൈവദത്തമായ അനന്തസാദ്ധ്യതകളിലേക്ക് നമ്മെ പ്രവേശിപ്പിക്കുന്നു. വിശ്വാസവും പ്രത്യാശയും സ്നേഹവും മൂലം നമുക്ക് ഇപ്പോൾ തന്നെ ആ മഹാനുഭവത്തിൽ പങ്കാളികളാകാൻ കഴിയും. നമ്മെ ഛിന്നഭിന്നമാക്കുന്ന വെറുപ്പിന്റെയും കലഹത്തിന്റെയും അധോമുഖപ്രവണതയ്ക്കെതിരെ, മനുഷ്യരാശിയെ മുഴുവൻ ഒന്നാക്കുന്ന സ്നേഹത്തിന്റെ തിളക്കമാണ് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിൽ നാം കാണുന്നത്. ഈ സ്നേഹത്തിന്റെ സഹജഭാവമാണ് പ്രത്യാശ, അതിരുകളില്ലാത്ത പ്രത്യാശ.

കർത്താവിന്റെ ഉയിർപ്പിന്റെ മർമ്മമറിഞ്ഞ വി. യോഹന്നാന്റെ അതിഗഹനമായ പ്രസ്താവന പ്രസിദ്ധമാണല്ലോ: “പ്രിയമുള്ളവരെ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇനി എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല.”